ഹയർ സെക്കന്ററി കോഴ്സ്

# ഗാന്ധിയൻ പഠനം

## ക്ലാസ് - XI

കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
കേരളം
2019

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

***Prepared by*** :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram - 695012, Kerala.

*Website* : www.scertkerala.gov.in *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
© Department of Education, Government of Kerala
*To be printed in quality paper - 80gsm map litho (snow-white)*

# ആമുഖം

ഏതു വിജ്ഞാനവും മാതൃഭാഷയിൽ പഠിക്കാനും പ്രകാശനം ചെയ്യാനും സാധിക്കും. അതിനുള്ള അവസരം പഠിതാക്കൾക്ക് ഒരുക്കേണ്ടത്, ഏതൊരു പഠന സമ്പ്രദായത്തിന്റെയും അനിവാര്യതയാണ്. അതിന്റെ തുടക്കമെന്ന നിലയ്ക്കാണ് ഹയർസെക്കന്ററി തലത്തിൽ ഭാഷേതര വിഷയങ്ങളിലെ പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്.

മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം, ജ്ഞാനസമ്പാദനത്തിനുള്ള സുഗമ മാർഗം എന്നതിനോടൊപ്പം സാംസ്കാരികത്തനിമയുടെ തിരിച്ചറിയൽ കൂടിയാണ്. അതുകൊണ്ടാണ് വികസിതരാജ്യങ്ങൾ മാതൃഭാഷയെ മുഖ്യ ബോധന മാധ്യമമായി സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലാകട്ടെ, ദേശീയതലത്തിലുള്ള പ്രധാന പരീക്ഷകളെല്ലാം പ്രാദേശിക ഭാഷകളിൽക്കൂടി നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടായി വരികയാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളും മാതൃഭാഷയുടെ ശക്തിസൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് വിവിധ വിഷയങ്ങളിൽ ജ്ഞാനനിർമിതിയിൽ ഏർപ്പെടേണ്ടതുണ്ട്. അതിന് അവരെ സജ്ജരാക്കുകയാണ് ഈ പാഠപുസ്തകങ്ങളുടെ മുഖ്യ ലക്ഷ്യം.

പരിഭാഷപ്പെടുത്തിയ പുസ്തകങ്ങളിൽ അതത് വിഷയങ്ങളിലെ സാങ്കേതിക പദങ്ങൾ പരമാവധി മലയാളത്തിലാക്കിയിട്ടുണ്ട്. നമ്മുടെ ഭാഷയിൽ ചിരപരിചിതമായ ഇംഗ്ലീഷ് പദങ്ങളെ അതേപടി സ്വീകരിച്ചിട്ടുമുണ്ട്. വിവർത്തനത്തിന് തീർത്തും വഴങ്ങാത്ത പദങ്ങളെ അതേരീതിയിൽ തന്നെ ഉപയോഗിച്ചിരിക്കുന്നു. മാതൃഭാഷയിൽ പഠിക്കുന്നവർക്ക് ആശയഗ്രഹണം സുഗമമാക്കുന്ന വിധത്തിലാണ് പാഠപുസ്തകരചന നടത്തിയിരിക്കുന്നത്. അതോടൊപ്പം മലയാളഭാഷയുടെ വളർച്ചയ്ക്കും ഈ പ്രവർത്തനം സഹായകമാകുമെന്ന് കരുതുന്നു.

പാഠപുസ്തകവിവർത്തന രംഗത്ത് നമ്മുടെ രാജ്യത്ത് നടന്ന വലിയൊരു കാൽവെപ്പാണ് ഇത്. പ്രഥമ സംരംഭമെന്നനിലയിൽ പല പരിമിതികളും പരിഭാഷയിൽ വന്നിട്ടുണ്ടാകാം. ക്ലാസ്മുറിയിൽ പ്രയോഗത്തിൽ വരുമ്പോഴാണ് അവയെല്ലാം കൂടുതൽ ബോധ്യപ്പെടുക. തുടർന്ന് വരുന്ന ഘട്ടങ്ങളിൽ അവയൊക്കെ പരിഹരിക്കുന്നതിന് എല്ലാ അഭ്യുദയകാംക്ഷികളിൽ നിന്നും വിശിഷ്യ അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

ഡയറക്ടർ,

എസ്.സി.ഇ.ആർ.ടി. കേരളം

## പാഠപുസ്തക പരിഭാഷ

## ശില്പശാലയിൽ പങ്കെടുത്തവർ

**അഭിലാഷ് ചന്ദ്രൻ**
എൻ.എസ്.എച്ച്.എസ്.എസ്.
നെടുമുടി, ആലപ്പുഴ

**ഗോപി വി.**
പെരളശ്ശേരി എ.കെ.ജി.സ്മാരക
ഗവ. എച്ച്.എസ്.എസ്, കണ്ണൂർ

**ഡോ. ലെജു പി. തോമസ്**
സെന്റ് മേരീസ് എച്ച്.എസ്.എസ്. പട്ടം
തിരുവനന്തപുരം

**ഡോ. മുരളി സി.ഡി.**
വിവേകോദയം ബോയ്സ് എച്ച്.എസ്.എസ്.
തൃശൂർ

## വിദഗ്ധർ

**ഡോ. ബിജു ലക്ഷ്മൺ**
അസോസിയേറ്റ് പ്രഫസർ, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡവലപ്മെന്റ് സ്റ്റഡീസ്
മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**ഡോ. ജോർജ് കെ. അലക്സ്**
രാഷ്ട്രതന്ത്ര വിഭാഗം മേധാവി, സെന്റ് തോമസ് കോളേജ്
കോഴഞ്ചേരി, പത്തനംതിട്ട

## വര

**സി. രാജേന്ദ്രൻ**
എ.വി. ഗവ. ബി.എച്ച്.എസ്. തഴവ, കരുനാഗപ്പള്ളി

## പ്രൂഫ്

**പി. യഹിയ**
ജി.ജി.എം.ജി.എച്ച്.എസ്.എസ്.
ചാലപ്പുറം, കോഴിക്കോട്

## അക്കാദമിക് കോഡിനേറ്റർ

**ഡോ. ഡി. സഹായദാസ്**
അസിസ്റ്റന്റ് പ്രഫസർ, എസ്.സി.ഇ.ആർ.ടി.

**State Council of Educational Research and Training (SCERT)**
Vidhyabhavan, Poojappura, Thiruvananthapuram-695 012

P9K6S2

## ഉള്ളടക്കം


1. ഇന്ത്യയുടെ സാംസ്കാരികപൈതൃകം ...... 07
2. എം. കെ. ഗാന്ധിയുടെ രൂപാന്തരം - ഒന്നാം ഘട്ടം ...... 25
3. എം.കെ. ഗാന്ധിയുടെ രൂപാന്തരം - രണ്ടാം ഘട്ടം ...... 47
4. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി വഹിച്ച പങ്ക് ...... 65
5. മഹാത്മാഗാന്ധിയുടെ പ്രധാന തത്ത്വചിന്തകൾ ...... 90
6. സത്യഗ്രഹത്തിന്റെ പ്രയോഗം ...... 113
7. മഹാത്മാഗാന്ധിയുടെ രാഷ്ട്രീയദർശനങ്ങൾ ...... 131
8. മഹാത്മാഗാന്ധിയുടെ സാമ്പത്തികദർശനങ്ങൾ ...... 160
9. മഹാത്മാഗാന്ധിയുടെ സാമൂഹികദർശനങ്ങൾ ...... 192

## പാഠപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന സൂചനകൾ



നമുക്ക് അറിയാം




നമുക്കു ചെയ്യാം



നമുക്കു പരിശോധിക്കാം



ചിന്തിക്കുക, പങ്കുവയ്ക്കുക



# 1

# ഇന്ത്യയുടെ സാംസ്കാരികപൈതൃകം

## പ്രധാനാശയങ്ങൾ

- നാഗരികത, സംസ്കാരം
- ഇന്ത്യൻ സംസ്കാരത്തിന്റെ പ്രധാന സവിശേഷതകൾ
- ഇന്ത്യൻ സംസ്കാരത്തിന്റെ വിവിധ ഘട്ടങ്ങൾ
- പൗരാണികകാലം – മധ്യകാലം – ആധുനികകാലം
- ഇന്ത്യൻ സംസ്കാരത്തിന്റെ മൂർത്തിമദ്ഭാവമാണ് മഹാത്മാഗാന്ധി

T3I7Z1

ഇന്ത്യൻ സംസ്കാരത്തിന്റെ ആൾരൂപമാണ് മഹാത്മാ ഗാന്ധി. ഗാന്ധിജിയുടെ ജീവിതവും ദർശനവും വ്യക്തതയോടെ അറിയാൻ ഇന്ത്യൻ സംസ്കാരത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.

ഇന്ത്യയുടെ സാംസ്കാരികപൈതൃകം പ്രതിപാദിക്കുന്ന ഈ അധ്യായത്തിൽ അതിന്റെ അർഥവും പ്രാധാന്യവും പ്രത്യേകതകളും ചർച്ചചെയ്യുന്നു. ഗാന്ധിജിയുടെ ദർശനത്തിലും പ്രയോഗത്തിലും ഇന്ത്യയുടെ സാംസ്കാരികപൈതൃകം പ്രതിഫലിക്കുന്നതുകൊണ്ട്, ഇന്ത്യയുടെ ആധ്യാത്മിക-സാംസ്കാരിക പാരമ്പര്യങ്ങളെപ്പറ്റി വിദ്യാർഥികൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

വടക്കുവശത്ത് ഹിമാലയൻ പർവതനിരകളും മറ്റു മൂന്നു വശങ്ങളിലായി സമുദ്രവും അതിരിടുന്നതുകൊണ്ടു തന്നെ ഇന്ത്യൻ ഉപഭൂഖണ്ഡം ഏഷ്യൻ വൻകരയിൽ പ്രത്യേകത പുലർത്തുന്ന ഒന്നായി നിലകൊള്ളുന്നു. കലയുടെയും മതങ്ങളുടെയും ദർശനങ്ങളുടെയും സമഞ്ജസമായ ഇഴുകിച്ചേരൽ മറ്റേതൊരു സംസ്കാരത്തിലുമെന്ന പോലെ ഇന്ത്യൻസംസ്കാരത്തിലും കാണാം. വൈദേശികങ്ങളായ സാംസ്കാരികാധിനിവേശങ്ങളിൽപ്പെടാതെ നിലനിൽക്കാനും ഒപ്പം ആ സ്വാധീനങ്ങളുടെ ഉത്തമാംശങ്ങൾ ഉൾക്കൊള്ളാനും ഇന്ത്യൻ സംസ്കാരത്തിന് സാധിച്ചത് അതിന്റെ ചലനാത്മകതയും സംവാദാത്മകതയും കൊണ്ടു മാത്രമാണ്.

## സംസ്കാരം

**പ്രവർത്തനം**

*നമ്മുടെ പ്രദേശത്തെ സംസ്കാരത്തിന്റെ ഭാഗമായ വിവിധ കലാരൂപങ്ങൾ, ആഹാര വിഭവങ്ങൾ എന്നിവ എഴുതുക. നമ്മുടെ സംസ്കാരത്തിന്റെ വിവിധ ഘടകങ്ങൾ കലാരൂപങ്ങളിലൂടെ നിങ്ങൾക്കു കണ്ടെത്താൻ കഴിയുമോ?*

സംസ്കാരം എന്ന സങ്കീർണപദത്തിന് വിവിധ അർഥതലങ്ങളുണ്ട്. കുറേ ഭാഗം മാത്രം പുറമെ കാണുകയും ഭൂരിഭാഗവും അദൃശ്യമായിരിക്കുകയും ചെയ്യുന്ന സമുദ്രത്തിലെ മഞ്ഞുമലകളോട് സംസ്കാരത്തെ ഉപമിക്കാറുണ്ട്. ഒരു ജനതയുടെ സമ്പൂർണ ജീവിതരീതി, ഒരു വ്യക്തിക്ക് അവനുൾപ്പെടുന്ന സമൂഹത്തിൽനിന്നു ലഭിക്കുന്ന പൈതൃകം, കീഴ്വഴക്കങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിലൂടെ സംസ്കാരത്തെ മനസ്സിലാക്കാം. സാമൂഹികമാറ്റത്തിലും ചരിത്രത്തിന്റെ പരിണാമത്തിലും സംസ്കാരം നിർണായക പങ്കുവഹിക്കുന്നു. സംസ്കാരം മനുഷ്യന്റെ മൊത്തം പെരുമാറ്റത്തെയും ജീവിതശൈലിയെയും ഉൾക്കൊള്ളുന്നതാണ് സംസ്കാരം. നാടോടികളുടെയും ആദിവാസി - ഗിരിവർഗങ്ങളുടെയും ജീവിതരീതി നാഗരികരുടെയും വികസിതസമൂഹങ്ങളുടെയും ജീവിതശൈലി എന്നു തുടങ്ങി സമസ്തജീവിതവും ഉൾക്കൊള്ളുന്നതാണ് സംസ്കാരം. അനുഭവം ഓർമയ്ക്കായി അവശേഷിപ്പിക്കുന്ന അടയാളമാണത്. ഗുഹാഭിത്തികളിൽ കോറിയിട്ട ആദിമമനുഷ്യന്റെ ചിത്രങ്ങളും ലിപികളും ലിയനാർഡോ ഡാവിഞ്ചിയുടെ എണ്ണച്ഛായാചിത്രങ്ങളും ഒരുപോലെ സംസ്കാരത്തിന്റെ അടയാളങ്ങളാണ്. കല, സംഗീതം തുടങ്ങിയവ മാത്രമല്ല, വീടു നിർമാണശൈലികൾ, തുണിനെയ്ത്തും മൺപാത്രനിർമാണവുമെല്ലാം സംസ്കാരത്തിന്റെ ഘടകങ്ങളാണ്.



**സംസ്കാരം**

**നമുക്ക് അറിയാം**

*താൻ ജീവിക്കുന്ന സമൂഹത്തിലെ അടിസ്ഥാനമൂല്യങ്ങളാൽ സ്വാധീനിക്കപ്പെട്ടിട്ടുള്ള ഒരു സവിശേഷ ജീവിതരീതിയാണ് സംസ്കാരം. കലയിലും മതങ്ങളിലും സാഹിത്യത്തിലും സാമൂഹികസ്ഥാപനങ്ങളിലും സ്വഭാവരീതികളിലുംകൂടി വെളിപ്പെടുന്ന മൂല്യങ്ങളുടെ ആകത്തുകയാണ് അത്.*

*കെ.എം. മുൻഷി*

സംസ്കാരത്തിന് മൂന്നു പ്രധാന തലങ്ങളുണ്ട്. 1. ആശയങ്ങൾ അല്ലെങ്കിൽ ചിന്താരീതികൾ (ഉദാ: മുതിർന്നവരെ ബഹുമാനിക്കണം എന്ന നമ്മുടെ ചിന്ത). 2. നിയമം അല്ലെങ്കിൽ കീഴ്വഴക്കങ്ങൾ, ആശയങ്ങളുടെ പ്രയോഗരീതികൾ (ഉദാ: പ്രായമുള്ളവരെ കാണുമ്പോൾ എഴുന്നേറ്റു നിന്നു കൈകൂപ്പുന്ന രീതി). 3. ഭൗതികസംസ്കാരം : മനുഷ്യന് ആവശ്യമുള്ള വസ്തുക്കളുടെ നിർമാണരീതിയും മറ്റും (ഉദാ: പാചകം, വസ്ത്രധാരണം, കെട്ടിടനിർമാണം തുടങ്ങിയവ).

ആശയങ്ങളും നിയമങ്ങളും ഭൗതികേതരസംസ്കാരങ്ങളായി പരിഗണിക്കപ്പെടുന്നവയാണ്. മൂല്യങ്ങളും വിശ്വാസങ്ങളുമൊക്കെ ആശയങ്ങളിൽപ്പെടുന്നു. വ്യക്തികളുടെ സ്വഭാവത്തെ നിയന്ത്രിക്കുകയും സാമൂഹികനിയന്ത്രണത്തിനുള്ള ഉപാധിയായി വർത്തിക്കുകയും ചെയ്യുന്നവയാണ് നിയമങ്ങൾ. അടയാളങ്ങൾ, മൂല്യങ്ങൾ, നിയമങ്ങൾ എന്നിവ സംസ്കാരത്തിന്റെ പൊതുഘടകങ്ങളാണ്. സംഭവങ്ങൾക്കും വസ്തുക്കൾക്കും അർഥം കൽപ്പിക്കുന്ന

അടയാളങ്ങൾ എല്ലാ സംസ്കാരങ്ങളിലുമുണ്ട്. ഭാഷയിലൂടെയാണ് ഈ അടയാളങ്ങൾ വെളിപ്പെടുന്നത്.

**നമുക്കു ചെയ്യാം**

*മലയാളികളുടെ സാംസ്കാരികമായ പൊതുഘടകങ്ങൾ കണ്ടെത്തുക. നമ്മുടെ സാംസ്കാരികപ്രതീകമായി ഓണത്തെ കരുതാമോ?*

## നാഗരികത

**പ്രവർത്തനം**

*കൃഷി, പാചകം, ഗതാഗതം എന്നിവയ്ക്ക് പണ്ടും ഇന്നും ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങളുടെ പട്ടിക തയാറാക്കി അവ നമ്മുടെ ജീവിതത്തിലുണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തുക.*

വീട്, വീട്ടുപകരണങ്ങൾ, ആയുധങ്ങൾ, പാത്രങ്ങൾ, ഗതാഗതരീതികൾ, വസ്ത്രനിർമാണം തുടങ്ങിയ ഭൗതികവശങ്ങൾ പരിശോധിച്ചാൽ സംസ്കാരത്തിന്റെ ഒരു വികസിതരൂപമായി നാഗരികതയെ കരുതാം. അതായത്, സംസ്കാരത്തിന്റെ ഭൗതികവശങ്ങളെ നാഗരികതയായി കണക്കാക്കാം. ഒരു സംഘടിത സാമൂഹിക ജീവിതത്തിന്റെ അവസ്ഥയെ ഇതു സൂചിപ്പിക്കുന്നു. ഒരു ജനതയുടെ സംസ്കാരത്തിന് ലിഖിതഭാഷ, ശാസ്ത്രം, ദർശനം, തൊഴിൽ വിഭജനം, സാങ്കേതികവിദ്യ, രാഷ്ട്രസംവിധാനം എന്നിവ ആർജിക്കുമ്പോഴാണ് അതു നാഗരികതയായി മാറുന്നതെന്ന വാദവും പ്രബലമാണ്. സംസ്കാരവും നാഗരികതയും പരസ്പരപൂരകങ്ങളായി കരുതുന്നു. രണ്ടും തമ്മിൽ നമുക്ക് കൃത്യമായ വേർതിരിവുകൾ പറയാൻ സാധ്യമല്ല. പ്രവൃത്തിനിഷ്ഠമായ ധാർമികമൂല്യങ്ങളുടെ വളർച്ചയായാണു ഗാന്ധിജി സംസ്കാരത്തെ നിരീക്ഷിക്കുന്നത്. മനുഷ്യന്റെ കടമയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പെരുമാറ്റരീതിയാണ് സംസ്കാരമെന്നു ഗാന്ധിജി നിർവചിക്കുന്നു.

**നമുക്കു ചെയ്യാം**

*എന്താണ് നാഗരികത എന്നതുകൊണ്ട് അർഥമാക്കുന്നത്?*

*എന്താണ് സാംസ്കാരികപൈതൃകം? ചർച്ചചെയ്യുക.*

തലമുറകളിൽനിന്നു തലമുറകളിലേക്കു നമ്മുടെ പൂർവികർ കൈമാറിയ മൂല്യങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഇടങ്ങൾ, ഉപകരണങ്ങൾ, കലകൾ എന്നിവയുൾപ്പെടെയുള്ള ജീവിതരീതികളും അവയുടെ ആവിഷ്കാരങ്ങളുമാണ് സാംസ്കാരികപൈതൃകം. മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഓരോ ജനവിഭാഗവും അതു പുനർനിർമിച്ച് വൈവിധ്യങ്ങളെ ഉൾക്കൊണ്ട് തനിമ നിലനിർത്താൻ ശ്രമിക്കുന്നു. മനുഷ്യൻ അനുദിനം ഇടപെടുന്നതും അനുഭവവേദ്യവുമായ (tangible) കെട്ടിടസമുച്ചയങ്ങൾ, സ്മാരകങ്ങൾ, ഭൂപ്രദേശങ്ങൾ, കല, കരകൗശലവിദ്യകൾ എന്നിവയും ഭാഷ, പാരമ്പര്യങ്ങൾ, അറിവുകൾ എന്നിങ്ങനെ ബൗദ്ധികതലത്തിൽ നിൽക്കുന്ന (intangible) ഘടകങ്ങളും വൈകാരികവും മാനസികോല്ലാസത്തിന് ഉതകുന്നതുമായ നാടൻകലാരൂപങ്ങളും പാരിസ്ഥിതിക പൈതൃകങ്ങളായ ജൈവവൈവിധ്യം, ഭൂപ്രദേശങ്ങൾ എന്നിവയും ഉൾപ്പെടുന്നതാണ് സാംസ്കാരികപൈതൃകം.

**നമുക്കു ചെയ്യാം**

*നമ്മുടെ സാംസ്കാരികപൈതൃകത്തിന്റെ പ്രത്യേകതകളെക്കുറിച്ച് ഒരു ബുള്ളറ്റ് ചാർട്ട് തയാറാക്കുക.*

### ഇന്ത്യൻ സംസ്കാരം

സംസ്കാരമെന്ന സംസ്കൃതപദത്തിന് ശുദ്ധീകരിക്കുക എന്നാണർഥം. പവിത്രമായിട്ടുള്ളത്, ഉന്നമനത്തിനായി, സ്ഫുടം ചെയ്തെടുത്തത് എന്നിവയൊക്കെ ആ പദം അർഥമാക്കുന്നു. ചിരപുരാതനകാലം മുതൽതന്നെ ഇന്ത്യൻ സംസ്കൃതി മാനവസംസ്കൃതി എന്നാണ് അറിയപ്പെട്ടിരുന്നത്. ഇന്ത്യൻ സംസ്കാരത്തിന് സാർവത്രികമായ ഒരു ആകർഷണീയതയും അസ്തിത്വവുമുണ്ട്. വൈവിധ്യമാർന്ന കൈവഴികളിലൂടെ ഒഴുകി കൂടിച്ചേർന്ന ഒരു സംസ്കാരമാണ് ഇന്ത്യയുടേത്. അതു ബഹുമുഖവും വിപുലവുമാണ്. വേദോപനിഷത്തുക്കളും സംഘകാലപൈതൃകങ്ങളും ഇന്ത്യൻ സംസ്കാരത്തെ സമ്പന്നമാക്കിയ ധാരകളാണ്.

**നമുക്കു ചെയ്യാം**

*ഇന്ത്യൻ സംസ്കാരത്തിന്റെ വൈവിധ്യങ്ങൾ അടയാളപ്പെടുത്തുന്ന ചാർട്ട് തയാറാക്കുക. (ഭക്ഷണം, വസ്ത്രം, കലാരൂപങ്ങൾ, ഭാഷ, മതം, വാസ്തുവിദ്യ, കരകൗശലം)*

## ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതകൾ

### നാനാത്വത്തിൽ ഏകത്വം

പ്രപഞ്ചത്തിന് ഒരേയൊരു ഉറവിടം മാത്രമേയുള്ളുവെന്നും എന്നാൽ അതിനു വൈവിധ്യമാർന്ന ആവിഷ്കാരങ്ങളുണ്ടെന്നും ഇന്ത്യയുടെ ആത്മീയപാരമ്പര്യം പഠിപ്പിക്കുന്നു. പല മഹാന്മാരും ഇതു വിവരിക്കുകയും വിവിധ രീതികളിൽ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. അതാണ് 'ഏകം സത് വിപ്രാ ബഹുധാ വദന്തി' (ഒരേ സത്യത്തെ പണ്ഡിതർ പലതായി പറയുന്നു.) എന്നതിന്റെ അർഥം. നാനാത്വത്തിൽ ഏകത്വം എന്നത് ജീവിതത്തിന്റെയും പ്രകൃതിയുടെയും സുദൃഢമായ തത്ത്വമാണ്.

വിവിധ മതങ്ങളിൽ വിശ്വസിക്കുന്ന ജനങ്ങൾ സഹവർത്തിത്വത്തോടെ ഇന്ത്യയിൽ ജീവിക്കുന്നു. പല ലോകമതങ്ങളുടെയും മാതൃഗൃഹമാണ് ഇന്ത്യ. അസംഖ്യം വാസ്തുവിദ്യാരീതികൾ, ശില്പവിദ്യ, ചിത്രകല, ശാസ്ത്രീയ, നാടോടിനൃത്ത-സംഗീതപാരമ്പര്യങ്ങൾ എന്നിവ ഇവിടെ വികസിക്കുകയും നിലനിൽക്കുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെ ഇവിടെ ധാരാളം ഉത്സവങ്ങളും ആചാരാനുഷ്ഠാനങ്ങളുമുണ്ട്. ഈ വൈവിധ്യമാണ് ഇന്ത്യൻ സംസ്കാരം സമ്മിശ്രവും സമ്പന്നവും സൗന്ദര്യപൂർണവുമാക്കിത്തീർക്കുന്നത്. എന്തുകൊണ്ടാണ് ഇന്ത്യൻ സംസ്കാരം വൈവിധ്യപൂർണമായിരിക്കുന്നത്? നമ്മുടെ സംസ്കാരത്തിന്റെ വൈവിധ്യത്തിന് നിരവധി കാരണങ്ങളുണ്ട്. രാജ്യവിസ്തൃതിയും ഭൂപ്രകൃതിയും കാലാവസ്ഥാഭേദങ്ങളും മുഖ്യകാരണങ്ങളാണ്.

ഇറാനിയർ, ഗ്രീക്കുകാർ, കുശാനർ, ശാകർ, ഹൂണർ, അറബികൾ, തുർക്കികൾ, മുഗളർ, യൂറോപ്യർ തുടങ്ങി വിവിധ വംശീയവിഭാഗങ്ങൾ ഇന്ത്യയിൽ വന്ന് താമസമുറപ്പിക്കുകയും

ഇവിടെയുള്ളവരുമായി ഇഴുകിച്ചേർന്നു ജീവിക്കുകയും ചെയ്തു. അവരുടെ ചിന്തകളും ശീലങ്ങളും ആശയങ്ങളും ഇവിടെ നിലനിന്ന സംസ്കാരവുമായി കൂടിക്കലർന്നു. ആശയസ്വാംശീകരണത്തിനുള്ള ശേഷി ഇന്ത്യക്ക് യുഗങ്ങളായുള്ള ഒരു പ്രത്യേകതയാണ്. ഭൂമിശാസ്ത്രപരമായ വൈവിധ്യവും കാലാവസ്ഥാ ഭേദങ്ങളുമുണ്ടെങ്കിലും ആന്തരികമായ ഒരു സാംസ്കാരികപൈതൃകം നമുക്കുണ്ട്. വ്യത്യസ്ത പ്രദേശങ്ങളിലെ സവിശേഷതകൾ അതതു സംസ്കാരങ്ങൾക്ക് സവിശേഷമായ മഹത്ത്വം നൽകുന്നു. സംഗീതത്തിലും നൃത്തത്തിലും നാടകത്തിലും ചിത്രകലയിലും ശില്പവിദ്യയിലും വാസ്തുവിദ്യയിലും സാഹിത്യത്തിലുമെല്ലാം നമ്മുടെ സംസ്കാരത്തിന്റെ സമ്മിശ്രസ്വഭാവം പ്രതിഫലിക്കുന്നു.

### തുടർച്ചയും പരിവർത്തനവും

ലോകത്തിലെ വിവിധ സംസ്കാരങ്ങൾ നശിച്ചുപോവുകയോ പകരം മറ്റൊന്നിൽ അലിഞ്ഞില്ലാതാവുകയോ ചെയ്തിട്ടുണ്ട്. മാറ്റത്തിനു വിധേയമാകാതെ നിലകൊള്ളുന്ന സംസ്കാരമാണ് തുടച്ചുനീക്കപ്പെടുന്നത്. ഇന്ത്യൻ സംസ്കാരത്തിന് സിന്ധുനദീതട സംസ്കാരത്തോളം പഴക്കമുണ്ട്. ഇന്നും അതു പരിവർത്തനങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിലെ ഗ്രാമങ്ങൾ ഹാരപ്പൻ സംസ്കാരത്തിൽ നാം കണ്ടെത്തിയ ഗ്രാമങ്ങളിൽ നിന്ന് ഇന്നും ഒട്ടും ഭിന്നമല്ല.

ബി.സി. ആറാം നൂറ്റാണ്ടിലെ പരിഷ്കരണപ്രസ്ഥാനങ്ങളായ ജൈന- ബുദ്ധദർശനങ്ങൾ, പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ സാമൂഹിക - മതപരിഷ്കരണപ്രസ്ഥാനങ്ങൾ എന്നിവ ഇന്ത്യൻ സമൂഹത്തിന്റെ ചിന്താരീതിയിലും പ്രസ്ഥാനങ്ങളിലും വിപ്ലവാത്മകമായ മുന്നേറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മാറ്റത്തിനു വിധേയമാകുമ്പോൾതന്നെ മതങ്ങളിലെയും മറ്റും സനാതനമൂല്യങ്ങൾ അതിന്റെ സാരാംശം ഉൾക്കൊണ്ടു തുടരുന്ന കാഴ്ചയാണ് നാം ഇന്ത്യൻ സംസ്കാരത്തിൽ കാണുന്നത്. രണ്ടു നൂറ്റാണ്ടുകാലത്തെ ബ്രിട്ടീഷ് കൊളോണിയൽ വാഴ്ച നിലനിന്നിട്ടും തുടർച്ചയും പരിവർത്തനവും എന്ന പ്രക്രിയ ഇന്ത്യൻ സംസ്കാരത്തിന്റെ എക്കാലത്തെയും സവിശേഷതയായിത്തീർന്നിരിക്കുന്നു. ഏതിനെയും ഉൾക്കൊള്ളാനും സ്വയം മാറ്റങ്ങൾക്കു വിധേയമാവാനും ഇന്ത്യൻ സംസ്കാരത്തിനു സാധിക്കുന്നത് അതിന്റെ ചലനാത്മകതകൊണ്ടാണ്. യുദ്ധങ്ങളുണ്ടായിട്ടും ഇതിനു മാറ്റമുണ്ടായില്ല.

### മതബഹുലത

വിവിധ മതങ്ങളുടെ ഈറ്റില്ലമായ ഇന്ത്യയിൽ മതത്തെ കേവലം അനുഷ്ഠാനങ്ങളായോ പ്രമാണങ്ങളായോ അല്ല; ജീവിതരീതിയായാണു കാണുന്നത്. എല്ലാ മതങ്ങൾക്കും തുല്യപ്രാധാന്യം നൽകുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. അതിനാൽ പ്രധാന ലോകമതങ്ങളൊക്കെ ഇന്ത്യയിൽ വേരുറപ്പിച്ചിട്ടുണ്ട്. 'അതിഥി ദേവോ ഭവ' എന്നത് നമ്മുടെ നാടിന്റെ ഒരു പെരുമാറ്റരീതിയാണ്. പരസ്പരധാരണയും സഹിഷ്ണുതയും പുരാതനകാലം മുതൽ നമ്മുടെ ജീവിതപാഠങ്ങളാണ്. ഇന്ത്യയിലെ മതങ്ങളുടെയും കലയുടെയും സാഹിത്യത്തിന്റെയും ദർശനത്തിന്റെയും അടിസ്ഥാനവും ഇതുതന്നെയാണ്. സൗരാഷ്ട്രമതം (പാഴ്സി) ഇറാനിൽ പിറവിയെടുത്തതാണെങ്കിലും അത് ഇന്നും നിലനിൽക്കുന്ന ലോകത്തിലെ ഏക ഭൂപ്രദേശം ഇന്ത്യ മാത്രമാണ്. വൈവിധ്യമാർന്ന സംസ്കാരങ്ങളുടെ പാരസ്പര്യമാണ് ഇന്ത്യൻ മതബഹുലസ്വഭാവത്തിന്റെ അടിസ്ഥാനം.

വിവിധ മതവിഭാഗങ്ങളുടെ സാംസ്കാരികസമന്വയത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണ് ഇന്ത്യയിലെ സാംസ്കാരികപാരമ്പര്യങ്ങൾ. ഇവിടെയുള്ള ഹൈന്ദവ - ഇസ്ലാം-ക്രൈസ്തവ-സിഖ് - ബുദ്ധ-ജൈന-പാഴ്സി മതവിശ്വാസികൾ എല്ലാ മതവിശ്വാസികളുമായി ഇടപഴകിയാണ് ജീവിക്കുന്നത്. ഉത്സവകാലങ്ങളിൽ ജനങ്ങൾ മതഭേദമെന്യേ ഒത്തുചേരുകയും വിശ്വാസാചാരങ്ങൾ പങ്കിടുകയും ചെയ്യാറുണ്ട് (ശബരിമലയിലേക്കുള്ള അയ്യപ്പഭക്തർ എരുമേലിയിലെ വാവരുപള്ളി സന്ദർശിക്കുന്നത് പ്രാദേശികമായ ഒരു ഉദാഹരണമാണ്). ഇന്ത്യയിലെ ഏതൊരു പൗരനും അവനവന്റെ വിശ്വാസം പ്രഖ്യാപിക്കാനും പ്രചരിപ്പിക്കാനും ഇഷ്ടമുള്ള മതം സ്വീകരിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ട്. ഇന്ത്യയിൽ ഔദ്യോഗികമായ ഒരു മതമില്ല. മറിച്ച്, എല്ലാ മതങ്ങളെയും സമഭാവനയോടെ കാണുന്നവരാണ് നമ്മൾ.

**നമുക്കു ചെയ്യാം**

*പ്രാദേശികതലത്തിൽ ആവിഷ്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മതേതരമൂല്യങ്ങൾ സംബന്ധിച്ച് (ഉദാ : പള്ളികളിലും ക്ഷേത്രങ്ങളിലും ഇതര മതസ്ഥർ നൽകുന്ന സേവനങ്ങൾ) ഒരു കുറിപ്പ് തയാറാക്കുക.*

## സാർവത്രികത

വസുധൈവകുടുംബകം, ലോകാ സമസ്താ സുഖിനോ ഭവന്തു എന്നീ ആശയങ്ങൾ ഇന്ത്യൻ സംസ്കാരത്തിന്റെ പൊതുപാരമ്പര്യമാണ്. എല്ലാ മനുഷ്യരിലും ഈശ്വരചൈതന്യം കുടികൊള്ളുന്നതായി നമ്മുടെ ആത്മീയപാരമ്പര്യം പഠിപ്പിക്കുന്നു. അതുകൊണ്ട് സമസ്ത ജീവജാലങ്ങളുടെയും അതുല്യതയിൽ ഇന്ത്യൻ സംസ്കാരം വിശ്വസിക്കുന്നു.

ഭൂമിശാസ്ത്രപരമോ രാഷ്ട്രീയമോ ആയ രാജ്യത്തിന്റെ അതിർവരമ്പുകൾക്കപ്പുറത്തുള്ള സഹവർത്തിത്വത്തോടുകൂടിയ ജീവിതവും സമാധാനത്തിന്റെയും സൗഹാർദത്തിന്റേതുമായ ഒരു സാർവത്രികവീക്ഷണവുമാണ് ഇന്ത്യയുടേത്. അഖണ്ഡതയുടെയും സാഹോദര്യത്തിന്റെയും സന്ദേശമാണ് ഇന്ത്യ ലോകത്തിനു നൽകുന്നത്.

## ആത്മീയതയും ഭൗതികതയും

ആത്മീയതയുടെ നാടായാണ് ഇന്ത്യ പൊതുവെ അറിയപ്പെടുന്നത്. എന്നാൽ പുരാതന കാലം മുതൽ തന്നെ ഭൗതികവും ഭൗതികേതരവുമായ മേഖലകളിൽ വികാസം പ്രാപിച്ച ചരിത്രമാണു നമുക്കുള്ളത്. ഹാരപ്പൻ നിവാസികൾക്ക് ഗണിതശാസ്ത്രത്തിലും അളവിലും തൂക്കത്തിലുമൊക്കെ നല്ല അറിവുണ്ടായിരുന്നു. വളരെ ശാസ്ത്രീയമായ രീതിയിലാണ് അവർ പട്ടണങ്ങൾ രൂപകല്പന ചെയ്തിരുന്നത്. ഗണിതശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങി മിക്ക ശാസ്ത്രങ്ങളിലും പുരാതനേന്ത്യ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. മതവിശ്വാസമോ മറ്റെന്തെങ്കിലുമോ ജ്ഞാനസമ്പാദനത്തിന് തടസ്സമായിരുന്നില്ല. ഇന്ത്യൻ പാരമ്പര്യത്തിൽ മതമെന്നതിന് അഭിപ്രായം എന്നതിൽ കവിഞ്ഞൊരു അർഥവുമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ വൈദ്യശാസ്ത്രപണ്ഡിതനായ ചരകനും നാസ്തികവിശ്വാസിയായ ചാർവാകനും മതസ്ഥാപകരായാണു പരിഗണിക്കപ്പെടുന്നത്. നാസ്തികചിന്തകളും ഇവിടെ വളർന്നു വികാസം പ്രാപിച്ചിട്ടുണ്ട്.

### മാനവികതയും സഹിഷ്ണുതയും

വൈദേശികമായ അതിക്രമങ്ങളും രാഷ്ട്രീയകലാപങ്ങളും ഇന്ത്യയിൽ നിലനിന്നിരുന്നുവെങ്കിലും ഇന്ത്യൻജനത അവരുടെ അന്തസ്സും പെരുമാറ്റവും എപ്പോഴും ഉയർത്തിപ്പിടിച്ചു. സഹിഷ്ണുതയുടെയും ഔദാര്യത്തിന്റെയും ആദർശങ്ങൾ അവർ എക്കാലവും പുലർത്തിപ്പോന്നു. മഹാത്മാഗാന്ധി ഉയർത്തിയ അഹിംസയുടെയും സത്യഗ്രഹത്തിന്റെയും തത്ത്വങ്ങൾ ലോകത്തെത്തന്നെ വിസ്മയിപ്പിച്ചു.

### പരസ്പരബന്ധിതമായ സാമൂഹികവ്യവസ്ഥ

പാരമ്പര്യങ്ങളും ആചാരങ്ങളും കൊണ്ട് പരസ്പരബന്ധിതമായ കുടുംബവ്യവസ്ഥയാണ് ഇന്ത്യൻ സംസ്കാരത്തിന്റേത്. കുടുംബങ്ങൾ മുത്തച്ഛന്മാരോടും മാതാപിതാക്കളോടും മക്കളോടും പേരക്കുട്ടികളോടുമെല്ലാം പരസ്പരബന്ധിതമാണ്. അവർ ഒരേ മൂല്യങ്ങളും ഒരേ പാരമ്പര്യവും സമ്പത്തും പങ്കുവയ്ക്കുന്നു. കുടുംബം തുടങ്ങിയ സാമൂഹിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലകൊള്ളുകയും അതിലൂടെ ജീവിതം തുടരുകയും ചെയ്യുന്നതായി ഇന്ത്യക്കാർ വിശ്വസിക്കുന്നു.

ഇന്ത്യൻ സംസ്കാരത്തിന്റെ സമ്പന്നതയും വൈവിധ്യവും ലോകം മുഴുവൻ അംഗീകരിക്കപ്പെട്ടതാണ്. ഇന്ത്യയുടെ കലാ-സാംസ്കാരിക സംഭാവനകൾ, ഭക്ഷണം, രുചിഭേദങ്ങൾ, സാഹിത്യകൃതികൾ എന്നിവയ്ക്ക് ലോകസംസ്കാരത്തിൽ ഉന്നതമായ സ്ഥാനമുണ്ട്.

**നമുക്കു ചെയ്യാം**

*ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക.*

### ഇന്ത്യൻ സംസ്കാരത്തിന്റെ വിവിധ ഘട്ടങ്ങൾ

മറ്റേതൊരു രാജ്യത്തെയും പോലെ, ഇന്ത്യയുടെ ചരിത്രത്തെയും പ്രാചീനം, മധ്യകാലം, ആധുനികം എന്നിങ്ങനെ വിഭജിക്കാം. പ്രാചീനകാലഘട്ടം ഭൂമിയിൽ മനുഷ്യജീവിതം ആരംഭിക്കുന്നതു മുതൽ തുടങ്ങുന്നു.

### പ്രാചീനകാലഘട്ടം

നൂറ്റാണ്ടുകൾ ദൈർഘ്യമേറിയതാണ് ഇന്ത്യയുടെ ചരിത്രം. സിന്ധുനദീതടത്തിലെ (2700-1800 BC) ഹാരപ്പയും മോഹൻജൊദാരോയും ഇന്ത്യൻ നാഗരികതയുടെ ആദ്യകാല സ്വഭാവത്തിന്റെ സാക്ഷ്യങ്ങളാണ്. ഹാരപ്പൻ നാഗരികത ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ അറിയപ്പെടുന്ന ആദ്യത്തെ നാഗരികസംസ്കാരമാണ്. അഴുക്കുചാലുകൾ ഉൾപ്പെടെയുള്ള ശുചിത്വസംവിധാനവും വ്യവസ്ഥാപിതമായ റോഡുകളുമുള്ള നഗരങ്ങളും അന്നത്തെ പ്രത്യേകതയായിരുന്നു. ചുടുകട്ടകൾ കൊണ്ടു നിർമിച്ച, അടുക്കളയും കുളിമുറിയുമുള്ള വീടുകൾ അന്നുണ്ടായിരുന്നു. മൺപാത്രനിർമാണത്തിൽ വിദഗ്ധരായ ഹാരപ്പൻ ജനതയ്ക്ക് ലോഹങ്ങൾ, ലോഹക്കൂട്ടുകൾ എന്നിവയെപ്പറ്റിയും അറിവുണ്ടായിരുന്നു. അവർ സസ്യമൃഗാദികളെയും പ്രകൃതിശക്തികളെയും ആരാധിച്ചു. മൃഗങ്ങളുടെ രൂപങ്ങൾ കൊത്തിയതും ആൽമരം ചിത്രീ

കരിച്ചതുമായ മുദ്രകൾ എഴുത്ത് വശമുണ്ടായിരുന്ന ഹാരപ്പൻ ജനതയ്ക്കുണ്ടായിരുന്നു. അന്നത്തെ ഗ്രാമീണരുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു (ഹാരപ്പൻ സമൂഹം മെസോപ്പൊട്ടാമിയയുമായി വ്യാപാരബന്ധം പുലർത്തിയിരുന്നു.) ലോകത്താദ്യമായി പരുത്തികൃഷി ചെയ്തവരെന്നു കരുതുന്ന ഹാരപ്പൻ ജനതയ്ക്ക് നൂൽനൂൽപ്പും തയ്യലും അറിയാമായിരുന്നു. ബി. സി. 1800 ഓടെ ഹാരപ്പൻ നാഗരികതയ്ക്ക് നാശം നേരിട്ടു.

**നമുക്കു ചെയ്യാം**

*പ്രാചീന കാലഘട്ടത്തിന്റെ പ്രത്യേകതകൾ എന്തെന്നു വിശദീകരിക്കുക.*

## വേദകാലസംസ്കാരം

ഹാരപ്പൻ നാഗരികതയുടെ പതനത്തെത്തുടർന്ന് ആ നദീതടങ്ങളിൽ ഒരു പുതിയ സംസ്കാരം ആര്യന്മാരുടെ നേതൃത്വത്തിൽ പുഷ്ടിപ്പെട്ടു. സിന്ധു - സരസ്വതി നദീതടങ്ങളിൽ സരിതാമസമാക്കിയ ആര്യന്മാർ കാർഷികവൃത്തിയിലേർപ്പെട്ടു. ദേവീദേവന്മാരെ സ്തുതിച്ചുകൊണ്ട് രചിച്ച കീർത്തനങ്ങൾ ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവവേദം എന്നീ നാല് വേദങ്ങളിൽ സമാഹരിച്ചു. പവിത്രമായ ആധ്യാത്മികജ്ഞാനം എന്നാണ് വേദത്തിന്റെ അർഥം. വേദകാലത്തെ ആദിവേദകാലമെന്നും പിൽക്കാലവേദകാലമെന്നും തിരിച്ചിരിക്കുന്നു. ആദി/വേദകാലത്തെ ഋഗ്വേദം പ്രതിനിധീകരിക്കുന്നു. മറ്റു മൂന്നു വേദങ്ങളും ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുക്കൾ എന്നിവയുമാണ് പിൽക്കാലവേദകാലത്തിന്റെ സംഭാവന. ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും പുരാണങ്ങളും ആദിവേദകാലത്തെ ജീവിതത്തെയും സമൂഹത്തെയും കുറിച്ച് വെളിച്ചം വീശുന്നവയാണ്.

*ഉപനിഷത്തുക്കൾ* : വേദങ്ങളുടെ ഉപസംഹാരഭാഗങ്ങളാണ് ഉപനിഷത്തുക്കൾ. വേദാന്തമെന്നറിപ്പെടുന്ന ഇവ വേദോപദേശങ്ങളുടെ സാരാംശമാണ്. 108 എണ്ണം വരുന്ന ഇവ ബുദ്ധകാലഘട്ടത്തിന് മുമ്പും പിമ്പുമായാണ് രചിക്കപ്പെട്ടത്. ഇന്ത്യൻ തത്ത്വചിന്തയുടെയും മതദർശനങ്ങളുടെയും അടിസ്ഥാനമാണ് ഉപനിഷത്തുക്കൾ. എന്താണ് സത്യമെന്നറിയാനുള്ള അന്വേഷണമാണ് ഉപനിഷത്തുക്കളുടെ കേന്ദ്രപ്രമേയം.

സച്ചിദാനന്ദമാകുന്ന അടിസ്ഥാന യാഥാർഥ്യത്തിലേക്കു നയിക്കാനുള്ള പ്രാർഥനയാണ് ഈ തത്ത്വചിന്തകളുടെ അടിസ്ഥാനം. സത്, ചിത്, ആനന്ദം എന്നീ മൂലയാഥാർഥ്യങ്ങളെക്കുറിച്ചുള്ള അന്വേഷണമാണിത്. സത് എന്നാൽ പരബ്രഹ്മവും ചിത് എന്നാൽ ഒരാൾ എത്തിച്ചേരുന്ന അവബോധത്തിന്റെ ഉന്നതതലവും ആനന്ദം ഒരാൾ കൈവരിക്കുന്ന പരമമായ സന്തോഷവുമാണ്.

*ഭഗവദ്ഗീത :* മഹാഭാരതത്തിലെ ഭീഷ്മപർവത്തിന്റെ ഭാഗമാണ് ഭഗവദ്ഗീത. ധർമത്തിന്റെയും തത്ത്വചിന്തയുടെയും പാഠങ്ങൾ നൽകുന്ന ഭഗവദ്ഗീത ഇന്ത്യൻ ദർശനത്തിലെ പ്രധാന പ്രചോദിതഗ്രന്ഥങ്ങളിൽ ഒന്നാണ്. ഭഗവദ്ഗീതയുടെ സന്ദേശം സാർവത്രികമാണ്. നിസ്വാർഥസേവനത്തിന്റെ ആഹ്വാനമായി 'ഗീത'യെ കണക്കാക്കുന്നു. 'ഗീത'യുടെ മുഖ്യസ

ന്ദേശമായ നിഷ്കാമകർമത്തിന്റെ സത്ത നിസ്വാർഥസേവനമാണ്. കർമയോഗത്തിന്റെയും ജ്ഞാനയോഗത്തിന്റെയും സമന്വയത്തിന്റെ സാക്ഷാൽക്കാരമാണ് ഭഗവദ്ഗീത. അതിനാൽ ഗാന്ധിജി ഭഗവദ്ഗീതയെ അമ്മയായും ആധ്യാത്മിക നിഘണ്ടുവായും കരുതി. ഗാന്ധിജി *അനാസക്തിയോഗ* എന്ന പേരിൽ ഭഗവദ്ഗീതയ്ക്ക് വ്യാഖ്യാനം രചിച്ചു. *ഒന്നും ആഗ്രഹിക്കാതെയുള്ള പ്രവൃത്തി; കർമഫലങ്ങൾ ത്യജിക്കുന്നതിലൂടെ, എല്ലാ പ്രവൃത്തികളും ഈശ്വരന് സമർപ്പിച്ചുകൊണ്ട്* ജീവിതയാത്ര തുടരാൻ ഗാന്ധിജി *അനാസക്തിയോഗ*ത്തിലൂടെ ആഹ്വാനം ചെയ്യുന്നു.

**നമുക്കു ചെയ്യാം**

*ഉപനിഷത്തുക്കളുടെയും ഭഗവദ്ഗീതയുടെയും കേന്ദ്ര ആശയങ്ങൾ താരതമ്യം ചെയ്യുക.*

*മതവും സമൂഹവും* : ആര്യസമൂഹത്തിൽ പുരുഷകേന്ദ്രീകൃത ഗോത്രാധിപത്യ രീതിയായിരുന്നുവെങ്കിലും സ്ത്രീകൾ ആദരിക്കപ്പെട്ടിരുന്നു. കുടുംബമായിരുന്നു ഏറ്റവും അടിത്തട്ടിലുള്ള സാമൂഹികഘടകം. കുടുംബങ്ങൾ ചേർന്ന് കുലങ്ങളും, കുലങ്ങൾ കൂടിച്ചേർന്ന് ഗോത്രവും. പല കുലങ്ങളും ഗ്രാമങ്ങളും ഉണ്ടായിരുന്നു. അക്കാലത്ത് രാഷ്ട്രമോ രാജ്യമോ ഉണ്ടായിരുന്നില്ല. പിൽക്കാലവേദകാലത്ത് സമൂഹം നാലുവർണങ്ങളായി വിഭജിക്കപ്പെട്ടു. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെയാണ് അവ. ചാതുർവർണ്യവ്യവസ്ഥ എന്നാണ് ഈ വിഭജനം അറിയപ്പെടുന്നത്. തുടക്കത്തിൽ വിവിധ തൊഴിലുകളുടെ വിഭജനമായിരുന്നുവെങ്കിൽ പിന്നീട് പാരമ്പര്യാടിസ്ഥാനത്തിലുള്ള കർക്കശവ്യവസ്ഥയായി അതു മാറി. ബ്രാഹ്മണർ സമൂഹത്തിലെ ആധിപത്യവർഗമായി വളർന്നു. ഭരണവിഭാഗം ക്ഷത്രിയരും വ്യാപാരികൾ വൈശ്യരും ഇതര തൊഴിലിൽ ഏർപ്പെട്ട വിഭാഗങ്ങൾ ശൂദ്രരുമായി മാറി.




മനുഷ്യജീവിതത്തെ നാലു വ്യത്യസ്ത ഘട്ടങ്ങളായി തിരിക്കുന്ന *ചതുരാശ്രമ* സമ്പ്രദായം മറ്റൊരു സാമൂഹികവ്യവസ്ഥയായിരുന്നു. ബ്രഹ്മചര്യം (അവിവാഹിതാവസ്ഥ, ഒരു ഗുരുവിന്റെ ആശ്രമത്തിലെ അച്ചടക്കമാർന്ന വിദ്യാഭ്യാസജീവിതം), ഗാർഹസ്ഥ്യം (കുടുംബജീവിതം), വാനപ്രസ്ഥം (കുടുംബത്തിൽനിന്ന് അകന്നുള്ള ജീവിതം), സന്ന്യാസം (ലൗകികജീവിതത്തിൽ നിന്നകന്ന് ആധ്യാത്മിക അന്വേഷണത്തിനായുള്ള സമർപ്പിതജീവിതം) എന്നിങ്ങനെ അവ അറിയപ്പെട്ടു. ആശ്രമധർമങ്ങൾ സ്ത്രീകൾക്കും വർണവ്യവസ്ഥയിലെ താഴ്ന്നവരാക്കപ്പെട്ട വിഭാഗങ്ങൾക്കും ബാധകമല്ലായിരുന്നു.

*ചാർവാകം (ലോകായതം) :* ഇന്ത്യൻ തത്ത്വചിന്തയുടെ നാസ്തികദർശനങ്ങളിലൊന്നാണു ചാർവാകദർശനം. ചാർവാകദർശനം ഈശ്വരസങ്കൽപ്പത്തെ നിഷേധിക്കുന്നു. ബി. സി. ഏഴാം നൂറ്റാണ്ടോടുകൂടി രൂപപ്പെട്ട ചാർവാകദർശനത്തിന്റെ പ്രമാണഗ്രന്ഥങ്ങളൊന്നും ലഭിച്ചിട്ടില്ല. ബൃഹസ്പതിയാണ് ഇതിന്റെ ഉപജ്ഞാതാവെന്നു വിശ്വസിക്കുന്നു. കറകളഞ്ഞ ഭൗതി

കവാടമായ ലോകായതം വേദങ്ങളുടെ വിശുദ്ധപരിവേഷത്തെയും അതിന്റെ പേരിൽ വിശ്വാസത്തിനുവേണ്ടിയുള്ള എല്ലാ ന്യായവാദങ്ങളെയും ശക്തമായി എതിർക്കുന്നു. ചൂഷണം ഉദ്ദേശിച്ചുള്ള പുരോഹിതവർഗത്തിന്റെ സൂത്രപ്പണികളാണിതെന്നു ലോകായതർ വ്യക്തമാക്കുന്നു.

*മതവികാസങ്ങൾ* : ബി. സി. 600 - ബിസി 200 കാലയളവ് രാജ്യത്തിന്റെ രാഷ്ട്രീയ - സാംസ്കാരികചരിത്രത്തിൽ പ്രധാനപ്പെട്ടതാണ്. വേദകാല മതങ്ങളിലുണ്ടായ ദുഷിച്ച പ്രവണതകൾക്കെതിരേ രൂപംകൊണ്ട ജൈനമതവും ബുദ്ധമതവും ഈ കാലഘട്ടത്തിന്റെ സംഭാവനയാണ്. ഇന്ത്യൻ ജീവിതത്തിലും സംസ്കാരത്തിലും നിർണായക സ്വാധീനം ചെലുത്തിയിട്ടുള്ള ഈ മതങ്ങൾ ബ്രാഹ്മണാധിപത്യത്തിൽ അധിഷ്ഠിതമായ ചാതുർവർണ്യത്തിനെതിരേ ഉണ്ടായ എതിർപ്പിൽനിന്ന് ഉടലെടുത്തതാണ്. ഈ മതങ്ങളുടെ പരിഷ്കരണങ്ങൾ ധാർമിക ജീവിതത്തിന് ഊന്നൽ നൽകിക്കൊണ്ട് സന്യാസാശ്രമങ്ങൾ സ്ഥാപിച്ചു. ജൈനമതത്തിലെ സംഘങ്ങളും ബുദ്ധമതത്തിലെ വിഹാരങ്ങളും ഇതിനുദാഹരണങ്ങളാണ്. തരംതിരിവുകളില്ലാതെ എല്ലാവർക്കും സ്വീകാര്യമായ, സ്വാതന്ത്ര്യത്തിലും സമത്വത്തിലും അധിഷ്ഠിതമായ ഒരു സമൂഹനിർമിതിക്കായുള്ള അഭിനിവേശവും പുതിയ മതങ്ങളുടെ ആവിർഭാവത്തിനു കാരണമായതായി ചരിത്രകാരർ അഭിപ്രായപ്പെടുന്നു.

ആധുനിക ബിഹാറിലെ വൈശാലിക്കു സമീപമുള്ള കുണ്ഡഗ്രാമത്തിലാണ് മഹാവീരൻ ജനിച്ചത് (ബി. സി. 599). വിവാഹത്തിനു ശേഷം മഹാവീരൻ ലൗകികസുഖങ്ങൾ വെടിഞ്ഞ് സന്ന്യാസം സ്വീകരിച്ച് അലഞ്ഞു നടന്നു. പന്ത്രണ്ടുകൊല്ലത്തെ സന്ന്യാസജീവിതത്തിനു ശേഷം 42 -ാമത്തെ വയസ്സിൽ പരമമായ ജ്ഞാനം നേടി. അതിനു ശേഷം ജിനൻ എന്നറിയപ്പെട്ടു തുടങ്ങി. ഇതിൽനിന്നാണ് ജൈനമതം എന്ന പേര് ഉത്ഭവിച്ചത്. മഗധം, കോസലം തുടങ്ങിയ പ്രദേശങ്ങളായിരുന്നു പ്രധാന പ്രവർത്തനമേഖല. രാജഗൃഹത്തിനടുത്ത് പാവ എന്ന സ്ഥലത്ത് വച്ച് 72-ാമത്തെ വയസ്സിൽ അദ്ദേഹം നിർവാണം പ്രാപിച്ചു (ബി.സി. 527).

### ജൈനമതം

ജൈനമതത്തിന്റെ സ്ഥാപകൻ ആദിതീർഥങ്കരനായ ഋഷഭദേവനാണെന്നു വിശ്വസിക്കുന്നു. ഇരുപത്തിനാലാമത് തീർഥങ്കരനായ മഹാവീരനാണ് ജൈനതത്ത്വസംഹിതകൾ വികസിപ്പിച്ചതും അവസാനരൂപം നൽകിയതും. അതുകൊണ്ട് മഹാവീരനാണ് ജൈനമതം സ്ഥാപിച്ചത് എന്നു പൊതുവിൽ വിശ്വസിക്കുന്നു. സത്യജ്ഞാനത്തിന് ലളിതജീവിതം നയിക്കണമെന്നും പഞ്ചമഹാവ്രതങ്ങൾ പാലിക്കണമെന്നും ജൈനമതം ഉപദേശിക്കുന്നു. സത്യം (കള്ളം പറയാതിരിക്കുക), അഹിംസ (ഹിംസ വർജിക്കുക), അസ്തേയം (തന്റേതല്ലാത്ത വസ്തുക്കൾ സ്വന്തമാക്കാതിരിക്കുക), അപരിഗ്രഹം (ആവശ്യമില്ലാത്ത ലൗകികവസ്തുക്കൾ അമിതമായി ആഗ്രഹിക്കാതിരിക്കുക.), ബ്രഹ്മചര്യം (പവിത്രജീവിതം) എന്നിവയാണവ. ശരിയായ ജീവിതത്തിന് ത്രിരത്നങ്ങൾ എന്നറിയപ്പെടുന്ന ശരിയായ വിശ്വാസം, ശരിയായ ജ്ഞാനം, ശരിയായ പെരുമാറ്റം, എന്നീ മൂന്നു മാർഗങ്ങൾ ജൈനമതം നിർദേശിക്കുന്നു. എല്ലാ ജീവികളും ജീവിക്കാൻ ആഗ്രഹിക്കുന്നുവെന്നും ഓരോന്നിനും സ്വന്തം ജീവൻ ഏറ്റവും പ്രിയപ്പെട്ടതാണെന്നും മഹാവീരൻ പറയുന്നു. സാധാരണ ജനങ്ങൾക്കു പ്രാപ്യമായ പ്രാകൃതഭാഷയിലാണ് അദ്ദേഹം പ്രഭാഷണങ്ങൾ നടത്തിയിരുന്നത്.

ജൈനമതത്തിന്റെ പരമപ്രധാനമായ തത്ത്വം അഹിംസയാണ്. ഇത് മനുഷ്യർക്കു മാത്രമല്ല, മൃഗങ്ങൾക്കും പ്രാണികൾക്കും വരെ ബാധകമാണ്. ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിക്കുന്ന ജൈനമതം ജാതിരഹിതവും സാർവജനീനവുമായ ഒരു സാമൂഹികവ്യവസ്ഥിതിക്കുവേണ്ടി നിലകൊണ്ടു.

ജൈനമതതത്ത്വമായ അനേകാന്തവാദം യാഥാർഥ്യങ്ങളുടെ വൈവിധ്യങ്ങളെ ഊന്നിപ്പറയുന്നു. ശത്രുപക്ഷത്തുള്ളവരുടെയും നമ്മെ എതിർക്കുന്നവരുടെയും വിശ്വാസങ്ങളും കാഴ്ചപ്പാടുകളും പരിഗണിക്കണമെന്ന ചിന്തയാണത്. ഒരു വസ്തുവിനെപ്പറ്റിയോ പ്രപഞ്ചത്തെക്കുറിച്ചോ ഉള്ള അറിവ് ഒരു പ്രത്യേകവീക്ഷണത്തിൽ ശരിയായിരിക്കാം. മറ്റൊരു വീക്ഷണത്തിൽ തെറ്റായിരിക്കാം. അതുകൊണ്ട് എന്തിനെക്കുറിച്ചുമുള്ള അറിവ്, എപ്പോഴും അപൂർണവും അവ്യക്തവും ആപേക്ഷികവുമാണെന്ന് അനേകാന്തവാദം സമർഥിക്കുന്നു. ഗാന്ധിജിയെ വളരെയേറെ സ്വാധീനിച്ച ജൈനതത്ത്വചിന്തകളിലൊന്നാണിത്.

**നമുക്കു ചെയ്യാം**

*ജൈനമതത്തിലെ പ്രധാനാശയങ്ങൾ കണ്ടെത്തി ലഘുകുറിപ്പ് തയാറാക്കുക.*

### ബുദ്ധമതം



മഹാവീരന്റെ സമകാലികനായ ഗൗതമബുദ്ധനാണ് (ബി.സി. 563 –483) ബുദ്ധമതസ്ഥാപകൻ. ഇന്ത്യ ജന്മം നൽകിയ ഏറ്റവും മഹാനായ ഗുരുശ്രേഷ്ഠനാണ് ശ്രീബുദ്ധൻ. ദക്ഷിണ നേപ്പാളിലെ ലുംബിനിയിൽ ജനിച്ച സിദ്ധാർഥ ഗൗതമൻ 29-ാം വയസ്സിൽ, ഒരു പുത്രൻ ജനിച്ച ശേഷം, എല്ലാ ലൗകികസുഖങ്ങളും ത്യജിച്ച് സന്ന്യാസം സ്വീകരിച്ചു. സത്യാന്വേഷണവ്യഗ്രതയോടുകൂടി അലഞ്ഞു നടന്ന അദ്ദേഹം യാത്രയുടെ അവസാനഘട്ടത്തിൽ ബുദ്ധഗയയിലെത്തി. അനേകദിവസത്തെ ധ്യാനത്തിനുശേഷം അദ്ദേഹത്തിന് ബോധോദയം ലഭിച്ചു. ഇതിനുശേഷം ഗൗതമൻ ബുദ്ധൻ എന്ന പേരിലറിയപ്പെടുന്നു. അദ്ദേഹം 45 വർഷത്തോളം തന്റെ മതതത്ത്വങ്ങൾ പ്രചരിപ്പിച്ചു. കുശീ നഗരത്തിൽവച്ച് 80-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. സത്യത്തിന്റെയും ത്യാഗത്തിന്റെയും സേവനത്തിന്റെയും രൂപമായിരുന്നു ശ്രീബുദ്ധൻ. നാല് ആര്യസത്യങ്ങളും അഷ്ടാംഗമാർഗവുമാണ് ബുദ്ധമതത്തിന്റെ പ്രധാന തത്ത്വങ്ങൾ.

*നാല് ആര്യസത്യങ്ങൾ:* 1. ലൗകികജീവിതം മുഴുവൻ ദുഃഖപൂർണമാണ്. 2. ആഗ്രഹമാണ് എല്ലാ ദുഃഖത്തിന്റെയും മൂലകാരണം. 3. ആഗ്രഹങ്ങളെ ഇല്ലാതാക്കുന്നതാണ് ദുഃഖനാശത്തിനുള്ള മാർഗം. 4. അഷ്ടാംഗമാർഗങ്ങൾ സ്വീകരിക്കുന്നതുവഴി ആഗ്രഹങ്ങളെ നശിപ്പിക്കാൻ സാധിക്കും.

*അഷ്ടാംഗമാർഗങ്ങൾ :* 1. ശരിയായ ധാരണ 2. ശരിയായ സങ്കൽപ്പം 3. ശരിയായ ഭാഷണം 4. ശരിയായ പെരുമാറ്റം 5. ശരിയായ ഉപജീവനരീതി 6. ശരിയായ പരിശ്രമം 7. ശരിയായ ആലോചന 8. ശരിയായ ഏകാഗ്രത

**നമുക്കു ചെയ്യാം**

*വിദ്യാർഥിജീവിതത്തിൽ അഷ്ടാംഗമാർഗത്തിന്റെ പ്രസക്തി ചർച്ചചെയ്യുക.*

ബുദ്ധമതത്തിന്റെ ജാതിരഹിതവും സാർവജനീനവുമായ സ്വഭാവവിശേഷം സാമാന്യജനസമൂഹത്തെ അതിന്റെ സ്വാധീനത്തിൽ കൊണ്ടുവന്നു. സാമൂഹിക അനീതികൾക്കെതിരായ ബുദ്ധമതം തീവ്രവാദങ്ങളെ തിരസ്കരിച്ച് മധ്യമാർഗസമീപനം സ്വീകരിച്ചത് അതിനെ കൂടുതൽ പ്രായോഗികമാക്കി. സമാധാനത്തിന്റെയും സൗഹാർദത്തിന്റെയുംകൂടി ആശയമാണ് ബുദ്ധമതം.

### അശോകചക്രവർത്തി (ബി. സി. 304 - 232)

മൗര്യചക്രവർത്തിയായ അശോകൻ രക്തരൂഷിതയുദ്ധത്തിലൂടെ ഇന്നത്തെ ഒഡീഷയിലെ കലിംഗ എന്ന പ്രദേശം പിടിച്ചടക്കിയ ശേഷം, യുദ്ധത്തിന്റെ ഭീകരതയിൽ പശ്ചാത്താപവിവശനായി അക്രമം പരിത്യജിക്കുകയും ബുദ്ധമതാനുയായി ആയി മാറുകയും ചെയ്തു. സമസ്ത ജീവജാലങ്ങളുടെയും ജീവനെ ആദരിച്ച് സ്തംഭങ്ങളും സ്തൂപങ്ങളും സ്ഥാപിച്ച് ബുദ്ധമതാശയങ്ങൾ പ്രചരിപ്പിക്കുകയും ജനങ്ങളെ ധാർമികപാതയിൽ അണിചേർക്കുകയും ചെയ്തു. ധർമവിജയമെന്ന നയം സ്വീകരിച്ച്, ജനങ്ങളെ അഹിംസ പരിശീലിക്കാൻ ആഹ്വാനം ചെയ്ത അശോകൻ രാജ്യത്തെ ജനങ്ങളുടെ ക്ഷേമത്തിനുതകുന്ന പദ്ധതികളാണു നടപ്പിലാക്കിയത്.

### മധ്യകാലഘട്ടം

സാംസ്കാരികസമന്വയത്തിന്റെ സുവർണകാലമായിരുന്നു ഇന്ത്യയുടെ മധ്യകാലഘട്ടം. തുർക്കികളും മുഗളരും സാമൂഹിക-സാംസ്കാരിക മേഖലകളിൽ കൊണ്ടുവന്ന പുത്തനാശയങ്ങളും സൂഫി, ഭക്തി, സിഖ് തുടങ്ങിയ ആധ്യാത്മിക നവീകരണപ്രസ്ഥാനങ്ങളും മധ്യകാലഘട്ടത്തിന്റെ പ്രത്യേകതയാണ്.

മുഗൾ ചക്രവർത്തിയായ അക്ബർ ഇസ്ലാം-ഹൈന്ദവ-ക്രൈസ്തവ-ജൈന- സൗരാഷ്ട്ര മതങ്ങളുടെ നല്ല അംശങ്ങൾ സ്വീകരിച്ചുകൊണ്ട് 16-ാം നൂറ്റാണ്ടിൽ ദീൻ - ഇലാഹി എന്ന മതത്തിന് രൂപംകൊടുത്തു. ഐക്യഭാരതം എന്ന ലക്ഷ്യത്തോടെ വിവിധ സംസ്കാരങ്ങളുടെ കൂട്ടിച്ചേർക്കലുകൾക്ക് മിക്ക മുഗൾഭരണാധികാരികളും പ്രോത്സാഹനം നൽകി.

### സൂഫിപ്രസ്ഥാനം

ഇസ്ലാംമതത്തിലെ യോഗാത്മക ആത്മീയധാരയാണ് സൂഫിസം. മുഹമ്മദ് നബിയുടെ ജീവിതത്തിൽനിന്നും ഖുർആനിൽനിന്നും പ്രചോദനമുൾക്കൊണ്ട് പശ്ചിമേഷ്യയിലാരംഭിച്ച ഒരു പരിഷ്കരണപ്രസ്ഥാനമാണ് സൂഫിസം. സൂഫിസം ഇന്ത്യയിൽ പ്രചരിച്ചത് മുഗൾഭരണകാലത്താണ്. ഇന്ത്യയിലെ മതങ്ങളുമായി അടുത്ത സമ്പർക്കം പുലർത്തിയതിന്റെ ഫലമായി സൂഫിസം ഭാരതീയമായ പല ആശയങ്ങളും അനുഷ്ഠാനങ്ങളും സ്വായത്തമാക്കി. സൂഫി

കളും തങ്ങളുടേതായ ആശ്രമങ്ങൾ സ്ഥാപിച്ചിരുന്നു. ജൈന-ബുദ്ധമതങ്ങളുടെ മൗലികതത്ത്വമായ അഹിംസ സൂഫികളും സ്വീകരിച്ചു. ഹൈന്ദവചിന്തയും ഇസ്ലാമിക ആധ്യാത്മികതയും കൂടിച്ചേരുന്ന ഒരു സവിശേഷ ആത്മീയധാരയായി ഇന്ത്യൻ സൂഫിസം വളർന്നു. പുരാതന സൂഫി ആശ്രമങ്ങൾ മുസ്ലിംകൾ മാത്രമല്ല, ഹിന്ദുക്കളും സന്ദർശിക്കുക പതിവായിരുന്നു. ഹൈന്ദവ- ഇസ്ലാം മതങ്ങളെ സമന്വയിപ്പിക്കുന്നതിനും മതസഹിഷ്ണുതയുടെയും പരസ്പരധാരണയുടേതുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഇതു സഹായകമായി. സ്നേഹമാണ് എന്റെ മതമെന്നു പ്രഖ്യാപിച്ച ജലാലുദ്ദീൻ റൂമി സൂഫീ പണ്ഡിതന്മാരിൽ സർവാദരണീയനാണ്.

## ഭക്തിപ്രസ്ഥാനം

ഇന്ത്യയിലുണ്ടായ ഒരു നവോത്ഥാനപ്രസ്ഥാനമാണ് ഭക്തിപ്രസ്ഥാനം. 12 മുതൽ 17 വരെ ശതകങ്ങളിൽ ഇന്ത്യയിലുടനീളം ഭക്തിയെ അടിസ്ഥാനമാക്കി എഴുതപ്പെട്ട കൃതികളെയും കവികളെയും അവരുടെ പ്രവർത്തനങ്ങളെയും മൊത്തത്തിൽ കുറിക്കാനാണ് ഭക്തിപ്രസ്ഥാനം എന്ന പദം ഉപയോഗിക്കുന്നത്. സാഹിത്യം, ശില്പ-ചിത്രകലകൾ, സംഗീതം, നൃത്തം തുടങ്ങിയ പല മേഖലകളിലും ഭക്തിപ്രസ്ഥാനത്തിന്റെ സ്വാധീനം പ്രകടമായി. വൈഷ്ണവഭക്തരായ ആഴ്വാർമാരും ശൈവഭക്തരായ നായനാർമാരും തമിഴ്നാട്ടിൽ ഭക്തിപ്രസ്ഥാനത്തിന്റെ ആദ്യകാല വക്താക്കളായിരുന്നു.

മധ്യകാലത്തെ പണ്ഡിതന്മാരായ ഹൈന്ദവസിദ്ധന്മാർ ഈശ്വരവിശ്വാസത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞുകൊണ്ടുള്ള ഭക്തിമാർഗം സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഭക്തിഭാവത്തിന്റെ പരമാവസ്ഥയിൽ ദൈവത്തിനു സ്വയംസമർപ്പിതരാവുക എന്നതാണ് ഈ പ്രസ്ഥാനം ലക്ഷ്യമാക്കിയിരുന്നത്. പരമ്പരാഗത ജാതിവ്യവസ്ഥയെ ചോദ്യം ചെയ്തവരാണ് ഭക്തിപ്രസ്ഥാനത്തിലെ മിക്ക സിദ്ധന്മാരും. യാഥാസ്ഥിതിക ബ്രാഹ്മണമേധാവിത്വത്തിനെതിരേയുള്ള മുന്നേറ്റമായിരുന്നു ഭക്തിപ്രസ്ഥാനം. ഈശ്വരഭക്തി, പവിത്രമായ മനസ്സ്, ഹിന്ദു-മുസ്ലിം ഐക്യം, വിഗ്രഹാരാധനയോടുള്ള നിഷേധം. ജാതിവ്യവസ്ഥയെ നിരാകരിക്കൽ, പ്രാദേശികഭാഷകളുടെ ഉപയോഗം എന്നിവ ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകളാണ്. രാമാനുജൻ, രാമാനന്ദൻ, കബീർ, ഗുരുനാനാക്, ചൈതന്യൻ, മീരാബായ്, വല്ലഭാചാര്യൻ, സൂർദാസ്, തുളസീദാസ് തുടങ്ങിയവർ സാമൂഹിക സമത്വത്തിലും നീതിയിലും വിശ്വസിച്ചവരാണ്. താൻ ഒരേസമയം അല്ലാഹുവിന്റെയും ശ്രീരാമന്റെയും സന്തതിയാണെന്നാണ് കബീർ ഉദ്ഘോഷിച്ചത്.

## സിഖ് മതം

പതിനാറാം നൂറ്റാണ്ടിൽ ഗുരുനാനാക്കാണ് സിഖ് മതം സ്ഥാപിച്ചത്. ഗുരു, വിശ്വാസസംഹിത, സംഘം എന്നീ മൂന്നു ഘടകങ്ങളിൽ അധിഷ്ഠിതമാണ് ഗുരുനാനാക്കിന്റെ ദർശനം. പുനർജന്മ വിശ്വാസത്തിനും വിഗ്രഹാരാധനയ്ക്കും അദ്ദേഹം എതിരായിരുന്നു. ഏകദൈവവിശ്വാസത്തിന്റെ പ്രാധാന്യം നാനാക്ക് ഉയർത്തികാട്ടി. അദ്ദേഹത്തിന്റെ വിശ്വാസപ്രമാണങ്ങൾ ഹൈന്ദവ - ഇസ്ലാമിക വിശ്വാസരീതികളെ കൂട്ടിയിണക്കിയതാണ്.

സിഖ്മതത്തെ ചിട്ടപ്പെടുത്തിയതും ഒരു ഐകരൂപ്യവ്യവസ്ഥയിലേക്കു കൊണ്ടുവന്നതും ഗുരുഗോബിന്ദ് സിങ്ങാണ്. ജാതിഭേദമോ ലിംഗഭേദമോ ഇല്ലാതെ എല്ലാ മനുഷ്യർക്കും ദൈവത്തോടു ചേരാൻ അവസരമുണ്ടെന്ന് സിഖ്മതം വിശ്വസിക്കുന്നു. നീതി, ധർമം, സ്വാതന്ത്ര്യം

തുടങ്ങിയ ആശയങ്ങൾക്ക് അദ്ദേഹം പ്രാമുഖ്യം നൽകി. സിഖുകാരുടെ പുണ്യഗ്രന്ഥമാണ് ഗുരുഗ്രന്ഥസാഹിബ്.

**നമുക്കു ചെയ്യാം**

*മധ്യകാലഘട്ടത്തിലെ മതനവീകരണപ്രസ്ഥാനങ്ങളെപ്പറ്റി ഒരു വിലയിരുത്തൽ കുറിപ്പ് തയാറാക്കുക.*

## ആധുനികകാലഘട്ടം

പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക- മതപരിഷ്കരണപ്രസ്ഥാനങ്ങൾ ആധുനിക ഇന്ത്യയുടെ വളർച്ചയ്ക്ക് വഴിയൊരുക്കി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനം ഇന്ത്യൻ ഭാഷകളിലെ ആധുനികസാഹിത്യത്തെ സ്വാധീനിച്ചു. അങ്ങനെ പാശ്ചാത്യ ആശയങ്ങളും സ്ഥാപനങ്ങളുമായി ഇന്ത്യ നിരന്തരസമ്പർക്കത്തിലായി. ജനതയുടെ സാമൂഹിക-സാംസ്കാരിക ജീവിതം ഐകരൂപ്യത്തിലപ്പുറം ഓരോ പ്രദേശത്തെയും വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലായിരുന്നു. മതസഹിഷ്ണുതയും ഹിന്ദു- മുസ്‌ലിം സൗഹാർദവും നിലനിന്നിരുന്നു. ഇരുസമുദായങ്ങളും രണ്ടു കൂട്ടരുടെയും ഉത്സവങ്ങളിൽ പരസ്പരം പങ്കുചേർന്നിരുന്നു. മുസ്‌ലിംകൾ ഇന്ത്യൻ സംസ്കാരവുമായി വളരെയേറെ താദാത്മ്യപ്പെട്ടു. മിക്ക ഹിന്ദുക്കളും ഇസ്‌ലാംമത വിശുദ്ധന്മാരെയും മിക്ക മുസ്‌ലിംകളും ഹൈന്ദവദേവന്മാരെയും സിദ്ധന്മാരെയും പരസ്പരം ബഹുമാനിച്ചു.

***സാമൂഹികസാഹചര്യം*** : ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും സ്ത്രീകളുടെ സാമൂഹികനില മെച്ചപ്പെടുത്തുന്നതിനുള്ള പരിഷ്കരണപ്രസ്ഥാനങ്ങൾ ഉദയം ചെയ്തു. ശൈശവവിവാഹം വ്യാപകമായിരുന്നതുമൂലം ചെറുപ്രായത്തിലേ വിധവകളാകാൻ വിധിക്കപ്പെട്ടവരുടെ എണ്ണം വർധിച്ചുവന്നു. അക്കാലത്ത് വിധവാവിവാഹവും മിശ്രവിവാഹവും അനുവദിച്ചിരുന്നില്ല. ബഹുഭാര്യത്വം നിലനിന്നിരുന്നു. സ്ത്രീകൾക്ക് സമ്പത്തിൽ അവകാശമില്ലായിരുന്നു. താണവരെന്നു പറയപ്പെട്ട ജാതിയിൽപ്പെട്ടവർ ഉയർന്നവരെന്നവകാശപ്പെട്ട ജാതിയിൽപ്പെട്ടവരോടൊപ്പം ഭക്ഷണം കഴിക്കുന്നത് സമൂഹം വിലക്കിയിരുന്നു. ഇസ്‌ലാംമതത്തിലെ സ്ത്രീകളും പർദസമ്പ്രദായം, ബഹുഭാര്യത്വം, വിദ്യാഭ്യാസത്തിന്റെയും സ്വത്തവകാശത്തിന്റെയും അഭാവം എന്നിവ മൂലം ദുരിതമനുഭവിച്ചിരുന്നു.

***സാമൂഹികപരിഷ്കർത്താക്കൾ*** : ക്രൈസ്തവ മിഷനറിമാർ സ്ഥാപിച്ച സ്കൂളുകൾ വഴി വിദ്യാഭ്യാസത്തിന് അവസരം ലഭിച്ചു. അച്ചടിയുടെ ഉപയോഗവും പരിചിതമായി. ഇംഗ്ലീഷ് വിദ്യാഭ്യാസം സമൂഹത്തിൽ ഗണ്യമായ മാറ്റം വരുത്തി. പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ച ഇന്ത്യക്കാർക്കിടയിൽ ഇംഗ്ലീഷ്ഭാഷ സാമാന്യമായിത്തീർന്നു. സ്വാതന്ത്ര്യവാദം, യുക്തിചിന്ത, ജനാധിപത്യം, സമത്വം എന്നീ ആശയങ്ങൾ സമൂഹത്തിനു പരിചിതമായി. പാശ്ചാത്യ വിദ്യാഭ്യാസത്താൽ പ്രചോദിതമായ ഒരു മധ്യവർഗം രൂപംകൊണ്ടു. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ സാമൂഹിക- മതപരിഷ്കരണ ശ്രമങ്ങൾക്ക് ഈ സാഹചര്യം വഴിതെളിച്ചു.

ഇന്ത്യയുടെ ആധുനികയുഗത്തിന്റെ തുടക്കക്കാരനായി രാജാറാം മോഹൻ റായ് (1774- 1833) അറിയപ്പെടുന്നു. മതഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെ അനാചാരങ്ങൾക്കെതിരേ അദ്ദേഹം പ്രതിഷേധമുയർത്തി. അദ്ദേഹം സാമൂഹികസമത്വത്തിന്റെയും യുക്തിചിന്തയുടെയും സന്ദേശമുയർത്തി ബ്രഹ്മസമാജം സ്ഥാപിച്ചു. ഏകദൈവാരാധനയിൽ വിശ്വസിച്ചിരുന്ന ബ്രഹ്മസമാജ അനുയായികൾ വിഗ്രഹാരാധനയെയും ആചാരാനുഷ്ഠാനങ്ങളെയും എതിർത്തു.

ആത്മാറാം പാണ്ഡുരംഗ് 1867 ൽ പ്രാർഥനാസമാജം സ്ഥാപിച്ചു. മിശ്രഭോജനം, മിശ്രവിവാഹം, വിധവാപുനർവിവാഹം, അധഃസ്ഥിതവർഗക്കാരുടെ ഉന്നമനം എന്നിവയ്ക്കായി അവർ പരിശ്രമിച്ചു.

യൂറോപ്പിനും അമേരിക്കയ്ക്കും ഹൈന്ദവധർമത്തിന്റെ സാരാംശങ്ങൾ പ്രഭാഷണങ്ങളിലൂടെ പകർന്നു നൽകിയ സന്ന്യാസിശ്രേഷ്ഠനാണ് സ്വാമിവിവേകാനന്ദൻ (1863–1902). സമൂഹസേവനത്തിന്റെ മഹത്ത്വം തിരിച്ചറിഞ്ഞ വിവേകാനന്ദൻ ഗുരുവായ ശ്രീരാമകൃഷ്ണന്റെ പേരിൽ ശ്രീരാമകൃഷ്ണ മിഷൻ സ്ഥാപിച്ചു. വേദാന്തചിന്ത ഘോഷിച്ച വിവേകാനന്ദൻ സ്വാതന്ത്ര്യം, സമത്വം, സ്വതന്ത്രചിന്ത, മതവിശ്വാസങ്ങളുടെ അഖണ്ഡത എന്നിവയ്ക്ക് പ്രാമുഖ്യം നൽകി.

തിയോസഫിക്കൽ സൊസൈറ്റി നേതാവായ ആനി ബസന്റ് (1847–1933) പുരാതന ഇന്ത്യൻ മതങ്ങൾ, ദർശനം, വിശ്വാസങ്ങൾ എന്നിവയെപ്പറ്റി പഠനങ്ങൾ നടത്തി. സാർവലൗകിക സാഹോദര്യം ലക്ഷ്യമാക്കിയ സൊസൈറ്റി ആധ്യാത്മിക-വിദ്യാഭ്യാസ-സേവന മേഖലകളിൽ നിരവധി സംഭാവനകൾ നൽകി.

ഇസ്ലാംമതത്തിലെ പ്രമുഖനായ ഒരു സാമൂഹികപരിഷ്കർത്താവാണ് സർ സയ്യിദ് അഹ്മദ്ഖാൻ. ആധുനികവിദ്യാഭ്യാസത്തിലൂടെ മാത്രമേ പുരോഗതി സാധ്യമാവൂ എന്നു വിശ്വസിച്ച അദ്ദേഹം മതവിദ്വേഷത്തെയും യുക്തിരഹിതചിന്തയെയും എതിർത്തു. പർദസമ്പ്രദായം, ബഹുഭാര്യത്വം, വിവാഹമോചനം എന്നിങ്ങനെ ഇസ്ലാംമതവിശ്വാസികളുടെയിടയിൽ ഉണ്ടായിരുന്ന അനാചാരങ്ങളെ അദ്ദേഹം വിമർശിച്ചു. അലിഗഡ് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ അദ്ദേഹം ശാസ്ത്രപഠനങ്ങൾക്കായി മുഹമ്മദൻ ആംഗ്ലോ-ഓറിയന്റൽ കോളജ് സ്ഥാപിച്ചു. ഉർദുഭാഷയുടെ വളർച്ചയ്ക്കും അലിഗഡ് പ്രസ്ഥാനം സംഭാവന നൽകി.

പൂനെയിലെ ഒരു അധഃസ്ഥിതവിഭാഗത്തിൽ ജനിച്ച ജ്യോതിറാവു ഫൂലേ (1827–1890) തൊട്ടുകൂടാത്തവരെന്നു കരുതുന്ന, സാമൂഹികപിന്നാക്കാവസ്ഥ നേരിട്ട ജനവിഭാഗങ്ങളുടെ സാമൂഹികനീതിക്കായി പോരാടാൻ 1873 ൽ സത്യശോധക് സമാജ് സ്ഥാപിച്ചു. അധഃസ്ഥിത ജനവിഭാഗങ്ങളുടെയും സ്ത്രീകളുടെയും ഉന്നമനം വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂവെന്ന് അദ്ദേഹം വിശ്വസിച്ചു. ഇതിനായി ഒരു സ്കൂളും അദ്ദേഹം സ്ഥാപിച്ചു.

കേരളത്തിൽ ജീവിച്ചിരുന്ന സാമൂഹിക-മത പരിഷ്കർത്താവാണ് ശ്രീനാരായണഗുരു (1854–1928). സംസ്കൃതത്തിലും തമിഴിലും മലയാളത്തിലും പ്രാവീണ്യം നേടിയ സന്ന്യാസിശ്രേഷ്ഠനായ നാരായണഗുരു ജനങ്ങളുടെ സാമൂഹിക-ആധ്യാത്മിക ഉന്നമനത്തിനായി യത്നിച്ചു. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും എതിർത്ത നാരായണഗുരു ജാതിവ്യവസ്ഥയെ വെല്ലുവിളിച്ചു. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്നത് നാരായണഗുരുവിന്റെ മുഖ്യ ഉപദേശമാണ്.

വിശ്വമാനവികതയുടെ സന്ദേശം ഉദ്ഘോഷിക്കുന്ന 'ഗീതാഞ്ജലി' എന്ന കവിതാസമാഹാരത്തിലൂടെ നോബൽ സമ്മാനം ലഭിച്ച ആദ്യ ഇന്ത്യക്കാരനാണ് രബീന്ദ്രനാഥ ടാഗോർ (1861 – 1941). ഇന്ത്യയുടെ കലാ- സാംസ്കാരിക മേഖലകളിൽ കൂടുതൽ പഠനങ്ങൾക്കു വഴിയൊരുക്കിയ വിശ്വഭാരതി സർവകലാശാല കൽക്കത്തയിലെ ശാന്തിനികേതനിൽ ടാഗോർ സ്ഥാപിച്ചു. സംഗീതജ്ഞനും നാടകകൃത്തുമായ ടാഗോറാണ് ദേശീയഗാനമായ 'ജനഗണമന' രചി

ച്ചത്. ദാർശനികനും ഗുരുവുമെന്ന നിലയിൽ ഇന്ത്യൻ സംസ്കാരത്തെ ഉദ്ദീപിപ്പിച്ച ദേശീയവാദിയാണ് ടാഗോർ. മുകളിൽ സൂചിപ്പിച്ചതുപോലുള്ള നിരവധി സാമൂഹികപരിഷ്കർത്താക്കൾ ആധുനികകാലത്ത് ഇന്ത്യയുടെ സാംസ്കാരികമേഖലകളിൽ സജീവമായിരുന്നു. ഇതുവഴി ഒരു ആധുനിക ഇന്ത്യയും ദേശീയകാഴ്ചപ്പാടും രൂപപ്പെട്ടു.

**നമുക്കു ചെയ്യാം**

*ആധുനികകാലഘട്ടത്തിലെ പ്രധാന സാമൂഹിക-മതപരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ബുള്ളറ്റ് ചാർട്ട് തയാറാക്കുക.*

## മഹാത്മാഗാന്ധി – ഇന്ത്യൻ സാംസ്കാരികപൈതൃകത്തിന്റെ മൂർത്തിമദ്ഭാവം

ഇന്ത്യൻ സാംസ്കാരികപൈതൃകത്തിന്റെ മൂല്യങ്ങൾ തന്റെ ജീവിതത്തിലുടനീളം ഗാന്ധിജി ഉയർത്തിപ്പിടിച്ചു. ഗാന്ധിജിയുടെ ജീവിതവും കർമവും ഇന്ത്യൻ സംസ്കാരത്തിലും പാരമ്പര്യത്തിലും അധിഷ്ഠിതമാണ്. ഇന്ത്യൻ സംസ്കാരത്തിന്റെ മഹത്തായ സവിശേഷതകൾ അദ്ദേഹം സ്വാംശീകരിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്തു.

അഹിംസയുടെ പ്രാധാന്യം ജീവിതത്തിന്റെ ഓരോ നിമിഷവും ഗാന്ധിജി തിരിച്ചറിഞ്ഞു. സമസ്ത ജീവലോകത്തിന്റെയും ശാന്തിയും ക്ഷേമവുമാണ് ഗാന്ധിജിയുടെ ലക്ഷ്യം. ലളിതജീവിതം മുഖമുദ്രയാക്കിയ ഗാന്ധിജി ഇന്ത്യയിലെ സാധാരണജനങ്ങളുമായി താദാത്മ്യപ്പെട്ടാണ് ജീവിച്ചത്. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസമാണ് ഗാന്ധിജിയുടെ ജീവിതദർശനം. തന്റെ സഹജീവികളോടുള്ള കടപ്പാടും നിസ്വാർഥമായ സേവനവുമാണ് ജീവിതത്തിൽ ദൈവത്തെ തിരിച്ചറിയുന്നതിനുള്ള വഴി. അദ്ദേഹം സത്യത്തിന്റെ വഴി പിന്തുടർന്നു. സത്യം കൈവരിക്കുന്നതിനുള്ള മാർഗം സ്വയംസഹനമാണ്. സത്യം തിരിച്ചറിയലാണ് ദൈവത്തെ കണ്ടെത്തൽ. ലോകത്തുള്ള എല്ലാ മതങ്ങളും തുല്യവും ഒരേ ലക്ഷ്യത്തിലേക്കു നയിക്കുന്നതുമായതുകൊണ്ട് എല്ലാ മതങ്ങളെയും ആദരവോടെയാണ് ഗാന്ധിജി കണ്ടത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സാമുദായിക ഐക്യമാണ് സന്തുഷ്ടജീവിതത്തിന്റെ അടിത്തറ. ഗാന്ധിയൻദർശനം ഇന്ത്യൻ സംസ്കാരത്തിൽ ആഴത്തിൽ വേരൂന്നിയതാണെന്നു സാംസ്കാരികചരിത്രകാരനായ എ. എൽ. ബാഷം അഭിപ്രായപ്പെടുന്നു.

ഇന്ത്യൻ സാംസ്കാരികപൈതൃകത്തിന്റെ വക്താവായി ഗാന്ധിജി നിലകൊള്ളുന്നു. എല്ലാ വൈവിധ്യങ്ങളും ഉൾക്കൊണ്ടുകൊണ്ടുള്ള ശാന്തിപൂർണമായ ഒരു സമൂഹം കെട്ടിപ്പടുക്കാനുള്ള കരുത്തും ആത്മധൈര്യവും ഇന്ത്യൻ സാംസ്കാരികപൈതൃകത്തിന്റെ മൂർത്തിമദ്ഭാവമായ മഹാത്മാഗാന്ധി നമുക്കു നൽകുന്നു.

## സംഗ്രഹം


- ഒരു നിശ്ചിത സമൂഹത്തിൽ കഴിയുന്ന ജനങ്ങളുടെ നിലനിൽപ്പിന് ആവശ്യമായ ജീവിതരീതിയാണ് സംസ്കാരം.
- തലമുറകളിൽനിന്നു തലമുറകളിലേക്കു നമ്മുടെ പൂർവികർ കൈമാറിത്തന്ന മൂല്യങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സ്ഥലങ്ങൾ, ഉപകരണങ്ങൾ, കലകൾ എന്നിവയുൾപ്പെടെയുള്ള ജീവിതരീതികളുടെ ആവിഷ്കാരങ്ങൾ. എന്നിവയെല്ലാമാണ് സാംസ്കാരികപൈതൃകം.
- സംസ്കാരവും നാഗരികതയും പരസ്പരം മാറിമാറി ഉപയോഗിക്കുന്ന പദങ്ങളാണ്.
- സംസ്കാരത്തിന് തത്തുല്യമായ സംസ്കൃതപദം സംസ്കൃതി എന്നാണ്. സംസ്കൃതി എന്നാൽ അർഥമാക്കുന്നത് ശുദ്ധീകരിക്കുന്നതിനായിട്ടുള്ളത്, പവിത്രമായിട്ടുള്ളത്, ഉന്നമനത്തിനായി, സ്ഫുടം ചെയ്തെടുത്തത് എന്നിങ്ങനെയാണ്.
- വ്യത്യസ്ത സംസ്കാരങ്ങൾ വച്ചുപുലർത്തുന്ന നിരവധി കൂട്ടങ്ങളുടെ ദീർഘമായ ഇടപഴകലുകളുടെ പരിണതഫലമാണ് ഇന്ത്യൻ സംസ്കാരത്തിന്റെ മതനിരപേക്ഷസ്വഭാവം.
- വസുധൈവകുടുംബകം, ലോകാ സമസ്താ സുഖിനോ ഭവന്തു എന്നീ തത്ത്വങ്ങൾ ഇന്ത്യൻ സംസ്കാരത്തിന്റെ പൊതു പാരമ്പര്യമാണ്.
- വമ്പിച്ച സാമൂഹികമാറ്റങ്ങളുണ്ടായെങ്കിലും ഇന്ത്യൻ സംസ്കാരം അതിന്റെ സ്ഥായീഭാവം ഇന്നും നിലനിർത്തുന്നു.
- ഹാരപ്പൻ നാഗരികത ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ അറിയപ്പെടുന്ന ആദ്യത്തെ നാഗരിക സംസ്കാരമാണ്.
- സാംസ്കാരികസമന്വയത്തിന്റെ സുവർണകാലമാണ് ഇന്ത്യയുടെ മധ്യകാലഘട്ടത്തിൽ നാം കാണുന്നത്.
- പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക – മതപരിഷ്കരണപ്രസ്ഥാനങ്ങൾ ആധുനിക ഇന്ത്യയുടെ വളർച്ചയ്ക്ക് വഴിയൊരുക്കി.
- ഇന്ത്യൻ സാംസ്കാരികപൈതൃകത്തിന്റെ മൂർത്തിമദ്ഭാവമാണ് മഹാത്മാഗാന്ധി.

## എനിക്ക് കഴിയും

- സംസ്കാരത്തിന്റെ അർഥം വിശദീകരിക്കാൻ കഴിയും.
- സംസ്കാരവും നാഗരികതയും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ കഴിയും.
- വേദ, മധ്യകാല, ആധുനികകാലങ്ങളിലെ ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- ഇന്ത്യൻ സാംസ്കാരികപൈതൃകത്തിന്റെ ആൾരൂപമാണ് മഹാത്മാഗാന്ധി എന്നു തിരിച്ചറിയുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഇന്ത്യയുടെ സാംസ്കാരികവൈവിധ്യം വിശദീകരിക്കുക.
2. ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.
3. നാഗരികതയും സംസ്കാരവും സംബന്ധിച്ച് ഒരു ചെറുകുറിപ്പ് തയാറാക്കുക.
4. ഇന്ത്യൻ സംസ്കാരികപൈതൃകത്തെപ്പറ്റി വിശദമായ കുറിപ്പ് തയാറാക്കുക
5. ഇന്ത്യൻ സാംസ്കാരികപൈതൃകത്തിന്റെ മൂർത്തിമദ്ഭാവമാണ് മഹാത്മാഗാന്ധി – നിങ്ങൾ ഇതിനോടു യോജിക്കുന്നുവോ? വ്യക്തമാക്കുക.
6. വേദകാലസംസ്കാരത്തെക്കുറിച്ച് ചെറുകുറിപ്പ് തയാറാക്കുക.
7. ഇന്ത്യൻ സംസ്കാരത്തിന്റെ അനന്യമായ ഒരു സവിശേഷതയാണ് മതബഹുലത –ചർച്ചക്കുറിപ്പ് തയാറാക്കുക.
8. സാംസ്കാരികസമന്വയത്തിന്റെ കാലയളവായാണ് ഇന്ത്യയുടെ മധ്യകാലഘട്ടത്തെ കണക്കാക്കുന്നത് –വിശകലനം ചെയ്യുക.
9. ബി.സി. 600 മുതൽ ബി.സി. 200 വരെയുള്ള കാലഘട്ടം രണ്ടു പ്രധാനപ്പെട്ട മതങ്ങളുടെ വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചു. ജനകീയമതങ്ങളായിത്തീർന്ന അവയേതെന്നു കണ്ടെത്തി വിവരണക്കുറിപ്പ് തയാറാക്കുക.



# 2

# എം.കെ. ഗാന്ധിയുടെ രൂപാന്തരം

## ഒന്നാം ഘട്ടം

M8V6B5

### പ്രധാനാശയങ്ങൾ

- ആദ്യകാല ജീവിതവും സ്കൂൾ ദിനങ്ങളും
  - കുടുംബപശ്ചാത്തലം
  - മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ സ്കൂൾദിനങ്ങൾ
  - കെറ്റിൽ സംഭവം
- ലണ്ടനിലെ വിദ്യാർഥിജീവിതം
  - ലണ്ടൻ വെജിറ്റേറിയൻ സൊസൈറ്റി
  - തിയോസഫിക്കൽ സൊസൈറ്റി യുടെ സ്വാധീനം
  - മതങ്ങൾ ചെലുത്തിയ സ്വാധീനം
    - ഹിന്ദുമതം
    - ബുദ്ധമതം
    - ജൈനമതം
    - ക്രിസ്തുമതം
    - ഇസ്ലാം മതം
  - ലണ്ടൻ ജീവിതം മോഹൻദാസ് കരംചന്ദ് ഗാന്ധിയിലുണ്ടാക്കിയ മാറ്റങ്ങൾ
- അഭിഭാഷകൻ എന്ന നിലയിൽ ഇന്ത്യയിൽ
- ഇന്ത്യൻ സ്വാധീനങ്ങൾ
  - ശ്രീമദ് രാജചന്ദ്ര
  - ഗോപാലകൃഷ്ണ ഗോഖലെ

ഈ അധ്യായത്തിൽ മോനിയ (എം.കെ. ഗാന്ധിയുടെ ഓമനപ്പേര്) യിൽനിന്നു മഹാത്മാവിലേക്കുള്ള എം.കെ. ഗാന്ധിയുടെ രൂപാന്തരത്തെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്.

### കുട്ടിക്കാലവും സ്കൂൾദിനങ്ങളും

കഴിഞ്ഞ അധ്യായത്തിൽ ചർച്ചചെയ്ത ഇന്ത്യൻ സംസ്കാരം, പൈതൃകം, നാഗരികത എന്നിവയുടെ സവിശേഷതകൾ ക്രോഡീകരിക്കുക.

- ആത്മീയത
- ഏകാത്മകതയും ഏവരുടേയും നന്മയും
- സംസ്കാരങ്ങളുടെയും മതങ്ങളുടെയും വൈവിധ്യം

ഇന്ത്യൻ സംസ്കാരത്തിന്റെ സവിശേഷതകളും സമ്പന്നമായ പൈതൃകവും മോഹൻദാസ് കരംചന്ദ് ഗാന്ധിയിൽനിന്നു മഹാത്മാഗാന്ധിയിലേക്കുള്ള രൂപാന്തരത്തെ നേരിട്ടു സ്വാധീനിച്ചിട്ടുണ്ട്. ഗാന്ധിയുടെ ദർശനങ്ങളും ജീവിതവും വിശകലനം ചെയ്താൽ അദ്ദേഹത്തിന്റെ വാക്കിലും ചിന്തയിലും പ്രവർത്തനങ്ങളിലും ഈ ഘടകങ്ങൾ കണ്ടെത്താനാകും.

### കുടുംബപശ്ചാത്തലം

കുടുംബപശ്ചാത്തലം, രക്ഷിതാക്കൾ, അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും, സംസ്കാരം, മതം, വിദ്യാഭ്യാ





**നമുക്കു പരിശോധിക്കാം**

*നിങ്ങൾ സംസ്കാരം, പാരമ്പര്യം, രക്ഷിതാക്കൾ, കുടുംബം എന്നിവിടങ്ങളിൽനിന്ന് ആർജിച്ചെടുത്ത ഏതെങ്കിലും രണ്ടു മൂല്യങ്ങളെക്കുറിച്ചെഴുതുക.*

*1.*

*2.*

*ഉത്തരങ്ങൾ മറ്റുള്ളവരുടേതുമായി താരതമ്യപ്പെടുത്തുക.*

സം, ജീവിക്കുന്ന കാലം എന്നിവയൊക്കെ ഏതൊരാളിലും നിർണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഗാന്ധിജിയുടെ കാര്യത്തിൽ ഇത് അനുപമവും അർഥപൂർണവുമാണ്. രക്ഷാകർതൃത്വവും ബാല്യത്തിൽ കുടുംബവൃത്തങ്ങളിൽനിന്നുണ്ടാകുന്ന അനുഭവങ്ങളും ഒരാളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ നിർണായക സ്വാധീനം ചെലുത്തുന്നുണ്ടെന്ന് ആധുനിക ചേഷ്ടാവാദ ശാസ്ത്രജ്ഞരും മനശ്ശാസ്ത്രജ്ഞരും സാക്ഷ്യപ്പെടുത്തുന്നു.

കരംചന്ദ് ഗാന്ധിയുടെയും പുത്‌ലീബായിയുടെയും മകനായി 1869 ഒക്ടോബർ 2 നാണ് കത്തിയവാഡിലെ പോർബന്തറിൽ മോഹൻദാസ് കരംചന്ദ് ഗാന്ധി ജനിച്ചത്. വൈശ്യ വർണത്തിലെ ബനിയ സമുദായാംഗമാണ് ഗാന്ധി. സത്യസന്ധതയിലും ലാളിത്യത്തിലും വിശ്വസ്തതയിലും പേരുകേട്ടവരായിരുന്നു അദ്ദേഹത്തിന്റെ പൂർവികർ. ഗാന്ധിജിയുടെ മുത്തച്ഛനായ ഉത്തംചന്ദ് ഗാന്ധി പോർബന്തറിലെ ദിവാനായിരുന്നു. രാജ്ഞിയായിരുന്ന രൂപാലിബായുമായുള്ള അഭിപ്രായഭിന്നതയെത്തുടർന്ന് പദവി ഒഴിഞ്ഞ് അദ്ദേഹം കുത്തിയാനയിലെ പൂർവികരുടെ ഗ്രാമത്തിലേക്കു മടങ്ങുകയും പ്രാർഥനയിൽ മുഴുകി ജീവിക്കുകയും ചെയ്തു. ഈ സമയത്ത് ജുനഗഡിലെ നവാബ് ഉത്തംചന്ദ് ഗാന്ധിയെ രാജസദസ്സിലേക്കു ക്ഷണിക്കുകയുണ്ടായി. നവാബുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹം ഇടതുകൈ ഉപയോഗിച്ചാണ് ഉപചാരം പ്രകടിപ്പിച്ചത്. ഇതേപ്പറ്റി ചോദിച്ചപ്പോൾ തന്റെ വലതുകൈ പോർബന്തറിനായി സമർപ്പിച്ചുപോയെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അതായിരുന്നു പിറന്നമണ്ണിനോടുള്ള ഉത്തംചന്ദിന്റെ ആത്മാർഥത.



**നമുക്ക് അറിയാം**

**പോർബന്തർ – ചരിത്രം, ഭൂമിശാസ്ത്രം**

ഗുജറാത്തിലെ സൗരാഷ്ട്രമേഖലയിലെ പുരാതന തുറമുഖപട്ടണമാണ് പോർബന്തർ. പൊറായി, ബന്തർ എന്നീ വാക്കുകളിൽനിന്നാണ് പോർബന്തർ എന്ന പേര് രൂപപ്പെട്ടത്. പൊറായ് എന്നതു ദേശദേവതയുടെ പേരും ബന്തർ എന്നാൽ തുറമുഖം എന്നുമാണർഥം. ശ്രീകൃഷ്ണന്റെ സതീർഥ്യനായിരുന്ന സുദാമാവിന്റെ ജന്മസ്ഥലമെന്നു വിശ്വസിക്കുന്നതിനാൽ സുദാമാപുരി എന്നും അറിയപ്പെടുന്നു.



കരംചന്ദ് ഗാന്ധിയും പുത്‌ലീബായിയും
(എം.കെ.ഗാന്ധിയുടെ മാതാപിതാക്കൾ)

ഗാന്ധിജിയുടെ പിതാവ് കരംചന്ദ് ഗാന്ധി പിന്നീട് പോർബന്തറിന്റെ ദിവാനായി. 28 വർഷത്തോളം അദ്ദേഹം ഈ പദവിയിൽ സേവനമനുഷ്ഠിച്ചു. എം.കെ. ഗാന്ധി പിതാവിനെപ്പറ്റി ആത്മകഥയിൽ ഓർത്തെടുക്കുന്നത് ഇപ്രകാരമാണ്:

"എന്റെ പിതാവ് തന്റെ വംശത്തോടു പ്രിയമുള്ളവനും സത്യസന്ധനും ധീരനും മഹാമനസ്കതയുള്ള ആളുമായിരുന്നു. എന്നിരിക്കിലും അദ്ദേഹം ക്ഷിപ്രകോപിയായിരുന്നു. സമ്പത്ത് കുന്നുകൂട്ടണമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ കുറച്ച് വസ്തുവകകൾ മാത്രമാണ് അദ്ദേഹം ഞങ്ങൾക്കായി അവശേഷിപ്പിച്ചത്. വലിയ വിദ്യാഭ്യാസമില്ലാതിരുന്ന അദ്ദേഹം അനുഭവപരിചയംകൊണ്ട് അതിനെ മറികടന്നു. നൂറുകണക്കിന് ആളുകളെ നിയന്ത്രിക്കുന്നതിനും ഗഹനമായ പ്രശ്നങ്ങൾക്കുപോലും പരിഹാരം കണ്ടെത്തുന്നതിനും പ്രായോഗികാനുഭവങ്ങൾ അദ്ദേഹത്തിനു സഹായകമായി." മോഹൻദാസിനു സത്യസന്ധത, പ്രായോഗികജ്ഞാനം എന്നീ മൂല്യങ്ങൾ പാരമ്പര്യമായി കുടുംബത്തിൽനിന്നു ലഭിച്ചതാണെന്നു തെളിയിക്കുന്നതാണ് ഈ വാക്കുകൾ. ദിവാനായിരുന്നതുകൊണ്ടു കരംചന്ദിനെ കാണാൻ വിവിധ മതപുരോഹിതർ വീട്ടിൽ എത്തിയിരുന്നു. മതങ്ങളെക്കുറിച്ച് ഗൗരവമായ ചർച്ചകളും ഇവർക്കിടയിൽ പതിവായിരുന്നു. അതീവതാൽപ്പര്യത്തോടെ മോഹൻദാസ് ഇത്തരം ചർച്ചകളിൽ കേൾവിക്കാരനായി. ആ കുഞ്ഞുമനസ്സിൽ വിവിധ മതങ്ങളെ അറിയാനും മനസ്സിലാക്കുന്നതിനുമുള്ള വിത്തുകൾ വിതയ്ക്കാൻ വീട്ടിലെ ഈ സവിശേഷമായ സാഹചര്യങ്ങൾ വഴിയൊരുക്കി. ഈ അനുഭവങ്ങളാണ് പിന്നീട് എല്ലാ മതങ്ങളും ഒരുപോലെ ബഹുമാനിക്കപ്പെടേണ്ടതാണെന്ന ഗാന്ധിജിയുടെ കാഴ്ചപ്പാടിന്റെ അടിത്തറയായി മാറിയത്.



**നമുക്കു പരിശോധിക്കാം**

*വിവിധ മതഗ്രന്ഥങ്ങളിലെ വരികൾ ക്ലാസിൽ വായിക്കുകയും അവയെപ്പറ്റി കുറിപ്പ് തയാറാക്കുകയും ചെയ്യുക.*

ഗാന്ധിയുടെ മാതാവ് പുത്‌ലീബായി ആഴത്തിലുള്ള മതാനുസാര ജീവിതത്തിനുടമയായിരുന്നു. ക്ഷേത്രദർശനം പതിവാക്കിയിരുന്ന അവർ ഈ വേളകളിൽ കുട്ടികളെയും ഒപ്പം കൂട്ടുക പതിവായിരുന്നു. ലളിതജീവിതം ശീലമാക്കിയ പുത്‌ലീബായി കഠിനവ്രതങ്ങൾ പോലും അണുവിടതെറ്റാതെ അനുഷ്ഠിക്കുമായിരുന്നു. എം.കെ. ഗാന്ധി അമ്മയെക്കുറിച്ച് എഴുതിയത് ഇങ്ങനെയാണ്: " എന്റെ ഓർമയിൽ വിശിഷ്ടമായ അടയാളപ്പെടുത്തലായി അമ്മ അവശേഷിപ്പിച്ചിട്ടുള്ളത് അവരുടെ വിശുദ്ധിയാണ്. ആഴത്തിലുള്ള മതപരമായ ജീവിതം നയിച്ചിരുന്ന അവർ നിത്യപ്രാർഥനകൾക്കു ശേഷമല്ലാതെ ഭക്ഷണംപോലും കഴിക്കുമായിരുന്നില്ല."

ഈശ്വരനിലുള്ള വിശ്വാസം, വ്രതങ്ങളോടുള്ള ആദരവ് തുടങ്ങിയ ഗാന്ധിയുടെ മതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽ ഈ അനുഭവങ്ങൾ എന്നന്നേക്കും നിലനിൽക്കുന്ന സ്വാധീനം ചെലുത്തിയിട്ടുണ്ട്. സ്ത്രീകളെ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മൂർത്തിമദ്ഭാവങ്ങളായി കാണുന്ന കാഴ്ചപ്പാട് അമ്മയിൽനിന്നാണു ഗാന്ധി രൂപപ്പെടുത്തിയെടുത്തത്.

**നമുക്കു ചെയ്യാം**

*ഗാന്ധിജിക്കെന്നപോലെ നിങ്ങളുടെ വ്യക്തിത്വത്തിലും മാതാപിതാക്കളുടെയും മറ്റു പ്രിയപ്പെട്ടവരുടെയും സ്വാധീനം ഉണ്ടായിട്ടുണ്ടാവും. അവയെപ്പറ്റി അവലോകനക്കുറിപ്പ് തയാറാക്കുക.*

**പ്രവർത്തനം**

*ബാല്യത്തിൽ നിങ്ങൾക്കുണ്ടായ ഭയഭീതികളെക്കുറിച്ചും അവ മറികടന്നതിനെക്കുറിച്ചും സഹപാഠികളുമായി ചർച്ചചെയ്യുക. അനുഭവങ്ങൾ ക്ലാസിൽ പങ്കുവയ്ക്കുക.*

ചെറുപ്പത്തിൽ ഭയത്തെ മറികടക്കുന്നതിനുള്ള വഴി ഗാന്ധി കണ്ടെത്തിയതെങ്ങനെയെന്നാണ് ഇനി പറയുന്നത്. ഗാന്ധിജിയുടെ വീട്ടിലെ പ്രായംചെന്ന പരിചാരികയായ രംഭയാണ് അദ്ദേഹത്തിൽ ഈശ്വരവിശ്വാസത്തിന്റെ വിത്തുകൾ പാകിയത്. ചെറുപ്പത്തിൽ മോഹൻദാസിനു ഭൂതപ്രേതങ്ങളെ ഭയമായിരുന്നു. അതിൽനിന്നു രക്ഷനേടുന്നതിനു രംഭയുടെ നിർദേശപ്രകാരം ഗാന്ധി രാമനാമം ഉരുവിടാൻ തുടങ്ങി. പിന്നീട് ഗാന്ധിജി ഇതിനെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്: "ജീവിതത്തിലുടനീളം രാമനാമം എനിക്ക് ഭദ്രമായ നിവൃത്തിമാർഗമേകി." രാജാ ഹരിശ്ചന്ദ്രനെക്കുറിച്ചുള്ള നാടകം ബാല്യകാലത്ത് മോഹൻദാസിനെ ഏറെ സ്വാധീനിച്ചു. സത്യത്തിനുവേണ്ടി എല്ലാം ത്യജിച്ച ഹരിശ്ചന്ദ്രന്റെ ജീവിതം അദ്ദേഹത്തെ ഏറെ ആകർഷിച്ചു. "എന്തുകൊണ്ട് എല്ലാവർക്കും ഹരിശ്ചന്ദ്രനെപ്പോലെ സത്യസന്ധരായിക്കൂടാ" എന്ന ചോദ്യം ഇതേത്തുടർന്നു ഗാന്ധി സ്വയം ചോദിക്കുമായിരുന്നു. അദ്ദേഹത്തിനു സത്യത്തോട് എല്ലാകാലത്തും തീവ്രമായ ഒരു ആകർഷണവുമുണ്ടായിരുന്നു. ഹരിശ്ചന്ദ്രന്റെ കഥ ഗാന്ധിയിൽ സത്യത്തിനൊപ്പം നിലകൊള്ളാനും അതിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കാനും കാരണമായി.



നമുക്ക് അറിയാം

### ഹരിശ്ചന്ദ്രന്റെ കഥ

അയോധ്യയിലെ രാജാവായിരുന്നു സൂര്യവംശത്തിൽ ജനിച്ച ഹരിശ്ചന്ദ്രൻ. സത്യസന്ധതയ്ക്ക് പേരുകേട്ടയാളായിരുന്നു അദ്ദേഹം. എന്തു വിലകൊടുത്തും സത്യം മുറുകെ പിടിക്കുന്നയാൾ. അതിനായി എന്തും നൽകാൻ അദ്ദേഹം തയാറുമായിരുന്നു. ദേവന്മാർ ഹരിശ്ചന്ദ്രനെ പരീക്ഷിക്കുന്നതിനായി ഒരു ബ്രാഹ്മണനെ അദ്ദേഹത്തിന്റെ അടുത്തേക്കയച്ചു. ബ്രാഹ്മണന്റെ ആവശ്യപ്രകാരം രാജാവ് തന്റെ രാജ്യമുൾപ്പെടെയുള്ള മുഴുവൻ സമ്പത്തും അദ്ദേഹത്തിനു ദാനമായി നൽകുന്നു. ഇതേത്തുടർന്ന് എല്ലാം നഷ്ടപ്പെട്ട ഹരിശ്ചന്ദ്രൻ കൊട്ടാരം വിട്ടിറങ്ങുന്നു. ഒടുവിൽ ഒരു ശ്മശാനം നടത്തിപ്പുകാരന്റെ അടിമയായി മാറുന്നു. ശ്മശാനം സൂക്ഷിപ്പുകാരന്റെ ജോലിചെയ്യവേ മരണപ്പെട്ട സ്വന്തം മകന്റെ മൃതദേഹവുമായി അദ്ദേഹത്തിന്റെ പത്നി അവിടെയെത്തുന്നു. എന്നാൽ ആവശ്യമായ പണം നൽകാനാവാത്തതിനാൽ മകന്റെ മൃതദേഹം പോലും സംസ്കരിക്കാൻ ഹരിശ്ചന്ദ്രൻ തയാറാകുന്നില്ല. അദ്ദേഹത്തിന്റെ സത്യസന്ധതയിൽ സംപ്രീതരായ ദേവന്മാർ ഹരിശ്ചന്ദ്രനു മുന്നിൽ പ്രത്യക്ഷരാവുകയും എല്ലാം തിരികെ നൽകുകയും ചെയ്യുന്നു. സത്യം എന്ന ധർമത്തിന് മറ്റുള്ള സർവധർമങ്ങളേക്കാൾ ഉത്കർഷാധിക്യമുണ്ടെന്ന പാഠമാണ് ഹരിശ്ചന്ദ്രന്റെ കഥ നമ്മെ പഠിപ്പിക്കുന്നത്.

ഇക്കാലത്തുത്തന്നെ *'ശ്രവണ പിതൃഭക്തി നാടക'* എന്ന ചിത്രകഥ ഗാന്ധി വായിക്കാനിടയായി. ശ്രവണകുമാരന്റെ മാതാപിതാക്കളോടുള്ള ഗാഢസ്നേഹത്തെക്കുറിച്ചുള്ള നാടകത്തിന്റെ ചിത്രകഥാരൂപം ഗാന്ധി അതീവതാൽപ്പര്യത്തോടെയാണ് വായിച്ചു തീർത്തത്. തന്റെ അന്ധരായ മാതാപിതാക്കളെ തോളിലേറ്റിക്കൊണ്ടുപോകുന്ന ശ്രവണന്റെ ചിത്രം ഗാന്ധിയെ ആഴത്തിൽ സ്വാധീനിച്ചു. ശ്രവണനെപ്പോലെ മാതാപിതാക്കളോട് ആത്മാർഥതയുള്ളവനായിത്തീരാൻ ഗാന്ധി തീരുമാനിച്ചു. അതോടൊപ്പം ആത്മസമർപ്പണത്തോടെയും സ്നേഹത്തോടെയും മാതാപിതാക്കളെ ശുശ്രൂഷിക്കുമെന്നും തീരുമാനമെടുത്തു. മാതാപിതാക്കളോടുള്ള വിധേയത്വം അദ്ദേഹത്തിന്റെ ലക്ഷ്യങ്ങളിലൊന്നായിത്തീർന്നു. മോഹൻദാസിനു കൂടുതൽ മെച്ചപ്പെട്ടതും പരിശുദ്ധവുമായ ഒരു ജീവിതം നയിക്കുന്നതിനു രാജാ ഹരിശ്ചന്ദ്രനും ശ്രവണനും മാതൃകകളായിത്തീർന്നു. അവർ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ എക്കാലവും നിലനിൽക്കുന്ന പ്രഭാവങ്ങൾ അവശേഷിപ്പിച്ചു.



നമുക്ക് അറിയാം

### ശ്രവണന്റെ കഥ

അയോധ്യാ രാജാവായിരുന്ന ദശരഥനുമായി ബന്ധപ്പെട്ട് രാമായണത്തിൽ പറയുന്ന കഥകളിലൊന്നാണ് ശ്രവണന്റേത്. അന്ധരായ വൃദ്ധമാതാക്കളെ ശുശ്രൂഷിച്ച് അവരുടെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റുക എന്നത് ആ യുവാവ് തന്റെ ജീവിതലക്ഷ്യമായാണ് കരുതിയത്. അങ്ങനെയിരിക്കെ ഒരു തീർഥയാത്ര നടത്തണമെന്ന ആഗ്രഹം മാതാപിതാക്കൾ ശ്രവണനെ അറിയിച്ചു. തീർഥാടനത്തിനു പോകാൻ ആവശ്യമായ പണം ശ്രവണന്റെ കൈവശമുണ്ടായിരുന്നില്ല. അതിനാൽ ഒരു മുളന്തണ്ടിന്റെ ഇരുവശത്തുമായി

കുട്ടകൾ കെട്ടി മാതാപിതാക്കളെ അതിലിരുത്തി ചുമലിൽ മുളയുമേറ്റി ശ്രവണൻ അവരുമായി തീർഥാടനത്തിനു പുറപ്പെട്ടു. ശ്രവണന്റെ സമർപ്പണത്തിന്റെ ഈ കഥ മാതാപിതാക്കളോട് കാട്ടേണ്ട ആദരവിന്റെയും ബഹുമാനത്തിന്റെയും ഉദാഹരണമായി നമ്മുടെ പുരാണത്തിൽ എടുത്തു പറയുന്ന ഒന്നാണ്.

## സ്കൂൾദിനങ്ങൾ

ഒരു വ്യക്തിയുടെ സാമൂഹീകരണപ്രക്രിയയിൽ വിദ്യാലയങ്ങൾക്കു നിർണായകമായ പങ്കാണുള്ളത്. കൗമാരക്കാരനായ ഗാന്ധിയുടെ സ്വഭാവത്തെ രൂപപ്പെടുത്തിയതിൽ വിദ്യാലയങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. അധ്യാപകരും സുഹൃത്തുക്കളും അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഗാന്ധിയുടെ പിൽക്കാലജീവിതത്തിലെ ധർമാചരണങ്ങളുടെ വേരുകൾ സ്കൂൾജീവിതത്തിൽ നമുക്കു കണ്ടെത്താനാവും.

### പ്രവർത്തനം

*മാതാപിതാക്കളെ സഹായിക്കുന്ന കുട്ടികളെപ്പറ്റിയുള്ള നിരവധി ജീവിതകഥകൾ നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇതുവഴി വ്യക്തിത്വത്തിൽ എന്തെല്ലാം ഗുണങ്ങളാണ് അവർ വളർത്തിയെടുക്കുന്നത്? ചർച്ചചെയ്യുക.*

രാജ്കോട്ടിലെ പ്രാഥമികവിദ്യാലയത്തിൽ 1876-ലാണ് മോഹൻദാസ് കരംചന്ദ് ഗാന്ധിയുടെ സ്കൂൾ ജീവിതത്തിനു തുടക്കം കുറിക്കുന്നത്. പിന്നീട് പതിനൊന്നാം വയസിൽ രാജ്കോട്ടിലെ തന്നെ കത്തിയവാഡ് ഹൈസ്കൂളിൽ 1880-ൽ അദ്ദേഹം ചേർന്നു. സ്കൂളിൽ ശരാശരി വിദ്യാർഥിയായിരുന്ന അദ്ദേഹത്തിനു സഹപാഠികളുമായിപ്പോലും സൗഹൃദമുണ്ടായിരുന്നില്ല. അധികമായി ഒരു നിമിഷംപോലും സ്കൂളിൽ മോഹൻദാസ് ചെലവഴിച്ചിരുന്നില്ല. ഒരിക്കൽപ്പോലും അദ്ദേഹം അസത്യം പറഞ്ഞില്ല. സഹപാഠികളോടോ അധ്യാപകരോടോ ഒരിക്കൽപ്പോലും കള്ളം പറഞ്ഞതായി താൻ ഓർമിക്കുന്നുപോലുമില്ലെന്നു ഗാന്ധി പിന്നീടു വ്യക്തമാക്കിയിട്ടുണ്ട്.



### ആൽഫ്രഡ് ഹൈസ്കൂൾ

നമുക്ക് അറിയാം

ബ്രിട്ടീഷ് ഭരണകാലത്ത് സൗരാഷ്ട്രമേഖലയിൽ ആരംഭിച്ച ആദ്യത്തെ ഇംഗ്ലീഷ് വിദ്യാലയം. 1853 ഒക്ടോബർ 17-നാണ് സ്കൂൾ സ്ഥാപിതമായത്. രാജ്കോട്ട് ഇംഗ്ലീഷ് സ്കൂൾ എന്നു തുടക്കത്തിൽ വിളിക്കപ്പെട്ടിരുന്ന സ്കൂൾ രാജ്കോട്ട് ഹൈസ്കൂൾ എന്ന പേരിൽ 1886 മുതൽ അറിയപ്പെടാൻ തുടങ്ങി. ജുനഗഡ് നവാബ് 1907 -ൽ ആൽഫ്രഡ് രാജകുമാരന്റെ സ്മരണാർഥം സ്കൂളിന്റെ പേര് ആൽഫ്രഡ് സ്കൂൾ എന്നാക്കി. മഹാത്മാഗാന്ധി വിദ്യാഭ്യാസം നേടിയ ഈ സ്കൂൾ സ്വാതന്ത്ര്യത്തിനു ശേഷം മോഹൻദാസ് ഹൈസ്കൂൾ എന്നു പുനർനാമകരണം ചെയ്യപ്പെട്ടു.



**ഒന്നരനൂറ്റാണ്ടു മുമ്പ് നമ്മുടെ രാജ്യത്തെ സ്കൂളുകൾ എങ്ങനെയായിരുന്നു വെന്നു നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?**

നമുക്ക് അറിയാം

ബോംബെ പ്രസിഡൻസിയിൽ ആരംഭിച്ച ഒൻപതാമത്തേതും കത്തിയവാഡ് ഉൾപ്പെടുന്ന ഇന്നത്തെ സൗരാഷ്ട്രമേഖലയിലെ ആദ്യത്തെ സ്കൂളുമായിരുന്നു രാജ്കോട്ട് ഹൈസ്കൂൾ. ഗാന്ധി ഏഴുവർഷമാണ് ഇവിടെ പഠിച്ചത്. അക്കാലത്തെ മറ്റു സ്കൂളുകളിൽനിന്നു വിഭിന്നമായി മികച്ച കെട്ടിടങ്ങളും കുട്ടികൾക്കായി ഡസ്കും ബെഞ്ചുമുള്ള ക്ലാസ്മുറികളും ഇവിടെ ഉണ്ടായിരുന്നു. അധ്യാപകർക്കായി ഉയർന്ന തറയും ഇരിപ്പിടവും ക്ലാസ്മുറികളിൽ ക്രമീകരിച്ചിരുന്നു. ക്ലാസുകളിൽ പെൺകുട്ടികൾ ഇല്ലായിരുന്നു.

പതിനൊന്നു വയസ്സും രണ്ടുമാസവും രണ്ടുദിവസവും പ്രായമുള്ളപ്പോഴാണ് മോഹൻദാസ് ഇവിടെ ഒന്നാം ക്ലാസ് ബി ഡിവിഷനിൽ ചേരുന്നത്. എട്ട് അണ (50 പൈസ) ആയിരുന്നു പ്രതിമാസ ഫീസ്. പ്രവൃത്തിദിവസങ്ങളിൽ രാവിലെ 11 മുതൽ വൈകിട്ട് അഞ്ചു വരെയാണ് സ്കൂൾ സമയം. രണ്ടുമുതൽ മൂന്നുമണിവരെ ഉച്ചഭക്ഷണത്തിനായുള്ള ഇടവേള. ശനിയാഴ്ചകളിൽ അരമണിക്കൂർ നേരത്തേ വിടുകയും ചെയ്യും. ഒന്നാം ക്ലാസിൽ ഗണിതം, ഗുജറാത്തിഭാഷ, ചരിത്രം, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളാണ് മോഹൻദാസ് പഠിച്ചത്. ആദ്യപരീക്ഷയിൽ ഭൂമിശാസ്ത്രത്തിനു പൂജ്യം മാർക്കാണ് ഗാന്ധിക്ക് ലഭിച്ചത്. ഇംഗ്ലീഷ് കേട്ടെഴുത്തിലും മാർക്കൊന്നും നേടാനായില്ല. ഈ പരീക്ഷയിൽ ക്ലാസിലെ 34 കുട്ടികളിൽ 32-ാം സ്ഥാനം മാത്രമാണ് ഗാന്ധിക്ക് നേടാനായത്. എന്നാൽ വാർഷികപ്പരീക്ഷയിൽ ഒന്നാം ക്ലാസിലെ രണ്ട് ഡിവിഷനിലെ കുട്ടികളിൽ ആറാം സ്ഥാനം മോഹൻദാസ് കരസ്ഥമാക്കി.

*Adopted from 'Mahatma Gandhi as a Student'*
*edited and compiled by J.M. Upadhyaya.*

കായികവിനോദങ്ങളിലോ സ്കൂളിലെ പാഠ്യേതര പ്രവർത്തനങ്ങളിലോ ഗാന്ധിക്ക് താൽപ്പര്യമുണ്ടായിരുന്നില്ല. എന്നാൽ ഒരാളുടെ വ്യക്തിത്വവികാസത്തിൽ കായിക അധ്യാപനത്തിനുള്ള പങ്ക് പിൽക്കാലത്ത് ഗാന്ധിജി അംഗീകരിച്ചു. വിദ്യാർഥിയായിരിക്കെ കൈയക്ഷരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഗാന്ധി ബോധവാനായിരുന്നില്ല. എന്നാൽ പിന്നീട് മികച്ച കൈയക്ഷരത്തെ കുറ്റമറ്റ വിദ്യാഭ്യാസത്തിന്റെ അടയാളമെന്നാണു ഗാന്ധി വിശേഷിപ്പിച്ചത്.

**നമുക്കു ചെയ്യാം**



*താഴെ തന്നിട്ടുള്ളവയിൽ നിങ്ങൾ പങ്കെടുത്തിട്ടുള്ള കായികവിനോദങ്ങൾക്കു നേരേ ശരിയടയാളം രേഖപ്പെടുത്തുക. പങ്കെടുക്കാത്തവയ്ക്കു നേരേ ഗുണനചിഹ്നമിടുക.*

1. *ഓട്ടമൽസരം*
2. *ത്രോബോൾ*
3. *ചാട്ടം*
4. *മറ്റു കളികൾ*

*നിങ്ങളുടെ കൂട്ടുകാരോട് പങ്കെടുത്തവയും അല്ലാത്തവയുമായ കളികൾ എതൊക്കെയെന്നു ചോദിക്കുക. അവർക്ക് കളികളിൽനിന്നുണ്ടായ നേട്ടങ്ങളും നഷ്ടങ്ങളും എന്തെന്ന് അറിയാൻ ശ്രമിക്കുക. നിങ്ങളുടെ കണ്ടെത്തലുകൾ ക്ലാസിൽ ചർച്ചചെയ്യുക.*

### കെറ്റിൽ സംഭവം

വിദ്യാഭ്യാസകാലത്ത് മറ്റൊരു കുട്ടിയുടെ ഉത്തരം നോക്കിയെഴുതാൻ അധ്യാപകൻ ആവശ്യപ്പെട്ടിട്ടുപോലും ഗാന്ധി തയാറായില്ല. തന്റെ ജീവിതത്തിൽ ഉടനീളം പുലർത്തിയ സ്വഭാവശുദ്ധി ചെറുപ്പത്തിലേതന്നെ ഗാന്ധി സ്വായത്തമാക്കിയിരുന്നു എന്നു തെളിയിക്കുന്ന സംഭവമാണിത്. സ്കൂളുകളുടെ ഇൻസ്പക്ടറായിരുന്ന മി. ഗിൽസ് സ്കൂൾ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ഒരു കേട്ടെഴുത്തുപരീക്ഷ നടത്തി. അഞ്ചു വാക്കുകളാണ് ഇതിനായി എഴുതാൻ ആവശ്യപ്പെട്ടത്. മോഹൻദാസ് നാലു വാക്കുകൾ തെറ്റില്ലാതെ എഴുതിയെങ്കിലും അഞ്ചാമത്തെ വാക്കായ 'കെറ്റിൽ' തെറ്റായാണ് എഴുതിയത്. ഇതു ശ്രദ്ധയിൽപ്പെട്ട അധ്യാപകൻ സഹപാഠിയുടേതു നോക്കിയെഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. എന്നാൽ ഗാന്ധിക്ക് അതു ചെയ്യാൻ കഴിഞ്ഞില്ല. മറ്റു കുട്ടികളെല്ലാം അഞ്ചു വാക്കുകളും ശരിയായി എഴുതുകയും ചെയ്തു. ഇൻസ്പെക്ടർ പോയശേഷം അധ്യാപകൻ ഗാന്ധിയെ ഇക്കാര്യം ചൂണ്ടിക്കാട്ടി ശകാരിച്ചു. എന്നാൽ അധ്യാപകന്റെ ശകാരത്തിനുപോലും മോഹൻദാസിന്റെ നിലപാടിൽ മാറ്റമുണ്ടാക്കാനായില്ല. തനിക്ക് ഒരിക്കലും കോപ്പിയടി എന്ന കല അഭ്യസിക്കാൻ കഴിയില്ലെന്ന് ഗാന്ധി ഇതേപ്പറ്റി ആത്മകഥയിൽ പറയുന്നു. എങ്കിലും ആ അധ്യാപകനോടുള്ള ബഹുമാനത്തിൽ ഗാന്ധി ഒരിക്കലും കുറവു വരുത്തിയില്ല.

വിദ്യാർഥിയായിരിക്കെ ഒരിക്കൽ സഹോദരന്റെ കടം വീട്ടുന്നതിനായി മോഹൻദാസിന് ഒരു മോഷണം നടത്തേണ്ടിവന്നു. ജ്യേഷ്ഠന്റെ കൈവളയിൽനിന്ന് ചെറിയൊരു കഷണം സ്വർണം മോഹൻദാസ് മോഷ്ടിച്ചു. ഈ സംഭവം അച്ഛന് തന്നിലുള്ള വിശ്വാസത്തെ ഹനിക്കുമെന്ന് തിരിച്ചറിഞ്ഞ ഗാന്ധിക്ക് വേദന തോന്നി. തന്റെ മനസ്സാക്ഷിയെ ബോധ്യപ്പെടുത്തുന്നതിനായി അച്ഛനുമുന്നിൽ കുറ്റസമ്മതം നടത്താൻ അദ്ദേഹം തീരുമാനിച്ചു. താൻ ചെയ്ത തെറ്റ് അംഗീകരിച്ചുകൊണ്ട് ഒരു കത്ത് തയാറാക്കി അച്ഛനു നൽകി. ഇനി തെറ്റ് ആവർത്തിക്കുകയില്ലെന്ന് ഉറപ്പുപറയുകയും തന്നെ ശിക്ഷിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. കത്തു വായിച്ച് പിതാവിന്റെ കവിളിലൂടെ കണ്ണുനീർ ഒഴുകിയിറങ്ങി. ഇതു കണ്ട മോഹൻദാസും കരഞ്ഞുപോയി. അച്ഛന്റെ ദയാവായ്പ് നിറഞ്ഞ കണ്ണുനീർ തന്നെ ശുദ്ധീകരിച്ചതായി ഗാന്ധിക്ക് അനുഭവപ്പെട്ടു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വിശുദ്ധമായ കുറ്റസമ്മതമായിരുന്നു. എം.കെ. ഗാന്ധി ഇതേപ്പറ്റിപ്പറയുന്നത് ഇപ്രകാരമാണ്: " ഒരു യഥാർഥ കുറ്റസമ്മതം, അതോടൊപ്പം തെറ്റ് ആവർത്തിക്കില്ലെന്ന ഏറ്റുപറച്ചിൽ, അതർഹിക്കുന്ന ആളിനു മുന്നിലുള്ള സമർപ്പണം, അതാണു കളങ്കമില്ലാത്ത പശ്ചാത്താപത്തിന്റെ മാതൃക."

ഈ സംഭവത്തെ അഹിംസയിലുള്ള തന്റെ സാധനാപാഠമായാണ് എം.കെ. ഗാന്ധി പിന്നീട് വിശേഷിപ്പിച്ചത്. ആത്മകഥയിൽ ഗാന്ധി അതേപ്പറ്റി എഴുതിയത് ഇങ്ങനെയാണ്: "ഇത് അഹിംസയിൽ എനിക്കൊരു സാധനാപാഠമായിരുന്നു. അന്ന് എനിക്കതിൽ അച്ഛനു മകനോടുള്ള സ്നേഹത്തിൽ കവിഞ്ഞ് ഒന്നും വായിച്ചെടുക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇന്ന് അതു ശുദ്ധമായ അഹിംസയായിരുന്നുവെന്ന് എനിക്കറിയാം. അത്തരം അഹിംസ സർവാശ്ലേഷമായി മാറുമ്പോൾ, അതു സ്പർശിക്കുന്ന എല്ലാറ്റിനെയും രൂപാന്തരപ്പെടുത്തുന്നു. അതിന്റെ ശക്തിക്ക് അതിരില്ല."

വിദ്യാഭ്യാസകാലത്ത് ഗാന്ധി ദേശഭക്തിഗാനങ്ങളിലും കവിതകളിലും ആകൃഷ്ടനായി മാറി. അതേപ്പറ്റിയാണ് ഇനി പറയുന്നത്. വിദ്യാർഥിയായിരിക്കുമ്പോൾതന്നെ തികഞ്ഞ ഒരു ദേശസ്നേഹിയായി ഗാന്ധി മാറി. ഗുജറാത്തി കവിയായിരുന്ന നർമദിന്റെ പ്രസി

**പ്രവർത്തനം**

*ഒരു ദേശഭക്തിഗാനം തിരഞ്ഞെടുത്ത് അതിന്റെ ആശയം ക്ലാസിൽ ചർച്ചചെയ്യുകയും നിങ്ങളിൽ അതുളവാക്കിയ സ്വാധീനത്തെക്കുറിച്ച് വിശദമാക്കുകയും ചെയ്യുക. ക്ലാസിൽ സംഘമായി ഈ ഗാനം ആലപിക്കുക.*

ഢമായ ഒരു കവിതയാണ് ഇതിനു കാരണമായിത്തീർന്നത്. ഇക്കാലത്തുതന്നെ ഗാന്ധി തന്റെ സുഹൃത്തായ ശെയ്ഖ് മെഹ്താബിന്റെ പ്രേരണയിൽ മാംസാഹാരം കഴിക്കാൻ ആരംഭിച്ചു. ശക്തി ലഭിക്കണമെങ്കിൽ മാംസാഹാരം കഴിക്കണമെന്ന കവിയുടെ വാക്കുകളും ഇതിനു പ്രേരണയായി. ഇന്ത്യയിലെ ബ്രിട്ടിഷ് ഭരണം അവസാനിപ്പിക്കണമെങ്കിൽ മാംസാഹാരം കഴിച്ച് ശക്തി നേടേണ്ടതുണ്ടെന്നും ഗാന്ധി വിശ്വസിച്ചു. അദ്ദേഹത്തിന്റെ തീവ്രദേശസ്നേഹത്തെയാണ് ഇതു കാണിക്കുന്നത്. ഏകദേശം ഒരു വർഷക്കാലം ഇത്തരത്തിൽ അദ്ദേഹം മാംസാഹാരിയായി തുടർന്നു. എന്നാൽ ഇക്കാര്യം കുടുംബത്തിൽനിന്നു ഗാന്ധി മറച്ചുവച്ചു. പിന്നീട് മാതാപിതാക്കളെ വഞ്ചിക്കുക എന്നതു വലിയ ഒരു പാപമായി അദ്ദേഹം തിരിച്ചറിഞ്ഞു. ഇതേത്തുടർന്ന് മാംസാഹാരം ഉപേക്ഷിച്ചു. ഇതിനുപുറമേ ശാമൾ ഭട്ടിന്റെ തിന്മയ്ക്കുള്ള മറുപടി നന്മയാണെന്ന ആശയത്തിന് ഊന്നൽ നൽകുന്ന കവിതയും അദ്ദേഹത്തിൽ വലിയ സ്വാധീനം ചെലുത്തി.




**നർമദിന്റെ കവിത**

*കരുത്തൻ സായുവേ നോക്കൂ,*
*ഭരിക്കുന്നവനിന്ത്യയെ*
*ഇന്ത്യനോ, ശുഷ്കനാം കുള്ളൻ*
*സായുവത്രേ ഭരിപ്പവൻ*
*കരുത്തൻ സായുവിൻ പൊക്കം*
*മുഴമഞ്ചെന്നു നിർണയം*
*കരുത്തിനെന്തു കാരണം?*
*ഇറച്ചിതിന്നുവോനവൻ*

*(എന്റെ സത്യാന്വേഷണ പരീക്ഷണകഥ)*




**ശാമൾ ഭട്ടിന്റെ കവിത**

*ഒരു മൊന്ത വെള്ളം തരുന്നവർക്കായ്*
*ഒരു നല്ല ഭോജനം നൽകിടേണം*
*ഒരുവൻ നിന്മുന്നിൽ തലകുനിച്ചാൽ*
*അവനുടെ കാൽക്കൽ നീ വീണിടേണം*
*വെറുമൊരു കാശു നിനക്കു തന്നാൽ*
*പകരം നീ നൽകണം സ്വർണനാണ്യം*
*ഒരുവൻ നിൻ ജീവനു രക്ഷചെയ്താൽ*
*അവനായി നിൻ ജീവൻ നൽകിടേണം*
*അറിവുള്ളോരെന്നാലോ തന്മനസ്സിൽ*
*വചനത്തിൽ കർമത്തിലാകമാനം*
*ചെറിയൊരു സേവനം ചെയ്തവർക്കായ്*
*ഉപകാരം ചെയ്യുന്നു പത്തിരട്ടി*
*ശരിയെന്നാലുത്തമ പുരുഷന്മാർ*
*മനുജരെയൊന്നായി കാൺകയാലേ*
*അപരന്റെ തിന്മയ്ക്കു നന്മമാത്രം*
*പകരമായ് ചെയ്യുന്നു മോദപൂർവം.*

*(എന്റെ സത്യാന്വേഷണ പരീക്ഷണകഥ )*

ആൽഫ്രഡ് ഹൈസ്കൂളിൽ പഠിക്കുമ്പോൾ പതിമൂന്നാമത്തെ വയസ്സിൽ എം.കെ. ഗാന്ധിയുടെ വിവാഹം നടന്നു. അദ്ദേഹത്തിന്റെ സഖിയായ കസ്തൂർബയ്ക്കും അതേ പ്രായമാണ്. അവർ സ്കൂളിൽ പോയിട്ടുണ്ടായിരുന്നില്ല. വിവാഹദിനത്തെക്കുറിച്ച് ഗാന്ധി ഓർമിക്കുന്നത് ഇപ്രകാരമാണ്: "ധരിക്കുവാൻ നല്ല വസ്ത്രങ്ങൾ, വാദ്യമേളം, വിവാഹ ഘോഷയാത്ര, വിഭവസമൃദ്ധമായ വിരുന്നുസൽക്കാരം, കൂടാതെ കൂട്ടിനായി അപരിചിതയായ ഒരു പെൺകുട്ടി. അല്ലാതെ പ്രത്യേകിച്ച് ഒന്നുംതന്നെ എനിക്ക് വിവാഹദിനത്തെക്കുറിച്ച് പറയാനില്ല." പിൽക്കാലത്ത് അദ്ദേഹം ശൈശവവിവാഹത്തിനെതിരേ ശക്തമായ നിലപാടു സ്വീകരിച്ചു. ആലോചനാരഹിതവും അപകടകരവുമെന്നാണു ഗാന്ധി ശൈശവവിവാഹത്തെ വിശേഷിപ്പിച്ചത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഗാന്ധി ഭാവ്നഗറിലെ സമൽദാസ് കോളേജിൽ ഉപരിപഠനത്തിനായി ചേർന്നു. എന്നാൽ ഇവിടത്തെ വിദ്യാഭ്യാസം അദ്ദേഹത്തിനു ബുദ്ധിമുട്ടേറിയതായിരുന്നു. ഇതിനു പുറമേ 1885-ൽ അദ്ദേഹത്തിന്റെ പിതാവിന്റെ മരണവും സംഭവിച്ചു. അഭിഭാഷകനായിത്തീർന്നാൽ പിതാവിന്റെ ദിവാൻപദം യുവാവായ ഗാന്ധിക്കു ലഭിക്കാൻ സാധ്യതയുണ്ടെന്നു കുടുംബസുഹൃത്ത് മാവോജി ദേവ് ജോഷി അഭിപ്രായപ്പെട്ടു. ജോഷിയുടെ നിർദേശപ്രകാരം മൂന്നു വർഷത്തെ നിയമപഠനത്തിനായി ഇംഗ്ലണ്ടിലേക്ക് പോവാൻ മോഹൻദാസ് സമ്മതിച്ചു. അമ്മയുടെ എതിർപ്പിനെ മറികടക്കുന്നതിനായി മദ്യം, സ്ത്രീ, മാംസം എന്നിവ തൊടുകയില്ലെന്ന് അദ്ദേഹം ദൃഢപ്രതിജ്ഞ ചെയ്തു.

ഇംഗ്ലണ്ടിലേക്കുള്ള യാത്രയ്ക്കു മുന്നോടിയായി ആൽഫ്രഡ് സ്കൂളിലെ സഹപാഠികൾ ഗാന്ധിക്ക് യാത്രയയപ്പു നൽകി. മറുപടി പ്രസംഗത്തിൽ നിയമപഠനത്തിനുശേഷം താൻ ലക്ഷ്യമിടുന്നതെന്താണെന്ന സൂചനയും അദ്ദേഹം നൽകി: "നിങ്ങളിൽ പലരും എന്റെ പാത പിന്തുടരാൻ ആഗ്രഹിക്കുന്നുണ്ടാവും. പഠനത്തിനുശേഷം മടങ്ങിവന്നാൽ ഇന്ത്യയിൽ വലിയ മാറ്റങ്ങൾക്കുവേണ്ടി പൂർണമനസ്സോടെ പ്രവർത്തിക്കണം." സമുദായനേതാക്കളുടെ കടുത്ത എതിർപ്പു നിലനിൽക്കെ 1888-ൽ ലണ്ടൻ യൂണിവേഴ്സിറ്റി കോളേജിൽ നിയമപഠനത്തിനായി ഗാന്ധി സമുദ്രമാർഗം യാത്രതിരിച്ചു.

### ലണ്ടനിലെ വിദ്യാഭ്യാസജീവിതം

ഇംഗ്ലണ്ടിൽ വിദ്യാർഥിയായി എത്തിയ എം.കെ. ഗാന്ധിയുടെ ജീവിതം എപ്രകാരമായിരുന്നുവെന്ന് ഇനി നമുക്കു ചർച്ചചെയ്യാം.

ഇംഗ്ലണ്ടിലെത്തിയ ഉടൻ ഗാന്ധി ഇംഗ്ലീഷുകാരുടെ രീതികളും ജീവിതശൈലിയും തനിക്കു സാധ്യമാകുന്ന എല്ലാതരത്തിലും സ്വീകരിച്ച്, ഒരു 'മാന്യനായ ഇംഗ്ലീഷുകാരൻ' ആയിത്തീരാൻ ശ്രമിച്ചു. അതിനായി സംസാരശൈലി, പാശ്ചാത്യനൃത്തം, സംഗീതം, ഫ്രഞ്ച്ഭാഷ എന്നിവ പരിശീലിക്കാൻ ആരംഭിച്ചു. ബ്രിട്ടിഷ് ജീവിതരീതികൾ അനുകരിക്കുകയായിരുന്നു അദ്ദേഹം. അനുകരണത്തിലൂടെ ഒരാൾക്ക് സംസ്കാരസമ്പന്നനാകാനാവില്ലെന്ന് ഗാന്ധി പിന്നീടു തിരിച്ചറിഞ്ഞു. മിതവ്യയശീലത്തിലൂടെ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നത് എങ്ങനെയെന്ന് ഇംഗ്ലണ്ടിലെ ഇന്ത്യക്കാരായ വിദ്യാർഥികൾക്ക് അദ്ദേഹം ഉപദേശങ്ങൾ നൽകി.

## ലണ്ടൻ വെജിറ്റേറിയൻ സൊസൈറ്റി

ഹെൻറി സാൾട്ട് എഴുതിയ 'പ്ലീ ഫോർ വെജിറ്റേറിയനിസം' (Henry Salt-Plea for Vegetarianism) എന്ന പുസ്തകം ഗാന്ധിയെ ഏറെ സ്വാധീനിച്ചു. ആഹാരത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ മനോഭാവത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനും സസ്യാഹാരമാണ് മനുഷ്യന് ഏറ്റവും അനുയോജ്യമെന്ന വിശ്വാസം ഉറപ്പിക്കുന്നതിനും ഈ പുസ്തകം സഹായകമായിത്തീർന്നു. 1890-ന്റെ തുടക്കത്തിൽ മാഞ്ചസ്റ്ററിലെയും ലണ്ടനിലെയും സസ്യാഹാര സംഘടനകളുടെ പ്രസിദ്ധീകരണങ്ങളായ 'വെജിറ്റേറിയൻ മെസഞ്ചറി'ന്റെയും 'ദി വെജിറ്റേറിയന്റെ'യും സ്ഥിരം വായനക്കാരനായി ഗാന്ധി മാറി. ഇക്കാലയളവിൽ നടന്ന സസ്യാഹാരവാദികളുടെ രാജ്യാന്തര സമ്മേളനത്തിൽ ജോസിയ ഓൾഡ്ഫീൽഡിനൊപ്പം മോഹൻദാസ് പങ്കെടുത്തു. സെപ്തംബറിൽ വെജിറ്റേറിയൻ സൊസൈറ്റിയിൽ അംഗമായ അദ്ദേഹം ഭരണസമിതിയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. 1891 ഫെബ്രുവരി 20-ന് വെജിറ്റേറിയൻ സൊസൈറ്റിയുടെ യോഗത്തിൽ ജീവിതത്തിലാദ്യമായി ഗാന്ധി പ്രസംഗിച്ചു. തുടർന്നു വെജിറ്റേറിയൻ സൊസൈറ്റിയുടെ പ്രസിദ്ധീകരണമായ 'ദി വെജിറ്റേറിയനിൽ' അദ്ദേഹം നിരവധി ലേഖനങ്ങൾ എഴുതി.



1891- ൽ പോർട്സ്മൗത്തിൽ വച്ച് നടന്ന വെജിറ്റേറിയൻ സൊസൈറ്റിയുടെ യോഗത്തിൽ നിന്ന്. ഒന്നാമത്തെ വരിയിൽ ഇടത്തുനിന്ന് വലത്തോട്ട് ടി.ടി.മജുംദാർ, ജോസിയ ഓൾഡ്ഫീൽഡ്, എം.കെ.ഗാന്ധി
(കടപ്പാട്: വെജിറ്റേറിയൻ മെസഞ്ചർ ആൻഡ് ഹെൽത്ത് റിവ്യു - സെപ്തംബർ 1936)



1931 നവംബർ 20-ന് നടന്ന ലണ്ടൻ വെജിറ്റേറിയൻ സൊസൈറ്റിയുടെ സംഗമത്തിൽ എം.കെ. ഗാന്ധിയും ഹെൻറി എസ്. സാൾട്ടും. (കടപ്പാട്: സൈമൺ വൈൽഡ്, ജോൺ വൈനി - ടൈസൺ, ഹെൻറി സാൾട്ട് ശേഖരം)

നമുക്ക് അറിയാം

### ഹെൻറി സ്റ്റീഫൻ സാൾട്ട്

*എഴുത്തുകാരൻ, സോഷ്യലിസ്റ്റ് പ്രകൃതിവാദി, സസ്യാഹാരവാദി എന്നീ നിലകളിൽ പ്രശസ്തൻ. 1851 സെപ്തംബർ 20 ന് ഇന്ത്യയിൽ ജനിച്ചു. വിദ്യാഭ്യാസം കേംബ്രിഡ്ജിൽ. ഹെൻറി ഡേവിഡ് തോറോയുടെ ജീവചരിത്രം, എ പ്ലീ ഫോർ വെജിറ്റേറിയനിസം എന്നിവയാണ് പ്രധാന കൃതികൾ. മൃഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ക്രൂരതകൾ തടയുന്നതിനുമായി 1891-ൽ ഹ്യുമാനിറ്റേറിയൻ ലീഗിനു രൂപം നൽകി. 1939 ഏപ്രിൽ 19ന് അന്തരിച്ചു.*

### ഹെൻറി സാൾട്ടും എം.കെ. ഗാന്ധിയും

ലണ്ടനിൽ എത്തിച്ചേർന്ന കാലത്ത് സസ്യഭക്ഷണശാലകൾ കണ്ടെത്താനായി ഗാന്ധി നിരവധി അന്വേഷണങ്ങൾ നടത്തി. വിലക്കുറവിൽ, മനസ്സിനിണങ്ങുന്ന ഭക്ഷണം ലഭിക്കുന്ന കടകൾ തേടി പത്തു മുതൽ പന്ത്രണ്ടു മൈൽവരെ നിത്യവും നടക്കാറുണ്ടായിരുന്നു. അദ്ദേഹത്തിനു ഒരിടത്തുനിന്നും സംതൃപ്തി ലഭിക്കുകയുണ്ടായില്ല. ഇത്തരത്തിലുള്ള അന്വേഷണത്തിനിടെ ഫാരിങ്ടൺ സ്ട്രീറ്റിലുള്ള ഒരു സസ്യഭക്ഷണശാല അദ്ദേഹം കണ്ടെത്തി. ഹൃദയത്തിൽ സൂക്ഷിച്ചിട്ടുള്ള ഒരാഗ്രഹം സാധിക്കുന്ന കുട്ടിയുടെ സന്തോഷമാണ് അപ്പോൾ ഗാന്ധിക്ക് അനുഭവപ്പെട്ടത്. കടയിലേക്കു കടന്നപ്പോൾ തന്നെ അവിടെ പ്രദർശിപ്പിച്ചിരുന്ന സാൾട്ടിന്റെ 'പ്ലീ ഫോർ വെജിറ്റേറിയനിസം' എന്ന പുസ്തകം ഗാന്ധിയുടെ ശ്രദ്ധയിൽപ്പെട്ടു. ഒരു ഷില്ലിങ് നൽകി അതു വാങ്ങിക്കൊണ്ട് ഗാന്ധി തീൻമുറിയിലേക്കു കടന്നു. ഇംഗ്ലണ്ടിലെത്തിയശേഷം അന്നാണ് മനസ്സു നിറഞ്ഞ് ആദ്യമായി ഭക്ഷ

ണം കഴിച്ചതെന്നു ഗാന്ധി പറയുന്നു. ഈ പുസ്തകം വായിച്ച ദിവസം വരെ സസ്യാഹാരം എന്നത് ഗാന്ധിക്ക് ഒരു തിരഞ്ഞെടുപ്പായിരുന്നു. അമ്മയുടെ മുന്നിൽ വച്ച് പ്രതിജ്ഞചെയ്ത ആ ദിവസത്തെ അനുഗൃഹീതമാക്കി മാംസാഹാരം വർജിച്ചത് സത്യത്തെ മുറുകെ പിടിക്കാനും അമ്മയ്ക്കു നൽകിയ പ്രതിജ്ഞ പാലിക്കാനുമായിരുന്നു. അതേസമയം തന്നെ മനസ്സിൽ എല്ലാ ഇന്ത്യക്കാരും മാംസാഹാരം കഴിക്കുന്നവരാകണം എന്നും വരുംകാലത്ത് ഒരുദിവസം തനിക്കും അങ്ങനെയായിത്തീരണമെന്നും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ആഹാരകാര്യത്തിൽ സ്വീകരിക്കേണ്ടിവന്ന ഈ തിരഞ്ഞെടുപ്പ് പിന്നീട് സസ്യാഹാരത്തോടുള്ള ആഭിമുഖ്യമായി മാറ്റപ്പെടുകയും സസ്യാഹാരപ്രചാരണം ഗാന്ധി തന്റെ ദൗത്യമായി സ്വീകരിക്കുകയും ചെയ്തു.

### തിയോസഫിക്കൽ സൊസൈറ്റിയുടെ സ്വാധീനം

തിയോസഫിക്കൽ സൊസൈറ്റി 1875 -ലാണ് ന്യൂയോർക്കിൽ രൂപീകൃതമായത്. ബ്ലവട്സ്കി, ആനി ബസന്റ് എന്നീ സൊസൈറ്റി നേതാക്കളെ ഗാന്ധി ലണ്ടനിൽ വച്ചാണു പരിചയപ്പെടുന്നത്. സംഘടനയുടെ തത്ത്വങ്ങളിൽ അദ്ദേഹം ആകൃഷ്ടനായി. 1891 മാർച്ച് 26ന് അദ്ദേഹം ലണ്ടൻ തിയോസഫിക്കൽ സൊസൈറ്റിയിൽ അംഗത്വം നേടി.



നമുക്ക് അറിയാം

#### തിയോസഫിക്കൽ സൊസൈറ്റി

ഹെലേന പെട്രോവ്ന ബ്ളവട്സ്കി, കേണൽ ഹെൻറി സ്റ്റീൽ ഓൾകോട്ട്, വില്യം ക്യുവാൻ ജഡ്ജ് എന്നിവരുടെ നേതൃത്വത്തിൽ 1875 സെപ്തംബർ ഏഴിനാണ് തിയോസഫിക്കൽ സൊസൈറ്റി സ്ഥാപിതമായത്.

*ലക്ഷ്യങ്ങൾ*

1. വംശ, വർഗ, ലിംഗ, വർണ വ്യത്യാസങ്ങളില്ലാതെ മനുഷ്യരാശിയുടെ സാർവത്രികമായ സാഹോദര്യത്തിന്റെ കേന്ദ്രമായി മാറുക.
2. മതങ്ങളുടെ താരതമ്യം, തത്ത്വശാസ്ത്രം, വിജ്ഞാനശാസ്ത്രം എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ പ്രോത്സാഹിപ്പിക്കുക.
3 വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത പ്രകൃതിനിയമങ്ങൾ, മനുഷ്യനിൽ ഒളിഞ്ഞുകിടക്കുന്ന ശക്തികൾ എന്നിവയെപ്പറ്റിയുള്ള അന്വേഷണം.

***ദി കീ ടു തിയോസഫി (1889)-മാഡം ബ്ലവട്സ്കി***

ധർമശാസ്ത്രം, വിജ്ഞാനശാസ്ത്രം, തത്ത്വശാസ്ത്രം എന്നിവയെക്കുറിച്ചുള്ള വ്യക്തമായ വ്യാഖ്യാനം ചോദ്യോത്തരരീതിയിൽ എഴുതിയിരിക്കുന്നതാണ് ഈ പുസ്തകം. സൊസൈറ്റിയുടെ സ്ഥാപിതലക്ഷ്യം തന്നെ ഈ മേഖലകളിലെ പഠനമാണ്. ഗാന്ധി ലണ്ടനിൽവച്ച് ഈ പുസ്തകം വായിക്കുകയും തിയോസഫിക്കൽ സൊസൈറ്റിയിൽ ആകൃഷ്ടനാവുകയും ചെയ്തു.

1882 -മേയിൽ മദിരാശിക്കു സമീപമുള്ള അഡയാറിൽ സൊസൈറ്റി വിശാലമായ ഒരു ഭൂപ്രദേശം വാങ്ങുകയും വർഷാവസാനത്തോടെ ആസ്ഥാനം ഇവിടേക്കു മാറ്റി സ്ഥാപിക്കുകയും ചെയ്തു.

തിയോസഫിക്കൽ സൊസൈറ്റിയുടെ സ്വാധീനവും സസ്യാഹാരികളുമായുള്ള പരിചയവും ഗാന്ധിയുടെ ആത്മീയവളർച്ചയെ നിർണായകമായി സഹായിച്ചു.

തിയോസഫിക്കൽ സൊസൈറ്റിയുടെ സ്വാധീനം 1899 കാലഘട്ടത്തിൽ ഗാന്ധിയെ മാഡം ബ്ളവട്സ്കിയുടെ 'കീ ടു തിയോസഫി', എഡ്വിൻ ആൾനോൾഡിന്റെ 'ദി സോങ് സെലസ്റ്റിയൽ', 'ദി ലൈറ്റ് ഓഫ് ഏഷ്യ', ഭഗവദ്ഗീതയുടെ യഥാരൂപം, ബൈബിൾ എന്നിവ വായിക്കുന്നതിലേക്കു നയിച്ചു.

ലണ്ടൻജീവിതത്തിനിടെ രണ്ടു തവണ ആനി ബസന്റിന്റെ പ്രസംഗം കേൾക്കാൻ ഗാന്ധിക്ക് അവസരമുണ്ടായി. ലണ്ടനിലെ ക്വീൻസ് ഹാളിൽ 'എന്തുകൊണ്ട് ഞാൻ തിയോസഫിസ്റ്റായി' എന്ന വിഷയത്തിൽ നടന്ന പ്രഭാഷണം കേൾക്കാനാണ് അദ്ദേഹത്തിന് അവസരം ലഭിച്ചത്. തന്റെ ശവകുടീരത്തിൽ "ഈ സ്ത്രീ ജീവിച്ചതും മരിച്ചതും സത്യത്തിനുവേണ്ടിയാണെന്നു രേ

### ഹെലേന പെട്രോവ്ന ബ്ലവട്സ്കി 1831 – 1891

നമുക്ക് അറിയാം

*1831 ഓഗസ്ത് 12ന് റഷ്യയിൽ ജനിച്ചു. എഴുത്തുകാരി, തത്ത്വചിന്തക എന്നീ നിലകളിൽ പ്രശസ്ത. ലോകം മുഴുവൻ സഞ്ചരിച്ച അവർ ആത്മീയതയും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ആഴത്തിൽ പഠിച്ചു. ദി വോയ്സ് ഓഫ് സൈലൻസ്, ദി സീക്രട്ട് ഡോക്ട്രിൻ, ദി കീ ടു തിയോസഫി എന്നിവയാണ് പ്രധാന കൃതികൾ. 1891 മെയ് എട്ടിന് ഇംഗ്ലണ്ടിൽ വച്ച് അന്തരിച്ചു.*

### ആനി ബസന്റ്

നമുക്ക് അറിയാം



1847 ഒക്ടോബർ 1 ന് ഇംഗ്ലണ്ടിൽ ജനിച്ചു. തിയോസഫിസ്റ്റ്, സ്ത്രീകളുടെ അവകാശങ്ങൾക്കായുള്ള പ്രവർത്തക, എഴുത്തുകാരി, വാഗ്മി എന്നീ നിലകളിൽ പ്രശസ്ത. ഇന്ത്യയെ മാതൃരാജ്യമായി സ്വീകരിച്ച് നവോത്ഥാനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പ്രവർത്തിച്ചു. ബനാറസിൽ 1898-ൽ സെൻട്രൽ ഹിന്ദു കോളജ് സ്ഥാപിച്ചു. 1933 സെപ്തംബർ 20-ന് അഡയാറിൽ വച്ച് അന്തരിച്ചു.

### ആനി ബസന്റിന്റെ ഉദ്ധരണികൾ

നമുക്ക് അറിയാം

- "ലോകത്തിലെ എല്ലാ മഹത്തായ മതങ്ങൾക്കും തങ്ങളുടെ ജന്മഗൃഹം കണ്ടെത്താനാവുക ഇന്ത്യയിലാണ്."
- "ഇന്ത്യൻ ഗ്രാമീണവ്യവസ്ഥയെ തകർത്തത് ഇംഗ്ലണ്ടിന്റെ ചരിത്രപരമായ വിഡ്ഢിത്തമായിരുന്നു."
- "തെളിവുകളുടെ അഭാവത്തിൽ വിശ്വസിക്കാതിരിക്കുക എന്നത് യുക്തിപരമായ നിലപാടാണെങ്കിലും നമ്മുടെ പരിമിതമായ അനുഭവങ്ങൾക്ക് അതീതമായിട്ടുള്ള കാര്യങ്ങളെ നിരാകരിക്കുക എന്നത് നിരർഥകമാണ്."

ഖപ്പെടുത്തണം, എങ്കിൽ ഈ ലോകത്തിലെ ഏറ്റവും സന്തോഷവതിയായ സ്ത്രീ ഞാനായിരിക്കും" എന്ന ആനി ബസന്റിന്റെ വാക്കുകൾ ഗാന്ധിയെ അഗാധമായി സ്പർശിച്ചു.

### മതപരമായ സ്വാധീനങ്ങൾ

എം.കെ. ഗാന്ധി എക്കാലത്തും ഹിന്ദുവെന്ന നിലയിൽ ഉയർത്തിക്കാണിക്കപ്പെട്ടിരുന്നു. ഒരിക്കലും ആ പാരമ്പര്യത്തെ ഉപേക്ഷിക്കാൻ അദ്ദേഹം തയാറായതുമില്ല. എന്നിരിക്കെത്തന്നെ മറ്റു വിശ്വാസങ്ങളോടു തുറന്ന സമീപനമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. യുവാവായിരിക്കെ അദ്ദേഹം ഏറ്റവുമധികം ഉൾക്കൊണ്ടതും സ്വാംശീകരിച്ചതും ജൈനപാരമ്പര്യത്തെയാണ്. അദ്ദേഹത്തിന്റെ ജന്മസ്ഥലമായ ഗുജറാത്തിൽ ജൈനമതത്തിനു വലിയ പ്രചാരമുണ്ടായിരുന്നു എന്നതാണ് ഇതിനു കാരണമായിത്തീർന്നത്. ലണ്ടനിൽ നിയമവിദ്യാർഥിയായിരിക്കെ 1890-കളിൽ അദ്ദേഹം ക്രിസ്തുമതത്തോടു വലിയ താൽപ്പര്യം വളർത്തിയെടുത്തു. പ്രത്യേകിച്ചും 'പുതിയനിയമ'ത്തോട്. ദക്ഷിണാഫ്രിക്കയിൽ യുവ അഭിഭാഷകനെന്ന നിലയിൽ ഇന്ത്യക്കാരുടെ അവകാശസംരക്ഷണ പോരാട്ടങ്ങൾക്കു നേതൃത്വം നൽകിയ കാലത്ത് അദ്ദേഹം ഒരുപോലെ ഇന്ത്യക്കാരായ ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും നേതാവായി മാറി. അതേസമയം അദ്ദേഹത്തിനവിടെ നിരവധി ജൂതസുഹൃത്തുക്കളുടെ സഹായവും ലഭിച്ചു. ഗാന്ധി നയിച്ച പ്രക്ഷോഭം ഹിന്ദു, മുസ്‌ലിം, ക്രിസ്തു, ജൂതമത വിശ്വാസികളെ ഒന്നാകെ ഉൾക്കൊള്ളുന്നതായതിനാൽ അദ്ദേഹത്തിന് ഈ മതവിശ്വാസങ്ങളിലെല്ലാം ആഴത്തിലുള്ള അറിവു സമ്പാദിക്കാൻ കഴിഞ്ഞു.

### ഹിന്ദുമതത്തിന്റെ സ്വാധീനം

ഗാന്ധിയുടെ ചിന്തകളുടെയും ജീവിതത്തിന്റെയും അടിസ്ഥാനവും ചട്ടക്കൂടും ഹിന്ദുമതത്തെ അടിസ്ഥാനമാക്കി രൂപംകൊണ്ടതാണ്. ഒരു യാഥാസ്ഥിതിക ഹിന്ദുകുടുംബത്തിൽ ജനിച്ചുവളർന്ന ഗാന്ധിയെ കത്തിയവാഡിൽ അന്നു നിലനിന്നിരുന്ന മതപരമായ അന്തരീക്ഷം വലിയൊരളവിൽ സ്വാധീനിച്ചിട്ടുണ്ട്. ഇതിഹാസങ്ങളായ മഹാഭാരതവും രാമായണവും ഗാന്ധിയുടെ മനസ്സിൽ ശാശ്വതമായ പ്രഭാവങ്ങളാണു സൃഷ്ടിച്ചത്. തുളസീദാസിന്റെ രാമായണം പാരായണം ചെയ്യുന്നത് 13-ാ മത്തെ വയസ്സിലാണു ഗാന്ധി ആദ്യമായി കേൾക്കുന്നത്. തന്നിൽ ആഴത്തിലുള്ള അടയാളം അവശേഷിപ്പിക്കാൻ അച്ഛന്റെ മുന്നിൽ നടത്തിയ രാമായണപാരായണം ഇടയാക്കിയിട്ടുണ്ടെന്നും രാമായണത്തോടുള്ള കടുത്ത ആരാധനയ്ക്കും കൂറിനും അടിത്തറപാകിയത് ഇതാണെന്നും ഗാന്ധി പറയുന്നു. തുളസീദാസ രാമായണത്തെ ഭക്തിരസപ്രധാനമായ ഗ്രന്ഥങ്ങളിലെ ഏറ്റവും മികച്ചതെന്നാണു ഗാന്ധി വിശേഷിപ്പിക്കുന്നത്.

എം.കെ. ഗാന്ധി ഭഗവദ്ഗീത പരിചയപ്പെടുന്നത് എഡ്വിൻ ആൾനോൾഡ് എഴുതിയ 'ദി സോങ് സെലസ്റ്റിയൽ' വഴിയാണ്. ഗാന്ധി ഭഗവദ്ഗീതയുടെ ഈ പരിഭാഷ വായിക്കുകയും അത് മുന്നോട്ടുവയ്ക്കുന്ന ആശയങ്ങളിൽ ആകൃഷ്ടനാവുകയും ഭഗവദ്ഗീതയുടെ യഥാർഥരൂപം വായിക്കുകയും ചെയ്തു. ഗാന്ധിയെ സംബന്ധിച്ചിടത്തോളം ഭഗവദ്ഗീത നൽകുന്ന സന്ദേശം തിന്മയ്ക്ക് മേലുള്ള നന്മയുടെ ഉദ്ഘോഷമാണ്. ഭഗവദ്ഗീതയിലെ ഫലം ഇച്ഛിക്കാതെയുള്ള കർമത്തിന്റെ സാംഗത്യം, പരിശുദ്ധമായ മാർഗം എന്നിവയും ഗാന്ധിയെ സ്വാധീനിച്ചിട്ടുണ്ട്. ഹിന്ദുമതത്തിന്റെ സാരാംശമായാണു ഭഗവദ്ഗീതയെ ഗാന്ധി വിശേഷിപ്പിക്കുന്നത്. ഫലം ഇച്ഛിക്കാതെ കർമംചെയ്യുക എന്ന ഗീതാതത്ത്വം ഗാന്ധിയെ വശീകരിക്കുകതന്നെ ചെയ്തു. അദ്ദേഹം പറയുന്നു: "ജീവിതത്തെപ്പറ്റി പുതിയൊരു

കാഴ്ചപ്പാട് ഗീത എനിക്ക് തുറന്നുനൽകി." ഭഗവദ്ഗീത പിന്നീട് ഗാന്ധിജിയുടെ ജീവിതത്തിലെ ആത്മീയനിഘണ്ടുവായി മാറി. ഹിന്ദുവിശ്വാസത്തിലെ എല്ലാ ജീവനിലുമുള്ള ഏകത്വമെന്ന ആശയം അഹിംസയിലുള്ള ഗാന്ധിയുടെ വിശ്വാസത്തെ ഊട്ടിയുറപ്പിച്ചു. ഗാന്ധിയുടെ അഭിപ്രായത്തിൽ ലോകത്തിലെ എല്ലാ പ്രവാചകന്മാർക്കും ഗീതയിൽ ഇടമുണ്ട്. അദ്ദേഹം പറയുന്നു:

*എല്ലാ വിശ്വാസികൾക്കും വായിക്കാവുന്ന രചനകളിലൊന്നാണത്.*
*വിഭാഗീയ കാഴ്ചപ്പാടുകളൊന്നും അതുൾക്കൊള്ളുന്നില്ല,*
*ധർമത്തെക്കുറിച്ചല്ലാതെ മറ്റൊന്നും അതു പഠിപ്പിക്കുന്നുമില്ല.*

എം.കെ. ഗാന്ധി പറയുന്നു: " ഹിന്ദുമതത്തിൽക്കൂടിയാണ് ഞാൻ ക്രിസ്തുമതത്തെയും ഇസ്ലാംമതത്തെയും ആദരിക്കാൻ പഠിച്ചത്. ഹിന്ദുമതം ഈ ലോകത്തെ മൂല്യമുള്ള ജീവിതത്തിന് ഉതകുന്നതാകുന്നതുകൊണ്ടാണ് ഞാനൊരു ഹിന്ദുവാകുന്നത്. ഞാൻ മനുഷ്യജീവികളെ മാത്രമല്ല, ജീവനുള്ള എല്ലാറ്റിനെയും സ്നേഹിക്കുന്നു എന്നതുകൊണ്ടാണ് ഞാനൊരു ഹിന്ദുവാകുന്നത്." (യങ് ഇന്ത്യ, ജനുവരി 12, 1926)

"ഹിന്ദുമതം ഗംഗയെപ്പോലെയാണ്, ഉറവിടത്തിൽ പരിശുദ്ധവും മലിനപ്പെടാത്തതും. എന്നാൽ വഴികളിൽ അതിൽ മാലിന്യങ്ങൾ വന്നുചേരുന്നു. എന്നിരുന്നാലും ഗംഗയെപ്പോലെ മൊത്തമായെടുത്താൽ അതു ഗുണപ്രദംതന്നെയാണ്. ഓരോ പ്രവിശ്യകളിലും അതതു പ്രവിശ്യകളുടെ സ്വഭാവം പ്രകടമാക്കുന്നുണ്ടെങ്കിലും ഉള്ളിലൂടെ അത് എല്ലായിടത്തും എത്തിച്ചേരുന്നു." (യങ് ഇന്ത്യ, എപ്രിൽ മൂന്ന്, 1926)

### ബുദ്ധമതത്തിന്റെ സ്വാധീനം

ബുദ്ധന്റെ ജീവിതത്തെയും ദർശനങ്ങളെയും ഗാന്ധി പരിചയപ്പെടുന്നത് എഡ്വിൻ ആൾനോൾഡിന്റെ 'ദി ലൈറ്റ് ഓഫ് ഏഷ്യ' എന്ന പുസ്തകത്തിലൂടെയാണ്. ബുദ്ധന്റെ പരിത്യാഗജീവിതവും കാരുണ്യത്തെപ്പറ്റിയുള്ള പ്രബോധനങ്ങളും സഹിഷ്ണുതയും ഗാന്ധിയെ ഏറെ സ്വാധീനിച്ചു. ബുദ്ധന്റെ ഉപദേശങ്ങൾ തന്നെ സ്വാധീനിച്ചിട്ടുണ്ടെന്ന് അദ്ദേഹം അംഗീകരിക്കുന്നു. ഗാന്ധിയുടെ അഭിപ്രായത്തിൽ, തന്നെക്കൊണ്ട് കഴിയുന്ന വിധത്തിൽ ബുദ്ധന്റെ ജീവിതം പിന്തുടരാനാണ് താൻ ശ്രമിക്കുന്നതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. അഷ്ടാംഗമാർഗങ്ങളാണ് ശ്രീബുദ്ധന്റെ പ്രധാന ഉപദേശങ്ങളിൽ ഉൾപ്പെടുന്നത്. ആനന്ദത്തിലേക്കും സ്വയം ഉണർവിലേക്കും നയിക്കുന്ന വഴിയായാണ് അഷ്ടാംഗമാർഗത്തെ ബുദ്ധൻ വിശേഷിപ്പിക്കുന്നത്.



നമുക്ക് അറിയാം

**സർ എഡ്വിൻ ആൾനോൾഡ്**

*പത്രപ്രവർത്തകൻ, പത്രാധിപർ, കവി, അധ്യാപകൻ എന്നീ നിലകളിൽ അതിപ്രശസ്തൻ. 1832 ജൂൺ 10 -ന് ഇംഗ്ലണ്ടിലെ ഗ്രേവ്സെൻഡിൽ ജനിച്ചു. 1856-ൽ പൂനെയിലെ ഗവൺമെന്റ് സംസ്കൃത കോളജ് പ്രിൻസിപ്പലായി ഇന്ത്യയിലേക്കെത്തി. ഏഴുവർഷം ആ പദവിയിൽ അദ്ദേഹം തുടർന്നു. ഇക്കാലയളവിലാണ് 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം നടക്കുന്നത്. രക്തത്തിനു ജാതിയില്ല എന്ന കാഴ്ചപ്പാട് അദ്ദേഹം ഉയർത്തിപ്പിടിച്ചു. ദ ലൈറ്റ് ഓഫ് ഏഷ്യ, ദ സോങ് സെലസ്റ്റിയൽ എന്നിവയാണ് പ്രധാന കൃതികൾ. 1904 മാർച്ച് 24 ന് അന്തരിച്ചു.*

### ജൈനമതത്തിന്റെ സ്വാധീനം

ജൈനമതത്തിന്റെ സമ്പന്നമായ ചരിത്രമാണ് ഗുജറാത്തിനുള്ളത്. മഹാന്മാരായ ജൈന സന്ന്യാസികളായ ആചാര്യ ഹേമചന്ദ്ര, ആചാര്യ ശീൽ ഗുൺ സൂരി, ശ്രീമദ് രാജാചന്ദ്ര, കനാജി സ്വാമി എന്നിവർക്ക് ജന്മം നൽകിയ ദേശമാണിത്.

ജൈനമതത്തിനു നിർണായകമായ സ്വാധീനമുണ്ടായിരുന്ന ഇടങ്ങളിലൊന്നാണു കത്തിയവാഡ്. ജന്മദേശത്തു നിലനിന്നിരുന്ന ജൈനമതപരിസരങ്ങൾ, അദ്ദേഹത്തിന്റെ മാതാവ് പുത്‌ലീബായിക്ക് ജൈനമതത്തോടുണ്ടായിരുന്ന അടുപ്പം, ജൈനചിന്തകനായ രാജാചന്ദ്രയുമായുള്ള സൗഹൃദം എന്നിവയും ഗാന്ധിയെ സ്വാധീനിച്ചിട്ടുണ്ട്.

സാധാരണജനങ്ങൾക്കായി ജൈനമതം അനുശാസിക്കുന്ന അഞ്ചുവ്രതങ്ങളും ഗാന്ധി ഉന്നതമായ തലത്തിൽ ഉൾക്കൊണ്ടു. അഹിംസ, സത്യം, അസ്തേയം, അപരിഗ്രഹം, ബ്രഹ്മചര്യ എന്നിവയാണ് അവ. ഇവയ്ക്കെല്ലാം ഉപരിയായി ഗാന്ധിയെ ഒരു യഥാർഥ ജൈനൻ എന്ന നിലയിൽ നാം കണക്കാക്കുന്നത് അദ്ദേഹത്തിന്റെ ധീരതയെ പരിഗണിക്കുമ്പോഴാണ്. ഭീരുവായ ഗാന്ധിയെ നമുക്ക് ഒരു സാഹചര്യങ്ങളിലും കാണാൻ സാധിക്കുകയില്ല. ആയുധമില്ലാത്ത ധീരനായ വ്യക്തിയായിരുന്നു ഗാന്ധി. അദ്ദേഹത്തിന്റെ ലളിതജീവിതവും വേഷവും ജൈനമതത്തിന്റെ സ്വാധീനം വിളിച്ചോതുന്നതാണ്.

ജൈനമതത്തിലെ പഞ്ചമഹാവ്രതങ്ങൾ ഗാന്ധിയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. അതോടൊപ്പം ത്രിരത്നങ്ങൾ എന്ന മഹത്തായ ജൈനമതതത്ത്വവും അദ്ദേഹത്തെ സ്വാധീച്ചിട്ടുണ്ട്. ഗാന്ധി പറയുന്നു:" ലോകത്തിൽ ജൈനമതത്തോളം ആഴത്തിലും വ്യവസ്ഥാപിതമായും അഹിംസയെ ജീവിതത്തിലെ അതിന്റെ പ്രായോഗികത ഉൾക്കൊണ്ടുകൊണ്ട് വിശദീകരിച്ചിട്ടുള്ള മറ്റൊരു മതവുമില്ല". ഭഗവാൻ മഹാവീരനെ അഹിംസയുടെ ഏറ്റവും വലിയ അധികാരി എന്ന നിലയിൽ ആദരിക്കാമെന്നു തനിക്ക് ഉറപ്പുണ്ടെന്നും ഗാന്ധി പറയുന്നു.

### ക്രിസ്തുമതത്തിന്റെ സ്വാധീനം

ഗാന്ധിജി വിശുദ്ധ ബൈബിൾ പരിചയപ്പെടുന്നത് ഇംഗ്ലണ്ടിൽ വച്ചാണ്. 'പുതിയനിയമം' ഗാന്ധിയെ സ്വാധീനിച്ചു. ഗാന്ധിയുടെ അഭിപ്രായത്തിൽ 'പുതിയനിയമ'ത്തിലെ ഗിരിപ്രഭാഷണം ഹൃദയത്തിലേക്കു നേരിട്ടു പ്രവേശിക്കുകയാണു ചെയ്തത്. ഗാന്ധിജി അതിനെ ഭഗവദ്ഗീതയുമായി താരതമ്യപ്പെടുത്തി. ബൈബിളിലെ "ഞാൻ നിങ്ങളോടു പറയുന്നത് ദുഷ്ടനോട് ചെറുത്തുനിൽക്കരുത്, നിന്റെ ഒരു കരണത്തടിക്കുന്നവനു മറുകരണം കൂടി കാണിച്ചുകൊടുക്കുക, നിന്നോടു വ്യവഹരിച്ച് നിന്റെ വസ്ത്രം കൈവശപ്പെടുത്താൻ ശ്രമിക്കുന്നവനു നിന്റെ മേൽവസ്ത്രംകൂടി നൽകുക" എന്നീ വരികൾ അളവില്ലാത്തവിധം തന്നെ ആഹ്ലാദിപ്പിച്ചുവെന്നും ശാമൾ ഭട്ടിന്റെ 'ഒരു മൊന്ത വെള്ളം ചോദിക്കുന്നയാൾക്ക് നിറയെ ഭക്ഷണം കൂടി നൽകൂ' എന്ന വരികൾ തന്റെ മനസ്സിലേക്ക് എത്തിച്ചുവെന്നും ഗാന്ധി പറയുന്നു. ഗാന്ധിജിയുടെ ചെറുപ്പമാർന്ന മനസ്സ് ഭഗവദ്ഗീതയെയും 'ലൈറ്റ് ഓഫ് ഏഷ്യ'യെയും ഗിരിപ്രഭാഷണത്തെയും താരതമ്യപ്പെടുത്തി. ത്യാഗമാണ് മതത്തിന്റെ ഏറ്റവും ഉയർന്ന രൂപമെന്നു ഗാന്ധിക്ക് ബോധ്യമായി. തന്നിൽ ഗൗരവമായ മാറ്റങ്ങൾ വരുത്തിയ ലോകത്തിലെ മഹാനായ ഗുരുവിന്റെ സ്ഥാനമാണ് ക്രിസ്തുവിന് തന്റെ ഹൃദയത്തിലുള്ളതെന്നു ഗാന്ധി ഊന്നിപ്പറയുന്നു. ഗിരിപ്രഭാഷണമാണ് യേശുവിനെ തനിക്ക് പ്രിയപ്പെട്ടവനാക്കി മാറ്റിയതെന്നു ഗാന്ധി പലപ്പോഴും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ

യേശുദേവൻ ഗാന്ധിക്ക് ആരായിരുന്നു? അദ്ദേഹം പറയുന്നു: "മാനവരാശിയുടെ ഏറ്റവും വലിയ ഗുരുവാണ് യേശു." ഗാന്ധിയെ യേശുവിലേക്ക് ആകർഷിച്ചത് അദ്ദേഹത്തിന്റെ സഹനജീവിതം തന്നെയായിരുന്നു. മറ്റുള്ളവർക്കു വേണ്ടിയുള്ള സഹനം ഗാന്ധി ലോകത്തിനു നൽകിയ സന്ദേശങ്ങളുടെ ആധാരശിലകളിലൊന്നായിത്തന്നെ പിന്നീടു മാറി. ഗാന്ധിയുടെ സത്യഗ്രഹസമരത്തിന്റെ അടിസ്ഥാനം സത്യം, അഹിംസ, സ്വയംസഹനം അഥവാ തപസ്യ എന്നീ മൂന്നു തത്ത്വങ്ങളാണ്. ഈ മൂന്നു തത്ത്വങ്ങളും അദ്ദേഹം ക്രിസ്തുവിന്റെ ജീവിതത്തിൽ കണ്ടെത്തി. അതിൽത്തന്നെ തപസ്യ അഥവാ മറ്റുള്ളവർക്കുവേണ്ടിയുള്ള സഹനം, അല്ലെങ്കിൽ ത്യാഗം എന്ന ക്രിസ്തുദർശനം ഗാന്ധിയെ ഏറെ ആകർഷിച്ചു. ഗാന്ധി വ്യക്തമാക്കുന്നു: " യേശുവിന്റെ ഉദാഹരണം, അഥവാ സഹനം എന്നത് എന്റെ അഹിംസയിലുള്ള ഒരിക്കലും നശിക്കാത്ത വിശ്വാസത്തിൽ ഉൾച്ചേർന്നിരിക്കുന്നു. എന്റെ എല്ലാ പ്രവൃത്തികളെയും അത് നിയന്ത്രിക്കുന്നു. ലൗകികവും ഐഹികവുമായ എല്ലാറ്റിനേയും." സത്യഗ്രഹികളുടെ രാജകുമാരൻ എന്നാണ് ഗാന്ധി യേശുവിനെ വിശേഷിപ്പിക്കുന്നത്.

### ഇസ്‌ലാമിന്റെ സ്വാധീനം

ഇസ്‌ലാം എന്ന വാക്കിന്റെ അർഥം സമാധാനം എന്നാണ്. തോമസ് കാർലേ രചിച്ച 'ഹീറോസ് ആൻഡ് ഹീറോ വർഷിപ്പ്' ലണ്ടനിൽ വച്ചാണ് ഗാന്ധി വായിക്കുന്നത്. ഗാന്ധി എഴുതുന്നു: "പ്രവാചകനെ വീരയോദ്ധാവായി അവതരിപ്പിക്കുന്ന അധ്യായത്തിൽനിന്നാണ് അദ്ദേഹത്തിന്റെ മഹത്ത്വം, ധീരത, കഠിനമായ ജീവിതം എന്നിവയെക്കുറിച്ചുള്ള അറിവ് എനിക്ക് ലഭിച്ചത്. വിശുദ്ധ ഖുർആൻ മുന്നോട്ടുവയ്ക്കുന്ന ചൂഷണരഹിതമായ വ്യവസ്ഥിതി, നീതി, അനുകമ്പ എന്നിവയും ഗാന്ധിയെ സ്വാധീനിച്ചു. ഇസ്‌ലാം ജാതിവ്യവസ്ഥയ്ക്ക് എതിരാണ്. ഖുർആന്റെ അടിസ്ഥാനത്തിൽ ജീവിതലക്ഷ്യം എന്നത് വ്യക്തിയുടെ സന്തോഷവും ക്ഷേമവുമാണ്. ഇസ്‌ലാം സഹിഷ്ണുതയെപ്പറ്റിയും സാർവലൗകികസ്നേഹത്തെക്കുറിച്ചും പഠിപ്പിക്കുന്ന മതംകൂടിയാണ്.



**നമുക്കു പരിശോധിക്കാം**

**വിവിധ മതങ്ങൾ ഗാന്ധിയുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനങ്ങൾ എന്തെല്ലാം? കൂട്ടായി ചർച്ചചെയ്ത് റിപ്പോർട്ട് തയാറാക്കുക.**

### ഗാന്ധിയിൽ ലണ്ടൻജീവിതം വരുത്തിയ മാറ്റങ്ങൾ

- സ്വന്തം താൽപ്പര്യപ്രകാരമുള്ള സസ്യാഹാരത്തിന്റെ തിരഞ്ഞെടുപ്പ്
- ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം
- എഴുത്ത്, പ്രസിദ്ധീകരണം എന്നിവയിലുള്ള കഴിവിന്റെ വികാസം
- സംഘടനാപ്രവർത്തനവും രീതികളും സ്വായത്തമാക്കി.
- പുരോഗമനപ്രസ്ഥാനങ്ങളുമായുള്ള ബന്ധം

- വിവിധ മതഗ്രന്ഥങ്ങളുമായുള്ള പരിചയം
- ആത്മീയതയിലുള്ള അറിവ്
- അഭിഭാഷകനായത്
- ഇംഗ്ലീഷ്, ലാറ്റിൻ, ഫ്രഞ്ച്, യന്ത്രശാസ്ത്രം, രസതന്ത്രം, ഊർജതന്ത്രം, ചരിത്രം, ഭൂമിശാസ്ത്രം, ഗണിതശാസ്ത്രം എന്നീ വിഷയങ്ങളിൽ ലണ്ടൻ യൂണിവേഴ്സിറ്റി പരീക്ഷകളിൽ വിജയം.

**നമുക്കു ചെയ്യാം**



ഇംഗ്ലണ്ടിലെ കാലം ഗാന്ധിജിയുടെ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങളിൽനിന്ന് ഏറ്റവും പ്രധാനപ്പെട്ട അഞ്ചെണ്ണം തിരഞ്ഞെടുത്ത് ഒന്നുമുതൽ അഞ്ചു വരെ സ്ഥാനം നൽകുക. കൂട്ടായി ചർച്ചചെയ്ത് ക്ലാസിൽ അവതരിപ്പിക്കുക.

- കൃത്യനിഷ്ഠ
- നിത്യജീവിതത്തിൽ ഡയറിയെഴുതുന്ന ശീലം
- സിഡ്നി ജെയിംസ് വെബ്, ജോർജ് ബെർണാഡ് ഷാ എന്നീ എഴുത്തുകാരുമായുള്ള സമ്പർക്കം.
- തത്ത്വചിന്തകരായ എഡ്വേഡ് കാർപെന്റർ, മാഡം ബ്ലവട്സ്കി, ആനി ബസന്റ് എന്നിവരുമായുള്ള പരിചയം.

മോഹൻദാസ് കരംചന്ദ് ഗാന്ധിയിൽനിന്ന് മഹാത്മാവിലേക്കുള്ള ഗാന്ധിയുടെ പരിവർത്തനം നിരവധി സ്വാധീനങ്ങളുടെ ആകത്തുകയാണ്. ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യം, നാഗരികത, കുടുംബപശ്ചാത്തലം, കുട്ടിക്കാലത്തെയും സ്കൂളിലെയും അനുഭവങ്ങൾ, മൂന്നുവർഷത്തെ ലണ്ടൻജീവിതം എന്നിവ അവയിൽ ചിലതാണ്. ഗാന്ധി തുടക്കത്തിൽ ലജ്ജാശീലത്തിന് ഉടമയായിരുന്നു. എന്നാൽ തന്റെ ലജ്ജാശീലം ലണ്ടൻ ജീവിതത്തിനിടെ പുതിയ കാര്യങ്ങൾ പഠിക്കുന്നതിന് അദ്ദേഹത്തിനു തടസ്സമായില്ല. ചർച്ചകളിലും സാമൂഹികപ്രവർത്തനങ്ങളിലും അദ്ദേഹം ഉത്സാഹത്തോടെയും വലിയ താൽപ്പര്യത്തോടെയും പങ്കെടുത്തു.



**നമുക്കു പരിശോധിക്കാം**

*എം.കെ. ഗാന്ധിയുടെ ജീവിതം രൂപാന്തരപ്പെടുത്തുന്നതിൽ വിവിധ സ്വാധീനങ്ങളും അതുളവാക്കിയ ഫലങ്ങളും ചർച്ചചെയ്യുക.*

### എം.കെ. ഗാന്ധി അഭിഭാഷകനായി ഇന്ത്യയിൽ

മോഹൻദാസ് കരംചന്ദ് ഗാന്ധി 1891 ജൂൺ 12 ന് ഇന്ത്യയിലേക്കു തിരിച്ചു. നാട്ടിലെത്തിയ അദ്ദേഹത്തെ കാത്തിരുന്ന ആദ്യ ആഘാതം അമ്മയുടെ മരണവാർത്തയായിരുന്നു. ബോംബേ ഹൈക്കോടതിയിൽ അദ്ദേഹം അഭിഭാഷകനായി 1892 മെയ്മാസത്തിൽ എൻറോൾ ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ ആദ്യത്തെ കേസ് പരാജയമായി. രാജ്കോട്ടിലേക്കു മടങ്ങിയ അദ്ദേഹം അവിടെ സഹോദരൻ ലക്ഷ്മീദാസിനെ സഹായിക്കാൻ തുടങ്ങി. പൊളിറ്റിക്കൽ ഏജന്റ് ഇ.ബി.കെ. ഒലിവന്റിന്റെ അടുത്ത് ഒരു ശുപാർശ ചെയ്യാൻ ഇക്കാലത്ത് സഹോദരൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഗാന്ധിക്ക് അദ്ദേഹത്തെ ലണ്ടനിൽ വച്ച് പരിചയവുമുണ്ടായിരുന്നു. എന്നാൽ ഗാന്ധിയോട് ഒലിവന്റ് കോപിക്കുകയും

ജ്യേഷ്ഠൻ കുറ്റക്കാരനാണെന്ന് രോഷത്തോടെ വ്യക്തമാക്കുകയും ചെയ്തു. തന്നെ സ്വാധീനിക്കാൻ ശ്രമിച്ചതിനു ഗാന്ധിയെ ഒലിവന്റ് അപമാനിച്ചു. ഈ സംഭവത്തിനുശേഷം വ്യക്തിപരമായ കാര്യങ്ങൾക്കായി ഒരാൾക്കുവേണ്ടിയും സൗഹൃദങ്ങൾ ദുരുപയോഗപ്പെടുത്തില്ലെന്ന തീരുമാനം അദ്ദേഹം കൈക്കൊണ്ടു. ഇന്ത്യയിലെ ജീവിതത്തിൽ ഗാന്ധി തികച്ചും അസംതൃപ്തനായിരുന്നു. ഇന്ത്യക്കു പുറത്തുപോവാൻ അദ്ദേഹം ആഗ്രഹിച്ചു. ഇക്കാലയളിൽ ദക്ഷിണാഫ്രിക്കയിലെ ദാദാ അബ്ദുള്ള ആൻഡ് കമ്പനിയിൽനിന്ന് അദ്ദേഹത്തിന് ഒരു ജോലിവാഗ്ദാനം ലഭിച്ചു. ഒരു വർഷമായിരുന്നു കാലാവധി. ഈ വാഗ്ദാനം സ്വീകരിച്ച് 1893-ൽ 24-ാം വയസ്സിൽ ഗാന്ധി ദക്ഷിണാഫ്രിക്കയിലേക്കു യാത്രതിരിച്ചു.

## ഗാന്ധിയെ സ്വാധീനിച്ച ഇന്ത്യൻ വ്യക്തിത്വങ്ങൾ

### ശ്രീമദ് രാജാചന്ദ്രാ (റായ്ചന്ദ്)

ജൈനതത്ത്വചിന്തകനായ ശ്രീമദ് രാജാചന്ദ്ര ഗാന്ധിയുടെ ഏറ്റവും അടുത്ത സുഹൃത്തുക്കളിലൊരാളായിരുന്നു. ജൈനതത്ത്വങ്ങളിൽ അഗാധമായ പാണ്ഡിത്യമുള്ള പ്രതിഭയാണ് റായ് ചന്ദ്ബായി എന്നറിയപ്പെട്ടിരുന്ന ശ്രീമദ് രാജാചന്ദ്ര. ഇംഗ്ലണ്ടിൽനിന്നു മടങ്ങിയെത്തിയ ഗാന്ധി അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി. സവിശേഷസ്വഭാവത്തിനുടമയായ അദ്ദേഹം ശതാവധാനി (ഒരേസമയം നൂറിലേറെ കാര്യങ്ങളിൽ ഇടപെടാനുള്ള കഴിവ്) എന്നും അറിയപ്പെട്ടിരുന്നു. ധർമശാസ്ത്രാദികളിൽ അദ്ദേഹത്തിന് അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നു. റായ്ചന്ദിന്റെ പ്രസംഗങ്ങളിലൂടെയും മതത്തെക്കുറിച്ചും ഈശ്വരനെക്കുറിച്ചുമുള്ള ലേഖനങ്ങളിലൂടെയുമാണ് ഗാന്ധിക്ക് അദ്ദേഹത്തിന്റെ ആത്മീയമായജ്ഞാനത്തെ തിരിച്ചറിയാൻ കഴിഞ്ഞത്. ഈശ്വരനെ മുഖാമുഖം കാണുന്നതിനുള്ള തീവ്രമായ ആഗ്രഹത്തെക്കുറിച്ചും ആത്മസാക്ഷാൽക്കാരത്തെക്കുറിച്ചും ഗാന്ധി റായ്ചന്ദുമായി ചർച്ചകൾ നടത്തി. ദക്ഷിണാഫ്രിക്കയിലായിരിക്കെ അദ്ദേഹം തന്റെ ആത്മീയപ്രതിസന്ധികളെക്കുറിച്ചും സംശയങ്ങളെക്കുറിച്ചുമുള്ള ഒരു ചോദ്യാവലിതന്നെ രാജാചന്ദ്രയ്ക്ക് അയച്ചുകൊടുത്തു. 27 ചോദ്യങ്ങൾ അടങ്ങുന്ന ഗാന്ധിയുടെ കത്തിന് രാജാചന്ദ്ര ഉചിതവും അദ്ദേഹത്തിന്റെ സംശയങ്ങൾ ദൂരീകരിക്കുന്നതുമായ ഉത്തരങ്ങൾ നൽകുകയും ചെയ്തു. തന്നിലെ ആത്മീയതയുടെ വളർച്ചയിൽ റായ്ചന്ദിന്റെ പങ്കിനെപ്പറ്റി ഗാന്ധിജി ആത്മകഥയിൽ എടുത്തുപറഞ്ഞിട്ടുണ്ട്.

### ഗോപാലകൃഷ്ണ ഗോഖലെ

ഗോഖലെയെ തന്റെ രാഷ്ട്രീയഗുരു എന്ന നിലയിൽ ഗാന്ധിജി അംഗീകരിച്ചിരുന്നു. തന്റെ ഇളയ സഹോദരൻ എന്ന നിലയിലാണ് ഗോഖലെ ഗാന്ധിയെ നോക്കിക്കണ്ടത്. ഗോഖലെയുടെ പ്രവർത്തനശൈലി ഗാന്ധിജിയെ വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഗോഖലെയുടെ പ്രവർത്തനങ്ങൾ കണ്ടുനിൽക്കുന്നതുതന്നെ ഒരു വിദ്യാഭ്യാസമാണ്. ഒരു മിനിറ്റ് പോലും പാഴാക്കാതെ അദ്ദേഹം തന്റെ രാജ്യത്തെ മനുഷ്യർക്കായി സേവനങ്ങളിലേർപ്പെട്ടു. ഇന്ത്യയിലെ ദാരിദ്ര്യത്തെക്കുറിച്ച് അദ്ദേഹം ഏറെ ആകുലനായിരുന്നു. സ്വാതന്ത്ര്യമെന്ന ഗോഖലെയുടെ ആദർശം ഗാന്ധിയെ ഏറെ ആകർഷിക്കുകയുണ്ടായി. പൊതുവിൽ പറഞ്ഞാൽ, ഗോഖലെയുടെ വ്യക്തിത്വം, ജീവിതശൈലി, പ്രായോഗികജ്ഞാനം, ലാളിത്യം എന്നിവ ഗാന്ധിയെ ആഴത്തിൽ സ്വാധീനിക്കുകയും തന്റെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ ഏറെ സഹായിക്കുകയും ചെയ്തു.

## സംഗ്രഹം


- ലണ്ടനിൽവച്ച് എം. കെ. ഗാന്ധി വിവിധ മതങ്ങളുടെ വിശുദ്ധഗ്രന്ഥങ്ങൾ ഉൾപ്പെടെ അസംഖ്യം പുസ്തകങ്ങൾ വായിക്കുകയുണ്ടായി.
- വിവിധ ചിന്തകരോടും എഴുത്തുകാരോടും സാമൂഹികപ്രവർത്തകരോടും ലണ്ടനിൽവച്ച് എം.കെ. ഗാന്ധി നിരവധി ചർച്ചകൾ നടത്തുകയും ഇത് അദ്ദേഹത്തിന്റെ ബൗദ്ധികവികാസത്തിന് ഏറെ സഹായകമാവുകയും ചെയ്തു.
- ലണ്ടനിൽവച്ച് പുരോഗമനചിന്തകളോടും പ്രസ്ഥാനങ്ങളോടും ഗാന്ധി സമ്പർക്കത്തിലേർപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ആന്തരികമായ രൂപാന്തരത്തിൽ ഇതു നിർണായക ഘട്ടമായിരുന്നു.
- എം.കെ. ഗാന്ധി ആന്തരികമായ കരുത്തു നേടിയതും ദൃഢവിശ്വാസങ്ങൾ വികസിപ്പിച്ചെടുത്തതും തന്റെ രൂപാന്തരത്തിന്റെ ആദ്യഘട്ടമായ ഈ കാലത്താണ്.

## എനിക്കു കഴിയും

- ഗാന്ധിയുടെ വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ കുടുംബപശ്ചാത്തലവും മാതാപിതാക്കളും എങ്ങനെ സ്വാധീനിച്ചു എന്നു വിശദീകരിക്കുക.
- ഗാന്ധിയുടെ ആദ്യകാല ജീവിതാനുഭവങ്ങളിലെ സത്യത്തിന്റെയും അഹിംസയുടേയും പങ്ക് വരച്ചു കാട്ടുക.
- എം.കെ. ഗാന്ധിയുടെ കുട്ടിക്കാലവും വിദ്യാർഥിജീവിതവും വിശകലനം ചെയ്യുക.
- ലണ്ടൻ ജീവിതത്തിലെ വിവിധ അനുഭവങ്ങൾ ചർച്ചചെയ്യുക. അവ എം.കെ. ഗാന്ധിയിൽ ഉണ്ടാക്കിയ ഫലങ്ങൾ എന്തെല്ലാമെന്നു തിരിച്ചറിയുക.
- ലജ്ജാശീലം മറികടക്കുന്നതിനും നേതൃഗുണങ്ങൾ വളർത്തിയെടുക്കുന്നതിനും ലണ്ടൻ വെജിറ്റേറിയൻ സൊസൈറ്റി എം.കെ. ഗാന്ധിയെ എങ്ങനെയാണ് സഹായിച്ചത് എന്നു വിവരിക്കുക.
- എം.കെ. ഗാന്ധിയുടെ രൂപാന്തരത്തിന് സഹായകമായ വിവിധ ഘടകങ്ങളും അവയുടെ സ്വാധീനങ്ങളും വിലയിരുത്തുക.
- ഗാന്ധിയെ വിവിധ മതങ്ങൾ എപ്രകാരമാണ് സ്വാധീനിച്ചതെന്നും അവയുണ്ടാക്കിയ ഫലങ്ങൾ എന്തെന്നും തിരിച്ചറിയുക.
- ഗോപാലകൃഷ്ണ ഗോഖലെയും രാജാചന്ദ്രയും എം. കെ. ഗാന്ധിയെ സ്വാധീനിച്ചതെങ്ങനെയെന്നു വിവരിക്കുക.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഇന്ത്യയുടെ സവിശേഷമായ സാംസ്കാരവും സമ്പന്നമായ പൈതൃകവും മോഹൻദാസ് കരംചന്ദ് ഗാന്ധിയിൽ നിന്നു മഹാത്മാഗാന്ധിയിലേക്കുള്ള രൂപാന്തരത്തിൽ നേരിട്ടു സ്വാധീനം ചെലുത്തിയിട്ടുണ്ട് –വിലയിരുത്തുക.
2. ഒരു വ്യക്തിയുടെ കുടുംബപശ്ചാത്തലം, മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ, സുഹൃത്തുക്കൾ, സംസ്കാരം, മതം,വിദ്യാഭ്യാസം, ജീവിക്കുന്ന കാലം എന്നിവ ആ വ്യക്തിയുടെ സ്വഭാവരൂപീകരണത്തിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഇത് അസാധാരണവും പ്രസക്തവുമാണ്– വിലയിരുത്തുക.
3. ഗാന്ധി ആത്മകഥയിൽ എഴുതുന്നു: " ഇത് അഹിംസയിൽ എനിക്കൊരു സാധനാപാഠമായിരുന്നു. അന്ന് എനിക്കതിൽ അച്ഛനു മകനോടുള്ള സ്നേഹത്തിൽ കവിഞ്ഞ് ഒന്നും വായിച്ചെടുക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇന്ന് അതു ശുദ്ധമായ അഹിംസയായിരുന്നുവെന്ന് എനിക്കറിയാം". ഈ സംഭവം ഏതെന്നു തിരിച്ചറിയുക, നിങ്ങളുടെ ജീവിതത്തിൽ ഇതൊരു സാധനാപാഠമാകുന്നതെങ്ങനെയെന്നു വ്യക്തമാക്കുക.
4. മോഹൻദാസിന്റെ ജീവിതത്തിൽ രാജാ ഹരിശ്ചന്ദ്രനും ശ്രവണനും, മാതൃകകളും പരിശുദ്ധമായ ജീവിതം നയിക്കുന്നതിനുള്ള പ്രചോദനവുമായിത്തീർന്നു. ഇവരുടെ സ്വാധീനം ഗാന്ധിയുടെ ജീവിതത്തിലും ചിന്തകളിലും എങ്ങനെയാണ് പ്രതിഫലിച്ചത്?
5. മോഹൻദാസ് വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ തന്റെ അടിസ്ഥാനതത്ത്വങ്ങളിൽ വിട്ടുവീഴ്ചയ്ക്ക് തയാറായിരുന്നില്ല എന്നത് കെറ്റിൽ സംഭവം കാട്ടിത്തരുന്നു. മി. ഗിൽസിന്റെ സ്കൂൾ പരിശോധനയുമായി ബന്ധപ്പെടുത്തി ഇക്കാര്യം വിവരിക്കുക.
6. "ഗാന്ധി അമ്മയ്ക്കു നൽകിയ പ്രതിജ്ഞ പാലിക്കുന്നതിനായി മാംസാഹാരം വർജിച്ചു. എന്നാൽ എന്റെ നിലപാടു ഇക്കാര്യത്തിൽ വ്യത്യസ്തമാണ്, എന്റെ മാംസവർജനം അമ്മയ്ക്ക് ഭ്രാന്ത് പിടിപ്പിക്കുന്ന ഒന്നായി. കാരണം ഞാൻ നശിക്കുമെന്ന് അമ്മ ചിന്തിച്ചു." ലണ്ടൻ വെജിറ്റേറിയൻ സൊസൈറ്റിയുടെ വാർഷികയോഗത്തിൽ 1931 നവംബർ 20ന് ഹെൻറി സാൾട്ട് നടത്തിയ പ്രസംഗത്തിൽനിന്നുള്ള പരാമർശമാണ് മുകളിൽ നൽകിയിരിക്കുന്നത്. ഗാന്ധി എപ്രകാരമാണ് സസ്യാഹാരത്തിന്റെ സന്ദേശവാഹകനായതെന്നു വിശദീകരിക്കുക.
6. സസ്യാഹാരപ്രസ്ഥാനം ഗാന്ധിജിയെ എപ്രകാരം സ്വാധീനിച്ചു എന്നു വിശകലനം ചെയ്യുക.
7. "ഹിന്ദുമതത്തിൽക്കൂടിയാണ് ഞാൻ ക്രിസ്തുമതത്തെയും ഇസ്ലാം മതത്തെയും ആദരിക്കാൻ പഠിച്ചത്." ഹിന്ദുമതത്തിലെ മൂല്യങ്ങൾ എം.കെ. ഗാന്ധിയെ സ്വാധീനിച്ചതെങ്ങനെയെന്നു വിലയിരുത്തുക.



3

# എം.കെ. ഗാന്ധിയുടെ രൂപാന്തരം
## രണ്ടാം ഘട്ടം

### പ്രധാനാശയങ്ങൾ

- പീറ്റർ മാരിറ്റ്സ്ബർഗ് അനുഭവം
- വോട്ടവകാശ നിരോധനനിയമവും നേറ്റാൾ ഇന്ത്യൻ കോൺഗ്രസും
- മൂന്നു പവൻ നികുതി
- പച്ചലഘുലേഖ
- ഇന്ത്യൻ ഒപ്പീനിയൻ
- ബോവർ യുദ്ധവും സുളുകലാപവും
- പാശ്ചാത്യചിന്തകരും ഗാന്ധിയും
- സമൂഹജീവിതപരീക്ഷണങ്ങൾ
- സത്യഗ്രഹത്തിന്റെ ഉദ്ഭവം

R2T7I4

മോഹൻദാസ് കരംചന്ദ് ഗാന്ധി ദക്ഷിണാഫ്രിക്കയിൽ എത്തുന്നതിനു മുമ്പുള്ള ജീവിതവും അനുഭവങ്ങളുമാണ് കഴിഞ്ഞ അധ്യായത്തിൽ വിശദമാക്കിയത്. എം.കെ. ഗാന്ധിയിൽനിന്നു മഹാത്മാഗാന്ധി എന്ന വ്യക്തിത്വത്തിലേക്കുള്ള അദ്ദേഹത്തിന്റെ വളർച്ചയും പരിണാമവുമാണ് ഈ അധ്യായം ചർച്ചചെയ്യുന്നത്. അദ്ദേഹത്തിന്റെ ജീവിതത്തിൽ നിർണായകമായി മാറിയ അനുഭവങ്ങൾ, പരീക്ഷണങ്ങൾ, സ്വാധീനിച്ച ഘടകങ്ങൾ എന്നിവയെപ്പറ്റിയും നടത്തിയ ഇടപെടലുകളുടെ പരിണതഫലങ്ങളെപ്പറ്റിയുമാണു നാം ഇവിടെ പഠിക്കുന്നത്. പീറ്റർമാരിറ്റ്സ്ബർഗ് സംഭവം, വോട്ടവകാശനിരോധനം, നേറ്റാൾ ഇന്ത്യൻ കോൺഗ്രസിന്റെ രൂപീകരണം, മൂന്നുപവൻ നികുതി സമരം, ഇന്ത്യൻ ആംബുലൻസ് സേന എന്നിവയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ, ജോൺ റസ്കിൻ, ലിയോ ടോൾസ്റ്റോയ്, ഹെൻറി ഡേവിഡ് തോറോ എന്നീ പാശ്ചാത്യചിന്തകർ ചെലുത്തിയ സ്വാധീനം, സമൂഹജീവിതപരീക്ഷണങ്ങൾ, ബ്രഹ്മചര്യവ്രതം, സത്യഗ്രഹത്തിന്റെ ഉത്ഭവം എന്നിവയാണ് ഇവിടെ വിശദമാക്കുന്നത്.

### ഗാന്ധി ദക്ഷിണാഫ്രിക്കയിൽ

നമുക്കു ചർച്ചചെയ്യാം:

- ദക്ഷിണാഫ്രിക്കയെപ്പറ്റി ചിന്തിക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിലേക്ക് കടന്നുവരുന്നതാരാണ്? (2013-ൽ അദ്ദേഹം അന്തരിച്ചു).
- മറ്റുള്ളവരിൽനിന്ന് അദ്ദേഹത്തെ പ്രശസ്തനും വ്യത്യസ്തനുമാക്കുന്നതെന്താണ്?
- അദ്ദേഹത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച വ്യക്തി ആരാണ്?

ദാദാ അബ്ദുള്ള ആൻഡ് കമ്പനി നൽകിയ വാഗ്ദാനം സ്വീകരിച്ച് 1893-ൽ തന്റെ 24-ാം വയസ്സിലാണു മോഹൻദാസ് കരംചന്ദ് ഗാന്ധി ഒരു വർഷത്തേക്ക് ദക്ഷിണാഫ്രിക്കയിലേക്കു പ്രവാസജീവിതത്തിനായി പുറപ്പെടുന്നത്.

### പ്രവർത്തനം

നമുക്കു ചർച്ചചെയ്യാം

- ഇന്ത്യയിൽ എല്ലായിടത്തും ഒരേ വസ്ത്രധാരണ രീതിയാണോ?
- നമ്മുടെ രാജ്യത്തു നിലവിലുള്ള വ്യത്യസ്തങ്ങളായ വസ്ത്രധാരണരീതികൾ തിരിച്ചറിയുക.
- വ്യത്യസ്ത വസ്ത്രധാരണരീതികൾക്ക് ഓരോ സമൂഹവും മുൻഗണന നൽകുന്നതെന്തുകൊണ്ട്?
- പരമ്പരാഗത വേഷങ്ങൾ ധരിക്കാൻ പാടില്ലെന്നൊരാൾ പറഞ്ഞാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും?

ഇതേപോലൊരു അനുഭവം ദക്ഷിണാഫ്രിക്കയിൽ എത്തിയ ആദ്യദിവസങ്ങളിൽ ഗാന്ധിക്ക് നേരിടേണ്ടിവന്നു. ഈ അവസരത്തിൽ അദ്ദേഹം പ്രതികരിച്ചത് എപ്രകാരമെന്നു പരിശോധിക്കാം.

ഡർബനിൽ കപ്പലിറങ്ങിയ ഗാന്ധിക്ക് പ്രിട്ടോറിയയിലേക്കു പോകുന്നതിനു മുന്നോടിയായി അവിടെ താമസിക്കേണ്ടതായി വന്നു. ഗാന്ധിജിയെ ദക്ഷിണാഫ്രിക്കയിലേക്ക് ക്ഷണിച്ച ദാദാ അബ്ദുള്ള ആൻഡ് കമ്പനി ഉടമയായ അബ്ദുള്ള സേട്ട് രണ്ടു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെയും കൂട്ടി ഡർബൻ കോടതിയിലേക്കു പോയി. ദക്ഷിണാഫ്രിക്കയിലെ കോടതിനടപടികൾ ഗാന്ധിക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയായിരുന്നു ഉദ്ദേശ്യം. പല പ്രധാന വ്യക്തികളെയും അവിടെവച്ച് അദ്ദേഹം ഗാന്ധിക്ക് പരിചയപ്പെടുത്തി. കമ്പനിയുടെ അഭിഭാഷകനൊപ്പം ഗാന്ധി കോടതിക്കുള്ളിൽ ഇരുന്നു. ഈ സമയത്ത് ജഡ്ജിയിൽനിന്നുണ്ടായ നിർദേശം ഗാന്ധിക്ക് അംഗീകരിക്കാനായില്ല. അതേപ്പറ്റി ഗാന്ധി പറയുന്നതിങ്ങനെ: "ജഡ്ജി എന്നെ നിരീക്ഷിക്കുകയും രൂക്ഷമായി നോക്കിക്കൊണ്ട് തലപ്പാവ് അഴിച്ചുമാറ്റുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഞാനതു തിരസ്കരിക്കുകയും കോടതിയിൽനിന്ന് ഇറങ്ങിപ്പോരുകയും ചെയ്തു". ഇന്ത്യയിൽനിന്നുള്ള മുസ്ലിംകൾക്കു മാത്രമാണ് കോടതിമുറിക്കുള്ളിൽ പരമ്പരാഗത തലപ്പാവ് ധരിക്കാനുള്ള അനുവാദമുണ്ടായിരുന്നത്. മറ്റുള്ളവർ കോടതിയിൽ പ്രവേശിക്കുന്നതിനു മുമ്പ് തലപ്പാവ് അഴിച്ചുമാറ്റണമെന്നാണു കീഴ്വഴക്കം. ഇതാണ് ജഡ്ജി അപ്രകാരം പറയാനുള്ള കാരണമെന്ന് അബ്ദുള്ള സേട്ട് ഗാന്ധിയോട് വ്യക്തമാക്കിയെങ്കിലും ഇതംഗീകരിക്കാൻ അദ്ദേഹത്തിനായില്ല.

തലപ്പാവ് അഴിക്കുന്നത് വ്യക്തിത്വത്തെ അവഹേളിക്കുന്നതിനു തുല്യമായാണ് ഗാന്ധിക്ക് അനുഭവപ്പെട്ടത്.'നേറ്റാൾ അഡ്വർടൈസർ' പത്രം ഈ സംഭവം റിപ്പോർട്ട് ചെയ്തു. ഗാന്ധി ഇതേത്തുടർന്നു തന്റെ ഭാഗം വിശദീകരിച്ച് പത്രാധിപർക്ക് കുറിപ്പ് അയക്കുകയും അതു പ്രസിദ്ധീകരിക്കുകയും ചെയ്തു. ദക്ഷിണാഫ്രിക്കയിൽ എത്തി ഒരാഴ്ചയ്ക്കുള്ളിൽ അപ്രതീക്ഷിതമായ പ്രശസ്തി അദ്ദേഹത്തിനു ലഭിക്കാൻ ഇതു വഴിയൊരുക്കി. മാധ്യമങ്ങൾ 'അസ്വീകാര്യനായ അതിഥി' എന്ന വിശേഷണത്തോടെ ദക്ഷിണാഫ്രിക്കയിലെ ആദ്യദിനങ്ങളിൽ ഗാന്ധിയെ ചിത്രീകരിക്കാൻ ഈ സംഭവം കാരണമായി.

## പീറ്റർമാരിറ്റ്സ്ബർഗ് സംഭവം

ഒരാഴ്ചയ്ക്കുശേഷം ഡർബനിൽനിന്നു ഗാന്ധി പ്രിട്ടോറിയയിലേക്ക് ട്രെയിനിൽ ഫസ്റ്റ് ക്ലാസ് കംപാർട്ട്മെന്റിൽ യാത്രയായി. വെള്ളക്കാരായ സഹയാത്രികർ യാത്രയ്ക്കിടയിൽ 'ഒരു കൂലി' ട്രെയിനിൽ ഫസ്റ്റ് ക്ലാസിൽ തങ്ങൾക്കൊപ്പം യാത്രചെയ്യുന്നതിനെതിരേ പരാതിപ്പെട്ടു. മൂന്നാം ക്ലാസിലേക്കു മാറാൻ ആവശ്യമുന്നയിക്കുകയും ചെയ്തു. ഈ ആവശ്യം നിരസിച്ച ഗാന്ധിയെ പീറ്റർമാരിറ്റ്സ്ബർഗിൽ എത്തിയപ്പോൾ ബലമായി ട്രെയിനിൽ നിന്നു പുറത്താക്കി. തുടർന്ന് ഒരു രാത്രി മുഴുവനും ഗാ



പീറ്റർ മാരിറ്റ്സ്ബർഗ് റെയിൽവേസ്റ്റേഷൻ

ന്ധി സ്റ്റേഷനിലെ പ്ലാറ്റ്ഫോമിൽ കഴിഞ്ഞു. ഈ സംഭവം അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതത്തിലെ വഴിത്തിരിവായിരുന്നു. ഗാന്ധി അതേപ്പറ്റി പറയുന്നതിങ്ങനെയാണ്: "ഞാൻ എന്റെ കർത്തവ്യത്തെപ്പറ്റി ചിന്തിച്ചു. എന്റെ അവകാശങ്ങൾക്കുവേണ്ടി പോരാടുക, അല്ലെങ്കിൽ ഇന്ത്യയിലേക്കു മടങ്ങുക. അതുമല്ലെങ്കിൽ ഈ വിവേചനം സഹിച്ച് പ്രിട്ടോറിയയിലേക്കു പോയി കേസ് അവസാനിപ്പിച്ചശേഷം ഇന്ത്യയിലേക്കു മടങ്ങുക? എന്റെ കടമ നിർവഹിക്കാതെയുള്ള മടക്കം ഭീരുത്വമാണ്. എനിക്കു സംഭവിച്ച കഷ്ടപ്പാടുകൾ കേവലം ഉപരിപ്ലവമാണ്; വർണവിദ്വേഷം എന്ന  ആഴമേറിയ രോഗത്തിന്റെ ബാഹ്യലക്ഷണങ്ങൾ. ഈ രോഗത്തെ ഉന്മൂലനം ചെയ്യാനും ആ പ്രക്രിയയിൽ ഉണ്ടാവുന്ന കഷ്ടപ്പാടുകൾ സഹിക്കാനും ഞാൻ ശ്രമിക്കണം. എന്നോടു ചെയ്ത തെറ്റുകൾക്കു പരിഹാരം തേടുന്നതിന്, വർണവിദ്വേഷം ഇല്ലാതാക്കാൻ ആവശ്യമായിടത്തോളം വേണ്ട പരിശ്രമങ്ങൾ ഞാൻ ചെയ്യണം."

ഒടുവിൽ, ദുർഘടമായ വഴിതന്നെ മുന്നോട്ടു പോകുന്നതിനു തിരഞ്ഞെടുക്കാൻ ഗാന്ധി തീരുമാനിച്ചു– ദക്ഷിണാഫ്രിക്കയിൽ താമസിച്ച് വർണവിദ്വേഷത്തിനെതിരേ പോരാടുക. തന്റെ ശ്രമങ്ങൾ എളുപ്പമുള്ളതാകില്ല എന്ന പൂർണബോധ്യത്തോടെയാണ് അദ്ദേഹം ഈ തീരുമാനമെടുത്തത്. തുടർന്ന് അടുത്ത ട്രെയിനിൽ ഗാന്ധി പ്രിട്ടോറിയയിലേക്കുള്ള യാത്ര തുടർന്നു. പീറ്റർമാരിറ്റ്സ്ബർഗ് സംഭവത്തിനുശേഷം അടുത്ത ദിവസംതന്നെ ജോഹന്നാസ്ബർഗിൽനിന്നു പ്രിട്ടോറിയയിലേക്കുള്ള കുതിരവണ്ടിയാത്രയിൽ ഗാന്ധിക്ക് സമാനമായ മറ്റൊനുഭവം നേരിടേണ്ടിവന്നു. കുതിര വലിക്കുന്ന കോച്ചിന്റെ അകത്തിരിക്കാൻ കോച്ചിന്റെ ചുമതലക്കാരനായ വെള്ളക്കാരൻ ഗാന്ധിയെ അനുവദിച്ചില്ല. കോച്ചിന്റെ മുൻഭാഗത്ത് ജീവനക്കാർക്കുള്ള ഇരിപ്പിടമാണ് ഗാന്ധിക്ക് അനുവദിച്ചത്. അപമാനം സഹിച്ച് അദ്ദേഹം അവിടെ യാത്രചെയ്തു. പർദ്ദേക്കോഫ് എന്ന സ്ഥലത്തെത്തിയപ്പോൾ  ഗാന്ധിയോട് അവിടെനിന്നു ചവിട്ടുപടിയിലേക്കു മാറിയിരിക്കാൻ ജീവനക്കാരൻ ആവശ്യപ്പെട്ടു. അതിനു തയാറാകാത്തതിനെത്തുടർന്ന് അദ്ദേഹത്തെ മർദ്ദിക്കാൻ തുടങ്ങി. ഇതുകണ്ട് മറ്റു യാത്രക്കാർ ഇടപെട്ട് ഗാന്ധിയെ രക്ഷിക്കുകയും യാത്രതുടരാൻ അനുവദിക്കുകയും ചെയ്തു. ഇത്തരത്തിൽ അദ്ദേഹത്തിനു ദക്ഷിണാഫ്രിക്കയിൽ വെള്ളക്കാരിൽനിന്നു വർണവിദ്വേഷത്തിന്റെ നിരവധി ദുരനുഭവങ്ങൾ നേരിടേണ്ടിവന്നു.

കോടതിയിൽ വച്ച് ജഡ്ജിയിൽനിന്നു നേരിടേണ്ടിവന്ന അപമാനം, പീറ്റർമാരിറ്റ്സ്ബർഗ് സംഭവം എന്നിവ ഗാന്ധിജിയിലെ പോരാളിയായ സാമൂഹികപ്രവർത്തകനെ പുറത്തുകൊണ്ടുവന്നു

### ദൗത്യം കണ്ടെത്തുന്നു



***ചിന്തിക്കുക, പ്രവർത്തിക്കുക***

നിങ്ങൾ ഒരു ട്രെയിൻ കംപാർട്ട്മെന്റിൽ യാത്രചെയ്യുമ്പോൾ വൃത്തിയില്ലാത്ത വസ്ത്രം ധരിച്ച് യാത്രചെയ്യുന്ന ഒരാളെ മറ്റു യാത്രക്കാർ ചേർന്നു പുറത്താക്കാൻ ശ്രമിക്കുന്നു. കൂടെ യാത്രചെയ്യുന്ന വ്യക്തിയെന്ന നിലയിൽ നിങ്ങൾ എങ്ങനെ പ്രശ്നത്തിൽ ഇടപെടും? മനുഷ്യൻ അപമാനിക്കപ്പെടുന്ന സന്ദർഭങ്ങൾ നിങ്ങൾ നേരിൽ കണ്ടിട്ടുണ്ടോ? ഇത്തരം സംഭവങ്ങളിൽ നിങ്ങളുടെ പ്രതികരണം എന്തായിരിക്കും? ചർച്ച ചെയ്യുക.

ദാദാ അബ്ദുള്ളയുടെ കേസ് കോടതിക്കു പുറത്ത് രമ്യമായി പരിഹരിക്കാൻ ഗാന്ധിക്കു കഴിഞ്ഞു. പരിശ്രമശാലിയും സത്യസന്ധനുമായ യുവ അഭിഭാഷകന്റെ നിർദേശങ്ങളും വ്യവസ്ഥകളും ഇരുവിഭാഗവും അംഗീകരിച്ചു. ദാദാ അബ്ദുള്ളയുടെ സ്ഥാപനത്തിനു നൽകാനുണ്ടായിരുന്ന 37000 പൗണ്ട് നൽകാമെന്ന് തയ്ബ്സേത്ത് സമ്മതിച്ചു. ഇരുവരുടെയും കുടുംബങ്ങൾ ഇതുമൂലം വീണ്ടും അടുപ്പത്തിലാവുകയും അതു കൂടുതൽ ശക്തമായ ബന്ധത്തിനു വഴിയൊരുക്കുകയും ചെയ്തു.

കേസ് അവസാനിച്ചശേഷം എം.കെ. ഗാന്ധി ഡർബനിൽ തിരികെയെത്തി. ഇക്കാലയളവിൽ ഇന്ത്യക്കാർക്കിടയിൽ 'ഗാന്ധി ഭായി' എന്ന പേരിൽ അദ്ദേഹം സുപരിചിതനായി മാറിക്കഴിഞ്ഞിരുന്നു. ഗാന്ധിയുടെ മടക്കത്തിനു മുന്നോടിയായി ദാദാ അബ്ദുള്ള സെയ്ദൻഹാമിൽ യാത്രയയപ്പുയോഗം സംഘടിപ്പിച്ചിരുന്നു. യോഗത്തിൽ ആ ദിവസം 'നേറ്റാൾ മെർക്കുറി' എന്ന പത്രത്തിൽ വന്ന ഒരു വാർത്തയെപ്പറ്റി ഗാന്ധി വിശദീകരിച്ചു, ഇതേത്തുടർന്നു യോഗം നീണ്ടുപോയി. ഇന്ത്യക്കാർക്ക് വോട്ടവകാശം നിഷേധിച്ചുകൊണ്ട് ഒരു പുതിയ ബിൽ അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വാർത്തയായിരുന്നു അത്. ഗാന്ധി ഈ വാർത്തയെപ്പറ്റി ദാദാ അബ്ദുള്ളയോടു തിരക്കി. ഇത്തരം കാര്യങ്ങളിലൊന്നും താൽപ്പര്യമില്ലാത്തതിനാൽ ഇവയൊന്നും ശ്രദ്ധിക്കാറില്ലെന്നും അതിനാൽത്തന്നെ പ്രശ്നം എന്തെന്ന് അറിയില്ലെന്നും അദ്ദേഹം സമ്മതിച്ചു. ദക്ഷിണാഫ്രിക്കയിൽ ജനിച്ചുവളർന്ന ഇന്ത്യക്കാരെ സംഘടിപ്പിക്കുന്നതിനു നേതൃത്വം നൽകാൻ ദാദാ അബ്ദുള്ളയ്ക്ക് കഴിയുമോ എന്നായിരുന്നു ഗാന്ധിയുടെ അടുത്ത ചോദ്യം. അത്തരം ഒരു സംഘടനയ്ക്കു മാത്രമേ ഇന്ത്യക്കാർ നേരിടുന്ന ചൂഷണത്തിനെതിരേ പോരാടാനാകൂ എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. യോഗത്തിനെത്തിയവർ ഒന്നടങ്കം പ്രശ്നത്തിൽ ഗാന്ധി ഇടപെടണമെന്നും മടക്കം ഒരു മാസത്തേക്കു നീട്ടണമെന്നും ആവശ്യപ്പെട്ടു. പ്രതിഫലവും അദ്ദേഹത്തിന്റെ സേവനത്തിനു വാഗ്ദാനം ചെയ്യപ്പെട്ടു. ഗാന്ധി പ്രതിഫലം നിരസിച്ചു. "പൊതുപ്രവർത്തനത്തിന് ഫീസ് ആവശ്യമില്ല." എന്നായിരുന്നു ഇതേപ്പറ്റി അദ്ദേഹത്തിന്റെ പ്രതികരണം. താമസസൗകര്യവും നിയമപുസ്തകങ്ങൾ വാങ്ങാനുള്ള പണവും മാത്രമാണു ഗാന്ധി ആവശ്യപ്പെട്ടത്. അവിടെ കൂടിയവർ ആവശ്യമായ പണം സ്വരൂപിക്കാൻ അപ്പോൾത്തന്നെ തീരുമാനിച്ചു. യാത്രയയപ്പുയോഗം അങ്ങനെ സംഘടനയുടെ പ്രവർത്തകസമിതി യോഗമായി മാറി. ഗാന്ധിയുടെ ജീവിതത്തിലെ സുപ്രധാന വഴിത്തിരിവായി ഈ ദിനം അങ്ങനെ മാറി.

"അങ്ങനെ ദൈവം ദക്ഷിണാഫ്രിക്കയിലെ എന്റെ ജീവിതത്തിന്റെ അടിസ്ഥാനശിലപാകുകയും ദേശീയതയ്ക്കും ആത്മാഭിമാനത്തിനും വേണ്ടി പൊരുതുന്നതിനുള്ള വിത്തു വിതയ്ക്കുകയും ചെയ്തു" എന്നാണ് ഗാന്ധി ഈ സംഭവത്തെ പിന്നീട് വിശേഷിപ്പിച്ചിട്ടുള്ളത്.

### വോട്ടവകാശനിഷേധവും നേറ്റാൾ ഇന്ത്യൻ കോൺഗ്രസും

ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻവംശജരുടെ അവകാശങ്ങൾക്കുമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക എന്നതായിരുന്നു വോട്ടവകാശനിരോധനം വഴി ഭരണകൂടം ലക്ഷ്യമിട്ടത്. ഇതിന്റെ ഭാഗമായി നേറ്റാൾ നിയമനിർമാണസഭയിൽ വോട്ടവകാശ ഭേദഗതി ബിൽ അവതരിപ്പിക്കപ്പെട്ടു. ഈ നീതിനിഷേധത്തിനെതിരേ പരാതികൾക്കൊണ്ടു മാത്രം പ്രയോജനമില്ലെന്നും ഒരു സംഘടന ആവശ്യമാണെന്നും ഗാന്ധി തിരിച്ചറിഞ്ഞു. "കോൺഗ്രസ്

എന്ന പേര് ഇംഗ്ലണ്ടിലെ യാഥാസ്ഥിതിക കക്ഷികൾക്ക് അസഹ്യമായിരിക്കുമെന്ന് എനിക്കറിയാം. അതിനോടകം ഇന്ത്യയുടെ ആത്മാവായി കോൺഗ്രസ് മാറിക്കഴിഞ്ഞിരുന്നു. ഇതിനു നേറ്റാളിലും പ്രചാരം നൽകണം എന്ന് ഞാൻ ആഗ്രഹിച്ചു. അങ്ങനെ 'നേറ്റാൾ ഇന്ത്യൻ കോൺഗ്രസ്' എന്നുതന്നെ ഈ സംഘടനയെ വിളിക്കണമെന്ന് നിർദേശിച്ചു."

ഈ സമയത്തെ ഇന്ത്യക്കാരുടെ ആവേശവും നിശ്ചയദാർഢ്യവും നിറഞ്ഞ പ്രവർത്തനങ്ങൾ നോക്കിക്കണ്ട ഗാന്ധിജി അതു വിശദീകരിക്കുന്നതിങ്ങനെയാണ്:

"ദിവസവും നിരന്തരമായി യോഗങ്ങൾ കൂടിക്കൊണ്ടേയിരുന്നു. ജനങ്ങളുടെ പങ്കാളിത്തം അനുദിനം വർധിച്ചുമിരുന്നു. ആവശ്യമായതിനേക്കാൾ അധികം സംഭാവനയും പിരിഞ്ഞുകിട്ടി. പ്രതിഫലേച്ഛ കൂടാതെ നിരവധി ആളുകൾ കൈയെഴുത്തുപ്രതികൾ തയാറാക്കുന്നതിനും ഒപ്പുശേഖരണത്തിനും അതുപോലെയുള്ള മറ്റു പ്രവർത്തനങ്ങൾക്കും സന്നദ്ധരായി മുന്നോട്ടു വന്നുകൊണ്ടുമിരുന്നു."

നേറ്റാൾ ഇന്ത്യൻ കോൺഗ്രസിന്റെ പ്രവർത്തനത്തിലൂടെ ധാരാളം പുതിയ സുഹൃത്തുക്കളെ കണ്ടെത്താൻ ഗാന്ധിക്കു കഴിഞ്ഞു. കൃത്യമായ പ്രവർത്തനപരിപാടികൾക്കു സംഘടന രൂപം നൽകി. വോട്ടവകാശനിരോധന ബില്ലിന് അനുമതി നൽകുന്നതിനെതിരേ ശക്തമായി സമരപരിപാടികളായിരുന്നു നേറ്റാൾ ഇന്ത്യൻ കോൺഗ്രസ് ആദ്യം ആരംഭിച്ചത്. ഗവൺമെന്റിനു മുമ്പാകെ പരാതികൾ സമർപ്പിക്കുക, രാഷ്ട്രീയനേതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗങ്ങൾ നടത്തുക, പത്രങ്ങൾക്കു വാർത്ത എത്തിക്കുക എന്നിവയായിരുന്നു അതിൽ പ്രധാനം. ഇതിനുപുറമേ ഭരണനേതൃത്വവുമായും രാഷ്ട്രീയനേതൃത്വവുമായും ബിൽ പിൻവലിപ്പിക്കുന്നതിനായി ചർച്ചകളും നടത്തിക്കൊണ്ടിരുന്നു. വോട്ടവകാശനിരോധന ഭേദഗതി ബിൽ തടയാൻ ദക്ഷിണാഫ്രിക്കൻ ഗവൺമെന്റ് തയാറാവാത്തതിനാൽ എം.കെ. ഗാന്ധി ബ്രിട്ടിഷ് കോളനി സെക്രട്ടറിയായിരുന്ന റിപ്പൺ പ്രഭുവിന് ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി നിവേദനം നൽകി. ഒടുവിൽ നേറ്റാൾ നിയമനിർമാണസഭ ബിൽ പിൻവലിക്കാൻ തയാറായി. ഗാന്ധിയും നേറ്റാൾ ഇന്ത്യൻ കോൺഗ്രസും ചേർന്നു നൽകിയ പരാതികളുടെയും നിവേദനങ്ങളുടെയും ഫലമായി ബില്ലിന് ബ്രിട്ടൺ അംഗീകാരം നൽകിയില്ല. ഇതേത്തുടർന്ന് ബിൽ പാസാക്കാൻ കഴിഞ്ഞുമില്ല. ഗാന്ധി ദക്ഷിണാഫ്രിക്കയിൽ നേടുന്ന ആദ്യവിജയമായിരുന്നു ഇത്. ഈ സമരത്തോടെ ദക്ഷിണാഫ്രിക്കയിൽ ഇന്ത്യക്കാർ നേരിടുന്ന അപമാനങ്ങളെ ചെറുക്കുന്നതിന് സ്ഥിരമായി ഒരു സംഘടനയുടെ ആവശ്യകതയും പ്രാധാന്യവും ഗാന്ധിക്ക് ബോധ്യമായി. ഇതിന്റെ അടിസ്ഥാനത്തിൽ ദക്ഷിണാഫ്രിക്കയിലെ ആദ്യത്തെ രാഷ്ട്രീയപ്രസ്ഥാനം എന്ന നിലയിൽ ഔദ്യോഗികമായി 1894 മാർച്ച് 22 ന് നേറ്റാൾ ഇന്ത്യൻ കോൺഗ്രസ് ജന്മംകൊണ്ടു. വ്യവസ്ഥാപിതമായ സംഘടനാപ്രവർത്തനം, ജനങ്ങളെ സംഘടിപ്പിക്കൽ, നേതൃപരമായ കഴിവുകൾ എന്നിവ സ്വായത്തമാക്കാൻ സംഘടനയുടെ പിറവിയും പ്രവർത്തനങ്ങളും ഗാന്ധിക്ക് സഹായകമായി മാറി.

**നമുക്കു ചെയ്യാം**

*വോട്ടവകാശനിരോധന ബില്ലിനെതിരായ സമരത്തിലൂടെയും നേറ്റാൾ ഇന്ത്യൻ കോൺഗ്രസിന്റെ രൂപീകരണത്തിലൂടെയും എം.കെ. ഗാന്ധി ആർജിച്ച വ്യക്തിപരമായ കഴിവുകൾ കണ്ടെത്തുക.*

(a) *സർഗാത്മകസമീപനങ്ങൾ* (b) *സംഘാടനം*

## മൂന്നുപവൻ നികുതി

വോട്ടവകാശനിരോധന ബിൽ പിൻവലിച്ചിട്ടും യൂറോപ്യർക്ക് ഇന്ത്യക്കാരോടുള്ള വിദ്വേഷം അവസാനിച്ചില്ല. ഇന്ത്യക്കാരുടെ ജീവിതരീതി- ലാളിത്യം, വ്യാപാരരീതികൾ, ശുചിത്വമില്ലാത്ത ചുറ്റുപാടുകൾ എന്നിവ വെള്ളക്കാർ ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ടു പുതിയൊരു കുടിയേറ്റനിയമം കൊണ്ടുവരാൻ അവർ തീരുമാനമെടുത്തു. ഇന്ത്യയിൽനിന്നെത്തിയ കരാർത്തൊഴിലാളികൾ പ്രത്യേകം നികുതി അടയ്ക്കണമെന്നതായിരുന്നു നിർദിഷ്ട ബില്ലിലെ വ്യവസ്ഥ. ബില്ലിലെ നിബന്ധനകൾ ഇവയായിരുന്നു:

1. കരാർ അവസാനിക്കുന്ന മുറയ്ക്ക് ഇന്ത്യക്കാർ നാട്ടിലേക്കു നിർബന്ധമായും മടങ്ങേണ്ടതാണ്.
2. കരാർ കഴിഞ്ഞ് താമസിക്കുന്നവർ രണ്ടുവർഷം കഴിയുന്ന മുറയ്ക്ക് കരാർ പുതുക്കണം. ചെറിയ തോതിൽ വേതനം വർധിക്കാൻ മാത്രമാണ് സാധ്യതയുള്ളത്.
3. മേൽപ്പറഞ്ഞ നിർദേശങ്ങൾ പാലിക്കാൻ കഴിയാത്തവർ വർഷാവർഷം 25 പവൻ നികുതി അടയ്ക്കണം.

### ചിന്തിക്കുക, പ്രവർത്തിക്കുക



*മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഒരവസ്ഥ മറ്റൊരു രാജ്യത്തു നിങ്ങൾക്കുണ്ടായാൽ എങ്ങനെ പ്രതികരിക്കും?*

*ഗാന്ധിയുടെ നേതൃത്വത്തിൽ നേറ്റാൾ ഇന്ത്യൻ കോൺഗ്രസ് അന്യായനികുതി ചുമത്തുന്ന കുടിയേറ്റ ബില്ലിനെതിരേ സമരം ആരംഭിച്ചു. ബ്രിട്ടിഷ് ഇന്ത്യയിലെ ഗവൺമെന്റിനെ പ്രശ്നത്തിൽ ഇടപെടീക്കാനും സമരക്കാർക്കുമേൽ സമ്മർദ്ദം ചെലുത്താനും നേറ്റാൾ ഭരണകൂടം രണ്ടു പ്രതിനിധികളെ ഇന്ത്യയിലേക്ക് അയച്ചു. എന്നാൽ വൈസ്രോയി എൽഗിൻ പ്രഭു നേറ്റാൾ ഗവൺമെന്റിന്റെ നിർദേശം അംഗീകരിക്കാൻ തയാറായില്ല. 25 പവൻ നികുതി എന്നതു മൂന്നു പവനായി അദ്ദേഹം വെട്ടിക്കുറച്ചു.*

*അങ്ങനെ 1896-ൽ നേറ്റാൾ ഇന്ത്യൻ കോൺഗ്രസ് തങ്ങളുടെ പ്രക്ഷോഭങ്ങളിൽ ഭാഗികമായ രണ്ടു വിജയങ്ങൾ നേടി. അവ താഴെ ചേർക്കുന്നു.*

1. *ഇന്ത്യൻ വോട്ടവകാശ ഭേദഗതി ബിൽ നേറ്റാൾ ഭരണകൂടം ആഗ്രഹിച്ച രീതിയിൽ നടപ്പാക്കാനായില്ല.*
2. *ഇന്ത്യക്കാരായ കുടിയേറ്റക്കാർ 25 പവൻ നികുതിയടയ്ക്കണം എന്ന ബിൽ നിർദേശം മൂന്നു പവനാക്കി കുറച്ചു ബില്ല് പാസാക്കി.*


*ഇപ്രകാരം നേറ്റാൾ ഇന്ത്യൻ കോൺഗ്രസും എം.കെ. ഗാന്ധിയും ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർക്കിടയിലും യൂറോപ്യർക്കിടയിലും ഒരുപോലെ പ്രസിദ്ധി നേടി.*



***ചിന്തിക്കുക, പങ്കുവയ്ക്കുക***

- നിങ്ങളുടെ ക്ലാസ്മുറികളിൽ നോട്ടീസ്, പോസ്റ്റർ, ലഘുലേഖ എന്നിവ നേരത്തേ നിർമിച്ചിട്ടുണ്ടല്ലോ. ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?
- ലഘുലേഖയും പത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ്?
- ഗാന്ധി ഏതെങ്കിലും തരത്തിലുള്ള ലഘുലേഖകൾ ആശയവിനിമയത്തിന് ഉപയോഗിച്ചതായി നിങ്ങൾക്കറിയാമോ?
- സാമൂഹികപ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുന്ന ഒരു ലഘുലേഖ തയാറാക്കുക.

### പച്ചലഘുലേഖ



THE GRIEVANCES

OF

THE BRITISH INDIANS

IN

SOUTH AFRICA.

AN APPEAL

TO

THE INDIAN PUBLIC

SECOND EDITION—4,000 COPIES.

Madras:

PRINTED AT THE PRICE CURRENT PRESS,

167, POPHAM'S BROADWAY.

1896.

ദക്ഷിണാഫ്രിക്കയിലേക്കു കുടുംബത്തെ കൊണ്ടുപോകുന്നതിനായി 1896-ൽ ഗാന്ധി ഇന്ത്യയിൽ ഹ്രസ്വസന്ദർശനം നടത്തി. ഈ സമയത്ത് രാജ്കോട്ടിൽവച്ച് ദക്ഷിണാഫ്രിക്കയിലെ തൊഴിലാളികളായ ഇന്ത്യക്കാരുടെ കഷ്ടതകളും പ്രയാസങ്ങളും വിശദീകരിക്കുന്ന ഒരു ലഘുലേഖ 'ദി ഗ്രിവൻസസ് ഓഫ് ബ്രിട്ടിഷ് ഇന്ത്യൻസ് ഇൻ സൗത്ത് ആഫ്രിക്ക: ആൻ അപ്പീൽ ടു ദി ഇന്ത്യൻ പബ്ലിക്' (ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ കഷ്ടതകൾ: ഇന്ത്യൻ സമൂഹത്തോടുള്ള ഒരഭ്യർഥന) എന്ന തലക്കെട്ടിൽ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു. ഈ ലഘുലേഖയുടെ പുറംചട്ടയ്ക്ക് പച്ചനിറമായിരുന്നതിനാൽ പച്ചലഘുലേഖ എന്ന പേരിൽ ഇതറിയപ്പെട്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തകസമിതിയുടെ പ്രത്യേക യോഗത്തിൽ പങ്കെടുത്ത ഗാന്ധി അവിടെയും പ്രധാനപ്പെട്ട പട്ടണങ്ങളിലും ഇതു വിതരണം ചെയ്തു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർ അനുഭവിക്കുന്ന കഷ്ടതകളെപ്പറ്റി ഇന്ത്യയിലും മറ്റിടങ്ങളിലുമുള്ള ജനങ്ങളെ അറിയിക്കുന്നതിനും വിവിധയിടങ്ങളിൽനിന്നു പ്രതികരണങ്ങൾ ഉണ്ടാക്കുന്നതിനും ഇതുമൂലം സാധ്യമായി. ഗാന്ധിക്ക് പത്രപ്രവർത്തനരംഗത്തെ തന്റെ കഴിവ് സ്വയം ബോധ്യപ്പെടാനും ഇതു കാരണമായിത്തീർന്നു. അതോടൊപ്പം സാമൂഹികപ്രശ്നങ്ങളിൽ ജനമുന്നേറ്റം ഉണ്ടാക്കാനും അവയ്ക്കു പ്രചാരം നൽകാനും മാധ്യമങ്ങൾക്കുള്ള പങ്ക് മനസ്സിലാക്കാനും ഈ ഉദ്യമം ഗാന്ധിയെ സഹായിച്ചു.

### ഇന്ത്യൻ ഒപ്പീനിയൻ

ദക്ഷിണാഫ്രിക്കയിൽ നടത്തുന്ന പ്രവർത്തനങ്ങളും തന്റെ കാഴ്ചപ്പാടുകളും ജനങ്ങളിൽ നേരിട്ട് എത്തിക്കുന്നതിന്റെ ഭാഗമായി ഒരു പത്രം പ്രസിദ്ധീകരിക്കാൻ ഗാന്ധി ആഗ്രഹിച്ചു. അതിനായി 1904 അദ്ദേഹം 'ഇന്ത്യൻ ഒപ്പീനിയൻ' എന്ന പത്രം ഡർബനിൽനിന്ന് ആരംഭിച്ചു. എന്നാൽ പത്രത്തിന്റെ ചീഫ് എഡിറ്റർ പദവി ഏറ്റെടുക്കാൻ അദ്ദേഹം തയാറായില്ല. പത്രാധിപസ്ഥാനം അഭിഭാഷകൻ എന്ന നിലയിലുള്ള തന്റെ പരസ്യമാകുമെന്ന ചിന്തയാണു ഗാന്ധിയുടെ ഈ തീരുമാനത്തിനു കാരണമായത്. പകരം മൻസുഖ്ലാൽ

നാസറിനെ പത്രത്തിന്റെ ചീഫ് എഡിറ്റർ പദം ഏൽപ്പിച്ചു. ഒരു വർഷത്തിനുശേഷം ഫീനിക്സ് സെറ്റിൽമെന്റ് ആരംഭിച്ചപ്പോൾ പത്രത്തിന്റെ പ്രസ് പൂർണമായും അവിടേക്കു മാറ്റി സ്ഥാപിച്ചു. ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു പുറമേ നേറ്റാൾ ഇന്ത്യൻ കോൺഗ്രസിന്റെ മുഖപത്രമായി ഇതോടെ 'ഇന്ത്യൻ ഒപ്പീനിയൻ' മാറി.



INDIAN OPINION

FIFTY MEN GO TO GAOL

PASSIVE RESISTANCE BY INDENTURED INDIAN LABOURERS

ഒരേസമയം ഗുജറാത്തി, ഹിന്ദി, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ പത്രം പ്രസിദ്ധീകരിച്ചിരുന്നു. പലപ്പോഴും സ്വന്തം കൈയിൽ നിന്നു പണം മുടക്കിയാണു ഗാന്ധി പത്രത്തിന്റെ പ്രസിദ്ധീകരണം മുന്നോട്ടു കൊണ്ടുപോയത്. പിന്നീട് 3000 വരിക്കാരും 20000 വായനക്കാരുമുള്ള പ്രസിദ്ധീകരണമായി 'ഇന്ത്യൻ ഒപ്പീനിയൻ' വളർന്നു. ഇന്ത്യൻ സമൂഹവും യൂറോപ്യരും ഗവൺമെന്റ് ഉദ്യോഗസ്ഥരുമായിരുന്നു വായനക്കാരിൽ ഏറിയപങ്കും. 'ഇന്ത്യൻ ഒപ്പീനിയൻ' ജനങ്ങളെ സേവിച്ചത് തന്റെ ചിന്തകളുടെ ആത്മപ്രകാശനം തന്നെയായിരുന്നുവെന്നും ഗാന്ധി പിന്നീട് തിരിച്ചറിഞ്ഞു. ആത്മകഥയിൽ ഗാന്ധി ഇതേപ്പറ്റി പറയുന്നതിങ്ങനെയാണ്: "എനിക്ക് ആത്മനിയന്ത്രണത്തിനുള്ള പരിശീലനവും സുഹൃത്തുക്കൾക്ക് എന്റെ ചിന്തകളുമായി ബന്ധം പുലർത്തുന്നതിനുള്ള ഒരു മാർഗവുമായിരുന്നു ഇന്ത്യൻ ഒപ്പീനിയൻ."

ഗാന്ധിയുടെ ചിന്തകളും പ്രവർത്തനപരിപാടികളും ദക്ഷിണാഫ്രിക്കയിലെ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിലും ഇന്ത്യൻ സമൂഹത്തിന്റെ അഭിപ്രായങ്ങൾ അറിയുന്നതിലും സമരങ്ങൾക്ക് പിന്തുണയേകുന്നതിലും 'ഇന്ത്യൻ ഒപ്പീനിയൻ' നിർണായക പങ്കുവഹിച്ചു.

**_ചിന്തിക്കുക, പ്രവർത്തിക്കുക_**



*ഒരു പത്രാധിപരായി പ്രവർത്തിക്കാൻ അവസരം ലഭിച്ചാൽ എന്തൊക്കെ ചെയ്യാൻ നിങ്ങൾക്കു കഴിയും?*

1899-ലെ ബോവർ യുദ്ധകാലത്തും 1904-ലെ സുളു കലാപത്തിലും ദക്ഷിണാഫ്രിക്കൻ സൈന്യത്തിനു സഹായം നൽകുന്നതിനായി ഗാന്ധി ഇന്ത്യൻ ആംബുലൻസ് സേന രൂപീകരിച്ചു. യുദ്ധത്തിൽ മുറിവേറ്റവർക്കു പരിചരണം നൽകുക, സൈന്യത്തിനു വേണ്ട മറ്റു സഹായങ്ങൾ ചെയ്യുക എന്നിവയായിരുന്നു



ബോവർ യുദ്ധകാലത്ത് ഇന്ത്യൻ ആംബുലൻസ് സേനാംഗങ്ങളോടൊപ്പം ഗാന്ധിജി (1899 - 1900)

ലക്ഷ്യം. ദക്ഷിണാഫ്രിക്കയിലെ ബ്രിട്ടിഷ് സർക്കാരിന് ആവശ്യമുള്ള സന്ദർഭങ്ങളിൽ സഹായിക്കാൻ ഇന്ത്യക്കാർക്കും കഴിയുമെന്നു തെളിയിക്കുകയായിരുന്നു ഗാന്ധി ഇതുവഴി ഉദ്ദേശിച്ചത്. ബ്രിട്ടിഷ് പൗരരെപ്പോലെ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർക്കും നിയമപരമായ അവകാശങ്ങൾ നേടിയെടുക്കാൻ ഇത് അവസരമൊരുക്കുമെന്നും അദ്ദേഹം വിശ്വസിച്ചു. യുദ്ധരംഗത്തെ അഹിംസാത്മകസേവനത്തിലൂടെ ലഭിച്ച അനുഭവങ്ങൾ അക്രമരാഹിത്യത്തിന്റെ ശക്തിയിലുള്ള ഗാന്ധിയുടെ വിശ്വാസം വളർത്തുന്നതിനു സഹായകമായി. ആതുരശുശ്രൂഷാരംഗങ്ങളിൽ കൂടുതൽ പരിജ്ഞാനം നേടാനും ഈ പ്രവർത്തനങ്ങളിലൂടെ ഗാന്ധിക്ക് കഴിഞ്ഞു.

### പാശ്ചാത്യചിന്തകരും എം.കെ. ഗാന്ധിയും

പാശ്ചാത്യചിന്തകരിൽ ഗാന്ധിയെ പ്രധാനമായും ആകർഷിച്ച വ്യക്തികൾ ജോൺ റസ്കിൻ, ലിയോ ടോൾസ്റ്റോയി, ഹെൻറി ഡേവിഡ് തോറോ എന്നിവരാണ്.

### ജോൺ റസ്കിന്റെ സ്വാധീനം

ജോൺ റസ്കിൻ സമ്പത്തിന്റെ സ്വഭാവത്തെ അധികരിച്ചെഴുതിയ പ്രബന്ധസമാഹാരമായ 'അൺ ടു ദി ലാസ്റ്റ്' ഗാന്ധിയെ ആഴത്തിൽ സ്വാധീനിക്കുകയും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളെ ഒന്നാകെ മാറ്റിമറിക്കുകയും ചെയ്തു. 1904-ൽ സുഹൃത്തായ എച്ച്. എസ്.എൻ. പൊള്ളക്കാണ് ജോഹന്നാസ്ബർഗിൽനിന്ന് ഡർബനിലേക്കുള്ള ട്രെയിൻ യാത്രയ്ക്കിടെ വായിക്കാനായി ഗാന്ധിക്ക് ഈ പുസ്തകം നൽകിയത്. സമ്പത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വങ്ങളാണു പുസ്തകത്തിന്റെ ഉള്ളടക്കം. ഇത് ധാർമികതയ്ക്കു നിരക്കുന്നതല്ലെന്നും സമൂഹത്തിൽ വലിയൊരു വിഭാഗം ദാരിദ്ര്യത്തിൽ കഴിയുന്നതിന്റെ കാരണം സാമ്പത്തിക അസമത്വങ്ങളാണെന്നും പുസ്തകത്തിൽ റസ്കിൻ പറയുന്നു.



**ജോൺ റസ്കിൻ (1819 – 1900)**

വിക്ടോറിയൻ കാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ ശക്തമായ സ്വാധീനം ചെലുത്തിയ എഴുത്തുകാരനും കലാ- സാമൂഹിക വിമർശകനുമാണ് ജോൺ റസ്കിൻ. ലണ്ടനിൽ ജനിച്ചു. വിദ്യാർഥിയായിരിക്കെത്തന്നെ കവിയെന്ന നിലയിൽ പ്രശസ്തനായി. ചിത്രകലയിലും പ്രാവീണ്യം സമ്പാദിച്ചു. ഓക്സ്ഫെഡ് സർവകലാശാലയിൽ ചിത്രകലാ വിഭാഗത്തിൽ പ്രൊഫസർ. സാമൂഹികപരിഷ്കർത്താവും ചിന്തകനും എന്ന നിലയിലും പ്രശസ്തനായി. മോഡേൺ പെയിന്റേഴ്സ് (5 വോള്യം), ദി സെവൻ ലാംപ്സ് ഓഫ് ആർക്കിടെക്ചർ, ദി സ്റ്റോറീസ് ഓഫ് വെനീസ്, അൺ ടു ദി ലാസ്റ്റ് എന്നിവയാണു പ്രധാന കൃതികൾ.

ഗാന്ധിയെ ഏറെ ആകർഷിച്ച 'അൺ ടു ദി ലാസ്റ്റി'ലെ മൂന്ന് ആശയങ്ങൾ താഴെ ചേർക്കുന്നു.

- വ്യക്തിയുടെ നന്മ പൊതുനന്മയിൽ അന്തർലീനമാണ്.
- അഭിഭാഷകവൃത്തിക്കും ക്ഷുരകന്റെ ജോലിക്കും ഒരേ മഹത്ത്വമാണുള്ളത്. കാരണം, സ്വന്തം അധ്വാനംകൊണ്ട് ഉപജീവനം കണ്ടെത്താനുള്ള അവകാശം എല്ലാവർക്കും ഒരുപോലെയാണ്.

- അധ്വാനിച്ചുള്ള ജീവിതം, അതായതു കൃഷീവലന്റെയും കൈവേലക്കാരന്റെയും ജീവിതമാണ് ഏറ്റവും മൂല്യമേറിയത്.


"ഇതിൽ ആദ്യത്തേത് എനിക്ക് അറിയാമായിരുന്നു. രണ്ടാമത്തേത് ഞാൻ അവ്യക്തമായി ഗ്രഹിച്ചിരുന്നു. മൂന്നാമത്തേത് എനിക്കൊരിക്കലും അനുഭവപ്പെട്ടിരുന്നില്ല. ഈ തത്ത്വങ്ങൾ പ്രയോഗത്തിൽ വരുത്താൻ തയാറായിക്കൊണ്ടാണു പ്രഭാതത്തിൽ ഞാൻ ഉണർന്നത്."

റസ്കിന്റെ ഈ മാന്ത്രികവരികൾ ഗാന്ധിയുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു. അദ്ദേഹത്തിന്റെ മനസ്സിൽ വിപ്ലവകരമായ ചലനങ്ങൾക്ക് ഇതിടയാക്കി. റസ്കിന്റെ ആശയങ്ങൾ ഗാന്ധി പൂർണമായും അംഗീകരിച്ചു. അദ്ദേഹം അവയെ സാർവത്രികമാക്കുകയും ചെയ്തു.

'അൺ ടു ദി ലാസ്റ്റ്' വായിച്ചശേഷം അധികം താമസിക്കാതെ ഗാന്ധി ഫിനിക്സ് സെറ്റിൽമെന്റിനു തുടക്കം കുറിച്ചു. റസ്കിൻ മുന്നോട്ടുവച്ച ആശയങ്ങൾ അടിസ്ഥാനമാക്കിയാണ് ഈ സമൂഹത്തിന് അദ്ദേഹം അടിത്തറ പാകിയത്. സർവോദയ എന്ന പേരിൽ ഗാന്ധി ഗുജറാത്തിഭാഷയിലേക്ക് 'അൺ ടു ദി ലാസ്റ്റ്' പരിഭാഷപ്പെടുത്തി. എല്ലാവരുടെയും ക്ഷേമം എന്നാണു സർവോദയ എന്ന പദത്തിന്റെ വാച്യാർഥം.

## ടോൾസ്റ്റോയിയുടെ സ്വാധീനം

ടോൾസ്റ്റോയിയോടും അദ്ദേഹത്തിന്റെ ആശയങ്ങളോടും നീണ്ടകാലത്തെ അടുപ്പവും പരിചയവും ഗാന്ധിക്കുണ്ടായിരുന്നു. ലണ്ടനിലെ വിദ്യാഭ്യാസകാലത്ത് സസ്യാഹാര സംഘടനയിൽ അംഗമായപ്പോഴാണു ഗാന്ധി ടോൾസ്റ്റോയ് എന്ന പേര് ആദ്യമായി കേൾക്കുന്നത്. 'ദി കിങ്ഡം ഓഫ് ഗോഡ് ഈസ് വിത്തിൻ യു' എന്ന ടോൾസ്റ്റോയിയുടെ പുസ്തകം ഗാന്ധിയെ ഏറെ ആകർഷിച്ചു. തിന്മയ്ക്കെതിരേ 'പാസീവ് റസിസ്റ്റൻസ്' ഉപയോഗപ്പെടുത്തുന്നത് എങ്ങനെ എന്നതായിരുന്നു ഈ പുസ്തകത്തിലെ പ്രധാന ആശയം. ജൈനമതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിലൊന്നായ അഹിംസയുമായി സമാനതയുള്ള ഈ ആശയത്തെ ഗാന്ധിജി തുറന്ന മനസ്സോടെ ഉൾക്കൊണ്ടു. ഇതേത്തുടർന്നു ടോൾസ്റ്റോയിയുടെ ആരാധകനും വായനക്കാരനുമായി മാറിയ ഗാന്ധി അദ്ദേഹത്തിന്റെ ഗോസ്പൽ ഇൻ ബ്രീഫ്, വാട്ട് ടു ഡു, ദി ഫസ്റ്റ് സ്റ്റെപ്പ്, ഹൗ ഷാൽ വീ എസ്കേപ്പ്, സ്ളേവറി ഓഫ് ഔർ ടൈംസ് എന്നീ പുസ്തകങ്ങൾ വായിച്ചുതീർത്തു.



ലിയോ ടോൾസ്റ്റോയി (1828 – 1910)

ലോകപ്രശസ്തനായ സാഹിത്യകാരൻ, തത്ത്വചിന്തകൻ. പടിഞ്ഞാറൻ റഷ്യയിലെ റ്റൂള നഗരത്തിനടുത്തുള്ള യാസ്നായ പോല്യാനയിൽ ജനിച്ച ലിയോ നിക്കോളെവിച്ച് ടോൾസ്റ്റോയിയുടെ രചനകൾ 19-ാം നൂറ്റാണ്ടിലെ റഷ്യൻജീവിതത്തിന്റെ നേർക്കാഴ്ചകളാണ്. തനത് ആവിഷ്കാരത്തിന്റെയും മനുഷ്യജീവിതത്തിലെയും ചരിത്രത്തിലെയും പ്രശ്നങ്ങളോടുള്ള സമഗ്രമായ സമീപനത്തിന്റെയും അടിസ്ഥാനത്തിൽ സാഹിത്യലോകത്തിലെ ഏറ്റവും മികച്ച രചനകളായിട്ടാണ് അദ്ദേഹത്തിന്റെ കൃതികൾ അറിയപ്പെടുന്നത്. വാർ ആൻഡ് പീസ്, അന്ന കരിനീന, ഡെത്ത് ഓഫ് ഇവാൻ ഇല്ലിച്ച്, ദി കിങ്ഡം ഓഫ് ഗോഡ് ഈസ് വിത്തിൻ യു എന്നിവയാണു പ്രധാന കൃതികൾ.

ഒരു യഥാർഥ ക്രൈസ്തവനെന്നാൽ, ഹിംസ ഒഴിവാക്കുന്നവനും അയൽവാസികളോട്

ഏറ്റുമുട്ടൽ ഇല്ലാത്തവനും തനിക്കുവേണ്ട സ്വാതന്ത്ര്യം സ്വായത്തമാക്കി ലോകത്തിന്റെ വിമോചനത്തിനായി പ്രവർത്തിക്കുന്നവനുമായിരിക്കണമെന്ന ആശയമാണു ടോൾസ്റ്റോയിയുടെ എല്ലാ കൃതികളിലും എം.കെ. ഗാന്ധി പൊതുവായി കണ്ടത്. ടോൾസ്റ്റോയിക്ക് ആദരവ് അർപ്പിച്ചുകൊണ്ട് ഗാന്ധി അദ്ദേഹത്തെപ്പറ്റി പറയുന്നതിങ്ങനെയാണ്:

" ടോൾസ്റ്റോയി ഈ കാലഘട്ടം ജന്മം നൽകിയ അക്രമരാഹിത്യത്തിന്റെ ഏറ്റവും വലിയ അപ്പോസ്തലനാണ്. അദ്ദേഹത്തിനു മുൻപോ ഇതുവരെയോ പടിഞ്ഞാറ് ആരും തന്നെ ഇതുപോലെ എഴുതുകയോ സംസാരിക്കുകയോ ഉണ്ടായിട്ടില്ല. വെറുപ്പിൽനിന്നും വിദ്വേഷത്തിൽനിന്നുമുള്ള മോചനവും എല്ലാവരോടുമുള്ള നിറഞ്ഞുതുളുമ്പുന്ന സ്നേഹവുമാണു യഥാർഥ അഹിംസ അർഥമാക്കുന്നത്. ഈ ഉയർന്ന തലത്തിലുള്ള യഥാർഥ അഹിംസ മനസ്സിൽ ഊട്ടിയുറപ്പിക്കുന്നതിന്, സമുദ്രസമാനമായ സ്നേഹം നമ്മെ കാട്ടിത്തന്ന ടോൾസ്റ്റോയിയുടെ ജീവിതം നമുക്ക് എക്കാലവും വെളിച്ചമേകുന്ന ദീപസ്തംഭവും ഒരിക്കലും പരാജയപ്പെടാത്ത പ്രചോദനത്തിന്റെ ഉറവിടവുമായിരിക്കും."

### തോറോയുടെ സ്വാധീനം

പ്രശസ്ത അമേരിക്കൻ ചിന്തകനായ ഹെൻറി ഡേവിഡ് തോറോ സിവിൽ നിയമലംഘനത്തെക്കുറിച്ചുള്ള ആശയങ്ങൾ രൂപപ്പെടുത്തുന്നതിൽ ഗാന്ധിയെ നിർണായകമായി സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ 'എസ്സേ ഓൺ ദി ഡ്യൂട്ടി ഓഫ് സിവിൽ ഡിസ്ഒബീഡിയൻസ്' (Essay on the Duty of Civil Disobedience) എന്ന പുസ്തകം ഗാന്ധിയുടെ സർഗശക്തിയെ കീഴടക്കി. താൻ പറഞ്ഞ കാര്യങ്ങൾ നിത്യജീവിതത്തിൽ നടപ്പാക്കിയ ആളാണു തോറോയെന്നതു ഗാന്ധിക്ക് അദ്ദേഹത്തെക്കുറിച്ച് കൂടുതൽ മതിപ്പുളവാക്കാൻ കാരണമായി. തോറോയെക്കുറിച്ച് തന്റെ ആദരവ് പ്രകടമാക്കിക്കൊണ്ട് ഗാന്ധി പറയുന്നത് ഇങ്ങനെയാണ്:

"എനിക്ക് തോറോയിലൂടെ ലഭിച്ചത് അധ്യാപകനെയാണ്. 'എസ്സേ ഓൺ ദി ഡ്യൂട്ടി ഓഫ് സിവിൽ ഡിസ്ഒബീഡിയൻസ്' എന്ന ഉപന്യാസത്തിലൂടെ അദ്ദേഹം എന്നെ സജ്ജനാക്കിയെടുത്തു. ദക്ഷിണാഫ്രിക്കയിലെ എന്റെ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയമായ സാധുത നൽകി". തന്റെ ജീവിതത്തിലെ നിർണായകമായ ഒരു കാലഘട്ടത്തിലാണ് ഗാന്ധി തോറോയെ ആദ്യമായി വായിക്കുന്നത്. തന്റെ രാഷ്ട്രീയദർശനങ്ങളുടെ കാതൽ ഈ ഉപന്യാസം ഉൾക്കൊള്ളുന്നുവെന്നു ഗാന്ധി വ്യക്തമാക്കിയിട്ടുണ്ട്.



**ഹെൻറി ഡേവിഡ് തോറോ (1817 – 1862)**

അമേരിക്കക്കാരൻ. എഴുത്തുകാരനും കവിയും തത്ത്വചിന്തകനും. അടിമത്തത്തിനെതിരെ ജീവിതം മുഴുവൻ പോരാടിയ അദ്ദേഹം അനീതിക്കെതിരേ സർക്കാരിനോട് നിസ്സഹകരണം നടത്തുന്നതെപ്പറ്റിയുള്ള ആശയങ്ങൾ ആദ്യമായി മുന്നോട്ടുവച്ചു. അമേരിക്കയിലെ മസാച്ചുസെറ്റ്സിലെ കോൺകോഡ് ഗ്രാമത്തിൽ ജീവിച്ച അദ്ദേഹത്തെ ആധുനിക പരിസ്ഥിതിശാസ്ത്രത്തിന്റെ തുടക്കക്കാരനായാണു വിശേഷിപ്പിക്കുന്നത്. വാൾഡൻ ഓർ ലൈഫ് ഇൻ ദി വുഡ്സ്, ഓൺ ദി ഡ്യൂട്ടി ഓഫ് സിവിൽ ഡിസ്ഒബീഡിയൻസ്, ലൈഫ് വിത്തൗട്ട് പ്രിൻസിപ്പിൾ എന്നിവ പ്രധാന കൃതികളാണ്.

*റസ്കിൻ, ടോൾസ്റ്റോയി, തോറോ എന്നിവരിൽനിന്നു ലഭ്യമായ മൂല്യങ്ങൾ*

- എല്ലാ ജീവനെയും ആദരിക്കുകയും അംഗീകരിക്കുകയും വേണം.
- എല്ലാവരും തുല്യരാണ് എന്ന തത്ത്വം മുറുകെ പിടിക്കാനുള്ള പ്രതിജ്ഞാബദ്ധത.
- പ്രകൃതിയോട് ആഴത്തിലുള്ള കൃതജ്ഞതയും ആദരവും പുലർത്തിക്കൊണ്ട്, സുസ്ഥിര ജീവിതവഴികളിലൂടെയുള്ള അധ്വാനം.
- വ്യക്തികളിലുള്ള വിശ്വാസം.
- പരസ്പരാശ്രിതമായ ഒരു സമൂഹം ആത്യന്തികമായി വ്യക്തിയുടെ നന്മയ്ക്കാണ് വഴി വയ്ക്കുന്നതെന്ന യാഥാർഥ്യം അംഗീകരിക്കൽ.
- ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ലാളിത്യം പ്രകടിപ്പിക്കാനുള്ള ആഗ്രഹം.
- വ്യാവസായികമായ ഉൽപ്പാദനപ്രവർത്തനങ്ങളെ തള്ളിക്കൊണ്ട്, പ്രാദേശികമായി സമൂഹത്തിന് ഉപയുക്തവും അർഥപൂർണവുമായ പങ്കാളിത്തം ഉറപ്പാക്കുന്ന ഉൽപ്പാദനവ്യവസ്ഥിതിയെ പിന്തുണയ്ക്കുക.
- ആത്മീയമായ നവീകരണം സാധ്യമാക്കുന്നത് കൂട്ടായ അനുഭവങ്ങളിലൂടെയും അനുകമ്പയിലൂടെയും തിരിച്ചറിവുകളിലൂടെയും മാനവികതയെ അനുഭവിക്കുന്നതിലൂടെയുമാണെന്ന അറിവ്.



**നമുക്കു പരിശോധിക്കാം**

*താഴെ ചേർക്കുന്ന പുസ്തകങ്ങൾ എം.കെ. ഗാന്ധിയിൽ വരുത്തിയ മാറ്റങ്ങൾ വിശദീകരിക്കുക.*

- *അൺ ടു ദി ലാസ്റ്റ്*
- *ഓൺ ദി ഡ്യൂട്ടി ഓഫ് സിവിൽ ഡിസ്ഒബീഡിയൻസ്*

പാശ്ചാത്യ എഴുത്തുകാർ ഗാന്ധിയെ വലിയൊരളവിൽ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ അവയെല്ലാം കണ്ണടച്ചു പകർത്താൻ അദ്ദേഹം തയാറായില്ല. അവരുടെ കൃതികളിലെ നന്മകളെ ഉൾക്കൊണ്ട് അവയിൽ ഇന്ത്യയുടെ ആവശ്യങ്ങൾക്ക് ഉതകുന്നവ അദ്ദേഹം സ്വീകരിച്ചു. ഇതുവഴി തന്റെ ചിന്തകളെ പരിപോഷിപ്പിക്കുന്നതിനൊപ്പം വ്യക്തിത്വത്തെ കാത്തുസൂക്ഷിക്കുന്നതിലും എം.കെ. ഗാന്ധി അതീവ ശ്രദ്ധപുലർത്തി.

**ചിന്തിക്കുക, പ്രവർത്തിക്കുക**



*ചില പുസ്തകങ്ങൾ ഗാന്ധിജിയുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ചതായി നിങ്ങൾ മനസ്സിലാക്കി. നിങ്ങളുടെ ജീവിതത്തിൽ നിർണായകസ്വാധീനം ചെലുത്തിയ പുസ്തകത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക. ക്ലാസിൽ അവതരിപ്പിക്കുക.*

## സമൂഹജീവിതപരീക്ഷണങ്ങൾ

ദക്ഷിണാഫ്രിക്കയിലെ ജീവിതകാലത്ത് എം.കെ. ഗാന്ധി രണ്ടു പ്രധാന സമൂഹജീവിത കേന്ദ്രങ്ങൾ സ്ഥാപിച്ചു.

## (i) ഫിനിക്സ് സെറ്റിൽമെന്റ്

ജോൺ റസ്കിന്റെ ആശയങ്ങളിൽ ആകൃഷ്ടനായി സമൂഹജീവിതം ആരംഭിക്കുക എന്ന ലക്ഷ്യത്തോടെയാണു ഗാന്ധിജി 1904-ൽ ഫിനിക്സ് സെറ്റിൽമെന്റിനു തുടക്കം കുറിച്ചത്. ഡർബനിൽനിന്നു പതിനാലു മൈൽ അകലെ 100 ഏക്കർ സ്ഥലം ഇതിനായി അദ്ദേഹം വാങ്ങി. റസ്കിന്റെ 'അൺ ടു ദി ലാസ്റ്റ്' എന്ന കൃതിയാണ് ഇതിനു പ്രചോദനമേകിയത്. ഫിനിക്സ് റെയിൽവേസ്റ്റേഷനു രണ്ടരമൈൽ അകലെയായി മൗണ്ട് എഡ്ഗംബോയിലായിരുന്നു ഫിനിക്സ് സെറ്റിൽമെന്റ് സ്ഥാപിക്കപ്പെട്ടത്.



ഫിനിക്സ് സെറ്റിൽമെന്റ്

സമൂഹജീവിതം എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് ഫിനിക്സ് സെറ്റിൽമെന്റ് ആരംഭിച്ചത്. സമൂഹത്തിലെ സ്ഥാനമോ തൊഴിലോ കണക്കിലെടുക്കാതെ എല്ലാവർക്കും തുല്യമായ വേതനമാണ് ഇവിടെ നൽകിയിരുന്നത്. പൊതുനന്മയ്ക്കും സെറ്റിൽമെന്റിന്റെ ക്ഷേമത്തിനുവേണ്ടിയും ഏവരും സംഭാവന നൽകേണ്ടതുണ്ടെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇവിടത്തെ അംഗങ്ങൾ ജീവിച്ചിരുന്നത്.

ഗാന്ധിജിയുടെ വസതി, അംഗങ്ങളുടെ വീടുകൾ, പ്രിന്റിങ് പ്രസ് എന്നിവ ഉൾപ്പെടുന്നതായിരുന്നു ഫിനിക്സ് സെറ്റിൽമെന്റ്. പഴവർഗങ്ങളും ഏക്കർ കണക്കിനു ധാന്യവിളകളും അംഗങ്ങൾതന്നെ ഇവിടെ കൃഷിചെയ്തിരുന്നു. 1913-ലെ പാസീവ് റെസിസ്റ്റൻസ് പ്രക്ഷോഭത്തിന്റെ പ്രധാന ശക്തികേന്ദ്രങ്ങളിലൊന്നായി ഫിനിക്സ് സെറ്റിൽമെന്റ് പ്രവർത്തിച്ചു. നൂറുകണക്കിനാളുകൾ അഭയസ്ഥാനം അന്വേഷിച്ചും ഉപദേശങ്ങൾ തേടാനുമായി ഇവിടെ എത്തി. അതുകൊണ്ട് ഇവിടത്തെ താമസവും അക്കാലത്ത് അപകടസാധ്യതയുള്ളതായി മാറി. പ്രക്ഷോഭം നടന്നുകൊണ്ടിരിക്കെ തൊഴിലെടുക്കാൻ വിസമ്മതിച്ച അന്തേവാസികൾക്കെതിരെ മർദ്ദനം അഴിച്ചുവിടുകയും വെടിവയ്പ് നടത്തുകയും ചെയ്തു.

## (ii) ടോൾസ്റ്റോയി ഫാം

ട്രാൻസ്വാളിൽ 1910-ൽ സ്വാശ്രയദർശനം അടിസ്ഥാനമാക്കിയാണു ഗാന്ധി ടോൾസ്റ്റോയി ഫാമിനു തുടക്കം കുറിച്ചത്. ടോൾസ്റ്റോയിയുടെ സ്മരണ നിലനിർത്താൻ പിന്നീട് 'ടോൾസ്റ്റോയി ഫാം' എന്ന പേരും നൽകി. ജോഹന്നാസ്ബർഗിൽനിന്നു 35 കിലോമീറ്റർ അകലെ ലാവ്ലിയിലാണ് ടോൾസ്റ്റോയി ഫാം സ്ഥിതിചെയ്യുന്നത്. ഗാന്ധിജിയുടെ ജർമൻ സ്നേഹിതനായ ഹെർമൻ കല്ലൻബാഷ് സംഭാവനചെയ്ത 1100 ഏക്കർ ഭൂമി


ടോൾസ്റ്റോയി ഫാം

യിലാണ് ഫാം ആരംഭിച്ചത്. പാസീവ് റസിസ്റ്റൻസ് പ്രക്ഷോഭത്തിന്റെ ഇരകൾ അഭയം തേടിയെത്തിയത് ഇവിടെയാണ്. ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട ഇന്ത്യക്കാർക്കു പുറമേ വെള്ളക്കാരും തദ്ദേശീയരായ കറുത്തവർഗക്കാരും ഇവിടത്തെ അന്തേവാസികളായിരുന്നു. ഫാമിന്റെ മാർഗദീപമായ ദർശനം അഹിംസയായിരുന്നു. സസ്യാഹാരം നിർബന്ധമാക്കിയിരുന്ന ഇവിടെ അന്തേവാസികളെല്ലാം ഉയർന്ന ധാർമിക ജീവിതനിഷ്ഠ പുലർത്തണമെന്നു നിഷ്കർഷിക്കപ്പെട്ടിരുന്നു.

### ആശ്രമജീവിതം

ഗാന്ധിജിയുടെ ആശ്രമജീവിതത്തിന്റെ ആദ്യപരീക്ഷണങ്ങളായിരുന്നു ഫിനിക്സ് സെറ്റിൽമെന്റും ടോൾസ്റ്റോയി ഫാമും. സമൂഹപ്രാർഥനയുടെ ശക്തി മനസ്സിലാക്കിയിരുന്ന ഗാന്ധി അതവിടെ പ്രാവർത്തികമാക്കി. ഗാന്ധി മുന്നോട്ടുവച്ച ദർശനങ്ങളായ ബ്രഹ്മചര്യ, സത്യഗ്രഹം, അഹിംസ എന്നിവയുടെ പരിശീലനയിടങ്ങളായിരുന്നു ഈ കേന്ദ്രങ്ങൾ.

ജനങ്ങളെ സ്വാധീനിക്കാനുള്ള തന്റെ കഴിവ് ഗാന്ധി ഇവിടെ തെളിയിച്ചു. ഹിന്ദു-മുസ്ലീം ഐക്യത്തിലുള്ള തന്റെ വിശ്വാസം, എല്ലാ മതങ്ങളെയും ഒരുപോലെ ബഹുമാനിക്കേണ്ടതാണെന്ന കാഴ്ചപ്പാട്, സ്ത്രീയെ തുല്യപങ്കാളിയായും അടിച്ചമർത്തലുകൾക്ക് എതിരേ പോരാടാനുള്ള ശക്തിയായും മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ എന്നിവയെല്ലാം രൂപം കൊണ്ടതും പരീക്ഷിക്കപ്പെട്ടതും ഇവിടങ്ങളിലാണ്. അങ്ങനെ ദക്ഷിണാഫ്രിക്ക എം.കെ. ഗാന്ധിയുടെ ആശയങ്ങളുടെയും ആദർശങ്ങളുടെയും യഥാർഥ പ്രയോഗഭൂമിയായി മാറുകയായിരുന്നു.

### സത്യഗ്രഹത്തിന്റെ ഉത്ഭവം

ട്രാൻസ്വാൾ ഗവൺമെന്റ് 1906-ൽ ഒരു പുതിയ ഓർഡിനൻസ് അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചു. എട്ടു വയസ്സിനു മുകളിലുള്ള എല്ലാ ഇന്ത്യൻ 'കൂലി'കളും ഏഷ്യാറ്റിക് രജിസ്റ്ററിൽ പേരു ചേർത്ത് സർട്ടിഫിക്കറ്റ് വാങ്ങണമെന്നതായിരുന്നു ഈ ഉത്തരവിന്റെ സാരാംശം. വ്യക്തികളുടെ തിരിച്ചറിയൽ അടയാളങ്ങളും വിരലടയാളവും രേഖപ്പെടുത്തിയതായിരുന്നു ഈ സർട്ടിഫിക്കറ്റ്. ഈ വ്യവസ്ഥ പാലിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തിയാൽ അവർക്കെതിരേ പിഴയോ മൂന്നുമാസം തടവോ വേണ്ടിവന്നാൽ നാടുകടത്തുകയോ ചെയ്യാമെന്നും ഏഷ്യാറ്റിക് രജിസ്ട്രേഷൻ ആക്റ്റിൽ വ്യവസ്ഥയുണ്ടായിരുന്നു. ഏതൊരു പോലീസ് ഉദ്യോഗസ്ഥനും ഏതു സമയത്തും ഈ സർട്ടിഫിക്കറ്റ് ആവശ്യപ്പെടാൻ അധികാരം നൽകിയിരുന്നു. വീടിനുള്ളിൽ കടന്നുചെന്ന് തിരിച്ചറിയൽരേഖ പരിശോധിക്കാൻ വരെ ഈ നിയമം പോലീസിന് അനുവാദം നൽകി. ഒരു വ്യക്തി, സർട്ടി



ഫിക്കറ്റോ തിരിച്ചറിയൽ അടയാളങ്ങളോ കാട്ടാൻ വിസമ്മതിച്ചാൽ കുറ്റക്കാരെന്നു കണ്ടെത്തി ശിക്ഷ നടപ്പാക്കുമായിരുന്നു.

ഓർഡിനൻസ് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ താൽപ്പര്യങ്ങൾക്ക് എതിരാണെന്ന് ഗാന്ധിക്കു ബോധ്യമായി. സാധാരണക്കാരായ ജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായി അദ്ദേഹം ഈ നിയമം ഗുജറാത്തിയിലേക്കു പരിഭാഷപ്പെടുത്തി. ഗാന്ധിയുടെ നേതൃത്വത്തിൽ പ്രമുഖരായ ഇന്ത്യക്കാർ സമ്മേളിക്കുകയും അദ്ദേഹം യോഗത്തിൽ നിയമത്തെപ്പറ്റി വിശദമാക്കുകയും ചെയ്തു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻസമൂഹം ഒന്നാകെ നിയമത്തിനെതിരേ സമരം ചെയ്യാൻ തയാറായി.

ഈ പ്രക്ഷോഭത്തിനു തുടക്കത്തിൽ ഗാന്ധി 'പാസീവ് റെസിസ്റ്റൻസ്' എന്നാണു പേരു നൽകിയത്. തങ്ങളുടെ സമരമാർഗത്തിന്റെ യഥാർഥ അർഥം വെളിവാക്കുന്ന ഒന്നല്ല ഈ പേരെന്നു പ്രക്ഷോഭം തുടർന്നപ്പോൾ ഗാന്ധി തിരിച്ചറിഞ്ഞു. ഇന്ത്യക്കാരുടെ സമരം ഇംഗ്ലീഷ് പേരിൽ അറിയപ്പെടുന്നത് അപമാനമാണെന്നായിരുന്നു അദ്ദേഹത്തിന്റെ ചിന്ത. ഇതേത്തുടർന്ന് 'ഇന്ത്യൻ ഒപ്പീനിയനി'ൽ സമരമാർഗത്തിനു പുതിയ പേരു കണ്ടെത്താനായി ഒരു മൽസരം നടത്തുന്നതിനെപ്പറ്റി അദ്ദേഹം പരസ്യം നൽകി. 'സദാഗ്രഹ'-നല്ലകാര്യങ്ങളിൽ ഉറച്ചുനിൽക്കുക എന്നർഥം വരുന്ന പേരു മഗൻലാൽ ഗാന്ധി നിർദേശിച്ചു. ഗാന്ധി ഇതിനെ 'സത്യഗ്രഹ' എന്നു പരിഷ്കരിച്ചു. 'സത്യ' എന്നാൽ 'സത്യം' എന്നും 'ഗ്രഹ'മെന്നാൽ 'മുറുകെ പിടിക്കുക' എന്നുമാണർഥം. സത്യത്തിന്റെ ശക്തിയിൽനിന്നു പിറന്ന ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ സമരം അങ്ങനെ സത്യഗ്രഹ എന്ന പേരിലൂടെ അതിന്റെ യഥാർഥ അർഥം വെളിവാക്കുന്ന ഒന്നായി. പ്രക്ഷോഭത്തിന്റെ അഹിംസാസ്വഭാവത്തിനു തദ്ഫലമായി കൂടുതൽ പ്രാധാന്യം ലഭിച്ചു. അങ്ങനെ പാസീവ് റസിസ്റ്റൻസ് എന്ന പേര് ഉപേക്ഷിക്കുകയും ചെയ്തു.

ഏഷ്യാറ്റിക് രജിസ്ട്രേഷൻ ആക്ടിനെതിരേയാണ് ഗാന്ധി ആദ്യമായി സത്യഗ്രഹസമരം പ്രയോഗിച്ചത്. ഈ നിയമത്തെ എതിർക്കണമെന്നും അതിന്റെ ഫലമായുണ്ടാകുന്ന പീഡനങ്ങൾ സഹിക്കണമെന്നും അദ്ദേഹം ഇന്ത്യക്കാരോട് ആവശ്യപ്പെട്ടു. ഗവൺമെന്റ് അടിച്ചമർത്തൽ സമീപനത്തിലൂടെയാണ് സമരത്തെ നേരിട്ടത്. അഹിംസാത്മകമായി ഏഴു വർഷക്കാലം നീണ്ട സമരത്തെ ഗവൺമെന്റ് ക്രൂരമായി നേരിട്ടു. സമാധാനമായി നടത്തുന്ന സമരത്തോടുള്ള അടിച്ചമർത്തൽ സമീപനത്തിനെതിരേ പൊതുജനാഭിപ്രായം രൂപപ്പെട്ടു. ഇതു ഗാന്ധിയുമായി ഒത്തുതീർപ്പുണ്ടാക്കുന്നതിനു ദക്ഷിണാഫ്രിക്കൻ ഗവൺമെന്റിനെ നിർബന്ധിതമാക്കി. അങ്ങനെ സത്യഗ്രഹമെന്ന സമരാശയം കൂടുതൽ നിയതമായ ഒരു രൂപമാർജിക്കുകയും ബഹുജനസമരങ്ങൾക്കുള്ള ശക്തമായ പുതിയ ഒരായുധമായി മാറുകയും ചെയ്തു.

### ദക്ഷിണാഫ്രിക്കൻ ജീവിതത്തിന്റെ പ്രാധാന്യം

ഗാന്ധിയെന്ന വ്യക്തിത്വം മൂന്നു രാഷ്ട്രങ്ങളുടെ, ഇന്ത്യ, ഇംഗ്ലണ്ട്, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിലെ അനുഭവത്തിന്റെയും പരീക്ഷണങ്ങളുടെയും ഉൽപ്പന്നമാണ്. ദക്ഷിണാഫ്രിക്കയിൽ ഗാന്ധി എത്തിച്ചേരുന്ന കാലത്ത് അദ്ദേഹം യുവാവും അവിടത്തെ സാഹചര്യങ്ങളെക്കുറിച്ച് അറിവില്ലാത്തവനുമായിരുന്നു. എന്നാൽ 21 വർഷങ്ങൾകൊണ്ടു ഗാന്ധി യഥാർഥ രാഷ്ട്രീയക്കാരനും നേതാവുമായി പാകപ്പെട്ടു. വംശീയതയ്ക്കും വർണവിവേ

ചനത്തിനുമെതിരേ അദ്ദേഹം പൊരുതി. രാഷ്ട്രീയപ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗം എന്ന നിലയിൽ അഹിംസയെ ഉയർത്തിപ്പിടിച്ചു. ഗാന്ധിയുടെ ആഫ്രിക്കൻ ജീവിതം വരാനിരിക്കുന്ന വലിയകാര്യങ്ങളുടെ സൂചനയായിരുന്നു. ദക്ഷിണാഫ്രിക്കയിൽ അദ്ദേഹം നൂറുകണക്കിനു സമരക്കാരെ ഒരുമിച്ചുകൂട്ടിയെങ്കിൽ ഇന്ത്യയിൽ അദ്ദേഹം ആയിരക്കണക്കിനാളുകളെ സംഘടിപ്പിക്കുകയും ബഹുജനസമരത്തിന്റെ യഥാർഥ നേതാവായിത്തീരുകയും ചെയ്തു. അതിബൃഹത്തായ ഒരു സമരത്തിലൂടെ 1947-ൽ ഇന്ത്യക്ക് അദ്ദേഹം സ്വാതന്ത്ര്യം നേടിത്തന്നു. ദക്ഷിണാഫ്രിക്കൻ അനുഭവങ്ങൾ ഇല്ലെങ്കിൽ ഗാന്ധിക്ക് ഇതൊരിക്കലും സാധ്യമാവില്ലായിരുന്നു. എം.കെ. ഗാന്ധിയുടെ വ്യക്തിത്വത്തിന്റെ ശരിയായ രൂപാന്തരം നടന്നത് ദക്ഷിണാഫ്രിക്കയിൽവച്ചാണ്. ഒരു സാധാരണ മനുഷ്യനിൽ നിന്നു മഹാത്മാവിലേക്കുള്ള ഗാന്ധിയുടെ വളർച്ച സാധ്യമാക്കിയതും ദക്ഷിണാഫ്രിക്ക തന്നെയാണ്.

## സംഗ്രഹം


- ഇന്ത്യയിൽ പരാജയപ്പെട്ട അഭിഭാഷകനായിരുന്ന ഗാന്ധി ദക്ഷിണാഫ്രിക്കയിൽ വിജയം കൈവരിച്ച അഭിഭാഷകനായി മാറി.
- 'ഇന്ത്യൻ ഒപ്പീനിയൻ' ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള കഴിവു വളർത്തുന്നതിൽ ഗാന്ധിക്ക് സഹായകമായി.
- ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ സഹായിക്കുകവഴി ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരുടെ ധാർമികത ഉത്തേജിപ്പിക്കാൻ ഗാന്ധിക്ക് കഴിഞ്ഞു.
- റസ്കിൻ, ടോൾസ്റ്റോയ്, തോറോ എന്നി ചിന്തകർ സമൂഹജീവിതത്തിനും സത്യഗ്രഹമെന്ന ആശയം രൂപപ്പെടുത്തുന്നതിനും ഗാന്ധിക്ക് പ്രചോദനമായി.
- ഗാന്ധിയുടെ ഇന്ത്യയിലെ ആശ്രമജീവിതത്തിന്റെ ആദ്യഘട്ടങ്ങളായി ദക്ഷിണാഫ്രിക്കയിലെ സമൂഹജീവിത പരീക്ഷണങ്ങളെ രേഖപ്പെടുത്താം.
- പൊതുപ്രവർത്തകർ നയിക്കേണ്ട ലളിതജീവിതത്തെപ്പറ്റി പൊതുജനത്തെ ബോധ്യപ്പെടുത്താൻ ഗാന്ധിക്ക് കഴിഞ്ഞു.
- ഇന്നു സാർവത്രികമായി അംഗീകരിക്കപ്പെട്ട സത്യഗ്രഹമെന്ന സമരം ഗാന്ധിജി ആദ്യമായി പരീക്ഷിച്ചതും വികസിപ്പിച്ചെടുത്തതും ദക്ഷിണാഫ്രിക്കയിലാണ്.

## എനിക്കു കഴിയും

- പീറ്റർമാരിറ്റ്സ്ബർഗ് സംഭവം എം.കെ. ഗാന്ധിയിലെ സാമൂഹികപ്രവർത്തകനെ പുറത്തുകൊണ്ടുവന്നതെങ്ങനെയെന്നു വിലയിരുത്തുക.
- നേറ്റാൾ ഗവൺമെന്റ് അവതരിപ്പിച്ച കുടിയേറ്റനിയമത്തിനെതിരേ ഗാന്ധി നടത്തിയ പ്രക്ഷോഭങ്ങളും മുന്നേറ്റങ്ങളും എന്തൊക്കെയാണെന്നു വിശദമാക്കുക.
- ബ്രിട്ടിഷ് സർക്കാരിനോടു കൂറു പ്രകടിപ്പിക്കുന്നതിനായി ഗാന്ധി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുക.
- ഗാന്ധിയുടെ സമൂഹജീവിതപരീക്ഷണങ്ങൾ വിലയിരുത്തുക.
- ചിന്തകളും ആശയങ്ങളും രൂപപ്പെടുത്തുന്നതിനു ഗാന്ധിജിയിൽ പാശ്ചാത്യചിന്തകർ ചെലുത്തിയ സ്വാധീനം വിലയിരുത്തുക.
- അഹിംസാത്മക പ്രതിരോധത്തിലൂടെ എം.കെ. ഗാന്ധി എങ്ങനെയാണ് സത്യഗ്രഹം വികസിപ്പിച്ചെടുത്തതെന്നു വിശദമാക്കുക.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ദക്ഷിണാഫ്രിക്കയിൽ എത്തിയ ഉടനെ ഗാന്ധി പ്രസിദ്ധി നേടിയതെങ്ങനെ?
2. പീറ്റർ മാരിറ്റ്സ്ബർഗ് റെയിൽവേ സ്റ്റേഷനിൽ വച്ച് ഗാന്ധിക്കുണ്ടായ അനുഭവങ്ങൾ വിശദീകരിക്കുക.
3. ദക്ഷിണാഫ്രിക്കയിൽ എം.കെ. ഗാന്ധി സംഘടനാരൂപീകരണത്തിലൂടെ സാമൂഹികപ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചതെങ്ങനെയെന്നു വ്യക്തമാക്കുക.
4. ദക്ഷിണാഫ്രിക്കയിൽ തുടക്കമിട്ട പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിനായി ഗാന്ധിജി സ്വീകരിച്ച തന്ത്രങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുക.
5. സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ വരുമാനം കണ്ടെത്തുന്നത് നികുതികളിലൂടെയാണ്. എന്നാൽ 25 പവൻ നികുതിക്കെതിരായി ഗാന്ധി പ്രക്ഷോഭം നയിക്കുകയാണുണ്ടായത് – കാരണങ്ങൾ വിലയിരുത്തുക.
6. നാം യാത്രാവേളകളിൽ ലഭിക്കുന്ന സമയത്തെ ക്രിയാത്മകമായി വിനിയോഗിക്കാറില്ല. പക്ഷേ, ഗാന്ധി എല്ലായ്പ്പോഴും തന്റെ സമയത്തെ ക്രിയാത്മകമായി വിനിയോഗിച്ചിരുന്നു. ദക്ഷിണാഫ്രിക്കയിൽനിന്ന് ഇന്ത്യയിലേക്കുള്ള യാത്രാവേളയിൽ ഗാന്ധി ഒരു ലഘുലേഖ തയാറാക്കുകയും ഇന്ത്യയിൽ അതു വിതരണം ചെയ്യുകയും ചെയ്തു. ഈ ലഘുലേഖ വെള്ളക്കാർക്ക് നിരവധി പ്രശ്നങ്ങളുണ്ടാക്കി. ഇതിന്റെ പേരിൽ ഗാന്ധിക്ക് നേരേ കൈയേറ്റം പോലുമുണ്ടായി. ലഘുലേഖ ഏതെന്നു തിരിച്ചറിഞ്ഞ് അതിലെ ഉള്ളടക്കം വിശദീകരിക്കുക.
7. സാമൂഹികപ്രശ്നങ്ങൾ പുറത്തുകൊണ്ടുവരുന്നതിനും അതിനെതിരേ പ്രചാരണം നടത്തുന്നതിനും ദിനപത്രങ്ങൾ വലിയ പങ്കാണ് വഹിക്കുന്നത്. ഗാന്ധിയുടെ ദക്ഷിണാഫ്രിക്കയിലെ പത്രപ്രവർത്തനം വിവരിക്കുക.
8. യുദ്ധം പോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽപ്പോലും ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാർ അവിടത്തെ സർക്കാരിനോട് കൂറുപുലർത്തുന്നവരായിരിക്കും എന്നു തെളിയിക്കുന്നതിനായി ഗാന്ധി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുക.
9. നമ്മുടെ വ്യക്തിജീവിതത്തിൽ മറ്റുള്ളവർ വലിയ സ്വാധീനം ചെലുത്താറുണ്ട്. ഗാന്ധിയുടെ ജീവിതത്തെ സ്വാധീനിച്ച മഹദ്‌വ്യക്തികൾ ആരെല്ലാമെന്നും അവരുടെ സ്വാധീനം എങ്ങനെയെന്നും വിശദമാക്കുക.
10. സാമൂഹികപ്രശ്നങ്ങൾക്കുള്ള പരിഹാരം പ്രസംഗത്തിലല്ല, പ്രവൃത്തിയിലൂടെയാണെന്ന് എം.കെ. ഗാന്ധി നമുക്ക് കാട്ടിത്തരുന്നു. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നടത്തിയ ഇത്തരം പ്രവർത്തനങ്ങൾ വിശദീകരിക്കുക.
11. പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുമ്പോൾ അതിനായി സ്വീകരിക്കുന്ന മാർഗങ്ങളും വളരെ പ്രാധാന്യമർഹിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ സത്യഗ്രഹസമരം വിജയിപ്പിക്കുന്നതിൽ അതിനായി സ്വീകരിച്ച മാർഗങ്ങൾ സഹായകമായോ? ഗാന്ധിജി എങ്ങനെയാണ് ഇത്തരം ഒരു മാർഗം പ്രക്ഷോഭത്തിനായി രൂപപ്പെടുത്തിയത്?
12. ദക്ഷിണാഫ്രിക്കയിൽ 1893–ൽ ആദ്യമായി എത്തിയ ഗാന്ധിയെയും 1915–ൽ മടങ്ങിയ ഗാന്ധിയെയും താരതമ്യപ്പെടുത്തുക.



# 4

# ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി വഹിച്ച പങ്ക്

C3E9Y5

## പ്രധാനാശയങ്ങൾ

- *ഗാന്ധിജിയുടെ വരവിനു മുമ്പുള്ള ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ഒരു ലഘുവിലയിരുത്തൽ.*
- *പ്രാദേശിക പ്രശ്നങ്ങളിലൂടെ ഗാന്ധിജിയുടെ ഇന്ത്യൻ രാഷ്ട്രീയപ്രവേശനം (ചമ്പാരൻ, ഖേദ,അഹ്മദാബാദ് സത്യഗ്രഹം)*
- *മഹാത്മാഗാന്ധിയുടെ ഇന്ത്യൻ രാഷ്ട്രീയപ്രവേശനം*
  - *റൗലറ്റ് നിയമം, ജാലിയൻവാലാബാഗ് കൂട്ടക്കൊല*
  - *ഖിലാഫത്ത് പ്രസ്ഥാനം*
  - *നിസ്സഹകരണസമരം*
  - *നിയമലംഘനസമരം*
  - *ഗാന്ധി - ഇർവിൻ സന്ധി*
  - *വട്ടമേശസമ്മേളനങ്ങൾ*
  - *പൂനാകരാർ*
  - *യുദ്ധവിരുദ്ധ സത്യഗ്രഹം*
  - *ക്വിറ്റ് ഇന്ത്യാ സമരം*
  - *ഇന്ത്യൻ സ്വാതന്ത്ര്യനിയമം*
- *സാമുദായികലഹള നിർത്താൻ ഗാന്ധിജി നടത്തിയ ഇടപെടൽ*
- *മഹാത്മാഗാന്ധി: ഒരു സാമൂഹിക - രാഷ്ട്രീയപ്രവർത്തകൻ*
  - *നിർമാണാത്മകപ്രവർത്തനങ്ങൾ*
  - *വൈക്കം സത്യഗ്രഹം*
  - *ഗുരുവായൂർ സത്യഗ്രഹം*
  - *ഹരിജൻ സേവക് സംഘ്*
  - *കസ്തൂർബാഗാന്ധി നാഷണൽ മെമ്മോറിയൽ ട്രസ്റ്റ്*

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി വഹിച്ച പങ്കാണ് ഈ അധ്യായം ചർച്ചചെയ്യുന്നത്. പ്രാദേശികപ്രശ്നങ്ങളിൽ ഗാന്ധിജിയുടെ സജീവ ഇടപെടൽ മാത്രമല്ല, അദ്ദേഹത്തിന്റെ ഇന്ത്യൻ രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനവും സാമുദായിക കലാപസമയത്ത് അതില്ലാതാക്കാൻ അദ്ദേഹം നടത്തുന്ന സജീവമായ ഇടപെടലും സാമൂഹിക-രാഷ്ട്രീയ രംഗത്ത് ഗാന്ധിജിയുടെ വ്യക്തിമുദ്ര പതിപ്പിച്ച സംഭവവികാസങ്ങളും ഇതിലുൾപ്പെടുന്നു.

രണ്ടു ദശകത്തിലധികമുള്ള ദക്ഷിണാഫ്രിക്കയിലെ പ്രവാസജീവിതം മതിയാക്കി ഇന്ത്യയിലേക്കു തിരിച്ചെത്തുമ്പോൾ അദ്ദേഹത്തിന് ഇന്ത്യൻജനത നൽകിയ സ്വീകരണം നമുക്കു നോക്കാം.

**എം.കെ. ഗാന്ധിക്ക് വമ്പിച്ച സ്വീകരണം**

**വേദി: ജഹാംഗീർപേട്ട് ഹൗസ്, ബോംബെ**

ഇന്ത്യൻജനത എന്തുകൊണ്ടാണ് ഗാന്ധിജിക്ക് ഇത്ര ഗംഭീര സ്വീകരണം നൽകിയത്?

1915 ജനുവരി 9, മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽനിന്ന് ഇന്ത്യയിലേക്കു തിരിച്ചെത്തി. തന്റെ കൂടെയുള്ള ആശ്രമവാസികളെ താമസിപ്പിക്കാനായി ഗാന്ധിജി അഹ്മദാബാദിലെ കൊച്ച്റാബിൽ ഒരു ആശ്രമം

സ്ഥാപിച്ചു. പിന്നീട് ഈ ആശ്രമം കൂടുതൽ സൗകര്യങ്ങളുള്ള സ്ഥലമായ സബർമതിയിലേക്കു മാറ്റി. ഇതിനുപുറമേ വാർധയിലും അദ്ദേഹം ഒരു ആശ്രമത്തിനു തുടക്കമിട്ടു. ആ കാലഘട്ടത്തിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതാവായ ഗോപാലകൃഷ്ണ ഗോഖലെയുടെ ഉപദേശത്താൽ ഒരുവർഷത്തോളം രാഷ്ട്രീയ ത്തിൽനിന്ന് വിട്ടുനിൽക്കുകയും തീവണ്ടിയിൽ രണ്ടാംക്ലാസിൽ സഞ്ചരിച്ച് ഇന്ത്യൻ ജനതയുടെ പ്രശ്നങ്ങളും പ്രയാസങ്ങളും പഠിക്കാൻ ശ്രമിക്കുകയും ചെയ്തു. അതി നിടയിൽ രോഗബാധിതനായതിനാൽ ഗാന്ധിജിക്ക് തന്റെ ദൗത്യം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 1893 ൽ ഗാന്ധി ദക്ഷിണാഫ്രിക്കയിലേക്കു പോകുമ്പോൾ കണ്ട ഇന്ത്യയായി രുന്നില്ല തിരിച്ചെത്തുമ്പോൾ ഉണ്ടായിരുന്നത്. ബ്രിട്ടിഷുകാരുടെ കോളനിയായി തുടരു മ്പോൾതന്നെ ഇന്ത്യയിലെ രാഷ്ട്രീയരംഗം കൂടുതൽ സജീവമായി മാറിക്കഴിഞ്ഞിരുന്നു.

### ഇന്ത്യൻ ദേശീയപ്രസ്ഥാനം ഗാന്ധിജിയുടെ വരവിനു മുമ്പ് – ഒരു വിലയിരുത്തൽ:

ആധുനിക ഇന്ത്യൻ ദേശീയതയുടെ വളർച്ചയോടെയാണു പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉദയം. ഈ നൂറ്റാണ്ടിന്റെ പകുതിയോടെ നമ്മുടെ രാജ്യം ബ്രിട്ടിഷ് ആധിപത്യത്തിലായി. ഇതിനിടെ ബ്രിട്ടിഷ് ഭരണത്തിനെതിരെ നിരവധി സമരങ്ങളും പ്രക്ഷോഭങ്ങളും നടന്നു. ഇതിൽ പ്രധാനപ്പെട്ടതാണ് 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം.

ഇന്ത്യൻ ദേശീയതയുടെ വളർച്ചയ്ക്കു സഹായകമായ ഘടകങ്ങളിൽ പ്രധാനമായവ താഴെ കൊടുക്കുന്നു.

- രാഷ്ട്രീയ ഐക്യം
- പാശ്ചാത്യവിദ്യാഭ്യാസം
- മത–സാമൂഹികപ്രസ്ഥാനങ്ങൾ
- ആധുനിക വാർത്താവിനിമയ – ഗതാഗതവികസനം
- പത്രങ്ങളുടെ പങ്ക്
- എഴുത്തുകാരുടെ പങ്ക്
- വിവേചനങ്ങൾക്കെതിരെയുള്ള പോരാട്ടം
- മധ്യവർഗത്തിന്റെ ഉദയം
- ചരിത്രഗവേഷണത്തിന്റെ സ്വാധീനം
- ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരണം

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആദ്യഘട്ടം മിതവാദരാഷ്ട്രീയമായിരുന്നു. ദേശീയ നേതാക്കളായ ദാദാബായ് നവ്റോജി, പി.എം. മേത്ത, ദിനേഷ് വാച്ചാ, ഡബ്ല്യു.സി. ബാനർജി, ഗോപാലകൃഷ്ണ ഗോഖലെ മുതലായവർ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രമുഖരായ നേതാക്കളാണ്.

വൈദേശികവിദ്യാഭ്യാസം നേടിയ ഈ നേതാക്കൾ പാശ്ചാത്യ ആശയങ്ങളിൽ പ്രചോദി തരായിരുന്നു. അവരുടെ കാഴ്ചപ്പാടിൽ ബ്രിട്ടിഷ് ഭരണം ഇന്ത്യക്ക് ഗുണകരമായിരുന്നു. ബ്രിട്ടനെപ്പോലെ ഒരു ആധുനിക രാജ്യമാകാൻ ഇന്ത്യക്ക് സാധിക്കും എന്നവർ വിശ്വസിച്ചു.

അതുകൊണ്ടുതന്നെ ബ്രിട്ടിഷുകാർക്കെതിരെ ജനകീയസമരത്തിന് അവർ എതിരായിരുന്നു. ആദ്യകാല കോൺഗ്രസ് നേതാക്കളിൽ പലരും സജീവരാഷ്ട്രീയക്കാരായിരുന്നില്ല. സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ നിന്നുവന്ന മിതവാദികളായ ഇത്തരം നേതാക്കൾക്കു ജനകീയപിന്തുണ കുറവായിരുന്നു.

സ്വാതന്ത്ര്യസമരത്തിന്റെ രണ്ടാംഘട്ടം തീവ്രവാദരാഷ്ട്രീയത്തിന്റേതാണ്. അരവിന്ദഘോഷ്, ബാലഗംഗാധര തിലക്, ബിബിൻചന്ദ്ര പാൽ, ലാലാ ലജ്പത് റായ് തുടങ്ങിയവരായിരുന്നു പ്രധാന നേതാക്കൾ. തീവ്രവാദപ്രസ്ഥാനങ്ങളും നേതാക്കളും വളരാനിടയായ സാഹചര്യങ്ങൾ താഴെ പറയുന്നു.

ക്ഷാമം, പ്ലേഗ്, പകർച്ചവ്യാധികൾ, വൈസ്രോയിയുടെ പ്രതിലോമകരമായ നിലപാടുകൾ, പ്രതികൂല സാമ്പത്തികസാഹചര്യം, ഹിന്ദുമതത്തിന്റെ ഉണർവ്, സാമൂഹികവിവേചനം, വിപ്ലവങ്ങളുടെയും അന്താരാഷ്ട്രസംഭവങ്ങളുടെയും സ്വാധീനം, വിദ്യാഭ്യാസത്തിന്റെ പ്രചാരം തുടങ്ങിയവ. ഇവരുടെ പ്രധാന പ്രവർത്തനങ്ങളാണ് സ്വരാജ്, സ്വദേശി, നിസ്സഹകരണസമരം, ബഹിഷ്കരണം, ദേശീയവിദ്യാഭ്യാസം തുടങ്ങിയവ. തീവ്രവാദ നിലപാടുകളുടെ സ്വാധീനത്തിന്റെ ഫലമായിരുന്നു 1911 ലെ ബംഗാൾ വിഭജനം റദ്ദാക്കൽ. ഇത് ഇന്ത്യൻ ദേശീയതയ്ക്ക് കരുത്തുപകർന്ന സംഭവമാണ്.

മുസ്‌ലിം ലീഗ് 1906 ഡിസംബർ 30 നാണ് രൂപീകരിക്കപ്പെട്ടത്. ദേശീയപ്രസ്ഥാനത്തിലെ ഒരു പ്രധാനശക്തിയാവാൻ പിന്നീട് മുസ്‌ലിം ലീഗിനു സാധിച്ചു.

**നമുക്കു ചെയ്യാം**

*ഗാന്ധിജിക്കു മുമ്പുള്ള ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുക.*

## പ്രാദേശികപ്രശ്നങ്ങളിലൂടെ ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് ഗാന്ധിജിയുടെ രംഗപ്രവേശനം

### ചമ്പാരൻ സത്യഗ്രഹം (1917)

മഹാത്മാഗാന്ധി ഇന്ത്യയിൽ നടത്തിയ ആദ്യകാലസമരങ്ങൾ മിക്കതും കർഷകരുടെയും തൊഴിലാളികളുടെയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ളതാണ്. 1916 ന്റെ അവസാനത്തിൽ ചമ്പാരനിലെ കർഷകനായ രാജ്കുമാർ ശുക്ല ഗാന്ധിജിയെ കാണാനെത്തി, അവിടത്തെ നീലംകർഷകരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ഗാന്ധിജിയോടു വിശദീകരിച്ചു. ബ്രിട്ടിഷ് നീലം തോട്ടമുടമകൾ നടപ്പിലാക്കിയ 'തീൻ കഠായി സമ്പ്രദായപ്രകാരം,' നീലം കർഷകർ സ്വന്തം ഭൂമിയുടെ ഇരുപതിൽ മൂന്നു ഭാഗം ഭൂവുടമകൾക്കായി നീലംകൃഷി ചെയ്യണമെന്നു നിർബന്ധിച്ചു.

**പ്രവർത്തനം**

ഇന്ത്യയിലെ ബ്രിട്ടിഷ് ഭരണത്തിന്റെ ഇരകൾ ആരാണ്? ചർച്ചയിലൂടെ പട്ടിക പൂർത്തീകരിക്കുക.

- കർഷകർ
- തൊഴിലാളികൾ
- 
- 

1917, ആദ്യംതന്നെ ഗാന്ധിജി ചമ്പാരനിലെത്തി. അദ്ദേഹത്തിന്റെ ലക്ഷ്യം ചമ്പാരനിലെ കൃഷിക്കാരുടെ ദുരിതങ്ങൾ അറിയുകയും അവർ

തോട്ടമുടമകൾക്കെതിരെ ഉന്നയിച്ച ആരോപണങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കുകയുമാണ്. ഇതിനായി ആയിരക്കണക്കിന് തൊഴിലാളികളെ നേരിട്ടു കാണാനും അതിനു മുമ്പ് തോട്ടം ഉടമകൾ, കമ്മീഷണർ, ദിവാൻ എന്നിവരുടെ ഭാഗം കേൾക്കാനും അവരുടെ വിശ്വാസം ആർജിക്കാനും ഗാന്ധിജി ശ്രമിച്ചു. എങ്കിലും തോട്ടമുടമകളുടെ സെക്രട്ടറി, ഗാന്ധിജി പുറമെനിന്നുള്ളയാളാണെന്നും കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെടേണ്ടതില്ലെന്നുമുള്ള നിലപാട് കൈക്കൊണ്ടു. ഏതെങ്കിലും തരത്തിലുള്ള പരാതിയുണ്ടെങ്കിൽ എഴുതിനൽകണമെന്ന നിർദേശം നൽകി. ഗാന്ധിജി എത്രയും പെട്ടെന്ന് ചമ്പാരൻ വിട്ടുപോകണമെന്ന് കമ്മീഷണർ ഉപദേശിച്ചു.

ഇതിനിടെ ചമ്പാരൻ വിട്ടുപോകാനുള്ള ഉത്തരവ് ഗാന്ധിജിക്ക് ലഭിച്ചു. എന്നാൽ തന്റെ അന്വേഷണം പൂർത്തിയാകാതെ ചമ്പാരൻ വിടാൻ ഗാന്ധിജി തയാറായില്ല. തുടർന്ന് കോടതിയിൽ കീഴടങ്ങി വാദം കേൾക്കാൻ ആജ്ഞ ലഭിച്ചു. ഈ വാർത്ത ജനങ്ങളിൽ കാട്ടുതീപോലെ പടർന്നു. നിയമപരമായി പരിഹരിക്കാൻ പറ്റുന്നതായിരുന്നു ഈ കാര്യമെങ്കിലും ഗാന്ധിജി ഉത്തരവു കൈപ്പറ്റുകയും അതു നൽകിയ ഉദ്യോഗസ്ഥരോട് മര്യാദപൂർവം പെരുമാറുകയും ചെയ്തു. ജനങ്ങളെ നിയന്ത്രിക്കാൻ അനുയായികളോട് ഗാന്ധിജി നിർദേശിച്ചു. തന്റെ ആത്മകഥയിൽ അദ്ദേഹം ഇങ്ങനെ കുറിച്ചു: “ഇത് അതിശയോക്തിയല്ല. തികച്ചും സത്യംതന്നെ. കർഷകരെ നേരിട്ടു കണ്ടപ്പോൾ ഞാൻ ഈശ്വരൻ, സത്യം, അഹിംസ എന്നിവയ്ക്ക് നേർക്കുനേർ നിൽക്കുകയായിരുന്നു.”

ലഫ്റ്റനന്റ് ഗവർണറായിരുന്ന സർ എഡ്വേഡ് ഗെയ്റ്റ് അന്വേഷണ കമ്മീഷനെ നിയോഗിക്കാൻ തയാറാണെന്നു സമ്മതിച്ചു. അദ്ദേഹം ഗാന്ധിജിയെ ഒരംഗമാകാൻ ക്ഷണിച്ചു. നിബന്ധനകൾക്കു വിധേയമായി ഗാന്ധിജി ക്ഷണം സ്വീകരിച്ചു. ജനങ്ങളുമായുള്ള ബന്ധം നിലനിർത്തി, പരാജയപ്പെട്ടാൽ സമരത്തിന്റെ ഗതി മാറ്റി കർഷകരെ ഒന്നിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഉറപ്പാക്കിക്കൊണ്ടു ഗാന്ധിജി കമ്മീഷനുമായി സഹകരിച്ചു. എഡ്വേഡ് ഗെയ്റ്റ് ഗാന്ധിജിയുടെ വ്യവസ്ഥകൾ സ്വീകരിക്കുകയും അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തു. സമരത്തിനനുകൂലമായ കണ്ടെത്തലായിരുന്നു അന്വേഷണ കമ്മീഷന്റേത്. ഇതേത്തുടർന്ന് ചമ്പാരൻ അഗ്രേറിയൻ ബിൽ പാസായി. ഇതോടെ സമരം അവസാനിപ്പിച്ചു. സമരത്തോടൊപ്പം ഗാന്ധിജി നിർമാണാത്മകപ്രവർത്തനങ്ങളും ആരംഭിച്ചു. പ്രാഥമികവിദ്യാലയങ്ങൾ, ശുചീകരണം, ആരോഗ്യപരിചരണം മുതലായവയായിരുന്നു ഇതിൽ ഉൾപ്പെട്ടത്.

### അഹ്മദാബാദിലെ മിൽത്തൊഴിലാളിസമരം (1918)

അഹ്മദാബാദിലെ തുണിമിൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി അനസൂയ ബഹൻ അയച്ച കത്ത് ഗാന്ധിജിക്ക് ലഭിച്ചു. അവരുടെ വേതനം വളരെക്കുറവും തൊഴിൽസമയം കൂടുതലുമായിരുന്നു. ഗാന്ധിജി അവിടെയെത്തി മില്ലുടമകളോടു സൗഹാർദപരമായ സമീപനം സ്വീകരിച്ചു. ചർച്ചകൾക്കു തയ്യാറായി സമവായത്തിലൂടെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഗാന്ധിജി അഭ്യർഥിച്ചു. തർക്കങ്ങൾ മധ്യസ്ഥതീരുമാനത്തിനു വിടണമെന്ന ഗാന്ധിജിയുടെ അഭ്യർഥന നിരസിച്ചതോടെ അദ്ദേഹം സത്യഗ്രഹസമരത്തിന് ആഹ്വാനം നൽകി. സമരം വിജയകരമാക്കാൻ ഗാന്ധിജി തൊഴിലാളികൾക്കു ചില വ്യവസ്ഥകൾ നൽകി.

അവ താഴെ പറയുന്നവയാണ്.

1. അക്രമമുണ്ടാക്കരുത്.
2. കരിങ്കാലികളെ ഉപദ്രവിക്കരുത്.

3. ഒരിക്കലും ആയുധം ഉപയോഗിക്കരുത്.

4. വിജയം വരെ സമരത്തിൽ അടിയുറയ്ക്കുകയും നേരായ വഴിയിലൂടെ ആഹാരത്തിനു വേണ്ടി പ്രയത്നിക്കുകയും ചെയ്യണം.

സമരനേതാക്കളും തൊഴിലാളികളും വ്യവസനകൾ അംഗീകരിക്കുകയും പൊതുയോഗത്തിൽ പ്രതിജ്ഞയെടുക്കുകയും ചെയ്തു. ആവശ്യങ്ങൾ മില്ലുടമകൾ അംഗീകരിക്കുന്നതുവരെ അവർ ജോലി ചെയ്തില്ല. ഈ സമരത്തിൽവച്ചാണ് ഗാന്ധിജി സർദാർ വല്ലഭ്ഭായ് പട്ടേലും ശങ്കർലാൽ ബങ്കറുമായി നല്ല ബന്ധം സ്ഥാപിച്ചത്. അവർ ദിവസവും സബർമതി ആശ്രമത്തിൽ ഒത്തുചേർന്ന് സമരത്തെക്കുറിച്ച് വിലയിരുത്തുമായിരുന്നു. സമരം 21 ദിവസം നീണ്ടുനിന്നു. സമരമുഖത്ത് നിന്നുപോലും ഗാന്ധിജി മില്ലുടമകളുമായി ബന്ധപ്പെടുകയും തൊഴിലാളികളുടെ നീതിക്കായി ശ്രമിക്കുകയും ചെയ്തു. മധ്യസ്ഥതീരുമാനത്തിനോ മൂന്നാമതൊരാളിന്റെ ഇടപെടലിനോ അവർ തയാറായിരുന്നില്ല.

ആദ്യരണ്ടാഴ്ച തൊഴിലാളികൾ ധൈര്യസമേതം ആത്മസംയമനം പാലിച്ച് സമരത്തിൽ അടിയുറച്ചു നിന്നു. പക്ഷേ, എപ്പോഴെങ്കിലും സമരം അക്രമാസക്തമാകുമെന്ന് ഗാന്ധിജിക്ക് ആശങ്കയുണ്ടായിരുന്നു. അതിനാൽ അദ്ദേഹം ഉപവാസം ആരംഭിച്ചു. ഇതിലൂടെ ജനസമ്മതിയും ആത്മവിശ്വാസവും വളർത്താനുള്ള ഒരന്തരീക്ഷമുണ്ടായി. തുടർന്ന് മില്ലുടമകൾ ചർച്ചയ്ക്ക് തയാറായി. അനസൂയ ബഹന്റെ വീട്ടിൽവച്ച് സന്ധിസംഭാഷണം നടന്നു. അവസാനം ആർബിട്രേറ്ററെ നിയമിക്കുകയും ഗാന്ധിജിയുടെ മൂന്നു ദിവസത്തെ ഉപവാസത്തിനുശേഷം സമരം പിൻവലിക്കുകയും ചെയ്തു. തൊഴിലാളികൾക്ക് മധുരം വിതരണം ചെയ്ത് മില്ലുടമകൾ ഇതാഘോഷിച്ചു. അങ്ങനെ 21 ദിവസത്തിനു ശേഷം സമരം അവസാനിച്ചു.

### ഖേദസത്യഗ്രഹം(1918)

ബ്രിട്ടിഷ് ഭരണത്തിന്റെ ഫലമാണ് തുടർച്ചയായ ക്ഷാമം. ഇതു ഗാന്ധിജിയുടെ ജന്മനാട്ടിലെ കൃഷിക്കാരെ എങ്ങനെയാക്കി? ഗാന്ധിജി ഇത്തരം പ്രശ്നങ്ങളിൽ എങ്ങനെ ഇടപെട്ടു? ഇവ പരിഹരിക്കാൻ അദ്ദേഹം നടത്തിയ സത്യഗ്രഹസമരങ്ങളുടെ പശ്ചാത്തലങ്ങൾ എന്നിവ നമുക്കു ചർച്ചചെയ്യാം.

ഗുജറാത്തിലെ ഖേദ ജില്ലയിൽ വ്യാപകമായ കൃഷിനാശം സംഭവിച്ചു. ഇത് ദാരിദ്ര്യം വർധിക്കുന്നതിനു കാരണമായി. പ്രസ്തുത കാലയളവിലെ നികുതിനിർണയം ഒഴിവാക്കാൻ ജനങ്ങൾ ആഗ്രഹിച്ചു. നിലവിലുള്ള നിയമപ്രകാരം ഉൽപ്പാദനം നാലണയ്ക്ക് തുല്യമോ അതിൽ താഴെയോ ആയാൽ ആ വർഷത്തെ നികുതിവിലയിരുത്തലിൽ നിന്ന് അത്തരം കർഷകരെ ഒഴിവാക്കാമെന്ന വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ക്ഷാമം വിലയിരുത്താൻ എത്തിയ അന്വേഷണ ഉദ്യോഗസ്ഥർ തെറ്റായ സ്ഥിതിവിവരക്കണക്കുകൾ നൽകിയതിനാൽ കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിച്ചില്ല. പൊതുജനങ്ങളുടെ പ്രശ്നം പരിഹരിക്കണമെന്ന ആവശ്യം ഭരണകൂടം നിരാകരിച്ചു. ഗാന്ധിജിയും അനുയായികളും നികുതിപിരിവ് നിർത്താനും ഉദ്യോഗസ്ഥരെ പിൻവലിക്കാനും ആവശ്യപ്പെട്ടു. ഇതു നിരാകരിക്കപ്പെട്ടതിനെത്തുടർന്ന് ഗാന്ധിജി സത്യഗ്രഹത്തിന് ആഹ്വാനം നൽകി.

ജനങ്ങൾ വർധിച്ച വീര്യത്തോടെയും ആത്മവിശ്വാസത്തോടെയും സമരത്തിൽ പങ്കുചേർന്നു. ഗവൺമെന്റ് കർഷകരെ അടിച്ചമർത്തുന്ന നയം സ്വീകരിച്ചു. ഉദ്യോഗസ്ഥർ കന്നുകാലികളെ കണ്ടുകെട്ടുകയും പിഴ ഈടാക്കുന്നതിനുള്ള താക്കീതു നൽകുകയും ചെയ്തു. ഗവൺമെന്റ് അധാർമികമായി കൈവശപ്പെടുത്തിയ കൃഷിഭൂമിയിലെ ഉള്ളി വിളവെടുത്ത് നീക്കം ചെയ്യാൻ ഗാന്ധിജി ജനങ്ങളോട് ആഹ്വാനം ചെയ്തു. നിയമം നിഷേധിച്ചതുമൂലം ജനങ്ങൾക്ക് ജീവിതത്തിൽ ആദ്യമായി പിഴയടയ്ക്കേണ്ടി വരുകയും ജയിൽവാസം അനുഭവിക്കേണ്ടിവരുന്ന സാഹചര്യം അഭിമുഖീകരിക്കേണ്ടിവരുകയും ചെയ്തു. ഗാന്ധിജിയുടെ സഹപ്രവർത്തകനായിരുന്ന മോഹൻലാൽ പാണ്ഡ്യയുടെ നേതൃത്വത്തിൽ വിളനിലങ്ങളിൽനിന്ന് ഉള്ളി നീക്കം ചെയ്യാൻ ആരംഭിച്ചു. ഇതേ തുടർന്ന് മോഹൻലാൽ പാണ്ഡ്യയെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ഈ സംഭവം ജനങ്ങളുടെ ആവേശം വർധിപ്പിക്കുകയും അവരുടെ ധീരനേതാക്കളെ അനുഗമിച്ചുകൊണ്ട് ജാഥകൾ സംഘടിപ്പിക്കുകയും ചെയ്തു. ഈ സംഭവത്തിനുശേഷം മോഹൻലാൽ പാണ്ഡ്യ ഉള്ളിക്കള്ളൻ (Dunglichoar)എന്ന് അറിയപ്പെട്ടു.

എന്നാൽ കുറച്ചു നാളുകൾക്കു ശേഷം ജനങ്ങൾ നിരാശരായി കാണപ്പെട്ടു. ആയതിനാൽ ഉചിതമായ മാർഗത്തിലൂടെ സമരം ഒത്തുതീർപ്പാക്കാൻ ഗാന്ധിജി ആഗ്രഹിച്ചു. സമൂഹത്തിലെ സമ്പന്നർ അവരുടെ നികുതികുടിശ്ശിക അടച്ചുതീർത്താൽ പാവപ്പെട്ടവരുടെ കടം എഴുതിത്തള്ളാമെന്നു ഭരണകൂടം ഉറപ്പുനൽകി. രേഖാമൂലം ഉറപ്പു ലഭിച്ചതിനെ തുടർന്ന് സത്യഗ്രഹസമരം പിൻവലിച്ചു. 'ഖേദസത്യഗ്രഹം' വൻവിജയമായിരുന്നെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നില്ല. സത്യഗ്രഹസമരം വിജയിക്കുന്നത് അതിൽ പങ്കെടുത്തവർക്കു കൂടുതൽ കരുത്തും ആത്മബോധവും പ്രാപ്തമാകുമ്പോൾ മാത്രമാണ്. യാതൊരുവിധ പ്രശ്നപരിഹാരവും സത്യഗ്രഹസമരത്തിലൂടെ നേടാനായില്ലെന്ന് അധികാരികൾ വിലയിരുത്തി. നികുതി ഒഴിവാക്കിയെങ്കിലും ചുരുക്കം ചിലർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചത്.

എന്നാൽ വിദ്യാസമ്പന്നരായ പൊതുപ്രവർത്തകരെ സത്യഗ്രഹസമരത്തിലേക്ക് ആകർഷിക്കാൻ ഖേദ സത്യഗ്രഹത്തിലൂടെ സാധിച്ചു. കർഷകരുടെ ജീവിതവുമായി താദാത്മ്യം പ്രാപിക്കാൻ അവർക്ക് അവസരം ലഭിച്ചു. ഖേദ സത്യഗ്രഹത്തിലൂടെ വല്ലഭ്ഭായ് പട്ടേൽ ദേശീയനേതാവായി ഉയർന്നു.

അങ്ങനെ ചമ്പാരൻ, അഹ്മദാബാദ്, ഖേദ സത്യഗ്രഹങ്ങളിലൂടെ ഗാന്ധിജി കർഷകരുടെയും തൊഴിലാളികളുടെയും പ്രാദേശികപ്രശ്നങ്ങൾക്കു പരിഹാരത്തിനായി ഇടപെട്ടുകൊണ്ട് ഇന്ത്യൻരാഷ്ട്രീയത്തിലേക്കു രംഗപ്രവേശം ചെയ്തു. അനീതിക്കെതിരായി പ്രയോഗിക്കാവുന്ന ശക്തിമത്തായ സമരായുധമായി സത്യഗ്രഹം സാർവത്രികഖ്യാതി നേടി.



**നമുക്കു പരിശോധിക്കാം**

*പട്ടിക പൂർത്തീകരിക്കുക*

| | ചമ്പാരൻ സത്യഗ്രഹം | അഹ്മദാബാദ് സത്യഗ്രഹം | ഖേദ സത്യഗ്രഹം |
|---|---|---|---|
| വർഷം | | | |
| കാരണം | | | |
| നേട്ടം | | | |

## ഇന്ത്യൻ ദേശീയരാഷ്ട്രീയത്തിൽ ഗാന്ധിജിയുടെ രംഗപ്രവേശം

### റൗലറ്റ് നിയമം (1919)

1919, ഏപ്രിൽ 6ന് ഗാന്ധിജി ഒരുദിവസത്തെ ഹർത്താലിന് ആഹ്വാനം ചെയ്തു. റൗലറ്റ് നിയമം നിലവിൽ വന്നതിനെതിരെയായിരുന്നു ഈ ഹർത്താൽ. ഈ നിയമമാണ് പിന്നീട് കരിനിയമം എന്ന പേരിൽ അറിയപ്പെട്ടത്. ബംഗാളിലെയും പഞ്ചാബിലെയും രാഷ്ട്രീയ വിപ്ലവപ്രസ്ഥാനങ്ങളെക്കുറിച്ച് അന്വേഷിച്ചു വിലയിരുത്തണമെന്ന് ബ്രിട്ടിഷ് ഭരണകൂടം ആവശ്യപ്പെട്ടു. 1918ൽ ജസ്റ്റിസ് റൗലറ്റ് പ്രസിഡന്റായി ഒരു അന്വേഷണ കമ്മിഷൻ നിയമിക്കപ്പെട്ടു. റൗലറ്റ് കമ്മിറ്റിയുടെ കണ്ടെത്തലുകൾക്ക് അനുസൃതമായി അരാജകത്വ വിപ്ലവകുറ്റകൃത്യനിയമം പാസാക്കി. 1919 മാർച്ച് 10 ന് ഈ നിയമം നിലവിൽ വന്നു. ഇതാണ് റൗലറ്റ് ആക്ട്.

റൗലറ്റ് നിയമപ്രകാരം ഏതൊരു പൗരനെയും അറസ്റ്റ് ചെയ്ത് വിചാരണ കൂടാതെ ജയിലിലിടയ്ക്കാം. ഈ നിയമത്തിലൂടെ ഉത്തരവു കൂടാതെതന്നെ ഏതു സമയത്തും എവിടെയും കയറി പരിശോധന നടത്താനും തടങ്കലിൽവയ്ക്കാനും ബ്രിട്ടിഷ് പോലീസിന് അധികാരം ലഭിച്ചു. പ്രാദേശിക ഗവർണർമാർക്ക് ഈ നിയമം വിപുലമായ അധികാരങ്ങൾ നൽകി.

**നമുക്കു ചെയ്യാം**

*ഇന്ത്യയിലെ ആദ്യത്തെ ഹർത്താലിന്റെ സ്വഭാവവും പ്രാധാന്യവും വിശദീകരിക്കുന്ന ഒരു റിപ്പോർട്ട് തയാറാക്കുക.*

### ജാലിയൻവാലാബാഗ് കൂട്ടക്കൊല (1919)

റൗലറ്റ് നിയമത്തിനെതിരെയുള്ള ഗാന്ധിജിയുടെ ഹർത്താലാഹ്വാനത്തെ അനുഭാവപൂർണമായാണ് പഞ്ചാബിലെ ജനങ്ങൾ സ്വീകരിച്ചത്. ഡോ. സത്യപാൽ, കിച്ച്ലു എന്നിവരുടെ നേതൃത്വത്തിൽ വമ്പിച്ച പ്രതിഷേധറാലി നടന്നു. ഗാന്ധിജി പ്രതിഷേധറാലിയെ അഭിസംബോധന ചെയ്യാൻ പഞ്ചാബിലേക്കു പുറപ്പെട്ടെങ്കിലും അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ബോംബെയിലെത്തിച്ചു. ഏപ്രിൽ 10 ന് ജനനേതാക്കളായ കിച്ച്ലുവും ഡോ.സത്യപാലും അറസ്റ്റ് ചെയ്യപ്പെട്ടു. ഇതിൽ പ്രതിഷേധിച്ചു ജനക്കൂട്ടം ഡെപ്യൂട്ടി കമ്മീഷണർ മിൽസ് ഇർവിന്റെ ബംഗ്ലാവിലേക്കു മാർച്ച് സംഘടിപ്പിച്ചു. ഇതോടനുബന്ധിച്ചു നടന്ന സംഘർഷത്തിൽ ചിലർ കൊല്ലപ്പെട്ടു, അനേകം പേർക്ക് പരിക്കേറ്റു. അക്രമാസക്തരായ ജനക്കൂട്ടം അമൃതസറിലെ ബ്രിട്ടിഷ് സ്ഥാപനങ്ങൾക്ക് തീവച്ചു, ചിലരെ വധിച്ചു.

1919 ഏപ്രിൽ 11 ന് ജനറൽ ഡയർ നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുകയും പട്ടാളനിയമം നടപ്പിൽവരുത്തുകയും ചെയ്തു. ക്രിമിനൽ ശിക്ഷാനിയമം 144 പ്രകാരം പ്രകടനങ്ങളും പൊതുയോഗങ്ങളും നിരോധിച്ചു. പോലീസ് അതിക്രമത്തിനെതിരെ ഏപ്രിൽ 13 ന് വൈകിട്ട് അമൃതസറിലെ ജാലിയൻവാലാബാഗിൽ ഒരു പൊതുയോഗം നടത്തി.



ജാലിയൻവാലാബാഗ് കൂട്ടക്കൊല

ജാലിയൻവാലാബാഗ് ഒറ്റപ്രവേശനകവാടമുള്ള വിശാലമായ മൈതാനമാണ്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 20000 ത്തോളം നിരായുധരായ ജനങ്ങൾ സമാധാനപരമായി സമ്മേളനത്തിൽ പങ്കെടുത്തു. ഇതിനിടെ ജനറൽ ഡയർ പട്ടാളക്കാരോടൊപ്പം മൈതാനത്തു പ്രവേശിക്കുകയും ജനക്കൂട്ടത്തിനു നേരെ വെടിവയ്ക്കാൻ ആജ്ഞാപിക്കുകയും ചെയ്തു. തോക്കിലെ തിരകൾ തീരും വരെ വെടിയുതിർത്തുകൊണ്ടേയിരുന്നു. ഔദ്യോഗിക കണക്കുപ്രകാരം 379 പേർ കൊല്ലപ്പെടുകയും 1500-ൽ പരംപേർക്ക് പരിക്കേൽക്കുകയും ചെയ്തു. അനൗദ്യോഗിക കണക്കുപ്രകാരം, ആയിരത്തിലധികം പേർ കൊല്ലപ്പെട്ടിട്ടുണ്ട്.



**നമുക്ക് അറിയാം**

1940 ൽ ലണ്ടനിലെ കാക്സ്റ്റൻ ഹാളിൽ വച്ച് ജനറൽ ഡയറിനെ ഉദ്ധംസിങ് വെടിവച്ചു കൊന്നു. ഈ കേസിൽ 1940 ജൂലൈ 31 ന് ഉദ്ധംസിങ്ങിനെ തൂക്കിലേറ്റി.

ജനറൽ ഡയർ ജാലിയൻവാലാബാഗ് കൂട്ടക്കൊല ന്യായീകരിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ശക്തമായി പ്രതിഷേധിക്കുകയും അന്വേഷണ കമ്മീഷനെ നിയോഗിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. രവീന്ദ്രനാഥ ടാഗോർ തനിക്ക് ലഭിച്ച ബഹുമതി കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് ഉപേക്ഷിച്ചു. വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽനിന്നു സർ സി. ശങ്കരൻനായർ രാജിവച്ചു. അവസാനം 1919 ഒക്ടോബറിൽ ബ്രിട്ടിഷ് ഗവൺമെന്റ് ഹണ്ടർ പ്രഭുവിനെ അന്വേഷണ കമ്മീഷനായി നിയമിച്ചു."പ്ലാസിയുദ്ധം ബ്രിട്ടിഷ് ഭരണത്തിന് ഇന്ത്യയിൽ അടിത്തറ പാകി, ജാലിയൻവാലാബാഗ് കൂട്ടക്കൊല അതിനെ ഇളക്കി." സംഭവത്തെക്കുറിച്ച് ഗാന്ധിജി അഭിപ്രായപ്പെട്ടത് ഇങ്ങനെയായിരുന്നു.

റൗലറ്റ് നിയമത്തിനെതിരെയുള്ള സമരം ദേശീയരാഷ്ട്രീയത്തിലേക്കുള്ള ഗാന്ധിജിയുടെ കടന്നുവരവായിരുന്നു. ജാലിയൻവാലാബാഗ് സംഭവത്തോടെ അനേകം മിതവാദികൾ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ബ്രിട്ടിഷ് ഗവൺമെന്റിനെതിരെ തിരിഞ്ഞു.



## നമുക്കു പരിശോധിക്കാം

*ജാലിയൻ വാലാബാഗ് സംഭവവുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത വ്യക്തികളും അവരുടെ പങ്കും കണ്ടെത്തുക.*

| *വ്യക്തികൾ* | *പങ്ക്* |
|---|---|
| *ജനറൽ ഡയർ* | |
| *മിൽസ് ഇർവിങ്* | |
| *കിച്ച്ലു* | |
| *രവീന്ദ്രനാഥ ടാഗോർ* | |
| *സർ സി. ശങ്കരൻനായർ* | |

### ഖിലാഫത്ത് പ്രസ്ഥാനം (1920) ഹിന്ദു – മുസ്‌ലിം ഐക്യത്തിന് ഗാന്ധിജിയുടെ ഇടപെടൽ

ഗാന്ധിയൻ ആദർശത്തിന്റെ അടിസ്ഥാനതത്ത്വം സാമുദായിക ഐക്യമാണ്. ഹിന്ദു-മുസ്‌ലിം ഐക്യത്തിനായി എന്നും നിലകൊണ്ട വ്യക്തിയാണ് ഗാന്ധിജി. മൗലാനാ മുഹമ്മദലിയും ഷൗക്കത്തലിയും (അലിസഹോദരന്മാർ) ചേർന്നു രൂപീകരിച്ച ഖിലാഫത്ത് പ്രസ്ഥാനത്തിൽ പ്രവർത്തിക്കാൻ ഗാന്ധിജിക്ക് അവർ അവസരം നൽകി.

ഒന്നാം ലോകയുദ്ധത്തിനുശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രവർത്തനത്തിൽ ദ്രുതഗതിയിലുള്ള മാറ്റം വന്നു. ജനകീയരാഷ്ട്രീയത്തിന്റെയും കോൺ ഗ്രസിന്റെയും ഒരു പുതിയ യുഗമായിരുന്നു ഈ ഘട്ടം. 1920–21 കാലഘട്ടത്തിൽ വലിയ ജനകീയമുന്നേറ്റം ഉടലെടുത്തു. ഖിലാഫത്ത്പ്രസ്ഥാനവും നിസ്സഹകരണപ്രസ്ഥാനവുമാണ് ഇതിൽ പ്രധാനപ്പെട്ടത്. ഒന്നാം ലോകയുദ്ധസമയത്ത് തുർക്കി ബ്രിട്ടനെതിരായി ജർമനി യും ആസ്ട്രിയയുമായി സഖ്യത്തിലേർപ്പെട്ടു. ലോകമുസ്‌ലിംകൾ തങ്ങളുടെ ആത്മീയ നേതാവായി കണ്ടിരുന്നത് തുർക്കിയിലെ സുൽത്താനെയായിരുന്നു(ഖലീഫ). പക്ഷേ, ഒന്നാം ലോകയുദ്ധാനന്തരം ബ്രിട്ടീഷ് ഗവൺമെന്റ് ഖലീഫ എന്ന പദവി നിർത്തലാക്കി.

1919 സെപ്തംബറിൽ ഇന്ത്യൻ ദേശീയ ഖിലാഫത്ത് പ്രസ്ഥാനം ആരംഭിച്ചു. അലി സഹോദരന്മാരായിരുന്നു ഇതിന്റെ സ്ഥാപകർ. ഗാന്ധിജി, മോട്ടിലാൽ നെഹ്റു, മദൻ മോഹൻ മാളവ്യ എന്നിവർ ഡൽഹിയിൽ വച്ചുനടന്ന ഖിലാഫത്ത് ദേശീയസമ്മേളനത്തിൽ പങ്കെടുത്തു. തങ്ങളുടെ ആവശ്യങ്ങൾ നേടാൻ ഖിലാഫത്ത് പ്രസ്ഥാനക്കാരോട് നിസ്സഹകരണസമരത്തിൽ അണിചേരാൻ ഗാന്ധിജി അഭ്യർഥിച്ചു. അങ്ങനെ കേന്ദ്ര ഖിലാഫത്ത് കമ്മിറ്റി ബ്രിട്ടീഷ് ഗവൺമെന്റിനെതിരെ നിസ്സഹകരണം പ്രഖ്യാപിച്ചു. ഹിന്ദു -മുസ്‌ലിം ഐക്യത്തിനുവേണ്ടി ഗാന്ധിജിയും അലിസഹോദരന്മാരും രാജ്യത്തുടനീളം സന്ദർശനം നടത്തി. എന്നിരുന്നാലും ഖിലാഫത്ത് പ്രസ്ഥാനം ഏറെക്കാലം നീണ്ടുനിന്നില്ല. മുസ്തഫാ കമാൽപാഷയുടെ നേതൃത്വത്തിൽ നടന്ന ജനാധിപത്യപ്രക്ഷോഭത്തിൽ തുർക്കി ഒരു റിപബ്ലിക്കായിത്തീർന്നു.

ഖിലാഫത്ത് പ്രസ്ഥാനത്തിലൂടെ ഗാന്ധിജി ഇന്ത്യൻ മുസ്‌ലിംകളെ ദേശീയ പ്രസ്ഥാനത്തിലെത്തിക്കുകയും ഹിന്ദു-മുസ്‌ലിം ഐക്യം ശക്തിപ്പെടുത്തുകയും ചെയ്തു. ഇന്ത്യയിലെ വിദൂരഗ്രാമങ്ങളിൽപ്പോലും ബ്രിട്ടീഷ് ഭരണത്തിനെതിരെ പൊതുവികാരം ഉണ്ടാക്കാൻ ഖിലാഫത്ത് പ്രസ്ഥാനത്തിനു കഴിഞ്ഞു.



**നമുക്കു പരിശോധിക്കാം**

*ഖിലാഫത്ത് പ്രസ്ഥാനത്തിലൂടെ എങ്ങനെയാണ് ഗാന്ധിജി ഹിന്ദു - മുസ്‌ലിം ഐക്യവും ദേശീയതയും ഊട്ടിയുറപ്പിച്ചത്? ചർച്ചചെയ്യുക.*

### മഹാത്മാഗാന്ധി: അനിഷേധ്യനേതാവ്

#### നിസ്സഹകരണപ്രസ്ഥാനം

ഈ പ്രസ്ഥാനത്തിന്റെ പശ്ചാത്തലവും രീതിയും പ്രാധാന്യവും നമുക്കു പരിശോധിക്കാം. റൗലറ്റ് നിയമത്തിനെതിരെയുള്ള സമരത്തിന്റെ വിജയത്തിൽ പ്രചോദനം ഉൾക്കൊണ്ട് ബ്രിട്ടീഷ് ഭരണത്തിനെതിരെ ഒരു സംഘടിതസമരം നടത്താൻ ഗാന്ധിജി ആഹ്വാനം ചെയ്തു. ഇതിനായി നിസ്സഹകരണസമരം എന്ന ആശയം മുന്നോട്ടു വച്ചു.

1920 ൽ നാഗ്പൂരിൽ നടന്ന കോൺഗ്രസ് സമ്മേളനം ഈ ആശയം അംഗീകരിച്ചു. സ്വരാജ് നേടിയെടുക്കുക എന്നതായിരുന്നു നിസ്സഹകരണപ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം.

താഴെ പറയുന്ന പ്രധാന പരിപാടികൾ ഗാന്ധിജി സമരത്തിന്റെ ഭാഗമായി മുന്നോട്ടുവച്ചു.

1. കോടതികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, തിരഞ്ഞെടുപ്പ്, ഔദ്യോഗിക പരിപാടികൾ, ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ മുതലായവ ബഹിഷ്കരിക്കുക.

2 നികുതിയടയ്ക്കാതിരിക്കുക.

3. ബ്രിട്ടീഷ് ഗവൺമെന്റ് നൽകിയ ബഹുമതികൾ, കീർത്തിമുദ്രകൾ, സ്ഥാനങ്ങൾ എന്നിവ ഉപേക്ഷിക്കുക. (ദക്ഷിണാഫ്രിക്കയിലെ സേവനങ്ങളെ മുൻനിർത്തി ബ്രിട്ടീഷ് ഗവൺമെന്റ് ഗാന്ധിജിക്ക് നൽകിയ കൈസർ-ഐ-ഹിന്ദ് പുരസ്കാരം അദ്ദേഹം തിരിച്ചുനൽകി).

ഇന്ത്യൻ ജനങ്ങൾ ഗവൺമെന്റ് ഓഫീസുകളും കോടതികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ബഹിഷ്കരിച്ചു. രാജ്യത്തിന്റെ പലഭാഗത്തും നിർമാണാത്മക പ്രവർത്തനങ്ങൾ ആരംഭിച്ചു. ദേശീയ വിദ്യാഭ്യാസസ്ഥാപനമായ കാശി വിദ്യാപീഠം, ജാമിയ മില്ലിയ ഇസ്ലാമിയ കോളേജ്, ഗുജറാത്ത് വിദ്യാപീഠം മുതലായവ സ്ഥാപിക്കപ്പെട്ടു. നിർമാണാത്മകപ്രവർത്തനത്തിന്റെ ഭാഗമായി ചർക്കയെയും ഖാദിയെയും പ്രാദേശിക ഉൽപ്പന്നങ്ങളെയും പ്രോൽസാഹിപ്പിച്ചു.

മഹാത്മാഗാന്ധിയുടെ നിസ്സഹകരണസമരത്തിന് ജനങ്ങളിൽനിന്ന് ആവേശകരമായ പ്രതികരണമാണു ലഭിച്ചത്. നൂറുകണക്കിനു അഭിഭാഷകർ കോടതി ബഹിഷ്കരിച്ചു. വിദ്യാർഥികളും അധ്യാപകരും വിദ്യാഭ്യാസസ്ഥാപനങ്ങൾ വിട്ടിറങ്ങി. ഫാക്ടറി ത്തൊഴിലാളികളും കൃഷിക്കാരും സമരത്തിന്റെ മുൻനിരയിൽത്തന്നെ പ്രവർത്തിച്ചു. അവർ വിദേശവസ്ത്രങ്ങൾ ശേഖരിച്ച് കത്തിച്ചു. ആയിരക്കണക്കിനു സ്ത്രീകൾ അവരുടെ ആഭരണങ്ങൾ സത്യഗ്രഹഫണ്ടിലേക്ക് ഊരിക്കൊടുത്തു. മലബാറിൽ കർഷകർ ജന്മിവിരുദ്ധകലാപം നടത്തി. ആന്ധ്രപ്രദേശ്, ഉത്തർപ്രദേശ്, ബിഹാർ, ഒറീസ തുടങ്ങിയ സംസ്ഥാനങ്ങളിലെ കൃഷിക്കാർ അന്യായമായ നികുതി അടയ്ക്കാൻ വിസമ്മതിച്ചു. 1921 നവംബറിലെ വെയിൽസ് രാജകുമാരന്റെ ഇന്ത്യാസന്ദർശനത്തിനെതിരെ പ്രകടനങ്ങളും രാഷ്ട്രീയയോഗങ്ങളും ഹർത്താലും സംഘടിപ്പിച്ചു.

ഇതേ തുടർന്ന് ബ്രിട്ടീഷ് ഗവൺമെന്റ് നിസ്സഹകരണസമരം അടിച്ചമർത്താനുള്ള നടപടി ആരംഭിച്ചു. കോൺഗ്രസും ഖിലാഫത്ത് പ്രസ്ഥാനവും നിയമവിരുദ്ധമാണെന്നു പ്രഖ്യാപിച്ചു. പൊതുസമ്മേളനങ്ങൾ, ഘോഷയാത്രകൾ തുടങ്ങിയവ നിരോധിച്ചു. 1921 ന്റെ അവസാനം ഗാന്ധിജിയൊഴികെയുള്ള നേതാക്കളെ അറസ്റ്റ് ചെയ്തു. 1922 ന്റെ തുടക്കത്തിലും സമരം ഊർജസ്വലതയോടെ തുടർന്നു. പക്ഷേ, 1922 ൽ നടന്ന നിർഭാഗ്യകരമായ ചൗരിചൗരാ സംഭവം നിസ്സഹകരണസമരം നിർത്തിവയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചു.

### ചൗരിചൗരാ സംഭവം

മൂവായിരത്തോളം കർഷകർ പങ്കെടുത്ത കോൺഗ്രസ് ജാഥയ്ക്ക് നേരെ പോലീസ് വെടിവച്ചത് ജനങ്ങളെ രോഷാകുലരാക്കുകയും 1922 ഫെബ്രുവരി 5ന് അവർ ചൗരിചൗരയിലെ പോലീസ്സ്റ്റേഷൻ തീവയ്ക്കുകയും ചെയ്തു. 22 പോലീസുകാർ ഈ സംഭവത്തിൽ കൊല്ലപ്പെട്ടു. ഈ സംഭവം ഗാന്ധിജിയെ ഞെട്ടിച്ചു. അദ്ദേഹം കടുത്ത നടപടിയെടുത്തു. അഹിംസാത്മകസമരത്തിന് ജനങ്ങൾക്കു വേണ്ടത്ര പരിശീലനം കിട്ടിയില്ലെന്ന് അദ്ദേഹത്തിനു തോന്നി. അതുകൊണ്ട് സമരം നിർത്തിവയ്ക്കാൻ തീരുമാനിച്ചു. ബർദോളിയിൽ ചേർന്ന കോൺഗ്രസ് പ്രവർത്തകസമിതിയിൽ നിസ്സഹകരണസമരം നിർത്തിവയ്ക്കുന്നതായി പ്രഖ്യാപിച്ചു. അദ്ദേഹം കോൺഗ്രസുകാരോട് നിർമാണാത്മകപ്രവർത്തനങ്ങളിൽ മുഴുകാൻ നിർദേശിക്കുകയും ചെയ്തു. ബഹുജനങ്ങളിൽ ഇത് കടുത്ത അസംതൃപ്തിയുളവാക്കി.

നിസ്സഹകരണസമരം പെട്ടെന്നു പിൻവലിച്ചത് രാഷ്ട്രത്തെ സ്തബ്ധമാക്കി. സി. ആർ.ദാസ്, മോത്തിലാൽ നെഹ്റു, ലാലാ ലജ്പത് റായ് തുടങ്ങിയ നേതാക്കൾ ഈ തീരുമാനത്തോടു വിയോജിച്ചു. സുഭാഷ് ചന്ദ്രബോസ് ഈ തീരുമാനത്തെ ഒരു 'ദേശീയ ദുരന്തമായി' വിശേഷിപ്പിച്ചു.

ദേശീയപ്രസ്ഥാനത്തിൽ സാധാരണക്കാരെക്കൂടി പങ്കെടുപ്പിച്ച് അവർക്ക് ആത്മവിശ്വാസം നൽകി മഹാത്മാഗാന്ധി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രത്തിൽ അനിഷേധ്യനായ നേതാവായിമാറി.



### നമുക്കു പരിശോധിക്കാം

- *ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്ക് ഇന്ത്യൻ സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ കൊണ്ടുവരുന്നതിന് നിസ്സഹകരണസമരത്തിലൂടെ ഗാന്ധിജി മുമ്പോട്ടുവച്ച മാർഗങ്ങൾ വിലയിരുത്തുക.*
- *നിസ്സഹകരണസമരം പെട്ടെന്നു പിൻവലിച്ചത് ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ ദുർബലമാക്കി. ഇത് ഗാന്ധിജിയുടെ അഹിംസയിലുള്ള അടിയുറച്ച വിശ്വാസമായിരുന്നു. അതുകൊണ്ടുതന്നെ ഇത് മറ്റു രാഷ്ട്രീയക്കാരിൽനിന്ന് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു.*

*മുകളിൽ പറഞ്ഞ രണ്ടു വാദഗതികൾ നിരത്തി ക്ലാസിൽ സംവാദം നടത്തുക. വ്യത്യസ്ത അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും എഴുതുക.*

## സിവിൽ നിയമലംഘനസമരം

1929ൽ ലാഹോറിൽ നടന്ന കോൺഗ്രസ് സമ്മേളനം സിവിൽ നിയമലംഘനസമരം നടത്തുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ ഗാന്ധിജിയെ ചുമതലപ്പെടുത്തി. 1930 ജനുവരി 26 പൂർണസ്വാതന്ത്ര്യദിനമായി ആഘോഷിക്കാൻ തീരുമാനിച്ചു. സ്വാതന്ത്ര്യ ദിനാഘോഷം കഴിഞ്ഞയുടൻതന്നെ ഗാന്ധിജി സിവിൽ നിയമലംഘനം ആരംഭിക്കുന്ന കാര്യം പ്രഖ്യാപിച്ചു. താൻ ഉപ്പുനിയമം ലംഘിച്ച് ജാഥ നടത്തുന്നതിനെക്കുറിച്ച് അന്നത്തെ വൈസ്രോയി ഇർവിൻ പ്രഭുവിന് നോട്ടീസ് നൽകി. എന്നാൽ ഇതിന്റെ വ്യാപ്തി മനസ്സി ലാക്കുന്നതിൽ വൈസ്രോയി പരാജയപ്പെട്ടു.

*നിയമലംഘനസമരത്തിന്റെ പ്രധാന പരിപാടികൾ*

1. ഉപ്പിന് നികുതിചുമത്തിക്കൊണ്ട് നടപ്പിലാക്കിയ നിയമത്തിനെതിരെ പ്രതിഷേധിക്കുക.
2. വിദ്യാഭ്യാസസ്ഥാപനങ്ങളും കോടതികളും സർക്കാർ ഓഫീസുകളും ബഹിഷ്ക രിക്കുക.
3. വിദേശവസ്ത്രങ്ങൾ തീയിടുക, വിദേശസാധനങ്ങൾ ബഹിഷ്കരിക്കുക.
4. ഗവൺമെന്റിലേക്കുള്ള നികുതി അടയ്ക്കാതിരിക്കുക.

1930-മാർച്ച് 12ന് ഗാന്ധിജിയും 78 അനുയായികളും ചരിത്രപ്രസിദ്ധമായ ദണ്ഡിമാർച്ച് ആരംഭിച്ചു. ഏപ്രിൽ 6ന് ദണ്ഡികടപ്പുറത്തെത്തി തൊട്ടടുത്ത ദിവസം ഉപ്പുണ്ടാക്കി നിയമം ലംഘിച്ചു. രാജ്യത്തിന്റെ പല ഭാഗത്തും ഇതിനു സമാനമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി.

ലക്ഷക്കണക്കിന് പേർ ഉപ്പുനിയമം ലംഘിച്ചു. ഹർത്താലും പ്രകടനങ്ങളും വിദേശവസ്തുക്കളുടെ ബഹിഷ്കരണവും തുടർന്നു. സ്ത്രീകളും കർഷകരും വ്യവസായ ത്തൊഴിലാളികളും ഇത്തരം സമരങ്ങളിൽ സജീവമായി. കർഷകർ വനനിയമം ലംഘിച്ചു. വ്യവസായത്തൊഴിലാളികൾ പണിമുടക്കി, അഭിഭാഷകർ ബ്രിട്ടിഷ് കോടതി ബഹി ഷ്കരിച്ചു, വിദ്യാർഥികൾ ഗവൺമെന്റ് നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ വിട്ടിറങ്ങി. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ അതിർത്തിയിലേക്ക് സമരം വ്യാപിച്ചു. ഇവിടെ ഖാൻ അബ്ദുൽ ഗഫ്ഫാർഖാൻ (അതിർത്തിഗാന്ധി) ഖുദായി കിത് മത് ഗാർഡ്(ദൈവസേവകർ) എന്ന പേരിൽ സംഘടനയുണ്ടാക്കി ഈ സമരത്തിൽ പങ്കെടുത്തു. ഇന്ത്യയുടെ വടക്കുകിഴ ക്കൻ പ്രദേശങ്ങളിൽ മണിപ്പൂരികളുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു.

1930 ഏപ്രിൽ മാസത്തിൽ കെ.കേളപ്പന്റെ നേതൃത്വത്തിൽ സത്യഗ്രഹികൾ കോഴിക്കോട്ടുനിന്നു പയ്യന്നൂരിലേക്ക് കാൽനടയായി എത്തി ഉളിയടത്ത് കടവിൽ വച്ച് ഉപ്പുനിയമം ലംഘിച്ചു. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെയും ഇ. മൊയ്തുമൗലവി യുടെയും നേതൃത്വത്തിൽ അനേകായിരങ്ങൾ പയ്യന്നൂരിൽ എത്തിച്ചേർന്നു. നൂറുകണക്കിന് സ്ത്രീകളും ഈ സമരത്തിൽ അണിനിരന്നു. എം. വി. കുട്ടിമാളു അമ്മ, എൻ. എസ്. പ്രഭു, ഈശ്വരിയമ്മ എന്നിവർ ഇവരിൽ പ്രമുഖരാണ്.

സി.കൃഷ്ണൻനായർ(നെയ്യാറ്റിൻകര), ടൈറ്റസ് (കോട്ടയം), രാഘവപൊതു വാൾ(ഷൊർണൂർ), ശങ്കർജി(മായന്നൂർ) എന്നിവർ ഗാന്ധിജിയോടൊപ്പം ദണ്ഡിമാർച്ചിൽ പങ്കെടുത്ത മലയാളികളാണ്.

എന്നാൽ ബ്രിട്ടീഷ് ഗവൺമെന്റ് ഈ പ്രസ്ഥാനത്തെ ക്രൂരമായി അടിച്ചമർത്തി. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ നിയമവിരുദ്ധ സംഘടനയായി പ്രഖ്യാപിച്ചു. ഗാന്ധിജിയെയും 90000ത്തോളം അനുയായികളെയും ജയിലിലടച്ചു. ആയിരക്കണക്കിന് ഏക്കർ ഭൂമി ബ്രിട്ടീഷുകാർ പിടിച്ചെടുത്തു. 1931 ൽ ഗാന്ധി –ഇർവിൻ സന്ധി നിലവിൽ വന്നതോടെ സിവിൽനിയമലംഘനസമരം അവസാനിപ്പിച്ചു. എന്നാൽ 1934 മാർച്ചിലാണ് കോൺഗ്രസ് ഔദ്യോഗികമായി സമരം പിൻവലിച്ചത്.



നമുക്ക് അറിയാം

**റാണി ഗെയ്ദിൻലു**

*മഹാത്മാഗാന്ധിയുടെ ആഹ്വാനം ഏറ്റെടുത്ത് പ്രശസ്തമായ നാഗാകലാപം സംഘടിപ്പിച്ച 13 കാരിയാണ് റാണി ഗെയ്ദിൻലു. 13ാം വയസ്സിൽ അറസ്റ്റ് ചെയ്യപ്പെട്ട് ജീവപര്യന്തം ശിക്ഷ ഏറ്റുവാങ്ങി 15 വർഷത്തോളം ജയിലിൽ കിടന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യശേഷം ജയിലിൽനിന്നു പുറത്തെത്തി. 1937 ൽ ജവഹർലാൽ നെഹ്റു ജയിലിൽ ഗെയ്ദിൻലുവിനെ സന്ദർശിച്ച് 'നാഗരുടെ റാണി' എന്ന വിശേഷണം നൽകി.*



**നമുക്കു പരിശോധിക്കാം**

ഉപ്പുനിയമം ലംഘിച്ച് സിവിൽ നിയമലംഘനപ്രസ്ഥാനം ആരംഭിക്കാനുള്ള ഗാന്ധിജിയുടെ തീരുമാനത്തിന്റെ പശ്ചാത്തലം വിവരിക്കുക.

### ഗാന്ധി – ഇർവിൻ സന്ധി (1931)

കോൺഗ്രസിന്റെ സഹകരണമില്ലാതെ യാതൊരു തീരുമാനവുമെടുക്കാൻ കഴിയില്ലെന്ന് ബ്രിട്ടീഷ് പാർലമെന്റിന് ബോധ്യപ്പെട്ടു. അങ്ങനെ ഗാന്ധിജിയുമായി ഒരു ഒത്തുതീർപ്പിന് ഇർവിൻ പ്രഭു നേരിട്ട് ബ്രിട്ടീഷ് ഗവൺമെന്റുമായി ബന്ധപ്പെട്ടു. 1931 മാർച്ച് 5ന് ഗാന്ധി-ഇർവിൻ സന്ധി ഒപ്പുവയ്ക്കപ്പെട്ടു. സന്ധിയിലെ വ്യവസ്ഥകൾ താഴെ പറയുന്നു.

1. അക്രമകാരികൾ ഒഴിച്ചുള്ള രാഷ്ട്രീയത്തടവുകാരെ ജയിൽമോചിതരാക്കും.
2. ഇന്ത്യക്കാർക്ക് കടലിൽനിന്ന് ഉപ്പുണ്ടാക്കാം.
3. മദ്യശാലകൾക്കു മുമ്പിലും വിദേശസാധനങ്ങൾ വിൽക്കുന്ന കടകൾക്കു മുമ്പിലും ഇന്ത്യക്കാർക്ക് പ്രതിഷേധിക്കാം.
4. പ്രതിഷേധം പ്രകടിപ്പിച്ച് രാജിവച്ച ഉദ്യോഗസ്ഥരോട് ഉദാരസമീപനം സ്വീകരിക്കും.

**ഗാന്ധിജി അംഗീകരിച്ച വ്യവസ്ഥകൾ**

1. സിവിൽ നിയമലംഘനസമരം അവസാനിപ്പിക്കും.
2. രണ്ടാം വട്ടമേശസമ്മേളനത്തിൽ ഇന്ത്യൻ നേതാക്കൾ പങ്കെടുക്കും.
3. എല്ലാ വിദേശസാധനങ്ങളും ഇന്ത്യക്കാർ ബഹിഷ്കരിക്കില്ല.
4. പോലീസ് അതിക്രമങ്ങളെക്കുറിച്ച് ഇന്ത്യക്കാർ അന്വേഷണം ആവശ്യപ്പെടില്ല.

ദേശീയാവശ്യങ്ങൾ ഒന്നും ഗവൺമെന്റ് പരിഗണിക്കാത്തതിനാൽ ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയവർ ഈ സന്ധിയെ എതിർത്തു. ഭഗത്സിങ്, രാജഗുരു, സുഖ്ദേവ് എന്നിവരുടെ വധശിക്ഷ ജീവപര്യന്തമാക്കണമെന്ന ആവശ്യം അംഗീകരിക്കാത്തതിൽ ശക്തമായ പ്രതിഷേധം ഇവർ അറിയിച്ചു.

ഉപ്പുനിയമം ലംഘിച്ച് ഗാന്ധിജി നടത്തിയ ബുദ്ധിപൂർവമായ സമരം ഒരു രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിൽ നല്ല തീരുമാനമായിരുന്നു. ജനങ്ങളുടെ അവശ്യവസ്തുവായ ഉപ്പിനു മേൽ നികുതിചുമത്തിയതിനെതിരെയുള്ള സമരം ബ്രിട്ടിഷ് ഗവൺമെന്റിനെതിരാക്കാൻ സാധിച്ചു. സിവിൽ നിയമലംഘനസമരത്തിന് മറ്റു ചില നേട്ടങ്ങളും ഉണ്ടാക്കാൻ സാധിച്ചു: ഇന്ത്യൻ ജനതയിൽ രാഷ്ട്രീയാവബോധം ഉണർത്തി. ഇന്ത്യക്കാർക്ക് അധികാരം കൈമാറ്റം ചെയ്യപ്പെടേണ്ടതിന്റെ ആവശ്യകത ബ്രിട്ടിഷുകാർക്ക് ബോധ്യമായി. ലോകത്തിനു മുമ്പിൽ ബ്രിട്ടിഷുകാരുടെ അന്തസ്സിന് ഭംഗമുണ്ടായി.

### വട്ടമേശസമ്മേളനങ്ങൾ

ആദ്യ വട്ടമേശസമ്മേളനം 1930 നവംബറിൽ ലണ്ടനിൽ നടന്നു. പക്ഷേ, ഇന്ത്യൻ ദേശീയനേതാക്കൾ ആരും പങ്കെടുത്തില്ല. തുടർന്ന് 1931 ൽ ലണ്ടനിൽ തന്നെ രണ്ടാം വട്ടമേശസമ്മേളനം നടന്നു. ഗാന്ധി-ഇർവിൻ സന്ധിയിലെ വ്യവസ്ഥപ്രകാരം ഗാന്ധിജി ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തു. മദനമോഹൻ മാളവ്യ, മുഹമ്മദ് ഇഖ്ബാൽ, സരോജിനി നായിഡു, ജി.ഡി.ബിർള, ഡോ. അംബേദ്കർ മുതലായ പ്രമുഖരും രണ്ടാം വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.



രണ്ടാം വട്ടമേശസമ്മേളനം

കോൺഗ്രസ് പൂർണസ്വരാജ് എന്ന ആശയത്തിൽ ഉറച്ചുനിന്നു. അധഃസ്ഥിത വിഭാഗങ്ങൾക്ക് പ്രത്യേക സമ്മതിദാനാവകാശം വേണമെന്ന് അംബേദ്കർ വാദിച്ചു. ഗാന്ധിജി ഈ അഭിപ്രായം അംഗീകരിച്ചില്ല. പ്രത്യേക സമ്മതിദാനാവകാശം ബ്രിട്ടിഷുകാരുടെ ഭിന്നിപ്പിച്ചു ഭരിക്കുക എന്ന നയമാണെന്ന് ഗാന്ധിജി മനസ്സിലാക്കി. അങ്ങനെ രണ്ടാം വട്ടമേശസമ്മേളനവും പരാജയമായി. ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തുകയും നിയമലംഘനപ്രസ്ഥാനം പുനരാരംഭിക്കുകയും ചെയ്തു.

മൂന്നാം വട്ടമേശസമ്മേളനം 1932 നവംബറിൽ നടന്നു. കോൺഗ്രസ് ഈ സമ്മേളനത്തിൽ പങ്കെടുത്തില്ല. ഇന്ത്യയിലെ ഭാവിഭരണഘടനയെപ്പറ്റി ഒരു രൂപരേഖ ഈ സമ്മേളനത്തിൽ തയാറാക്കി. ഒരു ധവളപത്രമായി പ്രസിദ്ധീകരിച്ച ഈ രൂപരേഖ പിന്നീട് 1935 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിന് ആധാരമായി. ഈ നിയമം ഇന്ത്യൻ നാട്ടുരാജ്യങ്ങൾക്ക് സ്വയംഭരണാവകാശം നൽകി.

## കമ്മ്യൂണൽ അവാർഡ് (Communal Award)

രണ്ടാം വട്ടമേശസമ്മേളനം പരാജയമായതുകൊണ്ട് 1932 ആഗസ്ത് 6 ന്, ബ്രിട്ടിഷ് പ്രധാനമന്ത്രി റംസെ മാക്ഡൊണാൾഡ് സാമുദായിക പ്രാതിനിധ്യം പ്രഖ്യാപിച്ചു. ഇതാണ് പിന്നീട് കമ്മ്യൂണൽ അവാർഡായി അറിയപ്പെട്ടത്. അതിന്റെ പ്രധാന നിർദേശങ്ങൾ താഴെ ചേർക്കുന്നു.

1. മുസ്ലിംകൾക്ക് നിയമസഭകളിലുള്ളതു കൂടാതെ പ്രത്യേക സമ്മതിദാനാവകാശം അനുവദിക്കുക.
2 മുസ്ലിംകൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ ഉണ്ടായിരിക്കണം. കൂടാതെ കേന്ദ്രത്തിലും പ്രാദേശിക നിയമനിർമാണസഭകളിലും നിശ്ചിത ശതമാനം അംഗത്വം അനുവദിക്കുക.
3 പിന്നാക്കവിഭാഗങ്ങൾക്ക് 71 സീറ്റ് അനുവദിക്കുക.

## പൂനാകരാർ

കമ്മ്യൂണൽ അവാർഡിനെ ഗാന്ധിജി അതിശക്തമായി എതിർത്തു. അദ്ദേഹം ഇതിനെതിരെ യർവാദാ ജയിലിൽ മരണംവരെ നിരാഹാരം കിടക്കാൻ തീരുമാനിച്ചു. പൂനകരാർ ഒപ്പുവച്ചതോടെ കമ്മ്യൂണൽ അവാർഡ് പിൻവലിച്ചു. പൂനകരാറിന്റെ വ്യവസ്ഥകൾ താഴെ സൂചിപ്പിക്കുന്നു.

1. പൊതുമണ്ഡലങ്ങൾ തുടരും.
2. 71 നു പകരം 148 സീറ്റുകൾ അധഃസ്ഥിതർക്കു നീക്കിവയ്ക്കും.
3. ഹരിജനങ്ങൾക്ക് കേന്ദ്രനിയമനിർമാണസഭയിൽ 20% സീറ്റ് സംവരണം.
4. അധഃസ്ഥിത അംഗങ്ങളെ ഏകസമ്മതിദാനാവകാശത്തിലൂടെ തിരഞ്ഞെടുക്കാം.
5. ഹരിജനങ്ങൾക്ക് പൊതുസേവനങ്ങളിലും പ്രാദേശിക ഭരണസമിതികളിലും മതിയായ പ്രാതിനിധ്യം.
6. ഹരിജനങ്ങളുടെ സാക്ഷരതാപ്രവർത്തനത്തിന് പ്രത്യേക സാമ്പത്തികസഹായം.

## യുദ്ധവിരുദ്ധ സത്യഗ്രഹം (1940)

ദേശീയാവശ്യങ്ങൾ മുൻനിർത്തി സംഘടിതമായി നിസ്സഹകരണപ്രസ്ഥാനവും നിയമലംഘന പ്രസ്ഥാനവും നടത്താമെന്ന് ഗാന്ധിജി തെളിയിച്ചു. എന്നാൽ യുദ്ധവിരുദ്ധ സത്യഗ്രഹത്തിലൂടെ തെളിയിക്കാൻ കഴിഞ്ഞത് വ്യക്തിതലത്തിലും സത്യഗ്രഹം പ്രായോഗികമാണെന്നാണ്. പക്ഷേ, ഇതിന് സത്യഗ്രഹിയെ തിരഞ്ഞെടുക്കുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതുണ്ട്.

സ്വാതന്ത്ര്യസമരത്തിൽ നടന്ന ഒരു സംഭവം നമുക്കു വിശകലനം ചെയ്യാം. രണ്ടാം ലോകയുദ്ധത്തിന്റെ തുടക്കത്തിൽ സ്ഥിതിഗതികൾ ബ്രിട്ടന് അനുകൂലമായിരുന്നില്ല. അതുകൊണ്ട് ഇന്ത്യയുടെ പിന്തുണ അവർക്ക് നേടണമായിരുന്നു. ഇതിനായി ബ്രിട്ടിഷ് ഗവൺമെന്റ് ചില വാഗ്ദാനങ്ങൾ മുന്നോട്ടു വച്ചു. 'ഓഗസ്ത് ഓഫർ' എന്നറിയപ്പെടുന്ന

ഇതുപ്രകാരം ഇന്ത്യക്ക് 'പുത്രികാരാജ്യപദവി' വാഗ്ദാനം ചെയ്തു. എന്നാൽ ഈ വാഗ്ദാനം നിരസിച്ചതുവഴി ഓഗസ്ത് ഓഫർ തള്ളപ്പെട്ടു.

സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസിലെ ഇടതുപക്ഷനേതാക്കൾ ബ്രിട്ടിഷ് ഗവൺമെന്റിനെതിരെ ബഹുജനപ്രസ്ഥാനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടു. ഇത് ബ്രിട്ടിഷ് ഗവൺമെന്റിന്റെ യുദ്ധസന്നാഹങ്ങളെ അവതാളത്തിലാക്കുമെന്ന് ഗാന്ധിജി ഭയപ്പെട്ടു. അതുകൊണ്ട് അദ്ദേഹം വ്യക്തിസത്യഗ്രഹം നടത്താൻ തീരുമാനിച്ചു, അതാണ് പിന്നീട് 'യുദ്ധവിരുദ്ധസത്യഗ്രഹം' എന്നപേരിൽ അറിയപ്പെട്ടത്. 1940 ഒക്ടോബറിൽ ആരംഭിച്ച വ്യക്തിസത്യഗ്രഹം ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലെ ഒരു പുതിയ ഏടായിരുന്നു. സത്യഗ്രഹത്തിന്റെ വിജയത്തിനായി ഗാന്ധിജി കർശനമായ നിയമങ്ങളും പ്രതിജ്ഞയും കൈക്കൊണ്ടു. വിനോബഭാവെയെ ആദ്യത്തെ വ്യക്തിസത്യഗ്രഹിയായി ഗാന്ധിജി തിരഞ്ഞെടുത്തു.

1940 ഒക്ടോബർ 17-ന് വിനോബഭാവെ സത്യഗ്രഹം ആരംഭിച്ചു. താമസിയാതെ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. തുടർന്ന് അനേകം പേർ വ്യക്തിസത്യഗ്രഹം അനുഷ്ഠിക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. 1941 വരെ യുദ്ധവിരുദ്ധസത്യഗ്രഹം തുടർന്നു. അതേസമയം വൈസ്രോയിയുടെ എക്സിക്യൂട്ടിവ് കൗൺസിലിൽ കൂടുതൽ ഇന്ത്യക്കാരെ ഉൾക്കൊള്ളിച്ചു. സത്യഗ്രഹത്തിന്റെ വിജയത്തിന് വ്യക്തിസത്യഗ്രഹിയായി വിനോബഭാവെയെ തിരഞ്ഞെടുത്തത് വലിയൊരളവുവരെ ശരിയാണെന്ന് ഗാന്ധിജി തെളിയിച്ചു. ഗാന്ധിജി ആദ്യമായി ബ്രിട്ടിഷുകാരുടെ യുദ്ധനയങ്ങളെ നേരിട്ട് എതിർത്തതും വ്യക്തിസത്യഗ്രഹത്തിന്റെ ഒരു മേന്മയാണ്.

**നമുക്കു ചെയ്യാം**

*വിനോബഭാവെയുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും കുറിച്ച് ലഘുകുറിപ്പ് തയാറാക്കുക*

### ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം (1942)

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജനപ്രസ്ഥാനമാണ് ക്വിറ്റ് ഇന്ത്യ. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിന്റെ പശ്ചാത്തലവും പ്രാധാന്യവും നമുക്കു വിശകലനം ചെയ്യാം. രണ്ടാം ലോകയുദ്ധശേഷം ഇന്ത്യയോടുള്ള അതിന്റെ സമീപനം പുനരാലോചിക്കാൻ ബ്രിട്ടൻ നിർബന്ധിതമായി. 1942 ൽ പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ സർ സ്റ്റാഫോഡ് ക്രിപ്സിനെ ഇന്ത്യയിലേക്കയച്ചു. ബ്രിട്ടനിലെ ലേബർ പാർട്ടി അംഗമായിരുന്ന ക്രിപ്സ് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തോട് അനുഭാവം പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ പ്രധാന ദൗത്യം ഗാന്ധിജിയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായി ഒരു ഒത്തുതീർപ്പിലെത്തുക എന്നതായിരുന്നു. ക്രിപ്സ് ചില നിർദേശങ്ങൾ മുമ്പോട്ടുവച്ചു. അതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.



*ഗാന്ധിജി സർ.സ്റ്റാഫോഡ് ക്രിപ്സിനൊപ്പം*

- യുദ്ധം അവസാനിച്ചാൽ ഉടൻതന്നെ ഇന്ത്യക്ക് പുത്രികാരാജ്യപദവി നൽകും.
- ഭരണഘടനാനിർമാണത്തിന് പുതിയ സമിതി രൂപീകരിക്കും.
- ഈ സമിതി തയാറാക്കുന്ന ഭരണഘടന ചില ഉപാധികളോടെ ബ്രിട്ടിഷ് ഗവൺമെന്റ് അംഗീകരിക്കും.
- ഏതെങ്കിലും പ്രവിശ്യ ഇന്ത്യൻ യൂണിയനിൽനിന്നു വിട്ടുനിൽക്കാൻ ആഗ്രഹിച്ചാൽ അനുവദിക്കും.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് അധികാരം ഉടൻ കൈമാറണമെന്ന് ആവശ്യപ്പെട്ടു. എല്ലാ അധികാരവുമുള്ള ഉത്തരവാദപ്പെട്ട ഗവൺമെന്റ് എന്നായിരുന്നു അവരുടെ ആവശ്യം. പക്ഷേ, ബ്രിട്ടൺ ഈ ആവശ്യം തള്ളി. ക്രിപ്സിന്റെ നിർദേശത്തെ ഗാന്ധിജി 'തകരാൻ പോകുന്ന ബാങ്കിന്റെ മുൻകൂർവാഗ്ദാനം' എന്നു വിശേഷിപ്പിച്ചു. മുസ്‌ലിം ലീഗ് ക്രിപ്സി ന്റെ നിർദേശത്തെ തള്ളുകയും പാകിസ്ഥാൻ വേണമെന്ന് വീണ്ടും വാദിക്കുകയും ചെയ്തു. അങ്ങനെ ക്രിപ്സ്ദൗത്യം പരാജയപ്പെട്ടു. തുടർന്ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ 1942 ൽ തന്റെ മൂന്നാമത്തെ പ്രധാന സത്യഗ്രഹസമരമായ 'ക്വിറ്റ് ഇന്ത്യ' (ഇന്ത്യ വിടുക) പ്രക്ഷോഭം ആരംഭിച്ചു.

1942 മെയ് മാസത്തിൽ, ബ്രിട്ടിഷുകാർ ഇന്ത്യ വിടാൻ തയാറല്ലെങ്കിൽ നിയമലംഘനസമരം പുനരാരംഭിക്കുമെന്നു ഗാന്ധിജി മുന്നറിയിപ്പു നൽകി. 1942 ആഗസ്ത് 8 ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ചരിത്രപരമായ 'ക്വിറ്റ് ഇന്ത്യ' (ഇന്ത്യ വിടുക) പ്രമേയം പാസാക്കി. ഇതിന്റെ ഭാഗമായി 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മുദ്രാവാക്യം ഗാന്ധിജി ജനങ്ങൾക്ക് നൽകി. എന്നിട്ട് അദ്ദേഹം പറഞ്ഞു: "ഇതാ ഒരു മന്ത്രം, കൊച്ചു മന്ത്രം ഞാൻ നിങ്ങൾക്ക് നൽകുന്നു - പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക. ഇത് ഹൃദയത്തിൽ നിങ്ങൾ ആലേഖനം ചെയ്യണം. നിങ്ങളുടെ ഓരോ ശ്വാസവും അതിന് ആവിഷ്കാരം നൽകണം. നാം ഒന്നുകിൽ ഇന്ത്യയെ സ്വതന്ത്രയാക്കും, അല്ലെങ്കിൽ ആ ശ്രമത്തിൽ മരിക്കും. നാം നമ്മുടെ അടിമത്തം തുടരുന്നതു കാണാൻ ജീവിച്ചിരിക്കില്ല."

സമരം അടിച്ചമർത്താൻ വേണ്ട എല്ലാ നടപടികളും ബ്രിട്ടിഷ് ഗവൺമെന്റ് കൈക്കൊണ്ടു. ആഗസ്ത് 9 ന് എല്ലാ കോൺഗ്രസ് നേതാക്കളെയും അറസ്റ്റ്ചെയ്ത് ജയി ലിലടച്ചു. ഇതിൽ പ്രതിഷേധിച്ച് രാജ്യത്തിന്റെ നാനാഭാഗത്തും ജനങ്ങൾ തെരുവിലിറങ്ങി. ജയപ്രകാശ് നാരായണൻ, റാം മനോഹർ ലോഹ്യ, അരുണാ ആസഫലി തുടങ്ങിയ നേതാക്കൾ ഒളിവിലിരുന്നുകൊണ്ട് സമരം നയിച്ചു. ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിന്റെ ഭാഗമായി കേരളത്തിലും സമ്മേളനങ്ങളും പ്രകടനങ്ങളും നടന്നു. ചേമഞ്ചേരി റെയിൽവേ സ്റ്റേഷൻ, തലശ്ശേരി സബ്കോടതി, നടുവണ്ണൂർ റജിസ്റ്റർ ഓഫീസ്, ചോമ്പാലയിലെ ഉപ്പ് ഡിപ്പോ മുതലായവ തകർക്കപ്പെട്ടു. ഫറോക്ക് പാലവും തകർക്കാൻ ശ്രമം നടന്നു.

നിസ്സഹകരണസമരത്തിൽനിന്നും നിയമലംഘനസമരത്തിൽന്നും വ്യത്യ സ്തമായി വൻതോതിലുള്ള അക്രമങ്ങൾ ക്വിറ്റ് ഇന്ത്യാസമരത്തിന്റെ ഭാഗമായുണ്ടായി. പ്രക്ഷോഭം തുടങ്ങുമ്പോൾതന്നെ എല്ലാ നേതാക്കളെയും ജയിലിലടച്ചതോടെ സമരത്തിന് മാർഗനിർദേശം നൽകാൻ ആളില്ലാതായി. ബ്രിട്ടിഷ് ഗവൺമെന്റിന്റെ അടിച്ചമർത്തൽ നയം ജനങ്ങളെ കൂടുതൽ രോഷാകുലരാക്കുകയും അവർ ഹിംസയിലേക്കു തിരിയുകയും ചെയ്തു. മുസ്‌ലിംലീഗ് പ്രക്ഷോഭപരിപാടിയിൽനിന്നു വിട്ടുനിന്നു. അവസാനം ഗവൺമെന്റ് പ്രക്ഷോഭം അടിച്ചമർത്തുന്നതിൽ വിജയം കണ്ടു. എങ്കിലും 'പ്രവർത്തിക്കുക അല്ലെങ്കിൽ

മരിക്കുക' എന്ന മുദ്രാവാക്യം ഓരോ ഇന്ത്യക്കാരന്റെയും മനസ്സിൽ ഇടംപിടിച്ചു. ബ്രിട്ടിഷുകാരോടുള്ള അവരുടെ ഭീതി ഇതോടെ മാറി. എത്ര സഹിച്ചാണെങ്കിലും സ്വതന്ത്രനാകാനുള്ള ഓരോ ഇന്ത്യക്കാരന്റെയും ആഗ്രഹം ഈ സമരത്തിലൂടെ വെളിപ്പെട്ടു. ഇന്ത്യയിലെ തങ്ങളുടെ നാളുകൾ എണ്ണപ്പെട്ടു എന്ന വസ്തുത ബ്രിട്ടിഷുകാർ തിരിച്ചറിഞ്ഞു.

**നമുക്കു ചെയ്യാം**

*മറ്റു രണ്ടു പ്രക്ഷോഭങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ക്വിറ്റ് ഇന്ത്യാസമരത്തിന്റെ പ്രസക്തി എന്ത്? ഒരു ചെറുവിവരണം തയാറാക്കുക.*

### വേവൽപദ്ധതി (1945)

1945 ജൂൺ 14ന് അന്നത്തെ ബ്രിട്ടിഷ് വൈസ്രോയി വേവൽ പ്രഭു ഇന്ത്യ സന്ദർശിച്ചു. ഇന്ത്യൻ ഭരണഘടനയിൽ ചില ഭേദഗതികൾ വരുത്താൻ വേണ്ട നിർദേശങ്ങൾ അദ്ദേഹം മുമ്പോട്ടുവച്ചു. ഇതാണ് വേവൽപദ്ധതി എന്നറിയപ്പെടുന്നത്. അദ്ദേഹം എല്ലാ രാഷ്ട്രീയ പ്പാർട്ടികളുടെയും ഒരു സമ്മേളനം സിംലയിൽ വിളിച്ചുകൂട്ടി. എന്നാൽ ജിന്നയുടെ വിയോജിപ്പിനെത്തുടർന്ന് സമ്മേളനം പരാജയപ്പെട്ടു. അങ്ങനെ വേവൽപദ്ധതി തിരസ്കരിക്കപ്പെട്ടു.

### കാബിനറ്റ് മിഷൻ (1946)

ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ഇംഗ്ലണ്ടിൽ ലേബർ പാർട്ടി അധികാരത്തിലെത്തി. 1946 ആയപ്പോഴേക്കും ഇന്ത്യയിൽനിന്നു മാന്യമായ പിന്മാറ്റമാണ് നല്ലതെന്നു ബ്രിട്ടിഷ് ഗവൺമെന്റിന് ബോധ്യമായി. അധികാരക്കൈമാറ്റത്തിന്റെ വ്യവസ്ഥകൾ ചർച്ചചെയ്യാൻ ബ്രിട്ടിഷ് ഗവൺമെന്റ് സർ സ്റ്റാഫോഡ് ക്രിപ്സിന്റെ നേതൃത്വത്തിൽ കാബിനറ്റ് മിഷനെ ഇന്ത്യയിലേക്കയച്ചു.

മുസ്ലിം ലീഗിന്റെ പാകിസ്ഥാൻ എന്ന ആശയം കാബിനറ്റ് മിഷൻ തള്ളിക്കളഞ്ഞു. എങ്കിലും മുസ്ലിംകൾക്ക് പ്രത്യേക പ്രവിശ്യ അനുവദിച്ചതോടെ ലീഗിനെ ഒരു പരിധിവരെ തൃപ്തിപ്പെടുത്താൻ സാധിച്ചു. കോൺഗ്രസും കാബിനറ്റ് മിഷനെ അംഗീകരിച്ചു. എന്നാൽ ഭരണഘടനാനിർമാണ സമിതിയിലേക്കുള്ള തിരഞ്ഞെടുപ്പു കഴിഞ്ഞതോടെ ലീഗ് അവരുടെ നിലപാടിൽ മാറ്റം വരുത്തി.

പാകിസ്താൻ വേണമെന്ന ആവശ്യവുമായി മുസ്ലിം ലീഗ് പ്രത്യക്ഷസമരത്തിനൊരുങ്ങി. 1946 ആഗസ്ത് 16 ന് യുദ്ധം ചെയ്തും പാകിസ്ഥാൻ നേടുമെന്ന ആഹ്വാനവുമായി പ്രത്യക്ഷസമരം തുടങ്ങി. ഇതോടെ രാജ്യത്തിന്റെ പലഭാഗത്തും വർഗീയലഹളകൾ പൊട്ടിപ്പുറപ്പെട്ടു. ആയിരങ്ങൾക്കു ജീവൻ നഷ്ടപ്പെട്ടു. അയ്യായിരത്തിലധികംപേർ കൊല്ലപ്പെട്ട കൽക്കത്ത ശവപ്പറമ്പായിമാറി. വർഗീയലഹളകൾ ശമിപ്പിക്കാൻ ഗാന്ധിജി ബംഗാളിലും ബിഹാറിലും പദയാത്ര നടത്തി.

### ആറ്റ്ലിയുടെ പ്രസ്താവന, ഫെബ്രുവരി 20, 1947 : വിഭജിക്കുക, പുറത്തുപോകുക

ബ്രിട്ടിഷ് പ്രധാനമന്ത്രി ആറ്റ്ലി കൃത്യമായ ലക്ഷ്യവുമായി ഒരു പ്രസ്താവന ഹൗസ് ഓഫ് കോമണിൽ നടത്തി. 1948 ജൂണിനു മുമ്പെ ഇന്ത്യക്ക് അധികാരം കൈമാറ്റം ചെയ്യാൻ ബ്രിട്ടൻ ആഗ്രഹിച്ചു.

1947 മാർച്ചിൽ മൗണ്ട്ബാറ്റൺ പ്രഭു ഇന്ത്യൻ വൈസ്രോയിയായി. എല്ലാ പാർട്ടിക്കാർക്കും സ്വീകാര്യമായ ഒരു പരിഹാരമാർഗം കണ്ടെത്തുന്നതിനായി അദ്ദേഹം ഇന്ത്യൻ നേതാക്കളുമായി ചർച്ചകളാരംഭിച്ചു. പാകിസ്ഥാൻപ്രശ്നത്തിൽ ഒരു ഒത്തുതീർപ്പ് അസാധ്യമാണെന്ന് മനസ്സിലാക്കിയതിനാൽ അദ്ദേഹം ഇന്ത്യാവിഭജനം വാഗ്ദാനം ചെയ്തു. എന്നാൽ മഹാത്മാഗാന്ധി ഇന്ത്യാവിഭജനത്തെ അതിശക്തമായെതിർത്തു.

### ഇന്ത്യൻ സ്വാതന്ത്ര്യനിയമവും ഇന്ത്യാവിഭജനവും

ഇന്ത്യൻ സ്വാതന്ത്ര്യനിയമം 1947-ജൂലൈയിൽ ബ്രിട്ടിഷ് പാർലമെന്റ് പാസാക്കി. ഇതു പ്രകാരം 1947 ആഗസ്ത് 15 മുതൽ ഇന്ത്യയും പാകിസ്ഥാനും സ്വയംഭരണാധികാരമുള്ള രണ്ടു രാജ്യങ്ങളായി മാറി. അങ്ങനെ 1947 ആഗസ്ത് 15 ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ സന്തോഷവും വിഭജനത്തിന്റെ സങ്കടവും ഉൾക്കൊണ്ടുകൊണ്ട് ആദ്യ സ്വാതന്ത്ര്യദിനം ആഘോഷിച്ചു.

ഇന്ത്യ സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ മഹാത്മാഗാന്ധി കൽക്കത്തയിലായിരുന്നു. അവിടെ രൂക്ഷമായ വർഗീയലഹള നടക്കുകയായിരുന്നു. ഇതു കണ്ട ഗാന്ധിജി പറഞ്ഞു: "മനുഷ്യൻ ഹിന്ദുവെന്നോ മുസ്ലിമെന്നോ സ്വയം വിളിക്കാൻ ധൈര്യമില്ലാതെ മൃഗീയമായി കശാപ്പിനിരയാകുന്നതിന് സാക്ഷ്യം വഹിക്കാൻ കഴിയാത്തതിനാൽ എന്നെ ഈ കണ്ണീർതാഴ്വരയിൽനിന്നു മോചിപ്പിക്കണമെന്ന് സർവേശ്വരനോട് ഞാൻ അഭ്യർഥിക്കുകയാണ്".

1948 ജനുവരി 30 വെള്ളിയാഴ്ച. ഡൽഹി ബിർളാ മന്ദിരം. വൈകിട്ട് പതിവുപോലെ സന്ദർശകർ എത്തിത്തുടങ്ങി. സമയം നാലുമണി. പട്ടേൽ വന്നു ചർച്ച നടത്തി. പ്രാർഥനാസമയം അഞ്ചു മണിയായിരുന്നു. 5.10 ആയപ്പോൾ കൃത്യമായ സമയനിഷ്ഠ പാലിക്കുന്ന അദ്ദേഹം എഴുന്നേറ്റു. പ്രാർഥനാവേദിയിലേക്ക് അനുയായികൾക്കിടയിലൂടെ നടന്നുനീങ്ങി. അതിനിടെ ഗാന്ധിജിയുടെ പാദങ്ങളിൽ നമസ്കരിക്കാൻ എന്ന വ്യാജേന നാഥുറാം വിനായക് ഗോഡ്സെ എന്നൊരാൾ അരയോളം കുനിഞ്ഞു. നിമിഷനേരംകൊണ്ട് മൂന്നു വെടിയുണ്ടകൾ ഗാന്ധിജിയുടെ ശരീരത്തിലേക്ക് ഉതിർത്തു. വെള്ള ഖദർത്തുണിയിലൂടെ രക്തത്തുള്ളികൾ ഊർന്നിറങ്ങുമ്പോൾ ആ ചുണ്ടുകൾ മന്ത്രിച്ചു: റാം റാം... രക്തത്തിൽ കുതിർന്ന ഗാന്ധിജിയുടെ വാച്ചിൽ സഹായിയായ മനു അപ്പോൾ നോക്കി-സമയം 5 മണി കഴിഞ്ഞ് 17 മിനിറ്റ്. തന്റെ നേരെ വെടിയുതിർത്ത സഹോദരനെ നോക്കി മന്ദഹസിച്ചുകൊണ്ട് ആ മഹാനുഭാവന്റെ ശ്വാസം നിലച്ചു. സമയം ആറുമണി. ഡൽഹി റേഡിയോനിലയം ചരമവാർത്ത പ്രക്ഷേപണം ചെയ്തു:

'ഇന്ന് വൈകിട്ട് 5 മണി 20 മിനിറ്റ്, മഹാത്മാഗാന്ധി, നമ്മുടെ രാഷ്ട്രപിതാവ്, ഡൽഹിയിലെ ബിർളാമന്ദിരത്തിൽ വധിക്കപ്പെട്ടിരിക്കുന്നു'.

## മഹാത്മാഗാന്ധി : ഒരു സാമൂഹിക – രാഷ്ട്രീയപ്രവർത്തകൻ

വൈക്കം, ഗുരുവായൂർ സത്യഗ്രഹങ്ങളെക്കുറിച്ചു നമ്മൾ ചെറിയ ക്ലാസിൽ പഠിച്ചിട്ടുണ്ട്. എന്തുകൊണ്ട് ഗാന്ധിജി ഇത്തരം സമരങ്ങളിൽ ഇടപെട്ടു? ഇന്ത്യൻസ്വാതന്ത്ര്യ സമരത്തിലൂടെ വിദേശാധിപത്യത്തിൽനിന്നുള്ള ഇന്ത്യയുടെ സ്വാതന്ത്ര്യം മാത്രമല്ല ഗാന്ധിജി ലക്ഷ്യമിട്ടത്- മനുഷ്യന്റെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവും ധാർമികവുമായ ഉയർച്ചയുംകൂടിയായിരുന്നു. അദ്ദേഹത്തിന്റെ നിർമാണാത്മക പ്രവർത്തനങ്ങളുടെ ഉദാഹരണങ്ങളാണ് വൈക്കം - ഗുരുവായൂർ സത്യഗ്രഹങ്ങളും ഹരിജൻ സേവകസംഘവും കസ്തൂർബാഗാന്ധി മെമ്മോറിയൽ ട്രസ്റ്റും.

### നിർമാണാത്മക പ്രവർത്തനങ്ങൾ

നിസ്സഹകരണസമരം പിൻവലിച്ചയുടൻതന്നെ ഗാന്ധിജി നിർമാണാത്മക പ്രവർത്തനങ്ങൾക്കു രൂപം നൽകി. ഇത് രാജ്യത്തിന്റെ സമഗ്രവികസനത്തെയാണ് ലക്ഷ്യമിട്ടത്. ബ്രിട്ടിഷ് ഭരണത്തിൽ താളംതെറ്റിയ ഇന്ത്യൻ കാർഷിക-സാമ്പത്തികമേഖലകളെ പുനരുജ്ജീവിപ്പിക്കാൻ ഗാന്ധിജിയുടെ നിർമാണാത്മകപ്രവർത്തനങ്ങൾ പ്രാധാന്യം നൽകി. ഇതിനെക്കുറിച്ച് വിശദമായി നമുക്ക് മഹാത്മാഗാന്ധിയുടെ സാമൂഹികദർശനങ്ങൾ എന്ന അധ്യായത്തിൽ മനസ്സിലാക്കാം.

### വൈക്കം സത്യഗ്രഹം

തിരുവിതാംകൂറിലെ ഒരു ഗ്രാമമാണ് വൈക്കം. ഇപ്പോൾ കേരളത്തിലെ കോട്ടയം ജില്ലയിലാണ്. ഈ ഗ്രാമത്തിൽ നാലുവശവും റോഡിനാൽ ചുറ്റപ്പെട്ട ഒരു പ്രശസ്ത ക്ഷേത്രമുണ്ട്. നൂറ്റാണ്ടുകളായി അവർണർക്ക് ഈ ക്ഷേത്രത്തിന്റെ റോഡിലൂടെ നടക്കാൻപോലും അവകാശമില്ലായിരുന്നു. 1924 ൽ ടി.കെ. മാധവൻ, കൃഷ്ണസ്വാമി, കെ.കേളപ്പൻ തുടങ്ങിയവർ ചേർന്ന് ഒരു അയിത്തവിരുദ്ധ സമിതി രൂപീകരിച്ചു. അയിത്തത്തിനെതിരെ അവർ സത്യഗ്രഹസമരം ആരംഭിക്കാൻ തീരുമാനിച്ചു. കോൺഗ്രസിന്റെ അയിത്തവിരുദ്ധ കമ്മിറ്റി ശിവക്ഷേത്രത്തിലേക്കുള്ള എല്ലാ റോഡും അവർണർക്ക് തുറന്നുകൊടുക്കാനായി എല്ലാ ജാതിക്കാരെയും ഉൾപ്പെടുത്തി ജാഥ നടത്താൻ തീരുമാനിച്ചു. അവർ തിരുവിതാംകൂർ രാജാവിന് നിവേദനം അയച്ചു. അയിത്തമെന്ന അനാചാരത്തിനെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടു.

1924 മാർച്ച് 30 ന് മൂന്നോ നാലോ സന്നദ്ധപ്രവർത്തകരെ വീതം ഈ പ്രദേശത്തുകൂടെ അയക്കാൻ കമ്മിറ്റി തീരുമാനിച്ചു. ആദ്യസംഘത്തെ പോലീസ് അറസ്റ്റ് ചെയ്തു. അടുത്ത സംഘത്തിനും ഇതേ അനുഭവമായിരുന്നു. ഇത്തരം മഹത്തായ കാര്യത്തിനു വേണ്ടി അറസ്റ്റ് വരിച്ച സന്നദ്ധപ്രവർത്തകരെ അഭിനന്ദിച്ചുകൊണ്ട് ഗാന്ധിജി സന്ദേശമയച്ചു. കേരളത്തിലെ നാനാഭാഗത്തും സത്യഗ്രഹത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി സമ്മേളനങ്ങൾ വിളിച്ചുകൂട്ടി. ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ വിശ്വാസികളെല്ലാം ഈ ആശയത്തോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് അവയിൽ പങ്കെടുത്തു.

മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായ മഹാദേവ് ദേശായി, മകൻ രാംദാസ് ഗാന്ധി, സി. രാജഗോപാലാചാരി മറ്റു സഹപ്രവർത്തകർ എന്നിവർക്കൊപ്പം വൈക്കം സന്ദർശിച്ചു. വൈക്കം സത്യഗ്രഹത്തോട് യാഥാസ്ഥിതിക ഹിന്ദുക്കൾക്കുണ്ടായിരുന്ന സമീപനം മാറ്റിയെടുക്കാൻ അവർ ശ്രമിച്ചു. 1925 മാർച്ചിൽ മഹാത്മാഗാന്ധി മഹാ

റാണിയെയും ശ്രീനാരായണഗുരുവിനെയും ദിവാനെയും പ്രമുഖരായ നേതാക്കളെയും സന്ദർശിച്ച് സത്യാഗ്രഹത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് സംസാരിച്ചു.

അവസാനം, 1925 നവംബർ 23ന് ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സമരം പിൻവലിച്ചു. വ്യവസ്ഥപ്രകാരം രണ്ടു വഴികളൊഴികെയുള്ള ക്ഷേത്രത്തിന്റെ ചുറ്റുമുള്ള മറ്റു വഴികൾ പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. കേരളഗാന്ധി എന്നറിയപ്പെടുന്ന കെ. കേളപ്പൻ ഈ കരാറിൽ സംതൃപ്തി രേഖപ്പെടുത്തി.

1936ൽ ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ പുറപ്പെടുവിച്ച ക്ഷേത്രപ്രവേശനവിളംബരത്തിന് അടിസ്ഥാനമായത് വൈക്കം സത്യാഗ്രഹമാണ്. അയിത്തം എന്ന സാമൂഹികതിന്മയ്ക്കെതിരെ നടന്ന സമരത്തിന്റെ തുടക്കമാണു വൈക്കം സത്യാഗ്രഹം. സവർണഹിന്ദുവായ മന്നത്ത് പദ്മനാഭൻ നടത്തിയ 'സവർണജാഥ' സത്യാഗ്രഹത്തിന്റെ വലിയൊരു സവിശേഷതയായിരുന്നു. മാത്രമല്ല, കൂടുതൽ സവർണഹിന്ദുക്കളും ഈ ജാഥയെ പിന്തുണച്ചു.

### ഗുരുവായൂർ സത്യഗ്രഹം

അയിത്തത്തിനെതിരേ നടന്ന വളരെ പ്രധാനപ്പെട്ട സമരമാണ് ഗുരുവായൂർ സത്യാഗ്രഹം. എല്ലാ വിഭാഗം ഹിന്ദുക്കൾക്കും ക്ഷേത്രം തുറന്നുകൊടുക്കാൻ വേണ്ടി കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ 1931 നവംബർ ഒന്നിന് ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ചു. കെ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സത്യാഗ്രഹത്തിൽ എ.കെ. ഗോപാലനായിരുന്നു വളണ്ടിയർ ക്യാപ്റ്റൻ. ഗുരുവായൂർ സത്യാഗ്രഹം രാജ്യമെമ്പാടുമുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുകയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള രാഷ്ട്രീയനേതാക്കൾ ഗുരുവായൂരിൽ എത്തിച്ചേരുകയും ചെയ്തു.

ക്ഷേത്ര ട്രസ്റ്റിയായിരുന്ന സാമൂതിരി സത്യാഗ്രഹികളുടെ ആവശ്യം തള്ളിക്കളഞ്ഞു. സമരത്തിന്റെ ക്യാപ്റ്റനായിരുന്ന ടി. സുബ്രഹ്മണ്യൻ തിരുമുമ്പിനെ അറസ്റ്റ് ചെയ്തു. ബ്രാഹ്മണരുടെ മാത്രം കുത്തകാവകാശമായിരുന്ന ശ്രീകോവിലിന്റെ മുമ്പിലെ മണിയടിച്ചതുമായി ബന്ധപ്പെട്ട് പി. കൃഷ്ണപിള്ളയെ ക്രൂരമായി കൈയേറ്റം ചെയ്തത് മറ്റൊരു പ്രധാന സംഭവമാണ്. എ.കെ. ഗോപാലനെ കൈയേറ്റം ചെയ്തതും ജനങ്ങളെ രോഷാകുലരാക്കി. അവർ ബാരിക്കേഡുകൾ തകർത്ത് ക്ഷേത്രത്തിൽ പ്രവേശിക്കാൻ ശ്രമം നടത്തി. ഒരു മാസത്തേക്ക് പൂജാദികർമങ്ങൾ നിർത്തി ക്ഷേത്രം അടച്ചിട്ടു.

1932 സെപ്തംബർ 21 മുതൽ കെ. കേളപ്പൻ ഗുരുവായൂർ ക്ഷേത്രത്തിനുമുമ്പിൽ അനിശ്ചിതകാലനിരാഹാരം ആരംഭിച്ചു. ഗാന്ധിജിയുടെ അഭിപ്രായം മാനിച്ച് 1932 ഒക്ടോബർ രണ്ടിന്, അദ്ദേഹം നിരാഹാരസമരം അവസാനിപ്പിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് പൊന്നാനി താലൂക്കിലെ ഹിന്ദുക്കളുടെ ഇടയിൽ ഒരു അഭിപ്രായസർവേ നടത്തി. എഴുപതു ശതമാനം പേർ, പ്രത്യേകിച്ച് ഭൂരിപക്ഷം സ്ത്രീകളും ഗുരുവായൂർ ക്ഷേത്രത്തിൽ ഹരിജനങ്ങൾക്കു പ്രവേശനം വേണമെന്ന ആവശ്യത്തെ അനുകൂലിച്ചു.

അയിത്തം ഇല്ലാതാക്കുക എന്ന ആശയത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിൽ ഗുരുവായൂർ സത്യാഗ്രഹം സഹായകമായി. ജനങ്ങൾക്ക് സത്യാഗ്രഹ സമരത്തെക്കുറിച്ച് നല്ലൊരു അവബോധമുണ്ടാവുകയും സ്ത്രീകളുടെ ഇടയിൽ ജാതി സമ്പ്രദായത്തെക്കുറിച്ചുള്ള സമീപനത്തിൽ മാറ്റംവരുകയും ചെയ്തു.

**നമുക്ക് ചെയ്യാം**

*വൈക്കം, ഗുരുവായൂർ സത്യഗ്രഹങ്ങളിൽ മഹാത്മാഗാന്ധിയുടെ ആശയങ്ങൾ എത്രമാത്രം സ്വാധീനം ചെലുത്തിയെന്നു കണ്ടെത്തി കുറിപ്പ് തയാറാക്കുക.*

### ഹരിജൻ സേവക് സംഘ് (1932)

1932ൽ ഗാന്ധിജി യർവാദാജയിലിൽ നിരാഹാരം കിടന്ന സമയത്തുണ്ടാക്കിയ സംഘടനയാണിത്. കമ്മ്യൂണൽ അവാർഡിനെതിരെയായിരുന്നു രൂപീകരിക്കപ്പെട്ടത്. ഡൽഹിയായിരുന്നു ഇതിന്റെ ആസ്ഥാനം. ഗാന്ധിജി സ്വന്തമായൊരു ഭരണഘടന എഴുതി തയാറാക്കി 1860 ലെ സൊസൈറ്റി റജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. ഹരിജനങ്ങളുടെ വിദ്യാഭ്യാസവികസനത്തിനും സാമൂഹികപുരോഗതിക്കും പ്രവർത്തിക്കുന്നതോടൊപ്പം സത്യത്തിലും അഹിംസയിലും അടിയുറച്ച് അയിത്തം ഇല്ലാതാക്കുക എന്നതും ഹരിജൻ സേവക് സംഘിന്റെ പ്രധാന ലക്ഷ്യമായിരുന്നു.

### കസ്തൂർബാഗാന്ധി നാഷണൽ മെമ്മോറിയൽ ട്രസ്റ്റ്

ഗ്രാമീണ ഇന്ത്യയിലെ സ്ത്രീകളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് 1945 ൽ ഗാന്ധിജി മുൻകൈയെടുത്തു രൂപീകരിച്ച ട്രസ്റ്റാണിത്. സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലത്തിലാണ് ഇതിന്റെ രൂപീകരണം. ജീവിതത്തിന്റെ നാനാ തുറകളിൽപ്പെട്ടവരും, പ്രത്യേകിച്ച് സാധാരണക്കാരും ഇതിന്റെ പ്രവർത്തനത്തിന് വേണ്ട സംഭാവനകൾ നൽകി. ഈ ട്രസ്റ്റിന് രാജ്യത്തെമ്പാടും 22 സംസ്ഥാന ശാഖകളുണ്ട്. ഇൻഡോറിലെ കസ്തൂർബാഗ്രാം ആണ് ഇതിന്റെ ആസ്ഥാനം.

സരോജിനി നായിഡു തന്റെ ജീവിതം ഈ ട്രസ്റ്റിനായി ഉഴിഞ്ഞുവച്ചു. തുടക്കത്തിൽ നല്ല പ്രവർത്തനം കാഴ്ചവച്ച ഈ ട്രസ്റ്റ് ഗ്രാമീണസ്ത്രീകളുടെ ഇടയിൽ 50 വർഷത്തോളം നിർമാണാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സാക്ഷരത, തൊഴിൽപരിശീലനം, ദുരിതാശ്വാസം, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയവയും നടത്തി. ഗാന്ധിജി, വല്ലഭഭായ് പട്ടേൽ, താക്കർ ബാപ്പു, ദാദാ സാഹേബ് മാവ്ലങ്കർ, പ്രേംലീല, തകരാസി, ലക്ഷ്മി എൻ. മേനോൻ, മണിബെൻ പട്ടേൽ, ഡോ. സുശീലാ നയ്യാർ തുടങ്ങിയവർ ഇതിന്റെ നേതൃസ്ഥാനത്തു പ്രവർത്തിച്ചിരുന്നു.

### ഇന്ത്യൻ രാഷ്ട്രീയത്തിൽ ഗാന്ധിജിയുടെ സംഭാവന

ഇന്ത്യൻ രാഷ്ട്രീയചിത്രത്തിൽ 1919 മുതൽ 1947 വരെ ഗാന്ധിയൻ കാലഘട്ടം എന്നാണ് പൊതുവെ അറിയപ്പെടുന്നത്. മഹാത്മാഗാന്ധിക്ക് ശക്തമായ മേധാവിത്വമുള്ള ഒരു യുഗമായിരുന്നു ഇത്.

ഇന്ത്യൻ രാഷ്ട്രീയത്തിൽ എന്തെല്ലാം പ്രധാന മാറ്റങ്ങളാണ് ഗാന്ധിജി കൊണ്ടുവന്നത്?

### ഇന്ത്യൻ രാഷ്ട്രീയത്തെ ആത്മീയവൽക്കരിക്കൽ

സമാനതകളില്ലാത്ത ഒരു രാഷ്ട്രീയക്കാരനാണ് ഗാന്ധിജി. രാഷ്ട്രീയലക്ഷ്യത്തിന് വേണ്ടി അദ്ദേഹം സ്വീകരിച്ച വഴി ധാർമികതയിലൂന്നിയതായിരുന്നു. 'സന്ന്യാസിയായ' രാഷ്ട്രീയക്കാരനെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. ഗാന്ധിജിയുടെ രാഷ്ട്രീയപ്രവർത്തന

ങ്ങളായ നിസ്സഹകരണസമരം, സിവിൽ നിയമലംഘനം, വ്യക്തിസത്യഗ്രഹം, ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭം തുടങ്ങിയവകൊണ്ട് ഇന്ത്യൻ ജനതയുടെ ആവശ്യങ്ങൾ ബ്രിട്ടിഷുകാരെ ബോധ്യപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഒരു വലിയ ജനകീയപ്രസ്ഥാനമായത് ഗാന്ധിജിയുടെ പ്രവർത്തനഫലമായിട്ടാണ്.

### അഹിംസാധിഷ്ഠിത സത്യഗ്രഹം

ഇന്ത്യൻ സ്വാതന്ത്ര്യത്തിനായി പോരാടുമ്പോൾ ഗാന്ധിജി ഒരു പ്രവാചകനായും സാമൂഹികപരിഷ്കർത്താവായും മതനവീകരണത്തിന്റെ വക്താവായും ദേശീയതയുടെ ആൾരൂപമായും അറിയപ്പെട്ടു. സത്യഗ്രഹത്തിലൂടെ അഹിംസ ഒരു രാഷ്ട്രീയായുധമായുപയോഗിച്ച ഗാന്ധിജി മാനവികതയ്ക്ക് പൊതുവിൽ നൽകിയ സന്ദേശമായി അഹിംസയെ മാറ്റുകയും ചെയ്തു. ആത്മശക്തി ഉപയോഗിച്ച് (മൃഗീയ)അധികാരശക്തിയെ അദ്ദേഹം തോൽപ്പിച്ചു. സത്യഗ്രഹസമരത്തിലൂടെ അഹിംസ എന്ന ആയുധം പ്രയോഗിച്ച് ജാതിവ്യവസ്ഥയ്ക്കും അയിത്തത്തിനും ചൂഷണത്തിനുമെതിരെ പോരാടാൻ ജനങ്ങളെ സജ്ജരാക്കാൻ ഗാന്ധിജിക്ക് കഴിഞ്ഞുവെന്നത് ഇന്ത്യൻരാഷ്ട്രീയത്തിലെ മഹത്തായ ഒരു സംഭാവനയാണ്.

## സംഗ്രഹം

- ചമ്പാരൻ, ഖേദ, അഹ്മദാബാദ് സത്യഗ്രഹങ്ങൾ, പ്രാദേശിക പ്രശ്നപരിഹാരങ്ങൾ എന്നിവയിലൂടെ ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രവേശിച്ചു.
- റൗലറ്റ് ആക്ടിനെതിരെ ഗാന്ധിജി ആഹ്വാനം ചെയ്ത രാജ്യവ്യാപക ഹർത്താൽ അദ്ദേഹത്തിന്റെ ഇന്ത്യൻ രാഷ്ട്രീയരംഗത്തേക്കുള്ള കടന്നുവരവിന് തുടക്കം കുറിച്ചു.
- ദേശീയപ്രസ്ഥാനത്തിൽ ഖിലാഫത്ത്പ്രസ്ഥാനത്തിന്റെയും നിസ്സഹകരണപ്രസ്ഥാനത്തിന്റെയും ഒന്നിപ്പിക്കലിലൂടെ ഹിന്ദുമുസ്‌ലിം ഐക്യത്തിനും അവരെ രാഷ്ട്രീയധാരയിലെത്തിക്കാനും സാധിച്ചു.
- നിസ്സഹകരണസമരത്തോടെ ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീയത്തിൽ എതിരില്ലാത്ത ജനനായകനായി.
- നിയമലംഘനസമരം അദ്ദേഹത്തെ ഒരു രാഷ്ട്രീയപ്രവർത്തകൻ എന്ന നിലയിലേക്കുയർത്തി.
- ന്യൂനപക്ഷങ്ങൾക്കു മറ്റൊരു സമ്മതിദാനാവകാശം എന്നതിനെ ഗാന്ധിജി ശക്തമായി എതിർത്തു.
- യുദ്ധവിരുദ്ധസത്യഗ്രഹത്തിലൂടെ ബ്രിട്ടീഷുകാരുടെ യുദ്ധനയങ്ങളെ ഗാന്ധിജി ശക്തമായെതിർത്തു.
- നിസ്സഹകരണസമരവും നിയമലംഘനസമരവും പോലെയായിരുന്നില്ല ക്വിറ്റ് ഇന്ത്യാ സമരം. നേതാക്കളുടെ അഭാവം അക്രമത്തിലേക്കു നയിച്ചു.
- ക്വിറ്റ് ഇന്ത്യാ സമരത്തിൽ ഗാന്ധിജി നൽകിയ 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മുദ്രാവാക്യം ജനങ്ങൾക്കിടയിൽ വലിയ ചലനമുണ്ടാക്കി.
- സാമുദായികകലാപമില്ലാതാക്കാൻ ഗാന്ധിജി കളങ്കമറ്റ പ്രവർത്തനം നടത്തി.
- സ്വാതന്ത്ര്യപ്രസ്ഥാനത്തിലൂടെ ഗാന്ധിജി ഉദ്ദേശിച്ചത് ബ്രിട്ടീഷുകാരിൽനിന്നുള്ള സ്വാതന്ത്ര്യം മാത്രമല്ല, ഇന്ത്യയുടെ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, ധാർമിക ഉന്നമനമാണ്.
- സത്യത്തിലും അഹിംസയിലുമധിഷ്ഠിതമായ സത്യഗ്രഹം എന്ന ആശയം ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ മുന്നോട്ടുവച്ചത് എല്ലാ അനീതികളെയും ചെറുക്കുക എന്ന ഉദ്ദേശ്യം വച്ചായിരുന്നു. സത്യഗ്രഹം എന്ന പുതിയ ആയുധം ലോകത്തിനു ഗാന്ധിജി സംഭാവന ചെയ്തതാണ്.




## എനിക്കു കഴിയും

സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി പ്രാദേശികതലത്തിൽ ഗാന്ധിജി ഇടപെട്ടതിന്റെ പ്രാധാന്യം വിവരിക്കുക.

- ദേശീയരാഷ്ട്രീയത്തിലേക്കു പ്രവേശിക്കുന്നതിൽ ഗാന്ധിജിയെ സ്വാധീനിച്ച ഘടകങ്ങൾ എന്തെല്ലാമാണ്?
- ഇന്ത്യയുടെ സ്വാതന്ത്ര്യസമര പോരാട്ട കാലഘട്ടത്തിൽനിന്ന് മുസ്‌ലിം ഐക്യത്തിനുവേണ്ടി ഗാന്ധിജി ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തുക.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ അനിഷേധ്യനേതാവായി മഹാത്മാഗാന്ധി ഉയരാനുണ്ടായ സാഹചര്യം വിവരിക്കുക.
- തന്ത്രശാലിയായ രാഷ്ട്രീയനേതാവ് എന്ന നിലയിൽ ഗാന്ധിജിയെ വിലയിരുത്തുക.
- വ്യക്തിഗതവും കൂട്ടായതുമായ സത്യഗ്രഹത്തിന്റെ കരുത്ത് ദേശീയപ്രശ്നപരിഹാരത്തിന് എങ്ങനെ സഹായിക്കുന്നു എന്നു താരതമ്യം ചെയ്യുക.
- വൈദേശിക ആധിപത്യത്തിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കുന്നതിന് സത്യഗ്രഹത്തിലൂടെ അവലംബിച്ച തന്ത്രങ്ങൾ വിശകലനം ചെയ്യുക.
- വർഗീയകലാപങ്ങൾ തടയുന്നതിന് മഹാത്മഗാന്ധി നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തുക.
- ഇന്ത്യൻ രാഷ്ട്രീയത്തിൽ മഹാത്മാഗാന്ധി നൽകിയ സംഭാവനകൾ വിശകലനം ചെയ്യുക.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ആദ്യത്തെ സത്യഗ്രഹം മഹാത്മാഗാന്ധി ആവിഷ്കരിച്ചത് ചമ്പാരനിലെ തിൻകഠായി സമ്പ്രദായം ഇല്ലാതാക്കാനാണ്. ഈ സത്യഗ്രഹത്തെ വിലയിരുത്തുകയും അതിന്റെ പ്രാധാന്യം കണ്ടെത്തുകയും ചെയ്യുക.
2. അഹ്മദബാദിലെ വ്യാവസായികത്തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഗാന്ധിജി ഇടപെട്ടു. ഇവിടെ അവലംബിച്ച തന്ത്രങ്ങളും പ്രശ്നപരിഹാരത്തിനായി സ്വീകരിച്ച ഉചിതമായ മാർഗങ്ങളും പരിശോധിക്കുക.
3. ബ്രിട്ടിഷ് ഭരണത്തിന്റെ ഭൂനികുതിസമ്പ്രദായമാണ് ഇന്ത്യയിലെ ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും കാരണമായത്– അവരുടെ നികുതിവ്യവസ്ഥയ്ക്കെതിരെ ഗാന്ധി തന്റെ ജന്മനാട്ടിൽ നടത്തിയ ഇടപെടലുകൾ വിശകലനം ചെയ്ത് അതിന്റെ പ്രാധാന്യം കണ്ടെത്തുക.
4. ദേശീയതലത്തിലേക്ക് മഹാത്മാഗാന്ധിയെ ഉയർത്തിയ രണ്ടു രാഷ്ട്രീയസംഭവങ്ങൾ പരിശോധിക്കുക.
5. നിസ്സഹകരണപ്രസ്ഥാനത്തിലൂടെ ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീയത്തിലെ അനിഷേധ്യനേതാവായി ഉയർന്നു. ഈ പ്രസ്ഥാനം ഹിന്ദു–മുസ്‌ലിം ഐക്യത്തിനു പ്രവർത്തിച്ചു. മുകളിൽ പറഞ്ഞ പ്രസ്താവന വിശകലനം ചെയ്യുക – സ്വാതന്ത്ര്യസമരത്തിലെ സമാനമായ സംഭവങ്ങൾ ചൂണ്ടിക്കാട്ടുക.
6. നിസ്സഹകരണപ്രസ്ഥാനത്തിന്റെ പെട്ടെന്നുള്ള പിൻവലിക്കൽ ബഹുജനങ്ങളെയും കോൺഗ്രസ് നേതാക്കളെയും നിരാശരാക്കി. ഈ സംഭവം വിശകലനം ചെയ്ത് ഇത് റദ്ദാക്കാനുള്ള കാരണങ്ങൾ കണ്ടെത്തുക.
7. സിവിൽനിയമലംഘനപ്രസ്ഥാനം മഹാത്മാഗാന്ധിയുടെ രാഷ്ട്രീയതന്ത്രജ്ഞതയാണ് കാണിക്കുന്നത് –ഈ പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുവോ? ഉചിതമായ ഉത്തരം നൽകുക.
8. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ അനുപമമായ ഒരു ശ്രമമായിരുന്നു യുദ്ധവിരുദ്ധസത്യഗ്രഹം രൂപപ്പെടുത്തൽ– ഈ പ്രസ്ഥാനത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുക.
9. ക്വിറ്റ് ഇന്ത്യാപ്രസ്ഥാനം നിസ്സഹകരണപ്രസ്ഥാനത്തിൽനിന്നും സിവിൽ നിയമലംഘന പ്രസ്ഥാനത്തിൽ നിന്നും പൂർണമായും ഭിന്നമാണ്–പശ്ചാത്തല സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവന ശരിയാണെന്നു സ്ഥാപിക്കുക.
10. ഇന്ത്യൻ സ്വാതന്ത്ര്യസമരപശ്ചാത്തലത്തിൽ, വർഗീയസംഘർഷങ്ങളുടെ ഇരകൾ അനുഭവിച്ച ദുരിതങ്ങൾ ഇല്ലാതാക്കാൻ ഗാന്ധിജി നടത്തിയ ഇടപെടലുകൾ പരിശോധിക്കുക.



# 5

# മഹാത്മാഗാന്ധിയുടെ പ്രധാന തത്ത്വചിന്തകൾ

Y8C8J7

## പ്രധാനാശയങ്ങൾ

- അടിസ്ഥാനാശയങ്ങൾ
- തത്ത്വചിന്തയുടെ അർഥം

  ഇന്ത്യൻ തത്ത്വചിന്ത
- ഗാന്ധിയൻ തത്ത്വചിന്തയുടെ അടിസ്ഥാനങ്ങൾ
  - സത്യം
  - അഹിംസ
  - ലക്ഷ്യവും മാർഗവും
  - മനുഷ്യപ്രകൃതത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ വീക്ഷണം
  - ഗാന്ധിജിയുടെ മതദർശനം
  - മതാവിഷ്കാരത്തിനുള്ള മാർഗങ്ങൾ
- മഹാത്മാഗാന്ധി ഒരു പ്രായോഗിക ആദർശവാദി

തത്ത്വചിന്തയെക്കുറിച്ചുള്ള പൊതുവായ ആമുഖത്തോടൊപ്പം ഗാന്ധിജിയുടെ പ്രധാന തത്ത്വചിന്തയും ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നു. തത്ത്വചിന്തയുടെ അർഥവും വ്യാപ്തിയും വിശകലനം ചെയ്യുകയും ഒപ്പംതന്നെ ഇന്ത്യൻ തത്ത്വചിന്തയെ സവിശേഷമാക്കുന്ന ചില ഘടകങ്ങൾ പരിചയപ്പെടുകയും ചെയ്യുന്നു. തുടർന്നു വരുന്ന ഭാഗങ്ങളിൽ ഗാന്ധിയൻ തത്ത്വചിന്തയുടെ അടിസ്ഥാനാശയങ്ങളായ സത്യവും അഹിംസയും - ലക്ഷ്യവും മാർഗവും മനുഷ്യപ്രകൃതിയും മതവും പഠനവിധേയമാക്കുന്നു. സമകാലീന സാമൂഹികപ്രശ്നങ്ങളിൽ ഗാന്ധിമാർഗത്തിനുള്ള പ്രസക്തി തിരിച്ചറിയുന്ന ഈ അധ്യായത്തിന്റെ അവസാനഭാഗത്ത് അദ്ദേഹത്തെ ഒരു പ്രായോഗിക ആദർശവാദിയായി അംഗീകരിക്കാനുള്ള കാരണങ്ങളും വിശകലനം ചെയ്യുന്നു.

### എന്താണ് തത്ത്വചിന്ത?

'വിജ്ഞാനത്തോടുള്ള സ്നേഹം' എന്ന അർഥം വരുന്ന 'ഫിലിൻ', 'സോഫിയ' എന്നീ ഗ്രീക്ക് പദങ്ങളിൽനിന്നാണ് പാശ്ചാത്യ തത്ത്വചിന്ത (ഫിലോസഫി) യുടെ ഉത്ഭവം. ഇവിടെ 'വിജ്ഞാനം' അർഥപൂർണമായ ജീവിതം നയിക്കാനുള്ള അറിവും നൈപുണിയുമാണ്. വിശാലമായ അർഥത്തിൽ, ചില അടിസ്ഥാന ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്താനുള്ള അന്വേഷണമാണ് തത്ത്വചിന്ത. മനുഷ്യജീവിതത്തിന്റെ അർഥവും ലക്ഷ്യവും, ജീവിതലക്ഷ്യത്തിലെത്തിച്ചേരാൻ വ്യക്തിജീവിതവും സാമൂഹികജീവിതവും എങ്ങനെ ചിട്ടപ്പെടുത്താം എന്നീ ചോദ്യങ്ങൾക്ക് തത്ത്വചിന്തകർ നൽകുന്ന ഉത്തരങ്ങൾ വ്യത്യസ്തമാണ്. എങ്കിലും മനുഷ്യൻ, ആത്മാവ്, ദൈവം, ലോകം എന്നീ സങ്കൽപ്പങ്ങൾക്ക് വ്യക്തത കൈവരുന്നതിന് ഇതു സഹായകമായി.

ഇവരുടെ അഭിപ്രായത്തിൽ 'സത്യം' (ശാസ്ത്രത്തിന്റെ അടിസ്ഥാനം), 'സൗന്ദര്യം' (കലകളുടെ അടിസ്ഥാനം), നന്മ (ധാർമികതയുടെ അടിസ്ഥാനം) എന്നിവയെല്ലാമാണ് ജീവിതത്തെ നയിക്കുന്ന പ്രധാന തത്ത്വങ്ങൾ. മതങ്ങൾ ഈശ്വര സാക്ഷാത്കാരത്തെ ജീവിതത്തിന്റെ പരമമായ ലക്ഷ്യമായി കണക്കാക്കുന്നു. വിമർശനാത്മക തത്ത്വചിന്തയിൽ ഇതും പരിഗണനാവിഷയമാണ്.

യുക്തിയുടെ സഹായത്തോടെ ആശയങ്ങൾക്കു വ്യക്തത കൈവരുത്താനും സംശയദൂരീകരണത്തിനും വൈജാത്യങ്ങൾ, വൈരുധ്യങ്ങൾ എന്നിവ പരിശോധിക്കുന്നതിനും അതുവഴി ലോകത്തെക്കുറിച്ചുള്ള സമഗ്രമായ ഒരു കാഴ്ചപ്പാട് നൽകാനും തത്ത്വചിന്ത ശ്രമിക്കുന്നു. യുക്തിയുടെയും തർക്കത്തിന്റെയും ശരിയായ പ്രയോഗം തത്ത്വചിന്തയുടെ അവിഭാജ്യഘടകമാണ്. എങ്കിലും ഇതു കേവലം യുക്തി മാത്രമല്ല, യുക്തിയും ഭാവനയും സമ്മേളിക്കുന്ന സൃഷ്ടിപരമായ ശാസ്ത്രശാഖയാണ്. തദ്ഫലമായി പുതിയ ആശയങ്ങളും തത്ത്വങ്ങളും രൂപീകരിക്കുകയും വ്യത്യസ്ത ആശയങ്ങളുടെ സമന്വയം സാധ്യമാക്കുകയും ചെയ്യുന്നു. 'സ്വയം അറിയുക' എന്ന ഗ്രീക്ക് ചിന്തയുടെ അടിസ്ഥാനതത്ത്വം തത്ത്വചിന്തയുടെ അന്വേഷണ പ്രസക്തി വ്യക്തമാക്കുന്നതാണ്.



**നമുക്ക് അറിയാം**

ഇന്ത്യയിൽ തത്ത്വചിന്ത അറിയപ്പെടുന്നത് 'ദർശനം' അഥവാ ഉൾക്കാഴ്ച എന്ന പേരിലാണ്. ആത്മജ്ഞാനം നേടുകയാണ് തത്ത്വചിന്തയുടെ പ്രധാന ലക്ഷ്യം. ഉൾക്കാഴ്ചയോടൊപ്പം യുക്തിയും തത്ത്വങ്ങളെ സമർഥിക്കുന്നതിന് ഉപയോഗിക്കുന്നു. ഓരോ തത്ത്വചിന്ത വിഭാഗങ്ങളും പ്രധാനമായും 'യാഥാർഥ്യത്തെ' അന്വേഷിക്കുന്നതോടൊപ്പം അതിലേക്കു നയിക്കുന്ന വിജ്ഞാനസ്രോതസ്സുകളെ സംബന്ധിച്ചും അന്വേഷിക്കുന്നു. കൂടാതെ എന്താണ് ധാർമികജീവിതം എന്ന് വ്യാഖ്യാനിക്കുകയും ചെയ്യുന്നു. വേദങ്ങളാണ് ഭാരതീയദർശനങ്ങളുടെ ഉറവിടം. നാലു വേദങ്ങളും (ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവവേദം) നൂറ്റി എട്ടിൽപരം ഉപനിഷത്തുക്കളുമാണുള്ളത്. വേദങ്ങളെ കർമകാണ്ഡം, ജ്ഞാനകാണ്ഡം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. വേദങ്ങളുടെ അവസാനഭാഗമായ ആരണ്യകങ്ങൾ അഥവാ ഉപനിഷത്തുക്കളാണ് വേദാന്തചിന്തയുടെ അടിസ്ഥാനം. ഇന്ത്യൻ തത്ത്വചിന്തയുടെ രണ്ടു മുഖ്യധാരകളാണ് 'ആസ്തികരും' 'നാസ്തികരും'. വേദങ്ങളെ പ്രമാണമായി അംഗീകരിക്കുന്ന ചിന്താവിഭാഗങ്ങൾ ആസ്തികരെന്നും (ഉദാ: ഷഡ്ദർശനങ്ങൾ സാംഖ്യ – യോഗ, ന്യായ – വൈശേഷിക, പൂർവമീമാംസ – ഉത്തരമീമാംസ അഥവാ വേദാന്തം) വേദങ്ങളെ പ്രമാണമായി അംഗീകരിക്കാത്ത വിഭാഗം നാസ്തികരെന്നും (ഉദാ: ചാർവാക അഥവാ ലോകായത, ബുദ്ധമതം, ജൈനമതം) അറിയപ്പെടുന്നു.

### ഇന്ത്യൻ തത്ത്വചിന്താവീക്ഷണം


ഇന്ത്യൻ തത്ത്വചിന്തയെ അതിന്റെ ആത്മീയ അടിത്തറയാണ് സവിശേഷമാക്കുന്നത്. ആത്മീയത എന്നതുകൊണ്ട് മതാത്മകം എന്നർഥമില്ല. ഇതിൽ സത്താശാസ്ത്രം (ontology), പ്രാപഞ്ചികതാവാദം (cosmology), നീതിശാസ്ത്രം (ethics), സൗന്ദര്യശാസ്ത്രം (aesthetics), രാഷ്ട്രമീമാംസ (political science), ഭാഷാ ശാസ്ത്രം (theory of meaning & language) എന്നിവകൂടി ഉൾപ്പെടുന്നു. തത്ത്വചിന്ത ആത്മീയമാണ് എന്നതിനർഥം ആത്മനിയന്ത്രണം ആത്മസാക്ഷാത്കാരത്തിന് ഉതകുന്നു എന്ന അടിസ്ഥാന വിശ്വാസമാണ്. ആത്മീയജീവിതത്തിന്റെ പരമലക്ഷ്യമായ മോക്ഷം, നിർവാണം അഥവാ കൈവല്യം എന്നതിലേക്കു നയിക്കുന്നു. ധർമം, അർഥം, കാമം, മോക്ഷം എന്നീ ചതുർവിധ പുരുഷാർഥങ്ങളാണ് ജീവിതത്തിന്റെ ഉൽകൃഷ്ടമായ മൂല്യങ്ങൾ. യഥാർഥ ജീവിതസാഹചര്യങ്ങളിൽ ഈ പുരുഷാർഥങ്ങളിൽ ഏതാണ് പ്രധാനം എന്നത് സന്ദേഹത്തിനിടയാ

ക്കുന്നു. ഉദാ: ധനസമ്പാദനത്തിനും സുഖത്തിനും (കാമം) ഊന്നൽ നൽകുന്നയാൾക്ക് ധാർമികവും ആത്മീയവുമായ ലക്ഷ്യത്തിലേക്ക് മാർഗതടസ്സം നേരിടുന്നു. അതുപോലെ ആത്മീയതയ്ക്ക് പ്രാധാന്യം നൽകിയാൽ ഭൗതികാവശ്യങ്ങൾ അവഗണിക്കേണ്ടിവരുകയും അത് ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യും. യഥാർഥത്തിൽ മനുഷ്യജീവിതം ഈ നാലു മൂല്യങ്ങളും സ്വായത്തമാക്കാനുള്ള കലയും ശാസ്ത്രവുമാണ്. ഈ നാല് മൂല്യങ്ങൾക്കും തുല്യ പ്രാധാന്യം നൽകുന്ന ഇന്ത്യൻ തത്ത്വചിന്തയുടെ രീതിതന്നെയാണ് ഗാന്ധിയൻ തത്ത്വചിന്തയുടെയും അടിസ്ഥാനം.

ഗാന്ധിയൻ തത്ത്വചിന്ത ശരിയായി മനസ്സിലാക്കാനും അദ്ദേഹം മുന്നോട്ടു വച്ച ആദർശങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരാനും ഭാരതീയ തത്ത്വചിന്തകൂടി നാം അറിയേണ്ടതുണ്ട്. ഗാന്ധിയൻ ചിന്തകളുടെ അടിസ്ഥാനശിലകളായ സത്യവും അഹിംസയും ഇന്ത്യൻ തത്ത്വചിന്തയുടെ സ്വാധീനത്തിൽ രൂപപ്പെട്ടതാണ്. മാത്രവുമല്ല, സർവധർമ സമഭാവന എന്ന സങ്കൽപ്പവും ഈ പാരമ്പര്യത്തിന്റെ ഭാഗമാണ്. ഗാന്ധിയുടെ അഹിംസാത്മക സമരരൂപമായ സത്യഗ്രഹവും ഇന്ത്യൻ തത്ത്വചിന്തയോടു കടപ്പെട്ടിരിക്കുന്നു. ഗാന്ധി എപ്രകാരമാണ് തന്റെ മതവിശ്വാസവും സത്യസന്ധമായ രാഷ്ട്രീയപ്രവർത്തനവും ഒരുമിച്ചു കൊണ്ടുപോകുന്നത് എന്ന് ഈ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. നിസ്വാർഥ സാമൂഹികസേവനം മോക്ഷമാർഗമായി സ്വീകരിച്ച ഗാന്ധി പ്രായോഗികവേദാന്തി എന്ന പേരിലും അറിയപ്പെടുന്നു. മതവും രാഷ്ട്രീയവും വേർപിരിക്കാനാവാത്ത വിധം പരസ്പരപൂരകങ്ങളാണെന്ന കാഴ്ചപ്പാട് ഗാന്ധിയെ 'രാഷ്ട്രീയത്തിലെ സന്ന്യാസിയെന്നും സന്ന്യാസിമാരിലെ രാഷ്ട്രീയക്കാരൻ' എന്നും വിശേഷിപ്പിക്കുന്നു. മതത്തെക്കുറിച്ച് ഗാന്ധി നൽകുന്ന കാഴ്ചപ്പാടുകളും ധാർമികമൂല്യങ്ങളും ഇന്ത്യൻ തത്ത്വശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങളിലുള്ള ഗാന്ധിയുടെ അടിയുറച്ച വിശ്വാസത്തെ സൂചിപ്പിക്കുന്നു.

**പ്രവർത്തനം**

*ഗാന്ധിയെ സ്വാധീനിച്ച വിവിധ ഘടകങ്ങളുടെ ഒരു രേഖാചിത്രം തയാറാക്കുക.*




## ഗാന്ധിയൻ തത്ത്വചിന്തയുടെ സ്വാധീനഘടകങ്ങൾ

അദ്ദേഹത്തിന്റെ കുടുംബപശ്ചാത്തലം, ജന്മദേശവും വിദ്യാഭ്യാസവും, പാശ്ചാത്യ - പൗരസ്ത്യ ലോകവുമായുള്ള ബന്ധം, മതങ്ങളുടെയും തത്ത്വചിന്തകളുടെയും സ്വാധീനം തുടങ്ങിയവയാണ് സ്വാധീനഘടകങ്ങൾ. (അധ്യായം രണ്ടു കാണുക). ഗാന്ധി ഇങ്ങനെ അഭിപ്രായപ്പെടുന്നു:" ഒരു കുട്ടിയുടെ സ്വഭാവം രൂപപ്പെടുത്തുന്നതിൽ പരമ്പരാഗതമായി മാതാപിതാക്കളിൽ നിന്നു ലഭിക്കുന്ന ശാരീരികസവിശേഷതകളും സ്വഭാവഗുണങ്ങളും ഒപ്പം സാമൂഹികചുറ്റുപാടുകളും വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ

തെറ്റായ ചില പാരമ്പര്യങ്ങൾ കുട്ടികൾ മറികടക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. അത് ആത്മാവിൽ അന്തർലീനമായിരിക്കുന്ന പരിശുദ്ധികൊണ്ട് പ്രാപ്തമാകുന്നതാണ്."

**നമുക്കു ചെയ്യാം**

*ഗാന്ധിജിയുടെ ഏതെല്ലാം ആശയങ്ങൾ നിങ്ങൾക്കു പരിചിതമാണ്- ചർച്ചചെയ്യുക.*

## ഗാന്ധിയൻ തത്ത്വചിന്തയുടെ അടിസ്ഥാനാശയങ്ങൾ

ഗാന്ധിയുടെ ജീവിതദർശനത്തിന്റെ ആധാരശിലകളാണ് സത്യവും അഹിംസയും. സത്യസാക്ഷാൽക്കാരത്തിനായി സ്വയം സമർപ്പിതമായ ജീവിതമായിരുന്നു ഗാന്ധിയുടേത്. അചഞ്ചലമായ ഈ സത്യനിഷ്ഠയാണ് 'മഹാത്മാവ്' എന്ന വിശേഷണത്തിന് അദ്ദേഹത്തെ അർഹനാക്കിയത്. മാതൃരാജ്യത്തോടുള്ള തന്റെ സ്നേഹം എത്ര വലുതാണെങ്കിലും വേണ്ടിവന്നാൽ സത്യത്തിനുവേണ്ടി ദേശീയസ്വാതന്ത്ര്യത്തെ മാറ്റിനിർത്താൻ താൻ സന്നദ്ധനാകുമെന്ന് ഗാന്ധി പറയുന്നു. അക്രമരാഹിത്യത്തിൽനിന്ന് വ്യതിചലിച്ചതിന്റെ പേരിൽ നിസ്സഹകരണപ്രസ്ഥാനം നിർത്താൻ ഗാന്ധി എടുത്ത തീരുമാനവും ആത്മ ശുദ്ധീകരണത്തിന് നടത്തിയ ഉപവാസവും പ്രാർഥനയും സത്യനിഷ്ഠയ്ക്ക് ഉത്തമ മാതൃകയാണ്. 'യാഥാർഥ്യം', 'നിലനിൽക്കുന്നത്' എന്നീ അർഥങ്ങൾ വരുന്ന 'സത്' എന്ന സംസ്കൃതപദത്തിൽനിന്നാണ് സത്യം എന്ന വാക്ക് രൂപപ്പെട്ടത്. ഈശ്വരൻ സത്യമാണ്, സ്നേഹമാണ് എന്ന് എല്ലാ മതങ്ങളും വിശ്വസിക്കുന്നു. ഈ പരമ്പരാഗതരീതിയിൽനിന്നു മാറി ഗാന്ധി പറയുന്നത് സത്യമാണ്, സ്നേഹമാണ് ഈശ്വരൻ. ഈ നിലപാട് നിരീശ്വരവാദികൾക്കു പോലും സ്വീകാര്യമാണ്. കാരണം, സത്യത്തിന്റെ ആധികാരികതയെ ആർക്കും നിഷേധിക്കാനാകില്ല. പ്രാർഥനാനിർഭരമായ ഗാന്ധിയുടെ സത്യാന്വേഷണം 'ഈശ്വരൻ സത്യമാണ്' എന്ന കാഴ്ചപ്പാടിനെ 'സത്യമാണ് ഈശ്വരൻ' എന്നതിലേക്ക് എത്തിച്ചു.

"എല്ലാവർക്കും ഈശ്വരവിശ്വാസമുണ്ടെങ്കിലും എല്ലാവരും ഈശ്വരനെ അറിയുന്നില്ല. കാരണം ഓരോരുത്തർക്കും അവനവനിലുള്ള വിശ്വാസത്തിന്റെ അധികരിച്ചതും ഉയർന്ന തലത്തിലുള്ളതുമായ ഒന്നാണ് ഈശ്വരൻ. സമസ്തജീവന്റെയും സമഗ്രതയാണ് ഈശ്വരൻ. നാം ഈശ്വരനല്ല. പക്ഷേ, നാം ഈശ്വരന്റേതാണ് – മഹാസമുദ്രത്തിലെ ഒരു ജലകണമെന്നപോലെ". 'ഹരിജൻ' പത്രത്തിൽ ഗാന്ധിജി ഇങ്ങനെ എഴുതി: "അനിർവചനീയവും അദൃശ്യവുമായ ഒരു ശക്തി എല്ലാറ്റിലും വ്യാപരിക്കുന്നു. അതിനെ എനിക്ക് കാണാൻ കഴിയില്ല എങ്കിലും അനുഭവിക്കാനാകും – മരണത്തിനിടയിൽ ജീവൻ നിലനിൽക്കുന്നു, അസത്യത്തിനിടയിൽ സത്യം നിലനിൽക്കുന്നു, ഇരുട്ടിനിടയിൽ വെളിച്ചം നിലനിൽക്കുന്നു. അതുകൊണ്ട് ഞാൻ ഈശ്വരനെ ജീവനായി, സത്യമായി, വെളിച്ചമായി സ്വീകരിക്കുന്നു. ഈശ്വരൻ സ്നേഹമാണ്, പരമമായ നന്മയാണ്. എല്ലാ ചരാചരങ്ങളും ഈശ്വരചൈതന്യം അതിന്റെ ഉള്ളിൽ വഹിക്കുന്നു. ആത്യന്തികമായ നന്മയിലുള്ള വിശ്വാസമാണ് എല്ലാറ്റിനെയും കൂട്ടിയിണക്കുന്ന ശക്തി". ഗാന്ധിയുടെ ഈശ്വരസങ്കൽപ്പം സാർവത്രികമായ നന്മയാണ്. ഇതു മറ്റുള്ളവർക്ക് നിസ്വാർഥസേവനം ചെയ്യലാണ്. യഥാർഥത്തിൽ – ഈശ്വരൻ, സത്യം, ആത്മാവ്, മനസ്സാക്ഷി – ഇവയുടെ സ്വരം ഒന്നുതന്നെയാണ് എന്നു ഗാന്ധി വ്യക്തമാക്കുന്നു.

**സത്യം**

ഗാന്ധിജി പ്രതിനിധാനം ചെയ്യുന്ന അദ്വൈതചിന്തയിൽ പരമമായ യാഥാർഥ്യത്തെ നിർവചിച്ചിരിക്കുന്നത് സത്-ചിത്-ആനന്ദം എന്നാണ്. എക്കാലവും നിലനിൽക്കുന്നത്, യാഥാർഥ്യം എന്നീ അർഥങ്ങളുള്ള 'സത്' എന്ന പദത്തിൽനിന്നാണ് സത്യം എന്ന വാക്ക് രൂപപ്പെട്ടത്. 'ചിത്' എന്നത് ബോധമനസ്സിന്റെ ഉൽകൃഷ്ടഭാവവും 'ആനന്ദം' എന്നത് പരമമായ സന്തോഷത്തെയും സൂചിപ്പിക്കുന്നു. ഈശ്വരൻ അഥവാ സത്യം സത്-ചിത്-ആനന്ദമാണ്. ഉപനിഷത്തുക്കളിൽ ഈശ്വരസങ്കൽപ്പത്തിന്റെ മൂന്നു വിശേഷണങ്ങളാണ് സത്-ചിത്-ആനന്ദം. എവിടെ സത്യമുണ്ടോ, അവിടെ ശരിയായ അറിവുണ്ടായിരിക്കും. ശരിയായ അറിവുള്ളിടത്ത് യഥാർഥ ആനന്ദവും (സന്തോഷം) ലഭിക്കും. ഇവിടെ ദുഃഖത്തിന് സ്ഥാനമില്ല. (ഉദാ: വെളിച്ചം ഇരുട്ടിനെ അകറ്റുന്നു). സത്യം അനശ്വരമാകയാൽ അത് പ്രാപ്തമാകുന്നതിലൂടെ കൈവരുന്ന ആനന്ദവും അപ്രകാരമായിരിക്കും. ഈ പ്രപഞ്ചത്തിലെ എല്ലാ ജീവികളിലും ഈശ്വരചൈതന്യമുണ്ട് എന്നു തിരിച്ചറിഞ്ഞ പ്രായോഗികവേദാന്തിയാണ് ഗാന്ധി. താൻ ജീവിക്കുന്ന സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വങ്ങളുടെ ഭാഗമായി സാമാന്യനീതിയും ആരാധനാസ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടവർക്കുവേണ്ടി ഒരു യഥാർഥ ഈശ്വരനെ ഗാന്ധി പ്രതിഷ്ഠിച്ചു. ഇതിലൂടെ മതങ്ങളുടെ അതിർവരമ്പുകളില്ലാത്ത, മനുഷ്യാധ്വാനത്തെ ആരാധനയായി കാണുന്ന, നിസ്വാർഥ സേവനം മോക്ഷമാർഗമായി കാണുന്ന, നിരീശ്വരവാദിയുടെ നല്ല പ്രവൃത്തിയെ മതമായി കാണുന്ന ഒരു സാർവലൗകിക ഈശ്വരസങ്കൽപ്പത്തിന് അടിത്തറയിടാൻ ഗാന്ധിജിക്ക് സാധിച്ചു.

**ആപേക്ഷികസത്യവും ശാശ്വതസത്യവും**

സത്യത്തെ ആപേക്ഷികസത്യമെന്നും ശാശ്വതസത്യമെന്നും ഗാന്ധി വേർതിരിക്കുന്നു. ശാശ്വതമായ സത്യം അനശ്വരവും അനിർവചനീയവുമാണ്, അത് ഈശ്വരൻ തന്നെയാണ്. ശാശ്വതസത്യം തിരിച്ചറിയുന്ന മനുഷ്യന് തന്റെ അറിവിന്റെ പരിമിതി കാരണം അത് പൂർണമായി ഉൾക്കൊള്ളാൻ കഴിയില്ല. ആപേക്ഷികസത്യത്തിലൂടെ മാത്രമേ ശാശ്വതസത്യത്തിൽ എത്തിച്ചേരാനാകൂ. ഇതുകൊണ്ട് ഗാന്ധി അർഥമാക്കുന്നത് ഈശ്വരനെന്ന ശാശ്വതസത്യത്തെ തിരിച്ചറിയാനുള്ള മനുഷ്യന്റെ ബോധത്തെയാണ്. സത്യത്തെ വ്രതമായി എടുക്കുന്നവർ അത് തന്റെ ചിന്തയിലും വാക്കിലും പ്രവൃത്തിയിലും പാലിക്കണം. ചെറുപ്പം മുതൽ ഗാന്ധി സത്യത്തിന്റെ ആരാധകനായിരുന്നു. നമുക്ക് പൂർണമായി ഗ്രഹിക്കാനാവുക ആപേക്ഷികസത്യം മാത്രമാണ് ഓരോരുത്തരും യാഥാർഥ്യത്തെ സമീപിക്കുന്നത് സ്വന്തം കാഴ്ചപ്പാടിലൂടെയാണ് എന്നതുകൊണ്ടുതന്നെ അഭിപ്രായവ്യത്യാസങ്ങൾക്ക് സാധ്യതയുണ്ട്. ഇത് മറ്റുള്ളവരുടെ കാഴ്ചപ്പാടിനെ അംഗീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കു വെളിച്ചംവീശുന്നു.

പരമ്പരാഗത മതചിന്തയിൽ സത്യവും അഹിംസയും വ്യക്തിമൂല്യങ്ങളാണ് എങ്കിൽ, ഇവയെ സാമൂഹികവും സാംസ്കാരികവുമായ മൂല്യങ്ങളായി ഗാന്ധി വ്യാഖ്യാനിക്കുന്നു. ഇതുവഴി സത്യത്തിന്റെയും അഹിംസയുടെയും ചക്രവാളങ്ങൾ വിസ്തൃതമാക്കാൻ ഗാന്ധി ശ്രമിച്ചു. ഗാന്ധിയുടെ കാഴ്ചപ്പാടിൽ ദാരിദ്ര്യം ഹിംസയാണ്. അതിനുകാരണം സമൂഹത്തിലെ ചൂഷണമൂല്യങ്ങളാണ്. ദാരിദ്ര്യത്തിൽനിന്നു മോചനം നേടലാണ് സത്യം. ചർക്കയിൽ സത്യത്തിന്റെയും അഹിംസയുടെയും സമന്വയം നമുക്കു കാണാനാവും. ഇത് അധ്വാനത്തെയും സ്വാതന്ത്ര്യത്തെയും പ്രതിനിധാനം ചെയ്യുന്നു. ഇന്ത്യൻസമൂഹത്തെ സമൂലമായി പുനർനിർമിക്കാനും അതുവഴി കൂടുതൽ സത്യാത്മകമാക്കാനുമാണ് ഗാന്ധി ശ്രമിച്ചത്.

അഹിംസയിൽ കുതിർന്ന അധ്വാനമാണ് സത്യപ്രകാശത്തിന്റെ മാർഗം, സ്വരാജും സ്വദേശിയും ഇതിലുണ്ട്. സത്യാന്വേഷണം ഒരിക്കലും അവസാനിക്കുന്നില്ല. സ്വയം നിയന്ത്രണത്തിലൂടെ ഇത് സാക്ഷാൽക്കരിക്കപ്പെടും.

ആപേക്ഷികസത്യത്തിൽ അഭിപ്രായഭിന്നതകൾക്കു സാധ്യതയുണ്ട്. കാരണം, ഓരോ സമീപനവും വ്യക്തിപരമായി സത്യമായിരിക്കും. ജൈനമതത്തിലെ 'അനേകാന്തവാദം' യാഥാർഥ്യത്തിന്റെ വിവിധ രൂപങ്ങളായി ഗാന്ധി മനസ്സിലാക്കുന്നു. അതുകൊണ്ടു തന്നെ ആപേക്ഷികസത്യവും സത്യത്തിന്റെ വിവിധ രൂപങ്ങളാണ്. സത്യം പലതാണ്, ആപേക്ഷികവുമാണ്. മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യം ഈശ്വരസാക്ഷാൽകാരമാണ്. നമ്മൾ ഇടപെടുന്ന വ്യത്യസ്ത മേഖലകളായ – മതം, രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം തുടങ്ങിയ എല്ലാ തലങ്ങളും പുരുഷാർഥങ്ങളിൽ പരാമർശിക്കുന്ന മോക്ഷത്തിനുള്ള മാർഗങ്ങളാണ്. നാം മറ്റുള്ളവർക്കായി ചെയ്യുന്ന നിസ്വാർഥസേവന (Altruism) മാണ് മോക്ഷമാർഗമായി ഗാന്ധി സ്വീകരിക്കുന്നത്. ഭഗവദ്ഗീതയിൽ പറയുന്ന "മാനവസേവ, മാധവസേവ" എന്ന സന്ദേശം ഇതു വ്യക്തമാക്കുന്നു.

**നമുക്കു പരിശോധിക്കാം**

*ചിത്രത്തിൽ പ്രദർശിപ്പിക്കുന്ന വ്യത്യസ്ത വീക്ഷണങ്ങൾ കാണുക. ഓരോരുത്തരും ഒരേ വസ്തുവിനെ പലതായി കാണുന്നു.*

*എന്താണ് ഇത്? ഒരു കുടമാണോ?*




*വ്യത്യസ്ത വസ്തുക്കൾ തിരഞ്ഞെടുക്കുകയും വീക്ഷണങ്ങൾ വികസിപ്പിക്കുകയും ചെയ്യുക. ഉദാ. പേന, മേശ തുടങ്ങിയവ*

**നമുക്ക് അറിയാം**

**അനേകാന്തവാദം:** സത്യം ബഹുരൂപത്തിൽ നിലനിൽക്കുന്നു എന്ന ജൈനമത സങ്കൽപ്പമാണിത്. ഓരോരുത്തരും അവനവന്റെ തലത്തിലാണ് സത്യത്തെ കാണുക. അത് ഓരോരുത്തർക്കും ഭിന്നമായിരിക്കുകയും ചെയ്യും.

## അഹിംസ

വിനയത്തിന്റെ ഉൽകൃഷ്ടരൂപമാണ് അഹിംസ. അഹിംസയുടെ അതിസൂക്ഷ്മ വിശകലനത്തിലൂടെ സത്യത്തിൽ എത്തിച്ചേരാനുള്ള നിരന്തരമായ, സന്ധിയില്ലാത്ത സമരമായിരുന്നു ഗാന്ധിയുടെ ജീവിതം. നമുക്കു ചുറ്റും നടക്കുന്ന നശീകരണപ്രവൃത്തികൾക്കിടയിൽ പ്രകൃതി നൽകിയ ഒരു സർഗാത്മക പ്രവൃത്തി അഹിംസയാണ്. പരിപൂർണ അഹിംസയിൽ ജാതിയോ വർഗമോ വർണമോ ഇല്ല. അഹിംസ എന്നാൽ ചിന്തയിലും

വാക്കിലും പ്രവൃത്തിയിലും സംഘർഷമില്ലാതിരിക്കുക എന്നതാണ്. അഹിംസയുടെ അനന്തസാധ്യതകൾ മനസ്സിലാക്കിയ ഗാന്ധി അത് ജീവന്റെ ധർമമായി തിരിച്ചറിയുന്നു. സ്വരാജ് എന്ന ലക്ഷ്യം നേടുന്നതിന് അഹിംസ പരമമായ സംഹിതയായി സ്വീകരിക്കാവുന്നതാണ് എന്നു ഗാന്ധി അഭിപ്രായപ്പെടുന്നു.

യാതൊന്നിനെയും കൊല്ലാതിരിക്കുക, ഉപദ്രവിക്കാതിരിക്കുക എന്നാണ് അഹിംസകൊണ്ട് അർഥമാക്കുന്നത്. ഗാന്ധിക്ക് മുൻപും അഹിംസ വ്യക്തിപരമായ മൂല്യം എന്ന രീതിയിൽ സന്ന്യാസിമാർക്കിടയിൽ പ്രചാരം നേടിയിരുന്നു. അഹിംസയെ സാർവത്രികമാക്കിയതും സമൂഹമാറ്റത്തിനുള്ള മാർഗമായി മാറ്റിയതും ഗാന്ധിയാണ്. അഹിംസ മാനവരാശിയുടെ നിയമമാണ്; അക്രമം അപരിഷ്കൃതരുടെയും. ആത്മസാക്ഷാൽക്കാരത്തിനായി ഉന്നതമായ ഒരു നിയമത്തിനും ആത്മീയശക്തിക്കും നാം കീഴ്പ്പെടേണ്ടതുണ്ട്. അല്ലാതെ കിരാതമായ നിയമത്തിനല്ല കീഴ്പ്പെടേണ്ടത്. ത്രികാലജ്ഞാനികളായ ഋഷിമാരുടെ ഉൾക്കാഴ്ചയും ആയോധനകലയിലുള്ള അവരുടെ അറിവും ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. സ്വയം സഹനത്തിലൂടെയും ആത്മനിയന്ത്രണത്തിലൂടെയും ആത്മശക്തി നേടിയവർക്ക് മാത്രമേ എതിരാളിയെ സ്നേഹിക്കാനാകൂ. ഇത് സാമൂഹികപുനർനിർമാണത്തിന് ഒരു വ്യക്തിയെ പ്രാപ്തനാക്കുകയും ചെയ്യും. അഹിംസയെ സാമൂഹികവും വ്യക്തിപരവുമായ നന്മയും ധർമവുമായി ഗാന്ധി കണ്ടിരുന്നു. ഗാന്ധിയുടെ വീക്ഷണത്തിൽ വേദനാജനകമായ തീരുമാനങ്ങൾ, അഹിതമായ പ്രവൃത്തികൾ, കോപം, ദയാരാഹിത്യം, മനുഷ്യനോടും മൃഗങ്ങളോടുമുള്ള ക്രൂരതകൾ, ദുർബലനെ അടിച്ചമർത്തുന്നതും മുറിവേൽപ്പിക്കുന്നതും എല്ലാം ഹിംസയുടെ രൂപങ്ങളാണ്.

### അഹിംസയും ധീരതയും

ധൈര്യശാലിയുടെ അഹിംസയും ദുർബലരുടെ അഹിംസയും തമ്മിലുള്ള വ്യത്യാസം ഗാന്ധിജി എടുത്തുപറയുന്നുണ്ട്. ധീരന്റെ അഹിംസ ശ്രേഷ്ഠമായിരിക്കും. ഇത് ഈശ്വരനിലുള്ള അടിയുറച്ച വിശ്വാസമാണ്. മറ്റെല്ലാ ആയുധങ്ങളേക്കാളും ശക്തിയുള്ളതാണ് ധീരന്റെ അഹിംസ. പ്രാണരക്ഷാർഥം ഓടിയൊളിക്കുന്നവരാണ് ദുർബലരുടെ അഹിംസയിൽ വിശ്വസിക്കുന്നത്. ഭീരുവിന്റെ അഹിംസ അക്രമത്തേക്കാൾ ദോഷകരവുമാണ്. അഹിംസയിലേക്കു മടങ്ങിവരാൻ അക്രമിക്കുള്ള സാധ്യതപോലും ഭീരുവിനില്ല. ഗാന്ധി ഇങ്ങനെ പറയുന്നു: "അക്രമവും ഭീരുത്വവും – ഇവയിലൊന്ന് തിരഞ്ഞെടുക്കേണ്ടി വന്നാൽ ഭീരുത്വത്തേക്കാൾ എന്റെ മുൻഗണന അക്രമത്തിനായിരിക്കും." അക്രമിയുടെ ധൈര്യത്തേക്കാൾ ശ്രേഷ്ഠമാണ് അഹിംസാവാദിയുടെ ധൈര്യമെന്ന് ഗാന്ധി പറയുന്നു. അക്രമിയുടെ ശക്തി ആയുധമാണെങ്കിൽ ദൈവമാണ് അഹിംസാവാദിയുടെ ശക്തി. അഹിംസ മനുഷ്യരാശിക്ക് ലഭിച്ച മഹത്തായ ഒരു ശക്തിയാണ്. ഇതിന് സർവസംഹാരശേഷിയുള്ള ആയുധത്തേക്കാൾ ശക്തിയുണ്ട്. അതുകൊണ്ടുതന്നെ അഹിംസ പകരം വയ്ക്കാനാകാത്ത ഒരു ധീരതയാണ് എന്നു ഗാന്ധി കരുതുന്നു. മനുഷ്യകുലത്തിന് ഗാന്ധി സമ്മാനിച്ച ശ്രേഷ്ഠവും അതുല്യവുമായ ശക്തിയാണ് അഹിംസ. അഹിംസയ്ക്ക് രണ്ടു തലങ്ങളുണ്ട്. (1) നിഷേധാത്മകം – ഇതു നിരുപദ്രവമായ ഒരു അവസ്ഥയാണ്. (2) ക്രിയാത്മകതലം – ഇത് പവിത്രമായ സ്നേഹമാണ്; തിന്മ ചെയ്യുന്നവരോടുപോലും നന്മ ചെയ്യുക എന്ന വിശിഷ്ടമായ കർത്തവ്യം. തിന്മയെ എതിർക്കുമ്പോഴും തിന്മ ചെയ്യുന്നവനെ ഗാന്ധി എതിർത്തിരുന്നില്ല. അഹിംസ ശാന്തവും ക്രമാനുഗതവുമായ വിപ്ലവമാണ്. ഇത് ആധിപത്യത്തിൽനിന്ന് ദുർബലനെയും അധകൃതനെയും മോചിപ്പിക്കലാണ്. സത്യം ലക്ഷ്യവും അവിടെ എത്തിച്ചേരാനുള്ള ഏക മാർഗം അഹിംസയുമാണ്.

### അഹിംസയുടെ വിവിധ രൂപങ്ങൾ

| | |
|---|---|
| **പ്രതിരോധിക്കാതിരിക്കൽ** | ശാരീരികമായ എല്ലാ അക്രമങ്ങളെയും നിരസിക്കുകയും ഒപ്പം തന്റെ വിശ്വാസ്യത നിലനിർത്താൻ ശ്രമിക്കുകയും ചെയ്യുന്നു. |
| **ക്രിയാത്മകമായ ഒത്തുതീർപ്പ്** | അഹിംസയിലുള്ള അടിയുറച്ച വിശ്വാസംമൂലം കായികബലത്തെ നിരസിച്ച് ക്രിയാത്മകമായി സംഘർഷപരിഹാരത്തിനു ശ്രമിക്കുന്നു. |
| **ധാർമികപ്രതിരോധം** | സമാധാനപരവും ധാർമികവുമായ മാർഗത്തിൽ ക്രിയാത്മകമായി തിന്മയെ ചെറുക്കലാണിത്. |
| **അഹിംസയുടെ നിജപ്പെടുത്തൽ** | യുദ്ധത്തെയും അക്രമങ്ങളെയും എതിർക്കുകയും അതിനെ സ്വയം നിരാകരിക്കുകയും ചെയ്യുന്നു. |
| **സഹനസമരം** | ബലപ്രയോഗത്തിലൂടെ ജയിക്കാൻ കഴിയില്ല എന്ന തിരിച്ചറിവ് അഹിംസയെ ഒരു തന്ത്രമായി പ്രയോഗിക്കുന്നു. |
| **സമാധാനപരമായ പ്രതിഷേധം** | മറ്റു മാർഗങ്ങളേക്കാൾ ഉത്തമമാണ് അഹിംസ എന്നു വിശ്വസിക്കുകയും അത് പ്രായോഗികമാക്കുകയും ചെയ്യുന്നു. |
| **അക്രമരഹിതമായ പ്രത്യക്ഷനടപടി** | അഹിംസയുടെ ശക്തിയും പ്രയോഗസാധ്യതയും മനസ്സിലാക്കി പരിവർത്തനത്തേക്കാൾ വിജയത്തിന് പ്രാധാന്യം നൽകുന്നു. |
| **സത്യഗ്രഹം** | സ്നേഹത്തിലൂടെയും നന്മയിലൂടെയും സത്യത്തെ പ്രാപ്തമാക്കുന്നു. ഇത് വ്യക്തിജീവിതത്തിലും, സാമൂഹിക - രാഷ്ട്രീയ - സാമ്പത്തിക കാര്യങ്ങളിലും ഹിംസയെ ഒഴിവാക്കുന്നു. |
| **അഹിംസാത്മകവിപ്ലവം** | സാമൂഹികമാറ്റത്തിന് അഹിംസാത്മകവിപ്ലവം നയിക്കുക (ഉദാ: ജയപ്രകാശ് നാരായണന്റെ സമ്പൂർണ വിപ്ലവം, വിനോബഭാവെ നയിച്ച ഭൂദാൻ പ്രസ്ഥാനം) |

**പ്രവർത്തനം**

*ഗാന്ധിജിയുടെ സങ്കൽപ്പത്തിലുള്ള അഹിംസ എന്താണെന്ന് ചർച്ചചെയ്യുക.*

### ലക്ഷ്യവും മാർഗവും

ലക്ഷ്യവും മാർഗവും തമ്മിലുള്ള ബന്ധം നിർവചിക്കുന്നതിലും സവിശേഷമായ ഒരു നിഷ്കർഷ ഗാന്ധി പാലിച്ചിരുന്നു. നമുക്കു ലക്ഷ്യം തിരിച്ചറിയാമെങ്കിലും ഉചിതമായ മാർഗം സംബന്ധിച്ച് സന്ദേഹം ഉണ്ടാവുക സ്വാഭാവികം. തത്ത്വചിന്തകർ പരസ്പര വിരുദ്ധങ്ങളായ രണ്ടു കാഴ്ചപാടുകളാണ് നമുക്കു തരുന്നത്. (1) ലക്ഷ്യം മാർഗത്തെ സാധൂകരിക്കും. (2) മാർഗം എപ്രകാരമാണോ, അപ്രകാരമായിരിക്കും ലക്ഷ്യവും. ഇതിൽ ലക്ഷ്യം നല്ലതാണെങ്കിൽ ഏത് മാർഗവും സ്വീകരിക്കാമെന്ന നിലപാടിലൂടെ അക്രമം, ഹിംസ, വഞ്ചന തുടങ്ങിയ മാർഗങ്ങളെ നീതീകരിക്കേണ്ടതായി വരും. മാർഗത്തിനു പ്രാധാന്യം നൽകുന്ന രണ്ടാമത്തെ രീതി അനുകൂലിക്കുന്ന ഗാന്ധി പറയുന്നു: “മാർഗം നല്ലതാണെങ്കിൽ മാത്രമേ നല്ല ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കൂ.” മാർഗത്തിന്റെ

ശുദ്ധിയിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഗാന്ധി തയാറായിരുന്നില്ല. മാർഗവും ലക്ഷ്യവും രണ്ടല്ല, ഒരേ കാര്യത്തിന്റെ അവസ്ഥാന്തരങ്ങൾ മാത്രമാണ്. ഉദാഹരണത്തിന്, വിത്ത് മരമായി രൂപാന്തരപ്പെടുന്നതുപോലെ മാർഗം ലക്ഷ്യമായി പരിണമിക്കുന്നു. മാർഗവും ലക്ഷ്യവും തമ്മിൽ വേർപെടുത്താനാവാത്ത വിധം  ഒരു ബന്ധം നിലനിൽക്കുന്നു. ഗാന്ധി പറയുന്നു: 'മാർഗം' –'ലക്ഷ്യം' ഇവ ഒന്നിന് പകരമായി മറ്റൊന്ന് ഉപയോഗിക്കാവുന്ന സങ്കൽപ്പങ്ങളാണ് (convertible terms). ലക്ഷ്യത്തിലേക്കുള്ള നമ്മുടെ പുരോഗതി മാർഗത്തിന്റെ വിശുദ്ധിക്ക് നേർ അനുപാതവുമാണ്. സത്യം നമ്മുടെ ലക്ഷ്യവും അതിലേക്കുള്ള ഒരേ ഒരു മാർഗം അഹിംസയുമാണ്." സത്യാന്വേഷണത്തിൽ മറ്റുള്ളവരുമായുള്ള ബന്ധത്തിൽ അഹിംസ സ്വീകരിക്കാൻ വേണ്ടത്ര ഭവ്യത നമുക്ക് ഉണ്ടായിരിക്കണമെന്ന് ഗാന്ധി കരുതുന്നു. ഇപ്രകാരം  പ്രാവർത്തികമാക്കുന്ന അഹിംസ സത്യസാക്ഷാൽക്കാരം സുഗമമാക്കുന്നു. അതായത് അഹിംസ നമ്മെ സത്യത്തിലേക്ക് അടുപ്പിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യപ്പോരാട്ടത്തിൽ ചില നേതാക്കൾ അക്രമത്തിന്റെ പാതയിലൂടെ സ്വാതന്ത്ര്യം നേടാമെന്ന് നിർദേശിച്ചെങ്കിലും ഗാന്ധി അതിനെതിരായിരുന്നു. ഗാന്ധിയുടെ അഭിപ്രായത്തിൽ കേവലം സ്വാതന്ത്ര്യമല്ല, പൂർണസ്വരാജാണ് നമ്മുടെ ലക്ഷ്യം. അതായത് രാഷ്ട്രീയവും സാമ്പത്തികവും, ധാർമികവും ആത്മീയവുമായ സ്വാതന്ത്ര്യം. ലക്ഷ്യം ഉദാത്തമായിരിക്കുമ്പോൾ അക്രമമാർഗത്തിലൂടെ അതു നേടിയെടുക്കാമെന്ന് കരുതുന്നത് വിഡ്ഢിത്തമാണ്. അക്രമം അക്രമത്തെ മാത്രമേ പ്രദാനം ചെയ്യൂ. അഹിംസയുടെ മാർഗം സമാധാനം കൊണ്ടുവരും.

## മനുഷ്യപ്രകൃതി : ഗാന്ധിയുടെ കാഴ്ചപ്പാടിൽ

### സ്വതന്ത്ര ഇച്ഛാശക്തി

നീതിബോധത്തിന്റെ കാര്യത്തിൽ മനുഷ്യൻ മൃഗങ്ങളേക്കാൾ ഉയർന്ന മൂല്യബോധം നേടിയിട്ടുണ്ട്. മനുഷ്യനെ മറ്റു ജീവികളിൽനിന്ന് വ്യത്യസ്തനാക്കുന്നത് വിവേചനബുദ്ധിക്കൊപ്പം അതുല്യമായ സ്വതന്ത്ര ഇച്ഛാശക്തികൂടിയാണ്. ഭൗതികവാദികൾ കരുതുന്നത് സ്വതന്ത്ര ഇച്ഛാശക്തി പ്രകൃതിനിയമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു എന്നാണ് കാരണം, മനുഷ്യനും ഈ ഭൗതികലോകത്തിന്റെ ഒരു ഭാഗം മാത്രമാണ്. ഈ വാദത്തെ നിരാകരിക്കുന്ന ഗാന്ധി സ്വതന്ത്ര ഇച്ഛാശക്തിയെ മനുഷ്യന് ലഭിച്ച വരദാനമായി കാണുന്നു. പ്രകൃതിയിലെ ജീവജാലങ്ങളിൽ മനുഷ്യൻ സ്വയം തന്റെ ഭാവി നിർണയിക്കാൻ പ്രാപ്തനാണ്. അതായത് നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും നമ്മുടെ ഭാവിയെ കൃത്യമായി നിർണയിക്കുന്നു (നാംതന്നെയാണ് നമ്മുടെ ഭാഗധേയം നിർണയിക്കുന്നത്). അതുകൊണ്ടുതന്നെ നാം ചെയ്യുന്ന പ്രവൃത്തികൾ മറ്റു മനുഷ്യർക്കോ ജീവികൾക്കോ പ്രകൃതിക്കോ ദോഷമുണ്ടാക്കരുത്. സ്വാതന്ത്ര്യം എന്നത് ഒരിക്കലും അതിരുകളില്ലാത്ത സ്വാതന്ത്ര്യമല്ല, സാമൂഹിക ഉത്തരവാദിത്വം നിർവഹിക്കൽക്കൂടിയാണ്. സ്വേച്ഛയോടെ അല്ലാത്ത ഒരു പ്രവൃത്തിയും ധാർമികമല്ല, അതായത് യാന്ത്രികമായി ചെയ്യുന്ന പ്രവൃത്തിയിൽ ധാർമികത എന്നത് ചർച്ചപോലും ചെയ്യപ്പെടുന്നില്ല. സ്വേച്ഛയോടെ നിർവഹിക്കുന്ന കടമ മാത്രമാണ് ധാർമികത. സ്വതന്ത്ര ഇച്ഛാശക്തിയിൽ ധാർമികതയുണ്ട് എന്നു ഗാന്ധി കരുതുന്നു.

### മനുഷ്യനിൽ അന്തർലീനമായ നന്മ

പാശ്ചാത്യചിന്തകരായ തോമസ് ഹോബ്സും റൂസ്സോയും നൽകുന്ന രണ്ടു വ്യത്യസ്തമായ നിലപാടുകളാണ് – (1) മനുഷ്യൻ മൃഗീയമായ വാസനകളാൽ നിയന്ത്രിക്കപ്പെ

ടുന്നു. (2) മനുഷ്യൻ ജന്മനാ സമൂഹജീവിയും നന്മയുള്ളവനുമാണ്. ഈ ചിന്തകളുടെ അടിസ്ഥാനത്തിൽ ഗാന്ധി പറയുന്നു: "ദൈവികമായ ഒരു ചൈതന്യംകൂടി മനുഷ്യനിലുണ്ട്. സാമൂഹികജീവിതത്തിൽ ആത്മചൈതന്യത്തിന്റെ ഉൽകൃഷ്ടമായ അവസ്ഥയും അധമമായ അവസ്ഥയും നമുക്കു കാണാൻ കഴിയും. നന്മയും തിന്മയും സമ്മിശ്രമായി എല്ലാവരിലും ഉൾക്കൊള്ളുന്നുവെങ്കിലും തിന്മയുടെ മേൽ നന്മ നേടുന്ന വിജയമാണ് അഭികാമ്യം. ആയതിനാൽ നന്മ വളർത്തിയെടുക്കുക വഴി വിശിഷ്ടമായ ദൈവികഗുണം നാം കൈവരിക്കുന്നു".

ഗാന്ധിജിയുടെ ഈ നിലപാട് തോമസ് ഹോബ്സിന്റെ നിലപാടുകൾക്ക് വിരുദ്ധമായ ഒന്നാണ്. ഹോബ്സ് പറയുന്നു മനുഷ്യൻ ജന്മനാ സ്വാർഥനും ക്രൂരനുമാണ് എന്ന്. ഇത്തരത്തിലുള്ള ആളുകളുടെ ഒരു സമൂഹം തികച്ചും അസംഘടിതവും കലുഷിതവുമായിരിക്കും. ഇവരെ നയിക്കാൻ ശക്തനായ ഒരു ഭരണാധികാരി (ലെവിയാതൻ) ആവശ്യമായി വരും. അരാജകത്വം നിറഞ്ഞ സമൂഹസങ്കൽപ്പം നിരാശാജനകമായ ഒരു കാഴ്ചപ്പാടാണ് തരുന്നത്. തികച്ചും വ്യത്യസ്തമായ ഒരു നിലപാട് സ്വീകരിച്ച ഗാന്ധി പറയുന്നു: "മനുഷ്യനിൽ ക്രൂരതയെന്ന മൃഗീയവികാരമുണ്ട് എങ്കിലും അതിനേക്കാൾ സ്ഥായിയായ നന്മ (ഈശ്വരചൈതന്യം) കൂടുതൽ വിശിഷ്ടവും പ്രതീക്ഷാനിർഭരവുമാണ്".

റൂസ്സോയുടെ, മനുഷ്യൻ ജന്മനാ നല്ലവനും സാമൂഹിക ജീവിയുമാണെന്ന കാഴ്ചപ്പാട് ഗാന്ധിക്ക് സ്വീകാര്യമാണ്. ഇക്കാര്യത്തിൽ ശുഭാപ്തിവിശ്വാസമുള്ള ഗാന്ധി ഈ കാഴ്ചപ്പാടിലുള്ള ചില ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പറയുന്നു: "മനുഷ്യനിലുള്ള ആത്മചൈതന്യത്തിന്റെ ഉയർന്ന അവസ്ഥ ദൈവതുല്യമാണ്. അത് സ്നേഹം, സഹാനുഭൂതി, സഹകരണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള സമൂഹസൃഷ്ടി സാധ്യമാക്കുന്നു. മനുഷ്യരാശിയുടെ പുരോഗതി സൂചിപ്പിക്കുന്നത് ഈ യാഥാർഥ്യത്തെയാണ്. "നമുക്ക് കൈവരിക്കാവുന്ന ഏറ്റവും ഉയർന്ന സാമൂഹികവ്യവസ്ഥയെ 'രാമരാജ്യ'മെന്ന് ഗാന്ധി വിശേഷിപ്പിക്കുന്നു. വ്യക്തിക്ക് കൈവരിക്കാവുന്ന ഉയർന്ന പുരോഗതിയായ 'ആത്മസാക്ഷാൽക്കാരവും' സാമൂഹികപുരോഗതിയായ 'രാമരാജ്യവും' പരസ്പരപൂരകങ്ങളായി വർത്തിക്കുന്നു.

### പരസ്പരാശ്രയത്വം

മനുഷ്യന്റെ ഏതൊരു പ്രവൃത്തിയും വ്യക്തിഗതവും സാമൂഹികവുമാണ്. ഇത് വ്യക്തിയുടെ വളർച്ച എന്നപോലെ സാമൂഹിക ഉന്നതിയും സാധ്യമാക്കുന്നു. ഇത് ജോൺ റസ്കിന്റെ ചിന്തയായ 'വ്യക്തിയുടെ നന്മ എല്ലാവരുടെയും നന്മയാണ്' എന്നതിന് സമാനമാണ്. ആത്യന്തികമായി മനുഷ്യർ പരസ്പരം ആശ്രയിക്കുക വഴി ജീവിതത്തിന്റെ സമഗ്രത പ്രാപ്തമാകുന്നു. ഓരോ വ്യക്തിയും – ശരീരം, മനസ്സ്, ആത്മാവ് ഇവയുടെ കർമം കൊണ്ട് തന്റെ വ്യത്യസ്തത നിലനിർത്തുകയും ചെയ്യുന്നു. ഇന്ദ്രിയങ്ങളുടെ ഇരിപ്പിടമായ ശരീരം ആഗ്രഹങ്ങളുടെ ഉറവിടവുമാണ്. മനുഷ്യമനസ്സ് അറിവിന്റെയും പ്രവൃത്തിയുടെയും മേഖലയെ നിയന്ത്രിക്കുന്നു, ഇതു ശരീരത്തേക്കാൾ ഉന്നതവും വ്യത്യസ്തവുമാണ് എങ്കിലും ശരീരവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. 'അഹം' എന്ന ബോധം ഒരു വ്യക്തിയെ മറ്റൊരാളിൽനിന്ന് വേർതിരിക്കുന്നു. ആത്മാവ് എന്ന സങ്കൽം ജീവിതത്തിന്റെ ഏറ്റവും പരമോന്നത അവസ്ഥയെ സൂചിപ്പിക്കുന്നു. ഇത് ശരീരത്തിന്റെയും മനസ്സിന്റെയും പരിമിതികളില്ലാത്തതും യഥാർഥവും അനശ്വരവുമാണ്.



### ചിന്തിക്കുക, പ്രവർത്തിക്കുക

ഹയർ സെക്കന്ററി വിദ്യാർഥികളുടെ ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി ഫുഡ് ഡൊണേഷൻ ക്ലബ്ബ് സംഘടിപ്പിച്ച പ്രവർത്തനം നിരീക്ഷിക്കുക.




സമാനമായ ആശയങ്ങൾ കൂട്ടിച്ചേർക്കൂ.

- പാവപ്പെട്ട ഒരു വിദ്യാർഥിയുടെ വീടിന്റെ അറ്റക്കുറ്റപ്പണി തീർത്തു കൊടുക്കുന്നു.
- വിദ്യാർഥികൾ ചേർന്ന് ചികിത്സാസഹായം നൽകുന്നു.
- 
- 

ഒരു കർമപരിപാടി ആസൂത്രണം ചെയ്ത് ക്ലാസിൽ അവതരിപ്പിക്കുക.

### ജീവന്റെ സമഗ്രതയും ഏകമാനവികതയും

ഗാന്ധിജിയുടെ അഭിപ്രായത്തിൽ മനുഷ്യൻ ഈശ്വരചൈതന്യത്തിന്റെ ഒരു അവസ്ഥാന്തരം മാത്രമാണ്. യാഥാർഥ്യം ഒന്നു മാത്രമാണെന്ന അദ്വൈതചിന്തയുടെ പ്രയോക്താവായ അദ്ദേഹം ഏകമാനവികതയിൽ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ ഗാന്ധി അഭിപ്രായപ്പെടുന്നു: "ഞാൻ സമസ്ത ഈശ്വരന്മാരും ഒന്നാണെന്നു വിശ്വസിക്കുന്നു. അതുപോലെത്തന്നെയാണ് മാനവകുലവും". സൂര്യനിൽനിന്ന് അനേകം പ്രകാശകിരണങ്ങൾ എന്നപോലെ നമുക്ക് വ്യത്യസ്തങ്ങളായ ശരീരമുണ്ടെങ്കിലും ആത്മാവ് ഒന്ന് മാത്രമാണുള്ളത്. നമ്മളിലുള്ള ഈ ചൈതന്യം നമ്മുടെ വ്യക്തിത്വത്തെയും സ്വഭാവത്തെയും നിയന്ത്രിക്കുന്നു എങ്കിലും സമൂഹത്തിൽ ഓരോ വ്യക്തിയും തന്റേതായ മൂല്യവും പ്രസക്തിയും നിലനിർത്തുന്നു.

മനുഷ്യനിലുള്ള ആത്മചൈതന്യത്തെ നിരാകരിക്കുന്നവരും ഗാന്ധിജിയും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം, ആത്മീയമൂല്യത്തെ എതിർക്കുന്നവർ ഒരിക്കലും സമാധാനപൂർണമായ ഒരു സമൂഹസൃഷ്ടിയെപ്പറ്റി ചിന്തിക്കുന്നില്ല എന്നതത്രേ. നിശ്ചയമായും സമസ്ത ചരാചരങ്ങൾക്കും ഒരു ഉത്ഭവസ്ഥാനമുണ്ട്. അത് ഈശ്വരനാണ്. ഈശ്വരനിൽ ത്തന്നെ ഇവ വിലയംപ്രാപിക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് വേദസങ്കൽപ്പമായ "വസുധൈവകുടുംബകം" (വസുധ = ഭൂമി, ഏവ = ഒന്ന്, കുടുംബകം = കുടുംബം) വ്യക്തമാക്കുന്നത്. ഇതിന്റെ പുനരാവിഷ്കാരമാണ് ഗാന്ധിചിന്തയിൽ കാണുന്നത്.

മനുഷ്യകുലത്തെ ഒരു കുടുംബമായി കാണണമെന്നും നമ്മുടെ ഓരോ പ്രവൃത്തിയും സാമൂഹികവും പാരിസ്ഥിതികവുമായ അനന്തരഫലങ്ങൾ സൃഷ്ടിക്കുമെന്നുമുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് ശരിയാണ്. ഗാന്ധിജി പറയുന്നു: "എല്ലാ ജീവജാലങ്ങളുടെയും അടിസ്ഥാനപരമായ ഐക്യവും ഒരുമയും ഞാൻ ആഗ്രഹിക്കുന്നു, കാരണം, ഞാൻ ഒരു അദ്വൈതവാദിയാണ്. ഒരുവൻ ആത്മീയത പ്രാപ്തമാക്കുന്നതിൽ വിജയിച്ചാൽ ലോകം മുഴുവൻ അവനോടൊത്ത് ആ നേട്ടം കൈവരിക്കുകയും അവൻ അതിൽ പരാജിതനായാൽ സമസ്തലോകവും ബലിയാടാവുകയും ചെയ്യും. അതുകൊണ്ടുതന്നെ ഓരോ വ്യക്തിയുടെയും കടമ തന്നിലുള്ള ആത്മചൈതന്യത്തെ തിരിച്ചറിഞ്ഞ് മനസ്സാക്ഷിയുടെ സ്വരത്തിന് അനുസൃതമായി പ്രവർത്തിക്കുക എന്നതാണ്."

**നമുക്കു ചെയ്യാം**

മാനവിക ഐക്യത്തിന്റെ ഒരു ഗാനം കണ്ടെത്തുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുക.



## ഗാന്ധിജിയുടെ ദർശനം

### മതസങ്കൽപം

ഏതൊരു സംസ്കാരത്തിലും മതത്തിന്റെ കേന്ദ്രസങ്കൽപ്പം പരമോന്നതനും സർവശക്തനുമായ ഈശ്വരനെ കേന്ദ്രീകരിച്ചാണുള്ളത്. എങ്കിലും മതവിശ്വാസം ദൈവത്തെ കേന്ദ്രീകരിച്ച് മാത്രമുള്ളതല്ല. മതമെന്നത് വ്യക്തിയെ മറ്റുള്ളവരുമായും ദൈവവുമായും സമാധാനപരമായി ബന്ധിപ്പിക്കുന്ന ഒന്നാണ്. മതത്തിനു പ്രധാനമായും മൂന്നു ഘടകങ്ങളുണ്ട്. 1. ഒരു കൂട്ടം വിശ്വാസങ്ങളും തത്ത്വങ്ങളും 2. പലതരത്തിലുള്ള അനുഷ്ഠാനങ്ങളും ആചാരങ്ങളും 3. ഒരു ധർമസംഹിത. വ്യവസ്ഥാപിതമായ മതവിശ്വാസത്തിൽ ദൈവത്തിലുള്ള വിശ്വാസം, ആത്മാവിന്റെ അനശ്വരത, സ്വർഗ-നരക സങ്കൽപ്പങ്ങൾ, അവതാരങ്ങൾ, പ്രവാചകർ, വിശുദ്ധർ, വിശുദ്ധഗ്രന്ഥങ്ങൾ എന്നിവയുണ്ട്. മതാനുഷ്ഠാനങ്ങളിൽ പ്രാർഥന, ഉപവാസം, പ്രതിജ്ഞകൾ, യാഗം, യജ്ഞം, തീർഥാടനം എന്നിവ ഉൾപ്പെടുന്നു. മതനിയമങ്ങൾ പൊതുവിൽ എല്ലാ മതങ്ങളിലും സമാനമാണ്. ഇതിൽ ധർമചിന്തകളായ സത്യസന്ധത, അഹിംസ, സ്നേഹം, ദയ, കാരുണ്യം, സാഹോദര്യം, ദാനം, ക്ഷമ എന്നിവ ഉൾപ്പെടുന്നു.

ഇന്ത്യയിൽ 'ധർമ' എന്ന പദം മതം എന്ന അർഥത്തിലാണ് ഉപയോഗിക്കുന്നത്. ഈ പദത്തിനു കൂടുതൽ വിസ്തൃതമായ ഒരു അർഥതലംകൂടിയുണ്ട്. 'ധൃ' എന്ന സംസ്കൃത മൂലരൂപത്തിൽനിന്നാണ് ധർമ എന്ന പദം രൂപപ്പെട്ടത്. 'നിലനിൽക്കുന്നത്' എന്നാണ് ഇതിന്

അർഥം. അതുകൊണ്ട് നിലനിൽപ്പ് സാധ്യമാക്കുന്ന മഹത്തായ ഒരു ശക്തിയായും സമൂഹത്തിന്റെ കെട്ടുറപ്പിനു സഹായകമായ ശക്തിയായും ധർമത്തെ വിശേഷിപ്പിക്കുന്നു. മനുഷ്യർക്കിടയിൽ മാനസികവും ആത്മീയവുമായ ഒരു ബന്ധമുണ്ടാക്കുകയും മറ്റു ജീവജാലങ്ങളുമായുള്ള ബന്ധം നിയന്ത്രിക്കുകയുമാണ് ഈ ധർമത്തിന്റെ പ്രവർത്തനം. ഇതിലൂടെ ലോകത്തിന്റെ സംതുലനാവസ്ഥ സാധ്യമാക്കുന്നു. ധർമം ഏതെങ്കിലും ഒരു പ്രത്യേക മതവുമായി ബന്ധപ്പെട്ടതല്ല. മറിച്ച്, ഇതിന്റെ വിശാലമായ മാനവികതലത്തിൽ ഏതു മതത്തിന്റെയും ഏത് ആചാരത്തിലും ഏതു രീതിയിലും എല്ലാ ജീവന്റെയും ആത്മീയമായ ഏകത്വമാണ്.

### ധാർമികമതം

"മതം എന്നതുകൊണ്ട് ഞാൻ അർഥമാക്കുന്നത് ഏതെങ്കിലും ഔപചാരികമോ മാമൂൽ പ്രകാരമോ ഉള്ള മതമല്ല. എന്നാൽ എല്ലാ മതങ്ങളെയും ഉൾക്കൊള്ളുന്നതും നമുക്ക് ഈശ്വരനുമായി മുഖാമുഖം ദർശിക്കാൻ കഴിയുന്നതുമാണ്" എന്നു ഗാന്ധി പറയുന്നു. തന്റെ ധാർമികമതമെന്ന ആശയരൂപീകരണത്തിൽ സ്വന്തം മതവിശ്വാസവും അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ഒപ്പം ജീവിതദർശനത്തിന്റെ കേന്ദ്രബിന്ദു ഈശ്വരവിശ്വാസമാണ് എന്ന തിരിച്ചറിവും. മതങ്ങളുടെ വ്യത്യസ്ത രീതികളെ അംഗീകരിക്കുന്നതിൽ ഗാന്ധി തുറന്ന സമീപനമാണ് പുലർത്തുന്നത്. എല്ലാ മതങ്ങളിലും പൊതുവായി കാണപ്പെടുന്ന ചില സാർവത്രികമൂല്യങ്ങളാണ് മതത്തിന്റെ അന്തസ്സത്ത എന്ന് ഗാന്ധി വിശ്വസിച്ചു. നിരാലംബരായ മനുഷ്യർക്ക് ആശ്രയമാകുന്ന ഒരു സാർവത്രിക മതത്തിന്റെ ആവശ്യകതയ്ക്ക് ഗാന്ധി ഊന്നൽ നൽകി. സാമൂഹികനീതി അടിസ്ഥാനപ്പെടുത്തി സമാധാനം, സാഹോദര്യം, സന്തോഷം എന്നിവ പ്രദാനം ചെയ്യാൻ കഴിയുന്ന ഒരു മതമാണ് ഗാന്ധി വിഭാവനം ചെയ്യുന്ന 'ധാർമികമതം'.

ഈ മതസങ്കൽപ്പത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത പരമമായ ലക്ഷ്യവും മറ്റു ജീവിതലക്ഷ്യങ്ങളും (സാമ്പത്തികപുരോഗതി, രാഷ്ട്രീയശാക്തീകരണം) നേടുന്നതിനുള്ള മാർഗങ്ങൾ പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നു എന്നതാണ്. മനുഷ്യജീവിതം സാർഥമാകണമെങ്കിൽ സാമ്പത്തികവും സാമൂഹിക - രാഷ്ട്രീയ - ധാർമിക - സൗന്ദര്യ ശാസ്ത്രപരമായ തലങ്ങളും ആത്മീയതലവും സന്തുലിതമാകണം എന്ന കാഴ്ചപ്പാടും അദ്ദേഹത്തിനുണ്ടായിരുന്നു. ആത്മീയലക്ഷ്യവും മതനിരപേക്ഷലക്ഷ്യവും തമ്മിൽ വൈരുധ്യങ്ങളില്ല എന്ന നിലപാടും സ്വീകരിച്ചു കാണുന്നു. കാരണം, ജീവിതത്തിന്റെ സമഗ്രതയ്ക്ക് ഭൗതികവും ആത്മീയവുമായ ക്ഷേമം ഉറപ്പാക്കേണ്ടതുണ്ട്. ഇതിൽ ചതുർവിധ പുരുഷാർഥങ്ങളുടെ ശക്തമായ സ്വാധീനവും കാണാവുന്നതാണ്.

**നമുക്കു ചെയ്യാം**

നമ്മൾ ഒന്നാണെന്ന ചിന്ത ഉണർത്തുന്ന ഒരു ഗാനം തിരഞ്ഞെടുത്ത് എല്ലാവരും ചേർന്ന് ആലപിക്കുക.

### മതവും ധാർമികതയും

ധാർമികതയെ മതത്തിന്റെ അവിഭാജ്യഘടകമായാണ് ഗാന്ധി കണക്കാക്കുന്നത്. ഇതില്ലാതെ മതത്തിന് നിലനിൽപ്പില്ല. ഈ നിഷ്കർഷയാണ് ഗാന്ധിജിയുടെ മതസങ്കൽപ്പത്തെ

'ധാർമികമതമെന്ന്' (ethical religion) വിളിക്കാനിടയാക്കിയത്. ധാർമികതയെ മതത്തിന്റെ അടിസ്ഥാനമായി കാണാൻ ഒന്നാമതായി, മോക്ഷവുമായി ബന്ധപ്പെട്ട ചില അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കാരണമായി. രണ്ടാമതായി, വ്യത്യസ്ത മതങ്ങൾ വ്യത്യസ്ത മാർഗങ്ങൾ അവലംബിക്കുന്നു എന്നതും എന്നാൽ എല്ലാ മതങ്ങളിലെയും ധാർമിക ചിന്തകൾ ഏതാണ്ട് സമാനവുമാണ് എന്നതുകൊണ്ടും മതങ്ങളുടെ പൊതുവായ 'ധാർമികത'ക്ക് ഊന്നൽ നൽകാൻ ഗാന്ധി തീരുമാനിച്ചു. എല്ലാറ്റിലും ഉപരിയായി കേവല മതമെന്നതിനേക്കാൾ സാമൂഹിക - രാഷ്ട്രീയ ഘടകങ്ങൾകൂടി ഇതിൽ സമ്മേളിക്കണമെന്ന ചിന്തയും ഗാന്ധിജിക്കുണ്ടായിരുന്നു. എന്തെന്നാൽ, യഥാർഥ സാമൂഹികചുറ്റുപാടുകളിൽ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും ഉപരിയായി ധാർമികതയ്ക്ക് പ്രാധാന്യമുണ്ട് ഈ തിരിച്ചറിവിൽനിന്നാണ് മതത്തിൽ ധാർമികതയ്ക്കു പ്രാധാന്യം കൽപ്പിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചത്.

എന്നാൽ ഒരുകൂട്ടം ആളുകൾ കരുതുന്നത് മതവിശ്വാസമില്ലാതെ തന്നെ ഒരാൾക്ക് ധാർമിക ജീവിതം നയിക്കാനാകും എന്നാണ്. ഇത് സ്ഥാപിച്ചെടുക്കാൻ അവർ മതത്തിന്റെ ഭാഗമായി നിലനിൽക്കുന്ന ചില അന്ധവിശ്വാസങ്ങൾ കാരണമായി പറയുന്നു. ഇതിനുള്ള മറുപടിയായി ഗാന്ധി പറയുന്നു: "യുക്തിയുടെയും ധാർമികതയുടെയും സഹായത്താൽ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മതത്തെ ശുദ്ധീകരിക്കാൻ സാധിക്കും". കാരണം, ഗാന്ധിയെ സംബന്ധിച്ചിടത്തോളം ഒരു തത്ത്വം മതപരമാണോ അല്ലയോ എന്ന് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം ധാർമികതയാണ്. മതചിന്തയിൽ ധാർമികത ആഴത്തിൽ വേരോടിയാൽ മാത്രമേ സമൂഹത്തിൽ ഉറച്ച നീതിബോധം സ്ഥാപിച്ചെടുക്കാനാകൂ. മറ്റുള്ളവരുമായുള്ള തന്റെ ബന്ധം ശരിയാകണമെങ്കിൽ തനിക്ക് ആന്തരികമായ ശുദ്ധിയും ശക്തിയും കൂടിയേതീരൂ.

ധാർമികതയില്ലാതെ മതത്തിന് നിലനിൽപ്പില്ല എന്ന ചിന്തയാണ് ഗാന്ധി പുലർത്തുന്നത് "മതത്തിന് ധാർമികത എന്നത് എപ്രകാരമാണോ മണ്ണിൽ വിതച്ച വിത്തു മുളയ്ക്കാൻ ജലം ആവശ്യമായി തീരുന്നത്", അതുപോലെയാണ്. അതിനാലാണ് പ്രാർഥനയും ഉപവാസവും തന്റെ ആശ്രമജീവിതത്തിന്റെ ഭാഗമായിത്തീർന്നത്. മതവും ധാർമികതയും തമ്മിൽ വേർപെടുത്താൻ പറ്റാത്ത വിധം ചേർന്നിരിക്കുന്നു, അതായത് ധാർമികതയില്ലാതെ മതവും മതമില്ലാതെ ധാർമികതയും നിലനിൽക്കില്ല. ഇവ രണ്ടും പരസ്പരം ഒന്നു മറ്റൊന്നിനു പകരമായി ഉപയോഗിക്കാവുന്നതാണ് എന്ന് ഗാന്ധി നിരീക്ഷിക്കുന്നു.

### സർവധർമ സമഭാവ

കുട്ടിക്കാലം മുതൽ മതപരമായ സംവാദങ്ങൾ കേട്ടാണ് ഗാന്ധി വളർന്നത്. ഇത് ഗാന്ധിയിൽ ആത്മീയകാര്യങ്ങളിലുള്ള യുക്തിപരമായ ഒരു ജിജ്ഞാസ വളാൻ ഇടയാക്കി. മതസഹിഷ്ണുതയും മറ്റു മതങ്ങളെ ആദരിക്കാനുള്ള മനസ്സും ഗാന്ധിയിൽ ഉടലെടുക്കാൻ ഇതു സഹായകമായി. പിന്നീട് മതത്തെക്കുറിച്ച് കൂടുതൽ അറിയാൻ ലോകത്തെ പ്രധാന മതങ്ങളായ ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാംമതം, ജൈനമതം, ബുദ്ധമതം, പാഴ്സി തുടങ്ങിയവയുടെ അടിസ്ഥാനഗ്രന്ഥങ്ങളും വായിക്കാനിടയായി. എല്ലാ മതങ്ങളും ഈശ്വരനിലേക്കുള്ള വ്യത്യസ്ത മാർഗങ്ങൾ മാത്രമാണെന്നും ഇവ തുല്യമാണ് എന്നുമുള്ള തിരിച്ചറിവ് (സർവ-ധർമ സമഭാവ) എല്ലാ മതങ്ങളെയും ആദരിക്കുക എന്ന മനോഭാവം

വളർത്താൻ സഹായകമാണ്. ജീവിതലക്ഷ്യത്തെ സംബന്ധിക്കുന്ന ചോദ്യങ്ങൾക്ക് മതം നൽകുന്ന ഉത്തരങ്ങൾക്കും പ്രസക്തിയുണ്ടെന്ന് ഗാന്ധി തിരിച്ചറിഞ്ഞു. എല്ലാ മതങ്ങളുടെയും അന്തസ്സത്തയും അടിസ്ഥാന ധാർമികമൂല്യങ്ങളും ഒന്നുതന്നെയാണ്. ഒരു മതവും മറ്റു മതത്തേക്കാൾ വലുതോ ചെറുതോ ആകുന്നില്ല. അതുകൊണ്ടുതന്നെ മതപരിവർത്തനം എന്നത് തീർത്തും അനാവശ്യവുമാണ്. ഈ നിലപാട് തന്റെ ജീവിതത്തിലുടനീളം പ്രാവർത്തികമാക്കുകയും ചെയ്തു. ഇത് തനിക്ക് ജീവിതവ്രതവും അനുഷ്ഠാനവും വിശ്വാസസംഹിതയുമാണ് എന്നു ഗാന്ധി കരുതി.

ഉത്കൃഷ്ടമായ മതജീവിതം ഒരാൾക്ക് എപ്രകാരം നേടാനാകുമെന്നതിന് ഉദാഹരണമാണ് 'സർവധർമ സമഭാവ' എന്ന സങ്കൽപ്പം. നമ്മൾ ഓരോരുത്തരും മറ്റു മതങ്ങളുടെ അടിസ്ഥാനഗ്രന്ഥങ്ങൾ ആദരവോടെ പഠിക്കണമെന്ന് ഗാന്ധി ആഹ്വാനം ചെയ്യുന്നു. സംസ്കാരസമ്പന്നരായ എല്ലാവരും ഇത് ഒരു കടമയായി ഏറ്റെടുക്കണമെന്നും അദ്ദേഹം നിർദേശിക്കുന്നു. നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന സാമുദായിക തർക്കങ്ങൾക്ക് ഏറ്റവും നല്ല പരിഹാരമായി ഇത് സ്വീകരിക്കാവുന്നതാണ്. തീർച്ചയായും ഇത്തരം പഠനങ്ങൾ പരസ്പരം മനസ്സിലാക്കുന്നതിനും സഹിഷ്ണുതാ മനോഭാവം വളർത്തുന്നതിനും ബഹുമാനത്തോടെ ജീവിക്കാനും ആവശ്യമായ സാഹചര്യങ്ങൾ രൂപപ്പെടുത്താൻ സഹായകമാകും. നാനാത്വത്തിൽ ഏകത്വമെന്നത് നമ്മുടെ സംസ്കാരത്തിന്റെ ശക്തിയാണെന്നും, ബലഹീനതയല്ല എന്നുമുള്ള തിരിച്ചറിവാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം.




## മതം പ്രാവർത്തികമാക്കാനുള്ള മാർഗങ്ങൾ

ആത്മീയജീവിതത്തിന്റെ ഏറ്റവും ഉയർന്ന തലമാണ് സഹനത്തിലൂടെ പ്രാപ്തമാകുന്ന ആത്മസാക്ഷാൽക്കാരം അഥവാ ഈശ്വരസാക്ഷാൽക്കാരം. അതുകൊണ്ടു തന്നെ ഗാന്ധിജി തന്റെ ദൈനംദിനജീവിതത്തിൽ മതനിഷ്ഠകളായ പ്രാർഥനയും ഉപവാസവും ആശ്രമവ്രതങ്ങളും കൃത്യമായി പാലിച്ചുപോന്നു. "എപ്പോഴാണോ ഒരുവന് വിപത്ത് അല്ലെങ്കിൽ ദുരവസ്ഥയുണ്ടാകുന്നത്, അപ്പോൾ ഉപവാസം, പ്രാർഥന എന്നിവയിലൂടെ അത് എങ്ങനെ ദൂരീകരിക്കണം എന്ന് എന്റെ മതം അനുശാസിക്കുന്നു."

### പ്രാർഥന

ഈശ്വരനിലുള്ള അടിയുറച്ച വിശ്വാസം ഗാന്ധിയുടെ ജീവിതം പ്രാർഥനാനിർഭരമാക്കി.

ഈ ശക്തി തിരിച്ചറിഞ്ഞ അദ്ദേഹം പറയുന്നു: "പ്രാർഥന മതത്തിന്റെ പ്രാണനും ആത്മാവുമാണ്." പ്രാർഥനയുടെ ലക്ഷ്യം ദൈവത്തെ പ്രീതിപ്പെടുത്തുക എന്നതല്ല. മറിച്ച് ആത്മശുദ്ധീകരണത്തിനുള്ള മാർഗമായിട്ടാണ് ഇതിനെ ഗാന്ധി ഉപയോഗപ്പെടുത്തുന്നത്. യഥാർഥ പ്രാർഥന തിന്മയിൽനിന്നുള്ള മോചനവും സംരക്ഷണവുമാണ്. പ്രാർഥനാനിർഭരമായ ജീവിതം നയിക്കുന്നയാൾ ഈ ലോകത്തിനും തനിക്കും ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്നു. ആഹാരം എപ്രകാരമാണ് ശരീരത്തിന് അനിവാര്യമാകുന്നത്, അപ്രകാരംതന്നെ പ്രാർഥന ആത്മാവിന് അത്യന്താപേക്ഷിതമാണ്. പ്രാർഥനയുടെ സ്വഭാവസവിശേഷതകളെക്കുറിച്ച് ഗാന്ധി ഇങ്ങനെ അഭിപ്രായപ്പെട്ടു "പ്രാർഥനയിൽ ഹൃദയമില്ലാത്ത വാക്കുകളേക്കാൾ വാക്കുകളില്ലാത്ത ഹൃദയത്തെ ഞാൻ ഇഷ്ടപ്പെടുന്നു." പ്രാർഥനയ്ക്ക് വാക്കുകൾ ആവശ്യമില്ല എന്നു പറയുന്നതിലൂടെ, മൗനപ്രാർത്ഥനയുടെ പ്രസക്തി എടുത്തുകാട്ടിയും ജീവിതത്തിൽനിന്ന് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് പ്രാർഥന എന്നും ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം പ്രാർഥനയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും പതിവായി പ്രാർഥിക്കുന്നതിന്റെ ആവശ്യകതയും അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടിരുന്നു എന്നു കാണാം. ഹൃദയവിശുദ്ധിയോടെയുള്ള പ്രാർഥനയ്ക്ക് അദ്ഭുതങ്ങൾ പ്രവർത്തിക്കാനാകുമെന്ന് തന്റെ ജീവിതാനുഭവങ്ങളിലൂടെ ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു.

"രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും അഭിമാനത്തിനും വേണ്ടി ജീവിതത്തിന്റെ വിവിധ മേഖലകളിൽ ധീരവും മഹത്തരവുമായ ജീവത്യാഗങ്ങളുടെ ആദ്യത്തെയും അവസാനത്തെയും പാഠമാണ് പ്രാർഥന. എല്ലാ മതവിശ്വാസങ്ങളുടെയും പ്രാർഥനകൾ ഉൾക്കൊള്ളുന്ന രീതിയാണ് തന്റെ ആശ്രമത്തിൽ ഗാന്ധി പാലിച്ചുപോന്നത്. ഇവിടെ പ്രാർഥനയെ ജീവിതത്തിന്റെ അവിഭാജ്യഘടകമായി കരുതിപ്പോരുകയും നിശ്ചിത സമയങ്ങളിൽ ഇത് നിർവഹിക്കുകയും ചെയ്തു. പ്രാർഥനയുടെ ശക്തിയിൽ ഉറച്ച വിശ്വാസമുണ്ടായിരുന്ന ഗാന്ധി എല്ലാ മതങ്ങളിലുമുള്ള പ്രാർഥനകൾക്കും തുല്യ പരിഗണനയാണ് നൽകിയത്. ആത്മാവിന്റെ ഉത്കൃഷ്ടമായ പരിശുദ്ധിക്കുവേണ്ടിയുള്ള തീവ്രമായ ആഗ്രഹത്തെയാണ് പ്രാർഥന എന്നു വിളിക്കുന്നത്.

### ഉപവാസം

പ്രാർഥനയെയും ഉപവാസത്തെയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളായിട്ടാണ് ഗാന്ധി മനസ്സിലാക്കുന്നത്. ഉപവാസമില്ലാതെ പ്രാർഥനയോ, പ്രാർഥനയില്ലാതെ ഉപവാസമോ സാധ്യമല്ല. ശരിയായ ഉപവാസം-മനസ്സ്, ശരീരം, ആത്മാവ് എന്നിവയെ ശുദ്ധീകരിക്കുന്നു. ഇത് ശരീരത്തിന്റെ ആവശ്യങ്ങളെ അവഗണിച്ച് ആത്മാവിനെ സ്വതന്ത്രമാക്കുന്നു. ഉപവാസം ഒരു ആത്മീയമായ പ്രവൃത്തി ആകയാൽ ഈശ്വരസമർപ്പണം കൂടിയാണ്. ഇത് ഒരാളുടെ ആത്മശക്തിയിൽ അധിഷ്ഠിതമാകയാൽ ഒരിക്കലും യാന്ത്രികമായി ചെയ്യാവുന്ന പ്രവൃത്തിയല്ല. ഉപവാസം അനുഷ്ഠിക്കുന്നയാൾ സ്വാർഥത, വിദ്വേഷം, വിശ്വാസമില്ലായ്മ, ക്ഷമയില്ലായ്മ എന്നിവയിൽനിന്നു മോചിതനായിരിക്കണം. ഇത് പരിപൂർണമായ ശാന്തതയും വ്യക്തമായ ലക്ഷ്യബോധവും ആവശ്യപ്പെടുന്നുണ്ട്. അപാരമായ ശക്തിയുള്ള ഉപവാസം മതിയായ മുന്നൊരുക്കമില്ലാതെ ചെയ്താൽ അപകടത്തിനു സാധ്യതയുമുണ്ട്. സത്യവും അഹിംസവും ഉപവാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങളാണ്. സ്വാർത്ഥതാൽപ്പര്യങ്ങൾക്കായി ഉപവസിക്കുന്നതിനെ ഗാന്ധി ശക്തമായി എതിർത്തിരുന്നു.

## ആശ്രമവ്രതങ്ങൾ

നമുക്ക് അറിയാം

*ആശ്രമം*

ആശ്രമം എന്ന സംസ്കൃതപദത്തിനർഥം സന്ന്യാസം സ്വീകരിച്ചവരുടെ വാസസ്ഥലം എന്നാണ്. ഗാന്ധിയുടെ കാഴ്ചപ്പാടിൽ ഇത് പൊതുജീവിതം നയിക്കുന്ന ഒരു കൂട്ടം ആളുകളുടെ ഒരു കൂട്ടായ്മ എന്നാണ്. ഇവിടെ അധ്വാനം, സന്തോഷം, ദുഃഖം, പ്രാർഥന എല്ലാം കൂട്ടായ ഒരു പ്രവൃത്തിയാണ്. ആശ്രമവാസികളുടെ ദൈനംദിനജീവിതത്തിൽ മതപരവും ആത്മീയവുമായ മൂല്യങ്ങൾ പ്രാവർത്തികമാക്കുകയുണ്ടായി. സ്വഭാവശുദ്ധിക്കു ലളിതമായ ഏതാനും നിയമങ്ങളല്ലാതെ ആശ്രമത്തിലെ അന്തേവാസികൾക്കുമേൽ ഒരു തരത്തിലുമുള്ള മതപരമായ ആചാരങ്ങളിലുള്ള നിർബന്ധങ്ങളും ഉണ്ടായിരുന്നില്ല.

*എന്താണ് വ്രതം?*

വ്രതം ഒരു ദൃഢനിശ്ചയമാണ്. ഇത് പ്രലോഭനങ്ങളെ അതിജീവിക്കാൻ നമ്മെ സഹായിക്കുന്നു. ഇതില്ലാതെ ജീവിതത്തിൽ പുരോഗതി അസാധ്യമാണ്. സാർവത്രികമായി അംഗീകരിക്കപ്പെട്ട മൂല്യങ്ങൾക്കു വേണ്ടിയാണ് വ്രതങ്ങൾ അനുഷ്ഠിക്കേണ്ടത്. ഉദാഹരണം, പാപമോചനത്തിനുള്ള വ്രതങ്ങൾ. വ്രതങ്ങൾ അനുഷ്ഠിക്കുന്നത് ഒരാളുടെ നിസ്സഹായതയല്ല, വ്യക്തിയുടെ കരുത്തിനെയാണ് സൂചിപ്പിക്കുന്നത്.

ഒരു നല്ല സാമൂഹികജീവിതത്തിന് ജീവിതമൂല്യങ്ങൾ അത്യന്താപേക്ഷിതമാണ്. ഇത് ആത്മീയചിന്തയെ ശക്തിപ്പെടുത്തുന്നു. വ്രതാനുഷ്ഠാനങ്ങളോടെ ജീവിക്കുന്നത് ഈശ്വരസാക്ഷാൽക്കാരത്തിനുള്ള മാർഗമാണ്. ലൗകികതൃഷ്ണയെ അതിജീവിക്കുന്നതിൽ വ്രതങ്ങളുടെ പങ്ക് വളരെ വലുതാണ്. തന്റെ ആശ്രമത്തിലെ അന്തേവാസികളോടും അഭ്യുദയകാംക്ഷികളായ മറ്റു സുഹൃത്തുക്കളോടും ചർച്ചചെയ്ത ശേഷം ഗാന്ധി പതിനൊന്നു വ്രതങ്ങളാണ് നിർദേശിച്ചത്. അവ താഴെ പറയുന്നവയാണ്.

**1. സത്യം**

(ഈ അധ്യായത്തിൽത്തന്നെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്).

**2. അഹിംസ**

(ഈ അധ്യായത്തിൽത്തന്നെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്).

**3. ബ്രഹ്മചര്യ**

ബ്രഹ്മജ്ഞാനം കൈവരിക്കുന്നതിനുള്ള അറിവ് സ്വായത്തമാക്കലാണിത്. പഞ്ചേന്ദ്രിയങ്ങളെ നിയന്ത്രിച്ച് മനസ്സിന്റെ ഏകാഗ്രത നേടുന്നു. അമിതമായ ലൗകീകസുഖങ്ങളെ ഉപേക്ഷിച്ച് ശരീരം-മനസ്സ്-ആത്മാവ് എന്നിവയുടെ സന്തുലനം സാധ്യമാക്കുന്നു. ഇതു ജീവിതത്തോടുള്ള ആസക്തി ഇല്ലാതാക്കുകയും തന്റെ സേവനം മുഴുവൻ മനുഷ്യരാശിക്കും പ്രയോജനപ്പെടുത്തുന്നതിനായി ജീവിക്കുകയും ചെയ്യുന്നു.

**4. മോഷ്ടിക്കാതിരിക്കുക (അസ്തേയ)**

ഇത് കേവലം മറ്റുള്ളവരുടെ സ്വത്ത് അപഹരിക്കാതിരിക്കുക മാത്രമല്ല. നമുക്കാവശ്യമില്ലാത്ത യാതൊന്നും സ്വീകരിക്കാതിരിക്കുകകൂടിയാണ് എന്നു ഗാന്ധി പറയുന്നു. ഓരോരുത്തരും അവർക്കാവശ്യമുള്ളതു മാത്രം കൈവശം വയ്ക്കുകയും അധികമുള്ളത് മറ്റുള്ളവരെ സഹായിക്കാൻ ഉപയോഗിക്കുകയും ചെയ്യണം. ഇതിന് മനസ്സുള്ളയാൾ ലളിത ജീവിതം തിരഞ്ഞെടുക്കണം. ഈ കാഴ്ചപ്പാട് യാഥാർഥ്യമായാൽ ലോകത്ത് ദാരിദ്ര്യം എന്ന വിപത്ത് ഇല്ലാതാകും. ഇതിനുവേണ്ടി നമ്മുടെ ആഗ്രഹങ്ങളെ നിയന്ത്രിച്ച് സ്വേച്ഛയാൽ ഉപവാസമനുഷ്ഠിക്കുന്നതിനായി ഗാന്ധി ആഹ്വാനം ചെയ്തു.

**5. അപരിഗ്രഹ**

ഈ വ്രതം മോഷ്ടിക്കാതിരിക്കുക എന്ന വ്രതത്തിന്റെ ഒരു വിപുലീകരണമാണ്. സ്വകാര്യ സമ്പാദനത്തെ നിരാകരിക്കുന്നതിലേക്കും ലളിതജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയിലേക്കും വിരൽചൂണ്ടുന്നു. ആഗ്രഹങ്ങൾ ലഘൂകരിക്കുന്നതിലുപരി അവയെ ശുദ്ധീകരിക്കുക എന്ന ലക്ഷ്യമാണ് ഇതിൽ ഗാന്ധി കാണുന്നത്. നാം ഒന്നും സ്വീകരിക്കാതിരിക്കുന്നതുപോലെത്തന്നെ അത്യാവശ്യങ്ങൾ നേടാൻ ആവശ്യമായതിലധികം സ്വരൂപിക്കാനും പാടില്ല. അധികമായ ആഹാരം, വസ്ത്രം, ഗൃഹോപകരണങ്ങൾ എന്നിവ കരുതിവയ്ക്കുന്നത് ഈ തത്ത്വത്തിന്റെ ലംഘനമാണ്. ഇത് യാഥാർഥ്യമാവാൻ ജീവിതത്തെ ക്രിയാത്മകമായി ലളിതവൽക്കരിക്കണം.

**6. ആഹാരത്തിനായുള്ള അധ്വാനം**

ഈ വ്രതം അനുശാസിക്കുന്നത് ആരോഗ്യമുള്ള ഏതൊരാളും ഭക്ഷണത്തിനുള്ള വക കണ്ടെത്താൻ ആവശ്യമായ ശാരീരികാധ്വാനം ചെയ്തിരിക്കണം എന്നാണ്. ബൗദ്ധികവും കലാപരവും മറ്റു കഴിവുകളുമുള്ള ആളുകൾ അതു സമൂഹനന്മയ്ക്ക് പ്രയോജനപ്പെടുത്തണം. ആഹാരത്തിനായി എല്ലാവരും പ്രവർത്തിക്കുക എന്നത് പ്രകൃതി നിയമമാണ്. അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ അധ്വാനിക്കാത്തവരെ മോഷ്ടാക്കളായി വേണം കണക്കാക്കാൻ. ചർക്കയിലെ നൂൽനൂൽപ്പ് ആശ്രമത്തിൽ പുനസ്ഥാപിക്കുക വഴി എല്ലാ അന്തേവാസികളും ആഹാരത്തിനായി അധ്വാനം ചെയ്യണമെന്നുള്ള സന്ദേശം പ്രാവർത്തികമാക്കുകയും ചെയ്തു. ചർക്കയിലുള്ള നൂൽനൂൽപ്പെന്ന കല ആശ്രമയജ്ഞത്തിന്റെ പ്രതീകമാണ്. ദിവസത്തിൽ ഒരു മണിക്കൂറെങ്കിലും അന്തേവാസികൾ ഇതു പ്രാവർത്തികമാക്കണമെന്ന നിർബന്ധം ഗാന്ധിജിക്കുണ്ടായിരുന്നു.

**7. അസ്വാദ (രസനയുടെ നിയന്ത്രണം)**

രസനയുടെ നിയന്ത്രണം ബ്രഹ്മചര്യാവ്രതത്തെ എളുപ്പമാക്കാൻ സഹായിക്കുന്നു. സ്വാദിനെ കീഴടക്കുക വഴി നമുക്ക് എല്ലാ ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കാൻ കഴിയുന്നു. ആഹാരം പരിമിതപ്പെടുത്തി ശരീരത്തിന്റെ നിലനിൽപ്പിനാവശ്യമായ ഭക്ഷണം മാത്രം കഴിക്കുകയും മറ്റുള്ളവരുടെ സേവനത്തിനായി ശരീരത്തെ പ്രയോജനപ്പെടുത്തുകയും വേണം. ഏതൊരാൾക്കും തന്റെ അത്യാഗ്രഹത്തെ നിയന്ത്രിക്കാൻ രസനയുടെ നിയന്ത്രണത്തിലൂടെ സാധ്യമാകും. ഒരുപക്ഷേ നമുക്ക് അനുഷ്ഠിക്കാവുന്നതിൽ വച്ച് ഏറ്റവും കഠിനമായ വ്രതവും ഇതായിരിക്കുമെന്ന് ഗാന്ധി കരുതുന്നു.



**നമുക്കു പരിശോധിക്കാം**

*ഈ കാലഘട്ടത്തിൽ നമ്മുടെ വ്യക്തിജീവിതത്തിൽ ഗാന്ധിയൻ തത്ത്വമായ ആഹാരത്തിനായുള്ള അധ്വാനം പ്രായോഗികമാക്കുന്നത് എങ്ങനെ?*

*സൂചന: സ്കൂൾ പരിസരം വൃത്തിയാക്കൽ, വീട്, പൂന്തോട്ടം .....*

### 8. നിർഭയത്വം (അഭയ)

ഇതുകൊണ്ട് അർഥമാക്കുന്നത് ബാഹ്യവും ആന്തരികവുമായ എല്ലാ ഭയങ്ങളിൽനിന്നുമുള്ള മുക്തി എന്നതാണ്. ശരീരത്തോടുള്ള അമിതമായ സ്നേഹത്തിൽനിന്നു മുക്തരാവുക വഴി നിർഭയത്വം സാധ്യമാകുന്നു. യഥാർഥത്തിൽ നമുക്ക് ആവശ്യമുള്ളത് 'ഈശ്വരഭയമാണ്' എന്ന ഗാന്ധി അടിവരയിട്ട് സമർഥിക്കുന്നു.




സത്യവും സ്നേഹവും സാധ്യമാകുന്നതിൽ നിന്ന് ഒരാളെ തടഞ്ഞു നിർത്തുന്നത് അയാളിലുള്ള ഭയം ഒന്നു മാത്രമാണ്. നിർഭയത്വവും ധ്യാനവും ഇന്ന് രാജ്യം നേരിടുന്ന ചകിതമായ അവസ്ഥയിൽ തികച്ചും പ്രസക്തമാണ്. പ്രത്യേകിച്ച് ഇത് സവിശേഷമായ വ്രതമായിത്തന്നെ അനുഷ്ഠിക്കാവുന്നതാണ്. സത്യാന്വേഷി എല്ലാതരം ഭയങ്ങളെയും ഇല്ലായ്മ ചെയ്യുകയും പ്രത്യേകിച്ച് ദാരിദ്ര്യം, മരണം എന്നീ അവസരകളെ ഒരിക്കലും ഭയപ്പെടുകയുമരുത്. ഭയത്തെ മനസ്സിൽനിന്ന് അകറ്റിയാൽ ഈശ്വരസാക്ഷാൽക്കാരം എളുപ്പമാകും. ഇത് തിന്മയെ വെറുക്കാൻ നമ്മെ പ്രാപ്തരാക്കും. ഈശ്വരഭയം ഒരു രക്ഷാകവചം പോലെ മനസ്സിനെ ചീത്ത ചിന്തകളിൽനിന്നു മുക്തമാക്കുകയും ഭയാതീതമായിത്തീർക്കുകയും ചെയ്യും.

### 9. സർവധർമ സമഭാവ

(മുൻപ് നൽകിയ വിശദീകരണം നോക്കുക).

### 10. സ്വദേശി

സ്വന്തം നാട്ടിലെ ഉൽപ്പന്നങ്ങളും സേവനങ്ങളും എല്ലാ വിഭാഗം ജനങ്ങളും പരമാവധി പ്രയോജനപ്പെടുത്തുക എന്നതാണ് 'സ്വദേശി' ഒരു വ്രതമെന്ന രീതിയിൽ ആഹ്വാനം ചെയ്യുന്നത്. ഇത് നമ്മുടെ അയൽക്കാരോടുള്ള സ്നേഹം ഒന്നു മാത്രമാണ്. 'സ്വദേശി' എന്ന വ്രതം അത്യന്താപേക്ഷിതവുമാണ്. കാരണം ഇത് നമ്മുടെ നിലനിൽപ്പിന്റെതന്നെ നിയമമായ 'അയൽബന്ധം' ഉപേക്ഷിച്ച് അത്യാവശ്യങ്ങൾ നിറവേറ്റാൻ അന്യദേശത്തുള്ളവരെ ആശ്രയിക്കുന്ന രീതിയോടുള്ള എതിർപ്പാണ്.' നമ്മുടെ ഏറ്റവും അടുത്ത ചുറ്റുപാടുകളിൽനിന്നു ലഭിക്കുന്ന സേവനങ്ങളും സാധനങ്ങളും ഉപയോഗിക്കാനുള്ള 'മനോഭാവത്തെ'യാണ് സ്വദേശി എന്നു പറയുന്നത്. വിദേശനിർമിത വസ്തുക്കളുടെ ബഹിഷ്കരണവും തദ്ദേശീയ ഉൽപ്പന്നങ്ങളുടെ ഉപയോഗവും സ്വദേശി എന്ന മനോഭാവത്തിന്റെ ബോധ്യപ്പെടലാണ്. ഇത് ഏതൊരാളുടെയും കടമയും കർത്തവ്യവുമാണ് എന്ന ഗാന്ധി കരുതുന്നു. യഥാർഥത്തിൽ ഈ മനോഭാവം നമ്മുടെ അയൽക്കാരന് മെച്ചപ്പെട്ട സേവനം നൽകുന്നതിനാവശ്യമായ സാഹചര്യം ഉണ്ടാക്കിക്കൊടുക്കൽകൂടിയാണ്. അതുവഴി അയൽക്കാരന്റെ തൊഴിലും നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികഭദ്രതയും ഉറപ്പാക്കാൻ

കഴിയുന്നു. സ്വദേശി പ്രാവർത്തികമാക്കുന്നതിലൂടെ ഇന്ത്യയിലെ ഓരോ ഗ്രാമവും സ്വാശ്രയത്വവും സ്വയംപര്യാപ്തതയും കൈവരിക്കും.

### 11. അയിത്തോച്ചാടനം

ഈ വ്രതം അനുശാസിക്കുന്നത് എല്ലാ മനുഷ്യരും തുല്യരാണ് എന്ന മഹത്തായ സന്ദേശമാണ്. ഒരാളെ തൊട്ടുകൂടാത്തവനായി കാണുന്നത് ഈശ്വരനോടും മനുഷ്യകുലത്തോടും ചെയ്യുന്ന മഹാ അപരാധമായി ഗാന്ധി കരുതുന്നു. ഹിന്ദുമതത്തിൽ നിലനിൽക്കുന്ന അയിത്തം എന്ന ആചാരം തികച്ചും അധാർമികവും മതവിരുദ്ധവുമാണ്. അതുകൊണ്ടു തന്നെ ഇത് ഉന്മൂലനം ചെയ്യുക എന്നത് സ്വതന്ത്രമായി നിറവേറ്റാവുന്ന ഒരു തത്ത്വവുമാണ്. അയിത്തജാതികളാക്കപ്പെട്ട ആളുകൾക്ക് തന്റെ ആശ്രമത്തിലെ മറ്റ് അന്തേവാസികൾക്കൊപ്പം തുല്യപരിഗണനയാണ് ഗാന്ധി നൽകിയത്. ഈ വ്രതം ലക്ഷ്യമാക്കുന്നത് ലോകത്തുള്ള മുഴുവൻ ആളുകൾക്കും സ്നേഹവും സേവനവും നൽകുകയാണ്. തന്റെ നിർമാണാത്മകപരിപാടിയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാനമാണ് അയിത്തോച്ചാടനത്തിന് ഗാന്ധി നൽകിയത്.

***ഞാൻ പുനർജന്മം ആഗ്രഹിക്കുന്നില്ല. എന്നാൽ ഇനിയും ഒരു ജന്മമുണ്ടെങ്കിൽ അത് ഒരു അയിത്തജാതിക്കാരനായി പിറക്കാനാണ് എന്റെ ആഗ്രഹം. കാരണം, എനിക്ക് അവരുടെ ദുഃഖത്തിൽ, യാതനകളിൽ, അവർ അനുഭവിക്കേണ്ടിവന്ന അധിക്ഷേപങ്ങളിൽ പങ്കുചേർന്ന് അവർക്കൊപ്പം നിന്ന് അവരെ മോചിപ്പിക്കുകയും ചെയ്യാം. അതുകൊണ്ട്, ഞാൻ പ്രാർഥിക്കുന്നത് ഇനി അടുത്ത ജന്മത്തിൽ ഒരിക്കലും ഒരു ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ആകാതിരിക്കാനും ശൂദ്രരിൽത്തന്നെ അതിശൂദ്രനായിത്തീരുവാനുമാണ്.***

*– മഹാത്മാഗാന്ധി*



**നമുക്കു പരിശോധിക്കാം**

*1 മുകളിൽ തന്നിട്ടുള്ള ആശ്രമവ്രതങ്ങളിൽ നിങ്ങൾ പ്രാവർത്തികമാക്കാൻ ആഗ്രഹിക്കുന്നത് ഏതാണ്? എങ്ങനെ?*

*2 ഗാന്ധി പറയുന്നു:"യാതൊന്നും പാഴാക്കരുത്'- ഭക്ഷണം, വെള്ളം, വസ്ത്രങ്ങൾ, ഒരു കടലാസുപോലും." ഇത് ഏത് ആശ്രമവ്രതവുമായി ബന്ധപ്പെട്ടിരിക്കുന്നു?*

*എന്തെല്ലാം വിഭവങ്ങളാണ് സാധാരണയായി സ്കൂളിലും വീട്ടിലും നമ്മൾ പാഴാക്കിക്കളയുന്നത്? ഈ വിഭവങ്ങൾ എങ്ങനെ മറ്റുള്ളവരെ സഹായിക്കുന്നതിന് വിനിയോഗിക്കാമെന്ന് നിർദേശിക്കുക.*

*സൂചന : പൊതുടാപ്പുകളിലെ വെള്ളം പാഴാക്കുന്നത്*

*– തുറന്നു കിടക്കുന്ന ടാപ്പ് അടയ്ക്കുക. ബോധവൽക്കരണക്ലാസ് സംഘടിപ്പിച്ചും ജലം അമൂല്യമാണെന്നുള്ള പ്ലക്കാർഡ് സ്ഥാപിച്ചും പ്രവർത്തിക്കാവുന്നതാണ്.*

–

–

## മഹാത്മാഗാന്ധി – ഒരു പ്രായോഗിക ആദർശവാദി

ഗാന്ധി തന്റെ ജീവിതത്തിൽ അഹിംസയെ ഉത്കൃഷ്ടമായ ഭാവത്തിൽ (ചിന്ത, വാക്ക്, പ്രവൃത്തി) അനുഷ്ഠിച്ചിരുന്നു. എല്ലാവരും ജീവിതത്തിന്റെ സമസ്തമേഖലയിലും പ്രാവർത്തികമാക്കേണ്ട ആത്മാവിന്റെ സവിശേഷമായ ഒരു ഗുണമാണ് അഹിംസ. ഇത് പഠിപ്പിക്കലല്ല, പ്രാവർത്തികമാക്കേണ്ടതാണ് എന്ന നിഷ്കർഷയാണ് അദ്ദേഹത്തെ പ്രായോഗിക ആദർശവാദി എന്ന പേരിന് അർഹനാക്കിയത്. അദ്ദേഹത്തിന്റെ മതപരമായ നിലപാടുകൾ യുക്തിസഹവും ധാർമികവുമായിരുന്നു. തന്റെ യുക്തിക്കും മനസ്സാക്ഷിക്കും നിരക്കാത്ത ഒരു വിശ്വാസവും സ്വീകരിക്കാൻ ഗാന്ധി തയാറായിരുന്നില്ല. സ്വയം ഒരു ദാർശനികനായല്ല പ്രായോഗിക ആദർശവാദിയായി മാത്രമാണ് വിശേഷിപ്പിക്കുന്നത്. അഹിംസയെ ജനകീയവൽക്കരിക്കുക വഴി തന്റേതായ ഒരിടം ഗാന്ധി കണ്ടെത്തി. അഹിംസയെ വ്യക്തിമൂല്യത്തിൽനിന്നു സാമൂഹികവും രാഷ്ട്രീയവുമായ മൂല്യമായി ഉയർത്തുകവഴി ഇതിന്റെ അപാരമായ ശക്തിയും ഗുണവും തന്റെ നിരന്തരമായ സത്യാന്വേഷണപരീക്ഷണങ്ങളിലൂടെ ലോകത്തിന് സമ്മാനിച്ചു. ഇന്നത്തെ ലോകസാഹചര്യത്തിൽ സത്യത്തിനും അഹിംസയ്ക്കും യാതൊരു പ്രസക്തിയുമില്ല എന്നു കരുതുന്ന ആളുകളുമുണ്ട്. എന്നാൽ ഇത് ആത്മ സാക്ഷാൽക്കാരത്തിനുള്ള മാർഗമായി സ്വീകരിച്ച ഗാന്ധി തന്റെ ദൈനംദിനജീവിതത്തിലെ എല്ലാ പ്രവൃത്തികളിലും സമ്പൂർണമാക്കുകയും ചെയ്തു. സത്യവും അഹിംസയും ഇനിയും നൂറ്റാണ്ടുകളോളം നമ്മെ മുന്നോട്ട് നയിക്കും എന്ന് ഗാന്ധി ഉറച്ചു വിശ്വസിച്ചിരുന്നു. ഗാന്ധിയുടെ ജീവിതവും തത്ത്വചിന്തയും പ്രസക്തമാവുന്നത് നമ്മുടെ ജീവിതം അർഥപൂർണമാക്കുവാൻ എത്രത്തോളം ഇത് സഹായകമാണ് എന്നു തിരിച്ചറിയുമ്പോഴാണ്.

## സംഗ്രഹം


- ഒരു വിമർശനാത്മക അന്വേഷണം എന്ന നിലയിൽ തത്ത്വചിന്ത തർക്കശാസ്ത്രവും യുക്തിയും ഉപയോഗിച്ച് ആശയങ്ങൾ വ്യക്തമാക്കുകയും,സന്ദേഹങ്ങൾ പരിഹരിക്കുകും മതിയായ വ്യതിരിക്തത ഉണ്ടാക്കുകയും അഭിപ്രായഭിന്നതകൾ പരിശോധിക്കുകയും ഒപ്പംതന്നെ സമഗ്രമായ ഒരു ലോകവീക്ഷണവും പ്രദാനം ചെയ്യുന്നു.
- ഇന്ത്യൻ തത്ത്വചിന്തയിൽ മത – ധാർമികബോധത്തിന്റെ സ്വാധീനം കാണാവുന്നതാണ്. എന്നാൽ ഇത് മതാധിഷ്ഠിതമല്ല, കാരണം ഇതിൽ സത്താശാസ്ത്രം, പ്രപഞ്ചശാസ്ത്രം, നീതിശാസ്ത്രം, സൗന്ദര്യശാസ്ത്രം, രാഷ്ട്രമീമാംസ, ഭാഷാശാസ്ത്രം എന്നിവ ഉൾപ്പെടുന്നു.
- ഗാന്ധിയൻ തത്ത്വചിന്തയെ സവിശേഷമാക്കുന്നത് അദ്ദേഹത്തിന്റെ കുടുംബപശ്ചാത്തലം, ജന്മസ്ഥലം, വിദ്യാഭ്യാസം, പാശ്ചാത്യ–പൗരസ്ത്യചിന്തകരും വ്യക്തികളുമായുള്ള ബന്ധം എന്നിവയുടെ സ്വാധീനങ്ങളാണ്.
- ഈശ്വരൻ സത്യമാണെന്ന കാഴ്ചപ്പാടിനു പകരം സത്യമാണ് ഈശ്വരൻ എന്ന വ്യാഖ്യാനവും നൽകി.
- സത്യം എന്ന വാക്ക് സത് എന്ന സംസ്കൃത പദത്തിൽ നിന്നാണ് രൂപംകൊണ്ടത്. നിലനിൽക്കുന്നത്, യാഥാർഥ്യം എന്നീ അർഥങ്ങൾ ഇതിനുണ്ട്. സത്യമൊഴികെ മറ്റൊന്നും നിലനിൽക്കില്ല.
- അഹിംസ ക്രിയാത്മക തലത്തിൽ സഹജീവിയോടുള്ള സ്നേഹവും സേവനവുമാണ്.
- സത്യം ലക്ഷ്യവും അഹിംസ അതിലേക്കുള്ള മാർഗവുമാണ്.
- സ്വതന്ത്രമായ ഇച്ഛാശക്തി മനുഷ്യന്റെ മാത്രം സവിശേഷതയാണ്.
- മനുഷ്യൻ ഈശ്വരന്റെ പ്രതിരൂപമാണ്. അതുകൊണ്ട് മനുഷ്യരാശിയുടെ അടിസ്ഥാനപരമായ ഐക്യത്തിൽ ഗാന്ധി വിശ്വസിച്ചു.
- എല്ലാ സംസ്കാരങ്ങളിലും മതങ്ങളെ കേന്ദ്രീകരിച്ചാണ് ഈശ്വര സാക്ഷാൽക്കാരത്തിനുള്ള മാർഗ്ഗം ചർച്ച ചെയ്യപ്പെടുന്നത്.
- ഗാന്ധി വിഭാവനം ചെയ്യുന്ന സാർവത്രിക മതം സത്യനിഷ്ഠയാണ്. നിസ്സഹായരായ മനുഷ്യർക്ക് സേവനം നൽകലുമാണ്. ഈ മതസങ്കൽപ്പം സാമൂഹികനീതിയെ അടിസ്ഥാനപ്പെടുത്തിയതും സാഹോദര്യം, സമാധാനം, സന്തോഷം എന്നിവയ്ക്കുവേണ്ടി നിലകൊള്ളുന്നതുമാണ്.
- എല്ലാ മതങ്ങളും അടിസ്ഥാനപരമായി തുല്യമാണ് എന്ന് ഗാന്ധി കരുതുന്നു. അതുകൊണ്ട് സർവധർമ സമഭാവമെന്ന ആശയം പ്രാവർത്തികമാക്കണമെന്ന് അദ്ദേഹം പറയുന്നു.
- മതം ദൈനംദിനജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിനു പ്രാർഥന, ഉപവാസം, ആശ്രമവ്രതങ്ങൾ എന്നിവ കൃത്യനിഷ്ഠയോടെ ഗാന്ധി പാലിച്ചിരുന്നു.
- മനുഷ്യസമൂഹത്തിന്റെ സമസ്തമേഖലയിലും ഗാന്ധിയുടെ ആശയങ്ങൾക്കു പ്രസക്തിയുണ്ട്. ഒരു പ്രായോഗിക ആദർശവാദിയായി ഗാന്ധി സ്വയം വിലയിരുത്തുന്നു.

## എനിക്കു കഴിയും

- തത്ത്വചിന്തയുടെ അർഥം എന്തെന്ന് തിരിച്ചറിയുക.
- ഇന്ത്യയിൽ എപ്രകാരമാണ് തത്ത്വചിന്തയുടെ പ്രവർത്തനം എന്നു വിശകലനം ചെയ്യുക.
- ഗാന്ധിയൻ തത്ത്വചിന്ത വിശകലനം ചെയ്യുക.
- ഗാന്ധിയൻ തത്ത്വചിന്തയിലെ അടിസ്ഥാനാശയങ്ങൾ വിശദമാക്കുക.
- സത്യമാണ് ഈശ്വരൻ എന്ന ഗാന്ധിയൻ കാഴ്ചപ്പാട് വിലയിരുത്തുക.
- പരമമായ സത്യവും ആപേക്ഷികസത്യവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.
- അഹിംസയെ ധീരതയുടെ, വൈരുധ്യത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.
- ലക്ഷ്യവും മാർഗവും എന്ന ഗാന്ധിയൻ ആശയം വിലയിരുത്തുക.
- മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള ഗാന്ധിയുടെ കാഴ്ചപ്പാട് വിലയിരുത്തുക.
- ഗാന്ധിയുടെ മതസങ്കൽപ്പം വിശകലനം ചെയ്യുക.
- മതം പ്രാവർത്തികമാക്കാൻ ഗാന്ധി നിർദേശിക്കുന്ന മാർഗങ്ങൾ തിരിച്ചറിഞ്ഞ് അതിന്റെ പ്രസക്തി വിലയിരുത്തുക.
- ഗാന്ധിയൻ തത്ത്വചിന്തയിലെ ആശയങ്ങൾക്ക് ദൈനംദിന ജീവിതത്തിലുള്ള പ്രായോഗികത അദ്ദേഹത്തിന്റെ ജീവിതപരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഇന്ത്യൻ തത്ത്വചിന്താ കാഴ്ചപ്പാടുകളുടെ അതുല്യമായ പ്രതിഫലനമായാണ് ഗാന്ധിയൻ ആശയങ്ങൾ അറിയപ്പെടുന്നത് - പരിശോധിക്കുക.
2. ഗാന്ധിയൻ തത്ത്വചിന്തയുടെ അടിസ്ഥാനാശയങ്ങൾ വിശദമാക്കുന്ന കുറിപ്പ് തയാറാക്കുക.
3. ഗാന്ധിയുടെ കാഴ്ചപ്പാടിൽ സത്യമാണ് ഈശ്വരൻ. വിലയിരുത്തുക.
4. പരമമായ സത്യവും ആപേക്ഷികസത്യവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുക.
5. അഹിംസയെ വ്യക്തിപരമായ മൂല്യം എന്നതുപോലെ സാമൂഹികമൂല്യം കൂടിയായി ഗാന്ധി കരുതുന്നു. ചർച്ചചെയ്യുക.
6. അഹിംസയുടെ വിവിധ രൂപങ്ങളുടെ ഒരു ചാർട്ട് തയാറാക്കുക.
7. ലക്ഷ്യവും മാർഗവും എന്ന ഗാന്ധിയൻ കാഴ്ചപ്പാട് വിശകലനം ചെയ്യുക.
8. ലക്ഷ്യം മാർഗത്തെ സാധൂകരിക്കുന്നു, മാർഗം ലക്ഷ്യമായി പരിണമിക്കുന്നു. ഇതിൽ ഏതു നിലപാടാണ് നിങ്ങൾക്ക് സ്വീകാര്യം? എന്തുകൊണ്ട്?
9. മനുഷ്യപ്രകൃതിയെക്കുറിച്ചുള്ള ഗാന്ധിയുടെ കാഴ്ചപ്പാട് വിശദമാക്കുക.
10. മതസഹിഷ്ണുതയില്ലായ്മയ്ക്ക് ഏകപരിഹാരം സർവധർമ സമഭാവ എന്ന കാഴ്ചപ്പാടാണ്. ഈ പ്രസ്താവന പരിശോധിക്കുക.
11. മതം പ്രാവർത്തികമാക്കുന്നതിനായി ഗാന്ധി മുന്നോട്ടുവയ്ക്കുന്ന മാർഗങ്ങൾ വിശദമാക്കുക.
12. നമ്മുടെ ദൈനംദിനജീവിതത്തിൽ ഏതളവുവരെ ഗാന്ധിയൻ ആദർശങ്ങൾ പ്രാവർത്തികമാക്കാനാവും എന്നത് അദ്ദേഹത്തിന്റെ പരീക്ഷണങ്ങളുടെയും പ്രവൃത്തികളുടെയും അടിസ്ഥാനത്തിൽ വിമർശനാത്മകമായി വിലയിരുത്തുക.



# 6

# സത്യാഗ്രഹത്തിന്റെ പ്രയോഗം

W5J5P4

## പ്രധാനാശയങ്ങൾ

- സ്വാധീനങ്ങൾ
- സത്യാഗ്രഹത്തിന്റെ ലക്ഷ്യങ്ങൾ
- അടിസ്ഥാനതത്ത്വങ്ങൾ
- ലക്ഷ്യത്തിന്റെയും മാർഗത്തിന്റെയും പരിശുദ്ധി
- സത്യാഗ്രഹത്തിന്റെ അടിസ്ഥാനഘടകങ്ങൾ
- സത്യാഗ്രഹത്തിന്റെ നിയമങ്ങൾ
- സത്യാഗ്രഹിക്കുവേണ്ട യോഗ്യതകൾ
- പെരുമാറ്റച്ചട്ടങ്ങൾ
- സത്യാഗ്രഹത്തിന്റെ പ്രധാന രൂപങ്ങൾ
- പാസീവ് റെസിസ്റ്റൻസ്
- സത്യാഗ്രഹത്തിന്റെ പ്രസക്തി
- അഹിംസാത്മക പ്രത്യക്ഷനടപടി

ഗാന്ധിജി ലോകത്തിനു സമ്മാനിച്ച ശക്തവും വിപ്ലവാത്മകവുമായ സമരരൂപമാണ് സത്യാഗ്രഹം. ഇത് ഒരു അഹിംസാത്മകതന്ത്രമെന്ന നിലയിലാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധി ഉപയോഗിച്ചത്. സത്യാഗ്രഹത്തെ അനീതിക്കും അഴിമതിക്കുമെതിരായ ഒരു വ്യക്തിയുടെ ജന്മാവകാശവും വിശുദ്ധമായ കർത്തവ്യവുമായി ഗാന്ധി കണക്കാക്കുന്നു. സത്യം ആത്മാവിന്റെ സത്തയാകയാൽ, കറകളഞ്ഞ ആത്മശക്തിയാണ് സത്യാഗ്രഹം. ആത്മാഭിമാനത്തെ അപഹസിക്കുന്ന എന്തിനു നേരെയും സത്യാഗ്രഹം നടത്താൻ നാം ബാധ്യസ്ഥരുമാണ്.

ഈ സമരരൂപത്തിന് അണുബോംബിനേക്കാൾ ശക്തിയുണ്ട്. ഏതു സാഹചര്യത്തിലും ഏതു ദേശത്തും ഏതു കാലത്തും ഇതിന്റെ രീതി ഒന്നു തന്നെയാണ്. കാരണം സത്യം എക്കാലത്തേക്കുമുള്ളതാണ്. ഹിംസയ്ക്കെതിരെ അഹിംസ എന്നത് സത്യാഗ്രഹത്തെ പരിഷ്കൃതവും വിപ്ലവാത്മകവുമാക്കുന്നു. ദക്ഷിണാഫ്രിക്കയിലെ ഏഷ്യാറ്റിക് രജിസ്ട്രേഷൻ ആക്ടിനെതിരെ തുടങ്ങിയ ഈ സമരരൂപത്തിന് ചമ്പാരൻ സത്യാഗ്രഹത്തോടെ ഒരു സാർവത്രികത കൈവന്നു. സത്യാഗ്രഹസമരം ഗാന്ധിയുടെ നിരന്തരമായ സത്യാന്വേഷണങ്ങളുടെ പരിണതഫലമാണ്.

### ഗാന്ധിയെ സ്വാധീനിച്ച ഘടകങ്ങൾ

സത്യാഗ്രഹസമരമെന്ന ആശയരൂപീകരണത്തിൽ പുരാണങ്ങളിലെ പുരുഷൻമാർക്കു പുറമെ നിരവധി പ്രമുഖ വ്യക്തികളും കാരണമായി എന്നത് വളരെ

പ്രധാനപ്പെട്ടതാണ്. ഇതിൽ ഹെൻറി ഡേവിഡ് തോറോയുടെ 'നിയമലംഘനം' എന്ന ഉപന്യാസം ഒരു 'സമാധാനപൂർണമായ ചെറുത്തുനിൽപ്പ്' എന്ന ആശയത്തിന് അടിത്തറയിട്ടു. ഇതിന്റെ ശക്തിയും മൂല്യവും തിരിച്ചറിയാൻ തോറോയുടെ ഉപന്യാസം (On Civil Disobedience) സഹായകമായി എന്നു ഗാന്ധി തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. നിയമലംഘനത്തിൽ സത്യഗ്രഹി നിയമവ്യവസ്ഥയോടുള്ള ആദരവു നിലനിർത്തിക്കൊണ്ടു തന്നെ ഒരു പ്രത്യേക നിയമത്തെ അനുസരിക്കാതിരിക്കുന്നു. യഥാർഥത്തിൽ ബൈബിളിലെ 'പുതിയനിയമ' മാണ് സഹനസമരത്തിന്റെ നന്മയും മൂല്യവും തിരിച്ചറിയാൻ കാരണമായത് എന്നു ഗാന്ധി പറയുന്നു. ഈ ആശയം ആഴത്തിൽ മനസ്സിൽ പതിയുന്നതിന് ഭഗവത്ഗീതയും പൂർണത കൈവരിക്കുന്നതിൽ ടോൾസ്റ്റോയ് എഴുതിയ' ദൈവരാജ്യം നിന്റെയുള്ളിൽത്തന്നെയാണ്'(Kingdom of God is within you) എന്ന കൃതിയും സഹായകമായി. സത്യഗ്രഹത്തിന്റെ ശക്തി ബോധ്യപ്പെടുന്നതിൽ കസ്തൂർബയുടെ സ്വാധീനവും പ്രധാനപ്പെട്ടതാണ്. ഗാന്ധി പറയുന്നു: "അഹിംസയുടെ പാഠം ഞാൻ പഠിച്ചത് എന്റെ ജീവിത പങ്കാളിയിൽ നിന്നാണ്. എന്റെ ഇച്ഛയ്ക്ക് അവളെ കീഴ്പ്പെടുത്തുവാൻ ഞാൻ ശ്രമിച്ചു, ഒരുവശത്ത് എന്റെ ഇച്ഛയോടുള്ള കടുത്ത എതിർപ്പും ഒപ്പം തന്നെ എന്റെ മടയത്തരം മൂലം ഉണ്ടായ കഷ്ടപ്പാടുകൾ അനുഭവിക്കുവാനുള്ള സന്നദ്ധത മറുവശത്തും. അവസാനം എന്റെ മടയത്തരം ഓർത്ത് ഞാൻ സ്വയം ലജ്ജിക്കുകയും തിരുത്തുകയും ചെയ്തു." യഥാർഥത്തിൽ ദക്ഷിണാഫ്രിക്കയിലെ എന്റെ സത്യഗ്രഹസമരം കസ്തൂർബ ജീവിതത്തിൽ പ്രായോഗികമാക്കിയ തത്ത്വങ്ങളുടെ ഒരു വിപുലീകരണമായിരുന്നു' എന്നു ഗാന്ധി പറയുന്നു.

നമുക്ക് അറിയാം

### ഹെൻറി ഡേവിഡ് തോറോ



1846-ൽ തിരഞ്ഞെടുപ്പുനികുതി അടയ്ക്കാത്തതിന്റെ പേരിൽ തോറോയെ അറസ്റ്റ് ചെയ്ത് ഒരുരാത്രി ജയിലിലടച്ചു. ഈ രീതിയിലാണ് അടിമത്തത്തിനും മെക്സിക്കൻ യുദ്ധത്തിനുമെതിരായി തോറോ പ്രതികരിച്ചത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മെക്സിക്കൻ യുദ്ധം അടിമത്തത്തിന്റെ അതിർത്തി വിപുലീകരിക്കാൻ വേണ്ടിയായിരുന്നു. 'ഏതൊരു നിയമമാണോ നിങ്ങളെക്കൂടി അനീതിയുടെ ഏജന്റായി പ്രവർത്തിക്കാൻ നിർബന്ധിതനാക്കുന്നത്, ആ നിയമം ലംഘിക്കുകതന്നെ വേണം' എന്ന് തോറോ പറയുന്നു.

### സത്യഗ്രഹത്തിന്റെ ലക്ഷ്യം

എതിരാളിയെ തന്റെ തെറ്റിൽനിന്നു സ്നേഹം, ക്ഷമ, സഹനം എന്നിവയിലൂടെ പിന്തിരിപ്പിക്കുക എന്നതാണ് സത്യഗ്രഹത്തിന്റെ ലക്ഷ്യം. എതിരാളിയുടെ നാശമോ പരാജയമോ ശിക്ഷയോ ഇതിന്റെ ലക്ഷ്യമല്ല. എതിരാളിയെ ഉപദ്രവിക്കാനോ അമ്പരപ്പിക്കാനോ അർഥമാക്കുന്നില്ല. മറിച്ച്, ഒരു മനുഷ്യനായി അംഗീകരിക്കുകയും തന്റെ നല്ല പ്രവൃത്തികൊണ്ട് എതിരാളിയെ മനോപരിവർത്തനത്തിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു. പരിവർത്തനത്തിലൂടെ എതിരാളി തന്റെ തെറ്റുകൾ തിരിച്ചറിഞ്ഞു പശ്ചാത്തപിക്കുകയും

സമാധാനപരമായ വിട്ടുവീഴ്ചയിലൂടെ പ്രശ്നപരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുന്നു. 1940 -ൽ ഗാന്ധി ഇങ്ങനെ എഴുതി: 'അക്രമരഹിതമായ യുദ്ധം എപ്പോഴും പര്യവസാനിക്കുന്നത് ഉഭയസമ്മതപ്രകാരമുള്ള ഒത്തുതീർപ്പിലാണ്, ഒരിക്കലും ഒരു ഏകപക്ഷീയമായ വിജയമല്ല. എതിരാളിക്ക് അൽപ്പം പോലും അപമാനം ഉണ്ടാകുന്നുമില്ല'. സത്യഗ്രഹം ഇരുവരുടെയും വിജയത്തിനുവേണ്ടിയുള്ള ഒരു പോരാട്ടമാണ്. സത്യഗ്രഹത്തിന്റെ ലക്ഷ്യം അതിന്റെ രീതിയെയും സൂചിപ്പിക്കുന്നു. സത്യഗ്രഹത്തിൽ ശത്രുവിനെതിരായ എല്ലാ ദ്രോഹവൃത്തികളും (ചിന്തയിലും വാക്കിലും പ്രവൃത്തിയിലും) ഒഴിവാക്കപ്പെടുന്നതാണ്. തിന്മയെ നന്മകൊണ്ടും വിദ്വേഷത്തെ സ്നേഹം കൊണ്ടും അസത്യത്തെ സത്യം കൊണ്ടും ഹിംസയെ അഹിംസകൊണ്ടും മറികടക്കാനാണ് സത്യഗ്രഹം നമ്മെ പഠിപ്പിക്കുന്നത്. എതിരാളിയെ തന്റെ കുടുംബാംഗമായി കാണാനും തെറ്റു ചെയ്യുന്ന സ്വന്തം കുടുംബത്തിലെ ഒരംഗത്തോട് പ്രയോഗിക്കുന്ന അതേ നിലപാടു തന്നെയാണ് എതിരാളിയുടെ തെറ്റിനോടും പുലർത്തേണ്ടതെന്നും ഗാന്ധി പറയുന്നു.



നമുക്ക് അറിയാം

*സത്യഗ്രഹമെന്നത് പരിശുദ്ധമായ ആത്മത്യാഗവും ഉത്കൃഷ്ടമായ വിനയവും അങ്ങേയറ്റ ക്ഷമാശീലവും ദീപ്തമായ വിശ്വാസവുമാണ്. അതുതന്നെയാണതിന്റെ പ്രതിഫലവും. (യങ് ഇന്ത്യ)*

*സൗമ്യമാണ് സത്യഗ്രഹം, ആരെയും നോവിക്കാനല്ല. കോപത്തിന്റെയോ വെറുപ്പിന്റെയോ പ്രകടനമാവരുത് അത്. ശങ്കയ്ക്കും അക്ഷമയ്ക്കും അധിക്ഷേപത്തിനും അതിൽ സ്ഥാനമില്ല. സ്വയം സ്വീകൃതമാണത്. പൂർണമായും അക്രമത്തിന് അത് പകരം നിൽക്കുന്നു. (ഹരിജൻ)*

### സത്യഗ്രഹത്തിന്റെ പരിവർത്തനശേഷി: ശക്തിയും ഉഭയസമ്മതവും

സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ അടിച്ചമർത്തലുകളും വിധേയരാകുന്ന ആളുകളുടെ സമ്മതത്തോടെയാണെന്നും ഈ സമ്മതം പിൻവലിക്കുന്ന മാത്രയിൽ ചൂഷണവ്യവസ്ഥ തന്നെ ഇല്ലാതാകുമെന്നും ഗാന്ധി വിശ്വസിച്ചു. ബ്രിട്ടിഷുകാർക്ക് നാം നികുതി നൽകുകയും അവർക്ക് വേണ്ടി നികുതി പിരിക്കാൻ സഹകരിക്കുകയും ചെയ്തതുകൊണ്ടാണ് ഇന്ത്യയിൽ കോളനിഭരണം സ്ഥാപിതമായത്. കൂടാതെ അവരുടെ സൈന്യം, കോടതി, ഭരണം എന്നിവയിലും നമുക്കു പങ്കാളിത്തമുണ്ടായിരുന്നു. ഈ പ്രവർത്തനങ്ങളിൽ തുടരാൻ വിസമ്മതിച്ചതോടെ കോളനിവാഴ്ചയുടെ തകർച്ചയ്ക്കു തുടക്കമായി. ജനങ്ങൾ നികുതിയടയ്ക്കാൻ വിസമ്മതിക്കുകയും നിയമലംഘനത്തിന് തയാറാവുകയും ചെയ്തതോടെ കോളനിഭരണത്തിന്റെ അടിത്തറതന്നെ ഇളകി. നിസ്സഹകരണത്തിലൂടെ ജനങ്ങളിൽ നിക്ഷിപ്തമായ ശക്തി വിനിയോഗിക്കാനും അതുവഴി ബ്രിട്ടിഷ് ഭരണസംവിധാനത്തെ മുട്ടുകുത്തിക്കാനും സാധിച്ചു.

സത്യഗ്രഹത്തിന്റെ ലക്ഷ്യം നേടിയെടുക്കാൻ ഗാന്ധി ചില അടിസ്ഥാനതത്ത്വങ്ങൾ നിർദേശിക്കുന്നു.

#### അടിസ്ഥാനതത്ത്വങ്ങൾ

സത്യഗ്രഹസമരത്തിൽ ഒരാൾ എല്ലാ നന്മകളോടും സഹകരിക്കുകയും എല്ലാ തിന്മകളെയും എതിർക്കുകയും ചെയ്യുന്നു. സത്യഗ്രഹത്തിൽ മറ്റുള്ളവരോടുള്ള വെറുപ്പിന്

സ്ഥാനമില്ല. ഇതിന്റെ പുരോഗതി ക്രിയാത്മകമായ സ്നേഹം അടിസ്ഥാനപ്പെടുത്തിയാണ്. ഒരുവന് തന്റെ സുഹൃത്തിനെ സ്നേഹിക്കുക എളുപ്പമാണ്. എന്നാൽ എതിരാളിയെ സ്നേഹിക്കാൻ 'ജീവന്റെ ഏകത്വമെന്ന ആഴത്തിലുള്ള തിരിച്ചറിവ് കൂടിയേ തീരൂ. സത്യസന്ധനായ ഒരാൾക്ക് പരിശുദ്ധമായ ആത്മസഹനത്തിലൂടെ അതിക്രൂരനായ എതിരാളിയിൽ പോലും നന്മയെന്ന അടിസ്ഥാനഗുണം ഉണർത്താനാകുമെന്നതാണ് സത്യഗ്രഹത്തിന്റെ മനശ്ശാസ്ത്രപരമായ നിഗമനം.



നമുക്ക് അറിയാം

*ഇന്ന് ഞാനറിയുന്നു, സത്യഗ്രഹത്തിന്റെ സത്യങ്ങൾ ക്രമേണയുള്ള ഒരു പരിണാമത്തിന്റെ ഫലമാണ്. സത്യത്തിൽ അടിയുറച്ചതാണ്, അതിനാൽ സത്യപ്രയോഗമെന്ന് അതിനെ വിളിക്കാം. സ്നേഹശക്തി എന്നും ആത്മശക്തി എന്നും ഞാനതിനെ വിളിച്ചിരുന്നു. സത്യഗ്രഹത്തിന്റെ പ്രയോഗത്തിൽ അക്രമത്തിന് സ്ഥാനമില്ല. എതിരാളിയെ ക്ഷമയോടും സഹാനുഭൂതിയോടും കൂടിയാണ് വീക്ഷിക്കുക. കാരണം, ഒരാൾക്ക് സത്യമെന്നത് മറ്റൊരാൾക്കു തെറ്റായി തോന്നാം. അതിനാൽ എതിരാളിയെ ദ്രോഹിക്കുക എന്നതല്ല, സ്വയം പീഡനങ്ങൾ ഏറ്റുവാങ്ങുക എന്നതാണ് സത്യഗ്രഹപ്രയോഗം കൊണ്ട് ഞാനർഥമാക്കുന്നത്.*

*- ഗാന്ധി - യങ് ഇന്ത്യ*

### ലക്ഷ്യത്തിന്റെയും മാർഗത്തിന്റെയും പരിശുദ്ധി

ലക്ഷ്യവും മാർഗവും വ്യത്യസ്തമാണെന്ന നിലപാടിനെ നിരാകരിക്കുന്നതോടൊപ്പം സത്യഗ്രഹസമരത്തിൽ ലക്ഷ്യവും മാർഗവും ഒരുപോലെ പരിശുദ്ധമായിരിക്കണമെന്നും ഗാന്ധി നിഷ്കർഷിക്കുന്നു. ലക്ഷ്യത്തേക്കാൾ മാർഗത്തെയാണ് ധാർമികതയുടെ അടിസ്ഥാനമായി സ്ഥാപിക്കാൻ ഗാന്ധി ശ്രമിക്കുന്നത്. ലക്ഷ്യം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടെങ്കിലും അതിന്മേലുള്ള നമ്മുടെ നിയന്ത്രണം പരിമിതമാണ്. അതായത് നമ്മുടെ ലക്ഷ്യസ്ഥാനത്ത് നമ്മൾ എത്തിച്ചേരുമോ എന്നത് മുൻകൂട്ടി അറിയുക അസാധ്യമാണ്. എന്നാൽ ലക്ഷ്യത്തിൽ എത്തിച്ചേരാനുള്ള മാർഗം പൂർണമായും നമ്മുടെ നിയന്ത്രണത്തിലാണ്. അതുകൊണ്ടുതന്നെ സത്യഗ്രഹത്തിൽ ലക്ഷ്യത്തിലേക്കുള്ള പുരോഗതി സത്യഗ്രഹി സ്വീകരിക്കുന്ന മാർഗത്തിന്റെ പരിശുദ്ധിയുടെ നേർ അനുപാതത്തിലായിരിക്കുമെന്നും ഗാന്ധി കരുതുന്നു.

### സത്യഗ്രഹത്തിന്റെ അടിസ്ഥാനഘടകങ്ങൾ

സത്യം, അഹിംസ, സ്വയംസഹനം എന്നിവയാണ് സത്യഗ്രഹത്തിന്റെ അടിസ്ഥാനഘടകങ്ങൾ. സത്യഗ്രഹത്തിൽ ഈ മൂന്നു ഘടകങ്ങളും ഒന്നിനോടൊന്നു ചേർന്നു സമഗ്രത കൈവരിക്കുന്നു. ഏതെങ്കിലും ഒരു പ്രവൃത്തി അക്രമരഹിതമാണ് എന്നതുകൊണ്ടു മാത്രം അത് സത്യഗ്രഹമാകുന്നില്ല. ഈ മൂന്നു ഘടകങ്ങളിൽ ഏതെങ്കിലുമൊന്നിന്റെ അഭാവം സത്യഗ്രഹത്തെ തന്നെ സാരമായി ബാധിക്കും. ഇവ ഓരോന്നും വിശദമായി പരിശോധിക്കാം.

#### 1. സത്യം

സത്യസാക്ഷാൽക്കാരമാണ് സത്യഗ്രഹിയുടെ പരമമായ ലക്ഷ്യം, അതിലേക്കുള്ള ഏക മാർഗ്ഗം അഹിംസയുമാണ്. സത്യഗ്രഹസമരം തുടങ്ങുന്നതിന മുന്നോടിയായി മനസ്സിലു

ളള എല്ലാ മുൻവിധികളും സ്വാർഥതയും ശുദ്ധീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കാരണം, സ്വയം ശുദ്ധീകരണം സത്യത്തെ പൂർണമായി ഉൾക്കൊള്ളുവാൻ നമ്മെ സഹായിക്കുന്നു. ഒരാൾക്ക് എത്രകണ്ട് തന്നോടുതന്നെ സത്യസന്ധത പുലർത്താൻ കഴിയാതിരിക്കുന്നുവോ, അയാൾക്ക് സത്യം അപ്രാപ്യമാവുകയും ചെയ്യും. നമ്മുടെ ലക്ഷ്യം സത്യത്തെ പൂർണമായും അറിയുക എന്നതാണ്, എന്നാൽ ഈ നശ്വരമായ ജീവിതം പരിമിതിയോടുകൂടിയതാണ് എങ്കിലും ആകുന്ന എല്ലാ ശ്രമങ്ങളും നടത്തണം. ഗാന്ധി തന്റെ ജീവിതപരീക്ഷണങ്ങളിലൂടെ സത്യഗ്രഹത്തെ ഒരു ശാസ്ത്രവും കലയുമായി രൂപപ്പെടുത്തിയപ്പോൾ 'സത്യം' ദൈവത്തേക്കാൾ സമഗ്രവും പ്രസക്തവുമായ അർഥത്തിലേക്ക് ഉയർത്തപ്പെട്ടു. അതിനാൽ ദൈവത്തെ നിഷേധിക്കുന്നവർക്കു പോലും സത്യത്തെ നിഷേധിക്കാനാകില്ല. അഥവാ സത്യത്തെ നിഷേധിക്കുന്നതു സ്വയം നിഷേധിക്കുന്നതിനു തുല്യമാണ്.

## 2. അഹിംസ

ഗാന്ധിയുടെ കാഴ്ചപ്പാടിൽ അഹിംസ എന്നത് കൊല്ലാതിരിക്കുക, മുറിവേൽപ്പിക്കാതിരിക്കുക എന്നതിനപ്പുറം പരിശുദ്ധമായ സ്നേഹം എന്ന ഉന്നതമായ മൂല്യബോധമാണ്. ഇത് സൂചിപ്പിക്കുന്നത് പ്രപഞ്ചത്തിലെ മുഴുവൻ ചരാചരങ്ങളോടും (ജീവന്റെ ഏറ്റവും നിസ്സാരമായ അവസ്ഥയോടുപോലും) പുലർത്തുന്ന ഉത്കൃഷ്ടമായ സ്നേഹത്തെയാണ്. അഹിംസ നിഷേധാത്മകമല്ല. മറിച്ച് തിന്മ ചെയ്യുന്നവരോടുപോലും നന്മ ചെയ്യാനുള്ള ക്രിയാത്മകമായ ശേഷിയാണ്. യഥാർഥ പുരോഗതിയും സന്തോഷവും സാധ്യമാക്കുന്നത് സ്നേഹമെന്ന ക്രിയാത്മകശക്തി മാത്രമാണ്. അതായത് എല്ലാം സ്നേഹത്തിൽ അധിഷ്ഠിതമാണ്.

## 3. സ്വയംസഹനം

ഇത് സത്യഗ്രഹത്തിന്റെ ഒഴിച്ചുകൂടാനാകാത്ത ഒരു ഭാഗമാണ്. തിന്മ പ്രവർത്തിക്കുന്നവരോടുപോലും നന്മ പ്രവർത്തിക്കുക എന്നതാണ് ഒരു സത്യഗ്രഹിയുടെ ധർമം. എതിരാളിയെ വേദനിപ്പിക്കുകയോ വിഷമിപ്പിക്കുകയോ ചെയ്യാതെ സ്വയം വേദനയും ദുഃഖവും ഏറ്റുവാങ്ങുന്നതിലൂടെ അയാളുടെ സഹാനുഭൂതിക്ക് പാത്രമാകുന്നു. പൊതുനന്മയ്ക്കായുള്ള ഈ ത്യാഗം ഗുണകരമായ മാറ്റങ്ങൾക്കു കാരണമാകും. സ്വയംസഹനത്തിന് സന്നദ്ധനല്ലാത്ത ഒരാൾക്ക് സത്യഗ്രഹം വിജയിപ്പിക്കാൻ കഴിയുകയില്ല. 'യങ് ഇന്ത്യ'യിൽ ഗാന്ധി ഇപ്രകാരം പറയുന്നു:


"സത്യം ഊട്ടിയുറപ്പിക്കലാണ് സത്യഗ്രഹം. മിത്രമെന്നോ രാജാവെന്നോ സാധാരണക്കാരനെന്നോ ഉള്ള വ്യത്യാസമില്ല. ശാരീരികശക്തിയല്ല ഇത്, ഇവിടെ അക്രമത്തിന് സ്ഥാനവുമില്ല. സാർവലൗകികമായി പ്രയോഗിക്കാവുന്ന ഒരേയൊരു ശക്തിയേ ഉള്ളൂ- അഹിംസ അഥവാ പരിശുദ്ധമായ പ്രേമം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആത്മശക്തിയാണിത്. സ്നേഹം മറ്റുള്ളവരെ ദഹിപ്പിക്കുന്നില്ല. അത് സ്വയം ദഹിക്കുന്നു. അതിനാൽ ഒരു സത്യഗ്രഹി ജീവിതാവസാനം വരെ പീഡനം സ്വയം സഹിക്കാൻ തയാറാവുന്നു."

### നമുക്കു ചെയ്യാം

*ഒരു ഫാക്ടറിയിലെ ഏതാനും തൊഴിലാളികൾ വേതനവർധനവിനുവേണ്ടി സത്യഗ്രഹസമരം നടത്തുന്നു. ഫാക്ടറി കവാടത്തിൽ നിരന്നുകിടന്ന് തങ്ങളുടെ ശരീരത്തിൽ ചവിട്ടിയല്ലാതെ നിങ്ങൾക്ക് ഫാക്ടറിയിൽ പ്രവേശിക്കാനാകില്ല എന്ന മുദ്രാവാക്യവും ഉയർത്തുന്നു. ഇതേ സമയം സമരനേതാവ് താനൊരു ദിവസം നിരാഹാരം കിടക്കുന്നതായും പ്രഖ്യാപിക്കുന്നു. ഇതിൽ സത്യഗ്രഹത്തിന്റെ ഏതെല്ലാം തത്ത്വങ്ങളാണ് ഉപയോഗിച്ചിട്ടുള്ളതെന്നു കണ്ടെത്തി അത് വിശദമാക്കുന്ന ഒരു കുറിപ്പ് തയാറാക്കുക.*

## സത്യഗ്രഹത്തിന്റെ നിയമങ്ങൾ

### *ചിന്തിക്കുക, പങ്കുവയ്ക്കുക*



*സത്യഗ്രഹത്തിന്റെ കാര്യക്ഷമമായ നടപ്പാക്കലിന് എന്തെങ്കിലും നിയമങ്ങളുണ്ടോ? അവയിൽ ചിലത് നിങ്ങൾക്ക് നിർദേശിക്കാമോ?*

1. അക്രമങ്ങളിലും ശിക്ഷാനടപടികളിലും തിരിച്ചടിക്കാതിരിക്കുക.
2. എതിരാളിയുടെ കൊടിതോരണങ്ങളോടും നേതാക്കളോടും അനാദരവ് പ്രകടിപ്പിക്കരുത്.
3. മനസ്സിൽ വിദ്വേഷം സൂക്ഷിക്കരുത്.
4. എതിരാളിയുടെ വിദ്വേഷത്തോട് സഹനം പാലിക്കുക.
5. അറസ്റ്റിനോടും വസ്തുവകകൾ കണ്ടുകെട്ടുന്നതിനോടും സ്വമേധയാ സഹകരിക്കുക.
6. നിങ്ങൾ കാര്യസ്ഥനായ/ ചുമതലക്കാരനായ വസ്തുവിന്റെ ജപ്തി സ്വജീവൻ നൽകിയും സംരക്ഷിക്കുക.
7. ആധിപത്യം സ്ഥാപിക്കുകയോ ശാപവാക്കുകൾ ഉപയോഗിക്കുകയോ അരുത്.
8. അധിക്ഷേപിക്കാതിരിക്കുക.
9. എതിരാളി മറ്റുള്ളവരാൽ ആക്രമിക്കപ്പെടുകയോ അധിക്ഷേപിക്കപ്പെടുകയോ ചെയ്താൽ അയാളുടെ സുരക്ഷയ്ക്ക് ശ്രമിക്കുക.
10. തടവുകാരനാകേണ്ടിവന്നാൽ ജയിൽനിയമങ്ങൾ അനുസരിക്കുകയും ആത്മാഭിമാനം വ്രണപ്പെടുത്തുന്നത് ഒഴികെയുള്ള കാര്യങ്ങളോട് മര്യാദ പാലിക്കുകയും വേണം.
11. ഒരു തടവുകാരനെന്ന നിലയിൽ ഒരിക്കലും പ്രത്യേക ആനുകൂല്യങ്ങൾ ആവശ്യപ്പെടരുത്.
12. തടവുകാരനായിരിക്കെ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾക്കായി ഉപവാസം നടത്തരുത്.

13. സിവിൽ നിയമലംഘനത്തിനു നേതൃത്വം നൽകുന്നവരുടെ നിർദേശങ്ങൾ സന്തോഷത്തോടെ പാലിക്കുക.

14. ഇഷ്ടാനുസരണമുള്ള നിയമലംഘനമല്ല, മറിച്ച്, ശരിയല്ലാത്തതോ അധാർമികമെന്ന് ബോധ്യപ്പെട്ടതോ ആയ കാര്യങ്ങളോടുള്ള ബന്ധം പൂർണമായും ഒഴിവാക്കേണ്ടതാണ്.

15. ഉപാധികൾക്കു വിധേയരാകരുത്.

16. സാമുദായികസംഘർഷത്തിന് സ്വയം കാരണമാകരുത്.

17. വർഗീയലഹളകളിൽ പക്ഷംപിടിക്കാതിരിക്കുക. ഇതിൽ അപകടം പറ്റുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുക.

18. മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന പ്രവൃത്തികളിൽനിന്നു മാറിനിൽക്കുക.

**നമുക്കു ചെയ്യാം**

*മുകളിൽ പറഞ്ഞ നിയമങ്ങൾ പാലിക്കാൻ നിങ്ങൾക്കു സാധിക്കുമോ? ഇതിൽ നിങ്ങൾക്ക് പാലിക്കാൻ കഴിയുന്ന നിയമങ്ങളുടെ ഒരു പട്ടിക തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.*

**പ്രവർത്തനം**

*ഒരു സത്യഗ്രഹിയിൽ നിങ്ങൾ കാണുന്ന ഗുണങ്ങൾ എന്തൊക്കെയാണ്? എല്ലാവർക്കും സത്യഗ്രഹികൾ ആവാൻ സാധിക്കുമോ? ചർച്ചചെയ്യുക.*

### സത്യഗ്രഹിയുടെ യോഗ്യതകൾ

ഓരോ സത്യഗ്രഹിയും അനുവർത്തിക്കേണ്ട അച്ചടക്കത്തിന്റെ ഒരു മാർഗരേഖ 1921-ൽ ഗാന്ധി തയാറാക്കി. 1930-ൽ ഇതൊരു നിയമാവലിയായി. സത്യഗ്രഹിക്ക് ആവശ്യമായ ചില യോഗ്യതകളാണ് താഴെ കൊടുത്തത്.

1. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം.
2. സത്യത്തിലും അഹിംസയിലുമുള്ള വിശ്വാസം.
3. സംശുദ്ധമായ വ്യക്തിജീവിതം നയിക്കണം.
4. ഖാദി ശീലമാക്കുകയും നൂൽനൂൽപ്പ് നടത്തേണ്ടതുമാണ്.
5. എല്ലാ ലഹരിപദാർഥങ്ങളിൽനിന്നും മുക്തരാകണം.
6. കാലാനുസൃതമായി നടപ്പാക്കുന്ന അച്ചടക്കനിയമങ്ങൾ അനുസരിക്കണം.

7. ജയിൽനിയമങ്ങൾ തന്റെ ആത്മാഭിമാനത്തെ ഹനിക്കുന്നതല്ല എങ്കിൽ അനുസരിക്കേണ്ടതുമാണ്.

## അച്ചടക്കനിയമാവലി

സത്യഗ്രഹത്തിന് തീവ്രമായ തയാറെടുപ്പും കർശനമായ അച്ചടക്കവും ആവശ്യമാണ്. അച്ചടക്കരാഹിത്യത്തിനെതിരായ ശിക്ഷാനടപടികളൊന്നും പരാമർശിക്കുന്നില്ല. അച്ചടക്കത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഗാന്ധിയുടെ കാഴ്ചപ്പാട് പഠനവിധേയമാക്കേണ്ടതുണ്ട്. അദ്ദേഹം പറയുന്നു: 'ത്യാഗം, അച്ചടക്കം, ആത്മനിയന്ത്രണം എന്നിവ കൂടാതെ മോചനവും പ്രത്യാശയും സാധ്യമല്ല. അച്ചടക്കമില്ലാത്ത ത്യാഗം സ്വീകാര്യവുമല്ല.' അഹ്മദാബാദിലെ സ്കൂൾ വിദ്യാർഥികളെ അഭിമുഖീകരിക്കവെ ഗാന്ധി ഇപ്രകാരം പറഞ്ഞു: "അച്ചടക്കവും ആത്മനിയന്ത്രണവുമാണ് നമ്മെ മൃഗീയതയിൽനിന്ന് അകറ്റിനിർത്തുന്നത്." കഠിനമായ അച്ചടക്കത്തിന് ഗാന്ധിയുടെ ജീവിതം തന്നെ മികച്ച ഉദാഹരണമായി നമുക്ക് കാണാവുന്നതാണ്. അദ്ദേഹം ഒരിക്കലും പ്രഭാത-സായാഹ്ന-പ്രാർഥനകളും നൂൽനൂൽപ്പും മൗനവും നഷ്ടപ്പെടാൻ ഇടവരുത്താറില്ല. ഏത് അവസ്ഥയിലും, രോഗാവസ്ഥയിലും അല്ലാത്തപ്പോഴും തടവിലായിരുന്നപ്പോഴും ജയിൽമോചിതനായപ്പോഴും, കൂടാതെ രാത്രി ഏറെ വൈകി ഉറങ്ങേണ്ടിവന്നാലും-പ്രഭാതത്തിൽ നാലുമണിക്കുതന്നെ ഉണർന്ന് പ്രാർഥനയിലും മറ്റു ദൈനംദിന പ്രവൃത്തികളിലും മുഴുകിയിരുന്നു. പ്രാർഥനയും ചർക്കയിലുള്ള നിശ്ചിതവിഹിതം നൂൽനൂൽപ്പും ചെയ്യാതെ ഭക്ഷണം കഴിക്കുന്നതിനെപ്പറ്റി ചിന്തിക്കാൻപോലും അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. അച്ചടക്കം പ്രധാനമായും സ്വന്തം മനസ്സാക്ഷിയെ അനുസരിക്കലാണ്. എല്ലാ സംഘടനാപ്രവർത്തനങ്ങളുടെയും സ്ഥാപനങ്ങളുടെയും നിലനിൽപ്പിന് അച്ചടക്കം അത്യന്താപേക്ഷിതമാണ്.

## സത്യഗ്രഹത്തിന്റെ ചുവടുകൾ

ജീവിതത്തിന്റെ സമസ്ത മേഖലകളിലും - സാമൂഹികം, സാമ്പത്തികം, ദേശീയം, അന്തർദേശീയം-സത്യഗ്രഹത്തിന് സാധ്യതയുണ്ട്. എവിടെയൊക്കെ സംഘർഷവും നീതിനിഷേധവും പരാതിയും ഉണ്ടോ, അതു പരിഹരിക്കാനായി സത്യഗ്രഹം നടത്താവുന്നതാണ്. ഇതിനായി കാര്യങ്ങളുടെ നിജസ്ഥിതി സത്യഗ്രഹിക്ക് ബോധ്യപ്പെടേണ്ടതുണ്ട്. സത്യസന്ധവും ശ്രദ്ധാപൂർവവും പൂർണവുമായ അന്വേഷണത്തിലൂടെ പരാതി ശരിയാണെന്നു ബോധ്യപ്പെട്ടാൽ അനീതിക്കിരയായവർ അതിൽനിന്നു മുക്തി നേടുന്നത് അത്യാവശ്യമാണെന്ന് അറിയേണ്ടതുണ്ട്. പരാതിയുടെ തീവ്രത ബോധ്യപ്പെട്ടു കഴിഞ്ഞാൽ സത്യഗ്രഹി ഇതിന് കാരണക്കാരായ ആളുകളുടെ ശ്രദ്ധയിൽപ്പെടുത്തുകയും വേണം. ഇതിനായി, ഏറ്റവും മാന്യമായ ഭാഷ മാത്രമേ ഉപയോഗിക്കാവൂ. മാത്രവുമല്ല. കുറ്റക്കാരായ ആളുകൾക്ക് അതു പരിഹരിക്കേണ്ടത് തങ്ങളുടെ ഉത്തരവാദിത്വമാണെന്ന് ബോധ്യപ്പെടുകയും വേണം. അതിനുശേഷം, നിലവിലുള്ള സാഹചര്യത്തെ സംബന്ധിച്ച മതിയായതും ശരിയായതുമായ പ്രചാരണം നടത്തേണ്ടതാണ്. അൽപ്പം പോലും അതിശയോക്തി കലരാതെ വേണം ഇത് ചെയ്യാൻ. അനീതിയോടുള്ള എതിർപ്പ് എപ്പോഴും സമാധാനത്തിന്റെ മാർഗത്തിലായിരിക്കണം.

ഈ സമയം ദുരിതമനുഭവിക്കേണ്ടിവന്ന ജനങ്ങളുടെ മനസ്സാക്ഷിയെ പ്രതിനിധീകരിക്കാനും സത്യഗ്രഹിക്ക് കഴിയണം. സത്യഗ്രഹമാർഗ്ഗം സ്വീകരിക്കാനും അതിനു ത്യാഗാനുഭവിക്കാൻ ജനങ്ങൾ തയാറാണെന്ന് ഉറപ്പാക്കാനും ശ്രമിക്കേണ്ടതാണ്. ഇവരിൽ ഭൂരിപക്ഷം ആളുകളും സത്യഗ്രഹത്തിന് തയാറാകുന്നുവെങ്കിൽ അവരുടെ ശ്രമത്തെ ശക്തിപ്പെടുത്തേണ്ടതാണ്. മറിച്ചാണ് ജനഹിതമെങ്കിൽ വ്യക്തിഗത സത്യഗ്രഹത്തിന് തയാറാകാതെ തെറ്റിനു കാരണമായ ആളുകളോട് പ്രശ്നപരിഹാരത്തിന് തയാറാവാൻ അപേക്ഷിക്കുകയും അത് നിരസിക്കുന്ന പക്ഷം ശക്തമായ പോരാട്ടം അനിവാര്യമെങ്കിൽ ഉചിതമായ സത്യഗ്രഹരീതി തിരഞ്ഞെടുക്കുകയും വേണം. നിലവിലുള്ള സാഹചര്യം ആവശ്യപ്പെടുന്ന രീതിയാണ് അഭികാമ്യം. സത്യഗ്രഹത്തിന് മുന്നോടിയായി പ്രശ്നപരിഹാരത്തിനുള്ള മറ്റെല്ലാ മാർഗങ്ങളും പ്രയോജനപ്പെടുത്തേണ്ടതാണ്. മതിയായ മുന്നൊരുക്കത്തോടും നീതിനിഷേധത്തിന് കാരണക്കാരായവരെ അറിയിച്ചും മാത്രമേ സത്യഗ്രഹം തുടങ്ങാവൂ. പ്രതിജ്ഞയെടുക്കുന്നതും സ്വയംശുദ്ധീകരണത്തിനാവശ്യമായ പ്രനവൃത്തികൾ ചെയ്യുന്നതും സത്യഗ്രഹത്തെ ശക്തമാക്കാൻ സഹായിക്കുന്നു. ശത്രുവിനെതിരായ ധാർമികമായി ഏറെ ഉന്നതമായ സമരമാണ് സത്യഗ്രഹമെന്ന തിരിച്ചറിവും വളരെ പ്രസക്തമാണ്. ആത്മധൈര്യത്തോടെയുള്ള പോരാട്ടം വിജയം സുനിശ്ചിതമാക്കും. സത്യഗ്രഹത്തിന്റെ ശക്തിയിലുള്ള വിശ്വാസവും സമരത്തിന്റെ കാരണം സത്യസന്ധമാണെന്നതും വെറുപ്പില്ലാതെ അവസാനം വരെ സഹനത്തിനുള്ള സന്നദ്ധതയും സത്യാഗ്രഹത്തിന്റെ വിജയം ഉറപ്പിക്കുന്നു. ഈ ശ്രമത്തിനിടയിൽ ഒരിക്കലും പിന്മാറാനോ കൊടി താഴ്ത്തിക്കെട്ടാനോ പാടില്ല. മറിച്ച്, എതിരാളിയുമായുള്ള വിയോജിപ്പ് നിസ്സാരകാര്യങ്ങളിൽ മാത്രമാണ് അവശേഷിക്കുന്നതെങ്കിൽ വിട്ടുവീഴ്ചകൾക്കു തയ്യാറാവുകയും വേണം.

ഒരു മാതൃകാ സത്യഗ്രഹസമരം താഴെ പറയുന്ന ചിലതോ മുഴുവനായോ ഉള്ള കാര്യങ്ങളിലൂടെ കടന്നുപോകുന്നു.

1. അനീതിയുടെ സാഹചര്യം തിരിച്ചറിയുന്നു.
2. ഇതിലുള്ള അതൃപ്തി ബന്ധപ്പെട്ടവരെ അറിയിക്കുന്നു.
3. അനീതിക്ക് കാരണക്കാരായ ആളുകളെ സമീപിക്കുന്നു.
4. സാഹചര്യത്തിന്റെ ഗൗരവം അവരെ ബോധ്യപ്പെടുത്തുന്നു.
5. പ്രശ്നപരിഹാരത്തിനായി അഭ്യർഥിക്കുന്നു.
6. പ്രശ്നത്തിന്റെ തീവ്രത പൊതുജനത്തെ ധരിപ്പിക്കുന്നു.
7. പ്രതിഷേധം അറിയിക്കുന്നു.
8. പ്രത്യക്ഷ സമരപരിപാടികൾക്കു തുടക്കമിടുന്നു.
9. സന്നദ്ധതയോടും സന്തോഷത്തോടുംകൂടിയ ആത്മസഹനം.
10. സത്യഗ്രഹികൾക്കിടയിൽ കൂട്ടായ്മ ഉണ്ടാക്കുന്നു.

11. എപ്പോഴും ഒത്തുതീർപ്പിനായുള്ള സന്നദ്ധത നിലനിർത്തുന്നു.
12. എതിരാളിയുടെ കഴിവുകേടിനെ ചൂഷണം ചെയ്യാതിരിക്കുന്നു.
13. നിർമാണാത്മകപ്രവൃത്തികളിൽ ഏർപ്പെടുന്നു.
14. എതിരാളികളുമായുള്ള ആശയവിനിമയം തുടരുന്നു.
15. മധ്യസ്ഥശ്രമത്തെ അംഗീകരിക്കുന്നു.
16. സമാധാനക്കരാറിൽ എത്തിച്ചേരുന്നു.
17. വസ്തുനിഷ്ഠമായ മാറ്റത്തിലൂടെ നീതി സ്ഥാപിച്ചെടുക്കുന്നു.
18. പ്രശ്നപരിഹാരം ഇരുവിഭാഗത്തിന്റെയും ആദരവു വർധിപ്പിക്കുന്നു.
19. പരസ്പരം നന്ദിപറഞ്ഞ് എളിമയോടെ വിജയം ആഘോഷിക്കുന്നു.

ദക്ഷിണാഫ്രിക്കയിലും ഇന്ത്യയിലും ഗാന്ധിജി നടത്തിയ എല്ലാ സത്യഗ്രഹങ്ങളിലും മുകളിൽ പറഞ്ഞ ഓരോ ചുവടുകളും പാലിച്ചിരുന്നതായി കാണാവുന്നതാണ്.

*ചിന്തിക്കുക, പങ്കുവയ്ക്കുക*



*നിങ്ങളുടെ പരിസരത്തുള്ള മാലിന്യപ്രശ്നം പഞ്ചായത്തിന്റെ/മുനിസിപ്പാലിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പരിഹാരം കാണാത്തതിനാൽ നിങ്ങളുൾപ്പെടുന്ന ഒരു ഗ്രൂപ്പ് സത്യഗ്രഹസമരം സംഘടിപ്പിക്കുകയാണെന്നു കരുതുക. ഇതിനു വേണ്ട മുന്നൊരുക്കങ്ങൾ എന്തൊക്കെയാണ്? ഒരു കർമ പരിപാടി തയാറാക്കുക.*

## സത്യഗ്രഹത്തിന്റെ പ്രധാന രൂപങ്ങൾ

സത്യഗ്രഹത്തിന്റെ വിവിധ രൂപങ്ങളിലൂടെ തന്റെ എല്ലാ ആദർശങ്ങളും തത്ത്വങ്ങളും ഗാന്ധി പ്രാവർത്തികമാക്കിയിരുന്നു. സത്യഗ്രഹത്തിന്റെ മൂന്നു പ്രധാന രൂപങ്ങളാണ് നിസ്സഹകരണം, നിയമലംഘനം, ഉപവാസം. ഈ മൂന്നു രൂപങ്ങളും നിർമാണാത്മകവും ശുദ്ധീകരണാത്മകവും തീവ്രവുമാണ്. ഗാന്ധിയുടെ നിർമാണാത്മകപരിപാടിയും മറ്റെല്ലാ പ്രവർത്തനങ്ങളും സത്യഗ്രഹത്തിന്റെ നിർമാണാത്മകരൂപങ്ങളാണ്. ഹർത്താൽ, ഉപവാസം, പ്രാർഥന, മറ്റു സ്വയം നിഷേധാത്മക പ്രവർത്തനങ്ങളും ശുദ്ധീകരണാത്മക രൂപങ്ങളാണ്. തിന്മയ്ക്കതിരായ പ്രത്യക്ഷനടപടികൾക്കു നേതൃത്വം നൽകി നിയമലംഘനം നടത്തുമ്പോൾ അത് സത്യഗ്രഹത്തിന്റെ തീവ്രരൂപമായി മാറുന്നു. ഇതിലൂടെ സത്യഗ്രഹി യാതനയുടെ ഏതറ്റവും സഹിക്കാനും തിന്മയെ ഇല്ലായ്മ ചെയ്യാനും വേണ്ടിവന്നാൽ മരണം വരിക്കാനും തയാറാകുന്നു.

### 1. നിസ്സഹകരണം

സത്യഗ്രഹത്തിലെ നിസ്സഹകരണത്തിനു അടിസ്ഥാനം ചൂഷണത്തിനു വിധേയനാകുന്ന ആളുടെ അനുവാദമില്ലാതെ ചൂഷണവ്യവസ്ഥയ്ക്ക് നിലനിൽപ്പില്ല എന്ന തത്ത്വത്തിലാ

ണ്. അതുകൊണ്ടുതന്നെ ചൂഷണത്തിനറുതി വരുത്താൻ ആദ്യമായി ചെയ്യേണ്ടത് സഹകരണം പിൻവലിക്കുക എന്നതാണ്. നിസ്സഹകരണത്തിന് ഗാന്ധി പറയുന്ന ഒന്നാമത്തെ ഉപാധി ഇത് അഹിംസാത്മകമായിരിക്കണം എന്നതാണ്. അഹിംസ എന്നത് നിസ്സഹകരണത്തിന്റെ അവിഭാജ്യവും അതിപ്രധാനവുമായ ഘടകമാണ്. മറ്റെല്ലാ കാര്യത്തിലും നമ്മൾ പരാജയപ്പെട്ടാലും അഹിംസ കൈവിടാതിരുന്നാൽ അനീതിക്കെതിരായ പോരാട്ടം തുടരാനാകും. അഹിംസ പാലിക്കാതിരുന്നാൽ ദയനീയമായി പരാജയപ്പെടും. അതുകൊണ്ട്, സത്യഗ്രഹി തന്റെ പക്ഷത്താണു ശരി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. തന്റെ ഉദ്ദേശ്യം എതിരാളിയെ ബോധ്യപ്പെടുത്താൻ സത്യഗ്രഹിയുടെ എളിമയാർന്ന പ്രവൃത്തികൾക്ക് സാധിക്കണം. ചില ഘട്ടങ്ങളിൽ നിസ്സഹകരണം ചില അസൗകര്യങ്ങളും പ്രയാസങ്ങളും ശത്രുവിന് ഉണ്ടാക്കിയേക്കാം. അധികാരികളുടെ കോപത്തിനും ഇടയാക്കാം. ഇത് സത്യഗ്രഹിയുടെ യാതനകൾ വർധിപ്പിക്കാൻ കാരണമാകുന്നു. മതിയായ കരുതലോടെ വേണം സത്യഗ്രഹി നിസ്സഹകരണം ഏറ്റെടുക്കാൻ അല്ലാത്ത പക്ഷം ഇത് അപകടങ്ങൾക്ക് ഇടയാക്കും.

## 2. നിയമലംഘനം

അധാർമികവും നീതിനിഷേധകവുമായ എല്ലാ നിയമങ്ങളെയും ചെറുക്കുകയും ലംഘിക്കുകയും ചെയ്യുകയെന്നത് ഏതൊരു സത്യഗ്രഹിയുടെയും കടമയായി ഗാന്ധി കണക്കാക്കുന്നു. നിയമലംഘനം സാമൂഹിക ഉത്തരവാദിത്വത്തോടുകൂടിയതും ഏറ്റവും മാന്യമായതും അഹിംസാധിഷ്ഠിതവുമായിരിക്കണമെന്ന് ഗാന്ധി നിഷ്കർഷിക്കുന്നു. നിയമലംഘനമെന്നത് ഒരു പൗരനിൽ അന്തർലീനമായിരിക്കുന്ന അവകാശമായി മറ്റുള്ളവർ അംഗീകരിക്കേണ്ടതുമാണ്. ഒരു സമ്മർദ്ദത്തിനും വഴങ്ങി ഈ അവകാശം നഷ്ടപ്പെടാൻ ഇടയാകരുത്. മനസ്സാക്ഷിക്ക് നിരക്കാത്ത നിയമം അടിച്ചേൽപ്പിക്കുന്ന പിതാവിന്റെ പ്രവൃത്തിയെ എതിർക്കാൻ മകന് നിയമലംഘനമെന്ന സത്യഗ്രഹത്തിന്റെ മാർഗം അവലംബിക്കാവുന്നതാണ്. നിയമരാഹിത്യവും ഏകാധിപത്യവും അഴിമതിയും നിറഞ്ഞ ഭരണകൂടത്തിനെതിരെ നിയമലംഘനം നടത്തുന്നത് വ്യക്തിയുടെ പരിശുദ്ധമായ കർത്തവ്യവുമാണ്. ഈ സമരായുധത്തിന്റെ ഉപയോഗം ശ്രദ്ധയോടെ വേണമെന്ന മുന്നറിയിപ്പും ഗാന്ധി നൽകുന്നു. കാരണം, മൂർച്ചയുള്ള ഒരു കത്തി പോലെ അപകടം നിറഞ്ഞതാണ് ഇത്.



ഗാന്ധിജിയും അനുയായികളും ദണ്ഡിയാത്രയിൽ

ചില സമയങ്ങളിൽ കൂട്ടായ നിയമലംഘനങ്ങൾ ആവശ്യമായിവരാം. ഇത് സ്വാർഥ താൽപ്പര്യങ്ങൾക്കായി ദുർവിനിയോഗം ചെയ്യാനും ഇടയുണ്ട്. അതുകൊണ്ടുതന്നെ നിയമലംഘനം സംഘടിപ്പിക്കുന്നതിൽ മതിയായ ജാഗ്രത പുലർത്തേണ്ടത് അത്യാവശ്യമാണ്. ഇതിലേർപ്പെടുന്നവർ കടുത്ത വിചാരണയ്ക്കും ശിക്ഷാനടപടികൾക്കും വിധേയരാകേണ്ടിവരും എന്നതിനാൽ കൂട്ടായ നിയമലംഘനത്തിൽ പോലും ജനക്കൂട്ടത്തെ സൈനികരെപ്പോലെ അച്ചടക്കമുള്ളവരാക്കണം. നിയമലംഘനമെന്നത് ആയുധമേന്തിയ കലാപത്തേക്കാൾ അപകടകരമാണ്. കാരണം, ജനക്കൂട്ടത്തെ നിയന്ത്രിക്കാനും സമരം അവസാനിപ്പിക്കാനും പ്രയാസം നേരിടും. നിയമലംഘനം നിഷ്കളങ്കമായ സഹനത്തിന്റെ പരമമായ കാര്യക്ഷമതയിൽ അധിഷ്ഠിതമാണ്. അനുസരിക്കാതിരിക്കുക എന്നത് സ്നേഹം എന്ന ഭാവത്തോടു ചേരുമ്പോൾ അത് പരിശുദ്ധമായ പ്രക്ഷോഭമായി മാറുന്നു. ഇത് നിയമങ്ങൾക്കു വിധേയമായി സംഘടിപ്പിക്കപ്പെടുമ്പോൾ അനീതിക്കെതിരായ ഏറ്റവും വേഗത്തിലും നല്ലതുമായ പരിഹാരമാർഗമായി മാറുകയും ചെയ്യും.

*ചിന്തിക്കുക, പങ്കുവയ്ക്കുക*



*ഒരു ചെറുപ്പക്കാരൻ ഡ്രൈവിങ് ലൈസൻസിന് അപേക്ഷിക്കാനുള്ള ഫോറത്തിനുവേണ്ടി ട്രാൻസ്പോർട്ട് ഓഫീസിലെ ക്ലർക്കിനെ സമീപിക്കുന്നു. അവന് ലഭിച്ച ഒരു വാഹനം കൊണ്ട് ജീവനോപാധി കണ്ടെത്തുകയാണ് ലക്ഷ്യം. ഇപ്പോൾ ഇതിനുള്ള ഫോറം ഇവിടെയില്ലെന്നും പിന്നീട് വരാനും ക്ലർക്ക് പറയുന്നു. ഇടനിലക്കാരൻ വഴി അപേക്ഷ സമർപ്പിക്കുന്നതിലൂടെ പതിവായി ക്ലർക്കിന് കിട്ടുന്ന കൈക്കൂലിക്ക് വേണ്ടിയാണ് ഇങ്ങനെ പറയുന്നതെന്ന് ചെറുപ്പക്കാരന് മനസ്സിലായി. ലൈസൻസില്ലാതെ താൻ വണ്ടിയോടിക്കുമെന്നും ഈ വിവരം പോലീസിനെ അറിയിച്ച് അറസ്റ്റ് വരിച്ച് കോടതിയിൽ ഹാജരാകുമ്പോൾ ജഡ്ജിയെ അറിയിക്കുന്നതിനായി ക്ലർക്കിന്റെ പേര് നൽകണമെന്നും ചെറുപ്പക്കാരൻ ആവശ്യപ്പെടുന്നു. ഇതു കേട്ടമാത്രയിൽ ക്ലർക്ക് അകത്തു പോയി ഒരു ഫോറം ചെറുപ്പക്കാരന് നൽകി.*

*ഈ സംഭവം ക്ലാസിൽ ചർച്ചചെയ്യുക. മുകളിൽ പറഞ്ഞിട്ടുള്ള പ്രത്യേക സാഹചര്യത്തിൽ ചെറുപ്പക്കാരന്റെ ലൈസൻസില്ലാതെ വാഹനം ഓടിക്കുമെന്ന നിലപാട് ന്യായീകരിക്കാവുന്നതാണോ?*

### 3. ഉപവാസം

സത്യഗ്രഹിയുടെ ആവനാഴിയിലെ അവസാനത്തേതും ഏറ്റവും ശക്തവുമായ ആയുധമാണ് ഉപവാസം. ഗാന്ധി പറയുന്നു: " ഉപവാസം പരിമിതമോ അല്ലെങ്കിൽ മരണം വരെയോ ആകാം. രണ്ടായാലും ഉപവാസം ഒരു അതിശക്തമായ ആയുധമാണ്. ഇതിന് തനതായ ഒരു ശാസ്ത്രവുമുണ്ട്. ആർക്കും ഇതു സംബന്ധിച്ച പൂർണമായ അറിവു നേടാൻ കഴിയാത്ത ഒന്നാണ് എങ്കിലും എല്ലാവർക്കും ഇത് സാധിക്കുകയില്ല. ഇതിനുള്ള അർഹത ഒരാൾ നേടുന്നത് അഹിംസയുടെ നിയമങ്ങൾ ഭക്തിയോടെ പാലിക്കുകവഴി കൈവ

രുന്ന ആത്മവിശുദ്ധിയിലൂടെയാണ്. ഈശ്വരനിലുള്ള അടിയുറച്ച വിശ്വാസത്തോടൊപ്പം അളവറ്റ ക്ഷമയും ഉറച്ച തീരുമാനവും ഏകാഗ്രമായ മനസ്സും പൂർണമായ ശാന്തതയും ആവശ്യമാണ്. കൂടാതെ കോപവും വിദ്വേഷവും ഇല്ലായ്മചെയ്യാതെ ആർക്കും ഇത് ഏറ്റെടുക്കാൻ സാധിക്കില്ല. ഉപവാസത്തിനുള്ള അർഹത നേടാൻ ഒരാൾ തന്റെ ശരീരം, മനസ്സ്, ആത്മാവ് എന്നിവ ശുദ്ധീകരിക്കേണ്ടതുണ്ട്."

മരണം വരെയുള്ള നിരാഹാരം കൈകാര്യം ചെയ്യുമ്പോൾ അതീവശ്രദ്ധയും ഭക്തിയും ആവശ്യമാണ്. ഇതു തികച്ചും ഒരു വിശിഷ്ടമായ പ്രവൃത്തിയാണ്. എല്ലാ സാധ്യതകളും മനസ്സിലാക്കിവേണം ഇത് ഏറ്റെടുക്കാൻ. ഉപവാസം എന്ത് എന്നതിനേക്കാൾ ഇതെന്താണ് ഉൾക്കൊള്ളുന്നത് എന്നതാണ് പ്രധാനം. വേണ്ടത്ര പരിശീലനം, അച്ചടക്കം, പരിശുദ്ധമായ ലക്ഷ്യം എന്നിവയൊക്കെ ഉപവാസത്തിൽ ഉണ്ടായിരിക്കെത്തന്നെ ഇത് ലക്ഷ്യപ്രാപ്തി കൈവരിക്കണമെന്നില്ല. ഗാന്ധി നടത്തിയ ഉപവാസങ്ങൾ സ്വന്തം മനസ്സാക്ഷിയുടെ ആജ്ഞകളെ അനുസരിക്കലായിരുന്നു. രാജ്കോട്ടിലെ ഉപവാസത്തിൽ ബലപ്രയോഗത്തിന്റെ ചില അംശങ്ങൾ കാണാനാകും. ഉപവാസം ഏറ്റെടുക്കുന്നത് എത്രത്തോളം ബുദ്ധിമുട്ടുകളും അപകടസാധ്യതകളും നിറഞ്ഞതാണ് എന്നതിലേക്കാണ് ഇതു വെളിച്ചം ചൂണ്ടുന്നത്.



**നമുക്കു പരിശോധിക്കാം**

*ഗാന്ധിയൻ നിരാഹാരസമരം സാധാരണ പട്ടിണിസമരത്തിൽനിന്ന് എങ്ങനെയാണു ഭിന്നമായിരിക്കുന്നത്? ചർച്ചചെയ്യുക.*

## പാസീവ് റെസിസ്റ്റൻസ്

പ്രതിരോധത്തെ ഗാന്ധി പൊതുവിൽ രണ്ടായി നോക്കിക്കാണുന്നു. ഒന്ന് പാസീവ് റെസിസ്റ്റൻസും രണ്ട് സത്യഗ്രഹവും. പാസീവ് റെസിസ്റ്റൻസ് സത്യഗ്രഹത്തിൽ നിന്നു വ്യത്യസ്തമാണ്. ഇംഗ്ലീഷുകാർക്കിടയിൽ ഒരു ന്യൂനപക്ഷത്തിന്റെ അംഗീകാരമില്ലാത്ത നിയമങ്ങൾ പോലും പാലിക്കാൻ തയാറാകാതെവന്നാൽ പിഴ ഈടാക്കുന്ന സമ്പ്രദായം നിലനിന്നിരുന്നു. സ്ത്രീകളുടെ വോട്ടവകാശത്തിനായി രൂപംകൊണ്ട മഹാപ്രസ്ഥാനവും അറിയപ്പെട്ടത് പാസീവ് റെസിസ്റ്റൻസിന്റെ ഭാഗമായിട്ടാണ്. ഇത് അശക്തരുടെ ആയുധമായിട്ടാണ് വിലയിരുത്തപ്പെടുന്നത്. ഇതിൽ കായികശക്തിയുടെ ഉപയോഗം തള്ളിക്കളയുന്നില്ല. സമരാനുകൂലികളായ സ്ത്രീകളിൽ ചിലർ പുരുഷൻമാർക്കും കെട്ടിടങ്ങൾക്ക് നേരെയും അതിക്രമങ്ങൾ നടത്തിയിരുന്നു. പാസീവ് റെസിസ്റ്റൻസ് ആയുധം എടുക്കുന്നതിനെയും ശത്രുവിനെ ഉപദ്രവിക്കുന്നതിനെയും എതിർക്കാത്തതിനാൽ ഇത് നമുക്ക വേണ്ടപ്പെട്ടവർക്ക് നേരെ ഉപയോഗിക്കുന്നതിൽ പരിമിതികളുണ്ട്. (അദ്ധ്യായം 3, പേജ് 57 കാണുക)

## സത്യഗ്രഹവും പാസീവ് റെസിസ്റ്റൻസും

അക്രമത്തെ ചെറുക്കുന്നതിനും തർക്കപരിഹാരത്തിനും സാമൂഹികവും രാഷ്ട്രീയവുമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ഉപയോഗിക്കുന്ന രണ്ടു രീതികളാണ് സത്യഗ്രഹവും പാസീവ് റെസിസ്റ്റൻസും. സാധാരണയായി ഈ രണ്ടു രീതികളും ഒരുപോലെ മാറിമാറി

ഉപയോഗിക്കുന്നതു കാണാവുന്നതാണ്. ഇവ തമ്മിലുള്ള വ്യത്യാസം താഴെ ചേർക്കുന്നു.

| *സത്യഗ്രഹം* | *പാസീവ് റെസിസ്റ്റൻസ്* |
|---|---|
| 1. കായികശക്തിക്കുമേൽ ആത്മശക്തിക്കുള്ള മേൽക്കോയ്മയെ അടിസ്ഥാനപ്പെടുത്തിയുള്ള ധാർമിക ആയുധമാണിത്. | 1. അവസരവാദപരമായ ഒരു രാഷ്ട്രീയ ആയുധമാണ്. |
| 2. മറ്റുള്ളവരെ കൊല്ലാതെ സ്വയം മരിക്കാൻ തയാറാകുന്ന ധൈര്യശാലിയുടെ ആയുധം. | 2. ഇത് അശക്തരുടെ ആയുധമാണ്. |
| 3. സ്നേഹം, ക്ഷമ, സഹനം എന്നിവയിലൂടെ ശത്രുവിനെ പരിവർത്തനപ്പെടുത്തുന്നു. | 3. ശത്രുവിനുമേൽ ആധിപത്യം സ്ഥാപിക്കുന്നു. |
| 4. ശത്രുതയ്ക്കും വിദ്വേഷത്തിനും ഇടമില്ല. | 4. ശത്രുവിനോടുള്ള സ്നേഹത്തിന് സ്ഥാനമില്ല. |
| 5. പരിവർത്തനാത്മകമാണ്. | 5. നിശ്ചലമാണ്. |
| 6. ക്രിയാത്മകമായി പ്രവർത്തിക്കുകയും പ്രയാസങ്ങൾ സന്തോഷത്തോടെ ഏറ്റെടുക്കുകയും ചെയ്യുന്നു. | 6. നിഷ്ക്രിയ പ്രവർത്തനമാണ്. ബുദ്ധിമുട്ടുകളോടുള്ള എതിർപ്പുമുണ്ട്. |
| 7. ഒരു സാഹചര്യത്തിലും അക്രമം അനുവദിക്കുന്നില്ല. | 7. അക്രമമാർഗങ്ങൾ ഒഴിവാക്കുന്നില്ല. |

ഈ കാരണങ്ങളാൽ സത്യഗ്രഹം പാസീവ് റെസിസ്റ്റൻസിനെക്കാൾ കാര്യക്ഷമവും അക്രമവാഴ്ചയ്ക്കെതിരെയുള്ള കടുത്ത നിലപാടുകളുള്ളതുമാകുന്നു.

### സത്യഗ്രഹത്തിന്റെ പ്രസക്തി

ഗാന്ധിജി രൂപംനൽകിയ സത്യഗ്രഹ തത്ത്വചിന്തയ്ക്ക് ഇരുപത്തൊന്നാം നൂറ്റാണ്ടിലും കൂടുതൽ പ്രസക്തിയുള്ളതായി കാണുന്നു. ഭീകരവാദം, അക്രമം, ലോകം നേരിടുന്ന പല വർത്തമാനകാല പ്രശ്നങ്ങൾക്കും പരിഹാരമായി അഹിംസാത്മക രീതിയേക്കാൾ ഫലപ്രദമായ ഒരു രീതിയും നിലവിലില്ല. ജനങ്ങളുടെ ശക്തിക്കുമുന്നിൽ ആയുധത്തിന്റെ ശക്തി പരാജയപ്പെടുമെന്നു ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. സത്യഗ്രഹത്തിൽ ശാരീരികക്ഷമതയുള്ളവർ മാത്രമല്ല, സ്ത്രീകളും കുട്ടികളും പ്രായമായവർ പോലും പങ്കെടുക്കുന്നു. ഗാന്ധിയൻ സത്യഗ്രഹങ്ങളിൽ സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. ചില വിമർശകർ പറയുന്നത്, ബ്രിട്ടിഷുകാർക്ക് ജനാധിപത്യരീതികൾ പരിചിതമായതുകൊണ്ട് മാത്രമാണ് ഇന്ത്യയിൽ സത്യഗ്രഹം വിജയിച്ചതെന്നും ഒരു ഏകാധിപതിക്കെതിരെ ഈ സമരം അപ്രായോഗികമാണെന്നുമാണ്. ഈ വിമർശനത്തോടുള്ള ഗാന്ധിയുടെ മറുപടി: "ഏറ്റവും കഠിനമായ ലോഹം പോലും മതിയായ താപനിലയിൽ ഉരുകുകതന്നെ ചെയ്യും. അതുതന്നെയാണ് ഏകാധിപതിയുടെ കാര്യത്തിലും സംഭവിക്കുക".

സത്യഗ്രഹം അഥവാ അഹിംസാധിഷ്ഠിത പോരാട്ടത്തിന്റെ അടിസ്ഥാന തത്ത്വചിന്ത എതിരാളിയുടെ ഹൃദയവും മനസ്സും സഹനത്തിലൂടെ കീഴടക്കുക എന്നതാണ്. അഹിംസാത്മക പ്രക്ഷോഭങ്ങൾ സഹനത്തിലധിഷ്ഠിതമാണ്. സഹനം തെറ്റ് ചെയ്യുന്ന ആളിൽ അടിച്ചേൽപ്പിക്കാതെ സത്യഗ്രഹി സ്വയം സഹിക്കുന്നു. അക്രമമാർഗങ്ങളിൽ നമ്മൾ പങ്കാളികളായാൽ അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾക്ക് നാം ഉത്തരവാദികളാകും. ഈ തെറ്റു തിരുത്താവുന്നതല്ല. അഹിംസ പ്രാവർത്തികമാക്കുന്നതിലൂടെ നമ്മുടെ തെറ്റുകൾക്കു



മാർട്ടിൻ ലൂതർ കിങ് (ജൂനിയർ) പൗരാവകാശപ്രസ്ഥാനത്തിൽ

നമ്മൾ മാത്രമാണ് ഉത്തരവാദി. ചുരുക്കത്തിൽ, മനുഷ്യചരിത്രത്തിന്റെ പുരോഗതിക്ക് അഹിംസാമാർഗം അനിവാര്യമാണ്. അടുത്ത കാലത്തായി കൂടുതൽ ആളുകൾ ഈ മാർഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. ലിബിയ, ടുണീഷ്യ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ ഗവൺമെന്റുകൾക്കെതിരായ ജനകീയമുന്നേറ്റങ്ങളിൽ അഹിംസയുടെ രീതികളാണ് പ്രയോഗിച്ചത്. 'അറബ് വസന്തം' എന്ന പേരിൽ ഈ പോരാട്ടങ്ങൾ അറിയപ്പെടുന്നു.

### നേരിട്ടുള്ള അഹിംസാത്മക സമരം

അഹിംസാമാർഗത്തിലൂടെ സർക്കാർനയങ്ങൾ തിരുത്താൻ ജനങ്ങൾ സംഘടിതമായി നടത്തുന്ന ചില ശ്രമങ്ങളാണിത്. പൊതുയോഗങ്ങൾ, പ്രകടനങ്ങൾ, മാധ്യമപ്രചാരണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. സമ്മർദ്ദതന്ത്രങ്ങളായ കുത്തിയിരിപ്പ്, തടഞ്ഞുവയ്ക്കൽ, നിയമലംഘനം തുടങ്ങിയവയും ഇതിൽപ്പെടുന്നു.  അടുത്ത കാലത്തായി ഈ സമരരീതിക്ക് ലോകമെമ്പാടും പ്രചാരം ലഭിച്ചുവരുന്നതായി കാണുന്നു. ഇത് പൂർണമായും ഗാന്ധിയൻ രീതിയിലല്ല എങ്കിലും ചില സമാനതകൾ ഇതുമായി പുലർത്തുന്നുണ്ട്. ഗാന്ധിയുടെ സത്യഗ്രഹസമരത്തെ അനിതരസാധാരണമാക്കുന്നത് അഹിംസയിലുള്ള അടിയുറച്ച പ്രതിബദ്ധതയാണ്. ഇതുതന്നെയാണ് അതിന്റെ ശക്തിവൈശിഷ്ട്യവും. ഇതിൽ അഹിംസ കേവലമൊരു തന്ത്രമല്ല, ജീവന്റെ നിയമവും തത്ത്വവുമാണ്. അതാണതിന്റെ ശാസ്ത്രവും സൗന്ദര്യവും. അഹിംസാത്മക സമരങ്ങൾക്ക് ആഗോളതലത്തിൽ പ്രചാരം നേടിക്കൊടുത്തത് ഗവേഷകനായ പ്രഫ. ജീൻ ഷാർപ് ആണ്.

## അഹിംസാത്മക സമര രീതികൾ

അഹിംസാത്മക പ്രവർത്തനങ്ങളെ ജീൻ ഷാർപ് പ്രധാനമായും മൂന്നു വിഭാഗമായി തിരിക്കുന്നു.


1. പ്രതീകാത്മക പ്രതിഷേധങ്ങളായ പ്രകടനം, ജാഗ്രതാപ്രവർത്തനം, ലഘുലേഖകളുടെ വിതരണം എന്നിവ.

2. എതിരാളികളുമായി നിലവിലുള്ള സഹകരണം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ. ഉദാ: സാമ്പത്തിക ഉപരോധം, ഉല്പന്നങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യാതിരിക്കുക, തൊഴിൽസമരങ്ങൾ തുടങ്ങിയവ.

3. ദൈനംദിന പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയോ അതിൽ ഇടപെടുകയോ ചെയ്യുന്നതാണ് മൂന്നാമത്തേത്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ രൂപങ്ങളിലാണ് പ്രയോഗിക്കുന്നത്. ഓഫീസുകൾ പിടിച്ചെടുക്കൽ, നിരാഹാര സമരങ്ങൾ, ബദൽ സാമ്പത്തിക സംവിധാനം സ്ഥാപിക്കൽ, അറസ്റ്റ് വരിച്ച് തടവിലാവുക, സമാന്തര ഭരണകൂടം ഉണ്ടാക്കുക എന്നിവയൊക്കെ അവയിൽപ്പെടുന്നു.

സമരത്തിന് ആധാരമായ ലക്ഷ്യങ്ങളുടെയോ കാരണങ്ങളു ടെയോ അടിസ്ഥാനത്തിലല്ല, ജനറൽ പ്രയോഗിക്കുന്ന സമരരീതി അനുസരിച്ചാണ് ജീൻ ഷാർപ്പ് അഹിംസാത്മക സമരരീതികൾ കണ്ടെത്തി തരംതിരിച്ചിരിക്കുന്നത്. വ്യത്യസ്ത ചിന്താഗതിക്കാരായവർ അഹിംസാത്മക സമരരീതികൾ ഉപയോഗിക്കുന്നുണ്ട്. അവർക്ക് ധാർമികമായി അഹിംസയോട് പ്രതിബദ്ധത കാണണമെന്നില്ല. 198 അഹിംസാത്മക സമരരീതികളാണ് ജീൻ ഷാർപ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഗാന്ധിയൻ അഹിംസാസിദ്ധാന്തത്തെ ജീൻ ഷാർപ് വിലയിരുത്തുന്നത് കേവലമൊരു തത്ത്വമെന്ന നിലയിലല്ല, അതിന്റെ തന്ത്രപ്രധാനമായ പ്രയോഗ സാധ്യതകൂടി തിരിച്ചറിഞ്ഞുകൊണ്ടാണ്. ജീൻ ഷാർപ് എഴുതിയ 'അഹിംസാത്മക സമരത്തിന്റെ രാഷ്ട്രീയം' നിരവധി ഭാഷകളിലേക്കു പരിഭാഷപ്പെടുത്തുകയും ലോകത്തെമ്പാടുമുള്ള നിരവധി ജനാധിപത്യപ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് പ്രചോദനമാവുകയും ചെയ്തിട്ടുണ്ട്.



പ്രഫ.ജീൻ ഷാർപ്

## സംഗ്രഹം

- സ്നേഹം, ക്ഷമ, സഹനം എന്നിവയിലൂടെ എതിരാളിയെ തെറ്റിൽ നിന്നു മോചിപ്പിക്കുക എന്നതാണ് സത്യഗ്രഹത്തിന്റെ ലക്ഷ്യം.
- എതിരാളിയിലുള്ള നന്മയെ ഉണർത്താൻ സത്യസന്ധനായ ഒരാളുടെ സ്വയംസഹനത്തിലൂടെ സാധ്യമാണ്.
- മാർഗത്തിന്റെ വിശുദ്ധിയെ ആശ്രയിച്ചാണ് സത്യഗ്രഹത്തിന്റെ വിജയം.
- സത്യം, അഹിംസ, സഹനം എന്നിവ സത്യഗ്രഹത്തിന്റെ അടിസ്ഥാനഘടകങ്ങളാണ്.
- സത്യഗ്രഹവും പാസീവ് റെസിസ്റ്റൻസും വ്യത്യസ്തമാണ്.
- നിസ്സഹകരണം, നിയമലംഘനം, ഉപവാസം എന്നിവ സത്യഗ്രഹത്തിന്റെ മൂന്നു പ്രധാന രൂപങ്ങളാണ്.
- 1930ൽ ഗാന്ധി സത്യഗ്രഹത്തിന്റെ നിയമങ്ങൾ ചിട്ടപ്പെടുത്തി.
- സത്യഗ്രഹം വിജയത്തിന് അച്ചടക്കനിയമാവലി അനിവാര്യമാണ്.
- അഹിംസാ മാർഗത്തിലൂടെ സർക്കാർതലങ്ങൾ തിരുത്താൻ ജനങ്ങൾ സംഘടിതമായി നടത്തുന്ന ചില പരിശ്രമങ്ങളാണ് നേരിട്ടുള്ള അഹിംസാത്മക സമരം.

## എനിക്കു കഴിയും

- സത്യഗ്രഹസമരം രൂപപ്പെടുത്തുന്നതിൽ ഗാന്ധിയെ സ്വാധീനിച്ച മഹദ് വ്യക്തിത്വങ്ങളുടെ പങ്ക് കണ്ടെത്തി വിവരിക്കുക.
- സത്യഗ്രഹത്തിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുക.
- സത്യഗ്രഹത്തിന്റെ പരിവർത്തനസാധ്യത വിശകലനം ചെയ്യുക.
- സത്യഗ്രഹത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ കണ്ടെത്തി വിവരിക്കുക.
- സത്യഗ്രഹത്തിന്റെ നിയമങ്ങൾ വിശദീകരിക്കുക.
- സത്യഗ്രഹിക്കു വേണ്ട യോഗ്യതകൾ കണ്ടെത്തുക.
- സത്യഗ്രഹത്തിൽ അച്ചടക്കത്തിനുള്ള പ്രാധാന്യം വിശകലനം ചെയ്യുക.
- സത്യഗ്രഹസമരത്തിൽ പാലിക്കേണ്ട ചുവടുകൾ ഏതൊക്കെ എന്നു കണ്ടെത്തുക.
- സത്യഗ്രഹത്തിന്റെ വിവിധ രൂപങ്ങൾ കണ്ടെത്തി വിവരിക്കുക.
- സത്യഗ്രഹവും പാസീവ് റെസിസ്റ്റൻസും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക.
- സത്യഗ്രഹത്തിന്റെ പ്രസക്തി വിലയിരുത്തുക.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. സത്യഗ്രഹിയുടെ ആത്മസഹനത്തെ ആശ്രയിച്ചാണ് അതിന്റെ വിജയം എന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുവോ? വിശദമാക്കുക.
2. പ്രദേശത്തു പ്രവർത്തിക്കുന്ന ഫാക്ടറിയിൽനിന്നുള്ള മാലിന്യം നിമിത്തം നിങ്ങൾ വായുമലിനീകരണത്തിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. നിങ്ങളും സുഹൃത്തുക്കളും ചേർന്ന് പ്രതിഷേധസമരം നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഏതൊക്കെ ചുവടുകളാണ് സമരത്തിന്റെ ഭാഗമായി നിങ്ങൾ പാലിക്കുക എന്നു വിശദമാക്കുക.
3. സത്യഗ്രഹവും പാസീവ് റെസിസ്റ്റൻസും പ്രതിഷേധത്തിനുള്ള ഉചിതമാർഗങ്ങളാണ്– നിങ്ങൾ ഇതിനോട് യോജിക്കുന്നുവോ? വിശദമാക്കുക.
4. ഗാന്ധി സ്വാതന്ത്ര്യസമരത്തിൽ നടത്തിയ സത്യഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സത്യഗ്രഹങ്ങളെ വിലയിരുത്തുക.
5. അച്ചടക്കനിയമങ്ങൾ വിജയത്തിന്റെ പ്രധാന ഘടകങ്ങളാണ്. സത്യഗ്രഹത്തിൽ അച്ചടക്കനിയമങ്ങളുടെ പ്രാധാന്യം വിശകലനം ചെയ്യുക.



# 7

# മഹാത്മാഗാന്ധിയുടെ രാഷ്ട്രീയദർശനങ്ങൾ

T7Y8T1

## പ്രധാനാശയങ്ങൾ

- രാഷ്ട്രം - സങ്കൽപ്പവും സവിശേഷതകളും
- രാഷ്ട്രീയമൂല്യങ്ങൾ
- ഗാന്ധിജിയുടെ രാഷ്ട്രീയ സങ്കൽപ്പങ്ങൾ
- രാഷ്ട്രത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ സങ്കൽപ്പങ്ങൾ
- ജനാധിപത്യത്തിന്റെ പ്രത്യേകതകളും പ്രാധാന്യവും.
- ഗാന്ധിജിയുടെ ജനാധിപത്യ കാഴ്ചപ്പാടുകൾ
- അധികാരവികേന്ദ്രീകരണം
- ഇന്ത്യൻ രാഷ്ട്രീയത്തിൽ മഹാത്മാഗാന്ധിയുടെ പ്രാധാന്യം

മഹാത്മാഗാന്ധിയുടെ രാഷ്ട്രീയകാഴ്ചപ്പാടുകളാണ് ഈ അധ്യായത്തിൽ ചർച്ചചെയ്യുന്നത്. അതേപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ ആധുനിക രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ അടിസ്ഥാനാശയങ്ങളായ രാഷ്ട്രം, രാഷ്ട്രീയമൂല്യങ്ങൾ, രാഷ്ട്രത്തിന്റെ ഘടകങ്ങൾ തുടങ്ങിയവ നാം അറിഞ്ഞിരിക്കണം.



### ചിന്തിക്കുക, പങ്കുവയ്ക്കുക

*രാഷ്ട്രീയം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർഥമാക്കുന്നത്? നിങ്ങളുടെ മാതാപിതാക്കളും ബന്ധുക്കളും ഇടപെടുന്ന ചില രാഷ്ട്രീയപ്രശ്നങ്ങൾ ചർച്ച ചെയ്യുക.*

രാഷ്ട്രീയം എന്നത് ഒരാൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അവന്റെ ജീവിതത്തിന്റെ ഭാഗമാണ്. തങ്ങൾ രാഷ്ട്രീയത്തിന് എതിരാണെന്നും അതുകൊണ്ടു പ്രയോജനമില്ലെന്നും ചിലർ പറയാറുണ്ട്. യഥാർഥത്തിൽ ഈ പറച്ചിൽത്തന്നെ ഒരു രാഷ്ട്രീയ നിലപാടാണ്. നമ്മൾ വോട്ടുചെയ്യുന്നത്, ഗവൺമെന്റിനെ വിമർശിക്കുന്നത്, പരാതികൾ നൽകുന്നത്, ഗ്രാമസഭയിൽ പങ്കെടുക്കുന്നത്... എല്ലാം യഥാർഥത്തിൽ രാഷ്ട്രീയംതന്നെയാണ്.

### എന്താണ് രാഷ്ട്രീയം?

ആധുനിക രാഷ്ട്രീയചിന്തകൾക്കു തുടക്കം കുറിക്കുന്നത് ഗ്രീക്ക് ചിന്തകരായ പ്ലേറ്റോയിൽനിന്നും

അരിസ്റ്റോട്ടിലിൽനിന്നുമാണെന്നു പറയാം. പല പുരാതന ഇന്ത്യൻ കൃതികളിലും പ്രാധാന്യമർഹിക്കുന്ന രാഷ്ട്രീയ ദർശനങ്ങൾ കാണാവുന്നതാണ്. മനുസ്മൃതി, മഹാഭാരതത്തിലെ ശാന്തിപർവം കൗടില്യന്റെ അർഥശാസ്ത്രം എന്നിവ ഇവയിൽ ചിലതാണ്. രാഷ്ട്രീയത്തെ ഇന്ത്യയിൽ പൊതുവായി 'രാജനീതി' എന്നാണ് വിശേഷിപ്പിക്കുന്നത്. ഇതിനർഥം രാജാവിന്റെ, ഭരണകർത്താവിന്റെ ഭരണനിർവഹണ തത്ത്വങ്ങൾ എന്നാണ്.

**നമുക്ക് അറിയാം**

**പൊളിറ്റിക്സ് (രാഷ്ട്രീയം)**

*പൗരരുടെ വ്യവഹാരങ്ങളെപ്പറ്റി ഉപയോഗിക്കുന്ന പൊളിറ്റിക്കോസ് (Politikos) എന്ന ഗ്രീക്ക്പദത്തിൽ നിന്നാണ് പൊളിറ്റിക്സി(Politics) ന്റെ നിഷ്പത്തി. ഗ്രീക്ക് നഗരരാഷ്ട്രങ്ങളിലെ ഭരണത്തെ നയിച്ചിരുന്ന തത്ത്വങ്ങളും പ്രയോഗങ്ങളും സംബന്ധിച്ച വിവക്ഷയാണിത്. പുരാതന ഗ്രീക്കുകാരെ സംബന്ധിച്ചിടത്തോളം എല്ലാ പൊതുപ്രവർത്തനത്തെയും ഉൾക്കൊള്ളുന്ന ഒരു സമഗ്രധാരണയായിരുന്നു രാഷ്ട്രം.*

## രാഷ്ട്രതന്ത്രശാസ്ത്രം (Political Science)

രാഷ്ട്രതന്ത്രശാസ്ത്രം എന്നത് രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളെയും സ്ഥാപനങ്ങളെയും ശാസ്ത്രീയമായി പഠിക്കുക എന്നതാണ്. രാഷ്ട്രത്തിന്റെ ഘടനയും പ്രവർത്തനവും മറ്റു രാഷ്ട്രങ്ങളുമായുള്ള ബന്ധങ്ങളും ഈ പഠനത്തിന്റെ ഭാഗമാണ്. രാഷ്ട്രീയവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെയും പ്രക്രിയകളുടെയും അടുക്കും ചിട്ടയോടുമുള്ള പഠനം, പൊതുജീവിതത്തിൽ അധികാരത്തിന്റെ പ്രയോഗം, അധികാരം നേടുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകൽ, രാഷ്ട്രത്തെയോ സമൂഹത്തെയോ സംബന്ധിക്കുന്ന തീരുമാനങ്ങളെ സ്വാധീനിക്കുന്നത് എങ്ങനെയെന്നു മനസ്സിലാക്കൽ എന്നിവയെല്ലാം രാഷ്ട്രതന്ത്രപഠനത്തിന്റെ ഭാഗമാണ്.

രാഷ്ട്രീയം എന്നാൽ പറയുന്നത് ഒരു രാഷ്ട്രത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. അധികാരവും ആധിപത്യവും പരസ്പരബന്ധിതമാണ്. ആധിപത്യമെന്നത് നിയമപരമായ അധികാരമാണ്. രാഷ്ട്രീയം പൊതുവിൽ രാഷ്ട്രത്തിന്റെ ഭരണനിർവഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളെയാണ് കൈകാര്യം ചെയ്യുന്നത്.

### എന്താണു രാഷ്ട്രം?

"സ്റ്റാറ്റസ്" എന്ന ലാറ്റിൻപദത്തിൽനിന്നാണ് സ്റ്റേറ്റ് (രാഷ്ട്രം) എന്ന പദമുണ്ടായത്. രാഷ്ട്രീയമായി സംഘടിതമായ ഒരു സമൂഹമാണ് രാഷ്ട്രം. മാക്സ് വെബറുടെ നിർവചനത്തിൽ രാഷ്ട്രം ഒരു സമുദായമാണ്. ഒരു ഭൂപ്രദേശത്തിനുമേൽ നിയമസാധുതയോടുകൂടി ഭൗതികശക്തിയുടെ കുത്തക അവകാശപ്പെടുന്ന ഒന്നാണ്. ഭരണകൂടത്തിന്റെ സ്ഥാപനങ്ങളിലൂടെയാണ് രാഷ്ട്രം പ്രവർത്തിക്കുക. ഭരണകൂടം എന്നത് രാജ്യവ്യാപകമായി നിലകൊള്ളുന്ന ഒന്നാണ്. എല്ലാ രാഷ്ട്രത്തിനും പൊതുവായി നാലു ഘടകങ്ങൾ ഉണ്ടായിരിക്കും.1. ജനങ്ങൾ 2. ഭൂപ്രദേശം 3. ഭരണകൂടം 4. പരമാധികാരം എന്നിവയാണത്. മറ്റു സാമൂഹികസംഘങ്ങളിൽനിന്നു രാഷ്ട്രത്തെ വേറിട്ടുനിർത്തുന്നത് അതിന്റെ സ്ഥാപിതലക്ഷ്യം, രീതികൾ, ഭൂപ്രദേശം, പരമാധികാരം എന്നിവയുടെ സവിശേഷതകളാണ്. രാഷ്ട്രത്തിന്റെ ലക്ഷ്യം സുരക്ഷയും ക്രമവും സ്ഥാപിക്കലാണ്. അതിന്റെ സംഘാടനതത്ത്വം എന്നത് നിയമം നടപ്പിലാക്കുകയെന്നതാണ്. നിയതമായ ഒരു ഭൂപ്രദേശത്ത് നിയമവാഴ്ചയ്ക്കുള്ള പരമാധികാരവും രാഷ്ട്രത്തിനുണ്ട്.



**ചിന്തിക്കുക, പങ്കുവയ്ക്കുക**

*രാഷ്ട്രം എന്നതുകൊണ്ട് എന്താണ് നിങ്ങൾ അർഥമാക്കുന്നത്? നിങ്ങളുടെ ആശയങ്ങൾ എഴുതി തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.*

നമുക്ക് അറിയാം

*ഒരു നിശ്ചിത ഭൂപ്രദേശത്ത് നിയമത്തിനു വിധേയമായി സംഘടിപ്പിക്കപ്പെട്ട ജനതയെന്നു വുഡ്റോ വിൽസൻ രാഷ്ട്രത്തെ നിർവചിക്കുന്നു.*

*അനുവദിച്ചുകൊടുത്ത ഒരു പ്രത്യേക ഭൂപ്രദേശത്ത് മറ്റെല്ലാ സ്ഥാപനങ്ങളുടെയും മേൽ പരമാധികാരമുള്ള ഭരണകൂടവും പ്രജകളുമായി വിഭജിക്കപ്പെട്ടിട്ടുള്ള ഒരു പ്രാദേശിക സമൂഹമാണ് രാഷ്ട്രമെന്ന് ഹാരോൾഡ് ലാസ്കി നിർവചിക്കുന്നു. കൃത്യമായ ഒരു ഭൂപ്രദേശത്ത് ബാഹ്യമേധാവിത്വത്തിൽനിന്നു സ്വതന്ത്രമായ, ഭൂരിപക്ഷം നിവാസികളും വിധേയപ്പെട്ടു നിൽക്കുന്ന, ഒരു സംഘടിത ഭരണകൂടമുള്ള, ജനസംഖ്യാ വലുപ്പച്ചെറുപ്പമില്ലാതെയുള്ള വ്യക്തികളുടെ കൂട്ടായ്മയാണ് രാഷ്ട്രമെന്നാണ് ഗാർനറിന്റെ നിർവചനം.*

ഇന്ത്യൻ പാരമ്പര്യത്തിൽ രാമായണം, മഹാഭാരതത്തിലെ ശാന്തിപർവം, മനുസ്മൃതി, അർഥശാസ്ത്രം തുടങ്ങിയ കൃതികളിൽ രാഷ്ട്രസങ്കൽപ്പം ആവിഷ്കരിച്ചിട്ടുണ്ട്. രാഷ്ട്രീയ സംഘാടനത്തിന്റെ ചിത്രം ബുദ്ധ-ജൈനദർശനത്തിലും വരച്ചുകാട്ടുന്നു. ഇന്ത്യയുടെ രാഷ്ട്രീയകാഴ്ചപ്പാട് ആഴത്തിൽ വേരോടിയിട്ടുള്ളത് ധർമം എന്ന ദാർശനിക അടിത്തറയിലാണ്. അതിന് നിയമം, കർത്തവ്യം, സാമൂഹികക്രമം, നീതി എന്നിവയേക്കാൾ ആഴത്തിലും വ്യാപകമായും അർഥതലങ്ങളുണ്ട്.

നമുക്ക് അറിയാം

### രാഷ്ട്രവും ദേശവും

- *രാഷ്ട്രമെന്നത് ഒരു രാഷ്ട്രീയസംജ്ഞയാണ്. ദേശമെന്നത് ഒരു സാംസ്കാരിക സംജ്ഞയും. ദേശമെന്ന ആശയത്തിൽ ഒരു രാഷ്ട്രത്തിൽ കൂടുതൽ ഉൾപ്പെടാം.*
- *രാഷ്ട്രം ആഭ്യന്തരമായി സർവാധികാരമുള്ളതും ബാഹ്യമായി സ്വതന്ത്രവുമായിരിക്കും.*
- *ഒന്നോ അതിൽ കൂടുതലോ ദേശങ്ങളോ ജനങ്ങളോ ഒരു രാഷ്ട്രത്തിൽ ഉണ്ടാവാം.*

നമുക്ക് അറിയാം

### രാഷ്ട്ര ഉത്ഭവസിദ്ധാന്തങ്ങൾ

***ദൈവികോൽപത്തി സിദ്ധാന്തം*** :രാഷ്ട്രം ദൈവത്തിന്റെ കൽപനയാൽ സ്ഥാപിതമായതാണ്, ഭരണാധിപന്മാർ ദൈവത്താൽ നിയമിതരാണ്. ദൈവത്തോടല്ലാതെ അവർക്ക് മറ്റാരോടും യാതൊരു കടപ്പാടുമില്ല എന്നിവയാണ് ദൈവികോൽപത്തിസിദ്ധാന്തത്തിന്റെ അടിത്തറ.

***ബലസിദ്ധാന്തം*** :ബലവാനായ മനുഷ്യൻ ദുർബലനായ മനുഷ്യനെ കീഴടക്കുന്നതിലൂടെയാണ് രാഷ്ട്രം ഉടലെടുക്കുന്നതെന്ന വാദം.

***സാമൂഹികകരാർ സിദ്ധാന്തം*** :രാഷ്ട്രോൽപത്തിക്കു മുമ്പു മനുഷ്യനെ നിയന്ത്രിച്ചിരുന്നത് പ്രകൃതിനിയമങ്ങളാണ്. പ്രകൃതിദശയിലെ ജീവിതം ദുസ്സഹമായപ്പോൾ വ്യക്തികൾ തങ്ങളുടെ സുരക്ഷയ്ക്കായി ഒരു സാമൂഹികവ്യവസ്ഥിതി സൃഷ്ടിക്കുന്നതിനായി വ്യക്തി, വ്യക്തിയോടും സമുദായത്തോടും രാഷ്ട്രത്തോടും വർഗബാധ്യതയിലൂടെ ഒരു കരാർ രൂപപ്പെടുത്തുന്നു. അങ്ങനെ സാമൂഹികകരാറിന്റെ ഫലമായി രൂപംകൊള്ളുന്നതാണ് രാഷ്ട്രം.

***പരിണാമസിദ്ധാന്തം*** :സമൂഹത്തിന്റെ ക്രമാനുഗതവും സ്വാഭാവികവുമായ ചരിത്രപരിണാമത്തിൽ നിന്ന് ഉടലെടുക്കുന്നതാണ് രാഷ്ട്രം. മതം, യുദ്ധം, രാഷ്ട്രീയബോധം എന്നിവ രാഷ്ട്രപരിണാമത്തിലെ പ്രമുഖ ഘടകങ്ങളായി പരിഗണിക്കുന്നു.

## രാഷ്ട്രത്തിന്റെ ഘടകങ്ങൾ

### ജനത



**ചിന്തിക്കുക, പങ്കുവയ്ക്കുക**

*എന്താണ് രാഷ്ട്രത്തിന്റെ പ്രാഥമികവും പ്രധാനവുമായ ആസ്തി? ജനസംഖ്യാനുപാതികമായി ഇന്ത്യൻ സംസ്ഥാനങ്ങളെ അടയാളപ്പെടുത്തുന്ന ഒരു മാപ് തയാറാക്കുക. ജനസംഖ്യ കൂടുതലുളള അഞ്ച് സംസ്ഥാനങ്ങൾ അടയാളപ്പെടുത്തുക. ഇന്ത്യയിലെ ആകെ ജനസംഖ്യ കണക്കാക്കുക.*

രാഷ്ട്രത്തിന്റെ പ്രാഥമികവും പ്രധാനവുമായ ഘടകമാണ് ജനത. ജനത എന്നത് ആ രാഷ്ട്രത്തിൽ അധിവസിക്കുന്ന എല്ലാവരും ചേർന്നതാണ്. ഒരു രാഷ്ട്രത്തിന് നിയതമായ ഒരു ജനസംഖ്യയില്ല. എന്നാൽ സ്വയംപര്യാപ്തതയിലേക്കെത്താൻ സഹായകമായതും ഭരണനിർവഹണത്തിനു സാധ്യമായതുമായ എണ്ണമാണ് അഭികാമ്യം. ഒരു ആധുനിക രാഷ്ട്രത്തിലെ ജനത ആ ഭൂപ്രദേശത്ത് സ്ഥിരതാമസമുള്ള എല്ലാ ആളുകളും ചേർന്നതാണ്. ഇതിൽ തദ്ദേശവാസികളും വിദേശീയരും ഉൾപ്പെടും. ഒരു രാഷ്ട്രത്തിലെ ജനങ്ങൾ, ഭാഷ, സംസ്കാരം, വർഗം എന്നിവയൊക്കെ പൂർണമായി ഒരുപോലെയാകണമെന്നില്ല.

*ജനസംഖ്യ കൂടുതലുള്ള രാഷ്ട്രം - ചൈന*

*ജനസംഖ്യ കുറവുള്ള രാഷ്ട്രം - വത്തിക്കാൻ*

നല്ല പൗരർ നല്ല രാഷ്ട്രം സൃഷ്ടിക്കും എന്നാണ് അരിസ്റ്റോട്ടിൽ പറഞ്ഞിരിക്കുന്നത്. ജനങ്ങളുടെ ഗുണമേന്മ, സ്വഭാവം, സംസ്കാരം, രാഷ്ട്രത്തിന്റെ ഭാഗമാണെന്ന അവബോധം തുടങ്ങിയവയൊക്കെ പ്രധാനപ്പെട്ടതാണ്. അതിനാൽ ഗണത്തേക്കാൾ കൂടുതൽ ഗുണമേന്മയ്ക്കാണു പ്രാധാന്യമുള്ളത്.

### ഭൂപ്രദേശം

രാഷ്ട്രം നിയമപരമായും രാഷ്ട്രീയമായും മനുഷ്യസമൂഹമെന്ന നിലയിൽ ഒരു പ്രത്യേക ഭൂപ്രദേശത്തു പ്രവർത്തിക്കും. ഈ പ്രദേശം ഒരു രാഷ്ട്രം കൈവശംവയ്ക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. രാഷ്ട്രം അതിന്റെ പരമാധികാരം ഇവിടെയാണ് പ്രാവർത്തികമാക്കുന്നത്. കൃത്യമായ ഒരു പ്രദേശത്ത് അധിവസിക്കുന്നില്ല എങ്കിൽ ജനങ്ങൾക്ക് ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ സാധ്യമല്ല. ജനങ്ങൾ സ്ഥിരമായി ഒരു പ്രദേശത്തു താമസിക്കുമ്പോൾ മാത്രമാണ് തങ്ങളുടെ പൊതുതാൽപ്പര്യങ്ങളും അഖണ്ഡതയും സംരക്ഷിക്കാൻ കഴിയുന്നത്. നിയതമായ അതിർത്തികളോടുകൂടിയ ഭൂപ്രദേശം രാഷ്ട്രത്തിന് അനിവാര്യമാണ്. എങ്കിലേ തർക്കത്തിന് അവസരമില്ലാത്തവിധം അധികാരം പ്രയോഗിക്കാൻ കഴിയൂ.

ഭൂപ്രദേശം എന്നത് ഒരു അതിർത്തിക്കുള്ളിലെ ഭൂമി, നദികൾ, തടാകങ്ങൾ, പർവതങ്ങൾ, തീരത്തുനിന്ന് ആറു നോട്ടിക്കൽമൈൽ ദൂരംവരെയുള്ള സമുദ്രം, ആ പ്രദേശത്തിന്റെ

മുകളിലുള്ള ആകാശം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ്. ഭൂപ്രദേശത്തിന്റെ വിസ്തൃതി സംബന്ധിച്ച് നിയമമൊന്നുമില്ല. രാഷ്ട്രത്തിന്റെ ഭൗതികവിഭവങ്ങളും സ്ഥിതിചെയ്യുന്ന സ്ഥാനവുമാണ് പ്രധാനപ്പെട്ടത്. ഇത് ആ രാഷ്ട്രത്തിനു മുതൽക്കൂട്ടാണ്.

ഗോത്രവർഗക്കാരായ നാടോടികൾക്കു പ്രത്യേകം ഭൂപ്രദേശമില്ല. അതിനാൽ അവർക്ക് ഒരു രാഷ്ട്രം കെട്ടിപ്പടുക്കാൻ സാധിക്കുകയില്ല.

### ഭരണകൂടം (ഗവൺമെന്റ്)

രാഷ്ട്രം തങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതും നയരൂപീകരണങ്ങൾ നിർവഹിക്കുന്നതും ഭരണകൂടത്തിലൂടെയാണ്. വ്യവസ്ഥാപിതമായ ഭരണകൂടത്തിലൂടെ ജനസമൂഹത്തെ ക്രമപ്പെടുത്തിയില്ലെങ്കിൽ ആ ജനസമൂഹം ഒരു രാഷ്ട്രമാവുകയില്ല. അധികാരകേന്ദ്രീകരണത്തെ അടിസ്ഥാനമാക്കി രാഷ്ട്രത്തിലെ ഭരണകൂടത്തെ യൂണിറ്ററി (ഉദാ: സൗദിഅറേബ്യ) എന്നും ഫെഡറൽ (ഉദാ: അമേരിക്കൻ ഐക്യനാടുകൾ) എന്നും വിഭജിച്ചിരിക്കുന്നു. യൂണിറ്ററി- ഫെഡറൽ സ്വഭാവങ്ങൾ ഒരേപോലെ കാണിക്കുന്ന ഭരണകൂടങ്ങളുമുണ്ട്. ഉദാ. ഇന്ത്യ.



Government of India

മൂന്നു സവിശേഷഘടകങ്ങളുടെ സംയോജനമാണ് ഓരോ ഭരണകൂടവും. 1. നിയമനിർമാണവിഭാഗം (ലെജിസ്ലേച്ചർ), 2. കാര്യനിർവഹണവിഭാഗം (എക്സിക്യൂട്ടീവ്), 3. നീതിനിർവഹണവിഭാഗം(ജുഡീഷ്യറി). നിയമനിർമാണസഭ നിയമം നിർമിക്കുന്നു, കാര്യനിർവഹണവിഭാഗം അവ നടപ്പിലാക്കുന്നു. നീതിനിർവഹണവിഭാഗം നിയമങ്ങളുടെ സാധുത പരിശോധിക്കുന്നു. കാര്യനിർവഹണവിഭാഗം ഭരണഘടനാനുസൃതമായാണു പ്രവർത്തിക്കുന്നത്. ഇന്ത്യയിൽ കേന്ദ്ര-സംസ്ഥാന - തദ്ദേശ ഗവൺമെന്റുകൾ പ്രവർത്തിക്കുന്നുണ്ട്.

### പരമാധികാരം

ഒരു രാഷ്ട്രത്തിന്റെ സുപ്രധാന ഘടകമാണ് അതിന്റെ പരമാധികാരം. ഈ ഘടകം മറ്റു സംഘടനകളിൽനിന്നു രാഷ്ട്രത്തെ വേറിട്ടുനിർത്തുന്നു. പരമാധികാരംകൊണ്ട് ഉദ്ദേശിക്കുന്നത് സർവാധികാരമുള്ള നിയമനിർമാണനിർവഹണാധികാരം എന്നാണ്. ഇതിനതീതമായി ആർക്കും യാതൊരു അധികാരങ്ങളുമില്ല.

പരമാധികാരത്തിന് ആന്തരികം, ബാഹ്യം എന്നീ തലങ്ങളുണ്ട്. ആന്തരികപരമാധികാരം ഒരു രാഷ്ട്രത്തിന് തങ്ങളുടെ പ്രദേശത്തിനു കീഴിലുള്ള പ്രജകളുടെയും സമൂഹങ്ങളുടെയുംമേലുള്ള പരമാധികാരമാണ്. ബാഹ്യമായ പരമാധികാരം എന്നാൽ വിദേശനിയന്ത്രണങ്ങളിൽനിന്നു സ്വതന്ത്രമായി നിലകൊള്ളുന്ന അവസ്ഥയാണ്.



**നമുക്ക് അറിയാം**

**പരമാധികാരത്തിന്റെ സവിശേഷതകൾ**

- *പരിപൂർണത*
- *സ്ഥിരത*
- *സാർവത്രികത*
- *അവിഭാജ്യം*
- *സമഗ്രത*
- *അനന്യത*

## രാഷ്ട്രീയമൂല്യങ്ങൾ

സ്വാതന്ത്ര്യം, നീതി, സമത്വം എന്നിവയാണ് രാഷ്ട്രീയമൂല്യങ്ങൾ (Political Values).



**ചിന്തിക്കുക, പങ്കുവയ്ക്കുക**

*ഒരു രാഷ്ടത്തിൽ ഉണ്ടായിരിക്കണമെന്ന് നിങ്ങൾ കരുതുന്ന മൂല്യങ്ങൾ എന്തൊക്കെയാണ്? ചാർട്ട് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.*

### സ്വാതന്ത്ര്യം

പരിമിതികളില്ലാത്ത സ്ഥിതിയാണ് സ്വാതന്ത്ര്യം. ഇവിടെ ഓരോ വ്യക്തിക്കും സ്വതന്ത്രമായി ചിന്തിക്കാനും ബാഹ്യശക്തികളുടെ നിയന്ത്രണങ്ങളില്ലാതെ തീരുമാനങ്ങളെടുക്കാനും സാധിക്കും. എന്നിരുന്നാലും നിയന്ത്രണമില്ലായ്മ സ്വാതന്ത്ര്യത്തിന്റെ ഒരു ഭാഗംമാത്രമേ ആകുന്നുള്ളൂ. സ്വതന്ത്രമായി ആശയാവിഷ്കരണം നടത്തുന്നതും അവരവരുടെ കഴിവുകൾ വളർത്തിയെടുക്കുന്നതും സ്വാതന്ത്ര്യത്തിന്റെ ഗുണപരമായ ഫലങ്ങളാണ്.



### നീതി



എല്ലാവർക്കും അർഹമായത് നൽകുക എന്നതാണ് നീതികൊണ്ടുദ്ദേശിക്കുന്നത്. അതായത് ഉചിതവും സാന്മാർഗികവും നിഷ്പക്ഷവുമായി എല്ലാ ആളുകൾക്കും അർഹമായത് ഉറപ്പുവരുത്തുന്നതാണ് നീതി. ഇത് രാഷ്ട്രീയമൂല്യങ്ങളെ ഏകോപിപ്പിക്കുന്നു. യാഥാസ്ഥിതികമായതും നവീകരിക്കപ്പെട്ടതും എന്നിങ്ങനെ നീതി രണ്ടുതരമുണ്ട്. യാഥാസ്ഥിതികനീതി എന്നാൽ വ്യവസ്ഥാപിതമായ സാമൂഹികസ്ഥിതി സംരക്ഷിക്കുക എന്നാണർഥം. സമൂഹത്തിൽ ആവശ്യാനുസരണവും കാലാനുസൃതവുമായ മാറ്റം ഉൾക്കൊണ്ട നീതിയാണ് നവീകരിക്കപ്പെട്ട നീതി.

### സമത്വം

രാഷ്ട്രത്തിലെ ജനങ്ങൾക്ക് അവരുടെ അവകാശങ്ങൾ തുല്യമായി ലഭ്യമാക്കുന്നതാണ് സമത്വം. ഒരു രാഷ്ട്രീയമൂല്യമെന്ന നിലയിൽ വർഗ, വർണ, വിഭാഗ, മത, സമ്പത്തുക്കൾക്കതീതമായി സ്ത്രീപുരുഷഭേദമെന്യേ ചില അടിസ്ഥാനാവകാശങ്ങൾ എല്ലാവർക്കും നൽകുന്നു. സമത്വം മൂന്നു കാര്യങ്ങൾക്ക് ഊന്നൽ നൽകുന്നു. 1. ആർക്കും പ്രത്യേകപരിഗണന നൽകുന്നില്ല. എല്ലാ തലത്തിലും എല്ലാവർക്കും ഒരേ പരിഗണന നൽകുന്നു. 2. എല്ലാവർക്കും തുല്യ അവസരം ഉറപ്പാക്കുക. 3. കുറച്ചുപേരുടെ പ്രത്യേകമായ ആവശ്യത്തെക്കാൾ എല്ലാവരുടേയും അത്യാവശ്യകാര്യങ്ങൾക്കു പ്രാധാന്യം നൽകുന്നു. സമത്വത്തിലേക്കുള്ള ഒരു മാർഗമാണ് തുല്യത എന്ന തത്ത്വം.



**നമുക്കു ചെയ്യാം**

*ഒരു രാഷ്ട്രത്തിന് അനിവാര്യമായ മൂല്യങ്ങൾ ഏവ? അവ നമുക്ക് എങ്ങനെ കരസ്ഥമാക്കാം? സെമിനാർ പേപ്പർ തയാറാക്കി അവതരിപ്പിക്കുക.*

### രാഷ്ട്രത്തെക്കുറിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാട്

പട്ടാളം, പോലീസ്, കോടതി, ജയിൽ, നികുതിസംവിധാനം, ഉദ്യോഗസ്ഥവൃന്ദം തുടങ്ങിയവയൊക്കെ ചേർന്നതാണ് രാഷ്ട്രം. രാഷ്ട്രം എന്ന സങ്കൽപ്പത്തെ മഹാത്മാഗാന്ധി നിഷേധിക്കുന്നു. ഈ സംവിധാനങ്ങളാണ് ഹിംസയിലേക്കു നയിക്കുന്നത്. രാഷ്ട്രം ചില നിർബന്ധങ്ങൾ ജനതയ്ക്കുമേലിടുന്നു. അങ്ങനെ അതു വ്യക്തികളുടെ ധാർമിക മൂല്യത്തെ ഇല്ലാതെയാക്കുന്നു. ഗാന്ധി പറയുന്നു: "സംഘടിതവും കേന്ദ്രീകൃതവുമായ ഹിംസയെയാണ് രാഷ്ട്രം പ്രതിനിധീകരിക്കുന്നത്. വ്യക്തികൾക്ക് ആത്മാവുണ്ട്. എന്നാൽ രാഷ്ട്രം ആത്മരഹിതമായ യന്ത്രമാണ്. കാരണം, രാഷ്ട്രത്തിന്റെ നിലനിൽപ്പ് ആധാരമായിരിക്കുന്ന ഹിംസയിൽനിന്ന് അതിന് ഒഴിഞ്ഞുനിൽക്കാനാവില്ല."

എല്ലാ രൂപത്തിലുമുള്ള രാഷ്ട്രത്തെയും ഗാന്ധി നിരാകരിക്കുന്നു. ചൂഷണത്തിൽനിന്നും, അസമത്വത്തിൽനിന്നും അക്രമത്തിൽനിന്നും വർഗസംഘർഷത്തിൽനിന്നും സാമുദായിക കലഹത്തിൽനിന്നും മുക്തമായ ഒരു രാഷ്ട്രരഹിതസമൂഹം (Stateless society) സ്ഥാപിക്കാനാണ് ഗാന്ധി ആവശ്യപ്പെടുന്നത്. മനുഷ്യസമൂഹത്തിന്റെ സമ്പൂർണത എന്ന ആത്യന്തികദർശനമാണ് ഗാന്ധി വിഭാവനം ചെയ്യുന്നത്. ഭൂമിയിൽത്തന്നെ ദൈവരാജ്യം സൃഷ്ടിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. അതുകൊണ്ട് രാഷ്ട്രത്തിന്റെ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന സ്വാധീനത്തെയും ബലപ്രയോഗത്തെയും ഗാന്ധി എതിർക്കുകയും ഒരു രാഷ്ട്രരഹിതജനാധിപത്യത്തെ (Stateless Democracy) അനുകൂലിക്കുകയും ചെയ്യുന്നു.



**ചിന്തിക്കുക, പങ്കുവയ്ക്കുക**

*ജനാധിപത്യം എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർഥമാക്കുന്നത്? ഗ്രൂപ്പിൽ ചർച്ചചെയ്ത ആശയങ്ങൾ ക്ലാസിൽ അവതരിപ്പിക്കുക.*

### ജനാധിപത്യം

ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തുന്ന ഭരണസംവിധാനമാണ് ജനാധിപത്യം എന്ന് എബ്രഹാം ലിങ്കൻ പറയുന്നു. ഡെമോക്രസ് (ജനാധിപത്യം) എന്നത് ഡിമോസ് (ജനങ്ങൾ), ക്രാറ്റോസ് (അധികാരം) എന്നീ രണ്ടു ഗ്രീക്ക് പദങ്ങൾ കൂടിച്ചേർന്നുണ്ടായതാണ്. ജനങ്ങളുടെ അധികാരം എന്ന് അർഥം. ഭരണകൂടമാതൃക എന്നതിലുപരി ജനാധിപത്യം ഒരു ജീവിതശൈലിയാണ്. മനുഷ്യരുടെ സമ്പൂർണവികാസം സാധ്യമാക്കുന്നതിലൂടെ സാമൂഹികക്ഷേമം ലക്ഷ്യംവയ്ക്കുന്ന ഒരു ആദർശാത്മക സാമൂഹികസംവിധാനമാണത്. അനാവശ്യനിയന്ത്രണങ്ങളിൽനിന്നു മുക്തമായി, സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സാഹചര്യം ജനാധിപത്യഭരണകൂടം സൃഷ്ടിക്കുന്നു.

രാഷ്ട്രീയാധികാരം നിയന്ത്രിക്കുന്ന പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം ജനാധിപത്യം ഉറപ്പുവരുത്തുന്നു. ജനാധിപത്യത്തിൽ ജനങ്ങളാണ് ഭരണകൂടത്തെ നിയന്ത്രിക്കുന്നത്. ആശയങ്ങളുടെ അർഥപൂർണമായ സംവാദത്തിന് അത് അവസരം നൽകും. ജനാ

ധിപത്യരാഷ്ട്രങ്ങൾ ഉണ്ടാകുന്നതു വഴി കൂടുതൽ സമാധാനപൂർണമായ ലോകക്രമം സ്ഥാപിക്കാൻ സാധിക്കും.

**നമുക്ക് അറിയാം**

*ജനാധിപത്യത്തിനുവേണ്ട ഏഴ് അടിസ്ഥാന മാനദണ്ഡങ്ങൾ റോബർട്ട് ഡാൾ കണ്ടെത്തിയിട്ടുണ്ട്.*

1. *തിരഞ്ഞെടുത്ത പ്രതിനിധികളായിരിക്കണം ഭരണകൂടത്തിന്റെ നയപരമായ തീരുമാനങ്ങളെടുക്കുന്നത്.*
2. *നിശ്ചിത സമയങ്ങളിലുള്ള സ്വതന്ത്രവും നീതിപൂർവവുമായ തിരഞ്ഞെടുപ്പ്.*
3. *സാർവത്രിക പ്രായപൂർത്തി വോട്ടവകാശം*
4. *തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാനുള്ള അവകാശം.*
5. *വിവിധ മാധ്യമങ്ങളിലൂടെ ഒരുവന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം.*
6. *ഭരണകൂടകാര്യങ്ങൾ സംബന്ധിച്ച വിവരങ്ങളുടെ ബദൽ സ്രോതസ്സുകളുടെ ലഭ്യത.*
7. *സംഘം ചേരാനും രൂപീകരിക്കാനുമുള്ള അവകാശം.*

ജനാധിപത്യത്തിന് രണ്ടു രൂപങ്ങളാണുള്ളത്; പ്രത്യക്ഷവും പരോക്ഷവും. ജനങ്ങളുടെ നേരിട്ടുള്ള ഭരണമാണ് ജനാധിപത്യത്തിന്റെ ശുദ്ധമായ രൂപം. യോഗ്യതയുള്ള എല്ലാ പൗരർക്കും തീരുമാനമെടുക്കൽ പ്രക്രിയയിൽ നേരിട്ടും സജീവവുമായ പങ്കാളിത്തം ഉണ്ടാകും. എന്നാൽ പരോക്ഷജനാധിപത്യത്തിൽ എല്ലാ യോഗ്യരായ പൗരർക്കും അധികാരമുണ്ടാകുമെങ്കിലും തിരഞ്ഞെടുത്ത പ്രതിനിധികളിലൂടെയാണ് അത് പ്രയോഗക്ഷമമാകുന്നത്. ഇതിനെ പ്രാതിനിധ്യജനാധിപത്യമെന്നു വിളിക്കുന്നു.

### ജനാധിപത്യത്തെക്കുറിച്ചുള്ള ഗാന്ധിയൻ കാഴ്ചപ്പാടുകൾ

‘ പൊതുനന്മയ്ക്കായി എല്ലാവിഭാഗം ജനങ്ങളുടെയും ഭൗതികവും സാമ്പത്തികവും ആത്മീയവുമായ വിഭവങ്ങൾ സമാഹരിക്കുന്ന കലയും ശാസ്ത്രവുമാണ് ജനാധിപത്യം.’ ജനാധിപത്യത്തിന്റെ സിദ്ധാന്തത്തിലും പ്രയോഗത്തിലും ഗാന്ധിജി അടിയുറച്ചു വിശ്വസിച്ചിരുന്നു. ഗാന്ധിയുടെ സമത്വത്തോടും വ്യക്തിസ്വാതന്ത്ര്യത്തോടുമുള്ള ആഭിമുഖ്യം, മനുഷ്യ-സാഹോദര്യത്തിലൂടെ നീതിയുക്തമായ സാമൂഹികക്രമത്തിലേക്കെത്താനുള്ള ആഹ്വാനം എന്നിവ ഗാന്ധിയുടെ ജനാധിപത്യത്തിലുള്ള വിശ്വാസം സാക്ഷ്യപ്പെടുത്തുന്നു. വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും ഒരു യഥാർഥ ജനാധിപത്യവാദിയാണു ഗാന്ധിജി. അധികാരകേന്ദ്രീകരണത്തെ പ്രതിനിധീകരിക്കുന്ന നിലവിലുള്ള ജനാധിപത്യസംവിധാനത്തെ അദ്ദേഹം എതിർത്തു. ഗാന്ധിയൻ കാഴ്ചപ്പാടിൽ ഭരണകൂടമെന്നത് ജനങ്ങൾക്കു പരമാവധി സ്വാതന്ത്ര്യം നൽകി ഏറ്റവും കുറച്ചു ഭരിക്കുന്ന ഒന്നായിരിക്കണം.

ഗാന്ധിയെ സംബന്ധിച്ച് ജനസാമാന്യങ്ങളുടെ ഭരണകൂടമാണ് ജനാധിപത്യം. ദരിദ്രരും സമ്പന്നരും, ഉയർന്നവരും താഴ്ന്നവരും, ശക്തരും ദുർബലരും, വിദ്യാസമ്പന്ന

രും വിദ്യാവിഹീനരും തുടങ്ങി എല്ലാവരെയും ഉൾക്കൊള്ളുന്ന ഒന്നാണത്. എല്ലാ വിഭാഗം ജനങ്ങളുടെയും എല്ലാവിധ താൽപ്പര്യങ്ങളും ജനാധിപത്യം പ്രതിനിധീകരിക്കുന്നു.

ഗാന്ധിജിയുടെ അഭിപ്രായത്തിൽ ശരിയായ ജനാധിപത്യം, ബലഹീനരും ദരിദ്രരും ഉൾപ്പെടുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും നന്മയ്ക്കായി നിലകൊള്ളുന്നു. അതാണ് സർവോദയ (യഥാർഥ ജനാധിപത്യം). വ്യക്തിയുടെ നന്മയും സമൂഹനന്മയും തമ്മിൽ ഏറ്റുമുട്ടലില്ല. വ്യക്തിയുടെ നന്മ പൊതുസമൂഹനന്മയിൽ അടങ്ങിയിരിക്കുന്നു. അങ്ങനെ ഗാന്ധിജിയുടെ ജനാധിപത്യ സങ്കൽപ്പം ഗുണപരമായും ഗണപരമായും പ്രാധാന്യമുള്ളതാണ്.

### അഹിംസയും ജനാധിപത്യവും

ശരിയായ ജനാധിപത്യവും അഹിംസയും തമ്മിലുള്ള ബന്ധം ഗാന്ധി തിരിച്ചറിഞ്ഞു. "ജനാധിപത്യവും അഹിംസയും ഒന്നിച്ചുപോകില്ല. ഇന്നു നിലവിലുള്ള നാമമാത്ര ജനാധിപത്യ രാഷ്ട്രങ്ങൾ പരസ്യമായ സർവായത്ത രാഷ്ട്രങ്ങളാകാതെ, ധൈര്യപൂർവ്വം അഹിംസാത്മകമായി, ശരിയായ ജനാധിപത്യത്തിലേക്കു മാറണം. അഹിംസ അനുശീലിക്കാൻ വ്യക്തികൾക്കേ കഴിയുകയുള്ളൂവെന്നും വ്യക്തികളാൽ രൂപംകൊണ്ട രാഷ്ട്രത്തിന് അതിനു കഴിയില്ലെന്നുമുള്ള പറച്ചിൽ നീചഭാഷണമാണ്."

ഒരു യഥാർഥ ജനാധിപത്യവാദി അഹിംസാമാർഗങ്ങൾ ശീലിക്കുന്നവനും തന്റെയും തന്റെ രാജ്യത്തിന്റെയും സ്വാതന്ത്ര്യവും അങ്ങനെ മുഴുവൻ മനുഷ്യരാശിയെയും സംരക്ഷിക്കുന്നവനും ആയിരിക്കും. സത്യവിരുദ്ധ ഹിംസാമാർഗങ്ങളിലൂടെ യഥാർഥ ജനാധിപത്യം അഥവാ ജനങ്ങളുടെ സ്വരാജ് ഒരിക്കലും സാധ്യമാവുകയില്ല. അങ്ങനെയുള്ള മാർഗങ്ങൾ എല്ലാ എതിരഭിപ്രായങ്ങളെയും അടിച്ചമർത്തും. കൂടുതൽ സമാധാനപൂർണമായ ഒരു ലോകക്രമം സൃഷ്ടിക്കാനുള്ള മാർഗമെന്ന നിലയിൽ എല്ലായിടത്തും ജനാധിപത്യം വ്യാപിപ്പിക്കാൻ സർവാത്മന പരിശ്രമിക്കേണ്ടതുണ്ട്. അഹിംസയും ജനാധിപത്യവും തമ്മിലുള്ള പരസ്പരപൂരകബന്ധം ഒരു നൂറ്റാണ്ടു മുമ്പുതന്നെ ഗാന്ധിജി ദീർഘവീക്ഷണം ചെയ്തിരുന്നു.

### പാർലമെന്ററി ജനാധിപത്യവും ബ്രിട്ടിഷ് പാർലമെന്റിനെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനവും.

പാർലമെന്ററി ജനാധിപത്യത്തിൽ ജനങ്ങൾ തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുകയാണു ചെയ്യുന്നത്. നൂറ്റാണ്ടുകൾ നീണ്ട പരീക്ഷണങ്ങളിലൂടെയും പരിഷ്കരണങ്ങളിലൂടെയും ഇംഗ്ലണ്ടിൽ ഉരുത്തിരിഞ്ഞ ഒരു സംവിധാനമാണിത്. പാർലമെന്ററി ജനാധിപത്യത്തിന് ചില പ്രശംസാർഹമായ സവിശേഷതകളുണ്ട്. ജനഹിതത്തെ അത് ബഹുമാനിക്കുന്നു. വിപ്ലവത്തിനുള്ള വ്യഗ്രതയെ അതു ശാന്തമാക്കുന്നു. ജനങ്ങളുമായി നിരന്തര സമ്പർക്കം പുലർത്താനും ജനപ്രീതിയാർജിക്കാനും അത് ഭരണാധികാരികളെ നിർബന്ധിതരാക്കുന്നു. പാർലമെന്ററി ജനാധിപത്യം സംവാദത്തിനുള്ള അനവധി സാധ്യതകൾ നൽകുന്നു. വലിയ രാഷ്ട്രങ്ങൾക്ക് അത് യുക്തമാണ്. എങ്കിലും പാർലമെന്റുകളുടെ അമ്മയായി കണക്കാക്കുന്ന ബ്രിട്ടിഷ് പാർലമെന്റിനെ ഗാന്ധിജി നിശിതമായി വിമർശിച്ചിരുന്നു. സ്ഥിരതയുള്ള ഒന്നായിരുന്നില്ല അതെന്നും കാലാകാലങ്ങളിൽ മന്ത്രിസഭകൾ മാറിക്കൊണ്ടിരിക്കുമെന്നും ഗാന്ധിജി അഭിപ്രായപ്പെട്ടു. പ്രധാനമന്ത്രി തന്റെ സ്വന്തമോ

പാർട്ടി അംഗങ്ങളുടെയോ അധികാരം നിലനിർത്തുന്നതിനുള്ള താൽപ്പര്യങ്ങളാൽ എപ്പോഴും ഉത്കണ്ഠപ്പെട്ടുകൊണ്ടിരിക്കും.

പൊതുജനത്തിന് ഗുണമുള്ളത് ഒന്നും ചെയ്യാത്ത കാരണത്താൽ ബ്രിട്ടിഷ് പാർലമെന്റിനെ ഗാന്ധിജി വിമർശിച്ചു. പാർലമെന്റംഗങ്ങളെല്ലാം സ്വാർഥരാണെന്നാണ് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. സ്വന്തം താൽപ്പര്യത്തെ മുൻനിർത്തിയായിരിക്കും അവരുടെ ഓരോ ചിന്തയും. ഒരു ചിന്തയുമില്ലാതെ തങ്ങളുടെ പാർട്ടിക്കുവേണ്ടി വോട്ടുചെയ്യുകയാണവർ.

പാർലമെന്റ് രാഷ്ട്രത്തിലെ വിലയേറിയ ഒരു കളിപ്പാവയായിത്തീരുകയാണ്. പാർലമെന്റിന്റെ ക്ഷേമത്തെക്കുറിച്ചല്ല, തന്റെ അധികാരത്തെക്കുറിച്ചാണ് പ്രധാനമന്ത്രി കൂടുതൽ ഉത്കണ്ഠാകുലനാകുന്നത്. അദ്ദേഹത്തിന്റെ ഊർജം മുഴുവൻ കേന്ദ്രീകരിക്കപ്പെടുന്നത് തന്റെ പാർട്ടിയുടെ വിജയം നേടിയെടുക്കുന്നതിലാണ്.

പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ വിമർശനം നിലനിൽക്കുമ്പോഴും അച്ചടക്കമുള്ള, പ്രബുദ്ധമായ ജനാധിപത്യം തന്നെയാണ് ലോകത്തിലെ ഏറ്റവും നല്ലതെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ജനാധിപത്യത്തിന്റെ പാശ്ചാത്യമാതൃക അതേപടി പകർത്തുന്നതിനെതിരേ അദ്ദേഹം മുന്നറിയിപ്പു നൽകിയിരുന്നു. എന്നിരുന്നാലും ഗാന്ധിജി ജനാധിപത്യത്തിന് ഉന്നതമായ പരിഗണനയാണു നൽകിയത്. ജനാധിപത്യം ഒരു വലിയ സ്ഥാപനമാണെങ്കിലും ദുരുപയോഗം ചെയ്യാനുള്ള സാധ്യത കൂടുതലാണെന്ന് അദ്ദേഹം പറയുന്നു. ജനാധിപത്യത്തെ ഭരണനിർവഹണത്തിനുള്ള ഏറ്റവും സ്വീകാര്യമായ സംവിധാനമായി ഇപ്പോഴും ലോകമെമ്പാടും കരുതുന്നു. അതിന് കൂടുതൽ മെച്ചപ്പെട്ട ഒരു ബദൽ ഇല്ല എന്നു പറയാം.

### രാഷ്ട്രീയ വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ

പൗരർക്കും ജനപ്രതിനിധികൾക്കും പൊതുവായ തീരുമാനം രൂപീകരിക്കുന്നതിന് കൂടുതൽ അധികാരം ലഭ്യമാക്കുന്നതാണ് രാഷ്ട്രീയ വികേന്ദ്രീകരണം. പ്രാദേശിക പ്രതിനിധികളെ തിരഞ്ഞെടുക്കാൻ പൗരരെ അനുവദിക്കുന്നതിലൂടെ തങ്ങളുടെ പ്രതിനിധികളെ ശരിയായി അടുത്തറിയാൻ അവർക്കു കഴിയുന്നു. നയരൂപീകരണത്തിലും പ്രയോഗത്തിലും പൗരർക്കും അവരുടെ പ്രതിനിധികൾക്കും കൂടുതൽ ഇടപെടൽ അനുവദിക്കുന്നതുവഴി ജനാധിപത്യപ്രക്രിയയെ കൂടുതൽ പിന്തുണയ്ക്കാനാകുന്നു.

**നമുക്ക് അറിയാം**

*73,74 ഭരണഘടനാ ഭേദഗതികളിലൂടെയാണ് ഇന്ത്യയിൽ രാഷ്ട്രീയ അധികാരവികേന്ദ്രീകരണം യാഥാർഥ്യമായത്. ഭരണഘടനാഭേദഗതി വഴി ഗ്രാമപഞ്ചായത്തുകളും നഗരപാലികകളും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായി പരിണമിച്ചു.*

ശരിയായ ജനാധിപത്യത്തിന്റെ വിജയത്തിനുവേണ്ട അടിസ്ഥാന ആവശ്യോപാധിയാണ് രാഷ്ട്രീയ അധികാരവികേന്ദ്രീകരണമെന്നും ഗാന്ധിജി കരുതുന്നു. ഗാന്ധിജിയെ സംബന്ധിച്ച് അഹിംസാധിഷ്ഠിത വികേന്ദ്രീകൃത ജനാധിപത്യമെന്നത് ചെറിയ ഗ്രാമറിപബ്ലിക്കുകളിൽ വസിക്കുന്ന സമൂഹങ്ങളാണ്. അധികാരകേന്ദ്രീകരണത്തെ എതിർക്കുന്ന

ഗാന്ധിജി, അത് ജനാധിപത്യത്തിനു ഭീഷണിയാണെന്നും ജനാധിപത്യമൂല്യങ്ങളെ ദോഷകരമായി ബാധിക്കുമെന്നും കരുതുന്നു.

**പ്രവർത്തനം**

*എന്താണ് അധികാരവികേന്ദ്രീകരണം? ചർച്ചചെയ്യുക.*

ഗാന്ധിജിയുടെ മാതൃകാസാമൂഹികക്രമത്തിലേക്കുള്ള സുപ്രധാന ചുവടുവയ്പാണ് രാഷ്ട്രീയ അധികാരവികേന്ദ്രീകരണം. പഞ്ചായത്തീരാജാണ് പാർലമെന്ററി ജനാധിപത്യത്തിനുള്ള ഗാന്ധിജിയുടെ ഉത്തരം. കൂടാതെ ജനങ്ങളും അവരുടെ പ്രതിനിധികളും തമ്മിലുള്ള അടുപ്പം കാരണം അഹിംസയ്ക്ക് ഏറ്റവും അനുകൂലമായ അവസ്ഥ പഞ്ചായത്തീരാജ് സംജാതമാക്കും. പഞ്ചായത്തിൽ രാഷ്ട്രീയപ്പാർട്ടികളുടെ ഇടപെടൽ ഗാന്ധിജി ആവശ്യപ്പെടുന്നില്ല. ഗ്രാമപ്പഞ്ചായത്തിനു നിർവഹിക്കാൻ സാധിക്കാത്ത അധികാരങ്ങൾ ജില്ലകൾക്കോ സംസ്ഥാനങ്ങൾക്കോ കൈമാറണം. വിവിധ തലങ്ങൾ തമ്മിലുള്ള ബന്ധം ഒരിക്കലും ശ്രേണീബദ്ധമാകരുത്. നീതിനിർവഹണവും തർക്കപരിഹാരവും ഉൾപ്പെടെയുള്ള കടമകൾ പഞ്ചായത്തുകൾ ഏറ്റെടുക്കണം. പ്രതിരോധം പോലും പഞ്ചായത്തിന്റെ ദൗത്യമായി ഗാന്ധിജി പറയുന്നുണ്ട്. എങ്കിലും ക്രിമിനൽ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യൽ പഞ്ചായത്തിനെ ഏൽപ്പിക്കുന്നതിനോട് ഗാന്ധിജിക്ക് എതിർപ്പായിരുന്നു. തിരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്ത് ജനങ്ങളുടെ പ്രതീക്ഷയ്ക്ക് അനുസരിച്ച് ഉയർന്നില്ലെങ്കിൽ ആറുമാസത്തിനു ശേഷം വേറെ അഞ്ചംഗ പഞ്ചായത്തിനെ തിരഞ്ഞെടുക്കണമെന്ന് ഗാന്ധിജി പറയുന്നു.

**നമുക്ക് ചെയ്യാം**

*രാഷ്ട്രീയ അധികാരവികേന്ദ്രീകരണത്തിന്റെ ഒരു ആവിഷ്കാരമാണ് പഞ്ചായത്തീരാജ്. ഒരു ഗ്രാമപഞ്ചായത്ത് / ജില്ലാ പഞ്ചായത്ത്/കോർപറേഷൻ അംഗത്തെ നേരിൽ കണ്ട് വികേന്ദ്രീകരണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ മനസ്സിലാക്കി ക്ലാസിൽ ചർച്ച ചെയ്യുക.*

## രാഷ്ട്രീയമൂല്യങ്ങളെപ്പറ്റി ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ

### സ്വാതന്ത്ര്യ സങ്കൽപ്പം

*സ്നേഹത്തിലധിഷ്ഠിതമായ നീതി കീഴടങ്ങലും*
*നിയമത്തിലധിഷ്ഠിതമായ നീതി ശിക്ഷയുമാണ്.*

**എം.കെ. ഗാന്ധി**

വ്യക്തിസ്വാതന്ത്ര്യത്തെ സാമൂഹിക ഉത്തരവാദിത്വങ്ങളുമായി ബന്ധിപ്പിച്ചാണ് ഗാന്ധിജി കാണുന്നത്. വ്യക്തിയും സമൂഹവും തമ്മിൽ ദൃഢവും പരസ്പരാശ്രയത്വവുമുള്ള അഹിംസാത്മകബന്ധം അദ്ദേഹം സ്ഥാപിക്കുന്നു. വ്യക്തിമാഹാത്മ്യവാദം എന്ന തത്ത്വത്തെ ഗാന്ധിജി നിരാകരിക്കുന്നു. സാമൂഹിക ഉത്തരവാദിത്വനിർവഹണം ബോധ്യപ്പെടുത്താൻ

വ്യക്തിയുടെമേൽ ഗാന്ധിജി ചില ധാർമികനിബന്ധനകൾ ഏർപ്പെടുത്തുന്നു. ഇതു സമൂഹത്തിന്റെ വികസനത്തിന് പ്രധാനമാണ്. അതോടൊപ്പം വ്യക്തിയുടെ വികാസത്തിനായി സ്വാതന്ത്ര്യവും അവസരങ്ങളും സമൂഹം പ്രദാനം ചെയ്യുകയും വേണം. ഗാന്ധിജി പറയുന്നു: “വ്യക്തിസ്വാതന്ത്ര്യത്തിന് ഞാൻ വിലകൽപ്പിക്കുന്നു. എന്നാൽ മനുഷ്യൻ അടിസ്ഥാനപരമായി ഒരു സമൂഹജീവിയാണെന്ന കാര്യം മറക്കരുത്. തന്റെ വ്യക്തിത്വത്തെ സാമൂഹികപുരോഗതിക്ക് വേണ്ട ആവശ്യോപാധികളുമായി ഇണങ്ങി അനുയോജ്യമാക്കാൻ ശ്രമിച്ചതുകൊണ്ടാണ് ഇന്നത്തെ അവസ്ഥയിലേക്ക് അവൻ ഉയർത്തപ്പെട്ടത്. യാതൊരു വിലക്കുകളുമില്ലാത്ത വ്യക്തിവാദം കാടിന്റെ നിയമമാണ്. വ്യക്തിസ്വാതന്ത്ര്യവും സാമൂഹികനിയന്ത്രണങ്ങളും തുലനം ചെയ്യാൻ നമ്മൾ പഠിക്കേണ്ടതുണ്ട്. സാമൂഹിക നിബന്ധനകൾക്കു വിധേയപ്പെടുന്നത് സമൂഹത്തിന്റെ ഉയർച്ചയ്ക്കും പുരോഗതിക്കും വഴിയൊരുക്കും. അതു വ്യക്തിയെയും സമൂഹത്തെയും സമ്പുഷ്ടമാക്കും.”

### സമത്വവും നീതിയും സംബന്ധിച്ച ഗാന്ധിജിയുടെ കാഴ്ചപ്പാടുകൾ

*സ്വാതന്ത്ര്യം വിലമതിക്കാനാവാത്ത ഒന്നാണ്. അത് പ്രാണവായുതന്നെയാണ്. അതിനായി മനുഷ്യൻ ഒന്നും നൽകേണ്ടതുമില്ല.*

**– എം.കെ. ഗാന്ധി**

മനുഷ്യന്റെ ആത്മീയസത്തയിലുള്ള ഗാന്ധിജിയുടെ ഗാഢവും തീവ്രവുമായ വിശ്വാസത്തിന്റെ പരിണതഫലമാണ് അദ്ദേഹത്തിന്റെ സമത്വാധിഷ്ഠിത സങ്കൽപ്പം. ഗാന്ധിജി പറയുന്നു: “എന്റെയും നിന്റെയും ജീവനാഡികളിൽ ഈശ്വരൻ നിറഞ്ഞുനിൽക്കുകയാണ്. അതിൽ നിന്നാണ് ജീവികളുടെ സമത്വസങ്കൽപ്പം എനിക്ക് ലഭിച്ചത്. അത് എല്ലാ സ്ഥിതിസമത്വവാദികളുടെയും ആഗ്രഹം നിറവേറ്റും.”

മനുഷ്യന്റെ സമത്വത്തിനായി നിലകൊള്ളുന്ന ഗാന്ധിജി ജീവിതത്തിന് ഒരു ധാർമിക ബഹുമാനം നൽകുന്നു. മനുഷ്യന്റെ അന്തസ്സിനോടും അവകാശങ്ങളോടും ഗാന്ധിജിക്ക് ഉത്കണ്ഠയാണുള്ളത്. ഭഗവദ്ഗീത ചൂണ്ടിക്കാണിക്കുന്നതു പോലെ, എല്ലാ മനുഷ്യരും ഈശ്വരന്റെ മുമ്പിൽ തുല്യരാണ്. അതിനാൽ എല്ലാ മനുഷ്യരും രാഷ്ട്രീയമായും നിയമപരമായും തുല്യരാണ്.

മനുഷ്യന്റെ സമത്വം അംഗീകരിക്കുകയെന്നാൽ മനുഷ്യരുടെ സത്തയുടെ ഭാഗമായ സമത്വം ഉൾക്കൊള്ളുന്നു എന്നാണ്. ഭൗതികവും ബൗദ്ധികവുമായ അസമത്വങ്ങളുണ്ടാവാം. എന്നാൽ ഓരോ വ്യക്തിക്കുമുള്ള ഗുണഗണങ്ങൾ വളർത്താൻ തുല്യമായ അവസരങ്ങൾ നൽകാനുള്ള പരിശ്രമമുണ്ടാകണം. സാമൂഹികവും വർഗപരവുമായ സമത്വം സ്വാതന്ത്ര്യത്തിന് അനിവാര്യമാണ്. സാമൂഹികവും വർഗപരവുമായ സമത്വമില്ലാതെയുള്ള രാഷ്ട്രീയസ്വാതന്ത്ര്യം അപൂർണമാണെന്നു ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. സമത്വം എന്ന സങ്കൽപ്പം രാഷ്ട്രീയ - സാമ്പത്തികതലങ്ങളിൽ ഒരുപോലെ പ്രായോഗികമായി അനുഭവവേദ്യമാകണം.

പൊതുസ്വത്തിലുള്ള നീതിക്കായി ഗാന്ധിജി നിലകൊണ്ടു. “ജീവിതത്തിന്റെ സമസ്തമേഖലകളിലും നമ്മുടെ ചുറ്റും കാണുന്ന നീതിയാണ് അഹിംസയുടെ പ്രാഥമിക ഉപാധി.”

ഒരു പരിഷ്കർത്താവെന്ന നിലയിൽ സാമൂഹിക അനീതിക്കും അടിച്ചമർത്തലിനുമെതിരേ, പ്രത്യേകിച്ച് സാമ്രാജ്യത്വത്തിനും വംശീയതയ്ക്കും വർഗീയതയ്ക്കും അയിത്തത്തിനുമെതിരേ ഗാന്ധിജി പോരാടി. ഒരുവന്റെ സമസ്ത മണ്ഡലങ്ങളിലും നീതി കർമോന്മുഖമായി പ്രകടമായിരിക്കണമെന്നു തിരിച്ചറിഞ്ഞ ഗാന്ധിജി സാമൂഹിക-രാഷ്ട്രീയ-സാമ്പത്തികനീതിക്കായി നിലകൊണ്ടു. സാമൂഹിക-രാഷ്ട്രീയനീതിയുടെ ആശയാടിത്തറയിലാണ് ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യസമരം നയിച്ചത്.

### കടമകളും അവകാശങ്ങളും: ഗാന്ധിയൻ ധാരണകൾ

ലളിതജീവിതവും ഉയർന്ന ചിന്താഗതിയും എന്ന ദർശനത്തിലാണ് കടമകളും അവകാശങ്ങളും സംബന്ധിച്ച ഗാന്ധിയൻ സങ്കൽപ്പത്തിന്റെ അടിസ്ഥാനം. കർത്തവ്യനിർവഹണപാതയിൽ സ്വമേധയാ ഉള്ള കഷ്ടപ്പാടുകളും സഹനവും ഗാന്ധിജി അനുകൂലിച്ചിരുന്നു. സ്വമേധയാ സ്വീകരിക്കേണ്ട ഒന്നാണ് ലാളിത്യം. അപ്പോൾ അവകാശങ്ങൾ നേടിയെടുക്കുന്നതിനു പകരം കടമകളുടെ നിറവേറ്റലിന് അതു സഹായകമാകും. സ്വന്തം കടമകളെപ്പറ്റിയാണ് ഒരാൾ എപ്പോഴും ചിന്തിക്കേണ്ടതെന്ന് ഗാന്ധിജി നിഷ്കർഷിക്കുന്നു.

ഗാന്ധിജിയുടെ അഭിപ്രായത്തിൽ കടമകൾ അവകാശങ്ങളെ ആശ്രയിക്കുന്നില്ല, എന്നാൽ അവകാശങ്ങൾ കടമകളെ ആശ്രയിക്കുന്നു. ഗാന്ധിജിയെ സംബന്ധിച്ച് "അവകാശങ്ങളുടെ പ്രഭാവം കടമകളാണ്. നമ്മളെല്ലാവരും സ്വന്തം കടമകൾ നിർവഹിച്ചാൽ, അവകാശങ്ങൾ തേടി ബഹുദൂരം പോകേണ്ടിവരില്ല. നേരേമറിച്ച്, കടമകൾ നിർവഹിക്കാതെ, അവകാശങ്ങളുടെ പിന്നാലെ പരക്കം പാഞ്ഞാൽ, അവ ഒരു മരീചികപോലെ അപ്രത്യക്ഷമാകും. കൂടുതൽ പിന്തുടരുംതോറും അവ കുടുതൽ ദൂരേക്ക് പറന്നകലും."

കടമകളും അവകാശങ്ങളും പരസ്പരബന്ധിതമാണ്. വ്യക്തിയും സമൂഹവും തമ്മിലുള്ള പരസ്പരാശ്രയത്വം മൂലമാണത്. ഭഗവാൻ ശ്രീകൃഷ്ണൻ ഇതേ ഉപദേശം തന്നെ പറയുന്നുണ്ട്, "കർമം മാത്രമാണ് നിന്റേത് - അതുപേക്ഷിച്ചാൽ ഫലം വളരെ ദൂരത്താകും." കർമം ചെയ്യലാണ് കടമ. അതിന്റെ ഫലമാണ് അവകാശം.

ഒരാൾ സ്വന്തം കടമകളെക്കുറിച്ചു ബോധമുൾക്കൊണ്ടാൽ, അയാളുടെ അവകാശങ്ങൾ രാഷ്ട്രം സ്വയമേവ സംരക്ഷിച്ചുകൊള്ളും. ആത്മസാക്ഷാൽക്കാരത്തിനുള്ള അവസരങ്ങളാണ് അവകാശങ്ങൾ. മറ്റുള്ളവരെ സേവിക്കുന്നതിലൂടെ, അവരുമായുണ്ടാകുന്ന ആത്മീയ ഐക്യത്തിന്റെ തുടർച്ചയാണിത്. ഒരു മനുഷ്യന് തന്റെ അവകാശങ്ങൾ ഉപേക്ഷിക്കാൻ കഴിയും പക്ഷേ, കുറ്റബോധത്തോടെയല്ലാതെ കടമകൾ തള്ളിക്കളയാനാവില്ല. ഓരോ കടമയും ചില അവകാശങ്ങൾ സഫലീകരിക്കുന്നുണ്ടാകും. അതുപോലെ ഓരോ അവകാശവും ചില തത്തുല്യ കടമകൾ ഉൾക്കൊണ്ടുമിരിക്കും.

### രാഷ്ട്രീയം : ഗാന്ധിയൻ ധാരണകൾ

ആധുനികകാലത്ത് രാഷ്ട്രീയത്തിൽ ഏർപ്പെടുക എന്നത് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. മുമ്പെന്നത്തെക്കാളും ജനങ്ങളുടെ ജീവിതത്തിൽ രാഷ്ട്രത്തിന്റെ ഇടപെടൽ വർധിക്കുന്നതാണ് ഇതിനു കാരണം. പുരാതനകാലത്ത് തങ്ങളുടെ ഭരണകർത്താവ് ആരെന്നുപോലും അറിയാതെ ജനങ്ങൾ ഭയരഹിതരായി ലളിതജീവിതം നയിച്ചിരുന്നു. രാഷ്ട്രീയ

ഇടപെടലിനു താൽപ്പര്യം ഇല്ലെങ്കിൽക്കൂടി ഇന്ന് ഒരാൾ രാഷ്ട്രീയത്തിൽ ഇടപെടാൻ നിർബന്ധിതനാവുകയാണ്. ഇന്ന് രാഷ്ട്രീയത്താൽ സ്വാധീനിക്കപ്പെടാത്തതോ നയിക്കപ്പെടാത്തതോ ആയി യാതൊരു മാനുഷികവ്യവഹാരവുമില്ല, ഗാന്ധിജിയെ സംബന്ധിച്ച് രാഷ്ട്രീയത്തിൽ ഇടപെടുക എന്നത് മതപരമായ ഒരു കടമയായി കരുതുന്നു. ഒരു മഹാസർപ്പത്തെപ്പോലെ രാഷ്ട്രീയം നമ്മെ വരിഞ്ഞുമുറുക്കിയിരിക്കുകയാണെന്നു ഗാന്ധിജി പറയുന്നു. അധികാരം പിടിച്ചെടുക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നതിനപ്പുറം രാഷ്ട്രീയത്തെ ശുദ്ധീകരിക്കാനാണ് ഗാന്ധിജി രാഷ്ട്രീയമണ്ഡലത്തിലേക്ക് എത്തിച്ചേരുന്നത്. രാജ്യം വിദേശമേധാവിത്വത്തിൻ കീഴിലായിരിക്കുമ്പോൾ രാഷ്ട്രീയത്തിൽ പ്രവേശിക്കുക എന്നത് ഒരു മതപരമായ കടമയായി ഗാന്ധിജി കണ്ടു.



**നമുക്കു ചെയ്യാം**

*രാഷ്ട്രീയത്തിന്റെ ആത്മീയവൽക്കരണത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.*

### രാഷ്ട്രീയത്തിന്റെ ആത്മീയവൽക്കരണം

രാജ്യത്തെയും ജനതയെയും സേവിക്കുന്നതാണ് മോക്ഷമാർഗത്തിന് ആധാരമെന്ന് ഗാന്ധിജി കരുതി. ശത്രുവിനോടും മിത്രത്തോടുമൊപ്പം സമാധാനപൂർണമായി ജീവിക്കാൻ ഗാന്ധിജി ആഗ്രഹിച്ചു. ഗാന്ധിജിക്ക് മതമില്ലാതെ രാഷ്ട്രീയമുണ്ടായിരുന്നില്ല. 'മതരഹിതമായ രാഷ്ട്രീയം ഒരു മരണക്കെണിയാണ്. കാരണം, അത് ആത്മാവിനെ നശിപ്പിക്കുന്നു.' രാഷ്ട്രീയത്തിന്റെ ആത്മീയവൽക്കരണത്തിനായി, അഥവാ രാഷ്ട്രീയത്തിൽ ലക്ഷ്യത്തേക്കാൾ മാർഗത്തിനു മുൻഗണന നൽകുന്നതിനായി ഗാന്ധിജി നിലകൊണ്ടു.






'ലക്ഷ്യം മാർഗത്തെ സാധൂകരിക്കുന്നു' എന്ന മാക്യവല്ലിയൻ തത്ത്വം രാഷ്ട്രീയാദർശമായി പരിഗണിക്കപ്പെട്ടിരുന്നു. അപ്പോൾ രാഷ്ട്രീയം അതിന്റെതന്നെ നിയമങ്ങളാൽ ഭരിക്കപ്പെടും. വ്യക്തിബന്ധങ്ങളിലെ ധാർമികതയുടെ ചോദ്യങ്ങൾക്കൊന്നും രാഷ്ട്രീയത്തിൽ പ്രസക്തിയില്ല. ഗാന്ധിജി ഇതിനെ നിരാകരിക്കുകയും വ്യക്തിബന്ധങ്ങളെ നയിക്കുന്ന ധാർമികതത്ത്വങ്ങൾതന്നെ രാഷ്ട്രീയത്തിലും പ്രതിഫലിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

അധാർമികനായ ഒരു മനുഷ്യന് രാഷ്ട്രീയത്തിൽ ലവലേശവും സ്ഥാനമില്ലെന്നു ഗാന്ധിജി പറയുന്നു. നിസ്വാർഥമായ സേവനമാണ്, അതായത് നിഷ്കാമകർമമാണ് മോക്ഷത്തിലേക്കുള്ള ഗാന്ധിയൻപാത. അങ്ങനെ ഗാന്ധിജി രാഷ്ട്രീയത്തെ ആത്മീയവൽക്കരിച്ചു. സി. എഫ്. ആൻഡ്രൂസ് പറയുന്നു: "അസാധാരണ ഒത്തുചേരലായ 'രാഷ്ട്രീയത്തിലെ പരിശുദ്ധൻ' ആയിത്തീർന്നിരിക്കുന്നു ഗാന്ധിജി."

ജനസേവനത്തിനുള്ള ഒരു മാർഗം മാത്രമാണ് അധികാരരാഷ്ട്രീയമെന്നു ഗാന്ധിജി നിരീക്ഷിക്കുന്നു. ഗാന്ധിജി പറയുന്നു: "അധികാരരാഷ്ട്രീയം ഒരു ലക്ഷ്യമല്ല; ജീവിതത്തിന്റെ സമസ്ത മേഖലകളിലും അഭിവൃദ്ധിയുണ്ടാക്കാൻ ജനങ്ങളെ പര്യാപ്തരാക്കാനുള്ള ഒരു മാർഗം മാത്രമാണത്." നിസ്സംഗമായ സാമൂഹികസേവനത്തിൽ നിന്നാണ് യഥാർഥ രാഷ്ട്രീയം ഉരുത്തിരിയുന്നതെന്നു ഗാന്ധിജി മനസ്സിലാക്കി. നിസ്സംഗമായ സമൂഹസേവനത്തിലൂടെ പുതിയ രൂപത്തിലുള്ള ഒരു സമാന്തര അധികാരം ഉടലെടുക്കുന്നു. അധികാരരാഷ്ട്രീയത്തെ വെല്ലുവിളിക്കാനും സംശോധിപ്പിക്കാനും ഇതു പ്രാപ്തമാക്കും.

### ലോക് സേവക സംഘം (സന്നദ്ധ ജനസേവകരുടെ സംഘടന)
### – മഹാത്മാഗാന്ധിയുടെ അന്ത്യാഭിലാഷവും ഒസ്യത്തും

ഇന്ത്യൻ നാഷണൽ കോൺഗ്രസിനുള്ള പുതിയ ഭരണഘടനയുടെ കരടുരൂപം 1948 ജനുവരി 29 ന് (തന്റെ രക്തസാക്ഷിത്വത്തിന്റെ തലേദിവസം) ഗാന്ധിജി ചിട്ടപ്പെടുത്തി. ഇത് അദ്ദേഹത്തിന്റെ അവസാന രചനയായതിനാൽ ഗാന്ധിജിയുടെ അന്ത്യാഭിലാഷവും ഒസ്യത്തുമായി കരുതുന്നു. ഗാന്ധിജി ക്രമപ്പെടുത്തിയ മാർഗങ്ങളിലൂടെ തന്നെ ഇന്ത്യക്ക് രാഷ്ട്രീയസ്വാതന്ത്ര്യം കിട്ടിയെങ്കിലും ഇന്ത്യൻ ഗ്രാമങ്ങൾക്ക് സാമൂഹിക, സാമ്പത്തിക, ധാർമിക സ്വാതന്ത്ര്യം കൈവരിക്കേണ്ടതുണ്ടായിരുന്നു. സൈനികാധികാരവും പൗരരുടെ അധികാരവും തമ്മിലുള്ള ഏറ്റുമുട്ടൽ സ്വാതന്ത്ര്യാനന്തര ജനാധിപത്യ ഇന്ത്യയിലുണ്ടാകും എന്നു ഗാന്ധിജി നിരീക്ഷിച്ചു. അത് രാഷ്ട്രീയപ്പാർട്ടികളും സാമുദായികസംഘടനകളും തമ്മിലുള്ള അനാരോഗ്യമത്സരത്തിലേക്കു നയിക്കാൻ അനുവദിക്കരുത്. ഇതിനാലും മറ്റു കാരണങ്ങളാലും അപ്പോഴത്തെ കോൺഗ്രസ് കമ്മിറ്റി നിലവിലുള്ള കോൺഗ്രസ് സംഘടനയെ പിരിച്ചുവിടാൻ തീരുമാനിക്കണമെന്ന് ഗാന്ധിജി പറഞ്ഞു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഒരു ലോക്സേവക സംഘമായി മാറണം. സന്ദർഭാനുസൃതം മാറ്റംവരുത്താനുള്ള അധികാരത്തോടുകൂടി താഴെപ്പറയുന്ന നിയമാവലിയും ഗാന്ധിജി മുന്നോട്ടു വച്ചു.

ഗ്രാമീണരോ ഗ്രാമീണമനോഭാവമുള്ളവരോ ആയ, പ്രായപൂർത്തിയായ അഞ്ചു പുരുഷന്മാരോ സ്ത്രീകളോ അടങ്ങുന്ന ഒരു യൂണിറ്റ് ഓരോ പഞ്ചായത്തിൽനിന്നും രൂപീകരിക്കാം.

അങ്ങനെയുള്ള രണ്ടു പഞ്ചായത്തുകൾ ചേർന്ന് അവരിൽനിന്നു തിരഞ്ഞെടുക്കുന്ന ഒരാളിന്റെ നേതൃത്വത്തിൽ ഒരു പ്രവർത്തകസംഘം രൂപീകരിക്കണം. അങ്ങനെ 100 പഞ്ചായത്തുകളാകുമ്പോൾ, തിരഞ്ഞെടുക്കപ്പെടുന്ന 50 പ്രാഥമികതല നേതാക്കൾ ചേർന്ന് അവരിൽനിന്ന് ഒരു ദ്വിതീയതല നേതാവിനെ തിരഞ്ഞെടുക്കണം. പ്രാഥമികതല നേതാക്കൾ ദ്വിതീയതല നേതാവിനു കീഴിൽ പ്രവർത്തിക്കണം. അങ്ങനെ ഇന്ത്യ മുഴുവനായി യൂണിറ്റുകൾ രൂപീകരിക്കപ്പെടുന്നതുവരെ ഈ പ്രക്രിയ തുടരണം. തിരഞ്ഞെടുക്കപ്പെടുന്ന ദ്വിതീയതല നേതാക്കൾ എല്ലാവരും ഒത്തൊരുമയോടെ അവരുടെ പ്രദേശത്തിനും ഇന്ത്യക്കു മുഴുവനുമായി സേവനം നടത്തണം. ആവശ്യമെന്നു വന്നാൽ അവർക്ക് ഒരു മുഖ്യനേതാവിനെ തിരഞ്ഞെടുക്കാം. അദ്ദേഹം പ്രവർത്തകസംഘങ്ങളെ നിയന്ത്രിക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്യും.

നിലവിലുള്ള കോൺഗ്രസിനെ ജനസേവകരുടെ ഒരു സന്നദ്ധസംഘടനയായി മാറ്റാനാണ് ആഗ്രഹിച്ചത്. ഒരു അഹിംസാധിഷ്ഠിത സമൂഹത്തിന്റെ സ്ഥാപനത്തിനായി ഇതു പ്രവർത്തിക്കണം. ലോക് സേവക സംഘത്തിന്റെ യോഗ്യതകൾ ഗാന്ധിജി വരച്ചു കാട്ടുന്നു.

***ലോക്സേവക സംഘം - അംഗങ്ങൾക്കുണ്ടാവേണ്ട യോഗ്യതകൾ***

1. ഓരോ സന്നദ്ധപ്രവർത്തകനും സ്വയം നെയ്തുണ്ടാക്കിയതോ അഖിലേന്ത്യാ നെയ്ത്തു സംഘം (All India Spinners Association) അംഗീകരിച്ചതോ ആയ ഖാദി ധരിക്കുന്ന ശീലമുള്ളവരായിരിക്കണം. ലഹരിമുക്തരായിരിക്കണം. ഒരു ഹിന്ദുവാണെങ്കിൽ അദ്ദേഹവും കുടുംബവും എല്ലാ തരത്തിലും രൂപത്തിലുമുള്ള അയിത്തം പരിപൂർണമായി ത്യജിക്കണം. സാമുദായിക ഐക്യത്തിൽ വിശ്വസിക്കുന്നവരും മതങ്ങളെ തുല്യമായി ആദരിക്കുന്നവരും ആകണം. വർഗ-വർണ-വിശ്വാസ-ലിംഗ വിവേചനങ്ങളില്ലാതെ എല്ലാവർക്കും അവസരസമത്വവും പദവിയും അംഗീകരിക്കുന്നവരുമാകണം.
2. തന്റെ അധികാരാതിർത്തിയിലുള്ള ഓരോ ഗ്രാമവാസിയുമായും വ്യക്തിബന്ധം പുലർത്തണം.
3. ഗ്രാമവാസികളിൽനിന്ന് സന്നദ്ധപ്രവർത്തകരെ കണ്ടെത്തി പേരു ചേർത്തു പരിശീലിപ്പിക്കുകയും അതിന്റെ രജിസ്റ്റർ സൂക്ഷിക്കുകയും വേണം.
4. ദൈനംദിന പ്രവർത്തനങ്ങളുടെ രേഖ സൂക്ഷിക്കണം.
5. കാർഷിക - കരകൗശല പ്രവർത്തനങ്ങളിലൂടെ സ്വയംപര്യാപ്ത ഗ്രാമങ്ങൾ രൂപീകരിക്കണം.
6. ശുചിത്വത്തിലും ആരോഗ്യത്തിലും ഗ്രാമവാസികൾക്കു വേണ്ട വിദ്യാഭ്യാസം നൽകുകയും രോഗങ്ങൾ തടയുന്നതിനു വേണ്ട മുൻകരുതലുകൾ സ്വീകരിക്കുകയും വേണം.
7. ഗ്രാമവാസികൾക്ക് ജനനം മുതൽ മരണം വരെ അടിസ്ഥാന വിദ്യാഭ്യാസകാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാനി താല്മി സംഘിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് വിദ്യാഭ്യാസം നൽകണം.

8. സമ്മതിദായക പട്ടികയിൽനിന്ന് കാണാതാകുന്നവരുടെ പേരുവിവരം അന്വേഷിക്കുകയും അവ പരിശോധിച്ച് രജിസ്റ്റർ ചെയ്യുകയും വേണം.

9. നിയമപരമായി സമ്മതിദാനാവകാശം ലഭിച്ചിട്ടില്ലാത്തവർക്ക് അതു നേടിക്കൊടുക്കുന്നതിന് സഹായിക്കണം.

10. മുകളിൽ പറഞ്ഞിരിക്കുന്നതും കാലാനുസൃതമായി കൂട്ടിച്ചേർക്കുന്നതുമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടി സംഘം നിഷ്കർഷിക്കുന്ന നിയമങ്ങൾക്കു വിധേയമായി കടമകൾ നിർവഹിക്കാൻ വേണ്ട പരിശീലനം നേടി യോഗ്യരായിരിക്കുകയും വേണം.

ലോക്സേവക സംഘം താഴെ പറയുന്ന സ്വയംഭരണപ്രസ്ഥാനങ്ങളെ അംഗങ്ങളെന്ന നിലയിൽ കൂട്ടിച്ചേർക്കണം.

1) അഖിലേന്ത്യാ നെയ്ത്തുസംഘം (AISA)

2) അഖിലേന്ത്യാ ഗ്രാമവ്യവസായ സംഘം (AIVIA)

3) ഹിന്ദുസ്ഥാനി താല്മി സംഘ്

4) ഹരിജൻ സേവക സംഘ്

5) ഗോസേവക് സംഘ്

ഗ്രാമീണരിൽനിന്നും മറ്റുള്ളവരിൽനിന്നും സംഘത്തിന്റെ ദൗത്യനിർവഹണത്തിനു വേണ്ട ധനം സമാഹരിക്കണം. ദരിദ്രജനങ്ങളുടെ ചില്ലിക്കാശുകളും ശേഖരിക്കാൻ ശ്രദ്ധകാണിക്കണം.

## പ്രബുദ്ധമായ അരാജകത്വം

### അരാജകത്വം

അരാജകത്വ (Anarchy) മെന്നതിന്റെ വാച്യാർഥം ഭരണകർത്താവിന്റെ അഭാവം എന്നാണ്. രാഷ്ട്രീയാർഥത്തിൽ ഇതൊരു ദർശനമാണ്. ജനങ്ങളുടെ കഴിവിനെ വിശ്വാസത്തിലെടുക്കുന്ന ഒന്നാണിത്. ഗ്രീക്ക്ഭാഷയിൽനിന്നാണ് ഇതിന്റെ നിഷ്പത്തി.

എല്ലാ തരത്തിലുമുള്ള ഭരണകൂടങ്ങളെയും അധികാരഘടനയെയും മേൽക്കോയ്മകളെയും അധീശത്വങ്ങളെയും നിഷേധിക്കുന്നവരാണ് അരാജകവാദികൾ. മുതലാളിത്തത്തെയും രാഷ്ട്രത്തെയും അതോടൊപ്പം മതാധികാരത്തെയും അവർ എതിർക്കുന്നു. പക്ഷേ, നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ ഇല്ലാത്ത സന്നദ്ധ കൂട്ടായ്മകളുടെ ഒരു ഫെഡറേഷനെന്ന നിലയിൽ സംഘടിപ്പിക്കപ്പെടുന്ന ഒരു വികേന്ദ്രീകൃതസമൂഹം സ്ഥാപിക്കാനുള്ള അന്വേഷണം അരാജകവാദികൾ നടത്തുന്നു. വ്യക്തിവാദത്തിന്റെ തീവ്രതലമാണ് അരാജകവാദം.

ഏതൊരു അരാജകത്വവാദിയെയും പോലെ ഗാന്ധിജിയും ഒരു പ്രബുദ്ധമായ അരാജകത്വം വിഭാവനം ചെയ്തു. “ഓരോരുത്തരും അവനവന്റെ ഭരണകർത്താവായി

മാറണം. അയൽക്കാരന്റെ സുസ്ഥിതിക്ക് തടസ്സം സൃഷ്ടിക്കാതെയുള്ള പെരുമാറ്റത്തിലൂടെയും പ്രവർത്തനത്തിലൂടെയും വേണം അതു സാധ്യമാക്കേണ്ടത്."

സ്വയം നിയന്ത്രിതമായ സാമൂഹികജീവിതം നിലനിൽക്കുന്ന ഒരു അഹിംസാത്മക രാഷ്ട്രമാണ് ഗാന്ധിജിയുടെ മാതൃകാരാഷ്ട്രം. അവിടെ ഭരണകർത്താവില്ല, പ്രജകളില്ല, ഭരണകൂടമില്ല, ആരും ഭരിക്കുന്നില്ല, ആരും ഭരിക്കപ്പെടുന്നുമില്ല. അഹിംസാതത്ത്വങ്ങളാൽ നയിക്കപ്പെടുന്ന, സ്വയം നിയന്ത്രിതരും പ്രബുദ്ധരുമായവർ ഉൾക്കൊള്ളുന്ന ഒരു തികഞ്ഞ രാഷ്ട്രമാണത്. സംശുദ്ധമായ അരാജകത്വമോ രാഷ്ട്രരഹിതസമൂഹമോ ക്ഷിപ്രസാധ്യമാക്കുക അത്ര എളുപ്പമല്ല. അതിനാൽ ഒരു അഹിംസാത്മകരാഷ്ട്രത്തിന്റെ ആവിർഭാവം എന്നതിലേക്കു ഗാന്ധിജിയുടെ ചിന്തകൾ നീങ്ങി. വ്യവസ്ഥാപിതമായ അരാജകത്വമുള്ള ഒരു അഹിംസാത്മക രാഷ്ട്രമായിരുന്നു അത്.

ഗാന്ധിജിയെ സംബന്ധിച്ച് രാഷ്ട്രീയാധികാരം എന്നത് സാമൂഹികമാറ്റത്തിനുള്ള ഒരു മാർഗം മാത്രമാണ്, അല്ലാതെ ലക്ഷ്യമല്ല. ദേശീയപ്രതിനിധികളാൽ ദേശത്തെ ജീവിതം നിയന്ത്രിക്കാനുള്ള ഒരു ഉപാധിമാത്രം. അങ്ങനെയുള്ള ആ രാഷ്ട്രത്തിൽ ഓരോരുത്തരും അവനവന്റെ ഭരണകർത്താവാകുന്ന പ്രബുദ്ധമായ അരാജകത്വമുള്ള ഒരു അവസ്ഥയായിരിക്കും.

ഗാന്ധിജി മൂന്നു ഘട്ടങ്ങളിലായാണ് പ്രബുദ്ധമായ അരാജകത്വം എന്ന ലക്ഷ്യം വിഭാവനം ചെയ്യുന്നത്. വൈദേശികമേധാവിത്വത്തിൽനിന്നു രാജ്യത്തെ വിമോചിപ്പിക്കുന്ന, രാഷ്ട്രീയസ്വാതന്ത്ര്യത്തിലധിഷ്ഠിതമായ പെട്ടെന്നുള്ള സ്വരാജാണ് പ്രാരംഭഘട്ടത്തിന്റെ ലക്ഷ്യം. ഗ്രാമീണ റിപബ്ലിക്കുകളുടെ ആവിർഭാവത്തിലൂടെ ഒരു അഹിംസാത്മകരാഷ്ട്രം രൂപപ്പെടുത്തുക എന്നതായിരിക്കും രണ്ടാംഘട്ട ലക്ഷ്യം. രാമരാജ്യം സാധ്യമാക്കുക എന്നതായിരിക്കും മൂന്നാംഘട്ട ലക്ഷ്യം. പ്രബലമായ അഹിംസാത്മകരാഷ്ട്രത്തെ ഒരു സമ്പൂർണ അഹിംസാത്മകരാഷ്ട്രമായി (രാമരാജ്യം) രൂപാന്തരപ്പെടുത്തണം.

**നമുക്കു ചെയ്യാം**

*ഗാന്ധിയുടെ സങ്കൽപത്തിലുള്ള രാഷ്ട്രവും പൊതു രാഷ്ട്രസങ്കൽപവും തമ്മിൽ താരതമ്യം ചെയ്യുക.*

### രാമരാജ്യം

സത്യത്തിലും അഹിംസയിലും അധിഷ്ഠിതമാണ് ഗാന്ധിജി വിഭാവനം ചെയ്യുന്ന മാതൃകാരാഷ്ട്രമായ രാമരാജ്യം. ഗാന്ധിയൻ രാമരാജ്യം എല്ലാവർക്കും തുല്യമായ അവകാശം ഉറപ്പു നൽകുന്നു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ മാതൃകാസമൂഹമെന്നത് ഒരു രാഷ്ട്രരഹിത ജനാധിപത്യമാണ്. അവിടെ ഓരോരുത്തരും അവനവന്റെ ഭരണാധികാരിയാകുന്നു. അയൽപക്കക്കാരനെ വിഷമിപ്പിക്കാതെ വ്യക്തികൾ അവരവരെത്തന്നെ ഭരിക്കുന്നു. രാഷ്ട്രരഹിതവ്യവസ്ഥയായതുകൊണ്ടുതന്നെ, മാതൃകാരാഷ്ട്രത്തിൽ രാഷ്ട്രീയക്കാരില്ല. രാഷ്ട്രവും ഭരണകൂടവും ഇല്ലായ്മചെയ്ത് പവിത്രമായ ധാർമികശക്തിയിൽ

അധിഷ്ഠിതമായ, ജനങ്ങളുടെ പരമാധികാരം നിലനിൽക്കുന്ന ഒരു മാതൃകാ രാഷ്ട്രരഹിതസമൂഹം സ്ഥാപിക്കാനാണ് ഗാന്ധിജി ആഗ്രഹിക്കുന്നത്. ഇത്തരത്തിലുള്ള മാതൃകാസമൂഹത്തെ അഥവാ രാഷ്ട്രരൂപത്തെ ഗാന്ധിജി രാമരാജ്യമെന്നു വിശേഷിപ്പിക്കുന്നു.

> *'രാമരാജ്യമെന്നതുകൊണ്ട് ഞാൻ അർഥമാക്കുന്നത് ഹിന്ദുരാജ്യമല്ല; അതൊരു ദൈവിക ഭരണമാണ്, ദൈവരാജ്യമാണ്. രാമനും റഹീമും എനിക്ക് ഏകവും തുല്യവുമായ ദൈവ സങ്കൽപ്പമാണ്. ഞാൻ സത്യമാകുന്ന ദൈവത്തെയല്ലാതെ മറ്റൊരു ദൈവത്തെയും അംഗീകരിക്കുന്നില്ല.'*
>
> *എം. കെ. ഗാന്ധി*

"ഉയർന്നവരോ താഴ്ന്നവരോ നിർധനരോ ലക്ഷാധിപതികളോ തൊഴിലാളികളോ അർധപട്ടിണിക്കാരായ തൊഴിലാളികളോ ഇല്ലാത്ത, മയക്കുമരുന്നുകളും ലഹരിവസ്തുക്കളുമില്ലാത്ത, സ്ത്രീകളെയും പുരുഷന്മാരെയും സമമായി ബഹുമാനിക്കുന്ന, അയിത്തം ഇല്ലാത്ത, എല്ലാ വിശ്വാസങ്ങളെയും തുല്യമായി ആദരിക്കുന്ന, അഭിമാനപൂർവം, സന്തോഷത്തോടെ സ്വമേധയാ അധ്വാനിച്ചു ജീവിക്കുന്ന" ഒരു ഇടം - ഭൂമിയിൽത്തന്നെ സ്വർഗരാജ്യം - കൊണ്ടുവരാനാണ് ഗാന്ധിജി പരിശ്രമിച്ചത്.

ശ്രീരാമനെ ഒരു മാതൃകാ ഭരണാധികാരിയായി ഗാന്ധിജി കരുതുന്നു. എല്ലാവർക്കും സന്തോഷവും ഐശ്വര്യവുമുള്ള, പ്രജകൾക്കു കാര്യക്ഷമമായ ഒരു ഭരണമാണ് ശ്രീരാമൻ സമ്മാനിച്ചത്. ശ്രീരാമൻ ഒരു പട്ടിയോടുപോലും നീതിപുലർത്തിയിരുന്നു എന്നാണ് പറയപ്പെടുന്നത്. അതിനാൽ ഗാന്ധിജി ശ്രീരാമനെ ഒരു മാതൃകാ ഭരണാധികാരിയായി പരിഗണിക്കുകയും ശ്രീരാമന്റെ പേര് അദ്ദേഹത്തിന്റെ മാതൃകാസമൂഹത്തിന് നൽകുകയും ചെയ്തു.

### രാമരാജ്യത്തിന്റെ സവിശേഷതകൾ

1. സത്യത്തിലും അഹിംസയിലും അധിഷ്ഠിതമാണ്.
2. ഗ്രാമീണ സ്വയംഭരണം ലക്ഷ്യംവയ്ക്കുന്നു.
3. ഓരോ വ്യക്തിയും അവനവന്റെ ഭരണകർത്താക്കളാണ്.
4. അധികാരകേന്ദ്രീകരണത്തെ എതിർക്കുകയും വികേന്ദ്രീകരണം നിഷ്കർഷിക്കുകയും ചെയ്യുന്നു.
5. സർവരുടെയും ക്ഷേമം ലക്ഷ്യംവയ്ക്കുന്നു.
6. രാമരാജ്യത്തിൽനിന്ന് ഉരുത്തിരിയുന്ന സംസ്കാരം ഗ്രാമീണവും കാർഷികവും ആയിരിക്കും.

7. ജയിലുകൾ പരിവർത്തനപാഠശാലകളായി മാറുകയും അഭികാമ്യമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയും ചെയ്യും.
8. പോലീസ് ജനസേവകരായി മാറുകയും പരിഷ്കർത്താക്കളായി പ്രവർത്തിക്കുകയും ചെയ്യും.
9. രാഷ്ട്രീയവും സാമ്പത്തികവും ധാർമികവുമായുള്ള നിയന്ത്രണങ്ങളിൽനിന്നു പരിപൂർണമായി സ്വതന്ത്രരായിരിക്കും.
10. രാമരാജ്യത്തിന്റെ പ്രാഥമികഘടകം ഗ്രാമസ്വരാജ് അഥവാ മാതൃകാ ഗ്രാമീണ റിപബ്ലിക്ക് ആയിരിക്കും.
11. സാമുദായികസംഘർഷങ്ങൾക്കു യാതൊരു ഇടവും ഉണ്ടായിരിക്കില്ല.
12. നീതിന്യായ കോടതികൾ ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ സംരക്ഷകരായിരിക്കും.
13. വ്യക്തിയുടെ അടിസ്ഥാനാവശ്യങ്ങൾ സഫലീകരിക്കുന്നതിനായി നിലകൊള്ളും.
14. സമരങ്ങളും വഴക്കുകളും വളരെ കുറവായിരിക്കും.
15. ട്രസ്റ്റീഷിപ്പ്, ബ്രഡ് ലേബർ, സ്വയംപര്യാപ്തത, ആവശ്യങ്ങൾ പരിമിതപ്പെടുത്തൽ, ലളിതജീവിതം, ഗ്രാമീണ - കുടിൽ വ്യവസായങ്ങൾ, സ്വദേശി എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

**നമുക്കു ചെയ്യാം**

*നല്ല ഭരണത്തിന്റെ ഘടകങ്ങൾ ഉൾക്കൊള്ളിച്ച് ഒരു കുറിപ്പ് തയാറാക്കുക. നല്ല ഭരണത്തിന് ഗാന്ധിയുടെയോ മഹാബലിയുടെയോ ആശയങ്ങൾ ഗുണകരമാണെന്നു നിങ്ങൾ കരുതുന്നുണ്ടോ?*

### സ്വരാജ്

ഹിന്ദ് സ്വരാജ് (ഇന്ത്യൻ ഹോം റൂൾ) എന്ന തന്റെ പുസ്തകത്തിലാണ് 'സ്വരാജ്' എന്ന ആശയം ഗാന്ധിജി ആദ്യമായി അവതരിപ്പിക്കുന്നത്. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവും, ധാർമികവുമായ എല്ലാം ഉൾച്ചേരുന്ന ഒരു ധാരണയാണ് ഗാന്ധിജിയെ സംബന്ധിച്ച് സ്വരാജ്. സ്വയംഭരണം, ആത്മസംയമനം എന്നൊക്കെ അർഥം വരുന്ന ഒരു പവിത്രമായ പദമാണിത്. എല്ലാതരം വിലക്കുകളിൽനിന്നും നിയന്ത്രണങ്ങളിൽനിന്നുമുള്ള സ്വാതന്ത്ര്യം എന്നർഥമില്ല; എല്ലാവിധ ഭരണകൂടനിയന്ത്രണങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം എന്നാണ് അർഥം. തന്റെ സ്വപ്നത്തിലുള്ളത് ദരിദ്രജനങ്ങളുടെ സ്വരാജാണെന്ന് ഗാന്ധിജി പറയുന്നു. അടിച്ചമർത്തപ്പെട്ടവരുടെയും ദരിദ്ര ജനകോടികളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതാണ് ഗാന്ധിജിയുടെ സ്വരാജ്. സമൂഹത്തിലെ ഏറ്റവും താഴേത്തട്ടിലുള്ള വ്യക്തിയുടെ സ്വാതന്ത്ര്യവും സ്വരാജിന്റെ പരിധിയിൽപ്പെടും എന്നർഥം.

ഗാന്ധിജി പറയുന്നു:

"സ്വരാജ് എന്നതുകൊണ്ട് ഞാൻ അർഥമാക്കുന്നത്, സ്ത്രീയും പുരുഷനും നാട്ടുകാരും കുടിയേറ്റക്കാരനും ഉൾപ്പെടെ കായികാധ്വാനം ചെയ്ത് നാടിനെ സേവിക്കുന്നവരും വോട്ടർമാരുമായി രജിസ്റ്റർ ചെയ്തവരുമായ, പ്രായപൂർത്തിയായ ഭൂരിപക്ഷം ജനങ്ങളുടെ

സമ്മതപ്രകാരമുള്ള ഇന്ത്യയുടെ ഭരണം എന്നാണ്." ഒരു ചെറിയവിഭാഗം അധികാരം ദുർവിനിയോഗം ചെയ്യുമ്പോൾ അതിനെ പ്രതിരോധിക്കാനുള്ള കരുത്ത് എല്ലാവരും ആർജിക്കുമ്പോഴാണ് യഥാർഥ സ്വരാജ് കരഗതമാകുന്നത്. അധികാരത്തെ നിയന്ത്രിക്കാനും ക്രമപ്പെടുത്താനുമുള്ള തങ്ങളുടെ കഴിവിനെപ്പറ്റി ജനസാമാന്യങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ടു മാത്രമേ സ്വരാജ് സാധ്യമാവുകയുള്ളൂവെന്നു പറയാം.

വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റി 'സ്വരാജ്' വിശദീകരിക്കുന്നു. സ്വയംഭരണം അഥവാ സ്വയംഭരണാവകാശം എന്നൊക്കെ സ്വരാജിനെ വിവർത്തനം ചെയ്യാം. ഓരോ വ്യക്തിയും തങ്ങളുടെ ജീവിതത്തിൽ സ്വയംഭരണത്തിലേക്കു ചുവടുവച്ചാൽ, ഇന്ത്യ സ്വാഭാവികമായും സ്വയംഭരണത്തിലേക്കു നടന്നുനീങ്ങുമെന്നാണ് ഗാന്ധിജി പറയുന്നത്. ഗാന്ധിജി ഓർമിപ്പിക്കുന്നു: "ഓരോരുത്തരും അവനവനായി സ്വരാജ് നേടേണ്ടതുണ്ട്." അദ്ദേഹം പറയുന്നു, "നമ്മൾ സ്വതന്ത്രരായാൽ ഇന്ത്യയും സ്വതന്ത്രമാകും. ഈ വിചാരത്തിൽ നിങ്ങൾക്ക് സ്വരാജിന്റെ നിർവചനം ലഭിക്കും. നാം എപ്പോഴാണ് നമ്മെത്തന്നെ ഭരിക്കാൻ പഠിക്കുന്നത്, അതാണ് സ്വരാജ്."

ലോകത്തിന്റെ താൽപ്പര്യങ്ങൾക്ക് ഉപരിയായി ജനങ്ങളുടെ ശരിയായ താൽപ്പര്യങ്ങളെപ്പറ്റിയുള്ള അറിവും അതു നേടാനുള്ള കരുത്തും സംബന്ധിച്ച് ജനങ്ങളിലുള്ള ഉണർവാണ് പൂർണസ്വരാജ് കൊണ്ട് അർഥമാക്കുന്നത്. ഐക്യം, ആഭ്യന്തരവും ബാഹ്യവുമായ അതിക്രമങ്ങളിൽനിന്നു സ്വാതന്ത്ര്യം, ജനങ്ങളുടെ സാമ്പത്തികാവസ്ഥയിലുള്ള പുരോഗമനപരമായ അഭിവൃദ്ധി എന്നൊക്കെ അത് അർഥമാക്കുന്നു. ഗാന്ധിജിയെ സംബന്ധിച്ച് വിദേശഭരണത്തിൽനിന്നുള്ള പൂർണമോചനവും സമ്പൂർണ സാമ്പത്തികസ്വാതന്ത്ര്യവുമാണത്. ഒരുവശത്ത് രാഷ്ട്രീയവും മറുവശത്തു സാമ്പത്തികവുമായ സ്വാതന്ത്ര്യം. ഇതുപോലെ മറ്റു രണ്ടുതലങ്ങൾകൂടിയുണ്ട്. ധാർമികവും സാമൂഹികവുമാണ് അവ. ഇതു നാലും ചേരുന്നതിനെയാണ് ഗാന്ധിജി 'സ്വരാജിന്റെ ചത്വര'മെന്നു വിളിക്കുന്നത്.

### ഗ്രാമസ്വരാജ്



ഗ്രാമപുനരുദ്ധാരണത്തിനു ഗാന്ധിജി മുന്നോട്ടുവച്ച മാതൃകയാണ് ഗ്രാമസ്വരാജ്. ഇതു പഴയ ഗ്രാമപ്പഞ്ചായത്തുകളുടെ പുനസ്സംഘടനയല്ല, നിലവിലെ ലോകക്രമത്തിനനുസരിച്ചുള്ള സ്വരാജിന്റെ സ്വതന്ത്രമായ ഗ്രാമഘടകങ്ങളുടെ രൂപീകരണമാണ്. അഹിംസയുടെ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക മേഖലകളിലെ പ്രായോഗിക സാക്ഷാൽക്കാരമാണ് ഗ്രാമസ്വരാജ്. പരിപൂർണാധികാരമുള്ള വികേന്ദ്രീകൃതമായ ചെറു രാഷ്ട്രീയഘടകങ്ങളാണ് ഈ ഗ്രാമങ്ങൾ. ഗ്രാമസ്വരാജിൽ ഏറ്റവും ഉയർന്ന അധികാരം വ്യക്തിയിൽ നിക്ഷിപ്തമാണ്.

ഗ്രാമസ്വരാജ് എന്നത് മനുഷ്യകേന്ദ്രീകൃതവും ചൂഷണരഹിതവും വികേന്ദ്രീകൃതവുമായ ലളിത ഗ്രാമീണസമ്പദ്‌വ്യവസ്ഥയാണ്. സ്വമേധയായുള്ള സഹകരണത്തിലൂടെ എല്ലാ പൗരർക്കും തൊഴിൽ ലഭ്യമാക്കുന്നതാകും ഈ സമ്പദ്‌വ്യവസ്ഥ. ഭക്ഷണം, വസ്ത്രം, മറ്റു ജീവിതാവശ്യങ്ങൾ എന്നിവയിൽ സ്വയംപര്യാപ്തത നേടുന്നതിനായിരിക്കും പൗരർ ഇവിടെ പ്രയത്നിക്കുക.

ഗാന്ധിജിയുടെ കാഴ്ചപ്പാടിലുള്ള ഗ്രാമസ്വരാജ് തങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾക്കായി അയൽക്കാരെ ആശ്രയിക്കാത്ത, എന്നാൽ അവശ്യഘട്ടങ്ങളിൽ പരസ്പരാശ്രയം മറ്റുള്ളവരിൽനിന്നു സ്വീകരിക്കുന്ന ഒരു ജനാധിപത്യ പരമാധികാര രാഷ്ട്രമാണ്. ആവശ്യമായ ഭക്ഷ്യവസ്തുക്കളും വസ്ത്രനിർമാണത്തിനുള്ള പരുത്തിയും ഉൽപ്പാദിപ്പിക്കുക എന്നതിനാണ് ഗ്രാമങ്ങൾ പ്രഥമ പരിഗണന നൽകേണ്ടത്. കന്നുകാലികളെ സൂക്ഷിക്കുന്നതിനും മുതിർന്നവർക്കും കുട്ടികൾക്കും വിനോദങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള കളിസ്ഥലത്തിനുമായി വേർതിരിച്ചിട്ടുള്ള പൊതുയിടം ഗ്രാമങ്ങളിലുണ്ടായിരിക്കണം. കൂടുതൽ സ്ഥലം ലഭ്യമാണെങ്കിൽ പുകയില, കഞ്ചാവ്, കറുപ്പ് തുടങ്ങിയവ ഒഴികെയുള്ള നാണ്യവിളകൾ ഉൽപ്പാദിപ്പിക്കാം. ഗ്രാമീണ നാടകശാല, വിദ്യാലയം, പൊതുഹാൾ എന്നിവ ഗ്രാമങ്ങളിൽ ഉണ്ടായിരിക്കണം. ശുദ്ധജലത്തിനായി ഗ്രാമങ്ങൾ സ്വന്തമായി കുടിവെള്ളവിതരണ പദ്ധതി നടപ്പാക്കണം. കിണറുകളും ടാങ്കുകളും വഴി ശുദ്ധജലവിതരണം ഉറപ്പാക്കണം. അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ അവസാനഘട്ടം വരെ നിർബന്ധിതമാണ്. കഴിയുന്നത്ര എല്ലാ പ്രവർത്തനങ്ങളും സഹകരണാടിസ്ഥാനത്തിൽത്തന്നെ നടപ്പിലാക്കണം. ജാതിവ്യവസ്ഥയോ തരംതിരിക്കപ്പെട്ട അയിത്താചരണമോ ഇവിടെ ഉണ്ടാവുകയില്ല. അഹിംസയും സത്യഗ്രഹവും പരസ്പരസഹകരണവുമായിരിക്കും പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗങ്ങൾ. ഇതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം ഗ്രാമസമൂഹം പരിശീലിക്കണം. ഗ്രാമസംരക്ഷണം നിർബന്ധിതസേവനമാക്കുകയും ഊഴമിട്ട് ഇതിനാവശ്യമായവരെ തിരഞ്ഞെടുക്കാനായി രജിസ്റ്റർ ഉണ്ടാക്കുകയും അതു പാലിക്കുകയും ചെയ്യണം. പഞ്ചായത്ത്ഭരണം നിർവഹിക്കുന്നതിനായി നിർദേശിക്കപ്പെട്ട അടിസ്ഥാനയോഗ്യതകളുള്ള അഞ്ചുപേരെ ഗ്രാമസമൂഹത്തിലെ പ്രായപൂർത്തിയായ സ്ത്രീ-പുരുഷന്മാർ ചേർന്നു വർഷാവർഷം തിരഞ്ഞെടുക്കണം. നിയമനിർമാണസഭയും നീതിന്യായവകുപ്പും ഭരണനിർവഹണവും പഞ്ചായത്ത് കൈകാര്യം ചെയ്യണം. വ്യക്തിസ്വാതന്ത്ര്യത്തിൽ അധിഷ്ഠിതമായ കുറ്റമറ്റ ജനാധിപത്യമായിരിക്കും ഇവിടെ പ്രയോഗത്തിലുണ്ടാവുക. ഈ വ്യക്തികളും അവരുടെ ഗ്രാമവും ലോകത്തിന്റെ ശക്തിയെത്തന്നെ നേരിട്ടെതിർക്കാൻ ശേഷിയുള്ളവരായിരിക്കും.

## ഗ്രാമസ്വരാജിന്റെ അടിസ്ഥാന തത്ത്വങ്ങൾ

1. *മനുഷ്യന്റെ ആധിപത്യം* : എല്ലാവർക്കും തൊഴിൽ- എല്ലാ ആളുകൾക്കും ജീവിക്കാനുള്ള അവകാശമുള്ളതിനാൽ ആഹാരത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനുമുള്ള മാർഗങ്ങൾ കണ്ടെത്തണം.

2. *ആഹാരത്തിനായുള്ള അധ്വാനം:* എല്ലാവരും അവരവരുടെ ആഹാരത്തിനായി മാത്രം അധ്വാനിച്ചാൽ അവിടെ എല്ലാവർക്കും ആവശ്യത്തിനു ഭക്ഷണവും വിശ്രമവുമുണ്ടാവും. അവിടെ ജനപ്പെരുപ്പം, രോഗങ്ങൾ, മറ്റു ദുരിതങ്ങൾ എന്നിവയെ ചൊല്ലിയുള്ള നിലവിളികളുണ്ടാകില്ല.

3. *സമത്വം:* അഹിംസാധിഷ്ഠിത സ്വാതന്ത്ര്യത്തിലേക്കുള്ള താക്കോലാണ് സാമ്പത്തികസമത്വം. തുല്യനീതിക്കായി നിലകൊള്ളുന്ന ഈ ആശയം ദുർബലരുൾപ്പെടെ ഏവരുടേയും നന്മയെ പ്രോത്സാഹിപ്പിക്കും.

4. *ട്രസ്റ്റീഷിപ്പ്:* സമ്പത്തിനെ ഇവിടെ സാമൂഹിക ആസ്തിയായാണു കണക്കാക്കുന്നത്. അതുകൊണ്ട് സമ്പന്നർ തങ്ങൾ കൈവശം വച്ചിരിക്കുന്ന സമ്പത്ത് വിട്ടുകൊടുക്കണം, വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടത് മിതമായി ഉപയോഗിച്ചുകൊണ്ട് ബാക്കിയുള്ളവ സമൂഹത്തിന്റെ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നതിന്റെ ചുമതലക്കാരായി പ്രവർത്തിക്കണം.

5. *വികേന്ദ്രീകരണം:* പരിപൂർണ വ്യക്തിത്വവികാസവും വ്യക്തിസ്വാതന്ത്ര്യവും സാധ്യമാവുക വികേന്ദ്രീകരണത്തിലൂടെ മാത്രമാണ്.

6. *സ്വദേശി:* കൂടുതൽ വിദൂരത്തുനിന്നുള്ള സേവനങ്ങൾ ഒഴിവാക്കി തൊട്ടടുത്ത ചുറ്റുപാടുകളിൽനിന്നുള്ളവ പരമാവധി ഉപയോഗപ്പെടുത്താനുള്ള നമ്മുടെയുള്ളിൽത്തന്നെയുള്ള ചേതോവികാരമാണ് സ്വദേശി.

7. *സ്വയംപര്യാപ്തത:* എല്ലാ ഗ്രാമങ്ങളും സ്വയം നിലനിലനിൽക്കുന്നവയും വേണ്ടിവന്നാൽ സ്വന്തം കാര്യങ്ങൾ നിർവഹിക്കാൻ ഏതറ്റംവരെയും പോകാനും മുഴുവൻ ലോകത്തെയും ചെറുക്കാനും കഴിവുള്ളവയായിരിക്കും.

8. *സഹകരണം:* കഴിയുന്നിടത്തോളം എല്ലാ പ്രവർത്തനങ്ങളും സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കണം.

9. *സത്യഗ്രഹം:* അഹിംസയും അതിന്റെ പ്രയോഗരൂപമായ സത്യഗ്രഹവും നിസ്സഹകരണവും ഗ്രാമസമൂഹത്തിന് അനുവദിക്കപ്പെട്ടിരിക്കുന്നു.

10. *മതങ്ങളുടെ തുല്യത :* എല്ലാ മതങ്ങൾക്കും പൂർണവും തുല്യവുമായ സ്ഥാനം.

11. *പഞ്ചായത്തീരാജ്:* അവശവിഭാഗങ്ങളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാനും ഇന്ത്യൻസമൂഹത്തിലെ ലക്ഷക്കണക്കിനാളുകൾക്ക് സന്തോഷം പ്രദാനം ചെയ്യാനുമുള്ള ഒരേയൊരു മാർഗമാണ് പഞ്ചായത്തീരാജ്.

12. *നയീ തലിം (അടിസ്ഥാനവിദ്യാഭ്യാസം):* സാക്ഷരത എന്നതു വിദ്യാഭ്യാസത്തിന്റെ തുടക്കം പോലുമല്ല; അറിവ് നേടുന്നതിനായി സ്ത്രീ-പുരുഷന്മാർക്കുള്ള ഒരു മാർഗമാണത്.

### രാഷ്ട്രീയപ്പാർട്ടികൾ

ജനാധിപത്യത്തിന്റെ ആരംഭകാലം മുതൽ ദൃശ്യമായിട്ടുള്ള സ്ഥാപനങ്ങളാണ് രാഷ്ട്രീയപ്പാർട്ടികൾ. തിരഞ്ഞെടുപ്പുകളിൽ പങ്കാളിയാകുന്നതിനും അധികാരത്തിലേറുന്നതിനുമായി ഒരു പൊതുവേദിയായി ഒത്തുചേരുന്ന ജനങ്ങളുടെ സംഘടനകളാണ് രാഷ്ട്രീയപ്പാർട്ടികൾ. തിരഞ്ഞെടുപ്പിൽ പങ്കാളിയാവുക, അധികാരത്തിൽ വരുക, നയങ്ങളും പ്രവർത്തനപരിപാടികളും മുന്നോട്ടുവയ്ക്കുക, നിയമങ്ങൾ ഉണ്ടാക്കുക, ഭരണകൂടം രൂപീകരിക്കുക, പ്രതിപക്ഷത്തിന്റെ കർത്തവ്യം നിർവഹിക്കുക, പൊതുതാൽപ്പര്യത്തിനു നിലകൊണ്ട് ക്ഷേമപരിപാടികൾ നടപ്പിലാക്കുക തുടങ്ങിയവയാണ് രാഷ്ട്രീയപ്പാർട്ടികളുടെ പ്രധാന പ്രവർത്തനങ്ങൾ. ഒരു രാഷ്ട്രീയപ്പാർട്ടിക്ക് മൂന്നു ഘടകങ്ങളാണുള്ളത് - നേതാക്കൾ, അംഗങ്ങൾ, അനുയായികൾ. ശക്തമായ പങ്കാളിത്തജനാധിപത്യത്തിനുള്ള അടിത്തറപാകുന്നത് രാഷ്ട്രീയപ്പാർട്ടികളായതിനാൽ ഇവ ജനാധിപത്യത്തിൽ അനിവാര്യമാണ്.

രാഷ്ട്രീയമണ്ഡലത്തെ രൂപപ്പെടുത്തുന്നതോ അതിനെ ബാധിക്കുന്നതോ അതിൽ ഉൾപ്പെടുന്നതോ ആയ എല്ലാ പ്രവർത്തനങ്ങളും രാഷ്ട്രീയപങ്കാളിത്തമാണ്. വോട്ട്ചെയ്യുക, പ്രകടനങ്ങളിൽ പങ്കെടുക്കുക, ജനപ്രതിനിധികൾക്ക് പരാതി അയയ്ക്കുക തുടങ്ങി ജനാധിപത്യചട്ടക്കൂടിനിണങ്ങുന്ന മറ്റു മാർഗങ്ങളും രാഷ്ട്രീയപങ്കാളിത്തത്തിന്റെ വ്യാപ്തിയിൽ ഉൾപ്പെടുന്നു.



#### ചിന്തിക്കുക, പങ്കുവയ്ക്കുക

*നിങ്ങൾക്കു പരിചിതമായ ഒരു രാഷ്ട്രീയപ്പാർട്ടിയുടെ പരിപാടികൾ, നയങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയുടെ പട്ടിക തയാറാക്കുക. അധികാരത്തിൽ എത്തിക്കഴിഞ്ഞാൽ രാഷ്ട്രീയപ്പാർട്ടികൾ പ്രകടനപത്രികയെ ഗൗരവമായി കാണുന്നുണ്ടോ എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുക.*



**നമുക്ക് അറിയാം**

രാഷ്ട്രീയപങ്കാളിത്തം എന്നതുകൊണ്ട് നാം മനസ്സിലാക്കുന്നത് സർക്കാരിന്റെ നയപരിപാടികളെ സ്വാധീനിക്കാനുള്ള സകാര്യവ്യക്തികളുടെ പ്രവർത്തനങ്ങളുടെ രൂപരേഖയെന്നാണ് - ഹണ്ടിങ്ടൺ ആൻഡ് നെൽസൺ(1976)

രാഷ്ട്രീയപങ്കാളിത്തം എന്നതിനെ നമുക്ക് ലളിതമായി ഇങ്ങനെ വിശദീകരിക്കാം: ഭരണകൂട നടപടികളെ സ്വാധീനിക്കുന്നതിനുള്ള ദൃഢനിശ്ചയം, അല്ലെങ്കിൽ ആ ഉദ്ദേശ്യത്തോടെയുള്ള ഇടപെടലുകൾ - പൊതുനയങ്ങൾ രൂപപ്പെടുത്തുന്നതിൽ അല്ലെങ്കിൽ നടപ്പാക്കുന്നതിൽ അല്ലെങ്കിൽ പരോക്ഷമായി നിയമനിർമാണം നടത്തുന്നവരുടെ തിരഞ്ഞെടുക്കലിൽ നടത്തുന്ന ഇടപെടലുകൾ - വെർബ (1995)

തിരഞ്ഞെടുപ്പുസമ്പ്രദായത്തിലെ പങ്കാളിത്തം വോട്ട് ചെയ്യുക എന്നതിൽ മാത്രം ഒതുങ്ങുന്ന ഒന്നല്ല. സ്വതന്ത്രമായ അഭിപ്രായപ്രകടനം, ഒത്തുചേരൽ, പൊതുവ്യവഹാരങ്ങളുമായുള്ള ബന്ധപ്പെടൽ എന്നിവയും രാഷ്ട്രീയപങ്കാളിത്തമെന്നതിൽ ഉൾപ്പെടുന്നു. തിരഞ്ഞെടുപ്പിൽ സ്ഥാനാർഥിയായി മത്സരിക്കാനും പ്രചാരണം നടത്താനും ജയിച്ച് ഭരണകൂടത്തിന്റെ ഏതു തലങ്ങളിലും ചുമതല നിർവഹിക്കാനും ഇത് വ്യക്തിഗതമായ അവസരം നൽകുന്നു. അന്താരാഷ്ട്രപ്രമാണങ്ങളനുസരിച്ച് സ്ത്രീക്കും പുരുഷനും രാഷ്ട്രീയപ്രക്രിയയിൽ തുല്യ അവകാശങ്ങളാണുള്ളത്.

### ദേശീയതയും അന്തർദേശീയതയും

ദേശീയത ഒരു ആധുനികപ്രതിഭാസമാണ്. 18-ാം നൂറ്റാണ്ടിലാണ് ദേശീയതയുടെ തുടക്കം. ആധുനികസമൂഹങ്ങളുടെ യോജിപ്പിനെ അടിസ്ഥാനമാക്കി അധികാരത്തിനായുള്ള അവരുടെ അവകാശവാദത്തെ സാധൂകരിക്കുന്ന രാഷ്ട്രീയതത്ത്വസംഹിതയെന്നു ദേശീയതയെ നമുക്കു നിർവചിക്കാം. ദേശീയതയുടെ കേന്ദ്രമെന്നതു നിലവിലുള്ളതോ ആഗ്രഹിക്കുന്നതോ ആയ ദേശരാഷ്ട്രത്തിന്മേലുള്ള ഭൂരിപക്ഷ ജനങ്ങളുടെ ആത്യന്തികമായ കൂറാണ്. ദേശരാഷ്ട്രം എന്നത് ഒരു രാഷ്ട്രീയവ്യവസ്ഥയുടെ ആദർശാത്മകവും നൈസർഗികവും അല്ലെങ്കിൽ സ്വാഭാവികവുമായ രൂപം എന്നതു മാത്രമല്ല - സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പ്രവർത്തനങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത ഒരു ചട്ടക്കൂടുമാണ്. ദേശീയതയെന്നതു രാഷ്ട്രീയവും മാനസികവുമായ ഏകീകരണത്തിനുള്ള മാർഗംകൂടിയാണ്. നിരവധി വിമോചനസമരങ്ങളിലും രാഷ്ട്രങ്ങളുടെ രൂപീകരണത്തിലും ദേശീയത ഒരു മുഖ്യവിഷയമായി.

ദേശീയത ചിലപ്പോൾ ഇടുങ്ങിയതും തങ്ങളുടെ സമൂഹത്തോട് ഒരുവനുള്ള അത്യധികമായ സ്നേഹത്തെ വളർത്തുന്നതിനു സഹായിക്കുന്നതും സമൂഹത്തിനു പുറത്തുള്ളവരോട് വെറുപ്പു പുലർത്തുന്നതുമായ ഒന്നാണ്. വ്യക്തികൾ ഇടുങ്ങിയ ദേശീയതയെ നിരാകരിച്ച് മറ്റു സമൂഹങ്ങളോട് ഐക്യദാർഢ്യപ്പെടാനും പൊതു ആവശ്യം മുൻനിർത്തി സഹകരിക്കാനും തയാറാവുമ്പോൾ, അത് അന്തർദേശീയതയെന്ന ആശയത്തെ രൂപപ്പെടുത്തും.

മഹാത്മാഗാന്ധിയുടെ വാക്കുകളിൽ, "എന്റെ ദേശീയതയോടുള്ള സ്നേഹം അല്ലെങ്കിൽ എന്റെ ദേശീയതാസങ്കൽപ്പം എന്നത് ആവശ്യമെങ്കിൽ രാജ്യത്തെ എല്ലാവരും മരിക്കേണ്ടി വന്നാലും എന്റെ രാജ്യം സ്വതന്ത്രമാകുന്നതാണ്. എന്നാലും മനുഷ്യകുലം നിലനിൽക്കും. അവിടെ വംശീയവിദ്വേഷത്തിന് ഇടമുണ്ടാവില്ല. അതായിരിക്കണം നമ്മുടെ ദേശീയത. നമ്മുടെ ദേശീയത ഒരിക്കലും മറ്റു രാഷ്ട്രങ്ങൾക്ക് അനർഥം ഉണ്ടാക്കുന്നതാവില്ല; ആരെയും ചൂഷണം ചെയ്യുന്നതുമാവില്ല, അതുപോലെത്തന്നെ നമ്മെ ചൂഷണം ചെയ്യാൻ ആരെയും അനുവദിക്കുന്നതുമാവില്ല. സ്വരാജിലൂടെ നാം മുഴുവൻ ലോകത്തെയും സേവിക്കും. എന്നെ സംബന്ധിച്ചിടത്തോളം ദേശസ്നേഹം മനുഷ്യസ്നേഹം തന്നെയാണ്. ഞാൻ മനുഷ്യനും മനുഷ്യത്വമുള്ളവനുമായതുകൊണ്ടാണ് രാജ്യസ്നേഹിയാകുന്നത്."

മഹാത്മാഗാന്ധിയുടെ അന്തർദേശീയത മഹത്തായ അഹിംസാനിയമത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ പ്രായോഗികത ഒന്നുമാത്രമാണ്. എല്ലാ ജീവജാലങ്ങളോടുമുള്ള നിരുപാധികവും പരിപൂർണവുമായ കരുണ എന്ന തത്ത്വത്തിൽ ഗാന്ധിജി വിശ്വസിക്കു

ന്നു. ഈശ്വരനിൽ വിശ്വസിക്കുന്ന ഏതൊരാളും സ്വാഭാവികമായി മറ്റു ജീവജാലങ്ങളുമായി തങ്ങളെ താരതമ്യം ചെയ്യാനുള്ള മനോഭാവം വച്ചുപുലർത്തും. എന്തുകൊണ്ടെന്നാൽ എല്ലാവരും ഈശ്വരന്റെ സൃഷ്ടികളാണ്. അദ്ദേഹം പറയുന്നു: "നാമെല്ലാം രൂപപ്പെട്ടിരിക്കുന്നത് ഒരേ ബ്രഷ് ഉപയോഗിച്ചാണ്; വിശാലമായ മനുഷ്യകുടുംബത്തിലെ അംഗങ്ങളാണ് നാം ഓരോരുത്തരും." അതിനാൽ മാനവരാശിയെ സ്നേഹിക്കുന്നത് അഹിംസയുടെ ഒരു തലമാകുന്നു. അന്തർദേശീയത എന്നതു രാഷ്ട്രീയ തലത്തിൽ മനുഷ്യകുലത്തോടുള്ള സാർവലൗകികസ്നേഹം തിരിച്ചറിയാനുള്ള ഒരു മാർഗമാണ്.

### പൗരസമൂഹം

പൗരസമൂഹം എന്ന പദത്തിനു വർത്തമാനകാല ഉപയോഗത്തിൽ വിശാല അർഥങ്ങളാണുള്ളത്. ഭരണകൂടത്തിൽനിന്നും വാണിജ്യമേഖലയിൽനിന്നും വ്യത്യസ്തമായി, ചിലപ്പോൾ കുടുംബവും മറ്റു സ്വകാര്യ ഇടങ്ങളുംകൂടി ഉൾപ്പെടുന്ന സമൂഹത്തിന്റെ മൂന്നാമത്തെ മേഖല(third sector)യായി പൗരസമൂഹത്തെ വിശേഷിപ്പിക്കുന്നു.

വ്യവസ്ഥാപിത ഭരണകൂടസ്ഥാപനങ്ങളുടെയും സാമ്പത്തികസ്ഥാപനങ്ങളുടെയും ഇടയിൽ വരുന്ന കുടുംബകൂട്ടായ്മകൾ, സന്നദ്ധസംഘടനകൾ, തൊഴിലാളിസംഘടനകൾ, മത-സാമുദായിക സംഘങ്ങൾ, അതുപോലുള്ള മറ്റു സമാന കൂട്ടായ്മകൾ എന്നിവയെയാണ് പൗരസമൂഹം എന്നു വിളിക്കുന്നത്.

പൗരസമൂഹത്തെ പുനസ്സംഘടിപ്പിക്കാതെ ഇന്ത്യ സ്വാതന്ത്ര്യം നേടിയാൽ അത് അപകടകരമാണെന്നു ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. സന്നദ്ധപ്രവർത്തനങ്ങൾക്കു ഗാന്ധിജി വലിയ ഊന്നൽ നൽകി. അതുകൊണ്ട് 1920-1930 കാലഘട്ടത്തിൽ ഗാന്ധിജിയുടെ പ്രേരണയിൽ നിരവധി പൗരസമൂഹ സന്നദ്ധസംഘടനകൾ ആരംഭിക്കുകയും പടർന്നു പന്തലിക്കുകയും ചെയ്തു. ഓൾ ഇന്ത്യ സ്പിന്നേഴ്സ് അസോസിയേഷൻ, ഓൾ ഇന്ത്യ വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ, ഹിന്ദുസ്ഥാനി താല്മി സംഘ്, ഹരിജൻ സേവക് സംഘ് തുടങ്ങിയവ ഈ ലക്ഷ്യം മുൻനിർത്തി അദ്ദേഹം സ്ഥാപിച്ചവയാണ്. ഗാന്ധിജിയുടെ ആശ്രമങ്ങളിലെ അന്തേവാസികളായിരുന്നു ഈ പൗരസമൂഹങ്ങൾ രൂപപ്പെടുത്തിയത്.

അഭ്യസ്തവിദ്യരുടെ നഗരപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പൗരസമൂഹം എന്ന പടിഞ്ഞാറൻ കാഴ്ചപ്പാടിൽനിന്നു ഭിന്നമായി ഗാന്ധിജിയുടെ പൗരസമൂഹം ഗ്രാമകേന്ദ്രീകൃതമാണ്. ചിലപ്പോഴൊക്കെ ഇത് ആശ്രമങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയുമായിരുന്നു. അവർ ഔപചാരികവിദ്യാഭ്യാസം പോലും നേടിയവരായിരുന്നില്ല. ഗാന്ധിജിയുടെ പൗരസമൂഹം രാഷ്ട്രത്തിൽനിന്നു തികച്ചും ഭിന്നമാണ്. രാഷ്ട്രത്തിന്റെ അധികാരങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മാർഗമായാണ് ഇതു പ്രവർത്തിക്കുക. രാഷ്ട്രത്തേക്കാൾ സാമൂഹിക ഇടപെടലുകൾ നടത്താനാകുന്ന ഏറ്റവും ഉചിതവേദിയായി പൗരസമൂഹത്തെ കാണാൻ കഴിയും. ഈ ഗാന്ധിയൻ പാരമ്പര്യമാണ് വൻതോതിലുള്ള അക്രമങ്ങളിൽനിന്നു മുക്തമായ, ജനാധിപത്യസമ്പ്രദായം ഇന്ത്യയിൽ നിലനിർത്തുന്നതിന് ഏറെ സഹായിച്ചിട്ടുള്ളത്. അതുകൊണ്ട് ഗാന്ധിജിയെ ഇന്ത്യയിലെ പൗരസമൂഹപ്രസ്ഥാനത്തിന്റെ ജനയിതാവ് എന്ന് ശരിയായ അർഥത്തിൽത്തന്നെ പറയാനാകും.

നമുക്ക് അറിയാം

ചാൾസ് ടെയ്‌ലർ സിവിൽ സൊസൈറ്റിയെ വിവരിക്കുന്നതിങ്ങനെ: പൊതുവായ വിഷയങ്ങളിൽ പൗരരെ ഒരുമിപ്പിച്ചുനിർത്തി, അവരുടെ നിലനിൽപ്പിലൂടെയും പ്രവർത്തനങ്ങളിലൂടെയും രാജ്യത്തെ പൊതുനയങ്ങളിൽ മാറ്റങ്ങൾ വരുത്താൻ കഴിയുന്ന, രാഷ്ട്രത്തിൽനിന്നു സ്വതന്ത്രമായ സ്വയംഭരണാധികാരമുള്ള കൂട്ടായ്മകളുടെ ഒരു ശൃംഖല.

### ഇന്ത്യൻ രാഷ്ട്രീയത്തിൽ ഗാന്ധിജിയുടെ പ്രാധാന്യം

ആധുനിക ഇന്ത്യൻ രാഷ്ട്രീയചിന്ത അരാജകത്വത്തിനു പ്രാബല്യമുള്ള ഒന്നാണ്. ഈ പാരമ്പര്യത്തിന്റെ പ്രതിനിധികളിലൊരാളാണ് മഹാത്മാഗാന്ധി. രാഷ്ട്രീയത്തിൽ നൈതികതയുടെ പ്രാധാന്യത്തിനു ഗാന്ധിജി കൂടുതൽ ഊന്നൽ നൽകി. മറ്റേതൊരു ചിന്തകനേക്കാളുമുപരി, ലക്ഷ്യത്തേക്കാൾ മാർഗത്തിനു പ്രാധാന്യം രാഷ്ട്രീയത്തിൽ നൽകണമെന്ന് അദ്ദേഹം പറയുന്നു. ജനാധിപത്യത്തിന്റെയും അഹിംസയുടെയും വളർച്ച പരസ്പരബന്ധിതമായാണ് അദ്ദേഹം കാണുന്നത്. അമിതമായ വ്യക്തിസ്വാതന്ത്ര്യത്തിനോടുള്ള എതിർപ്പും രാഷ്ട്രത്തിൽ അധികാരം കേന്ദ്രീകരിക്കുന്നതിനോടുള്ള വിയോജിപ്പും അദ്ദേഹത്തെ രാഷ്ട്രീയവികേന്ദ്രീകരണത്തിന്റെ വക്താവാക്കി മാറ്റി. ഗാന്ധിജിയുടെ ജനാധിപത്യത്തിൽ ഒരു വിഭാഗത്തിനു മറ്റൊരു വിഭാഗത്തെ ചൂഷണം ചെയ്യാൻ സാഹചര്യമുണ്ടാവില്ല. എല്ലാ പ്രശ്നങ്ങളും നിലനിൽക്കെത്തന്നെ, ഇന്ത്യ ഒരു ജനാധിപത്യരാഷ്ട്രമായി നിലനിൽക്കുന്നതിന്റെ കാരണം അതിന്റെ ഗാന്ധിയൻ പൈതൃകമാണ്. പാശ്ചാത്യമാതൃകയിലുള്ള രാഷ്ട്രീയസംവിധാനങ്ങളെ അനുകരിക്കുന്നതിനോട് ഗാന്ധിജിക്ക് എതിർപ്പായിരുന്നു. ഇന്ത്യക്ക് ഉതകുന്ന പഞ്ചായത്തുകൾ പോലെയുള്ള സമ്പ്രദായങ്ങളുടെ പുനരുജ്ജീവനമാണ് അദ്ദേഹം ആഗ്രഹിച്ചത്. രാജ്യത്ത് ശക്തമായ പൊതുസമൂഹത്തിനു വേണ്ടിയുള്ള അടിത്തറയിട്ടതും ഗാന്ധിജിതന്നെയാണ്.

### സംഗ്രഹം

- രാഷ്ട്രത്തിന്റെ വ്യവഹാരങ്ങളെ സംബന്ധിച്ചുള്ളതാണ് രാഷ്ട്രീയം.
- രാഷ്ട്രവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പ്രക്രിയകളെയുംപറ്റിയുള്ള വ്യവസ്ഥാപിത പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം.
- സമൂഹത്തിന്റെ രാഷ്ട്രീയസംഘടനമാണ് രാഷ്ട്രം. ഭരണകൂടത്തിന്റെ വിവിധ സ്ഥാപനങ്ങളിലൂടെ അതു പ്രവർത്തിക്കുന്നു.
- ജനത, ഭൂപ്രദേശം, ഭരണകൂടം, പരമാധികാരം എന്നീ നാലുഘടകങ്ങളാണ് രാഷ്ട്രത്തിനുള്ളത്.
- സ്വാതന്ത്ര്യം, നീതി, സമത്വം എന്നിവയാണ് മുഖ്യ രാഷ്ട്രീയമൂല്യങ്ങൾ.
- ഭൂമിയിലെ സ്വർഗരാജ്യത്തിന് വേണ്ടിയാണ് ഗാന്ധിജി നിലകൊണ്ടത്. അതിനാൽ രാഷ്ട്രീയസ്ഥാപനങ്ങളുടെ അധീശത്വത്തിന് ഗാന്ധിജി എതിരായിരുന്നു.


- ഗാന്ധിജിയെ സംബന്ധിച്ച്, പൊതുനന്മയ്ക്കായി എല്ലാവിഭാഗം ജനങ്ങളുടെയും ഭൗതികവും സാമ്പത്തികവും ആത്മീയവുമായ വിഭവങ്ങൾ സമാഹരിക്കുന്ന കലയും ശാസ്ത്രവുമാണ് ജനാധിപത്യം.
- പൊതുതീരുമാനമെടുക്കൽ പ്രക്രിയയിൽ പൗരർക്കും അവർ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾക്കും കൂടുതൽ അധികാരം, രാഷ്ട്രീയ അധികാരവികേന്ദ്രീകരണത്തിലൂടെ ലക്ഷ്യം വയ്ക്കുന്നു.
- യഥാർഥ ജനാധിപത്യത്തിന്റെ വിജയത്തിനുള്ള അടിസ്ഥാന ആവശ്യോപാധിയാണ് രാഷ്ട്രീയ അധികാരത്തിന്റെ വികേന്ദ്രീകരണമെന്നു ഗാന്ധിജി വിശ്വസിച്ചു.
- പാർലമെന്ററി ജനാധിപത്യത്തോടുള്ള ഗാന്ധിയൻ പ്രതികരണമാണ് പഞ്ചായത്തീരാജ്.
- സാമൂഹികനിയന്ത്രണങ്ങളും വ്യക്തിസ്വാതന്ത്ര്യവും തമ്മിലുള്ള സന്തുലനത്തിനായാണ് ഗാന്ധിജി നിലകൊണ്ടത്.
- സമൂഹത്തിന്റെ നന്മയ്ക്കായി സാമൂഹിക നിയന്ത്രണങ്ങളോടുള്ള വിധേയപ്പെടൽ, വ്യക്തിയെയും വ്യക്തി ഉൾക്കൊള്ളുന്ന സമൂഹത്തെയും കൂടുതൽ പരിപോഷിപ്പിക്കും.
- ഗാന്ധിജി ജീവിതത്തോട് ഒരു ധാർമിക ഭയഭക്തി പുലർത്തുകയും മനുഷ്യന്റെ സമത്വത്തിനായി പോരാടുകയും ചെയ്തു.
- സാമൂഹികവും രാഷ്ട്രീയവുമായ നീതിക്കായി ഗാന്ധിജി നിലകൊണ്ടു.
- ലളിതജീവിതത്തിലും ഉയർന്ന ചിന്തയിലും അധിഷ്ഠിതമാണ് ഗാന്ധിജിയുടെ കടമകളും അവകാശങ്ങളും സംബന്ധിച്ച ധാരണകൾ.
- അവകാശങ്ങളേക്കാൾ കടമകൾക്ക് ഗാന്ധിജി കൂടുതൽ പ്രാധാന്യം നൽകി.
- ഗാന്ധിജിയെ സംബന്ധിച്ച് ആധുനികകാലത്ത് രാഷ്ട്രീയത്തിൽ ഇടപെടുക എന്നത് ഒരു മതപരമായ കടമയാണ്.
- രാഷ്ട്രീയത്തിന്റെ ആത്മീയവൽക്കരിക്കലിനും രാഷ്ട്രീയത്തിൽ ലക്ഷ്യത്തേക്കാൾ മാർഗത്തിനു മുൻഗണന നൽകുന്നതിനും ഗാന്ധിജി നിലകൊണ്ടു.
- ഓരോ വ്യക്തിയും അവനവന്റെ ഭരണകർത്താവാകുന്ന ഒരു പ്രബുദ്ധമായ അരാജകത്വം ഗാന്ധിജി വിഭാവനം ചെയ്തു. അവന്റെ പെരുമാറ്റം അയൽക്കാരന്റെ പുരോഗതിക്കും നന്മയ്ക്കും തടസ്സം സൃഷ്ടിക്കാത്ത രീതിയിലുള്ളതായിരിക്കണം.
- സത്യത്തിന്റെയും അഹിംസയുടെയും അടിസ്ഥാനത്തിൽ പരിപൂർണമായി സംഘടിപ്പിക്കുന്നതാണ് ഗാന്ധിജി വിഭാവനം ചെയ്യുന്ന മാതൃകാരാഷ്ട്രമായ രാമരാജ്യം.
- ഗാന്ധിജിയുടെ അഭിപ്രായത്തിൽ സ്വരാജ് എന്നത് വൈദേശിക മേധാവിത്വത്തിൽനിന്നുള്ള പൂർണസ്വാതന്ത്ര്യവും പൂർണസാമ്പത്തികസ്വാതന്ത്ര്യവുമാണ്.
- ഗ്രാമപുനരുദ്ധാരണത്തിനുള്ള ഗാന്ധിയൻ മാതൃകയാണ് ഗ്രാമസ്വരാജ്.
- തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാനും അധികാരത്തിൽ വരാനുമുള്ള ലക്ഷ്യത്തോടെ ഒരു പൊതുവേദിയിൽ ഒത്തുചേരുന്ന ജനങ്ങളുടെ സംഘടനയാണ് രാഷ്ട്രീയപ്പാർട്ടികൾ.
- സാർവലൗകികസ്നേഹം ഉൾക്കൊള്ളുന്ന അഹിംസ എന്ന മഹാതത്ത്വത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ പ്രയോഗമാണ് ഗാന്ധിജിയുടെ അന്തർദേശീയത എന്നത്.
- ഇന്ത്യയിലെ പൗരസമൂഹത്തിന്റെ ജനയിതാവായി ഗാന്ധിജിയെ കരുതാം.

## എനിക്കു കഴിയും

- രാഷ്ട്രത്തിന്റെ സവിശേഷതകൾ തിരിച്ചറിയുന്നു.
- രാഷ്ട്രത്തിനുവേണ്ട അടിസ്ഥാന രാഷ്ട്രീയമൂല്യങ്ങളുടെ പട്ടിക തയാറാക്കുന്നു.
- രാഷ്ട്രത്തിന്റെ ഘടകങ്ങൾ തിരിച്ചറിയുന്നു.
- ഗാന്ധിജിയുടെ രാഷ്ട്രസങ്കൽപം വിശദീകരിക്കാനാവുന്നു.
- രാഷ്ട്രീയം സംബന്ധിച്ച് ഗാന്ധിജിയുടെ കാഴ്ചപ്പാട് വിലയിരുത്തുന്നു.
- ജനാധിപത്യം സംബന്ധിച്ച ഗാന്ധിജിയുടെ കാഴ്ചപ്പാട് വിശദീകരിക്കുന്നു.
- പാർലമെന്ററി ജനാധിപത്യവും അതു സംബന്ധിച്ച ഗാന്ധിയൻ കാഴ്ചപ്പാടും വിശകലനം ചെയ്യുന്നു.
- വികേന്ദ്രീകരണവും അതു സംബന്ധിച്ച ഗാന്ധിയൻ കാഴ്ചപ്പാടും വിലയിരുത്തുന്നു.
- കടമകളും അവകാശങ്ങളും സംബന്ധിച്ച ഗാന്ധിയൻ ധാരണകൾ വിശദീകരിക്കുന്നു.
- ലോക്സേവക സംഘത്തെപ്പറ്റി വിലയിരുത്തുന്നു.
- പ്രബുദ്ധമായ അരാജകത്വം എന്ന ഗാന്ധിയൻ ആശയം വിശകലനം ചെയ്യുന്നു.
- രാമരാജ്യം എന്ന ആശയം വിലയിരുത്തുന്നു.
- സ്വരാജ്, ഗ്രാമസ്വരാജ് എന്നിവ വിശദീകരിക്കുന്നു.
- ഇന്ത്യൻ പൗരസമൂഹത്തിന്റെ പ്രണേതാവായി ഗാന്ധിജിയെ വിലയിരുത്തുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. രാഷ്ട്രത്തിന്റെ പ്രധാന ഘടകങ്ങൾ കണ്ടെത്തി ഒരു ലഘുകുറിപ്പ് തയാറാക്കുക.
2. രാഷ്ട്രീയമൂല്യങ്ങളുടെ ഇന്നത്തെ പ്രസക്തി വിലയിരുത്തുക.
3. ലോക് സേവകസംഘത്തിന്റെ ഉത്ഭവവും ലക്ഷ്യങ്ങളും വിലയിരുത്തുക.
4. രാഷ്ട്രീയത്തെ ആത്മീയവൽക്കരിക്കുക എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്?
5. രാഷ്ട്രം എന്ന ആശയത്തെപ്പറ്റിയും അതു സംബന്ധിച്ച ഗാന്ധിജിയുടെ കാഴ്ചപ്പാടിനെപ്പറ്റിയും ലേഖനം തയാറാക്കുക.
6. മഹാത്മാഗാന്ധി പ്രബുദ്ധമായ അരാജകത്വത്തിനായി നിലകൊണ്ടു – പ്രസ്താവന വിശകലനം ചെയ്യുക.
7. "ഇന്ത്യയിലെ പൗരസമൂഹത്തിന്റെ പ്രണേതാവായി ഗാന്ധിജിയെ കരുതാം" – വിശകലനക്കുറിപ്പ് തയാറാക്കുക.
8. ഗാന്ധിജിയുടെ മാതൃകാസമൂഹം സംബന്ധിച്ച് വിശദമാക്കുന്ന ഒരു റിപ്പോർട്ട് തയാറാക്കുക.
9. ഗാന്ധിയൻ കാഴ്ചപ്പാടിൽ അധിഷ്ഠിതമായ രാഷ്ട്രീയവികേന്ദ്രീകരണത്തിന്റെ മേന്മകളെപ്പറ്റി വിശദമാക്കുക.
10. ഇന്ത്യൻ രാഷ്ട്രീയത്തിൽ മഹാത്മാഗാന്ധിയുടെ പ്രാധാന്യത്തെപ്പറ്റി ലേഖനം തയാറാക്കുക.



8

# മഹാത്മാഗാന്ധിയുടെ സാമ്പത്തികദർശനങ്ങൾ

Q8T1M2

## പ്രധാനാശയങ്ങൾ

- സാമ്പത്തികശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾ
- ഗാന്ധിയൻ സാമ്പത്തികശാസ്ത്ര ചിന്തകളുടെ ഉറവിടങ്ങൾ
- ഗാന്ധിജിയുടെ പ്രധാനപ്പെട്ട സാമ്പത്തികാശയങ്ങൾ
  - സാമ്പത്തികശാസ്ത്രവും നീതിശാസ്ത്രവും
  - ലളിതജീവിതവും ഉയർന്ന ചിന്തയും
  - ബ്രഡ് ലേബർ (ആഹാരത്തിനായുള്ള അധ്വാനം)
  - സ്വദേശി
  - ഖാദിയും ഗ്രാമവ്യവസായവും
  - സാമ്പത്തികസമത്വം
  - യന്ത്രവൽക്കരണവും നഗരവൽക്കരണവും
  - വികേന്ദ്രീകരണം
  - ട്രസ്റ്റീഷിപ്പ്
- വിനോബഭാവെ, ജെ.സി.കുമരപ്പ, ഇ.എഫ്.ഷുമാക്കർ എന്നിവരുടെ ഗാന്ധിയൻ സാമ്പത്തികചിന്തകളിലുള്ള സംഭാവനകൾ

സാമ്പത്തികശാസ്ത്രത്തിലെ പൊതുവായ ചില ആശയങ്ങളാണ് ഈ അധ്യായത്തിൽ ആദ്യം പരാമർശിക്കുന്നത്. ഗാന്ധിജിയുടെ സാമ്പത്തികശാസ്ത്രചിന്തകൾ ശരിയാംവിധം മനസ്സിലാക്കാൻ ഇത് അത്യാവശ്യമാണ്. ഗാന്ധിജിയുടെ പ്രധാന സാമ്പത്തികശാസ്ത്രചിന്തകളും വിനോബഭാവെ, ജെ.സി. കുമരപ്പ, ഇ.എഫ്. ഷുമാക്കർ എന്നിവരുടെ ആശയങ്ങളും വിശദീകരിക്കുന്നു.

## 1. സാമ്പത്തികശാസ്ത്രം

സാമ്പത്തികശാസ്ത്രത്തെപ്പറ്റി പൊതുവായ ചില കാര്യങ്ങൾ മുമ്പു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. അവ താഴെത്തന്നിരിക്കുന്ന സ്ഥലത്ത് എഴുതുക. തുടർന്ന് അവ നിങ്ങളുടെ ഗ്രൂപ്പിൽ ചർച്ചചെയ്യുക.

- പണം
- വില
- ബാങ്ക്
- ..............
- ..............
- ..............

ഈ സങ്കൽപ്പങ്ങളെല്ലാം തന്നെ നമ്മുടെ ദൈനംദിന ജീവിതത്തിൽ നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടവയാണ്. അതുകൊണ്ട് കുറേക്കൂടി ആഴത്തിൽ നമുക്ക് സാമ്പത്തികശാസ്ത്രത്തെ മനസ്സിലാക്കാം. സമ്പത്തെന്നു പറയുമ്പോൾ എന്തൊക്കെ കാര്യങ്ങളാണ് നമ്മുടെ മനസ്സിൽ കടന്നുവരുന്നത്?

താഴെ തന്നിരിക്കുന്ന ഓരോ പട്ടികയും ശീർഷകത്തിന് അനുസൃതമായ രീതിയിൽ പൂരിപ്പിക്കുക.

| സമ്പത്ത് | ക്ഷേമം | ദൗർലഭ്യം | വളർച്ചയും വികസനവും |
|---|---|---|---|
| • ഭൂമി | • സ്കോളർഷിപ്പുകൾ | • പ്രത്യേകതരം മരുന്നുകൾ | • പുതിയ പാലങ്ങൾ |
| • | • | • | • |
| • | • | • | • |
| • | • | • | • |

സമ്പത്ത്, ക്ഷേമം, ദൗർലഭ്യം, വളർച്ചയും വികസനവും എന്നിങ്ങനെ ശീർഷകങ്ങളിലായി സാമ്പത്തികശാസ്ത്രത്തെ നമുക്കു മനസ്സിലാക്കാം.

ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ പിതാവായ ആഡം സ്മിത്ത് (1723–1790)"ദേശസമ്പത്തിന്റെ സ്വഭാവത്തിലേക്കും കാരണങ്ങളിലേക്കുമുള്ള അന്വേഷണം" (An inquiry into the Nature and Causes of the Wealth of Nations) എന്ന ഗ്രന്ഥത്തിൽ സമ്പത്തിന്റെ ശാസ്ത്രമാണ് സാമ്പത്തികശാസ്ത്രമെന്നു നിർവചിച്ചു. സാമ്പത്തികശാസ്ത്രത്തിന്റെ ഈ ആദ്യ നിർവചനത്തിൽ സമ്പത്തിനു കൂടുതൽ പ്രാധാന്യം നൽകുന്നു. ഡേവിഡ് റിക്കാർഡോയും ജെ.എസ്. മില്ലും തോമസ് റോബർട്ട് മാൽത്തൂസും ജെ.ബി. സേയും ഉൾപ്പെട്ട ക്ലാസിക്കൽ സാമ്പത്തികശാസ്ത്ര ചിന്താധാരയുടെ നേതാവാണ് ആഡം സ്മിത്ത്. എന്നാൽ സാമ്പത്തികശാസ്ത്രത്തിന്റെ വളർച്ചയോടുകൂടി ഈ സിദ്ധാന്തം ചോദ്യംചെയ്യപ്പെട്ടു തുടങ്ങി.



നമുക്ക് അറിയാം

**ആഡം സ്മിത്ത് (1723 - 1790)** രാഷ്ട്രീയ സമ്പദ്ശാസ്ത്രത്തിന്റെയും ധർമതത്ത്വശാസ്ത്രത്തിന്റെയും ആചാര്യനായ സ്കോട്ടിഷ് ചിന്തകനാണ് ആഡം സ്മിത്ത്. സ്കോട്ടിഷ് നവോത്ഥാനത്തിലെ നായകരിൽ ഒരാളാണ് അദ്ദേഹം. ഗ്ലാസ്ഗോ സർവകലാശാലയിലെ (യു.കെ) പ്രഫസറായിരുന്ന ആഡം സ്മിത്തിന്റെ പ്രധാന കൃതികൾ: തിയറി ഓഫ് മോറൽ സെന്റിമെന്റ്സ് (1759), ആൻ ഇൻക്വയറി ഇൻടു ദി നേച്ചർ ആന്റ് കോസസ് ഓഫ് ദ വെൽത്ത് ഓഫ് നേഷൻസ് (1776)

നിങ്ങളുടെ ജീവിതത്തിൽ സമ്പത്ത് മാത്രമാണോ ക്ഷേമവും പുരോഗതിയും ഉറപ്പുവരുത്തുന്നത്?

സാമ്പത്തികശാസ്ത്രം സമ്പത്തിന്റെ ശാസ്ത്രമല്ല, മനുഷ്യന്റെ ക്ഷേമത്തെ കുറിച്ചുള്ളതാണെന്ന് ആൽഫ്രഡ് മാർഷൽ (1842–1924) നിർവചിച്ചു. 1890 ൽ പ്രസിദ്ധീകരിച്ച 'സാമ്പത്തികശാസ്ത്രത്തിന്റെ തത്ത്വങ്ങൾ' (Pinciples of Economics) എന്ന ഗ്രന്ഥത്തിലാണ് മാർഷൽ തന്റെ നിർവചനം അവതരിപ്പിച്ചത്.

**ആൽഫ്രഡ് മാർഷലിന്റെ സാമ്പത്തികശാസ്ത്ര നിർവചനം**

- മനുഷ്യന്റെ സാധാരണജീവിതത്തെക്കുറിച്ചുള്ള പഠനമാണ് സാമ്പത്തികശാസ്ത്രം.
- വ്യക്തിഗതമായും സാമൂഹികമായും മനുഷ്യൻ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും അവന്റെ ക്ഷേമത്തിനുവേണ്ടി ഭൗതികവസ്തുക്കൾ നേടുന്നതിനും ഉപയോഗിക്കുന്നതിനുമുള്ളതാണ്.
- സമ്പത്തിനെക്കുറിച്ചുള്ള പഠനമാണെങ്കിലും അതിലെല്ലാമുപരി ഇത് മനുഷ്യനെക്കുറിച്ചുള്ള പഠനംതന്നെയാണ്.

കാലക്രമേണ ഈ സിദ്ധാന്തവും ചോദ്യംചെയ്യപ്പെട്ടുതുടങ്ങി.

നിങ്ങളുടെ കൈവശമുള്ള പണംകൊണ്ട് നിങ്ങളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ കഴിയുമോ? എന്തുകൊണ്ടാണ് നിങ്ങളുടെ ചില ആഗ്രഹങ്ങൾ നിങ്ങൾ മാറ്റിവയ്ക്കുന്നത്?

മനുഷ്യന്റെ അനന്തമായ ആഗ്രഹങ്ങൾ പരിമിതമായ വിഭവങ്ങൾ കൊണ്ട് എങ്ങനെയാണ് നിറവേറ്റുന്നതെന്ന് വിശദമാക്കുന്നതാണ് സാമ്പത്തികശാസ്ത്രമെന്ന് ലയണൽ റോബിൻസ് പറഞ്ഞു. വിഭവങ്ങൾക്ക് ശോഷണം സംഭവിക്കുമ്പോൾ എങ്ങനെ ആവശ്യമുള്ളത് തിരഞ്ഞെടുക്കാം എന്നുള്ളതിന്റെ ശാസ്ത്രമാണതെന്ന് അദ്ദേഹം നിരീക്ഷിച്ചു.

1931 ൽ പ്രസിദ്ധീകരിച്ച 'സാമ്പത്തികശാസ്ത്രത്തിന്റെ സ്വഭാവവും പ്രാധാന്യവും' (Nature and Significance of Economics) എന്ന ഗ്രന്ഥത്തിലാണ് ലയണൽ റോബിൻസ് ഈ നിർവചനം അവതരിപ്പിച്ചത്.



നമുക്ക് അറിയാം

*ആവശ്യങ്ങളും വിവിധതരത്തിൽ ഉപയോഗപ്പെടുത്താവുന്ന ദുർലഭങ്ങളായ വിഭവങ്ങളും തമ്മിലുള്ള ബന്ധമെന്ന നിലയ്ക്ക് മനുഷ്യന്റെ പെരുമാറ്റത്തെക്കുറിച്ചു പഠിക്കുന്ന ശാസ്ത്രമാണ് സാമ്പത്തികശാസ്ത്രം.* *- എൽ. റോബിൻസ്*

- *മനുഷ്യന്റെ ആവശ്യങ്ങൾ എണ്ണമറ്റവയാണ്. അവ നിറവേറ്റുന്നതിനുള്ള വിഭവങ്ങൾ പരിമിതവും.*
- *പരിമിതമായ വിഭവങ്ങൾ വിവിധ ആവശ്യങ്ങൾക്കുപയോഗിക്കാവുന്നവയാണ്.*
- *വിഭവങ്ങൾ പരിമിതമായതിനാൽ തന്റെ ആവശ്യങ്ങളിൽ പ്രധാനപ്പെട്ടവ തിരഞ്ഞെടുക്കാൻ മനുഷ്യൻ നിർബന്ധിതനാകുന്നു.*

ഈ നിർവചനവും പലകാരണങ്ങളാൽ ചോദ്യംചെയ്യപ്പെട്ടു. ദുർലഭമായ വിഭവങ്ങൾ വർധിപ്പിക്കുന്നതിലൂടെയും വികസിപ്പിക്കുന്നതിലൂടെയും മനുഷ്യന്റെ വർധിത ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ കഴിയുമെന്നു ചില സാമ്പത്തികശാസ്ത്രജ്ഞർ വാദിച്ചു.

നമുക്ക് അറിയാം

### വളർച്ചയിലും വികസനത്തിലും അധിഷ്ഠിതമായ നിർവചനം

*പോൾ എ. സാമുവൽസൺ പറഞ്ഞു: "വ്യക്തികളോ സമൂഹങ്ങളോ പണം ഉപയോഗിച്ചും അല്ലാതെയും ദുർലഭങ്ങളും വിവിധ ആവശ്യങ്ങൾക്കുപയോഗിക്കുന്നവയുമായ ഉൽപ്പാദനവിഭവങ്ങൾ എങ്ങനെ വിനിയോഗിച്ച് കാലാനുസൃതമായി വിവിധ വസ്തുക്കൾ ഉൽപ്പാദിപ്പിക്കാമെന്നും അവ വ്യക്തികൾക്കും സമൂഹങ്ങൾക്കും വർത്തമാനകാലത്തും ഭാവിയിലുമുള്ള ഉപഭോഗത്തിനായി എങ്ങനെ വിതരണം ചെയ്യാമെന്നും പ്രതിപാദിക്കുന്ന ശാസ്ത്രമാണ് സാമ്പത്തികശാസ്ത്രം." എങ്ങനെ ദേശീയവരുമാനം വർധിപ്പിക്കാമെന്നും അവ എങ്ങനെയാണ് സമൂഹത്തിലെ തൊഴിലുകൾ നിർണയിക്കുന്നതെന്നുമുള്ള അന്വേഷണമാണ് ജെ.എം. കെയ്ൻസിന്റെ (1883-1946) അന്വേഷണത്തിൽ സാമ്പത്തികശാസ്ത്രം നിർവഹിക്കുന്നത്.*

വളർച്ചയിലും വികസനത്തിലും അധിഷ്ഠിതമായ സാമ്പത്തികശാസ്ത്രമാണ് പൊതുവെ സ്വീകരിക്കപ്പെട്ടത്. അതിന്റെ പ്രധാന സവിശേഷതകൾ ഇവയാണ്.

- പരിധിയില്ലാത്ത ആവശ്യങ്ങളും അവ നിറവേറ്റുന്നതിനായി പരിമിതമായ വിഭവങ്ങളും ഉള്ളതിനാലാണ് തിരഞ്ഞെടുപ്പ് അനിവാര്യമാകുന്നത്. അതുകൊണ്ട് ഏതാഗ്രഹത്തിനു മുൻഗണന കൊടുക്കണമെന്നും ഏതാഗ്രഹം മാറ്റിവയ്ക്കണമെന്നും നമുക്കു തീരുമാനിക്കേണ്ടിവരുന്നു.

- ആവശ്യങ്ങൾ വർധിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് ലഭ്യമായ വിഭവങ്ങൾ വർധിപ്പിക്കുന്നതിലൂടെ മാത്രമേ നമ്മുടെ വർധിച്ച ആവശ്യങ്ങൾ നിറവേറ്റപ്പെടാൻ കഴിയൂ.

- സാമ്പത്തികപ്രശ്നങ്ങൾ തിരിച്ചറിയുക മാത്രമല്ല, തൊഴിലില്ലായ്മ, ഉൽപ്പാദനം, പണപ്പെരുപ്പം എന്നീ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മാർഗങ്ങൾ ആരായുകയും നിർദേശങ്ങൾ നൽകുകയുമാണ് സാമ്പത്തികശാസ്ത്രം ചെയ്യുന്നത്.

- വ്യക്തികളിലും സമൂഹങ്ങളിലും വിഭവങ്ങൾ എങ്ങനെ വിതരണം ചെയ്യപ്പെടണമെന്നും സാമ്പത്തികശാസ്ത്രം നിർദേശിക്കുന്നു.

### നമുക്കു ചെയ്യാം

*സമ്പത്ത്, ക്ഷേമം, ദൗർലഭ്യം, വളർച്ചയും വികസനവും എന്നിവയിൽ അധിഷ്ഠിതമായി സാമ്പത്തികശാസ്ത്രത്തെ താരതമ്യം ചെയ്ത് ഒരു ലഘുകുറിപ്പ് തയാറാക്കുക.*

### ഒരു സമ്പദ്വ്യവസ്ഥയിലെ മുഖ്യപ്രശ്നങ്ങൾ

ഇതുപോലെ എല്ലാ സമ്പദ്വ്യവസ്ഥകളും മുഖ്യമായ ചില പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അവയാണ് ഇനി പരാമർശിക്കുന്നത്.

സാമ്പത്തികതീരുമാനങ്ങളെടുക്കുമ്പോൾ ചില നിർണായകചോദ്യങ്ങൾ നമുക്ക് അഭിമുഖീകരിക്കേണ്ടതുണ്ട്. വിഭവവിനിയോഗം, വിഭവവിതരണം, ലഭ്യമായ വിഭവങ്ങളുടെ

സമ്പൂർണമായ ഉപയോഗം, വിഭവ വർധനവ് എന്നിവ ഇതിൽ പ്രധാനമാണ്. ഇത് ദേശീയോൽപ്പാദനത്തിലും വ്യക്തിഗത സംരംഭങ്ങളിലും പ്രധാനമായി ഉന്നയിക്കപ്പെടുന്ന പ്രശ്നങ്ങളാണ്.

**പ്രവർത്തനം**

*നിങ്ങൾ ഒരു ചെറുകിടസംരംഭം ആരംഭിക്കുന്നുവെന്ന് സങ്കൽപ്പിക്കുക. എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം തീരുമാനങ്ങളാണ് നിങ്ങൾക്ക് എടുക്കേണ്ടിവരുക?*

- *ഏതു സംരംഭം ആരംഭിക്കണം?*
- *എവിടെ ആരംഭിക്കണം?*
-
-

### a. വിഭവവിഭജനം (Resource Allocation)

വിഭവങ്ങൾ ദുർലഭമായതാണ് ഈ പ്രശ്നത്തിനു കാരണം. പ്രധാനമായും മൂന്നു ചോദ്യങ്ങൾക്ക് ഉത്തരം കാണുമ്പോഴാണ് ഈ പ്രശ്നത്തിനു പരിഹാരം കാണാനാകുന്നത്.

*1. എന്ത്, എത്രമാത്രം ഉൽപ്പാദിപ്പിക്കണം?*

ഏത് ആവശ്യത്തിനാണ് മുൻഗണന നൽകേണ്ടതെന്ന് തീരുമാനിക്കേണ്ടത് അത്യാവശ്യമാണ്. വിഭവങ്ങൾ സുലഭമായിരുന്നുവെങ്കിൽ ഈ പ്രശ്നം ഉണ്ടാകുമായിരുന്നില്ല.

- ഒരു സമ്പദ്വ്യവസ്ഥയ്ക്ക് നിരവധി ചരക്കുകളും സേവനങ്ങളും ഉൽപ്പാദിപ്പിക്കേണ്ടതുണ്ട്. വിഭവങ്ങൾ പരിമിതമായതിനാൽ എന്ത് ഉൽപ്പാദിപ്പിക്കണമെന്ന് മുൻഗണന നിശ്ചയിക്കേണ്ടിവരുന്നു. മാത്രവുമല്ല, ഒരു വസ്തു കൂടുതലായി ഉൽപ്പാദിപ്പിക്കുമ്പോൾ അത് മറ്റൊരു വസ്തുവിന്റെ ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കും. അതിനാൽ ഏതളവിൽ ഉൽപ്പാദിപ്പിക്കണമെന്നും തീരുമാനിക്കേണ്ടിവരുന്നു. ഉദാഹരണത്തിന്, സമാധാനകാലത്ത് ഒരു സമ്പദ്വ്യവസ്ഥയിൽ കൃഷിക്കും മറ്റ് ഉപഭോഗസാധനങ്ങളുടെ ഉൽപ്പാദനത്തിനുമായിരിക്കും മുൻഗണന നൽകുക. എന്നാൽ യുദ്ധകാലത്ത് വിഭവങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് യുദ്ധസാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്നതിനായിരിക്കും.
- ഏതു ചരക്കാണ് ഉൽപ്പാദിപ്പിക്കേണ്ടതെന്നു നിശ്ചയിച്ചു കഴിഞ്ഞാൽ അവ എത്ര അളവിൽ ഉൽപ്പാദിപ്പിക്കണമെന്ന് തീരുമാനിക്കുന്നതിനാണ് പിന്നെ പ്രാധാന്യം.

*2. എങ്ങനെ ഉൽപ്പാദിപ്പിക്കണം?*

സാങ്കേതികവിദ്യയുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടാണ് ഈ പ്രശ്നം ഉദിക്കുന്നത്. എന്ത്, ഏതളവിൽ ഉൽപ്പാദിപ്പിക്കണമെന്നു തീരുമാനിച്ചുകഴിഞ്ഞാൽ ഏതെല്ലാം വിഭവങ്ങൾ ഉപയോഗിച്ച് ഏതേത് സാങ്കേതികരീതികളിൽ അവ ആര് ഉൽപ്പാദിപ്പിക്കണം എന്നുള്ളതാണ് അടുത്തതായി തീരുമാനിക്കേണ്ടത്. ഒരേ വസ്തുതന്നെ വിവിധ സാങ്കേതികരീതികളിൽ പലതോതിൽ വിഭവങ്ങൾ സംയോജിപ്പിച്ച് ഉൽപ്പാദിപ്പിക്കാവുന്നതാണ്. സാങ്കേതികവിദ്യയെ പ്രധാനമായും രണ്ടുരീതിയിൽ തരംതിരിക്കുന്നു.

- അധ്വാന കേന്ദ്രീകൃത ഉൽപ്പാദനവിദ്യ

  കൂടുതൽ തൊഴിൽശക്തിയും കുറച്ച് മൂലധനവും ഉപയോഗിച്ച് ഉൽപ്പാദനം നടത്തുന്ന രീതിയാണിത്.

- മൂലധനകേന്ദ്രീകൃത ഉൽപ്പാദനവിദ്യ

  കൂടുതൽ മൂലധനവും കുറച്ച് തൊഴിൽശക്തിയും ഉപയോഗിച്ച് ഉൽപ്പാദനം നടത്തുന്ന രീതിയാണിത്. സമ്പദ്വ്യവസ്ഥയുടെ ആവശ്യകത, വിഭവങ്ങളുടെ ലഭ്യത എന്നിവ കണക്കിലെടുത്ത് വേണം ഏതു രീതിയിലുള്ള സാങ്കേതികവിദ്യ വേണമെന്നു തീരുമാനിക്കുന്നത്.

3. ***ആർക്കുവേണ്ടി ഉൽപ്പാദിപ്പിക്കണം?***

ഉൽപ്പാദിപ്പിക്കപ്പെടുന്ന ചരക്കുകളും സേവനങ്ങളും ജനങ്ങൾക്ക് എങ്ങനെ വിതരണം ചെയ്യണം എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

- ഉൽപ്പാദനോന്മുഖവിതരണം – പ്രാഥമികമായി ഉൽപ്പാദനത്തിലൂടെ സ്വരൂപിക്കുന്ന വരുമാനം ഉൽപ്പാദനഘടകങ്ങളിന്മേലാണ് വിതരണം ചെയ്യേണ്ടത്; ഭൂമി, അധ്വാനശക്തി, മൂലധനം, സംരംഭകർ എന്നിവയാണ് ഉൽപ്പാദനഘടകങ്ങൾ.
- സമൂഹോന്മുഖവിതരണം – രണ്ടാമതായി അതേ വരുമാനം വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി വിതരണം ചെയ്യുന്നു.

**b. വിഭവങ്ങളുടെ സമ്പൂർണ ഉപയോഗം**

ലഭ്യമായ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം എന്നത് എല്ലാ സമ്പദ്വ്യവസ്ഥകളും നേരിടുന്ന പ്രശ്നമാണ്. കുറഞ്ഞ പരിശ്രമത്തിലൂടെ വിഭവങ്ങളുടെ അമിതവ്യയം ഇല്ലാതെ പരമാവധി ഉൽപ്പാദനം സാധ്യമാക്കുക എന്നതാണ് വിഭവങ്ങളുടെ സമ്പൂർണ ഉപയോഗം എന്നതുകൊണ്ട് അർഥമാക്കുന്നത്.

**c. വിഭവവർധനവ്**

ലഭ്യമായ വിഭവങ്ങളുടെ വർധനവ് സമ്പദ്വ്യവസ്ഥകളുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. വിഭവങ്ങളുടെ കാര്യക്ഷമമായ വർധനവിലൂടെ മാത്രമേ ജനങ്ങളുടെ ജീവിതനിലവാരം



നമുക്ക് അറിയാം

**ഉൽപാദനഘടകങ്ങൾ**

***ഭൂമി*** *: മണ്ണ്, ജലം, വായു, ധാതുക്കൾ, സസ്യജാലങ്ങൾ തുടങ്ങി ഉൽപ്പാദനത്തിനു പയോഗിക്കുന്ന എല്ലാ പ്രകൃതിവിഭവങ്ങളും ഭൂമി എന്ന സാമ്പത്തികസങ്കൽപ്പത്തിൽ ഉൾപ്പെടുന്നു. ഭൂമിയുടെ ഉപയോഗത്തിനു ലഭിക്കുന്ന പ്രതിഫലം വാടകയാണ് (rent).*

***അധ്വാനം*** *: ചരക്കുകളും സേവനങ്ങളും സമ്പാദിക്കുന്നതിനുള്ള അധ്വാനത്തെയാണ് തൊഴിൽ എന്നു പറയുന്നത്. തൊഴിലിനു ലഭിക്കുന്ന പ്രതിഫലം കൂലിയാണ്.*

***മൂലധനം*** *: യന്ത്രങ്ങൾ, പണം, കെട്ടിടങ്ങൾ, ഉപകരണങ്ങൾ എന്നിവയെല്ലാം മൂലധനത്തിന്റെ പരിധിയിൽവരുന്നു. മൂലധനനിക്ഷേപത്തിൽനിന്നുള്ള പ്രതിഫലമാണ് പാട്ടം.*

***സംരംഭകർ*** *: മറ്റെല്ലാ ഉൽപ്പാദനോപാധികളെയും സംയോജിപ്പിച്ച് ലാഭത്തിനായി ഉൽപ്പാദനപ്രക്രിയക്ക് നേതൃത്വം നൽകുന്നവരാണ് സംരംഭകർ. സംരംഭകത്വത്തിനുള്ള പ്രതിഫലമാണ് ലാഭം.*

ഉയർത്താൻ സാധിക്കൂ. മൂലധനസ്വരൂപണത്തിന്റെ നിരക്ക്, മുതൽമുടക്ക്, നിക്ഷേപം എന്നിവ ഇതുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കേണ്ട വിഷയങ്ങളാണ്.

### ഗാന്ധിജിയുടെ സാമ്പത്തികാശയങ്ങളുടെ ഉറവിടങ്ങൾ

പരമ്പരാഗതമായ നമ്മുടെ ധാരണയനുസരിച്ചുള്ള സാമ്പത്തികശാസ്ത്രജ്ഞനല്ല ഗാന്ധിജി. ഗാന്ധിജിയുടെ സാമ്പത്തികചിന്തകൾ പൊടുന്നനെ രൂപപ്പെട്ടവയല്ല. ശുദ്ധ ഭൗതികചിന്തയുടെ അടിത്തറയിൽ രൂപപ്പെട്ട സാമ്പത്തികശാസ്ത്രത്തെ ഗാന്ധിജി ആത്മീയതയുടെ തലത്തിലേക്ക് ഉയർത്തുകയാണു ചെയ്തത്.

തന്റെ സാമ്പത്തികശാസ്ത്രചിന്തകൾ രൂപപ്പെടുത്തുന്നതിൽ നിരവധി ഉറവിടങ്ങൾ ഗാന്ധിജിയെ സ്വാധീനിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയായ ഹിന്ദുധർമശാസ്ത്രം, ക്ലാസിക്കൽ സാമ്പത്തികശാസ്ത്രത്തിന് പാശ്ചാത്യചിന്തകരിൽനിന്നുണ്ടായ വിമർശനങ്ങൾ, ബ്രിട്ടീഷ് സാമ്രാജ്യത്വഭരണം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലുണ്ടാക്കിയ ആഘാതങ്ങൾ എന്നിവയാണ് ഇവിടെ പരാമർശിക്കുന്നത്.

**ചിന്തിക്കുക, പങ്കുവയ്ക്കുക**



*എം.കെ. ഗാന്ധിയുടെ സാമ്പത്തികദർശനങ്ങൾ രൂപപ്പെടുത്താൻ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?*

- *ഭഗവദ്ഗീത,*
- *മഹദ്‌വ്യക്തിത്വങ്ങൾ*

### 1. ഹിന്ദുധർമശാസ്ത്രം

ഗാന്ധിജിയുടെ എല്ലാ ചിന്തകളുടെയും അടിസ്ഥാന ഉറവിടം ഹിന്ദുധർമശാസ്ത്രമാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട രണ്ടു ചിന്തകളാണ് ധർമവും മോക്ഷവും. സാമൂഹികക്രമം നിലനിർത്താൻ ഒരാൾ അനുഷ്ഠിക്കുന്ന കർത്തവ്യമാണ് ധർമം. ഇതുപ്രകാരം എല്ലാ വ്യക്തികൾക്കും ചില കർത്തവ്യങ്ങളുണ്ട്. സാമൂഹികക്രമം നിലനിർത്തുന്നതിന് എല്ലാവരും അവരവരുടെ കർത്തവ്യങ്ങൾ സത്യസന്ധമായി നിർവഹിക്കണം. ഇതവന്റെ കടമയാണ്. ഹിന്ദുധർമത്തിൽ തൊഴിൽ എന്നത് ഒരാളുടെ ധാർമിക ഉത്തരവാദിത്വമാണ്. സാമ്പത്തികതാൽപ്പര്യങ്ങൾ ധാർമികനിയമങ്ങളോടു ചേർന്നുപോകണം. വ്യക്തിഗതനേട്ടത്തേക്കാൾ കൂട്ടായ ക്ഷേമത്തിനാണ് ഇവിടെ മുൻതൂക്കം. ഇന്ത്യൻ ആത്മീയതയുടെ ആത്യന്തികലക്ഷ്യം എന്നു പറയുന്നത് മോക്ഷസാക്ഷാൽക്കാരമാണ്. ഭൂമിയിലുള്ള ജീവിതചക്രത്തിൽനിന്നുള്ള മോചനമാണിത്. ഇത് ഇഹലോകത്തെ നിഷേധിക്കുന്നതല്ല. സ്വാർഥതയിൽനിന്നും ആസക്തികളിൽനിന്നുമുള്ള മോചനമാണ് മോക്ഷം. ധർമത്തിന്റെ ശുദ്ധീകരണമാണത്. ധർമവും മോക്ഷവും തമ്മിലുള്ള സംയോജനം ഒരുവന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കുക എന്നതാണ് ഗാന്ധിയൻ സാമ്പത്തികശാസ്ത്രത്തിന്റെ അടിത്തറ.

### 2. മഹാചിന്തകർ

**ജോൺ റസ്കിൻ (1819 – 1900)**

സമ്പത്തിന്റെ ശാസ്ത്രമാണ് സാമ്പത്തികശാസ്ത്രമെന്ന ആഡം സ്മിത്തിന്റെ ആശയത്തെ ജോൺ റസ്കിൻ നിശിതമായി വിമർശിക്കുന്നു. റസ്കിന്റെ ആശയങ്ങൾ

ഗാന്ധിജിയുടെ സാമ്പത്തിക ചിന്തകളെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്. ഗാന്ധി പറയുന്നു: "എന്റെ പല പ്രധാന ആശയങ്ങളും കണ്ടെത്തലുകളും റസ്കിൻ എഴുതിയ പുസ്തകത്തിലുണ്ട്. അതിനാലാണ് അതെന്നെ ഇത്രയധികം സ്വാധീനിച്ചതും എന്റെ ജീവിതം തന്നെ മാറ്റിമറിച്ചതും."




**സാമ്പത്തികമനുഷ്യൻ**

സാമ്പത്തികമനുഷ്യൻ എന്നപദം പത്തൊൻപതാം നൂറ്റാണ്ടിലാണ് രൂപപ്പെടുന്നത്. ഇതൊരു സാങ്കിൽപ്പിക വ്യക്തിയാണ്. യുക്തിപരമായി പൂർണ അറിവോടുകൂടി പ്രവർത്തിക്കുന്ന ഒരു വ്യക്തിയാണിത്. തന്റെ സ്വകാര്യഉപയുക്തതയെ അതിന്റെ പാരമ്യത്തിൽ എത്തിക്കുന്ന ഇയാൾക്ക് സ്വകാര്യതാൽപ്പര്യങ്ങളില്ല. ഈ സാങ്കൽപ്പിക മനുഷ്യൻ സാമ്പത്തികമാതൃകകൾക്ക് അനുസരിച്ച് ഉപഭോഗസന്തുലനം കൈവരിക്കാൻ ശ്രമിക്കുന്ന ആളാണ്. സാമ്പത്തികമനുഷ്യന്റെ എല്ലാ തിരഞ്ഞെടുപ്പുകളുടെയും അടിസ്ഥാനം അദ്ദേഹത്തിന്റെ ഉപയുക്തതയുടെ സാക്ഷാൽക്കാരമാണ്. ഏതൊരു സാഹചര്യത്തിന്റെയും ശേഷികൾ പരമാവധി വിനിയോഗിക്കാൻ കഴിയുന്ന വ്യക്തിയാണ് സാമ്പത്തികമനുഷ്യൻ.

റസ്കിന്റെ 'അൺ ടു ദി ലാസ്റ്റ്' എന്ന പുസ്തകത്തെക്കുറിച്ചാണ് ഗാന്ധിജി ഇവിടെ പരാമർശിക്കുന്നത്. 'പരമാവധി ജനങ്ങൾക്ക് പരമാവധി നന്മ' എന്ന സാമ്പത്തികാശയത്തെ റസ്കിൻ തള്ളിക്കളയുന്നു. 'പരമാവധി സംതൃപ്തി, സാമ്പത്തികമനുഷ്യൻ' എന്നീ ആശയങ്ങളെ റസ്കിൻ നിശിതമായി വിമർശിക്കുന്നു. "ഇവ മനുഷ്യന്റെ ധാർമികമായ ജീവിതത്തോടു ചേർന്നു നിൽക്കുന്നതല്ല. ഇതിനെക്കുറിച്ച് ഗാന്ധിജി പറയുന്ന 'പരമാവധി ജനങ്ങൾക്ക് പരമാവധി നന്മ' എന്ന തത്ത്വത്തിൽ ഞാൻ വിശ്വസിക്കുന്നില്ല. മറ്റൊരർഥത്തിൽ 51 ശതമാനത്തിന്റെ ഗുണത്തിനുവേണ്ടി 49 ശതമാനത്തെ ബലികഴിക്കാൻ ഈ തത്ത്വമനുസരിച്ച് അവർ തയാറാകും. ഹൃദയമില്ലാത്ത ഒരു തത്ത്വശാസ്ത്രമാണത്." (മഹാദേവ് ദേശായിയുടെ ഡയറി - 1 (1953) പുറം - 149). 'പരമാവധി ജനങ്ങൾക്ക് പരമാവധി നന്മ' എന്ന സൂത്രവാക്യം അഹിംസയുടെ വക്താവിന് സ്വീകരിക്കാനാവില്ല എന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. അതുപോലെ ആധുനിക വ്യവസായവൽക്കരണത്തെയും റസ്കിൻ വിമർശനവിധേയമാക്കുന്നു. വ്യവസായവൽക്കരണത്തിനുവേണ്ടി നടത്തുന്ന രീതികൾ കഠിനവും അനീതി നിറഞ്ഞതും തൊഴിലാളികളുടെ അന്തസ്സ് കുറയ്ക്കുന്നതുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. പ്രവൃത്തിയെ മൂർത്തമാക്കുന്നത് ആത്മീയനന്മകളാണെന്നും റസ്കിൻ പറയുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പണവും സ്വർണവുമല്ല യഥാർഥ സമ്പത്ത്; ജീവിതമാണ് യഥാർഥ സമ്പത്ത്. നീതിയിലും സാമൂഹികസ്നേഹത്തിലും അധിഷ്ഠിതമായ സാമ്പത്തികശാസ്ത്രത്തിനാണ് റസ്കിൻ നിലകൊണ്ടത്.

### ലിയോ ടോൾസ്റ്റോയ്

റഷ്യ ലോകത്തിനു നൽകിയ മഹാനായ എഴുത്തുകാരനും ചിന്തകനുമാണ് ലിയോ ടോൾസ്റ്റോയ് (1828-1910). ദക്ഷിണാഫ്രിക്കയിലെ ജീവിതകാലത്താണ് ലിയോ ടോൾസ്റ്റോയിയുടെ കൃതികൾ ഗാന്ധിജി കൂടുതലായി വായിക്കുന്നത്. ടോൾസ്റ്റോയിയുടെ 'ദി കിങ്ഡം

ഓഫ് ഗോഡ് ഈസ് വിതിൻ യു' (ദൈവരാജ്യം നിങ്ങളുടെ ഉള്ളിൽത്തന്നെയാണ് - The kingdom of God is within you) എന്ന ഗ്രന്ഥം ഗാന്ധിജിയെ സവിശേഷമായി സ്വാധീനിച്ചു. 'ആഹാരത്തിനു വേണ്ടിയുള്ള അധ്വാനം' (Bread Labour) എന്ന ആശയത്തെ ഗാന്ധി പൂർണരൂപത്തിൽ മനസ്സിലാക്കുന്നത് ടോൾസ്റ്റോയിയുടെ കൃതികളിലൂടെയാണ്. പ്രധാനമായും രണ്ടു സാമ്പത്തികചിന്തകളാണ് ടോൾസ്റ്റോയിയിൽനിന്നു ഗാന്ധിക്ക് ലഭിച്ചത്.

1. ഈ ലോകത്തു മനുഷ്യൻ സമ്പത്തു സ്വരുക്കൂട്ടരുത്.
2. മനുഷ്യന്റെ യഥാർഥ തൊഴിൽ കൃഷിയാണ്.

### ദാദാഭായ് നവ്റോജി

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ ആദ്യകാലനേതാക്കളിൽ പ്രമുഖനാണു ദാദാഭായ് നവ്റോജി (1825-1917). 1901 ൽ എഴുതിയ 'പോവർട്ടി ആൻഡ് അൺബ്രിട്ടിഷ് റൂൾ ഇൻ ഇന്ത്യ' ('ദാരിദ്ര്യവും ബ്രിട്ടിഷുകാർക്ക് അനുയോജ്യമല്ലാത്ത ഭരണവും ഇന്ത്യയിൽ' -Poverty and un Bristish Rule in India) എന്ന ഗ്രന്ഥത്തിൽ ഇന്ത്യൻ സാമ്പത്തിക ദേശീയതയെക്കുറിച്ച് അദ്ദേഹം മുന്നോട്ടുവച്ച 'ഡ്രെയിൻ തിയറി' (ചോർച്ചാസിദ്ധാന്തം- Drain Theory) ഇന്നും വ്യാപകമായി ചർച്ചചെയ്യപ്പെടുന്നു (ഡ്രെയിൻ എന്ന വാക്കിന്റെ അർഥം ചോർച്ച എന്നാണ്.) ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ കാരണം ബ്രിട്ടിഷുകാരുടെ കോളനി നയങ്ങളും അതിന്റെ ഫലമായി ഇന്ത്യയുടെ സമ്പത്ത് ഊറ്റിയെടുത്തതുമാണെന്നു നവ്റോജി തന്റെ പഠനത്തിലൂടെ സമർഥിക്കുന്നു. താഴെ പറയുന്ന രീതികളിലാണ് ഇന്ത്യയുടെ സമ്പത്ത് ചോർന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

1. ഇംഗ്ലണ്ടിൽനിന്നുള്ള പൊതുകടത്തിന് ഈടാക്കിയ അമിതപലിശ.
2. സ്റ്റേറ്റ് സെക്രട്ടറിയുടെ ചെലവുകൾ
3. റെയിൽവേ, ജലസേചനം എന്നിവയുടെ വികസനത്തിനായുള്ള വാർഷികച്ചെലവുകൾ.
4. ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിലായുണ്ടായ ഓഫീസ് ചെലവുകൾ.
5. ആർമി, നേവി സൈന്യത്തിനുള്ള പെൻഷൻ
6. യൂറോപ്യർക്ക് ഇംഗ്ലണ്ട് നൽകിയ തിരിച്ചടവുകൾ
7. ബ്രിട്ടിഷ് ഉദ്യോഗസ്ഥർ നടത്തിയ ക്രയവിക്രയങ്ങൾക്കുള്ള തിരിച്ചടവ്.

ബ്രിട്ടിഷ് ഭരണം രണ്ടു തരത്തിലുള്ള ഇന്ത്യയെ സൃഷ്ടിച്ചുവെന്ന് നവ്റോജി ചൂണ്ടിക്കാട്ടുന്നു. ഒന്ന് സമ്പന്നമായ ഇന്ത്യ, രണ്ട് ദരിദ്രമായ ഇന്ത്യ. അദ്ദേഹം പറയുന്നു: "സ്വയംഭരണത്തിലൂടെ മാത്രമേ ഈ ഊറ്റിയെടുക്കലിൽനിന്നും തദ്ഫലമായുണ്ടാകുന്ന തകർച്ചയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും ഇന്ത്യക്ക് പുറത്തുകടക്കാനാവൂ." നവ്റോജിയുടെ പഠനങ്ങളും പ്രവർത്തനങ്ങളും കോളനിഭരണത്തിന്റെ യഥാർഥമുഖം ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു. നവ്റോജിയുടെ ആശയങ്ങൾ നമ്മുടെ ദേശീയതയുടെ ശക്തമായ വളർച്ചയ്ക്കു കാരണമായി.

### രമേഷ്ചന്ദ്ര ദത്ത്

ഇന്ത്യൻ സിവിൽ സർവീസ് ഓഫീസറായിരുന്നു രമേഷ് ചന്ദ്ര ദത്ത് (1848–1909). സർവീസിൽ നിന്നു വിരമിച്ചശേഷം പൊതു പ്രവർത്തനത്തിൽ ഏർപ്പെട്ട അദ്ദേഹം 1899–ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായി. ആദ്യകാല ബ്രിട്ടീഷ്ഭരണം ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണ്ടാക്കിയ ആഘാതത്തെക്കുറിച്ച് വിശദമായി അദ്ദേഹം തന്റെ ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നു.

നമുക്ക് അറിയാം

**രമേഷ്ചന്ദ്ര ദത്തിന്റെ മുഖ്യഗ്രന്ഥങ്ങൾ**

1. ദി ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഇന്ത്യ അണ്ടർ ഏർലി ബ്രിട്ടീഷ് റൂൾ (ആദ്യകാല ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ഇന്ത്യയുടെ സാമ്പത്തികചരിത്രം)
2. ദി ഇക്കണോമിക് ഹിസ്റ്ററി ഓഫ് ഇന്ത്യ അണ്ടർ വിക്ടോറിയൻ ഏജ് (വിക്ടോറിയൻ കാലഘട്ടത്തിൽ ഇന്ത്യയുടെ സാമ്പത്തികചരിത്രം)

'ഹിന്ദ് സ്വരാജ്' (1909) എന്ന പുസ്തകത്തിൽ ഗാന്ധിജി ഇപ്രകാരമെഴുതി: "മിസ്റ്റർ ദത്തിന്റെ ഇന്ത്യയുടെ 'സാമ്പത്തികചരിത്രം' എന്ന പുസ്തകം വായിച്ചപ്പോൾ ഞാൻ കരഞ്ഞുപോയി. ഇതിനെക്കുറിച്ച് വീണ്ടും ചിന്തിച്ചപ്പോൾ എന്റെ ഹൃദയം വീണ്ടും അസ്വസ്ഥമായി. ഇന്ത്യയെ ദരിദ്രമാക്കിയത് യന്ത്രങ്ങളാണ്."

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നയങ്ങളും അവരുടെ നികുതിസമ്പ്രദായങ്ങളും എങ്ങനെയാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ തകർത്തതെന്നും അതിന്റെ ഫലമായുണ്ടായ ക്ഷാമങ്ങളെപ്പറ്റിയും തന്റെ പുസ്തകത്തിൽ ദത്ത് പരാമർശിക്കുന്നു. ഇന്ത്യയിലുണ്ടായ ക്ഷാമങ്ങൾ ഭക്ഷ്യദൗർലഭ്യം മൂലമല്ലെന്നും ബ്രിട്ടീഷുകാരുടെ തെറ്റായ നയങ്ങളും നടപടികളുമാണ് അവയിലേക്ക് നയിച്ചതെന്നും ദത്ത് തന്റെ പഠനങ്ങളിലൂടെ ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു. ദത്തിന്റെ പഠനങ്ങൾ ഗാന്ധിജിയെ സ്വാധീനിച്ചു. കോളനിഭരണത്തിന്റെ സ്വഭാവവും അത് എപ്രകാരമാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ആഘാതമേൽപ്പിച്ചതെന്നും മനസ്സിലാക്കാൻ ദത്തിന്റെ പുസ്തകങ്ങളിലൂടെ ഗാന്ധിജിക്ക് സാധിച്ചു.

***ചിന്തിക്കുക, പങ്കുവയ്ക്കുക***



*ഗാന്ധിജിയുടെ സാമ്പത്തികാശയങ്ങളെ സ്വാധീനിച്ച ചിന്തകർ ആരെല്ലാമാണ്? അവർ എപ്രകാരമാണ് ഗാന്ധിജിയെ സ്വാധീനിച്ചത്? ഒരു ബുള്ളറ്റ് ചാർട്ട് തയാറാക്കി ക്ലാസിൽ ചർച്ചചെയ്യുക.*

### 3. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ സ്വാധീനം

കോളനിവൽക്കരണവും സാമ്രാജ്യത്വവും എപ്രകാരമാണ് അധിനിവിഷ്ടരാഷ്ട്രങ്ങളെ പൂർണമായും തകർക്കുന്നത് എന്നതിനുള്ള മികച്ച ഉദാഹരണമാണ് ഇന്ത്യയിലെ ബ്രിട്ടീഷ് കോളനിവൽക്കരണം. രാഷ്ട്രീയമായ അധിനിവേശം മാത്രമല്ല ബ്രിട്ടൻ ഇന്ത്യയുടെ മേൽ നടത്തിയത്. ബ്രിട്ടീഷ്ഭരണം സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അധി

നിവേശവും ഇന്ത്യയുടെമേൽ നടത്തി. ഇന്ത്യയിലെ സ്വയംപര്യാപ്തമായ ഗ്രാമീണ സമ്പദ്വ്യവസ്ഥ ബ്രിട്ടിഷ് ഭരണത്തിൽ പൂർണമായി തകർക്കപ്പെട്ടു.

### കമ്പനി നടത്തിയ അപഹരണം

ഇന്ത്യയിലെ രാജാക്കന്മാർ, കർഷകർ, സെമീന്ദാർമാർ, കച്ചവടക്കാർ എന്നിവരിൽനിന്നും പലവിധത്തിൽ കമ്പനി സമ്പത്ത് അപഹരിച്ചെടുത്തു. അവർ നടപ്പാക്കിയ ശാശ്വത ഭൂനികുതി വ്യവസ്ഥ (permanent settlement), റെയ്ത്തുവാരിസമ്പ്രദായം, മഹൽവാരി നികുതി വ്യവസ്ഥകൾ എന്നിവ കർഷകരുടെ നട്ടെല്ലൊടിച്ചു. സെമീന്ദാർമാർക്കായിരുന്നു നികുതി പിരിവിനുള്ള അവകാശം. നിശ്ചയിക്കപ്പെട്ടതിനേക്കാൾ കൂടുതൽ തുകയായിരുന്നു അവർ നികുതിയായി ഈടാക്കിയിരുന്നത്. ഇത് കർഷകരുടെ സാമ്പത്തികസ്ഥിതിയെ കൂടുതൽ വഷളാക്കുന്നതിന് ഇടയാക്കി.

### കൃഷിയുടെ വാണിജ്യവൽക്കരണം

വ്യക്തിഗത ഉപഭോഗത്തിനു പകരം വിപണിയെ ലക്ഷ്യമാക്കി വിളകൾ കൃഷിചെയ്യുന്നതിനെയാണ് കൃഷിയുടെ വാണിജ്യവൽക്കരണം എന്നു പറയുന്നത്. ബ്രിട്ടിഷ് തോട്ടമുടമകളാണ് ഈ പ്രവണതയ്ക്കു തുടക്കംകുറിച്ചത്. ബ്രിട്ടിഷ് വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. തദ്ഫലമായി ഇന്ത്യയിൽ വ്യവസായങ്ങൾക്ക് അസംസ്കൃതവസ്തുക്കളുടെ ലഭ്യതയിൽ വൻതോതിൽ കുറവനുഭവപ്പെട്ടു. മാത്രവുമല്ല, ഭക്ഷ്യവിളകളിൽനിന്നു വാണിജ്യവിളകളിലേക്കുള്ള മാറ്റം നമ്മുടെ ഭക്ഷ്യസ്വയംപര്യാപ്തതയെയും പ്രതികൂലമായി ബാധിച്ചു. ചുരുക്കത്തിൽ, കൃഷിയുടെ വാണിജ്യവൽക്കരണം ബ്രിട്ടിഷ് സാമ്പത്തികതാൽപ്പര്യങ്ങളെ മാത്രമാണു സംരക്ഷിച്ചത്.

### കരകൗശല – വ്യവസായമേഖലകളുടെ തകർച്ച

പരമ്പരാഗതമായ നമ്മുടെ നിർമാണമേഖലകളുടെ തകർച്ചയായിരുന്നു ബ്രിട്ടിഷ് ഭരണത്തിന്റെ മറ്റൊരു അനന്തരഫലം. വ്യവസായവിപ്ലവത്തിന്റെ ഫലമായി ബ്രിട്ടനിൽ യന്ത്രവൽകൃതമായ വൻവ്യവസായശാലകൾ സ്ഥാപിക്കപ്പെടുകയും ഉൽപ്പാദനം വൻതോതിലാവുകയും ചെയ്തു. കുറഞ്ഞ ഉൽപ്പാദനച്ചെലവായിരുന്നു ഇതിന്റെ പ്രത്യേകത. വിലകുറഞ്ഞ ഈ ഫാക്ടറിയുൽപ്പന്നങ്ങളോട് മൽസരിക്കാൻ ഇന്ത്യൻ ഗ്രാമീണ ഉൽപ്പന്നങ്ങൾക്കു കഴിയാതെവന്നു. ഇന്ത്യൻ വസ്ത്രങ്ങൾക്ക് ഏർപ്പെടുത്തിയ വലിയ നികുതികൾ അവയുടെ വിലവർധിപ്പിക്കുന്നതിനും ഇടയാക്കി. തൻമൂലം ഇറക്കുമതി ചെയ്യപ്പെട്ട വസ്ത്രങ്ങളോടു മൽസരിക്കാൻ അവയ്ക്ക് കഴിയാതെപോയി. ഇത് ഇന്ത്യൻ വസ്ത്രനിർമാണമേഖലയുടെ തകർച്ചയ്ക്കു കാരണമായി. 19-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും കാർഷിക ഉൽപ്പന്നങ്ങളും അസംസ്കൃതവസ്തുക്കളുമല്ലാതെ മറ്റൊന്നും തന്നെ ഉൽപ്പാദിപ്പിക്കാത്ത അവസ്ഥയിലേക്ക് ഇന്ത്യൻ സമ്പദ്വ്യവസ്ഥ തകർന്നു. ഗ്രാമീണ വ്യവസായമേഖലയുടെ തകർച്ച സമ്പദ്വ്യവസ്ഥയെ ഒന്നാകെ പിടിച്ചുലച്ചു. ഒഴിവുകാലങ്ങളിൽ ജനങ്ങൾക്ക് ആശ്രയമായിരുന്ന ഗ്രാമീണ വ്യവസായമേഖലയുടെ തകർച്ച ആയിരക്കണക്കിനാളുകളെ ദാരിദ്ര്യത്തിലേക്കും തദ്ഫലമായുണ്ടായ ക്ഷാമങ്ങളിലേക്കും നയിച്ചു. കൃഷിയും

ഗ്രാമീണവ്യവസായമേഖലയുമായി പരമ്പരാഗതമായുണ്ടായിരുന്ന ബന്ധം പൂർണമായും തകർന്നു. ഇവയെല്ലാംതന്നെ ഇന്ത്യയുടെ തനത് വ്യാവസായിക മേഖലയുടെ തകർച്ചയ്ക്കു കാരണമായി.

## ഇന്ത്യയിലെ ബ്രിട്ടിഷ് മൂലധനനിക്ഷേപം


19-ാം നൂറ്റാണ്ടിന്റെ പകുതിയായപ്പോഴേക്കും ഇന്ത്യയിലെ ബ്രിട്ടിഷ് മൂലധനനിക്ഷേപം കുത്തനെ വർധിച്ചു. വസ്ത്രനിർമാണമേഖലയ്ക്കു പുറമേ റെയിൽവേ, ഷിപ്പിങ്, വൈദ്യുതി ഉൽപ്പാദനം, ഖനനം, ഇൻഷുറൻസ്, ബാങ്കിങ് തുടങ്ങിയ മേഖലകളിലേക്ക് ബ്രിട്ടിഷുകാർ അവരുടെ മൂലധനനിക്ഷേപം വ്യാപിപ്പിച്ചു. ഇന്ത്യയിലെ പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുക എന്നതായിരുന്നു ഈ നിക്ഷേപങ്ങളുടെ ലക്ഷ്യം. തൊഴിൽ കേന്ദ്രീകൃതമായ മൂലധനനിക്ഷേപത്തിനാണ് ബ്രിട്ടിഷുകാർ കൂടുതൽ താൽപ്പര്യം കാട്ടിയത്. കൽക്കരിഖനികൾ, തേയിലത്തോട്ടങ്ങൾ എന്നിവ ഇക്കാലയളവിൽ വ്യാപകമായി. ഇന്ത്യയിലെ തൊഴിലാളികൾക്ക് കുറഞ്ഞവേതനം നൽകി വൻതോതിൽ ലാഭം കൊയ്യാമെന്നതുകൊണ്ടാണ് ഇവർ തൊഴിൽകേന്ദ്രീകൃത മൂലധനനിക്ഷേപത്തിന് താൽപ്പര്യംകാട്ടിയത്. മാത്രവുമല്ല, ഇന്ത്യയിൽ നടത്തിയ എല്ലാ മൂലധനനിക്ഷേപങ്ങൾക്കും വൻതോതിലുള്ള പലിശ ഇവിടത്തെ ജനങ്ങളിൽനിന്നുതന്നെ ബ്രിട്ടിഷുകാർ ഈടാക്കി. ചുരുക്കത്തിൽ, മൂലധനനിക്ഷേപത്തിലൂടെ വികസനത്തിനുപകരം സമ്പദ്‌വ്യവസ്ഥയുടെ പരിപൂർണ തകർച്ചയാണുണ്ടായത്.

### നമുക്കു ചെയ്യാം

*ബ്രിട്ടിഷ്ഭരണം സർവവിധത്തിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ തകർത്തു - ഈ പ്രസ്താവനയുടെ സാധുത ചർച്ചചെയ്യുക.*

### നമുക്കു പരിശോധിക്കാം

*തന്നിരിക്കുന്ന കൺസപ്റ്റ് മാപ്പ് പൂർത്തീകരിക്കുക.*



## ഗാന്ധിജിയുടെ പ്രധാന സാമ്പത്തികചിന്തകൾ

മുകളിൽ നാം ചർച്ചചെയ്ത ഉള്ളടക്കത്തിന്റെ അടിസ്ഥാനത്തിൽ ഗാന്ധിജിയുടെ പ്രധാന സാമ്പത്തികാശയങ്ങൾ നമുക്കു പരിശോധിക്കാം.

### 1. സാമ്പത്തികശാസ്ത്രവും നീതിശാസ്ത്രവും

താഴെ കൊടുത്തിരിക്കുന്നവ നാം സാധാരണ കാണാറുള്ള ചില പത്രവാർത്തകളുടെ തലക്കെട്ടുകളാണ്.

മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ പിടിച്ചെടുത്തു.

പൂഴ്ത്തിവച്ച ഭക്ഷ്യധാന്യങ്ങൾ ഉദ്യോഗസ്ഥർ കണ്ടെടുത്തു.

അസംഘടിതതൊഴിലാളികൾ വേതന വർധനവ് ആവശ്യപ്പെട്ടു.

- ഇവിടെ പരാമർശിക്കുന്ന വിഷയങ്ങൾ എന്തെല്ലാമാണ്?
- എന്തുകൊണ്ടാണ് വ്യക്തികൾ ഇപ്രകാരം പ്രവർത്തിക്കുന്നത്?
- ഇങ്ങനെ പണംസമ്പാദിക്കുന്നതു ശരിയാണോ? അല്ലെങ്കിൽ എന്തുകൊണ്ട്?

ജീവിതത്തിൽ എല്ലാ മേഖലകളിലും ചില ധാർമികമൂല്യങ്ങൾ നാം പിന്തുടരേണ്ടതായിട്ടുണ്ട്. മാതൃകാപരമായ ഒരു സാമൂഹികക്രമത്തിനുവേണ്ടിയാണ് ഗാന്ധിജി തന്റെ സാമ്പത്തികാശയങ്ങൾ രൂപപ്പെടുത്തിയത്, അതുകൊണ്ടുതന്നെ ധാർമികതയെ അംഗീകരിക്കാത്ത എല്ലാ സാമ്പത്തികശാസ്ത്രചിന്തകളെയും ഗാന്ധിജി നിരാകരിക്കുന്നു. അദ്ദേഹം പറയുന്നു: "ഉന്നതമായ സാന്മാർഗികനിലവാരത്തെ ഇടിച്ചുതാഴ്ത്തുന്നതല്ല യഥാർഥ സാമ്പത്തികശാസ്ത്രം. അതുപോലെ ശരിയായ സദാചാരസംഹിതയ്ക്കും നല്ലൊരു സാമ്പത്തികശാസ്ത്രത്തിൽനിന്നു വേറിട്ടു നിൽക്കാനുമാവില്ല. ചെകുത്താൻ എന്ന ധനദേവതയെ മാത്രം ആരാധിച്ചുകഴിയുന്നതും പാവപ്പെട്ടവനെ ചൂഷണംചെയ്ത് സ്വത്ത് സ്വരുക്കൂട്ടാൻ ആഹ്വാനം ചെയ്യുന്നതുമായ ധനശാസ്ത്രം ശപിക്കപ്പെട്ട ഒരു ശാസ്ത്രംതന്നെ. അതു മരണം വിതയ്ക്കുന്നു. സാമൂഹികനീതിക്കുവേണ്ടി നിലകൊള്ളുന്നതാണ് ശരിയായ സാമ്പത്തികശാസ്ത്രം. താഴേക്കിടയിലേക്കുള്ളവരടക്കം സകലർക്കും നന്മനേരുന്ന ധനശാസ്ത്രം അന്തസ്സുറ്റ ഒരു ജീവിതത്തിന് അനുപേക്ഷണീയമാണ്."*(ഹരിജൻ 09-10-1937 പുറം, - 292)*

- പാവപ്പെട്ടവനെ ചൂഷണംചെയ്യുന്നത് അധാർമികമാണ്.
- ശരിയായ സാമ്പത്തികശാസ്ത്രം സാമൂഹികനീതിക്കുവേണ്ടി നിലകൊള്ളുന്നു.
- സകലർക്കും നന്മ വരുത്തുക എന്നതാണ് ശരിയായ സാമ്പത്തികശാസ്ത്രത്തിന്റെ ലക്ഷ്യം.

മനുഷ്യന്റെ സാന്മാർഗികക്ഷേമത്തെ മുറിവേൽപ്പിക്കുന്ന സാമ്പത്തികശാസ്ത്രത്തെ ഗാന്ധിജി അംഗീകരിക്കുന്നില്ല. ഒരു രാജ്യത്തെയോ വ്യക്തിയെയോ ഇരയാക്കി ജിവിക്കുന്നത് കുറ്റകരമാണ്. വിയർപ്പൊഴുക്കുന്ന അധ്വാനത്തിന്റെ ഫലം ചൂഷണം ചെയ്യുന്നതും ധാർമികതയ്ക്ക് നിരക്കാത്തതാണ്. ലാഭം എന്ന ഒറ്റവാക്കിൽ എല്ലാ സാമ്പത്തികപ്രവർത്തനങ്ങളെയും ചുരുക്കുന്ന ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ നീതിയില്ലായ്മയെ ഗാന്ധിജി നിശിതമായി വിമർശിക്കുന്നു. എല്ലാ സാമ്പത്തികപ്രവർത്തനങ്ങളുടെയും ആത്യന്തികലക്ഷ്യം എല്ലാവരുടേയും നന്മയാണെന്നും അതിലൂടെ ആത്മീയ ഉന്നതിയിലെത്താമെന്നും ഗാന്ധിജി വിശ്വസിക്കുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സാമ്പത്തിക പ്രവർത്തനങ്ങൾ തന്റെ മതപരവും ആധ്യാത്മികവുമായ ജീവിതത്തിന്റെ തുടർച്ചതന്നെയാണ്. അതുകൊണ്ട് സാമ്പത്തികമനുഷ്യൻ എന്ന ആശയത്തെ ഗാന്ധിജി അംഗീകരിക്കുന്നില്ല. ഈ ആശയം മനുഷ്യനെ ഭൗതികതയ്ക്ക് അടിമപ്പെടുത്തുമെന്ന് ഗാന്ധിജി ഭയപ്പെടുന്നു. സാമ്പത്തിക അസ്തിത്വത്തിനപ്പുറം മനുഷ്യന് ആത്മീയ അസ്തിത്വമാണുള്ളതെന്ന് ഗാന്ധിജി വിശ്വസിക്കുന്നു. അതുകൊണ്ടാണ് സാമ്പത്തികശാസ്ത്രത്തെ സദാചാരത്തിൽനിന്നും ധാർമികതയിൽനിന്നും വേർതിരിക്കാൻ കഴിയില്ലെന്നു ഗാന്ധിജി അഭിപ്രായപ്പെട്ടത്. എന്നാൽ ഭൗതികപുരോഗതിക്ക് അദ്ദേഹം എതിരായിരുന്നുമില്ല.

### 2. ലളിതജീവിതവും ഉയർന്ന ചിന്താഗതിയും

**പ്രവർത്തനം**

*നിങ്ങളുടെ ആവശ്യങ്ങളും അത്യാവശ്യങ്ങളും ഒരു പുസ്തകത്തിൽ കുറിക്കുക. ആവശ്യങ്ങൾ ഒഴിവാക്കിയാൽ അത് നിങ്ങളുടെ സാധാരണജീവിതത്തെ ബാധിക്കുമോ? ആവശ്യങ്ങളുടെ വർധനവ് എത്രമാത്രം ജീവിതത്തെ അസ്വസ്ഥമാക്കുന്നുവെന്ന് ഗ്രൂപ്പിൽ ചർച്ചചെയ്യുക.*

ആവശ്യങ്ങളെയും അത്യാവശ്യങ്ങളെയും വ്യക്തമായി ഗാന്ധിജി വേർതിരിക്കുന്നു. ജൈവികമായിത്തന്നെ നമ്മളിൽ മുദ്രണം ചെയ്യപ്പെട്ടവയാണ് അത്യാവശ്യങ്ങൾ. എന്നാൽ ആവശ്യങ്ങൾ കൃത്രിമമായി സൃഷ്ടിക്കപ്പെടുന്നവയാണ്. ഗാന്ധിജി പറയുന്നു:" നാം പലപ്പോഴും നമ്മുടെ യഥാർഥ ആവശ്യങ്ങളെപ്പറ്റി ബോധമുള്ളവരല്ല. പലപ്പോഴും നാം അനുചിതമായി നമ്മുടെ ആവശ്യങ്ങളെ ഇരട്ടിപ്പിക്കുന്നു. തന്മൂലം അബോധമായി നാം നമ്മളെത്തന്നെ കൊള്ളയടിക്കുകയാണ്." അദ്ദേഹം തുടർന്നു പറയുന്നു: "കുറേയൊക്കെ ശാരീരികസുഖവും സംതൃപ്തിയും നമുക്കാവശ്യമാണ്. പക്ഷേ, ഒരു പരിധികഴിഞ്ഞാൽ അതു നമുക്ക് ഒരു പ്രതിബന്ധമായി മാറുന്നു. അതിനാൽ അസംഖ്യം ആവശ്യങ്ങൾ ഉളവാക്കി അവ നേടാൻ ശ്രമിക്കുക എന്ന സിദ്ധാന്തം ഒരു ഊരാക്കുടുക്കായി, പരിണമിക്കുന്നു. ശാരീരികവും ബുദ്ധിപരവുമായ ആവശ്യങ്ങൾ വേണ്ടിടത്തുവച്ച് നിയന്ത്രിച്ചില്ലെങ്കിൽ അവ ശാരീരിക-ബൗദ്ധിക ഭോഗാസക്തിയായി തരംതാഴ്ന്നു... ഒരു മനുഷ്യന്റെ സർവ ഊർജവും ജനസേവനത്തിനായിട്ടാണ് കേന്ദ്രീകരിക്കേണ്ടത്."

സ്വന്തം ആവശ്യങ്ങൾ വർധിപ്പിക്കാൻ തുടങ്ങുന്ന നിമിഷംമുതൽ ലളിതജീവിതവും ഉയർന്ന ചിന്തയും എന്ന ആശയം മനുഷ്യനെ വിട്ടുപിരിയുന്നതായി ഗാന്ധിജി വിശ്വസിക്കുന്നു.

"തൃപ്തിയില്ലാത്തവർ എന്നും മോഹങ്ങളുടെ അടിമയായിരിക്കും.......മനുഷ്യൻ തന്നെയാണ് അവന്റെ ശത്രുവും അവന്റെ ഏറ്റവും നല്ല മിത്രവും. അടിമത്തം വേണോ സ്വാതന്ത്ര്യം വേണോ എന്ന കാര്യവും അവന് സ്വയം തീരുമാനിക്കാം." നിയന്ത്രിത ഉപഭോഗത്തിനാണ് ഗാന്ധിജി പ്രാധാന്യം നൽകുന്നത്. അത്യാവശ്യങ്ങളായിരിക്കണം ഉപഭോഗത്തെ നിർണയിക്കേണ്ടത്. അല്ലാതെ ആവശ്യങ്ങൾ ആയിരിക്കരുത്. അതുകൊണ്ട് ഗാന്ധിയൻ സമൂഹത്തെ 'അത്യാവശ്യപൂരണസമൂഹം' എന്നു വിളിക്കാവുന്നതാണ്. നമ്മുടെ ആവശ്യങ്ങൾക്ക് ആത്മനിയന്ത്രണം ഏർപ്പെടുത്തുമ്പോൾ സാധാരണക്കാരായ എല്ലാവർക്കും അവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ കഴിയും. ലളിതജീവിതം-ഉയർന്നചിന്താഗതി എന്ന ഗാന്ധിയൻ സാമ്പത്തികാശയത്തിന്റെ പ്രധാനതത്ത്വങ്ങൾ താഴെപ്പറയുന്ന പ്രകാരം നമുക്ക് സംഗ്രഹിക്കാം.

1. ആവശ്യങ്ങളെയും അത്യാവശ്യങ്ങളെയും തിരിച്ചറിയാൻ കഴിയണം.
2. ആവശ്യങ്ങൾ ഒരിക്കലും പൂർണമായി തൃപ്തിപ്പെടുത്താൻ കഴിയില്ല. ആവശ്യങ്ങളുടെ പിറകെ പായുമ്പോൾ നാം ഭോഗാസക്തരാകുന്നു.
3. എല്ലാവർക്കും അത്യാവശ്യത്തിനുള്ള വക ഭൂമിയിലുണ്ട്.
4. മനുഷ്യന്റെ അത്യാർത്തിയാണ് എല്ലാ ദുരിതങ്ങൾക്കും ദാരിദ്ര്യത്തിനും കാരണം.
5. മനുഷ്യശരീരം സേവനത്തിനുള്ളതാണ്; ആസക്തിപൂരണത്തിനുള്ളതല്ല.
6. സുഖജീവിതത്തിന്റെ രഹസ്യം ത്യാഗമാണ്; ആസക്തിയിലൂടെ മരണവും.

### 3. ആഹാരത്തിനായുള്ള അധ്വാനം

ഓരോ വ്യക്തിയും വിയർപ്പൊഴുക്കി ആഹാരത്തിനുള്ള വക നേടണമെന്നാണ് ഈ ആശയം പറയുന്നത്. ഗാന്ധിജി പറയുന്നു: "ആഹാരത്തിനായി ജോലി ചെയ്യാനാണ് ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചത്. ജോലിചെയ്യാതെ ഭക്ഷണം കഴിക്കുന്നവർ മോഷ്ടാക്കളാണ്. ശരീരത്തെ നിലനിർത്താനുള്ള വക നേടുന്നതിന് ശാരീരികാധ്വാനം തന്നെ വേണം. മനസ്സിനെ സംസ്കരിക്കുന്നതിന് ബൗദ്ധികവ്യായാമം വേണം. തൊഴിൽവിഭജനം വേണ്ടിടത്ത് ആവശ്യമാണ്. പക്ഷേ, ആ വിഭജനം കായികാധ്വാനം ചെയ്യുന്നവരും ബൗദ്ധികവ്യാപാരം ചെയ്യുന്നവരും തമ്മിലുള്ള വിഭജനമാകരുത്"

സ്വന്തം ആഹാരത്തിനായി മാത്രം അധ്വാനിക്കുന്ന രീതി നിലവിൽ വരുമ്പോൾ മനുഷ്യന്റെ ആവശ്യങ്ങൾ പരിമിതമാകും. ആഹാരരീതി ലളിതമാവുകയും ജീവിക്കാനായി ഭക്ഷിക്കുന്ന അവസ്ഥ നിലവിൽ വരുകയും ചെയ്യും. അത്തരം അധ്വാനത്തിൽ നിന്ന് വലുതായ ആനന്ദം ലഭിക്കുമെന്നും ഗാന്ധിജി വിശ്വസിക്കുന്നു.

ബൗദ്ധികപ്രവർത്തനത്തിലൂടെ ആഹാരം സമ്പാദിക്കുന്ന രീതിയെ ഗാന്ധിജി എതിർക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, "ശരീരത്തിന്റെ ആവശ്യങ്ങൾക്കുള്ളത് ശരീരം തന്നെ നൽകണം. ബൗദ്ധികപ്രവർത്തനങ്ങൾ ആത്മാവിന് വേണ്ടിയുള്ളതാണ്. അതിന് പ്രതിഫലം ആവശ്യപ്പെടരുത്. ആദർശരാജ്യത്തിൽ ഡോക്ടർമാരും വക്കീലന്മാരും മറ്റും സമൂഹത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നു. അവർക്കു വേണ്ടിയല്ല." ബുദ്ധിപരമായ പ്രവർത്തനങ്ങളുടെ മൂല്യത്തെ ഗാന്ധിജി ഒട്ടും കുറച്ചുകണ്ടിരുന്നില്ല. എന്നാൽ ശാരീരി

കായധ്വാനത്തിനു പകരമായി അതിനെ കാണാൻ കാണാൻ ഗാന്ധിജി തയാറായില്ല. ആരോഗ്യമുള്ള, അതേസമയം സത്യസന്ധമായി ജോലിചെയ്യാൻ തയാറല്ലാത്ത ഒരാൾക്ക് വെറുതെ ഭക്ഷണം നൽകുന്നത് കുറ്റകരമാണെന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. എന്നാൽ ജോലിചെയ്യാൻ കഴിവില്ലാത്ത അംഗപരിമിതരെയും രോഗികളെയും സംരക്ഷിക്കേണ്ടത് രാഷ്ട്രത്തിന്റെ കടമയാണെന്ന് ഗാന്ധി വിശ്വസിക്കുന്നു. ഒരുവൻ സ്വതന്ത്രമായ സാഹചര്യത്തിൽ സ്വയമേവ അനുഷ്ഠിക്കുന്ന ശാരീരികാധ്വാനം മാത്രമേ ആഹാരത്തിനായുള്ള അധ്വാനം എന്ന ഗാന്ധിയൻ സാമ്പത്തികചിന്തയുടെ പരിധിയിൽ വരുകയുള്ളൂ. എന്നാൽ നിർബന്ധപൂർവം അനുഷ്ഠിക്കുന്ന ശാരീരികാധ്വാനത്തിന്റെ പ്രതിഫലം അസന്തുഷ്ടിയും രോഗവും ദാരിദ്ര്യവും അടിമത്തവുമായിരിക്കും.

സാമൂഹികസേവനത്തിന്റെ ഏറ്റവും ഉയർന്ന രൂപമായിട്ടാണ് ആഹാരത്തിനായുള്ള അധ്വാനത്തെ ഗാന്ധിജി കാണുന്നത്. ഭാരതീയദർശനമായ 'ധർമം' ആണ് ഈ സാമ്പത്തികാശയത്തിന്റെ ഉറവിടം. 'ധർമം' എന്ന തത്ത്വമനുസരിച്ച് ജോലിതന്നെയാണ് ഒരുവന്റെ പ്രതിഫലവും. ഓരോരുത്തരും അവരവർക്കു നിശ്ചയിച്ചിട്ടുള്ള കർമങ്ങളിലൂടെ ആത്മസാക്ഷാൽക്കാരത്തിലേക്ക് എത്തിച്ചേരുന്നു. ഈ ആത്മസാക്ഷാൽക്കാരം തന്നെയാണ് ഒരുവന്റെ പ്രതിഫലം. പ്രഫ. ജെ.ഡി. സേത്തി 'ആഹാരത്തിനായുള്ള അധ്വാനം' എന്ന ആശയത്തിന്റെ നാലു ഘടകങ്ങളെ തിരിച്ചറിയുന്നു. അവ താഴെ പറയുന്നു. 1. ഏറ്റവും കുറഞ്ഞ അളവിലുള്ള ശാരീരികാധ്വാനം 2.ആത്മസാക്ഷാൽക്കാരത്തിനുള്ള ഉപകരണം 3. സേവനത്തിനുള്ള ഉപാധി 4.ജീവിതസന്ധാരണത്തിനുള്ള മാർഗം. ജീവിതസന്ധാരണത്തിനുവേണ്ടി ഒരുവൻ അനുഷ്ഠിക്കുന്ന മാർഗം എല്ലായ്പ്പോഴും ധാർമികവും സേവനത്തിനുള്ളതുമായിരിക്കണം.

**നമുക്കു ചെയ്യാം**

*ആഹാരത്തിനായുള്ള അധ്വാനം എന്ന ഗാന്ധിയൻ സാമ്പത്തികാശയത്തെ വിമർശനാത്മകമായി വിലയിരുത്തുക.*

**പ്രവർത്തനം**

*നിങ്ങൾ ഓരോരുത്തരും ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളുടെ ഒരു പട്ടിക തയാറാക്കുക. ഇവയിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്നവ ഏതെല്ലാമാണ്?*

- *വൻകിട കമ്പനികൾ ഉൽപ്പാദിപ്പിക്കുന്നവ ഏതെല്ലാമാണ്?*
- *വിദേശനിർമിത വസ്തുക്കൾ ഏതെല്ലാമാണ്?*
- *പ്രാദേശിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ചാൽ നമുക്കുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ഒരു ഉപന്യാസം തയാറാക്കുക.*

### 4. സ്വദേശി

നിങ്ങളുടെ പ്രദേശത്തെ ഒരു കുടുംബശ്രീ ഉൽപ്പാദകയൂണിറ്റ് സന്ദർശിക്കുക. ഇവിടെ എന്തെല്ലാമാണ് ഉൽപ്പാദിപ്പിക്കുന്നത്?

ഈ ഉൽപ്പന്നങ്ങൾ ആരാണ് വാങ്ങുന്നത്?

ആരൊക്കെയാണ് ഇവിടത്തെ ഗുണഭോക്താക്കൾ?

അയൽപക്കത്തെ ശാക്തീകരിക്കുന്ന പ്രവർത്തനങ്ങളാണ് 'സ്വദേശി' എന്ന ആശയത്തിൽ ഉൾപ്പെടുന്നത്. ഗാന്ധിയൻ പ്രവർത്തനപദ്ധതിയിലെ പ്രധാന ആശയമാണിത്. 'സ്വദേശി' എന്ന വാക്കിന്റെ

അർഥം സ്വന്തം ദേശം എന്നാണ്. പക്ഷേ, ഗാന്ധിജി ഇതിനെ ജീവിതത്തിന്റെ പൂർണത ത്ത്വശാസ്ത്രപരമായി വികസിപ്പിച്ചു. 'സ്വധർമ' എന്ന ഭഗവത്ഗീതയിലെ ആശയത്തോട് ഏറ്റവും അടുത്തുനിൽക്കുന്നതാണ് 'സ്വദേശി.' ഇവിടെ നാം സ്വദേശിസിദ്ധാന്തത്തിന്റെ സാമ്പത്തികതലം മാത്രമാണ് പരിശോധിക്കുന്നത്.

ഗാന്ധിജി സ്വദേശിയെ ഇപ്രകാരം നിർവചിച്ചു: "നമ്മുടെ സമീപത്തുള്ള സാധനങ്ങളും സേവനങ്ങളും പ്രയോജനപ്പെടുത്താനുള്ള ഒരു ചേതോവികാരമാണ് സ്വദേശി എന്നതു കൊണ്ട് അർഥമാക്കുന്നത്. അതിദൂരദേശത്തെ ആശ്രയിക്കുന്നതിൽ നിന്നുള്ള മോചനമാണത്" ഈ നിർവചനപ്രകാരം നമ്മുടെ തൊട്ടയൽവാസികൾ നിർമിക്കുന്ന സാധനങ്ങളാണ് നാം ഉപയോഗിക്കേണ്ടത്. നാട്ടിലെ വ്യവസായശാലകൾ നമുക്കുവേണ്ട സാധനങ്ങൾ നിർമിച്ചു നൽകണം. ഒരു മനുഷ്യന് ലോകത്തുള്ള എല്ലാ മനുഷ്യനെയും സേവിക്കാൻ കഴിയില്ല. സേവനത്തിന്റെ ഈ പരിമിതിയെ 'സ്വദേശി' അംഗീകരിക്കുന്നു. നമുക്ക് അഭികാമ്യമായത് ഏറ്റവും അടുത്ത അയൽക്കാരന് സേവനം ചെയ്യുക എന്നതാണ്. അതിലൂടെ നാം ലോകത്തെത്തന്നെയാണ് സേവിക്കുന്നത്. ഇതാണ് സ്വദേശിയുടെ അടിസ്ഥാനപ്രമാണം.

### സ്വദേശിയുടെ പ്രധാന ഘടകങ്ങൾ

1) ബാഹ്യസഹായം കൂടാതെതന്നെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ ഓരോ സമൂഹത്തിനും ശേഷിയുണ്ട്.
2) അകലെയുള്ള അയൽക്കാരനേക്കാൾ അടുത്തുള്ള അയൽക്കാരന്റെ ഉൽപ്പന്നങ്ങൾക്കു നാം മുൻഗണന കൊടുക്കണം.
3) സ്വദേശിസമൂഹത്തിൽ ഓരോ വ്യക്തിക്കും അവന്റെ ഏറ്റവും മെച്ചപ്പെട്ട കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം ലഭിക്കുന്നു.
4) അഹിംസാത്മകവും ചൂഷണവിമുക്തവുമായ സമൂഹമാണ് 'സ്വദേശി' ലക്ഷ്യം വയ്ക്കുന്നത്.
5) സ്വദേശിസമൂഹത്തിൽ ഒരു വ്യക്തി ഉപഭോക്താവ് എന്ന നിലയിൽ അവന്റെ ആവശ്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നു.
6) പ്രാദേശികവിഭവങ്ങളുടെയും തദ്ദേശീയ സാങ്കേതികവിദ്യയുടെയും പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നു.
7) സ്വദേശിസമൂഹത്തിൽ ഉപഭോക്താവ് തന്റെ അയൽക്കാരനായ ഉൽപ്പാദകനോട് ഉൽപ്പന്നത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിന് സഹകരിക്കുക.

കോളനിവൽക്കരണത്തിന്റെ ഭാഗമായുള്ള സാമ്പത്തികാധിനിവേശത്തെ ചെറുക്കാനുള്ള ശക്തമായ പ്രതിരോധമാണ് 'സ്വദേശി.' സ്വദേശിസിദ്ധാന്തം രാജ്യങ്ങൾ തമ്മിലുള്ള വ്യാപാരത്തിന് എതിരല്ല. ഇക്കാര്യത്തിൽ വളരെ കൃത്യമായ നിലപാട് ഗാന്ധിജിക്കുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: "മറ്റേതൊരു നല്ല കാര്യവും പോലെ സ്വദേശിയും ഒരു ഹരമാക്കിയാൽ നശിച്ചതുതന്നെ. ആ അപകടത്തിനെതിരെ ജാഗ്രത പുലർത്തണം. വിദേശ ഉൽപ്പാദകരെ വിദേശികളായതുകൊണ്ട് മാത്രം തള്ളുന്നതും ഒരുതരത്തിലും ഇണങ്ങാത്ത ഉൽപ്പാദനപ്രവർത്തനത്തിനായി രാഷ്ട്രത്തിന്റെ സമയവും പണവും പാഴാക്കുന്നതും കുറ്റകരമായ ഭോഷത്തമാണ്. അതു സ്വദേശിതത്ത്വത്തിന് എതിരുമാണ്. സ്വദേശി

യുടെ യഥാർഥ സാധകന് വിദ്വേഷം പാടില്ല. സ്വദേശി എന്നത് നിസ്വാർഥ സേവനത്തിന്റെ തത്ത്വശാസ്ത്രമാണ്. അതിന്റെ വേരുകളാവട്ടെ, ആഴ്ന്നിറങ്ങിയിരിക്കുന്നത് അഹിംസ അഥവാ പ്രേമത്തിലാണ്."

സ്വദേശിസിദ്ധാന്തം ലക്ഷ്യം വയ്ക്കുന്നത് സ്വയംപര്യാപ്തമായ ഒരു സമൂഹമാണ്. ഒരു സ്വാശ്രയസമ്പദ്‌വ്യവസ്ഥയിൽ താഴെപ്പറയുന്ന നിബന്ധനകൾ അനുസരിച്ച് മാത്രമേ ഉൽപ്പന്നങ്ങൾ മറ്റു രാജ്യങ്ങളിൽനിന്നു വാങ്ങാവൂ.

1) ജനങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും ഒഴിച്ചുകൂടാനാവാത്തവ.

2) പ്രാദേശികമായി ഉൽപ്പാദിപ്പിക്കാൻ കഴിയാത്തവ.

3) സമീപഭാവിയിൽ പ്രാദേശികമായി ഉൽപ്പാദിപ്പിക്കാൻ കഴിയാത്തവ.

സ്വയംപര്യാപ്തവും സ്വാശ്രയത്വത്തിലധിഷ്ഠിതവുമായ ഒരു സമൂഹസൃഷ്ടിക്കായുള്ള വിശ്വാസപ്രമാണമാണ് 'സ്വദേശി.'

**നമുക്കു ചെയ്യാം**

*ഗാന്ധിജിയുടെ സ്വദേശിസിദ്ധാന്തം ലക്ഷ്യംവയ്ക്കുന്നത് സ്വയംപര്യാപ്തമായ ഒരു സമൂഹമാണ് - വിശകലനം ചെയ്യുക.*

## 5. ഖാദി

ഗാന്ധിയൻ സങ്കൽപ്പമായ 'ഖാദി' കേവലമൊരു തുണ്ട് വസ്ത്രമല്ല. ഒരു ആശയത്തിന്റെ ഭൗതികസാക്ഷാൽക്കാരമാണത്. ഖാദി എന്നത് കോളനിഭരണത്തിൽനിന്നുള്ള സ്വാതന്ത്ര്യത്തിന്റെ പ്രതീകം മാത്രമല്ല, സ്വയംപര്യാപ്തത, രാഷ്ട്രീയസ്വാതന്ത്ര്യം, ആധ്യാത്മികത, എളിമ, ധാർമികവിശുദ്ധി, ദേശീയൈക്യം, മതസൗഹാർദം, സാമൂഹിക സമത്വം, തൊട്ടുകൂടായ്മയുടെ അന്ത്യം, അതിലെല്ലാമുപരി അഹിംസയുടെയും പ്രതീകമാണ് ഖാദി. ഗാന്ധിജി നിർദേശിച്ച നിർമാണാത്മകപരിപാടികളിലെ (Constructive Programme) പ്രധാന ഇനമാണ് ഖാദി. 1918 ലാണ് ഗാന്ധിജി ഖാദിപ്രസ്ഥാനം ആരംഭിക്കുന്നത്. ഇന്ത്യയിലെ ദരിദ്രജനകോടികൾക്ക് ആശ്വാസം നൽകുന്ന ഉപകരണമായിട്ടാണ് ഖാദിയെ ഗാന്ധിജി കണ്ടത്. ഇന്ത്യയുടെ ദാരിദ്ര്യത്തിന്റെയും പിന്നാക്കാവസ്ഥയുടെയും പ്രതീകമായിരുന്ന ഖാദിയെ ഗാന്ധിജി സ്വാശ്രയത്വത്തിന്റെയും അഹിംസയുടെയും പ്രതീകമായി പരിവർത്തനം ചെയ്തു. ഗാന്ധിജി പറയുന്നു: "സർവരാജ്യസമത്വവും സാമ്പത്തികസ്വാതന്ത്ര്യവും ഖാദിയുടെ സന്ദേശത്തിലുണ്ട്. പരിപൂർണമായ സ്വദേശിമനോഭാവമാണത്. ഗ്രാമവാസികളുടെ ബുദ്ധിയും ശക്തിയും ഉപയോഗിച്ച് വേണ്ടതെല്ലാം നേടാനുള്ള ഒരു ദൃഢനിശ്ചയമാണത്. ഖാദി എനിക്ക് ഇന്ത്യയുടെ ഐക്യത്തിന്റെയും സാമ്പത്തികസ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും പ്രതീകമാണ്. കൂടാതെ ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വികേന്ദ്രീകരണവും ഖാദികൊണ്ട് സാധിക്കുന്നു."

'ഖാദി' എന്നത് പൂർണമായും സ്വദേശിമാനസികാവസ്ഥയാണ്. ഗ്രാമസൗരയൂഥത്തിലെ സൂര്യനായിട്ടാണ് ഗാന്ധിജി ഖാദിയെ വിശേഷിപ്പിക്കുന്നത്. ഇതിനെപ്പറ്റി ഗാന്ധിജി വിശദമാക്കുന്നത് ഇപ്രകാരമാണ്: "ഖാദി ഇല്ലാതെ മറ്റു വ്യവസായങ്ങൾ നിലനിൽക്കുന്നില്ല. അതുപോലെ മറ്റു ഗ്രാമവ്യവസായങ്ങൾ - ധാന്യസംസ്കരണം, സോപ്പുനിർമാണം, കടലാസുനിർമാണം, തീപ്പെട്ടിവ്യവസായം, എണ്ണയാട്ട് തുടങ്ങിയവ ഖാദിവ്യവസായത്തിന് മാന്യത കൂട്ടുന്നു. ഗ്രാമങ്ങളിൽനിന്നെത്തുന്ന ഉൽപ്പന്നങ്ങളേ ഉപയോഗിക്കൂ എന്ന്

നിർബന്ധം വയ്ക്കണം. നമുക്ക് ഗ്രാമങ്ങളോടു താൽപ്പര്യമുണ്ടായാൽ പിന്നെ പടിഞ്ഞാറിനെ അനുകരിക്കണമെന്നുണ്ടാകില്ല. യന്ത്രങ്ങൾ ഉൽപ്പാദിപ്പിച്ച സാധനങ്ങളും ആവശ്യമായിത്തോന്നില്ല. ദാരിദ്ര്യവും പട്ടിണിയും അലസതയുമൊക്കെ അജ്ഞാതങ്ങളായി മാറുന്ന നവീനവീക്ഷണമുള്ള ഒരു ദേശീയതാൽപ്പര്യം നമുക്കുണ്ടായി വരുകയും ചെയ്യും." 'ഖാദി സമ്പദ്‌വ്യവസ്ഥയിൽ' ഉൽപ്പാദനം വിപണിക്കുവേണ്ടിയല്ല, ഉപഭോഗത്തിനുവേണ്ടിയാണ്. ബൃഹദ് ഉൽപ്പാദനമല്ല, ജനങ്ങളുടെ നേതൃത്വത്തിലുള്ള ഉൽപ്പാദനമാണ് ഗാന്ധിജി ലക്ഷ്യംവയ്ക്കുന്നത്. അതുകൊണ്ടാണ് ഖാദിയെ സമ്പദ്‌വ്യവസ്ഥയുടെ കേന്ദ്രമാക്കി ഗാന്ധിജി പ്രതിഷ്ഠിച്ചത്. ഖാദി താഴെ പറയുന്ന കാര്യങ്ങൾ പ്രതിനിധീകരിക്കുന്നു. 1) സ്വാതന്ത്ര്യം, തൊഴിലിന്റെ അന്തസ്സ്, തൊഴിലിന്റെ സാധ്യത എന്നിവ ഉറപ്പുവരുത്തുന്നു. 2) പ്രാദേശികവിഭവങ്ങളുടെയും മനുഷ്യശേഷികളുടെയും പരമാവധി ഉപയോഗം. 3) സ്വയം ചലിക്കുന്നതും സ്വയംപര്യാപ്തവും സന്നദ്ധവുമായ സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുക.

**നമുക്ക് അറിയാം**

*വസ്ത്രനിർമാണം ഏറ്റവും ഉചിതമായ കുടിൽവ്യവസായമായി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഗാന്ധിജി ഇപ്രകാരം എഴുതി:*

1. *തൊഴിലില്ലാതെ വെറുതെയിരിക്കുന്ന ആയിരക്കണക്കിനാളുകൾക്ക് അത് ഉടൻ തൊഴിൽ പ്രദാനം ചെയ്യുന്നു.*
2. *ആയിരക്കണക്കിനാളുകൾക്ക് ആ പ്രവൃത്തി നിശ്ചയമുണ്ട്.*
3. *പഠിച്ചെടുക്കാൻ എളുപ്പമാണ്.*
4. *വലിയ മൂലധനത്തിന്റെ ആവശ്യമില്ല.*
5. *ചർക്കയെന്നത് വിലകുറച്ചും എളുപ്പമായി ഉണ്ടാക്കിയെടുക്കാവുന്നതുമാണ്. ഒരു തടിച്ചീളും ഓട്ടിൻകഷണവുമുണ്ടെങ്കിൽ പോലും നൂൽനൂൽക്കാമെന്നു നമ്മളിൽ പലർക്കും ഇനിയുമറിയില്ല.*
6. *ജനങ്ങൾക്ക് ഈ ജോലിയോടു വൈമുഖ്യമില്ല.*
7. *ദൗർലഭ്യതയുടെ കാലത്തും ക്ഷാമകാലത്തും അത് ജനങ്ങൾക്ക് ആശ്വാസം നൽകുന്നു.*
8. *വിദേശവസ്ത്രങ്ങൾ വാങ്ങുന്നതുവഴി ഇന്ത്യയിൽനിന്നു പുറത്തേക്കുള്ള ധനത്തിന്റെ ഒഴുക്കു തടയാൻ അതിനു കഴിയുന്നു.*
9. *ഇപ്രകാരം ലാഭിക്കുന്ന ലക്ഷങ്ങൾ പാവപ്പെട്ട ജനങ്ങളുടെ പ്രയോജനത്തിനായി സ്വയമേവ വിതരണം ചെയ്യപ്പെടുന്നു.*
10. *ഈ രംഗത്ത് ഉണ്ടാകുന്ന ചെറിയൊരു വിജയം പോലും ആളുകൾക്ക് പെട്ടെന്നുള്ള വലിയ നേട്ടമായി മാറുന്നു.*
11. *ജനങ്ങളുടെ ഇടയിൽ സഹകരണം വളർത്താൻ ഏറ്റവും ഫലപ്രദമായ വഴിയാണിത്.*

**നമുക്കു ചെയ്യാം**

*സമീപത്തുള്ള ഒരു ഖാദി ഷോപ്പ് സന്ദർശിച്ച് ഖാദിമേഖല നേരിടുന്ന പ്രശ്നങ്ങൾ അവരുമായി ചർച്ചചെയ്യുക - അനുഭവങ്ങൾ ക്ലാസിൽ ചർച്ച അവതരിപ്പിക്കുക.*

### 6. യന്ത്രവൽക്കരണവും വ്യവസായവൽക്കരണവും

ഖാദിയിലൂടെയും ഗ്രാമവ്യവസായങ്ങളിലൂടെയും ജനങ്ങളുടെ നേതൃത്വത്തിലുള്ള ഉൽപ്പന്നത്തെ ശക്തിപ്പെടുത്തുകയാണ് യന്ത്രങ്ങളുടെ ഉചിതമായ ആവശ്യമെന്ന് ഗാന്ധിജി അഭിപ്രായപ്പെടുന്നു.

വ്യവസായവിപ്ലവാനന്തരം പടിഞ്ഞാറൻനാടുകളിൽ സാധനങ്ങളുടെ ഉൽപ്പാദനത്തിലും അവയുടെ വിതരണത്തിലും വലിയ മാറ്റങ്ങളാണു സംഭവിച്ചത്. മനുഷ്യതൊഴിലിന്റെ സ്ഥാനം യന്ത്രങ്ങൾ ഏറ്റെടുത്തു. സാമ്പത്തികപ്രവർത്തനങ്ങളുടെ കേന്ദ്രീകരണത്തിലൂടെ മനുഷ്യന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണാമെന്ന് സാമ്പത്തികവിദഗ്ധർ ചിന്തിച്ചു. ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇതിലൂടെ പരിഹരിക്കപ്പെടുമെന്ന് അവർ വിശ്വസിച്ചു. എന്നാൽ ഇത് ഒരു വ്യാമോഹം മാത്രമായിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം വ്യവസായവൽക്കരണത്തിന്റെയും യന്ത്രവൽക്കരണത്തിന്റെയും ഫലമായി ഒട്ടനവധി പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുകയാണു ചെയ്തത്. തൊഴിലില്ലായ്മ, തൊഴിലിൽനിന്നുള്ള അന്യവൽക്കരണം, പരിസ്ഥിതിമലിനീകരണം, വിഭവങ്ങളുടെ അമിത ഉപയോഗം, നഗരവൽക്കരണം എന്നിവയെല്ലാം ഇതിന്റെ ഫലങ്ങളാണ്. അതിലെല്ലാമുപരി യന്ത്രവൽക്കരണവും വ്യവസായവൽക്കരണവും ചൂഷണത്തിനു കാരണമാകുന്നു. ഇതിനെപ്പറ്റി ഗാന്ധിജി പറയുന്നു:

"വ്യവസായവൽക്കരണം വമ്പിച്ച തോതിലുണ്ടാകുമ്പോൾ സ്വാഭാവികമായി പ്രത്യക്ഷമായോ പരോക്ഷമായോ ചൂഷണവും ഉടലെടുക്കുന്നു. മത്സരവും വിപണികൾ പിടിച്ചെടുക്കാനുള്ള ശ്രമവും ഉണ്ടാകുമ്പോൾ ഗ്രാമവാസികളാണ് എപ്പോഴും ചൂഷണത്തിന് ഇരയാവുക". ദാരിദ്ര്യം മാറുന്നതിന് വ്യവസായവൽക്കരണത്തെ ഗാന്ധിജി പ്രതിവിധിയായി കാണുന്നില്ല. "കാളവണ്ടി ഉപയോഗിക്കുന്നതല്ല നമ്മുടെ കുഴപ്പങ്ങൾക്കു കാരണം. നമ്മുടെ സ്വാർഥതയും അയൽക്കാരോടുള്ള അവഗണനയുമാണ് പ്രശ്നങ്ങൾ." കുറേക്കൂടി വ്യക്തമായി മനുഷ്യന്റെ സ്വാർഥതയെപ്പറ്റി ഗാന്ധിജി 'സർവോദയം' എന്ന തന്റെ കൃതിയിൽ വിശദമാക്കുന്നുണ്ട്: "സാമ്പത്തികശാസ്ത്രം' മനുഷ്യരുടെ സ്വഭാവത്തെയും പെരുമാറ്റത്തെയും കണക്കിലെടുക്കുന്നില്ല. എന്നാൽ ധനാർജനമാണ് അഭിവൃദ്ധിയുടെ അടയാളമെന്നും രാഷ്ട്രങ്ങളുടെ സന്തോഷം അവരുടെ ധനത്തെ മാത്രം ആശ്രയിച്ചിരിക്കുന്നുവെന്നും ധരിക്കുന്നു. കൂടുതൽ വ്യവസായങ്ങളാൽ കൂടുതൽ സന്തോഷം! അതിനാൽ ആളുകൾ ഉന്മേഷപ്രദമായ കാറ്റടിക്കുന്ന അവരുടെ ഗ്രാമങ്ങളിലെ കൃഷിയിടങ്ങൾ ഉപേക്ഷിച്ച് നഗരങ്ങളിൽ വരുകയും അവിടത്തെ മാരകമായ വായു ശ്വസിച്ചുകൊണ്ട് അന്ധകാരത്തിലും ശബ്ദകോലാഹലങ്ങളിലും അൽപ്പായുസ്സുക്കളായി ജീവിക്കുകയും ചെയ്യുന്നു. ഇത് ദേശീയതലത്തിൽ ആരോഗ്യനാശത്തിലേക്കും കൂടിവരുന്ന അത്യാർത്തിയിലേക്കും അധാർമികതയിലേക്കും നയിക്കുന്നു."

യന്ത്രവൽക്കരണമാണ് വ്യവസായവൽക്കരണത്തിന്റെ ഗതിവേഗം വർധിപ്പിക്കുന്നത്. യന്ത്രവൽക്കരണത്തെയല്ല ഗാന്ധിജി എതിർക്കുന്നത്. മറിച്ച്, യാതൊരു വകതിരിവുമില്ലാതെയുള്ള യന്ത്രവർധവിനെയാണ്. അദ്ദേഹം പറയുന്നു: "യന്ത്രവിജയത്തിൽ മതിമറന്നു പോകുവാൻ ഞാൻ തയാറല്ല. നാശകാരിയായ യന്ത്രങ്ങൾക്ക് ഞാനെന്നും എതിരാണ്. എന്നാൽ തൊഴിലാളികളുടെ പ്രവർത്തനം എളുപ്പമാക്കാനുദ്ദേശിച്ചുള്ള എല്ലാ ലളിതമായ ഉപകരണങ്ങൾക്കും ലഘുയന്ത്രങ്ങൾക്കും ഞാൻ സ്വാഗതം നേരുന്നു."

*യന്ത്രങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഗാന്ധി വിശദീകരിക്കുന്നു.*

- മനുഷ്യാധ്വാനത്തെ നീക്കംചെയ്യുകയും തൊഴിലില്ലായ്മ വർധിപ്പിക്കുകയും ചെയ്യും.
- മണ്ണ്, ജലം, വായു എന്നിവ മലിനമാക്കുന്നു.
- ശുചിത്വമില്ലാത്ത പരിസരങ്ങൾ സൃഷ്ടിക്കുന്നു.
- മനുഷ്യനെ അടിമകളാക്കി മാറ്റുന്നു.
- മനുഷ്യരെ അവഗണിച്ചുകൊണ്ട് വൻകിട ഉൽപ്പാദനങ്ങൾ നടത്തുന്നു.
- വലിയ അസമത്വങ്ങൾ സൃഷ്ടിക്കുന്നു.
- ഗ്രാമീണ കരകൗശലവിദ്യകളും പ്രാദേശികവിജ്ഞാനവും ഇല്ലാതാകുന്നു.

മനുഷ്യനും അവന്റെ ക്ഷേമവുമായിരുന്നു ഗാന്ധിജിയുടെ പരിഗണനകൾ. അതുകൊണ്ട് ഉൽപ്പാദന പ്രക്രിയയിൽ യന്ത്രവൽക്കരണം നടത്തപ്പെടുമ്പോൾ അതിന് ചില അടിസ്ഥാന തത്ത്വങ്ങൾ ആവശ്യമാണെന്ന് ഗാന്ധിജി നിഷ്കർഷിക്കുന്നു.

- യന്ത്രങ്ങൾ മനുഷ്യാധ്വാനത്തെ മാറ്റിപ്രതിഷ്ഠിക്കരുത്.
- ഗ്രാമങ്ങൾ ചൂഷണത്തിലേക്കു നയിക്കപ്പെടരുത്.
- ഗ്രാമീണ കരകൗശലവസ്തുക്കളുമായി മത്സരത്തിൽ ഏർപ്പെടരുത്.
- ഗ്രാമീണ കരകൗശലവിദഗ്ധരുടെ വൈഷമ്യങ്ങൾ കുറയ്ക്കുന്നതിനും ശേഷികൾ വർധിപ്പിക്കുന്നതിനും അതുപയോഗിക്കണം.
- അധികാരവും വിഭവങ്ങളും ഏതാനും ആളുകളിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള കുത്തകവൽക്കരണം സംഭവിക്കരുത്.
- വ്യവസായങ്ങൾ ഭരണകൂടത്താൽ സാമ്പത്തികമായി പിന്തുണയ്ക്കപ്പെടണം.
- എല്ലാവരുടേയും ക്ഷേമത്തിനായി രാഷ്ട്രത്താൽ പൊതുവിൽ വ്യവസായങ്ങൾ നിയന്ത്രിക്കപ്പെടണം.
- അത് മനുഷ്യന്റെ അത്യാവശ്യങ്ങളെ യാതൊരു കാരണവശാലും തടസ്സപ്പെടുത്തരുത്.

യന്ത്രങ്ങൾ മനുഷ്യക്ഷേമത്തിന് ഉതകുന്നതാണെങ്കിൽ മാത്രമാണ് ഗാന്ധിജി അവയെ പിന്തുണയ്ക്കുന്നത്. അവ തൊഴിലില്ലായ്മയും ചൂഷണവും സൃഷ്ടിക്കരുത്. വ്യവസായവൽക്കരണം ദരിദ്രഗ്രാമീണരെ ചൂഷണംചെയ്യുന്നതും കമ്പോളമത്സരങ്ങളിലേക്കു നയിക്കുന്നതുമാണ്. അതുകൊണ്ട് ഗ്രാമങ്ങൾ സ്വയംപര്യാപ്തമാവണം തങ്ങളുടെ ഉപയോഗത്തിനുള്ള വസ്തുക്കൾ അവ ഉൽപ്പാദിപ്പിക്കേണ്ടതാണ്. ഈ ലക്ഷ്യത്തോടെയുള്ള യന്ത്രങ്ങളുടെ ഉപയോഗം നമുക്ക് അംഗീകരിക്കാൻ കഴിയുമെന്ന് ഗാന്ധിജി പറയുന്നു. ഗാന്ധിജിയുടെ സങ്കൽപ്പത്തിലുള്ള സ്വരാജ് ഗ്രാമങ്ങളിലെ ചെറിയ വ്യവസായ യൂണിറ്റുകളാണ്.

ജീവസന്ധാരണത്തിനു നിരക്ഷരരും ദരിദ്രരുമായ കർഷകർ നടത്തുന്ന സംരംഭങ്ങളാണവ. ഗ്രാമീണ കുടിൽവ്യവസായങ്ങളുടെ വികേന്ദ്രീകൃത നടപ്പാക്കൽ നഗര കേന്ദ്രീകൃത വ്യവസായത്തിനെതിരെ അദ്ദേഹം മുന്നോട്ടുവയ്ക്കുന്നു.

**നമുക്കു ചെയ്യാം**

*നിങ്ങളുടെ പ്രദേശത്തുള്ള ഫാക്ടറി സന്ദർശിച്ച് അവിടത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുക. ഗാന്ധിയൻചിന്തയുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ വിലയിരുത്തലുകൾ പരിശോധിക്കുക.*

## 7. വികേന്ദ്രീകരണം

**പ്രവർത്തനം**

*നമ്മുടെ വിപണിയിലുള്ള രണ്ട് ഉൽപ്പന്നങ്ങൾ ശ്രദ്ധിക്കുക. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമായത് ഏതെന്ന് കണ്ടെത്തുക. അത്തരം ഉൽപ്പന്നത്തിന്റെ മേന്മകൾ എന്തെല്ലാമെന്നു ചർച്ചചെയ്യുക.*

| ബ്രാന്റഡ് സോപ്പ് | കുടുംബശ്രീ സോപ്പ് |
|---|---|
| • ആരാണ് ഉൽപ്പാദകർ? | • ആരാണ് ഉൽപ്പാദകർ? |
| • ആരാണ് ഉപഭോക്താക്കൾ? | • ആരാണ് ഉപഭോക്താക്കൾ? |
| • ആർക്കാണ് ലാഭം കിട്ടുന്നത്? | • ആർക്കാണു ലാഭം കിട്ടുന്നത്? |

ഗാന്ധിയൻ സമ്പദ്ശാസ്ത്രത്തിലെ വളരെ ചലനാത്മകമായ ഒരു ആശയമാണ് വികേന്ദ്രീകരണം. ഗാന്ധിയൻ സാമ്പത്തികചിന്തയിലെ ഒരു പ്രധാന തത്ത്വമാണിത്. എല്ലാ സാമ്പത്തികക്രമത്തിലും സമൂഹത്തിലും സമ്പത്ത് ഒരു അധികാരകേന്ദ്രമാണ്. സമ്പത്ത് കൈയാളുന്നവർ ശക്തരായ അധികാരികളായി മാറുന്നു. അവർ സമൂഹത്തെ ഭരിക്കുകയും നിയമങ്ങൾ നിർമിക്കുകയും രാഷ്ട്രഭരണം നിയന്ത്രിക്കുകയും ചെയ്യുന്നു. വ്യവസായപൂർവ സമൂഹത്തിൽ ഭൂവുടമകളായിരുന്നല്ലോ അധികാരകേന്ദ്രങ്ങളായിരുന്നത്. ലോകവ്യാപകമായ ഉൽപ്പാദന-വിതരണ സംവിധാനത്തിൽ സമൂലമാറ്റം കൊണ്ടുവന്ന ഒന്നാണ് വ്യവസായവിപ്ലവം. അത് അധികാരത്തിന്റെ കേന്ദ്രീകരണത്തിന് മുഖ്യകാരണമായി. വ്യവസായ വിപ്ലവം കൊണ്ടുവന്ന പ്രധാന മാറ്റങ്ങൾ താഴെപ്പറയുന്നു.

- യന്ത്രങ്ങൾ മനുഷ്യാധ്വാനത്തിനു പകരമായി.
- ഗ്രാമകേന്ദ്രീകൃത, പ്രാദേശിക ഉൽപ്പാദന വ്യവസ്ഥയ്ക്കു പകരമായി കേന്ദ്രീകൃത ഫാക്ടറിസംവിധാനം നിലവിൽവന്നു.
- വിതരണരീതിക്കും മാറ്റംവന്നു.

ഇത്തരം ഉൽപ്പാദന-വിതരണരംഗത്തെ മാറ്റങ്ങൾക്കു വിധേയമായി സാമ്പത്തിക അധികാരം കേന്ദ്രീകരിക്കപ്പെട്ടു. സമ്പത്ത് കുറേ ആൾക്കാരുടെ കൈയിൽമാത്രം കേന്ദ്രീകരിക്കാൻ ഇത് ഇടവരുത്തി. ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചു. സമൂഹത്തിൽ അസന്തുലിതാവസ്ഥ സംജാതമായി. ദരിദ്രരും സമ്പന്നരും തമ്മിലുള്ള വിടവ് വർധിച്ചു. ഇന്ത്യൻ സമൂഹത്തിൽ സാമ്പത്തികാധികാരത്തിന്റെ കേന്ദ്രീകരണം ഉയർത്തിയ പ്രശ്നങ്ങളെ പറ്റി ഗാന്ധിക്ക് നല്ലപോലെ ബോധ്യമുണ്ടായിരുന്നു. അതിനാൽ ഒരു വികേന്ദ്രീകൃത-ഉൽപ്പാദന-വിതരണ സമ്പദ്‌വ്യവസ്ഥയ്ക്കായി ഗാന്ധി നിലകൊണ്ടു.

*സാമ്പത്തികാധികാരം കേന്ദ്രീകരിക്കുമ്പോഴുള്ള ദോഷങ്ങൾ ഗാന്ധി സൂചിപ്പിക്കുന്നു.*

- സമ്പത്ത് കുറേപ്പേരുടെ കൈയിലേക്കു മാത്രം കേന്ദ്രീകരിക്കുന്നു.
- അക്രമവും ചൂഷണവും
- ദരിദ്ര-സമ്പന്ന അന്തരത്തിലുള്ള വർധനവ്
- അസമത്വവും അനീതിയും
- പരമാവധി ഉൽപ്പാദനം
- വിഭവങ്ങളുടെ അമിതചൂഷണത്താലുള്ള വിഭവ ലഭ്യതക്കുറവ്

***വികേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയുടെ മേന്മകൾ***

ഭൗതികവും മാനുഷികവുമായ വിഭവങ്ങളുടെ സമ്പൂർണവും ഉചിതവുമായ ഉപയോഗം ഒരു വികേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയ്ക്ക് ഉറപ്പുവരുത്താൻ കഴിയുമെന്ന് ഗാന്ധി വിശ്വസിച്ചു. ഉൽപ്പാദനസംവിധാനം ഗ്രാമങ്ങളിലേക്കും വീടുകളിലേക്കും വികേന്ദ്രീകരിക്കപ്പെടണം. ഗ്രാമങ്ങളിലുള്ള വിഭവങ്ങൾ പ്രാദേശിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഗ്രാമത്തിനാവശ്യമായ വസ്തുക്കൾ ഗ്രാമത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കപ്പെടണം. ഇത് സമ്പത്ത് കുറച്ചുപേരുടെ കൈയിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നത് അനുവദിക്കില്ല. ഇത്തരം വികേന്ദ്രീകൃതസമൂഹത്തിൽ, ഓരോ പുരുഷനും സ്ത്രീക്കും അവർക്കാവശ്യമുള്ളവ തിരിച്ചറിയാൻ സാധിക്കും. ജനങ്ങൾക്ക് പരിമിതമായ ആവശ്യങ്ങളാണുള്ളത്. വികേന്ദ്രീകൃത സംവിധാനത്തിൽ ഏതൊരാൾക്കും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാനുള്ള അവസരമുണ്ടാകും. ഗാന്ധിയുടെ അഭിപ്രായത്തിൽ വികേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയുടെ മേന്മകൾ താഴെ പറയുന്നവയാണ്.

- ഗ്രാമകേന്ദ്രീകൃതം
- ചെറുകിടസ്വഭാവം
- കൂടുതൽ തൊഴിലവസരങ്ങളുടെ സൃഷ്ടി
- ജനകീയ ഉൽപ്പാദനം
- പ്രാദേശിക കഴിവുകളുടെയും വിജ്ഞാനങ്ങളുടെയും ഉപയോഗം

- ഗ്രാമീണവിഭവങ്ങളുടെ ഉപയോഗം
- ഉൽപ്പന്നങ്ങളുടെ മികച്ച വിതരണം
- മത്സരത്തിന്റെ അഭാവം
- സാമൂഹികനീതിയും തുല്യതയും ഉറപ്പാക്കൽ
- സ്വാശ്രയത്വവും സ്വയംപര്യാപ്തതയും കൈവരിക്കൽ

**സമ്പത്തിന്റെ വിതരണം**

**പ്രകൃതിയുടെ പദ്ധതി**

ഗാന്ധിജിയുടെ അഭിപ്രായത്തിൽ നാമൊക്കെ മോഷ്ടാക്കളാണ്. ഒരാൾക്ക് ആവശ്യത്തിൽ കവിഞ്ഞ് എടുക്കുന്നതെന്തും മറ്റൊരാൾക്കു കൂടി അവകാശപ്പെട്ടതാണ്. അതാണ് പ്രകൃതിയുടെ നിയമം. യാതൊരു വിവേചനവും കൂടാതെ എല്ലാവർക്കും ആവശ്യമുള്ളവ പ്രകൃതി ഉൽപ്പാദിപ്പിക്കുന്നു. ഓരോരുത്തരും തങ്ങളുടെ ആവശ്യത്തിനു മതിയായവ മാത്രം എടുക്കുകയാണെങ്കിൽ ദാരിദ്ര്യവും പട്ടിണിമരണങ്ങളും ഈ ലോകത്തുനിന്ന് നിർമാർജനം ചെയ്യാൻ കഴിയുമെന്ന് ഗാന്ധിജി വിശ്വസിക്കുന്നു.

## 8. സാമ്പത്തികസമത്വം

സാമ്പത്തികസമത്വം എന്നതുകൊണ്ട് ഗാന്ധിജി അർഥമാക്കുന്നത് എല്ലാവരും സാമ്പത്തികമായി തുല്യമായിരിക്കുക എന്നുള്ളതല്ല; ഓരോരുത്തർക്കും അവരവരുടെ ആവശ്യത്തിന് അനുസരിച്ച് വിഭവങ്ങൾ ലഭ്യമാകുക എന്നതാണ്. ഉദാഹരണത്തിന്, ശിശിരകാലത്ത് ഗാന്ധിക്ക് തണുപ്പകറ്റാൻ രണ്ട് ഷാളുകൾ ആവശ്യമാണ്. പക്ഷേ, അദ്ദേഹത്തിന്റെ അനന്തരവൻ തനുഗാന്ധിക്ക് അതിന്റെ ആവശ്യമില്ല. ആനയ്ക്ക് ഉറുമ്പിനേക്കാൾ ആയിരം മടങ്ങ് ഭക്ഷണം ആവശ്യമുണ്ട്. പക്ഷേ, അവർ തമ്മിൽ അസമത്വമില്ല. സമത്വത്തിന്റെ യഥാർഥ അർഥം 'ഓരോരുത്തർക്കും അവരവരുടെ അത്യാവശ്യത്തിനനുസരിച്ച്' എന്നുള്ളതാണ്. ഗാന്ധിജി പറയുന്നു: "ഓരോരുത്തർക്കും അവരവർക്ക് അത്യാവശ്യമുള്ളത് എന്നതാണ് സാമ്പത്തികസമത്വത്തിന്റെ ശരിയായ അർഥം. സമത്വത്തെ സാമ്പത്തികകാഴ്ചപ്പാടിൽ കണ്ടത് മാർക്സാണ്. ഒരംഗം മാത്രമുള്ള ഒരു കുടുംബം, ഭാര്യയും ഭർത്താവും നാലു കുട്ടികളും ഉള്ള മറ്റൊരു കുടുംബത്തിന് ആവശ്യമായ അത്രയും വിഭവങ്ങൾ അവകാശപ്പെടരുത്. അത് സാമ്പത്തികസമത്വത്തിന്റെ ലംഘനമാകും". ഗാന്ധി വികേന്ദ്രീകൃത സാമ്പത്തികസംവിധാനത്തിലാണ് വിശ്വസിക്കുന്നത്. അത്തരം ഒരു സംവിധാനത്തിനുമാത്രമേ സാമ്പത്തികസമത്വം കൊണ്ടുവരാനാകൂവെന്ന് ഗാന്ധി വിശ്വസിച്ചു. "രാജാവിനെയും ഒരു ദരിദ്രനെയും താരതമ്യപ്പെടുത്തി രാജാവിന് കൂടുതൽ വേണം എന്നു പറയുന്നതിൽ അർഥമില്ല. ധനികനും ദരിദ്രനും തമ്മിലുള്ള ഇന്നത്തെ അന്തരം എന്നെ വേദനിപ്പിക്കുന്നു. സമീകൃതാഹാരം, പാർക്കാൻ നല്ലൊരു വീട്, കുട്ടികൾക്ക് വിദ്യാഭ്യാസം, വേണ്ട വൈദ്യസഹായം-ഇതൊക്കെ എല്ലാവർക്കും കിട്ടണം. ഇതിനപ്പുറം ഒന്നും കിട്ടരുതെന്നല്ല ഞാൻ പറഞ്ഞതിനർഥം. പക്ഷേ, പാവപ്പെട്ടവർക്ക് അത്യാവശ്യവസ്തുക്കളാണ് ആദ്യം വേണ്ടത്. ആദ്യം വേണ്ടത് ആദ്യം ഉണ്ടാവട്ടെ." (ഹരിജൻ 31-3-46)

**ചിന്തിക്കുക, പങ്കുവയ്ക്കുക**



*സാമ്പത്തികസമത്വം എന്ന ആശയം നിങ്ങളുടെ വ്യക്തിജീവിതത്തിൽ പ്രാവർത്തികമാക്കാൻ എങ്ങനെ കഴിയും? ചർച്ചചെയ്യുക.*

*സാമ്പത്തികസമത്വത്തെക്കുറിച്ചുള്ള ഗാന്ധിയൻ ആശയങ്ങളെ താഴെ പറയുന്നപ്രകാരം സംഗ്രഹിക്കാം.*

- തുല്യമായ വിതരണം നടപ്പിൽ വരുത്തുക അസാധ്യമായതിനാൽ നീതിയുക്തമായ വിതരണം നടപ്പിൽവരുത്താനാണ് ഗാന്ധിജി ആഗ്രഹിക്കുന്നത്.
- എല്ലാ മനുഷ്യർക്കും അവനവന് അനിവാര്യമായവ നേടിയെടുക്കാനുള്ള കഴിവ് ഉണ്ടായിരിക്കണം.
- എല്ലാ മനുഷ്യരുടെയും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റപ്പെടണം.
- വിദ്യാസമ്പന്നരായ ആളുകൾ ധനം കുന്നുകൂട്ടുന്നതിനു പകരം അവരുടെ കഴിവുകൾ രാജ്യസേവനത്തിനായി വിനിയോഗിക്കണം.
- പരസ്പരസഹകരണത്തിലൂടെ മത്സരവും വിദ്വേഷവും ഒഴിവാക്കണം.
- അവസരസമത്വത്തിലൂടെ എല്ലാ വ്യക്തികളും ആത്മീയോത്കർഷം നേടണം.

**നമുക്കു ചെയ്യാം**

*ഇന്നു നിലനിൽക്കുന്ന സാമ്പത്തിക അസമത്വം അവസാനിപ്പിക്കാനുള്ള പ്രായോഗിക നിർദേശങ്ങൾ ഗ്രൂപ്പിൽ ചർച്ചചെയ്ത് അവതരിപ്പിക്കുക.*

### 9. ട്രസ്റ്റീഷിപ്പ്

'പരിപാലനഭാരവാഹിത്വം' എന്നാണ് ഈ വാക്കിന്റെ അർഥം. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറയ്ക്കുക എന്നത് എക്കാലത്തും സാമ്പത്തികശാസ്ത്രത്തിലെ വിഷമം പിടിച്ച ഒരു പ്രശ്നമാണ്. സമൂഹത്തിലെ സാമ്പത്തിക അസമത്വം ഇല്ലാതാക്കുക എന്നതാണ് ട്രസ്റ്റീഷിപ്പ് എന്ന ഗാന്ധിയൻ തത്ത്വത്തിന്റെ മുഖ്യലക്ഷ്യം. സ്വത്തിന്റെ മേലുള്ള ഉടമസ്ഥതയാണ് എല്ലാ അസമത്വങ്ങളുടെയും മൂലകാരണം. എന്നാൽ ഗാന്ധിജിയെ സംബന്ധിച്ച് 'സ്വത്ത്' എന്നത് സമൂഹത്തിന്റേതാണ്. അത് മനുഷ്യന്റെ ക്ഷേമത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. ഈശോപനിഷത്ത് ഈ ആശയം രൂപപ്പെടുത്തുന്നതിൽ ഗാന്ധിയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. "സമ്പത്ത് പരിത്യജിക്കുന്നതിലൂടെ ആനന്ദം കണ്ടെത്താൻ" ഈശോപനിഷത്ത് ഉപദേശിക്കുന്നു. സമാനമായ ആശയമാണ് ഭഗവദ്ഗീതയിൽ പരാമർശിക്കുന്ന 'അപരിഗ്രഹ' എന്നതും. ട്രസ്റ്റീഷിപ്പിനെപ്പറ്റി ഗാന്ധിജി പറയുന്നു: "എല്ലാം ഈശ്വരന്റേതാണ്, ഒക്കെ അവിടുന്നു തന്നതാണ്, അതിനാൽ ഇതൊക്കെ അദ്ദേഹത്തിന്റെ സൃഷ്ടികൾക്കുള്ളതാണ്. ഒരു വ്യക്തിക്ക് മാത്രമുള്ളതല്ല. അവകാശപ്പെട്ടതിൽ കൂടുതൽ

കൈവശമുണ്ടെങ്കിൽ അത് നിങ്ങളുടെ സ്വന്തമല്ല, 'പരിപാലന ഭാരവാഹിത്വം' മാത്രമേ ഉള്ളൂ." കുറേക്കൂടി വ്യക്തമായി ഗാന്ധിജി ഇക്കാര്യം പറയുന്നുണ്ട്: "നാം പ്രകൃത്യാ തുല്യരാണെങ്കിലും നമുക്ക് അവസരസമത്വം അവകാശപ്പെട്ടതാണെങ്കിലും എല്ലാവർക്കും അതിനുള്ള കഴിവില്ല. പ്രതിഭയുള്ളവർ കൂടുതൽ നേടുന്നു. അവർ അവരുടെ കഴിവുകൾ സദയം വിനിയോഗിച്ചാൽ സർക്കാരിന്റെ പ്രവർത്തനങ്ങൾവരെ നടത്താം. അത്തരക്കാരാണ് പരിപാലനഭാരവാഹികൾ ആകേണ്ടത്. ബുദ്ധി കൂടുതലുള്ളവർ കൂടുതൽ വരുമാനമുണ്ടാക്കുന്നതിനോട് എനിക്ക് യാതൊരു എതിർപ്പുമില്ല. എന്നാൽ അയാളുടെ അധിക വരുമാനം രാഷ്ട്രനന്മയ്ക്കുവേണ്ടി ഉപയോഗിക്കണം. ഉടമസ്ഥർ എന്നു പറയപ്പെടുന്ന എല്ലാ ആളുകളും പരിപാലനഭാരവാഹികളായി മാറാൻ ഞാൻ അഭ്യർഥിക്കുന്നു. ന്യായമായ തുക സ്വന്തം ആവശ്യത്തിന് ഉപയോഗിച്ചോളൂ. സ്വന്തമായി നൂറുരൂപ കൈവശമുള്ളവൻ അൻപതുരൂപ തനിക്കായി എടുത്തുകൊള്ളട്ടെ. ബാക്കി അൻപതുരൂപ തൊഴിലാളികൾക്കും. സ്വന്തമായി എടുക്കാവുന്നത് എത്ര എന്നു ക്ലിപ്തപ്പെടുത്തുന്നില്ല, കാരണം അത് കടുത്ത അനീതിക്ക് ഇടയാക്കും."

സ്വകാര്യവും പൊതുവുമായ എല്ലാതരം സ്വത്തുടമസ്ഥതകൾക്കും എതിരാണ് ഗാന്ധി. സ്വത്തുടമസ്ഥതയിൽ ഉണ്ടാകുന്ന മാറ്റം ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം ഇല്ലാതാക്കുന്നില്ല. ലോകത്തുള്ള പല സാമ്പത്തികശാസ്ത്രകാരരും അതാണ് ചെയ്യാൻ ശ്രമിച്ചിട്ടുള്ളത്. പക്ഷേ,  ആ പരിശ്രമങ്ങളെല്ലാം നിഷ്ഫലമായി. ഗാന്ധിയുടെ ട്രസ്റ്റീഷിപ്പ് സങ്കൽപ്പത്തിൽ ധനികർ മറ്റുള്ളവരുടെ കാര്യസ്ഥരായി പെരുമാറേണ്ടതാണ്. തങ്ങളുടെ ആവശ്യത്തിനായി പരിമിതവിഭവങ്ങളേ അവർ ഉപയോഗിക്കാവൂ. ബാക്കിയുള്ള ധനം മറ്റുള്ളവരുടെ ക്ഷേമത്തിനായി വിനിയോഗിക്കണം.

ഗാന്ധിയുടെ അഭിപ്രായത്തിൽ ട്രസ്റ്റീഷിപ്പിൽ തുടർച്ചയായി ധനം പുനർവിതരണം ചെയ്യപ്പെടേണ്ടതുണ്ട്. അഹിംസയുടെ സ്വാഭാവിക പരിണതഫലമാണത്. ട്രസ്റ്റീഷിപ്പ് എന്ന ആശയത്തിൽ പരിപൂർണസംതൃപ്തനായ ഗാന്ധി അതിന്റെ ആവിഷ്കാരം സാധ്യമാക്കിയത് അഹിംസയുടെ പ്രയോഗത്തിലാണ്. വ്യക്തികൾ സമ്പത്ത് കൈയാളുമെങ്കിലും അവർ സമൂഹത്തിന്റെ കാര്യവിചാരകരാണ്. മനുഷ്യനിലുള്ള ആന്ത്യതികനന്മയിൽ ഗാന്ധിജി വിശ്വസിച്ചു. മനുഷ്യരാണ് സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ധാർമികമൂല്യങ്ങളുടെയും സംരക്ഷകരായി മാറേണ്ടത്. അഹിംസയുടെ മൂല്യങ്ങളെ സ്വാംശീകരിക്കാൻ അത് മറ്റുള്ളവർ നടപ്പിലാക്കുന്നതുവരെ കാത്തിരിക്കേണ്ടതില്ല. ഒരു വ്യക്തിക്ക് അതു പ്രാവർത്തികമാക്കുകയും അതിനായി മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യാം. എല്ലാവരും ശരിയാകുന്നതിനായി ഒരാൾ കാത്തിരിക്കേണ്ടതില്ല എന്നാണ് ഗാന്ധിയുടെ ശക്തമായ അഭിപ്രായം.

സമ്പത്തിന്റെ ഉൽപ്പാദനത്തിന് എതിരായിരുന്നു ഗാന്ധി എന്ന വാദം ശരിയല്ല. ശേഷിയുള്ളവർക്ക് സമ്പത്ത് ഉൽപ്പാദിപ്പിക്കാം എന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. പക്ഷേ, അത് ദരിദ്രരുടെ ക്ഷേമത്തിനായി വിനിയോഗിക്കണം. ഭൗതികസമ്പത്തും ബൗദ്ധികസമ്പത്തും വ്യത്യസ്ത സംഗതികളായി ഗാന്ധി കണ്ടിരുന്നില്ല. ഭൗതികസമ്പത്തിന് ബാധകമായവ ബൗദ്ധികസമ്പത്തിനും ബാധകമാണ്. എല്ലാതരം സമ്പത്തുക്കളും സാമൂഹിക ആസ്തികളാണ്. അത് ആവശ്യക്കാരുമായി പങ്കുവയ്ക്കേണ്ടവയുമാണ്.

### *ട്രസ്റ്റീഷിപ്പ് – പ്രായോഗികപ്രമാണസൂത്രം*

കെ.ജി മശ്റൂവാല, എൻ.സി. പരീഖ്, ദന്തവാല എന്നിവർ തയാറാക്കിയതും ഗാന്ധിജി മാറ്റങ്ങൾ വരുത്തി അംഗീകരിച്ചതുമായ പ്രായോഗിക പ്രമാണസൂത്രമാണ് ചുവടെ ചേർത്തിരിക്കുന്നത്.

1) ഉടമവർഗത്തിന് രൂപാന്തരത്തിനുള്ള ഒരു അവസരം നൽകി നിലവിലുള്ള മുതലാളിത്തസമൂഹത്തെ ഒരു സമത്വാധിഷ്ഠിത സമൂഹമായി രൂപാന്തരപ്പെടുത്താൻ ട്രസ്റ്റീഷിപ്പ് പരിശ്രമിക്കുന്നു. യുക്തിയുടെയും പ്രേരണയുടെയും അടിസ്ഥാനത്തിൽ മനുഷ്യനെ മാറ്റാമെന്നാണ് ട്രസ്റ്റീഷിപ്പിന്റെ അടിസ്ഥാനവിശ്വാസം.

2) സാമൂഹികാംഗീകാരമില്ലാത്തതും സാമൂഹികക്ഷേമത്തിനുതകാത്തതുമായ ഒരു സ്വകാര്യസ്വത്തിനും ട്രസ്റ്റീഷിപ്പ് അംഗീകാരം നൽകുന്നില്ല.

3) സമ്പത്തിനുമേലുള്ള ഉടമസ്ഥാവകാശവും അതിന്റെ ഉപയോഗവും നിയമപരമായി നിയന്ത്രിക്കുന്നതിനെ എതിർക്കുന്നില്ല.

4) അന്തസ്സുറ്റ ജീവിതത്തിനു മതിയാകുന്ന ഏറ്റവും കുറഞ്ഞ വേതനം വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ ഒരു പരിധിയിൽ കവിഞ്ഞ വരുമാനം വ്യക്തിക്ക് അനുവദിക്കുന്നില്ല. സ്വകാര്യ ആവശ്യത്തിനുള്ള വരുമാനപരിധി കാലാനുസൃതമായി നിശ്ചയിക്കുന്നതാണ്.

5) ഗാന്ധിയൻ സാമ്പത്തികവ്യവസ്ഥയിൽ സമൂഹത്തിന്റെ ആവശ്യങ്ങളനുസരിച്ചാണ് ഉൽപ്പാദനം നടക്കുക. വ്യക്തിതാൽപ്പര്യങ്ങൾക്കോ ലാഭമോഹങ്ങൾക്കോ ഉൽപ്പാദന പ്രക്രിയയിൽ സ്ഥാനമില്ല.

**നമുക്കു ചെയ്യാം**

*നിങ്ങളുടെ ജീവിതത്തിൽ ട്രസ്റ്റീഷിപ്പ് ഒരു തത്ത്വമായി സ്വീകരിച്ചാൽ സ്വന്തം ചുറ്റുപാടുകളിൽ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ സാധിക്കുന്നത്? ചർച്ചചെയ്യുക.*

### ഗാന്ധിയൻ സാമ്പത്തികചിന്തകളിൽ വിനോബഭാവെ, ജെ.സി. കുമരപ്പ, ഇ.എഫ്.ഷുമാക്കർ എന്നിവരുടെ സംഭാവനകൾ

#### വിനോബഭാവെ : ഭൂദാൻ, ഗ്രാമദാൻ പ്രസ്ഥാനങ്ങൾ

ഗാന്ധിജിയുടെ ആധ്യാത്മിക പിൻഗാമിയായ ആചാര്യ വിനോബഭാവെ (1895-1982) ഗാന്ധിജിയുടെ പരിപാലനഭാരവാഹിത്വം (ട്രസ്റ്റീഷിപ്പ്) എന്ന ആശയത്തെ വികസിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും പരിശ്രമിച്ചു.

വിനോബഭാവെയുടെ നേതൃത്വത്തിൽ 1951ൽ ആന്ധ്രപ്രദേശിലെ പോച്ചംപള്ളി ഗ്രാമത്തിൽവച്ചാണ് ഭൂദാനപ്രസ്ഥാനം, ആരംഭിക്കുന്നത്. സ്വമേധയായുള്ള ഭൂപരിഷ്കരണ പ്രസ്ഥാനമായിരുന്നു അത്. രാമചന്ദ്രറെഡ്ഡി എന്നയാളാണ് ആദ്യമായി ഭൂമി ദാനം ചെയ്തത്. ഭൂപ്രഭുക്കന്മാരെ സ്വമേധയാ ഭൂമി ദാനം ചെയ്യാൻ പ്രേരിപ്പിക്കുക എന്നതായിരുന്നു

ഈ പ്രസ്ഥാനത്തിന്റെ ദൗത്യം. ഗാന്ധിജിയുടെ ട്രസ്റ്റീഷിപ്പ് എന്ന ആശയത്തിന്റെ പ്രയോഗവൽക്കരണമാണ് ഈ പ്രസ്ഥാനത്തിലൂടെ വിനോബഭാവെ നിർവഹിച്ചത്.

ഭൂദാനപ്രസ്ഥാനത്തിന്റെ അടുത്ത ഘട്ടമായിരുന്നു ഗ്രാമദാനപ്രസ്ഥാനം. ഒരു ഗ്രാമത്തിലെ ഭൂപ്രഭുക്കന്മാർ അവരുടെ ഭൂമിമുഴുവനും ഭൂദാനപ്രസ്ഥാനത്തിലേക്ക് സ്വമേധയാ ദാനമായി നൽകുന്നതിനെയാണ് ഗ്രാമദാനം എന്നു പറയുന്നത്. സ്വകാര്യ ഭൂസ്വത്ത് സ്വമേധയാ ഉപേക്ഷിക്കുന്ന വിപ്ലവാത്മകമായ ഒരു ചുവടുവയ്പായിരുന്നു അത്. ഭൂമിമുഴുവൻ ഗ്രാമസമൂഹത്തിന്റെ പൊതു ഉടമസ്ഥതയിലായിരിക്കും. ഉത്തർപ്രദേശിലെ ഹാമിർപൂർ ജില്ലയിലുള്ള മാംഗ്രോത്ത് ഗ്രാമമാണ് ആദ്യമായി ഗ്രാമദാനപ്രസ്ഥാനത്തിന്റെ ഭാഗമായത്. ഭൂമി ദാനമായി നൽകാൻ കഴിയാത്ത ധനാഢ്യരായ വ്യക്തികൾ അവരുടെ വാർഷിക വരുമാനത്തിന്റെ നിശ്ചിതശതമാനം സമൂഹത്തിന് ദാനമായി നൽകണമെന്ന് വിനോബഭാവെ അഭ്യർഥിച്ചു. ഭൂരഹിതരായവരെയും ഭൂദാനപ്രവർത്തകരെയും പരിരക്ഷിക്കുന്നതിന് ഈ തുക വിനിയോഗിക്കണമെന്ന് വിനോബജി നിഷ്കർഷിച്ചു. ഇതിനെ സമ്പത്തിന്റെ ദാനം എന്നാണ് വിളിച്ചിരുന്നത്. ഇതുപോലെത്തന്നെ ബുദ്ധിപരമായ ശേഷികൾ സമൂഹത്തിന്റെ പൊതുനന്മയ്ക്കായി വിനിയോഗിക്കുന്നതിനെ ബുദ്ധിദാനം എന്നും വിളിച്ചിരുന്നു. ഒരുവൻ അവന്റെ തൊഴിൽശക്തി സമൂഹത്തിന്റെ നന്മയ്ക്കായി സ്വമേധയാ നൽകുമ്പോൾ ശ്രമദാനം എന്നാണറിയപ്പെട്ടിരുന്നത്. പൊതു ആസ്തികളുടെ നിർമാണത്തിനാണ് ശ്രമദാൻ ഉപയോഗിക്കുന്നത്. ഒരുവൻ അവന്റെ ജീവിതം പൂർണമായി ഭൂദാനപ്രസ്ഥാനത്തിനായി മാറ്റുമ്പോൾ അതിനെ ജീവൻദാൻ എന്നു പറയുന്നു.

### ജെ.സി.കുമരപ്പ : സ്ഥായിയായ സമ്പദ്‌വ്യവസ്ഥ

ഗാന്ധിജിയുടെ അടുത്ത അനുയായിയും ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞനുമാണു ജെ.സി. കുമരപ്പ (1892–1960). ഗാന്ധിയൻ സാമ്പത്തികശാസ്ത്രചിന്തകളെ സ്വതന്ത്രമായി വികസിപ്പിക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും കുമരപ്പയുടെ സംഭാവനകൾ ഗണനീയമാണ്. അഹിംസാത്മകമായ സാമൂഹികക്രമത്തിനായുള്ള അന്വേഷണമാണ് 'സ്ഥായിയായ സമ്പദ്‌വ്യവസ്ഥ' (Economy of Permanence) എന്ന ഗ്രന്ഥത്തിലൂടെ അദ്ദേഹം നടത്തുന്നത്. ഭൗതികവളർച്ചയ്ക്കും ജീവിതനിലവാരത്തിന്റെ വർധനവിനും അമിതമായി പ്രാധാന്യം നൽകുന്ന ആധുനികസാമ്പത്തികശാസ്ത്രത്തിന്റെ രീതികളെ കുമരപ്പ നിശിതമായി വിമർശിക്കുന്നു. പ്രകൃതിയാണ് സ്ഥായിയായ സമ്പദ്‌വ്യവസ്ഥയെന്നു കുമരപ്പ അഭിപ്രായപ്പെടുന്നു.

പ്രകൃതിയിൽ എല്ലാ ഘടകങ്ങളും സഹവർത്തിത്വത്തിലൂടെയാണ് നിലനിൽക്കുന്നത്. പ്രകൃതിയിലെ ഓരോ ഘടകവും സ്വന്തമായി നൽകാൻ ശ്രമിക്കുന്നതിനോടൊപ്പം മറ്റു ഘടകങ്ങളുടെ നിലനിൽപ്പിനെ സഹായിക്കുകയും ചെയ്യുന്നു. ഇപ്രകാരം പ്രകൃതിയിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള സഹവർത്തിത്വത്തോടുകൂടിയുള്ള നിലനിൽപ്പിനെയാണ് സ്ഥായിയായ സമ്പദ്‌വ്യവസ്ഥയെന്ന് കുമരപ്പ വിളിക്കുന്നത്. സ്ഥായിയായ സമ്പദ്‌വ്യവസ്ഥയിൽ പ്രകൃതിയെ നശിപ്പിക്കുന്ന യാതൊന്നുംതന്നെ നടക്കുന്നില്ല. പ്രകൃതിയിൽ അഞ്ചു തരത്തിലുള്ള സമ്പദ്‌വ്യവസ്ഥകൾ നിലനിൽക്കുന്നതായി കുമരപ്പ അഭിപ്രായപ്പെടുന്നു.

### 1. പരാന്ന സമ്പദ്വ്യവസ്ഥ (Parasitic Economy)

ചില സസ്യങ്ങൾ മറ്റു സസ്യങ്ങളുടെയോ വൃക്ഷങ്ങളുടെയോ സഹായത്തോടുകൂടിയാണ് വളരുന്നത്. ഇപ്രകാരം വളരുന്ന സസ്യങ്ങൾ ആതിഥേയവൃക്ഷത്തെയോ സസ്യത്തെയോ അതിന്റെ വളർച്ചയോടൊപ്പം നശിപ്പിക്കുകയും ചെയ്യുന്നു. ഇതുപോലെ ഒരു പരാന്ന സമ്പദ്വ്യവസ്ഥ സ്വയം കേന്ദ്രീകൃതമായിരിക്കും. ഇവിടെ ഉൽപ്പാദനമില്ലാതെ ഉപഭോഗം മാത്രമായിരിക്കും നടക്കുക.

### 2. കവർച്ചസ്വഭാവമുള്ള സമ്പദ്വ്യവസ്ഥ (Predatory Economy)

പ്രകൃതിയിലെ ചില ഘടകങ്ങൾ പ്രകൃതിയിൽനിന്ന് ആനുകൂല്യങ്ങൾ നേടുകയും എന്നാൽ ഇതിനു തുല്യമായി ഒന്നുംതന്നെ മറ്റു ഘടകങ്ങൾക്കു കൈമാറാതിരിക്കുകയും ചെയ്യുന്നു. ഇത്തരം സ്വഭാവമുള്ള സമ്പദ്വ്യവസ്ഥയാണ് കവർച്ചസ്വഭാവമുള്ള സമ്പദ്വ്യവസ്ഥ. ഒരു കുരങ്ങൻ മാവിൽനിന്ന് ഫലം ഭക്ഷിക്കുകയും മാവിന് ഒന്നും സംഭാവന ചെയ്യാതിരിക്കുകയും ചെയ്യുന്നു. ഇവിടെ സ്വാർത്ഥപരമായാണ് കുരങ്ങന്റെ പ്രവൃത്തി. പരാന്ന സമ്പദ്വ്യവസ്ഥയേക്കാളും അക്രമം ഇവിടെ കുറവായിരുന്നുവെങ്കിലും ഇതും നശീകരണസ്വഭാവമുള്ളതാണ്.

### 3. സംരംഭകത്വ സമ്പദ്വ്യവസ്ഥ (Economy of Enterprise)

പ്രകൃതിയിലെ ചില ജീവികൾ പ്രകൃതിയിൽനിന്ന് ആവശ്യമായവ എടുക്കുന്നതിനോടൊപ്പം തന്നെ തിരിച്ച് പ്രകൃതിക്ക് സവിശേഷമായ ചില സേവനങ്ങൾ നൽകുകയും ചെയ്യുന്നു. ഉദാഹരണത്തിന് തേനീച്ച പുഷ്പങ്ങളിൽനിന്ന് തേൻ ശേഖരിക്കുന്നതോടൊപ്പം അവയുടെ പരാഗണത്തിനും സഹായിക്കുന്നു. ഇവിടെ പരസ്പരമുള്ള ക്രിയാത്മകമായ സഹവർത്തിത്വമാണ് നിലനിൽക്കുന്നത്.

### 4. സഹവാസ സമ്പദ്വ്യവസ്ഥ (Gregation Economy)

ഒരു തേനീച്ച ഒരിക്കലും അതിന്റെ വ്യക്തിപരമായ നേട്ടത്തിനായല്ല പ്രവർത്തിക്കുന്നത്. മറിച്ച്, അതുൾപ്പെടുന്ന തേനീച്ചക്കൂട്ടത്തിന്റെ മുഴുവൻ നന്മയ്ക്കായിട്ടാണ്. ഇവിടെ വ്യക്തിതാൽപ്പര്യത്തിൽനിന്നു സമൂഹതാൽപ്പര്യത്തിലേക്ക് പ്രവർത്തനം മാറുകയും വർത്തമാനകാല ആവശ്യം നിറവേറ്റപ്പെടുന്നതോടൊപ്പം ഭാവികാലത്തേക്കുള്ള ആസൂത്രണവും നടക്കുന്നു.

### 5. സേവന സമ്പദ് വ്യവസ്ഥ (Economy of Service)

പ്രകൃതിയിൽ നിലനിൽക്കുന്ന ഏറ്റവും ഉയർന്ന രൂപത്തിലുള്ള സമ്പദ്വ്യവസ്ഥയാണിത്. കുട്ടികളും അവരുടെ രക്ഷാകർത്താക്കളും തമ്മിലുള്ള ബന്ധം ഇത്തരം വ്യവസ്ഥയുടെ പ്രത്യക്ഷ ഉദാഹരണമാണ്. ഒരു തള്ളപ്പക്ഷി കുഞ്ഞുങ്ങൾക്ക് തീറ്റ നൽകുന്നതിനായി വനത്തിലെല്ലാം പറന്നു നടന്ന് തീറ്റ തേടുന്നു. കൂടാതെ തന്റെ കുഞ്ഞുങ്ങളെ ശത്രുക്കളിൽനിന്നു രക്ഷിക്കുന്നതിനായി സ്വന്തം ജീവൻപോലും അപകടത്തിലാക്കുന്നു. ഇവിടെ ഈ തള്ളപ്പക്ഷി പ്രവർത്തിക്കുന്നത് തന്റെ നിലവിലുള്ളതോ ഭാവിയിലുള്ളതോ ആയ ഏതെങ്കിലും ആവശ്യം പൂർത്തീകരിക്കുന്നതിനു വേണ്ടിയല്ല; തന്റെ അടുത്ത തലമുറയ്ക്കും

വരാനിരിക്കുന്ന തലമുറയ്ക്കും വേണ്ടിയാണ്. യാതൊരു പ്രതിഫലവും ഇവിടെ പക്ഷിക്ക് ലഭിക്കുന്നില്ല. അഹിംസാത്മകമായി സറായിയായ സമ്പദ്‌വ്യവസ്ഥയോട് ഏറ്റവും അടുത്തുനിൽക്കുന്ന സമ്പദ്‌വ്യവസ്ഥയാണിത്.

### ഡോ. ഇ. എഫ്. ഷുമാക്കർ : ഉചിത സാങ്കേതികവിദ്യ / മധ്യവർത്തി സാങ്കേതികവിദ്യ

'സ്മാൾ ഈസ് ബ്യൂട്ടിഫുൾ' (ചെറുത് സുന്ദരം – Small is beautiful) എന്ന തന്റെ ഗ്രന്ഥത്തിലൂടെ ഇഎഫ്. ഷുമാക്കറാണ് ഉചിത സാങ്കേതികവിദ്യ എന്ന ആശയം ആദ്യമായി അവതരിപ്പിക്കുന്നത്. ആരോഗ്യം, സൗന്ദര്യം, സുസ്ഥിരത എന്നിവ നിലനിർത്തുന്ന വിധത്തിലായിരിക്കണം സാങ്കേതികവിദ്യ രൂപപ്പെടുത്തേണ്ടതെന്ന് ഷുമാക്കർ അഭിപ്രായപ്പെടുന്നു. നമ്മുടെ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ഒരേയൊരു മാർഗമായി സാങ്കേതികവിദ്യയെ കാണാൻ പാടില്ല. ഒരു ഉൽപ്പാദനപ്രക്രിയയിലൂടെ എത്രമാത്രം തൊട്ടടുത്ത ഉപഭോക്താവിന് നേട്ടമുണ്ടായി എന്നതല്ല, അത് സമൂഹത്തിന് മൊത്തത്തിൽ എത്രത്തോളം ഗുണകരമായി എന്നതാണ് പരിഗണിക്കേണ്ടത്. ദരിദ്രർക്ക് അവരെ സഹായിക്കാൻ പ്രാപ്തരാക്കുന്ന സഹായമാണ് നമ്മൾ നൽകേണ്ടത്. ദാരിദ്ര്യം അവരിൽ അടിച്ചേൽപ്പിച്ചിരിക്കുന്ന പരിമിതികൾ തിരിച്ചറിയുന്ന സാങ്കേതികവിദ്യയുടെ ലഭ്യതയിൽക്കൂടിയാണ് ഈ ലക്ഷ്യം നേടിയെടുക്കേണ്ടത്. ഇത്തരത്തിലുള്ള സാങ്കേതികവിദ്യയാണ് മധ്യവർത്തിയായ/ ഉചിത സാങ്കേതികവിദ്യ എന്നു പറയുന്നത്. ഷുമാക്കറുടെ മധ്യവർത്തി സാങ്കേതികവിദ്യ എന്ന ആശയത്തിന്റെ സവിശേഷതകൾ താഴെ പറയുന്നവയാണ്.

1. എല്ലാവർക്കും ലഭ്യമാകുന്നതും ചെലവു കുറഞ്ഞതുമായ സാങ്കേതികവിദ്യ.
2. പ്രകൃതിവിഭവങ്ങൾ ഭാവിതലമുറയ്ക്കായി പരിപാലിക്കുന്നത്.
3. മനുഷ്യന്റെ ക്രിയാത്മകതയ്ക്ക് ഇടം നൽകുന്നത്.

ദരിദ്രരെ വീണ്ടും ദാരിദ്ര്യത്തിലേക്കു തള്ളിവിടാനല്ല; സാങ്കേതികവിദ്യകൊണ്ട് സ്വയം പര്യാപ്തത സാധ്യമാക്കാൻ കഴിയുന്നതായിരിക്കണം. അത്തരം സാങ്കേതികവിദ്യകളെയാണ് നാം ഉചിതസാങ്കേതികവിദ്യ എന്നു വിശേഷിപ്പിക്കുന്നത്.

### ഉപസംഹാരം

ഗാന്ധിയുടെ സാമ്പത്തികസങ്കൽപ്പങ്ങൾ വർത്തമാനകാല സാമ്പത്തിക- പാരിസ്ഥിതിക വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ ലോകത്തിനു പുതിയ പ്രകാശം നൽകുന്ന ഒന്നു തന്നെയാണ്. ഉപഭോഗാസക്തി, മനുഷ്യനാൽ സൃഷ്ടിക്കപ്പെടുന്ന ദാരിദ്ര്യം, വിഭവശോഷണം എന്നിവയുടെ പശ്ചാത്തലത്തിൽ ഗാന്ധിയൻ സാമ്പത്തികദർശനം പുതിയ ഉൾക്കാഴ്ചകൾ മനുഷ്യനു നൽകുന്നു.

## സംഗ്രഹം


- ഭൂമിയുടെ നന്മയ്ക്കായുള്ള പ്രതിജ്ഞാബദ്ധതയാണ് ഗാന്ധിയൻ സാമ്പത്തികചിന്തയുടെ അടിസ്ഥാനം.
- ജീവിതത്തെ അതിന്റെ സമഗ്രതയിലാണ് ഗാന്ധിജി ദർശിച്ചത്.
- സാമ്പത്തികശാസ്ത്രത്തെ ഒരു ധാർമികശാസ്ത്രമായാണ് ഗാന്ധിജി പരിഗണിച്ചത്.
- സത്യവും അഹിംസയും പാഠമാക്കിയ ജനങ്ങൾ പിന്തുണയ്ക്കുന്ന ഒരു അഹിംസാത്മക, ചൂഷണരഹിതമായ സാമ്പത്തികക്രമം കെട്ടിപ്പടുക്കുന്നതിന് ഗാന്ധിജി ദീർഘവീക്ഷണം ചെയ്തു.

## എനിക്കു കഴിയും

- ഗാന്ധിയൻ സമ്പദ്ശാസ്ത്രധാരകൾ മനസ്സിലാക്കുന്നതിനായി സാമ്പത്തികശാസ്ത്രത്തിലെ മുഖ്യാശയങ്ങൾ കണ്ടെത്തുന്നു.
- ഗാന്ധിയൻ സാമ്പത്തികാശയങ്ങൾ രൂപപ്പെടുത്തി സ്വാധീനങ്ങൾ കണ്ടെത്തുന്നു.
- ഗാന്ധിജിയുടെ പ്രധാന സാമ്പത്തികാശയങ്ങൾ പട്ടികപ്പെടുത്താൻ സാധിക്കുന്നു.
- ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ സാമ്പത്തികശാസ്ത്രവും ധാർമികതയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു.
- ലളിതജീവിതവും ഉയർന്ന ചിന്തയും എന്ന ഗാന്ധിയൻ തത്ത്വം വിലയിരുത്തുന്നു.
- ഗാന്ധിജിയുടെ ബ്രഡ് ലേബർ എന്ന ആശയം വിലയിരുത്തുന്നു.
- 'സ്വദേശി' സാമ്പത്തികസ്വാശ്രയത്വത്തിനുള്ള ഉചിത ബദൽമാർഗമായും ഒരു ജീവിതരീതിയെന്ന നിലയിലും ശീലിക്കേണ്ടതിന്റെ ആവശ്യകത വിശകലനം ചെയ്യുന്നു.
- 'സ്വദേശി' പ്രായോഗികമാക്കാനുള്ള മാർഗമെന്ന നിലയിൽ ഖാദിയുടെ പ്രാധാന്യം വരച്ചുകാട്ടുന്നു.
- ഗാന്ധിയൻ കാഴ്ചപ്പാടിൽ യന്ത്രവൽക്കരണത്തെയും വ്യവസായവൽക്കരണത്തെയും വിശദീകരിക്കുന്നു.
- വികേന്ദ്രീകൃത സമ്പദ്വ്യവസ്ഥയ്ക്കു ഗാന്ധിജി നൽകുന്ന പ്രാധാന്യം വിശകലനം ചെയ്യുന്നു.
- ഗാന്ധിജി മുന്നോട്ടുവയ്ക്കുന്ന സാമ്പത്തികസമത്വം എന്ന ആശയം വിശദീകരിക്കുന്നു.
- സാമ്പത്തിക അസമത്വം പരിഹരിക്കാനുള്ള ശക്തമായ മാർഗമെന്ന നിലയിൽ ട്രസ്റ്റീഷിപ്പ് എന്ന ആശയത്തെ വിലയിരുത്തുന്നു.
- ഗാന്ധിയൻ സമ്പദ്ശാസ്ത്രത്തിൽ വിനോബഭാവെ, ജെ.സി.കുമരപ്പ, ഇ.എഫ്. ഷുമാക്കർ എന്നിവരുടെ സംഭാവന കണ്ടെത്തുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. കായികാധ്വാനത്തിന്റെ ആവശ്യകതയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ഗാന്ധിയൻ സാമ്പത്തിക തത്ത്വം കണ്ടെത്തി വിശദീകരിക്കുക.
2. "മഹാത്മാഗാന്ധി യന്ത്രത്തിന് എതിരായിരുന്നില്ല, യന്ത്രത്തോടുള്ള അമിതമായ അഭിനിവേശത്തിന് എതിരായിരുന്നു" – ഈ പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുണ്ടോ? സമർഥിക്കുക.
3. ലളിതജീവിതവും ഉയർന്ന ചിന്തയും എന്ന ഗാന്ധിജിയുടെ ആശയത്തിന്റെ മേന്മകൾ വിശകലനം ചെയ്യുക.
4. ഗാന്ധിജിയുടെ സാമ്പത്തികതത്ത്വങ്ങളിൽ ഒന്ന് വിദേശവസ്തുക്കൾക്കു പകരമായി തദ്ദേശീയമായ ഉൽപന്നങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നു. ആ തത്ത്വം കണ്ടെത്തി മേന്മകൾ വിലയിരുത്തുക.
5. മുതലാളിത്ത സാമൂഹികക്രമത്തെ സമത്വാധിഷ്ഠിതമായ ഒന്നാക്കി രൂപാന്തരപ്പെടുത്താൻ ഗാന്ധിജി ഒരു മാർഗം നിർദേശിക്കുന്നു. അതു കണ്ടെത്തി വിശദീകരിക്കുക.
6. കേന്ദ്രീകൃത ഉൽപാദനം തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും ചൂഷണത്തിനും വഴിയൊരുക്കും. ഇതിന് ഗാന്ധിജി ഒരു ബദൽമാർഗം നിർദേശിക്കുന്നു. അതു കണ്ടെത്തി വിലയിരുത്തുക.
7. സമൂഹത്തിൽ ഇപ്പോൾ നിലനിൽക്കുന്ന സാമ്പത്തികപ്രശ്നങ്ങൾക്കു ഗാന്ധിയൻ സാമ്പത്തിക ചിന്തകൾ പരിഹാരം നൽകുന്നു– ഈ പ്രസ്താവന വിശകലനം ചെയ്യുക.
8. ബൃഹദ് ഉൽപാദനത്തിനു പകരമായി ജനകീയ ഉൽപാദനം ഗാന്ധിജി നിർദേശിക്കുന്നു. തന്ത്രങ്ങൾ വ്യക്തമാക്കുക.
9. ട്രസ്റ്റീഷിപ്പിന് ആധാരമായ അടിസ്ഥാനതത്ത്വം വിശകലനം ചെയ്യുക.
10. ദരിദ്ര– സമ്പന്ന അനുപാതം കുറയ്ക്കാൻ ഗാന്ധിജി മുന്നോട്ടുവച്ച പരിഹാരങ്ങൾ കണ്ടെത്തി എഴുതുക.



# 9

# മഹാത്മാഗാന്ധിയുടെ സാമൂഹികദർശനങ്ങൾ

U2R2U1


## പ്രധാനാശയങ്ങൾ

- സമൂഹം
- സമൂഹത്തിന്റെ സ്വഭാവ സവിശേഷതകൾ
- വ്യക്തിയും സമൂഹവും
- സമുദായം
- സർവോദയ
- സർവോദയ സാമൂഹികക്രമം
- സർവോദയ സാമ്പത്തികക്രമം
- സർവോദയ രാഷ്ട്രീയക്രമം
- സർവോദയക്രമത്തിൽ എത്താനുള്ള തന്ത്രങ്ങൾ
- സോഷ്യലിസത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട്
- മഹാത്മാഗാന്ധി നൽകുന്ന മാന്ത്രികസൂക്തം
- സർവോദയ ഗാന്ധിക്കുശേഷം

സമൂഹത്തെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ കാഴ്ചപ്പാടാണ് ഈ അധ്യായത്തിൽ പ്രതിപാദിക്കുന്നത്. എല്ലാവരും സമൃദ്ധിയോടും സമാധാനത്തോടും കൂടി ജീവിക്കുന്ന ഒരു ആദർശാത്മക സമൂഹത്തെപ്പറ്റി ഗാന്ധിജിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. എല്ലാ ജീവജാലങ്ങളും ക്ഷേമത്തോടുകൂടി കഴിയുന്നത് അദ്ദേഹം ഭാവനയിൽ കണ്ടു. മനുഷ്യന്റെ സമ്പൂർണമായ വികാസം ഉറപ്പാക്കുന്ന ഒരു പുതിയ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, വിദ്യാഭ്യാസക്രമം സറാപിക്കണെമെന്നു ഗാന്ധിജി ആഗ്രഹിച്ചു. എം.കെ. ഗാന്ധിയുടെ സാമൂഹികദർശനങ്ങൾ മനസ്സിലാക്കുന്നതിനായി നമുക്ക് സമൂഹശാസ്ത്രത്തിലെ ചില അടിസ്ഥാനാശയങ്ങൾ ഗ്രഹിക്കേണ്ടതുണ്ട്.

### സമൂഹം

സമൂഹം എന്ന പദം ഏവരും പൊതുവായി ഉപയോഗിക്കുന്ന ഒന്നാണ്. സമൂഹം എന്നതുകൊണ്ട് നിങ്ങൾ മനിലാക്കിയിരിക്കുന്നത് എന്താണ്? സമൂഹവുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റു പദങ്ങൾകൊണ്ട്, താഴെ നൽകിയിരിക്കുന്ന രേഖാചിത്രം പൂർത്തിയാക്കുക.



ഒരേ അതിർത്തിക്കുള്ളിൽ പൊതുവായ ആചാരങ്ങളെയും നിയമങ്ങളെയും പിന്തുടർന്ന് ജീവിക്കുന്ന ഒരുകൂട്ടം ആളുകളെയാണ് സമൂഹമെന്നതുകൊണ്ട് അർഥമാക്കുന്നത്. സൊസൈറ്റസ് എന്ന ലാറ്റിൻപദത്തിൽ നിന്നാണുസൊസൈറ്റി എന്ന വാക്കുണ്ടായത്. സൊസൈറ്റസ് എന്നാൽ കൂട്ടായ്മ അല്ലെങ്കിൽ സൗഹൃദം എന്നാണർഥം. മനുഷ്യർ മറ്റുള്ളവരുമായി സൗഹൃദത്തിൽ ജീവിക്കുന്നവരാണെന്ന് ഇതു സൂചിപ്പിക്കുന്നു. അതുകൊണ്ടാണു മനുഷ്യനെ സമൂഹജീവിയായി അരിസ്റ്റോട്ടിൽ വിശേഷിപ്പിച്ചത്.

**നമുക്ക് അറിയാം**

*ഏതെങ്കിലും ഒരു ബന്ധത്തിന്റെ പേരിലുള്ള ഒരുകൂട്ടം വ്യക്തികളുടെ കൂട്ടായ്മ അല്ലെങ്കിൽ മറ്റുള്ളവരിൽനിന്ന് അവരെ വ്യത്യസ്തരാക്കുന്ന ഒരേ സ്വഭാവരീതികൾ പിന്തുടരുന്നവർ എന്നതാണ് ഒരു സമൂഹം എന്നതുകൊണ്ട് അർഥമാക്കുന്നത്. സ്വഭാവങ്ങളിൽ പുലർത്തുന്ന ഈ വ്യത്യസ്തത മറ്റുള്ളവർ ഈ കൂട്ടായ്മയിലേക്കു പ്രവേശിക്കുന്നതിനു തടസ്സമായി വർത്തിക്കും.* –മോറിസ് ഗിൻബർഗ്

സാമൂഹ്യശാസ്ത്രത്തിന്റെ ഏതു ശാഖയിലാണ് സമൂഹത്തെക്കുറിച്ചുള്ള പഠനങ്ങൾ ഉൾപ്പെടുന്നത്?

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനത്തിലൂടെ സമൂഹത്തിന്റെ സ്വഭാവസവിശേഷതകൾ നമുക്കു മനസ്സിലാക്കാൻ ശ്രമിക്കാം.

**നമുക്ക് അറിയാം**

**സോഷ്യോളജി**

*മനുഷ്യസമൂഹത്തെക്കുറിച്ചും മനുഷ്യരുടെ സ്വഭാവരീതികളെക്കുറിച്ചും പഠിക്കുന്ന ശാസ്ത്രശാഖയാണ് സോഷ്യോളജി (സമൂഹശാസ്ത്രം) സമൂഹത്തിന്റെ ആവിർഭാവം, വളർച്ച, ഘടന, ധർമങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങളും ഈ ശാസ്ത്രശാഖയ്ക്കുള്ളിൽ വരുന്നു. ഒരു സമൂഹത്തിനുള്ളിലെ മനുഷ്യന്റെ ജീവിതവും പ്രവർത്തനങ്ങളും സാമൂഹ്യശാസ്ത്രത്തിന്റെ ശാഖയായ ഈ വിഷയം കൈകാര്യം ചെയ്യുന്നു. ഫ്രഞ്ച് തത്ത്വചിന്തകനായ അഗസ്ത് കോംതെ സോഷ്യോളജിയെ നിർവചിക്കുന്നതിങ്ങനെയാണ് "നൈസർഗികവും നിയതവുമായ നീതികളുടെ സാമൂഹികദർശനങ്ങളെപ്പറ്റി പഠിക്കുന്ന ശാസ്ത്രം."*

### സമൂഹത്തിന്റെ സ്വഭാവസവിശേഷതകൾ

ജനങ്ങൾ പരസ്പരം ഇടപഴകി ജീവിക്കുന്ന ഒന്നാണ് സമൂഹം. തങ്ങളുടേതായ ഒരു ജീവിതരീതി അവർ വികസിപ്പിച്ചെടുത്തിട്ടുണ്ടാകും. ഒരേപോലെയോ വ്യത്യസ്തരോ ആയ ആളുകളെ സമൂഹം ഉൾക്കൊള്ളുന്നു. പരസ്പരമുള്ള സഹകരണം, ചില പ്രത്യേക തരത്തിലുള്ള തൊഴിൽവിഭജനം, പരസ്പരാശ്രയത്വം എന്നിവയും നമുക്ക് ഇവിടെ കാണാനാകും. എല്ലാ സമൂഹങ്ങളും ചലനാത്മകമാണ്. അച്ചടക്കമില്ലാത്ത അംഗങ്ങളുടെ സ്വഭാവങ്ങളെ നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങളും സമൂഹത്തിലുണ്ട്.

**പ്രവർത്തനം**

*ഒരു ദ്വീപിൽ നിങ്ങൾക്ക് ഏകാന്തവാസം ന യിക്കേണ്ടി വരുന്നുവെന്നു ചിന്തിക്കുക. അ വിടെ നിങ്ങളുടെ ജീവിതാവശ്യങ്ങൾ നിറ വേറ്റുന്നതിനാവശ്യമായ എല്ലാം ലഭ്യമാ ണുതാനും. മറ്റുള്ളവരുമായി ഇടപെടലുകൾ സാധ്യമാകാത്ത ഇത്തരമൊരു ജീവിതത്തി നു നിങ്ങൾ തയാറാണോ? തയാറെങ്കിൽ എത്ര കാലം? അല്ലെങ്കിൽ എന്തുകൊണ്ട്? നിങ്ങളുടെ അഭിപ്രായങ്ങൾ ക്ലാസിൽ പങ്കു വയ്ക്കുക*

### വ്യക്തിയും സമൂഹവും

മനുഷ്യൻ സമൂഹജീവിയാണ്. സമൂഹങ്ങളിലും സമുദായങ്ങളിലും സാമൂഹിക കൂട്ടായ്മകളിലുമായാണ് മനുഷ്യൻ ജീവിക്കുന്നത്. സമൂഹമില്ലാതെ മനുഷ്യനായി ജീവിക്കുക അസാധ്യമാണ്. മനുഷ്യന്റെ വളർച്ചയ്ക്കും തുടർച്ചയ്ക്കും അനിവാര്യമായ ഒരു വ്യവസ്ഥയാണിത്. ഒരു വ്യക്തിയുടെ സംസ്കാരം സമൂഹത്തിൽ നിന്നാണു രൂപപ്പെടുന്നത്. വ്യക്തികൾ പെരുമാറ്റം ശീലിക്കുന്നതും പദവികൾ നേടുന്നതും, കൂട്ടായ്മകളിൽ അംഗമാകുന്നതുമൊക്കെ സമൂഹത്തിന്റെ ഭാഗമായി നിന്നുകൊണ്ടാണ്. നാം അംഗീകാരങ്ങൾ നേടാൻ ശ്രമിക്കുന്നതും പ്രയാസങ്ങളുണ്ടാകുമ്പോൾ പിന്തുണ തേടുന്നതും, സമാന മനസ്സുള്ളവരുമായി ചങ്ങാത്തത്തിലാകുന്നതും ഒക്കെ ഇത്തരം കൂട്ടായ്മകളിലൂടെയാണ്.

### സമുദായം

സാമൂഹികജീവിതത്തിന്റെ എല്ലാ ഘടകങ്ങളും അടങ്ങുന്ന പ്രാദേശികമായ ഒരു ചെറിയ ഗണമാണു സമുദായം. സമൂഹത്തേക്കാൾ ചെറുതാണെങ്കിലും അംഗങ്ങൾക്കിടയിൽ 'നമ്മൾ' എന്ന വികാരം ശക്തമായിരിക്കും.

### സമൂഹവും സമുദായവും തമ്മിലുള്ള വ്യത്യാസങ്ങൾ

### സർവോദയ

**നമുക്കു ചെയ്യാം**

*നിങ്ങൾ ഉൾപ്പെടുന്നത് സമൂഹത്തിലോ സമുദായത്തിലോ? സമൂഹവും സമുദായവും തമ്മിൽ എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ? കൂട്ടായ ചർച്ചകൾ നടത്തുകയും കണ്ടെത്തലുകൾ ചാർട്ടിൽ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുകയും ചെയ്യുക.*

| സമൂഹം | സമുദായം |
|---|---|
| • സാമൂഹികബന്ധങ്ങളുടെ ഒരു ശൃംഖലയാണ് സമൂഹം. | • ഒരു നിശ്ചിത ഭൂപ്രദേശത്തു താമസിക്കുന്ന, ഞങ്ങൾ എന്ന വികാരം പുലർത്തുന്ന ഒരു കൂട്ടം വ്യക്തികളുടെ സംഘമാണ് സമുദായം. |
| • ക്ലിപ്തമായ ഭൂപ്രദേശം സമൂഹത്തിനാവിശ്യമില്ല. | • ക്ലിപ്തമായ ഭൂപ്രദേശത്താണ് സമുദായം കാണപ്പെടുക. |
| • സമൂഹത്തിന് രൂപമില്ല. | • സമുദായം എന്നത് മൂർത്തമായ ഒന്നാണ്. |
| • സമുദായികചിന്ത അല്ലെങ്കിൽ നമ്മൾ എന്ന വികാരം സമൂഹത്തിൽ ഉണ്ടാവാനും ഇല്ലാതിരിക്കാനും സാധ്യതയുണ്ട്. | • സാമുദായികചിന്ത അത്യാന്താപേക്ഷിതമാണ്. |

| | |
|---|---|
| • സമൂഹമെന്നത് വിശാലമായ സങ്കൽപ്പമാണ്. ഒന്നിലധികം സമുദായങ്ങൾ ഒരു സമൂഹത്തിലുണ്ടാവാം. | • സമുദായം സമൂഹത്തേക്കാൾ ചെറുതാണ്. |
| • സമൂഹം ഒരേസമയം സമാനതകളെയും വ്യത്യസ്തതകളെയും ഉൾക്കൊള്ളുന്നു. | • സമാനതകളാണ് വ്യത്യസ്തതകളേക്കാൾ കൂടുതൽ |

മഹാത്മാഗാന്ധിക്ക് ഒരു മാതൃകാ സമൂഹക്രമത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഇതു സർവോദയ എന്ന പേരിലാണു അറിയപ്പെടുന്നത്. സഹജീവികളോടുള്ള ഗാന്ധിജിയുടെ സ്നേഹത്തിൽ നിന്നാണു സർവോദയ എന്ന ആശയം രൂപപ്പെടുന്നത്. ഹിംസയിലും ചൂഷണത്തിലും അധിഷ്ഠിതമായ സമൂഹത്തെ അദ്ദേഹം തിരസ്കരിച്ചു. അതുകൊണ്ടുതന്നെ ജീവിതകാലം മുഴുവൻ അന്നു നിലനിന്നിരുന്ന സമൂഹിക രാഷ്ട്രീയ, സാമ്പത്തിക, മത വ്യവസ്ഥിതികളെ പരിഷ്കരിക്കുന്നതിനായുള്ള വഴികളും മാർഗങ്ങളുമാണു അദ്ദേഹം ആലോചിച്ചത്. ഭാരതത്തിന്റെ ആത്മീയ –ധാർമിക മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു നവസമൂഹം രൂപപ്പെടുത്തുക എന്നതായിരുന്നു സർവോദയയിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്.

**പ്രവർത്തനം**

*മഹാബലിയുടെ കഥ നിങ്ങൾക്കറിയാമല്ലോ. അദ്ദേഹത്തിന്റെ ഭരണകാലത്ത് നമ്മുടെ നാട്ടിലെ അവസ്ഥ എന്തായിരുന്നു? ഒരാദർശാത്മക സമൂഹത്തിന്റെ സവിശേഷതകൾ ഈ കഥയെ അടിസ്ഥാനപ്പെടുത്തി കണ്ടെത്തുക. കൂട്ടായി ചർച്ച നടത്തി ചാർട്ട് തയാറാക്കുക.*


### സർവോദയയുടെ അർഥം

സർവോദയ എന്ന സംസ്കൃതപദം സർവ(എല്ലാവരുടെയും), ഉദയ(ഉന്നമനം) എന്നീ രണ്ട് വാക്കുകൾ കൂടിച്ചേർന്നതാണ്. അതായതു സർവോദയ എന്നാൽ എല്ലാവരുടെയും ഉയർച്ച അല്ലെങ്കിൽ ക്ഷേമം. എല്ലാവരുടെയും എന്നതുകൊണ്ടു മനുഷ്യരാശിയെ മാത്രമല്ല ഈ പ്രപഞ്ചത്തിലുള്ള എല്ലാ ജീവജാലങ്ങളെയുമാണ് അർഥമാക്കുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിലൂടെ കൂടി മാത്രമേ മനുഷ്യന്റെ സമ്പൂർണമായ വികാസം സാധ്യമാകൂ എന്നു ഗാന്ധിജി വിശ്വസിച്ചു. കൂടുതൽ വ്യക്തികൾക്ക് കൂടുതൽ നന്മ എന്ന പ്രയോജനവാദസിദ്ധാന്തത്തെ അദ്ദേഹം തള്ളിക്കളഞ്ഞു. ഗാന്ധിജിയുടെ കഴ്ചപ്പാടിൽ എല്ലാ ജീവജാലങ്ങൾക്കും അവയുടെ വികാസത്തിനു തുല്യ അവസരങ്ങൾ ഉണ്ടാകണം. അതുകൊണ്ട് അദ്ദേഹം എല്ലവരുടെയും കൂടുതൽ നന്മ എന്നതാണു ലക്ഷ്യം വച്ചത്. എല്ലാറ്റിനെയും സമന്വയിപ്പിക്കുകയും ഉൾക്കൊള്ളുകയും സന്തോഷം ഉറപ്പാക്കുകയും ചെയ്യുക എന്നതാണു സർവോദയയുടെ ലക്ഷ്യം.

### സർവോദയയുടെ ഉത്ഭവം

സർവോദയ എന്ന വാക്കിന്റെ വേരുകൾ നമുക്ക് വേദങ്ങളിലും ഉപനിഷത്തുക്കളിലും കണ്ടെത്താൻ കഴിയും. ജോൺ റസ്ക്കിന്റെ 'അൺ ടു ദി ലാസ്റ്റി'ന്റെ ഗുജറാത്തി പരിഭാഷ

യ്ക്കുള്ള പേര് നൽകുന്നതിനായാണ് ഗാന്ധിജി സർവോദയ എന്ന വാക്ക് ആദ്യമായി കണ്ടെത്തുന്നത്. പോളക് എന്ന സ്നേഹിതനാണ് ഈ പുസ്തകം അദ്ദേഹത്തിനു നൽകിയത്. ജോഹന്നാസ്ബർഗിൽനിന്നു ഡർബനിലേക്കുള്ള 24 മണിക്കൂർ തീവണ്ടിയാത്രയിൽ ഒറ്റയിരിപ്പിനു ഗാന്ധിജി ഈ പുസ്തകം വായിച്ചു തീർത്തു. ഈ പുസ്തകത്തിലെ ആശയങ്ങൾ ഗാന്ധിജിയെ ആഴത്തിൽ സ്വാധീനിച്ചു. പുസ്തകത്തിലെ ആശയങ്ങൾക്കനുസരിച്ച് തന്റെ ജീവിതത്തെ മാറ്റാൻ ആദ്ദേഹം തീരുമാനിച്ചു. പുസ്തകത്തിൽതന്നെ ഏറെ ആകർഷിച്ച ആശയങ്ങളെ ഗാന്ധിജി ഇപ്രകാരം സംഗ്രഹിച്ചു.




1. വ്യക്തിയുടെ നന്മസമൂഹത്തിന്റെ നന്മയിൽ അടങ്ങിയിരിക്കുന്നു.

2. എല്ലാവർക്കും അവരവരുടെ തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കാൻ തുല്യാവകാശമുള്ള സറിതിക്ക് അഭിഭാഷകന്റെ ജോലിക്കും ക്ഷുരകന്റെ ജോലിക്കും ഒരേ മൂല്യമാണുള്ളത്.

3. ദേഹാധ്വാനം കൊണ്ടുള്ള ജീവിതം, അതായതു കർഷകന്റെയും കൈവേലക്കാരന്റെയും ജീവിതരീതിയാണ് ഏറ്റവും നല്ലത്.

ഇതിൽ ആദ്യത്തേത് തനിക്ക് അറിയാമായിരുന്നു. രണ്ടാമത്തേത് താൻ അവ്യക്തമായി ഗ്രഹിച്ചിരുന്നു. മൂന്നാമത്തേത് തനിക്ക് ഒരിക്കലും അനുഭവപ്പെട്ടിരുന്നില്ല. രണ്ടാമത്തെയും മൂന്നാമത്തെയും ചേരുന്നതാണ് ഒന്നാമത്തേതെന്നു 'അൺടു ദി ലാസ്റ്റ്' പകൽവെളിച്ചം പോലെ ഗാന്ധിക്ക് വ്യക്തമാക്കിക്കൊടുത്തു. ഈ മൂന്നു തത്ത്വങ്ങളുടെയും സംയോജനമാണു സർവോദയ എന്ന ആശയം. പുസ്തകത്തിൽനിന്നു ലഭിച്ച രണ്ടാമത്തെ ആശയം മഹാത്മാഗാന്ധിയെ വളരെയേറെ സ്വാധീനിച്ചു. എന്തുകൊണ്ടെന്നാൽ അധ്വാനിക്കുന്ന മനുഷ്യനെ ഒരു വാണിജ്യഘടകമായി കാണാൻ ഗാന്ധി ഒരിക്കലും തയാറായിരുന്നില്ല, പക്ഷേ, വ്യക്തിയെന്ന നിലയിൽ മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ആവശ്യങ്ങൾ കക്ഷിനേതാക്കൻമാർ, സർക്കാർ ഉദ്യോഗസറ്, മാനേജർമാർ, ശാസ്ത്രജ്ഞർ കലാകാരർ എന്നിവർക്കെല്ലാം ഒന്നുതന്നെയാണ്.

മൂന്നാമത്തെ തത്ത്വം ശാരീരിക അധ്വാനത്തോടുള്ള സമൂഹത്തിന്റെ മനോഭാവം മാറ്റുന്നതിനുള്ള നൂതനമായ ഒരാശയമാണ്. ഈ തത്ത്വം 'ബ്രഡ് ലേബർ' എന്ന ആശയം വികസിപ്പിക്കുന്നതിൽ ഗാന്ധിയെ സ്വാധീനിച്ചു.

റസ്കിന്റെ ആശയങ്ങൾ പ്രായോഗികമാക്കുന്നതിനാണ് ഗാന്ധി ദക്ഷിണാഫ്രിക്കയിൽ ഫിനിക്സ് സമൂഹം സറാപിച്ചത്. 1908ൽ ഗാന്ധിജി 'അൺ ടു ദി ലാസ്റ്റ്' ഗുജറാത്തിഭാഷയിലേക്കു സർവോദയ എന്ന പേരിൽ പരിഭാഷപ്പെടുത്തി. തുല്യതയും നീതിയും എല്ലാവർക്കുമുള്ളതാണെന്ന ബൈബിൾകഥയെ അടിസ്ഥാനമാക്കിയാണ് റസ്കിൻ 'അൺ ടു ദി ലാസ്റ്റ്' രചിച്ചത്.

## സർവോദയയുടെ ദാർശനിക അടിസ്ഥാനം

എല്ലാ ജീവജാലങ്ങളുടെയും ഏകത്വം എന്ന തത്ത്വമാണു സർവോദയയുടെ അടിസ്ഥാനം. ഇന്ത്യൻ തത്ത്വശാസ്ത്രത്തിലാണ് സർവോദയയുടെ മൂലപ്രമാണങ്ങളുടെ വേരുകൾ കുടികൊള്ളുന്നത്. വേദങ്ങളും ഉപനിഷത്തുക്കളും, മതഗ്രന്ഥങ്ങളുമെല്ലാം നിലകൊള്ളുന്നത് എല്ലാറ്റിന്റെയും ക്ഷേമത്തിനു വേണ്ടിയാണ്. അവയെല്ലാം ഈശ്വരന്റെ പരമാധികാരത്തെയും എല്ലാ ജീവജാലങ്ങളുടെയും ഏകത്വത്തെയും ഊന്നിപ്പറയുന്നു. അദ്വൈതം, അനാസക്തിയോഗം, യജ്ഞം, പരിത്യാഗം, സഹനം, വസുധൈവകുടുംബകം, ലോകാ സമസ്താ സുഖിനോ ഭവന്തു എന്നീ ആശയങ്ങളെല്ലാം സർവോദയതത്ത്വത്തിന്റെ മൂലക്കല്ലുകളാണ്.





- **അദ്വൈതം:** വേദാന്തത്തിന്റെ മൂന്ന് ഉപദർശനങ്ങളിൽ ഒന്നാണ് അദ്വൈതസിദ്ധാന്തം. ദ്വൈതവും വിശിഷ്ടാദ്വൈതവുമാണ് വേദാന്തത്തിന്റെ മറ്റു രണ്ട് ഉപദർശനങ്ങൾ. അദ്വൈതം എന്നാൽ രണ്ട് അല്ലാത്തത് എന്നാണർഥം. മനുഷ്യനും ഈശ്വരനും ഒന്നാകുന്ന ഭാവം, അദ്വൈതം എന്ന വാക്ക് സൂചിപ്പിക്കുന്നത്. ആത്മാവും ബ്രഹ്മവും ഒന്നാണ് എന്നതാണ്. അതായത് ജീവാത്മായ മനുഷ്യനും പരമാത്മാവായ ഭഗവാനും ഒന്നാണെന്ന സങ്കൽപം. അദ്വൈതദർശനം പൂർണത പ്രാപിക്കുന്നത് ഉപനിഷത്തുക്കളിലാണ്.
- **അനാസക്തിയോഗം:** ഭഗവദ്ഗീത മുന്നോട്ടുവയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ആശയങ്ങളിലൊന്നാണ് അനാസക്തിയോഗം. ഗാന്ധിജിയെ ഈ ആശയം ഏറെ സ്വാധീനിച്ചിരുന്നു. അനാസക്തി എന്ന പദത്തിന്റെ അർഥം മമതയില്ലായ്മ എന്നാണ്. മഹാത്മജിയുടെ അഭിപ്രായത്തിൽ ഭഗവദ്ഗീതയുടെ സുവ്യക്തമായ തത്ത്വോപദേശം ഇപ്രകാരമാണ്. " നിനക്ക് നിർദേശിക്കപ്പെട്ടിട്ടുള്ള കർമം നീ ചെയ്യുക. അതിന്റെ ഫലം ത്യജിക്കുക. കർമത്തെ ത്യജിക്കുന്നവൻ നശിക്കുന്നു. കർമഫലം ത്യജിക്കുന്നവനാകട്ടെ, ഉയരുന്നു. " ഗാന്ധിജി 'അനാസക്തിയോഗം' എന്ന പേരിൽ ഭഗവദ്ഗീതയ്ക്കു വ്യാഖ്യാനം രചിച്ചിട്ടുണ്ട്.
- **യജ്ഞം:** വേദകാല ആശയങ്ങളിലൊന്നാണ് യജ്ഞം. ബലി എന്നതാണ് ഇതർഥമാക്കുന്നത്. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം മറ്റുള്ളവർക്കുവേണ്ടി സേവനങ്ങൾ ചെയ്യുകയെന്നതാണ്. ഇതിന്റെ പ്രതീകമായാണ് യജ്ഞത്തെയും വിശേഷിപ്പിക്കുന്നത്.
- **പരിത്യാഗം:** മറ്റുള്ളവരുടെ നന്മയ്ക്കായി സ്വന്തമായവ സമർപ്പിക്കുക എന്നതാണ് പരിത്യാഗം അർഥമാക്കുന്നത്.
- **വസുധൈവകുടുംബകം:** മഹത്തായ ഉപനിഷത് ആശയങ്ങളിലൊന്ന്. ലോകത്തെ മുഴുവൻ ഒരു കുടുംബമായി കാണുന്ന ആശയം. കുടുംബാംഗങ്ങൾക്ക് അവരുടേതായ പ്രപഞ്ചവീക്ഷണങ്ങൾ ഉണ്ടാവാം. അവ വ്യക്തികൾക്കനുസരിച്ച് ഒന്നിൽനിന്ന് വ്യത്യസ്തങ്ങളുമാവാം. ഈ വ്യത്യസ്തതകളെ മാനിച്ചുകൊണ്ടുതന്നെ ഒരുമയോടെ ജീവിക്കുക എന്നതാണ് വസുധൈവ കുടുംബകം എന്ന ആശയം.
- **ലോകാ സമസ്താ സുഖിനോ ഭവന്തു:** ലോകത്തിലെ സർവചരാചരങ്ങൾക്കും ക്ഷേമം ഉണ്ടാകട്ടെ എന്നാണ് ഈ ശാന്തിമന്ത്രം അർഥമാക്കുന്നത്.

ജീവന്റെ അടിസ്ഥാനപരമായ ഏകത്വത്തിൽ ഗാന്ധി വിശ്വസിച്ചു. എല്ലാ മനുഷ്യരിലും ആത്മാവ് എന്ന ദൈവികചൈതന്യം കുടികൊള്ളുന്നുവെന്നും അതുകൊണ്ടുതന്നെ എല്ലാവർക്കും ഈ ലോകത്തു ജീവിക്കാൻ തുല്യാവകാശമാണുള്ളതെന്നും ഗാന്ധിജി

വിശ്വസിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യജീവിതത്തിന്റെ ലക്ഷ്യംതന്നെ ആത്മ സാക്ഷാത്ക്കാരം അല്ലെങ്കിൽ ആത്മനുമായുള്ള താദാത്മ്യം പ്രാപിക്കലാണ്. സഹജീവികളെ ആത്മാർഥമായി സേവിക്കുന്നതിലൂടെ കൂടി മാത്രമേ ഇതു സാധ്യമാവുക യുള്ളൂ. ആത്യന്തികമായി ഇതേവരുടെയും ക്ഷേമത്തിലേക്ക് നയിക്കും.

### സർവോദയയുടെ മാർഗദർശകതത്ത്വങ്ങൾ

സത്യവും അഹിംസയുമാണു സർവോദയയുടെ അടിസ്ഥാനതത്ത്വങ്ങൾ. ഗാന്ധിജിയുടെ കാഴ്പ്പാടിൽ സത്യം ലക്ഷ്യവും അഹിംസ അതിലേക്കുള്ള മാർഗവുമാണ്. അഹിംസയെ അദ്ദേഹം പരമമായ സ്നേഹമായി വ്യാഖ്യാനിക്കുന്നു. അതായത് സഹജീവികളോടുള്ള ഉപാധികളില്ലാത്ത സ്നേഹം. ഈ സ്നേഹം മറ്റുള്ളവരുടെ നന്മയ്ക്കായി സ്വയം ത്യജി ക്കുന്നതിനും സേവനം ചെയ്യുന്നതിനുമുള്ള മനോഭാവം നമ്മളിൽ വളർത്തുന്നു.

### നമുക്കു ചെയ്യാം

*ഗാന്ധിജയന്തിദിനത്തിൽ സ്കൂൾ അസംബ്ലിയിൽ സർവോദയയെപ്പറ്റി പ്രസംഗിക്കാ നുള്ള അവസരം നിങ്ങൾക്കു ലഭിക്കുന്നുവെന്നു വിചാരിക്കുക. ഇതിനായി സർവോ ദയയുടെ ഉത്ഭവം, അർഥം, മാർഗനിർദേശകതത്ത്വങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രസംഗം തയാറാക്കുക.*

### സർവോദയയുടെ സാമൂഹികക്രമം

മഹാത്മാഗാന്ധിയുടെ സങ്കൽപ്പത്തിലെ സർവോദയ വർഗരഹിതവും ജാതിരഹിതവും എല്ലാതരം സാമൂഹികതിന്മകളിൽനിന്നും മുക്തവുമാണ്. അവിടെ ഹിംസയ്ക്കും ചൂഷണത്തിനും സ്ഥാനമുണ്ടായിരിക്കുകയില്ല. ഈ സമൂഹം സമത്വം, നീതി, സാഹോദ ര്യം, സ്വാതന്ത്ര്യം, സഹകരണം, പരസ്പരബഹുമാനം എന്നിവയെ അടിസ്ഥാനമാക്കിയി ട്ടുള്ളതാണ്. "എല്ലാവരും അധ്വാനിച്ചു ജീവിക്കുന്ന ഈ സമൂഹത്തിൽ പദവിയുടേയോ അവസരത്തിന്റെയോ പേരിൽ ഒരു വ്യക്തിക്കും രാഷ്ട്രീയവ്യവസ്ഥിതിക്കും അസമത്വം നേരിടേണ്ടി വരുകയില്ല. ഇവിടെ മാറ്റം പരസ്പരവിശ്വാസത്തിന്റെ ഫലമായിട്ടാണ് ഉണ്ടാ കുക........"

ഭാരതപര്യടനത്തിലൂടെ ഇന്ത്യയിൽ നിലനിന്നിരുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ, തൊട്ടുകൂടാ യ്മ, മദ്യാസക്തി എന്നീ വിപത്തുകളെക്കുറിച്ച് അദ്ദേഹം മനസ്സിലാക്കി. സർവോദയ സമൂഹത്തിന്റെ പ്രസക്തിയെക്കുറിച്ച് ഗാന്ധിക്ക് ഈ പര്യടനം കൂടുതൽ ബോധ്യങ്ങൾ പ കർന്നുനൽകി.

### a. വ്യക്തിയും സമൂഹവും ഗാന്ധിയൻ കാഴ്ചപ്പാടിൽ

സർവോദയസമൂഹത്തിൽ പരമപ്രാധാന്യം ഗാന്ധി വ്യക്തിക്കാണു നൽകിയത്. അതേ സമയംതന്നെ മനുഷ്യന് ഏകനായി ജീവിക്കാൻ കഴിയില്ലെന്ന് അദ്ദേഹം വിശ്വസിച്ചു. സമൂഹത്തിന്റെ പിന്തുണ ഒരു വ്യക്തിയുടെ സമ്പൂർണവികാസത്തിനു സുപ്രധാനമാണ്. എങ്കിലും വ്യക്തിസ്വാതന്ത്ര്യത്തിനും അന്തസ്സിനും അദ്ദേഹം വലിയ പ്രാധാന്യം നൽകി. സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് ഒരു സമൂഹത്തിനും രൂപം നൽകാൻ കഴിയില്ലെന്നു ഗാന്ധിജി വിശ്വസിച്ചു. അതിരുകടന്ന വ്യക്തിസ്വാതന്ത്ര്യം കാട്ടുനീതിയാണെന്നു ഗാന്ധിജി

പറയുന്നു. അതുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തിനും സാമൂഹിക നിയന്ത്രണങ്ങൾക്കും ഇടയിൽ സന്തുലനം ഉണ്ടാകണമെന്നായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. സ്വമേധയാ സാമൂഹികനിയന്ത്രണങ്ങളെ അനുസരിക്കുന്നതു മറ്റുള്ളവർക്കു ക്ഷേമമുണ്ടാക്കുമെന്നും അതോടൊപ്പം വ്യക്തികളെയും സമൂഹത്തെയും ഒരുപോലെ സമ്പുഷ്ടമാക്കുമെന്നും ഗാന്ധിജി പറയുന്നു. സാമൂഹികബന്ധങ്ങളുടെ അടിസ്ഥാനം വിശാലമായ വ്യക്തിത്വമാണെങ്കിൽ ഇതിന്റെ ഫലമായി വ്യക്തിയും സമൂഹവും തമ്മിൽ അടിസ്ഥാനപരമായ തുടർച്ചയുണ്ടാകുമെന്നതു വ്യക്തമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.



**നമുക്കു പരിശോധിക്കാം**

*ചുവടെ തന്നിരിക്കുന്ന ആശയങ്ങൾ വായിച്ച്, തന്നിരിക്കുന്ന മൂന്നു കോളങ്ങളിൽ ചേരുന്ന സ്ഥലങ്ങളിൽ ഉൾപ്പെടുത്തുക.*

- നിയമങ്ങളും ചട്ടങ്ങളും അനുസരിക്കുക.
- വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കൽ.
- സഹജീവികളെ സ്നേഹിക്കുക.
- അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുക.
- സുരക്ഷയും ഭദ്രതയും
- പരിസ്ഥിതിമലിനീകരണം തടയുക.
- തുല്യാവസരങ്ങൾ
- അഴിമതിക്കെതിരേ നിലയുറപ്പിക്കുക.
- വ്യക്തിസ്വാതന്ത്ര്യം

| വ്യക്തികളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും | സമൂഹത്തിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും | വ്യക്തികളുടെയും സമൂഹത്തിന്റെയും ചുമതലകളും ഉത്തരവാദിത്വങ്ങളും |
|---|---|---|
| | | |

**വ്യക്തിയുടെ മാറ്റം**

ഗാന്ധിജിയുടെ അഭിപ്രായത്തിൽ വ്യക്തി സമൂഹത്തിന്റെ അടിസ്ഥാനഘടകമാണ്. അതുകൊണ്ട് വ്യക്തിയുടെ മാറ്റത്തിലൂടെയാണ് സാമൂഹികമാറ്റത്തിനും തുടക്കമാകുന്നത്. വ്യക്തിയുടെ ആന്തരികമായ മാറ്റത്തിൽക്കൂടി മാത്രമേ സമൂഹത്തിൽ സ്ഥായിയായ മാറ്റം സാധ്യമാകൂ. അച്ചടക്കത്തോടുകൂടിയ ഒരു ആത്മീയജീവിതം ആന്തരികമായ മാറ്റത്തിനു അിവാര്യമാണെന്ന തിരിച്ചറിവ് ഗാന്ധിജിക്കുണ്ടായിരുന്നു. ഇതിനായി അടിസ്ഥാനവ്രതങ്ങൾ അല്ലെങ്കിൽ ആശ്രമവ്രതങ്ങൾ അദ്ദേഹം നിർദേശിക്കുന്നു. ആശ്രമവ്രതങ്ങളെ നിത്യജീവിതത്തിൽ അനുവർത്തിക്കുകവഴി വ്യക്തിക്ക് ആന്തരികശക്തി വർധിപ്പിക്കാൻ കഴിയുമെന്നു ഗാന്ധിജി വിശ്വസിച്ചു. ഗാന്ധിജിയുടെ ആശ്രമങ്ങളിലെ അന്തേവാസികൾ അടിസ്ഥാനവ്രതങ്ങൾ ജീവിതത്തിൽ പിന്തുടരുന്നവരായിരുന്നു.

## b. ഗ്രാമസമൂഹവും സർവോദയയും

തന്റെ ആദർശാത്മകസമൂഹത്തിൽ ഗാന്ധിജി ഗ്രാമസമൂഹങ്ങൾക്കു വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഇന്ത്യൻ സാമൂഹികജീവിതത്തിന്റെ അടിസ്ഥാനഘടകം ഗ്രാമങ്ങളാണ്. ഇന്ത്യയെ ഗ്രാമങ്ങളുടെ നാടായാണ് അദ്ദേഹം കണക്കാക്കിയിരുന്നത്. ഇന്ത്യ ജീവിക്കുന്നതു ഗ്രാമങ്ങളിലാണെന്നു ഗാന്ധിജി പറയുന്നതിനുള്ള കാരണവും ഇതുതന്നെയാണ്. അതുകൊണ്ട് ഗാന്ധിജി ഇങ്ങനെ പറയുന്നു: "ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യയും നശിക്കും, ഇന്ത്യയെന്നത് ഇന്ത്യയല്ലാതായിത്തീരും, ലോകത്തിലെ അവളുടെ ദൗത്യം നഷ്ടമായിത്തീരും'.' ഇന്ത്യക്ക് യഥാർഥ സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ ജനങ്ങൾ ജീവിക്കേണ്ടത് നഗരങ്ങളിലെ കൊട്ടാരങ്ങളിലല്ല, ഗ്രാമങ്ങളിലെ കുടിലുകളിലാണെന്നു ഗാന്ധിജി വിശ്വസിച്ചു. ഗ്രാമങ്ങളുടെ ലാളിത്യത്തിലൂടെ മാത്രമേ സത്യവും അഹിംസയും സാക്ഷാൽക്കരിക്കപ്പെടുകയുള്ളുവെന്നും ഗാന്ധിജി വിശ്വസിച്ചു.

## c. അയിത്തം/തൊട്ടുകൂടായ്മ

സ്പർശനത്തിനുള്ള സാമൂഹികമായ വിലക്കിനെയാണ് അയിത്തം അഥവാ തൊട്ടുകൂടായ്മ എന്നുപറയുന്നത്. ഇന്ത്യയിലെ ജാതിവ്യവസ്ഥയുടെ പ്രത്യേകതയാണിത്. ഉയർന്നവരെന്നു പറയുന്ന ജാതിയിൽപ്പെട്ട ആളുകളെ സ്പർശിക്കാതിരിക്കാനായി താഴ്ന്നവരാക്കപ്പെട്ട ജാതിയിൽപ്പെട്ടവരെ നിശ്ചിത അകലത്തിൽ മാറ്റിനിർത്തുകയും അതുവഴി അവരുടെ സാമൂഹിക തുല്യത നിഷേധിക്കുകയും ചെയ്യുന്ന ആചാരമാണിത്. താഴ്ന്നവരാക്കപ്പെട്ട ജാതിയിൽ പെട്ടവരുടെ സ്പർശനം ഉയർന്നവരെന്നു പറയുന്ന ജാതികളിൽപ്പെട്ടവരെ കളങ്കപ്പെടുത്തും എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണിത്.

തൊട്ടുകൂടായ്മയെ ഹിന്ദുമതത്തിലെ കളങ്കമായാണ് ഗാന്ധിജി പരിഗണിച്ചത്. "എന്റെ അഭിപ്രായത്തിൽ ഇന്നു നാം ആചരിക്കുന്ന അയിത്തം ഹിന്ദുമതത്തിന്റെ അവിഭാജ്യഘടകമല്ല." അത് ഒഴിവാക്കപ്പെടേണ്ടതുതന്നെയാണ് എന്ന് അദ്ദേഹം കൂട്ടിച്ചേർക്കുന്നു. "തികഞ്ഞ അജ്ഞതയും ക്രൂരതയുമാണ് ഇതിന്റെ പിന്നിലുള്ളത്. ഹിന്ദുമതത്തിൽ മുഴച്ചുനിൽക്കുന്ന ഒന്നായാണിതിനെ ഞാൻ കാണുന്നത്. ഇതു മതത്തെ സംരക്ഷിക്കുന്നില്ല, മറിച്ച്, ശ്വാസംമുട്ടിച്ചു കൊല്ലുകയാണ്." അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ എല്ലാവരും പിറക്കുന്നത് ഒരു പിതാവിൽനിന്നാണ്. അതുകൊണ്ട് ദൈവത്തിന്റെ മക്കൾ എന്നർത്ഥം വരുന്ന ഹരിജൻ എന്ന പേരു ഗാന്ധിജി താഴ്ന്നവരാക്കപ്പെട്ട ജാതിക്കാർക്കായി നൽകി.

സർവോദയസമൂഹം അയിത്താചരണത്തിൽനിന്നു മുക്തമാണ്. ഗാന്ധിയുടെ അഭിപ്രായത്തിൽ "ആരും അവർണരായി ജനിക്കുന്നില്ല, എല്ലാവരും ഒരേ അഗ്നിയുടെ നാളങ്ങളാണ്. ജന്മംകൊണ്ട് ചിലരെ അവർണരായി കണക്കാക്കുന്നതു തെറ്റാണ്." അയിത്തോച്ചാടനത്തിനായി ഗാന്ധിജി നിരവധി മാർഗങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സത്യഗ്രഹ ആശ്രമങ്ങളിൽ നാനാജാതിമതസ്ഥർ യാതൊരു വിവേചനവും കൂടാതെ ഒരുമിച്ചാണു താമസിച്ചിരുന്നത്. നിർമാണാത്മക പരിപാടികളിലെ പ്രധാനപ്പെട്ട ഇനങ്ങളിലൊന്നായി അദ്ദേഹം അയിത്തോച്ചാടനത്തെ ഉൾപ്പെടുത്തി. 1933 മെയ് എട്ടിന് ആത്മശുദ്ധീകരണത്തിനായി ഗാന്ധിജി 21 ദിവസത്തെ ഉപവാസമനുഷ്ഠിച്ചു. ഹരിജന പ്രസ്ഥാനത്തെ സഹായിക്കുന്നതിനായി അദ്ദേഹം ഒരുവർഷം നീണ്ട പ്രചാരണ

പരിപാടികൾ നടത്തി. മനുഷ്യത്വരഹിതമായ ഈ ആചാരത്തിനെതിരേ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിനായി അദ്ദേഹം ഭാരതപര്യടനവും നടത്തുകയുണ്ടായി.

## d. സാമൂഹികവർഗീകരണവും വർണാശ്രമധർമവും

***സാമൂഹികവർഗീകരണം***

വ്യതിരിക്തത എന്നതു പ്രപഞ്ചനിയമമാണ്. മനുഷ്യസമൂഹത്തിനും ഇതു ബാധകമാണ്. സമൂഹം വ്യത്യസ്തമാണ്, വ്യക്തികളും വിവിധതരത്തിൽ വ്യത്യസ്തത പുലർത്തുന്നവരായിരിക്കും. എല്ലാ സമൂഹങ്ങളും അംഗങ്ങളെ തൊഴിലുകൾക്ക് അനുസരിച്ച് വേർതിരിക്കാറുമുണ്ട്. ഓരോ സമൂഹവും തൊഴിലുകളെ വിലയിരുത്തുന്നത് വ്യത്യസ്ത തരത്തിലാണ്. ചില തൊഴിലുകൾക്ക് മറ്റുള്ളവയേക്കാൾ സാമൂഹികമായ പ്രാധാന്യം കണ്ടേക്കും. ഉയർന്ന തൊഴിലുകൾ ചെയ്യുന്ന വ്യക്തികൾ കൂടുതൽ ബഹുമാനിതരാകും. ഇപ്രകാരം സമൂഹത്തിലെ പദവിയുടെ അടിസ്ഥാനത്തിൽ മനുഷ്യനെ വർഗീകരിക്കുന്നതിനാണു സാമൂഹികവർഗീകരണം (Social stratification) എന്നു പറയുന്നത്.



**നമുക്ക് അറിയാം**

സമൂഹത്തെ സ്ഥായിയായി ഓരോ വിഭാഗമായി, മേലേത്തട്ടിലുള്ളതെന്നും താഴേത്തട്ടിലുള്ളതെന്നുമുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കുന്നതിനെയാണ് സാമൂഹികവർഗീകരണം എന്നു പറയുന്നത്- ഗിൻസ്ബർട്ട്

***വർണാശ്രമധർമ***

ഗാന്ധിജി വർണാശ്രമധർമത്തെ പിന്താങ്ങുന്നു. സമൂഹത്തിൽ ഒരു വ്യക്തി എതു കർമം ചെയ്യണമെന്ന് അനുശാസിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഹിന്ദുമതത്തിൽ ഉപയോഗിക്കുന്ന സാമൂഹികവിഭജനത്തിനുള്ള പദ്ധതിയാണിത്. ഗാന്ധിജി വർണാശ്രമധർമയെ സാമൂഹികവർഗീകരണത്തിന് ഉപയോഗിക്കാവുന്ന മാർഗമായി അംഗീകരിച്ചു. വർണാശ്രമധർമം മനുഷ്യന്റെ ഭൂമിയിലെ ദൗത്യം നിർവചിക്കുന്നുവെന്നു ഗാന്ധിജി പറയുന്നു. മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ധനസമ്പാദനമോ ഉപജീവനമാർഗം കണ്ടെത്തുകയോ മാത്രമാകരുത്. ഒരു സാധാരണ മനുഷ്യൻ തന്റെ ഊർജത്തിന്റെ ചെറിയ കണങ്ങൾ വരെ ഉപയോഗപ്പെടുത്തി അവന്റെ സ്രഷ്ടാവിനെ അറിയാൻ ശ്രമിക്കണം. തൊഴിൽ ഇതിനു തടസ്സം സൃഷ്ടിക്കുന്നില്ലെങ്കിൽ ഇത് സാധ്യമാകാൻ അവൻ തന്റെ പൂർവികരുടെ തൊഴിൽ പിന്തുടരാവുന്നതാണെന്നും ഗാന്ധിജി കൂട്ടിച്ചേർക്കുന്നു. ഗാന്ധിജി വർണാശ്രമധർമത്തെ ആരോഗ്യകരമായ തൊഴിൽവിഭജനത്തിനുള്ള മാർഗമായിട്ടാണു കണ്ടിരുന്നത്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ പാരമ്പര്യത്തിന്റെയും പൂർവികരുടെയും അടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനം എന്നത് അടിസ്ഥാന ധർമങ്ങൾക്ക് വിരുദ്ധമായ ഒന്നാണ്. തൊഴിലെന്നത് ജീവനത്തിനുള്ള ഉപാധി മാത്രമാണ്. വർണ ധർമത്തെ ശരിയായ അർഥത്തിൽ തിരിച്ചറിഞ്ഞാൽ ഭൗതികനേട്ടങ്ങളോടുള്ള ആസക്തി കുറയുകയും ഈശ്വരനെ എവിടെയാണ് കണ്ടെത്താൻ കഴിയുക എന്നതിനെക്കുറിച്ച് അന്വേഷിക്കാൻ ആ ഊർജത്തെ ഉപയോഗപ്പെടുത്തുകയും ചെയ്യാമെന്ന് അദ്ദേഹം പറയുന്നു.

ഗാന്ധിജി വർണസമ്പ്രദായത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും സമൂഹത്തിലെ ഉച്ച

നീചത്വങ്ങളെ തള്ളിക്കളയുന്നു. എല്ലാ വർണങ്ങളെയും അദ്ദേഹം തുല്യമായി പരിഗണിച്ചു. മനുഷ്യശരീരത്തിലെ നാല് അവയവങ്ങളോടാണ് ഗാന്ധിജി നാലു വർണങ്ങളെ താരതമ്യം ചെയ്യുന്നത്. ഒന്നു മറ്റൊന്നിനേക്കാൾ ഉയർന്നതോ താഴ്ന്നതോ അല്ല. ഓരോ ശരീരഭാഗത്തിന്റെയും ആരോഗ്യം ഒരു പൂർണശരീരത്തിന് ആവശ്യമാണ്. അതുപോലെ ഒരു സമൂഹത്തിലെ നാലു വർണങ്ങളുടെയും സന്തുലിതമായ പുരോഗതിയിലൂടെ മാത്രമേ അതിന് ഉത്കൃഷ്ടമായ ഒരു സമൂഹമായിത്തീരാൻ കഴിയൂ. വർണവ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ഹിന്ദു സാമൂഹികഘടനയെ ഗാന്ധിജി ശരിയായ സോഷ്യലിസമായാണുകണക്കാക്കിയത്.

ഗാന്ധിജി വർണത്തെയും ജാതിയെയും കൃത്യമായി വേർതിരിച്ചു. അദ്ദേഹം എഴുതുന്നു: "വർണാശ്രമധർമം ജനനത്തിന്റെ അടിസ്ഥാനത്തിലുള്ള ആരോഗ്യകരമായ സാമൂഹിക വിഭജനമാണ്. നിലവിലുള്ള ജാതിയെപ്പറ്റിയുള്ള ആശയങ്ങൾ യാഥാർഥ്യത്തിലുള്ളതിനെ വക്രീകരിച്ചതാണ്."എന്നിരുന്നാലും വർണം, ജാതി എന്നിവയെ 1925- വരെ സമാനർഥപദങ്ങളായി അദ്ദേഹം ഉപയോഗിച്ചിരുന്നു. പിന്നീട് അദ്ദേഹം ഇവയെ വേർതിരിച്ചു. അതേപ്പറ്റി ഗാന്ധി പറയുന്നത്, വർണത്തിന് ജാതിയോട് ഒന്നും തന്നെ ചെയ്യാനില്ല എന്നാണ്. ജാതിയെന്ന ഭീകരൻ പ്രച്ഛന്നവേഷത്തിലൂടെ വർണത്തിന്റെ രൂപം കൈക്കൊണ്ടിരിക്കുകയാണ്. വർണത്തിന്റെ ഈ വികൃതാനുകരണം ഇന്ത്യയെയും ഹിന്ദുമതത്തെയും ഒരു പോലെ തരംതാഴ്ത്തി. ഒരു വ്യക്തിയുടെ വർണം നിർണയിക്കുന്നതു ജനനത്തിന്റെ മാത്രം അടിസ്ഥാനത്തിലാകരുത്, മറിച്ച് ആ വ്യക്തിയുടെ യോഗ്യതയുടെയും, ഗുണങ്ങളുടെയും, പെരുമാറ്റത്തിന്റെയുംകൂടി അടിസ്ഥാനത്തിലാകണമെന്നു ഗാന്ധിജി പറയുന്നു.

### e. ജാതിവ്യവസ്ഥ

ഇന്ത്യയിലെ സാമൂഹികവർഗീകരണത്തിനടിസ്ഥാനം ജാതിവ്യവസ്ഥയാണ്. ജാതിയെന്നതു ജന്മസിദ്ധമാണ്. ഗാന്ധിജി ജാതിവ്യവസ്ഥയെ ശക്തമായി എതിർത്തു. ഇന്നു, നിലനിൽക്കുന്ന ജാതിവ്യവസ്ഥയിൽ താൻ വിശ്വസിക്കുന്നില്ലെന്നു യങ് ഇന്ത്യയിൽ അദ്ദേഹം എഴുതി. ഇത് അനാവശ്യമായ ഒന്നാണ്, പുരോഗതിക്ക് തടസ്സം നിൽക്കുന്നതും. മനുഷ്യർ തമ്മിലുള്ള അസമത്വത്തിൽ ഞാൻ വിശ്വസിക്കുന്നില്ല. നമ്മളെല്ലാവരും തുല്യരാണ്. ഈ സമാനത ശരീരത്തിന്റേതല്ല, ആത്മാവിന്റേതാണെന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്.

### f. സ്ത്രീകളെക്കുറിച്ചുള്ള കാഴ്ചപ്പാട്

*സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനം*



### നമുക്കു ചെയ്യാം

*മുകളിൽ ചേർത്തിരിക്കുന്ന കൊളാഷ് വിശകലനം ചെയ്ത് ഇന്നത്തെ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികളെപ്പറ്റി ഒരു വിശദീകരണക്കുറിപ്പ് തയാറാക്കുക. ഈ പ്രശ്നങ്ങൾ നേരിടാൻ നിങ്ങളുടേതായ നിർദേശങ്ങൾ കുറിപ്പിൽ ഉൾക്കൊള്ളിക്കുക.*

ഗാന്ധിജിയുടെ അഭിപ്രായത്തിൽ സമൂഹത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യസ്ഥാനമാണുള്ളത്. രണ്ടുപേരും ഒരേ വികാരങ്ങളോടുകൂടി ഒരുപോലെ ജീവിക്കുന്നവരാണ്. സ്ത്രീക്കും പുരുഷനും പരസ്പരപിന്തുണയില്ലാതെ ജീവിക്കാൻ സാധ്യമല്ല. ആചാരങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സ്ത്രീയെ അടിച്ചമർത്തുന്നതിന്റെ ഉത്തരവാദിത്വം പുരുഷനാണ്. അഹിംസാധിഷ്ഠിത ജീവിത പദ്ധതിയിൽ പുരുഷന്മാരെപ്പോലെത്തന്നെ സ്വന്തം ഭാവി തീരുമാനിക്കാനുള്ള അവകാശം സ്ത്രീകൾക്കുമുണ്ട്.

മഹാത്മാഗാന്ധി പറയുന്നു: "സ്ത്രീയെ അബലയെന്നു വിളിക്കുന്നത് അപമാനകരമാണ്. അത് പുരുഷൻ സ്ത്രീയോടു കാണിക്കുന്ന അന്യായമാണ്. ശക്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു മൃഗീയമായ ശക്തിയാണെങ്കിൽ സ്ത്രീക്ക് പുരുഷനേക്കൾ മൃഗീയത കുറവാണ്. ശക്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ധാർമികശക്തിയാണെങ്കിൽ സ്ത്രീ പുരുഷനേക്കാൾ മുകളിലാണ്. സ്ത്രീ പുരുഷന്റെ സഹയാത്രികയാണ്. തുല്യമായ മന:ശ്ശക്തിയാൽ അനുഗ്രഹിക്കപ്പെട്ടവൾ. പുരുഷൻ ചെയ്യുന്ന ഏതു ചെറിയ പ്രവർത്തനങ്ങളും ചെയ്യാനുള്ള അവകാശവും അതോടൊപ്പം തുല്യമായ സ്വാതന്ത്ര്യവും പുരുഷനുമേൽ സവിശേഷാധികാരവും സ്ത്രീക്കുണ്ടെന്നും ഗാന്ധിജി കൂട്ടിച്ചേർക്കുന്നു.

### സ്ത്രീകളുടെ വിദ്യാഭ്യാസം

ശരിയായ വിദ്യാഭ്യാസം സ്ത്രീകൾക്കു നൽകുന്നതിലൂടെ മാത്രമേ സ്ത്രീശാക്തീകരണം സാധ്യമാവുകയുള്ളുവെന്ന തിരിച്ചറിവ് ഗാന്ധിജിക്കുണ്ടായിരുന്നു. അക്ഷരാഭ്യാസം ഇല്ലാത്തതിന്റെ പേരിൽ പുരുഷന്മാർ സ്ത്രീകളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനെ ന്യായീകരിക്കാനാവില്ല. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ മെച്ചപ്പെടുത്തുന്നതിനു വിദ്യാഭ്യാസം അത്യാവശ്യമാണെന്ന ഗാന്ധിജി പറയുന്നു.

### വിവാഹം

പെൺകുട്ടികൾക്ക് അവരുടെ പങ്കാളികളെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും ഉണ്ടെന്നതിൽ ഗാന്ധിജി ഉറച്ചുനിന്നു. ആരോഗ്യകരവും പവിത്രവും ദീപ്തവുമായ ഒരു സ്ത്രീപുരുഷബന്ധം ഇന്നത്തെ ദുരവസ്ഥ ഒഴിവാക്കുന്നതിന് അനിവാര്യമാണെന്നും ഭാവിതലമുറയുടെ ധാർമികപുരോഗതിയുടെ രക്ഷാധികാരിയായി സ്ത്രീ മാറേണ്ടതുണ്ടെന്നും ഗാന്ധിജി വിശ്വസിച്ചു.

### സ്ത്രീധനം

ഗാന്ധിജി സ്ത്രീധനസമ്പ്രദായത്തെ ശക്തമായി എതിർത്തു. വിവാഹം എന്നു പറയുന്നത് പണത്തിനായി മാതാപിതാക്കൾ നടത്തുന്ന ഒരേർപ്പാടായി മാറരുത്. വിവാഹത്തി

നായി പുരുഷൻ സ്ത്രീധനം വ്യവസ്ഥചെയ്യുന്നുവെങ്കിൽ അവൻ തന്റെ വിദ്യാഭ്യാസത്തെയും, രാജ്യത്തെയും അപകീർത്തിപ്പെടുത്തുകയും സ്ത്രീത്വത്തെ അപമാനിക്കുകയുമാണു ചെയ്യുന്നത്. ആരെങ്കിലും ഇതിനു മുതിരുകയാണെങ്കിൽ അയാളെ സമൂഹത്തിൽ നിന്നു പുറത്താക്കണമെന്നും ഇതിനെതിരേ ശക്തമായ പൊതുജനാഭിപ്രായം ഉയരണമെന്നും ഗാന്ധിജി പറയുന്നു.

### സ്ത്രീകളുടെ കുടുംബധർമം

സ്ത്രീകളുടെ ചില സവിശേഷഗുണങ്ങളെ ഗാന്ധിജി ബഹുമാനിച്ചിരുന്നു. പ്രകൃതി ചില പ്രത്യേക കർത്തവ്യങ്ങൾ ഏറ്റെടുക്കുന്നതിനായി അവരെ സജ്ജരാക്കിയിട്ടുണ്ടെന്നതാണ് അദ്ദേഹം അതിനു കാരണമായി ചൂണ്ടിക്കാട്ടുന്നത്. മാതൃത്വം എന്നതു പുരുഷനു കൈവരിക്കാൻ കഴിയാത്ത അവളുടെ സവിശേഷഗുണങ്ങളിലൊന്നായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. സ്ത്രീകൾ സഹനശീലമുള്ളവരായിരിക്കുമ്പോൾ പുരുഷന്മാർ പരിശ്രമശാലികളാണ്. കുടുംബനായിക സ്ത്രീതന്നെയാണ്. കുടുംബത്തിനു വേണ്ട ഭക്ഷണം സമ്പാദിക്കുന്നതു പുരുഷനാണെങ്കിലും ഇതിന്റെ സംരക്ഷണവും വിതരണവും സ്ത്രീയുടെ ചുമതലയാണ്. സംരക്ഷകസ്ഥാനത്തിന്റെ എല്ലാ അർഥങ്ങളും സ്ത്രീ ഉൾക്കൊള്ളുന്നു. വംശപരമ്പരയിലെ പുതു തലമുറയെ വളർത്തിക്കൊണ്ടുവരുക എന്ന സവിശേഷാവകാശം അവൾക്കുള്ളതാണ്. സ്ത്രീകളുടെ സംരക്ഷണമില്ലെങ്കിൽ മനുഷ്യവംശം ഇല്ലാതാകുമെന്നും ഗാന്ധിജി ചൂണ്ടിക്കാട്ടുന്നു.

## g. സാമൂഹികതിന്മകൾ

**പ്രവർത്തനം**

*ഇന്നത്തെ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ സാമൂഹിക തിന്മകൾ കണ്ടെത്തി പട്ടിക തയാറാക്കുക. സഹപാഠികളുടേയും നിങ്ങളുടേയും പട്ടികകൾ താരതമ്യം ചെയ്യുക.*

സർവോദയസമൂഹം താഴെപ്പറയുന്ന ഏഴ് സാമൂഹികതിന്മകളിൽനിന്നും മുക്തമാണ്.

1. സ്വഭാവഗുണമില്ലാത്ത വിദ്യാഭ്യാസം
2. തത്ത്വദീക്ഷയില്ലാത്ത രാഷ്ട്രീയം
3. മാനവികതയില്ലാത്ത ശാസ്ത്രം
4. സമർപ്പണമില്ലാത്ത ആരാധന
5. മനസ്സാക്ഷിയില്ലാത്ത സന്തോഷം
6. ധാർമികതയില്ലാത്ത വാണിജ്യം
7. അധ്വാനമില്ലാത്ത സമ്പത്ത്



**ചിന്തിക്കുക പങ്കുവയ്ക്കുക**

*ഏഴു ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ സാമൂഹികതിന്മകൾ ഓരോ ഗ്രൂപ്പും ഉദാഹരണസഹിതം ചർച്ചചെയ്ത് സംഗ്രഹം അവതരിപ്പിക്കുക.*

ഗാന്ധിജിയുടെ ഒരു സുഹൃത്താണ് ഏഴു സാമൂഹികതിന്മകൾ നിരീക്ഷിച്ചു വിശദീകരിച്ചത്. ഇവയെ പിന്നീട് ഗാന്ധി അംഗീകരിക്കുകയായിരുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും വർഗീയവുമായ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് ഈ ഏഴു സാമൂഹികതിന്മകളെക്കുറിച്ചുള്ള അറിവ് അനിവാര്യമാണെന്നു ഗാന്ധിജി തിരിച്ചറിഞ്ഞു. ഈ തിന്മകളെ ഉന്മൂലനം ചെയ്യുന്നതിനും സാമൂഹികമാറ്റത്തിനുമായി അദ്ദേഹം നിരവധി പദ്ധതികൾ മുന്നോട്ടുവയ്ക്കുകയുണ്ടായി.

**നമുക്കു ചെയ്യാം**

*മുകളിൽ ചേർത്തിരിക്കുന്ന സാമൂഹികതിന്മകൾ സംബന്ധിച്ച പത്രവാർത്തകൾ ശേഖരിച്ച് ഒരു കൊളാഷ് തയാറാക്കി ക്ലാസ്റൂമിൽ പ്രദർശിപ്പിക്കുക.*

### h. മദ്യപാനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

മദ്യം മനുഷ്യശരീരത്തെ മാത്രമല്ല നമുക്കു ഉള്ളിലുള്ള ആത്മാവിനെയും നശിപ്പിക്കുന്നുവെന്നു ഗാന്ധിജി വിശ്വസിച്ചു. ഈശ്വരനും മനുഷ്യകുലത്തിനുമെതിരായ പാപമായാണു മദ്യപാനത്തെ ഗാന്ധി കരുതിയത്. വ്യക്തിയുടെ ധാർമികപുരോഗതിയെ ലഹരിവസ്തുക്കളുടെ ഉപയോഗം ബാധിക്കും. ജനങ്ങൾ ലഹരിവസ്തുക്കൾക്ക് അടിമപ്പെടുകയാണെങ്കിൽ, സാമൂഹിക-സാമ്പത്തികപുരോഗതിയും രാഷ്ട്രീയസ്വാതന്ത്ര്യവും അസാധ്യമാകും. അതിനാൽ ഗാന്ധിജി മദ്യനിരോധനത്തെ നിർമാണാത്മക പരിപാടികളിലെ ഒരു പ്രധാനയിനമാക്കി.

മദ്യപാനം നിയന്ത്രിക്കുന്നതിനായി മഹാത്മാഗാന്ധി മുന്നോട്ടുവച്ച പരിപാടികളാണ് ഇനി പറയുന്നത്.

1. മദ്യവും മയക്കുമരുന്നും നിരോധിക്കുക.
2. മദ്യവർജനത്തിനായി മദ്യപർക്കിടയിൽ ബോധവൽക്കരണം നടത്തുക.
3. ലൈസൻസ് തീരുന്ന മുറയ്ക്ക് മദ്യശാലകൾ ലഘുഭക്ഷണ- വിശ്രമശാലകളാക്കി മാറ്റുക.
4. ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുക.
5. സ്ത്രീകളും വിദ്യാർഥികളും സ്നേഹനിർഭരമായ ഇടപെടലുകളിലൂടെ മദ്യപാനികളെ ദുശ്ശീലങ്ങൾ ഉപേക്ഷിക്കുന്നതിനായി പ്രേരിപ്പിക്കുക.
6. ചെത്തുകാരുടെ സേവനം മധുരക്കള്ള് എടുക്കുന്നതിനോ അതുപയോഗിച്ച് ശർക്കര ഉണ്ടാക്കുന്നതിനോ പ്രയോജനപ്പെടുത്തുക.

### നമുക്കു ചെയ്യാം

*നിങ്ങളുടെ പ്രദേശത്തെ ജനങ്ങൾക്കിടയിലെ മദ്യാസക്തിയെപ്പറ്റി ഒരു റിപ്പോർട്ട് തയാറാക്കി സമർപ്പിക്കുക. റിപ്പോർട്ട് താഴെപ്പറയുന്ന സൂചനകൾ ഉൾപ്പെടുന്നതായിരിക്കണം.*

1. *മദ്യപാനം മൂലമുള്ള സാമൂഹിക, സാമ്പത്തിക, ആരോഗ്യ, കുടുംബപ്രശ്നങ്ങൾ കണ്ടെത്തുന്നതിനാവശ്യമായ, മുൻകൂട്ടി തയാറാക്കിയ ചോദ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള അഭിമുഖസംഭാഷണം.*
2. *പ്രധാന കണ്ടെത്തലുകൾ*
3. *പരിഹാരമാർഗങ്ങൾ*

## സർവോദയയുടെ രാഷ്ട്രീയക്രമം

ഏഴാം അധ്യായമായ 'മഹാത്മാഗാന്ധിയുടെ രാഷ്ട്രീയാശയങ്ങളിലെ' പഠനനേട്ടങ്ങൾ ഓർമിക്കുക.

സർവോദയയുടെ രാഷ്ട്രീയക്രമം പ്രബുദ്ധമായ അരാജകത്വമോ ഭരണകൂടമില്ലാത്ത ഒരു സമൂഹവുമാണ് ലക്ഷ്യം വയ്ക്കുന്നത്. എങ്കിലും പൂർണമായും ഭരണകൂടമില്ലാത്ത സമൂഹം മനുഷ്യന് അസാധ്യമാണ്. അതുകൊണ്ട് ഭരണകൂടത്തിന്റെ അധികാരം പരമാവധി കുറയ്ക്കുക എന്നതാണ് സാധ്യമായിട്ടുള്ളത്. സർവോദയയുടെ രാഷ്ട്രീയഘടന അധികാരവികേന്ദ്രീകരണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ജനപങ്കാളിത്തത്തോടെ ഗ്രാമപ്പഞ്ചായത്തുകൾ വഴിയാകും ഇവിടെ അധികാരനിർവഹണം നടത്തപ്പെടുക.

## സർവോദയയിൽ എത്താനുള്ള തന്ത്രങ്ങൾ

സർവോദയ സാമൂഹികക്രമം സാക്ഷാൽക്കരിക്കുന്നതിനായി ഗാന്ധിജി രണ്ട് ഉപായങ്ങളാണു നിർദേശിച്ചിട്ടുള്ളത്. നിർമാണാത്മകപ്രവർത്തനങ്ങളും സത്യഗ്രഹവുമാണവ.

### നമുക്കു ചെയ്യാം

*ഒരു മാതൃകാഗ്രാമത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ ഗ്രൂപ്പിൽ ചർച്ച ചെയ്യുക. ഈ ആശയങ്ങൾ പ്രകടമാക്കുന്ന ഒരു പോസ്റ്റർ കൂട്ടായി നിർമിച്ച് ക്ലാസ് റൂമിൽ പ്രദർശിപ്പിക്കുക.*

## നിർമാണാത്മകപരിപാടി (കൺസ്ട്രക്റ്റീവ് പ്രോഗ്രാം)

പൂർണസ്വരാജ് കൈവരിക്കാനുള്ള സത്യസന്ധവും അഹിംസാത്മകവുമായ മാർഗമെന്നാണു മഹാത്മാഗാന്ധി നിർമാണാത്മകപരിപാടികളെ നിർവചിച്ചിരിക്കുന്നത്. വിവിധ തലങ്ങളിലുള്ള രാഷ്ട്രത്തിന്റെ സമ്പൂർണപുരോഗതിയാണ് ഈ പരിപാടി ലക്ഷ്യംവയ്ക്കുന്നത്. സ്വയം പര്യാപ്തവും സ്വാശ്രയത്വവും സ്വയംഭരണാധികാരവുമുണ്ടായിരുന്ന ഇന്ത്യൻ ഗ്രാമീണവ്യവസ്ഥയുടെ പുനരുജ്ജീവനം ഗാന്ധിജി ആഗ്രഹിച്ചിരുന്നു. ഈ ഉദ്ദേശ്യം മുന്നിൽക്കണ്ടാണു സ്വാതന്ത്ര്യസമരത്തിനൊപ്പം ഗാന്ധിജി നിർമാണാത്മകപരിപാടികൾ അവതരിപ്പിച്ചത്. അവയെപ്പറ്റി നമുക്കിനി ചർച്ചചെയ്യാം.

**1. സമുദായിക ഐക്യം**

എല്ലാ മതങ്ങളും പഠിപ്പിക്കുന്നതു സ്നേഹത്തെപ്പറ്റിയും വിശ്വസാഹോദര്യത്തെക്കുറിച്ചുമാണ്. ഒരേ ലക്ഷ്യത്തിലേക്ക്, അതായത് ഈശ്വരനിലേക്ക് എത്താനുള്ള വിവിധങ്ങളായ വഴികളാണ് ഓരോ മതവും. മനുഷ്യർ ഇതു വിസ്മരിച്ച് മതത്തെ ഭിന്നിപ്പിനുള്ള ആയുധമാക്കുന്നു. മതത്തിന്റെ അടിസ്ഥാനത്തിലുള്ള സംഘർഷങ്ങൾ സമൂഹത്തിൽ എപ്പോഴും രക്തച്ചൊരിച്ചിലിനും വേദനകൾക്കും കാരണമാകുന്നു. സാമുദായിക ഐക്യം കൂടാതെ സമാധാനം കാത്തുസൂക്ഷിക്കാനാവില്ലെന്നു ഗാന്ധിജി തിരിച്ചറിഞ്ഞു. അതിനാൽ സാമുദായിക ഐക്യത്തിനായി ഗാന്ധിജി എപ്പോഴും പ്രവർത്തിച്ചു.

**2. അയിത്തോച്ചാടനം**

തൊട്ടുകൂടാത്തത് എന്ന നിലയിൽ മനുഷ്യരെ വേർതിരിക്കുന്നതു മനുഷ്യത്വരഹിതമായ പ്രവൃത്തിയാണ്. മനുഷ്യാവകാശങ്ങളുടെ ലംഘനമാണിത്. അതുകൊണ്ടാണ് ഗാന്ധി അയിത്തോച്ചാടനത്തിന് വലിയ പ്രാധാന്യം നൽകിയത്.

**3. മദ്യനിരോധനം**

നിയമം ഉപയോഗിച്ച് ലഹരിപാനീയങ്ങളും മയക്കുമരുന്നും നിരോധിക്കുന്നതാണ് മദ്യനിരോധനം എന്നതുകൊണ്ട് അർഥമാക്കുന്നത്. ലഹരിവസ്തുക്കൾ മനുഷ്യശരീരത്തെയും മനസ്സിനെയും ഒരുപോലെ നശിപ്പിക്കുമെന്നു ഗാന്ധി തിരിച്ചറിഞ്ഞിരുന്നു. മദ്യാസക്തിയെ പാപമായാണ് ഗാന്ധി കണക്കാക്കിയിരുന്നത്. സാമൂഹികപ്രശ്നമായാണ് അദ്ദേഹം ഇതിനെ കൈകാര്യം ചെയ്തത്. ഒരു മദ്യപാനി വ്യക്തിപരമായും, സാമൂഹ്യമായും, കുടുംബപരമായും അനുഭവിക്കുന്ന ദുരിതങ്ങളെപ്പറ്റി ഗാന്ധിജി ബോധവാനായിരുന്നു. അതുകൊണ്ടാണു നിർമാണാത്മക പ്രവർത്തനത്തിൽ ഗാന്ധിജി മദ്യനിരോധനത്തെ ഉൾപ്പെടുത്തിയത്.

**നമുക്ക് ചെയ്യാം**

*മദ്യത്തിന്റെയും പുകയിലയുടെയും ലഭ്യതയ്ക്കും ഉപയോഗത്തിനുമെതിരേ ഒരു കർമപരിപാടി ആവിഷ്കരിച്ചു നടപ്പാക്കുക.*

**4. ഖാദി**

രാജ്യത്തിന്റെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യത്തിന്റെ അടയാളമായാണ് ഗാന്ധിജി ഖാദിയെ കണക്കാക്കിയത്. അദ്ദേഹം പറഞ്ഞു: " ഖാദി മറ്റൊരർഥത്തിൽ രാജ്യത്തെ എല്ലാവരുടെയും സാമ്പത്തികസ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും തുടക്കമാണ്.... ഖാദി അർഥമാക്കുന്നത് മൊത്തത്തിലുള്ള സ്വദേശി മനോഭാവമാണ്, ഗ്രാമീണരുടെ ബുദ്ധിയും അധ്വാനവും ഉപയോഗിച്ച് ഇന്ത്യയിലെ ജീവിതങ്ങൾക്കാവശ്യമായ എല്ലാം കണ്ടെത്തുമെന്ന ദൃഢനിശ്ചയം." ഖാദി എന്ന മാനസികാവസ്ഥ ഗാന്ധിയെ സംബന്ധിച്ചിടത്തോളം ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും വികേന്ദ്രീകരണം എന്നതാണ്. അദ്ദേഹം പറയുന്നു: " ഖാദി എന്നെ സംബന്ധിച്ചിടത്തോളം ഇന്ത്യയിലെ മനുഷ്യരുടെ ഐക്യത്തിന്റെ, സാമ്പത്തികസ്വാതന്ത്ര്യത്തിന്റെ, സമത്വത്തിന്റെ പ്രതീകമാണ്. "





**ചിന്തിക്കുക, പങ്കുവയ്ക്കുക**

*ഖാദിവസ്ത്രങ്ങൾ നിർമിക്കുന്നതെങ്ങനെ? ഖാദിയും കൈത്തറിയും തമ്മിലുള്ള വ്യത്യാസം എന്ത്. താരതമ്യം നടത്തി ചാർട്ട് തയാറാക്കുക*

### 5. മറ്റു ഗ്രാമീണവ്യവസായങ്ങൾ

അവശ്യമായ ചെറുകിടവ്യവസായങ്ങൾ ഇല്ലാത്ത ഗ്രാമീണ സമ്പദ്‌വ്യവസ്ഥ അപൂർണമായിരിക്കുമെന്ന വസ്തുത ഗാന്ധിജി മനസ്സിലാക്കി. മനുഷ്യാധ്വാനം ഉപയോഗിക്കുന്ന ധാന്യമില്ലുകൾ, സോപ്പ്നിർമാണം, പേപ്പർനിർമാണം, തീപ്പെട്ടി നിർമാണം, തുകൽ ഊറയ്ക്കിടൽ, എണ്ണയാട്ട് തുടങ്ങിയവയാണവ. ഇന്ത്യയിൽ മനുഷ്യവിഭവശേഷി ധാരാളമാണ്. നമുക്കാവശ്യം തൊഴിൽശക്തി ലാഭിക്കുന്ന ഉപകരണങ്ങളല്ല, തൊഴിൽശക്തിയെ പരമാവധി പ്രയോജനപ്പെടുത്താവുന്ന ഉൽപ്പാദന വ്യവസ്ഥയാണ്. ഗ്രാമീണ കുടിൽ വ്യവസായങ്ങൾ ഈ ലക്ഷ്യത്തിന് ഉതകുന്നതും ലക്ഷോപലക്ഷം ജനങ്ങൾക്ക് അവരുടെ ജീവിതത്തിനു സഹായകമായ അന്തസ്സുള്ള വേതനം നേടുന്നതിനു സഹായിക്കുകയും ചെയ്യും.



**നമുക്കു ചെയ്യാം**

*നിങ്ങളുടെ പ്രദേശത്തുള്ള ഒരു ഗ്രാമീണ/കുടിൽ വ്യവസായ യൂണിറ്റ് സന്ദർശിക്കുക. നിങ്ങളുടെ പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തിന് ഈ യൂണിറ്റ് എപ്രകാരമാണ് സഹായകമാകുന്നതെന്ന് കണ്ടെത്തുക. റിപ്പോർട്ട് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.*

### 6. ഗ്രാമ ശുചീകരണം

മഹാത്മാഗാന്ധി ഗ്രാമശുചീകരണത്തിനു വളരെയധികം പ്രാധാന്യം നൽകി. ശൗചാലയങ്ങളുടെയും അഴുക്കുചാലുകളുടെയും അഭാവം ഗ്രാമങ്ങളെ വൃത്തിഹീനമാക്കി. ഇതു പകർച്ചവ്യാധികൾക്കും കാരണമായി. ഗ്രാമീണരുടെ ഇടയിൽ ശുചിത്വബോധം വളർത്തുന്നതിലൂടെ ഇതു തടയാൻ ഗാന്ധിജി പരിശ്രമിച്ചു.

**ചിന്തിക്കുക, പങ്കുവയ്ക്കുക**



1. *നിങ്ങളുടെ വീട്ടിൽ മാലിന്യനിർമാർജന സംവിധാനങ്ങളുണ്ടോ? നിങ്ങൾ എങ്ങനെയാണ് മാലിന്യങ്ങൾ നശിപ്പിക്കുന്നത്?*
2. *നിങ്ങളുടെ പ്രദേശത്തെ മാലിന്യനിർമാർജനം മെച്ചപ്പെട്ട രീതിയിൽ നിർവഹിക്കുന്നതിനായി സർഗാത്മക നിർദേശങ്ങൾ സമർപ്പിക്കുക.*

**7. അടിസ്ഥാനവിദ്യാഭ്യാസം**

അടിസ്ഥാനവിദ്യാഭ്യാസം കുട്ടികളെ ഗ്രാമവുമായും ചുറ്റുപാടുകളുമായും ബന്ധിപ്പിക്കുന്നു. കൈത്തൊഴിൽ കേന്ദ്രമാക്കിയുള്ള ഈ വിദ്യാഭ്യാസപദ്ധതി കൈകളുടെയും, ഹൃദയത്തിന്റെയും തലച്ചോറിന്റെയും പരിശീലനത്തിനു പ്രാധാന്യം നൽകുന്നു. ശാരീരികവും മാനസികവുമായ വികാസത്തിനൊപ്പം കുട്ടികളുടെ ഉള്ളിലുള്ള ഉത്തമമായ അംശങ്ങളെ ബഹിർഗമിപ്പിക്കുന്നതിനും ഈ പരിശീലനം സഹായിക്കും.

**8. വയോജനവിദ്യാഭ്യാസം**

വയോജനവിദ്യാഭ്യാസത്തെ ഒരു സാമൂഹിക ഉത്തരവാദിത്വമായാണ് മഹാത്മാഗാന്ധി പരിഗണിച്ചത്. വയോജനവിദ്യാഭ്യാസം ഭരണകൂടം ഏറ്റെടുക്കേണ്ട ഒന്നായി ഗാന്ധി കരുതിയിരുന്നില്ല. സമൂഹത്തിലെ ഓരോ വിദ്യാസമ്പന്നനും ഈ ഉത്തരവാദിത്വം കൈയേൽക്കണമെന്നും ഗാന്ധിജി പറയുന്നു.

**9. സ്ത്രീകൾ**

സമൂഹത്തിലെ സ്ത്രീകളുടെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനായാണു ഗാന്ധിജി സ്ത്രീശാക്തീകരണം നിർമാണാത്മകപരിപാടികളിൽ ഉൾപ്പെടുത്തിയത്. സേവനമെന്ന ദൗത്യത്തിൽ സ്ത്രീ പുരുഷന്റെ യഥാർഥ സഹായിയാണെന്ന് അവൻ ഇനിയും തിരിച്ചറിഞ്ഞിട്ടില്ലെന്ന് അദ്ദേഹം പറയുന്നു. സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യൻ സ്ത്രീകൾ വളരെ സജീവമായി പൊതുപ്രവർത്തനങ്ങളിൽ പങ്കെടുത്തു. സത്യഗ്രഹം അവരെ അടുക്കളയിൽനിന്നു പുറംലോകത്തേക്കെത്തിച്ചു.

**10. ആരോഗ്യ-ശുചിത്വവിദ്യാഭ്യാസം**

ഗാന്ധി പറയുന്നു: "ശരിയായ ഒരു സാമൂഹികക്രമത്തിൽ പൗരർ ആരോഗ്യ ശുചിത്വ നിയമങ്ങളെക്കുറിച്ച് ബോധമുള്ളവരായിരിക്കും. ആരോഗ്യ ശുചിത്വ നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയും അവഗണനയുമാണു മനുഷ്യരെ പിന്തുടരുന്ന ഒട്ടുമിക്ക രോഗങ്ങൾക്കും കാരണമെന്നു സംശയമില്ലാതെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്.'' ഇതുകൊണ്ടാണു ഗാന്ധിജി ഗ്രാമീണരുടെ ആരോഗ്യ- ശുചിത്വ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകിയത്.

**11. പ്രാദേശികഭാഷ**

ഇന്ത്യയിലെ ഭാഷകൾക്ക് അപചയം സംഭവിച്ചതായി ഗാന്ധിജി മനസ്സിലാക്കി. പ്രാദേശികഭാഷകൾ മഹത്തായ അറിവിനെ പ്രതിനിധീകരിക്കുന്നതായതിനാൽ അവയെ പ്രോത്സാഹിപ്പിക്കണമെന്നു ഗാന്ധിജി നിർദേശിക്കുന്നു.

**12. രാഷ്ട്രഭാഷ**

ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഒരു സ്വതന്ത്രരാഷ്ട്രത്തിന് രാഷ്ട്രഭാഷ ഉണ്ടായിരിക്കണം. ഇന്ത്യയിലെ സാഹചര്യത്തിൽ ഭൂരിപക്ഷം ജനങ്ങളും സംസാരിക്കുന്ന ഹിന്ദുസ്ഥാനി അഥവാ ഹിന്ദിയാണ് ഗാന്ധിജി രാഷ്ട്രഭാഷയായി തിരഞ്ഞെടുത്തത്.

### 13. സാമ്പത്തികസമത്വം

മഹാത്മാഗാന്ധി സാമ്പത്തികസമത്വത്തിനായി പ്രവർത്തിക്കുക എന്നതുകൊണ്ട് ഉദ്ദേശിച്ചത് മൂലധനവും തൊഴിലാളിയും തമ്മിലുള്ള നിതാന്തമായ സംഘർഷം ഒഴിവാക്കുക എന്നാണ്. അദ്ദേഹം പറയുന്നു:" ഒരു കൈകൊണ്ട് രാഷ്ട്രത്തിന്റെ സമ്പത്ത് കൈവശം വച്ചിരിക്കുന്ന ഏതാനും സമ്പന്നരെ താഴേക്കു കൊണ്ടുവരികയും മറുകൈകൊണ്ട് അർധപട്ടിണിക്കാരായ ദശലക്ഷക്കണക്കിനു ദരിദ്രരെ മുകളിലേക്കുയർത്തുകയുമാണ് സാമ്പത്തികസമത്വം അർഥമാക്കുന്നത്". ട്രസ്റ്റീഷിപ്പ് ആണ് സാമ്പത്തികസമത്വം നടപ്പാക്കുന്നതിനുള്ള മാർഗമായി ഗാന്ധിജി നിർദേശിക്കുന്നത്.

### 14. കർഷകർ

ഇന്ത്യ ഒരു കാർഷികരാജ്യമാണ്. ജനസംഖ്യയുടെ ഭൂരിഭാഗവും കർഷകരാണ്. അവർ രാജ്യത്തിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നു. അതുകൊണ്ട് അവരെ മെച്ചപ്പെട്ട രീതിയിൽ പരിഗണിക്കേണ്ടതുണ്ട്. ഉചിതമായ പ്രചോദനങ്ങളിൽ കൂടിയും ബോധവൽക്കരണപരിപാടികളിലൂടെയും കർഷകരുടെ അവസ്ഥ മെച്ചപ്പെടുത്തേണ്ടതാണ്.

**നമുക്കു ചെയ്യാം**

*നിങ്ങളുടെ പ്രദേശത്തെ മികച്ച കർഷകനെ കണ്ടെത്തി ഒരു സംവാദപരിപാടി സംഘടിപ്പിക്കുക. സംവാദത്തിൽ ഇനിപ്പറയുന്ന ചോദ്യസൂചികകൾ ഉൾപ്പെടുത്താൻ ശ്രമിക്കുക.*

- *കൃഷിയോടുള്ള സമീപനം*
- *കാർഷികരീതികൾ*
- *ഉൽപ്പന്നങ്ങൾ*
- *വിപണനം*
- *പ്രദേശത്തിനു നൽകുന്ന സംഭാവന*

### 15. തൊഴിലാളികൾ

തൊഴിലാളിചൂഷണം പാപമാണെന്നു മഹാത്മാഗാന്ധി കരുതി. അഹിംസയെ അടിസ്ഥാനമാക്കി തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലൂടെ മാത്രമേ ചൂഷണം ഒഴിവാക്കാൻ കഴിയുകയുള്ളുവെന്നു ഗാന്ധിജി പറയുന്നു.

### 16. ആദിവാസികൾ

ആദിവാസികൾക്കായുള്ള സേവനങ്ങൾ നിർമാണാത്മകപരിപാടികളിലെ ഒരു പ്രധാന ഇനമായി ഗാന്ധിജി ഉൾപ്പെടുത്തി. അദ്ദേഹം പറയുന്നു: " ആദിവാസികൾ ഈ ഭൂമിയിലെ ആദിമനിവാസികളാണ്. എന്നാൽ അവരുടെ അവസ്ഥ ഹരിജനങ്ങളേക്കാൾ കഷ്ടമാണ്. വളരെക്കാലമായി ഉയർന്ന വർഗക്കാരുടെ അവഗണനയ്ക്കിരയാണവർ". ആദിവാസികളെ അവഗണിച്ചുകൊണ്ട് ഇന്ത്യക്ക് അഹിംസാധിഷ്ഠിതമായി പൂർണസ്വരാജ് കൈവരിക്കാൻ കഴിയില്ലെന്നു ഗാന്ധിജി വിശ്വസിച്ചു. അതുകൊണ്ടാണ് ആദിവാസികളുടെ പ്രശ്നങ്ങൾ ശ്രദ്ധയോടെ പഠിച്ച് അവരുടെ സാംസ്കാരികസവിശേഷതകൾ സംരക്ഷിക്കാനാവശ്യമായ നടപടികൾ എത്രയും വേഗം കൈക്കൊള്ളണമെന്നു ഗാന്ധിജി പറഞ്ഞത്.

## 17. കുഷ്ഠരോഗികൾ

മുമ്പ് നിരവധി ആളുകളെ ബാധിച്ച ഒരു വിപത്താണു കുഷ്ഠരോഗം. ചികിത്സിച്ചു ഭേദമാക്കാവുന്ന രോഗമായിരുന്നിട്ടും സമൂഹം രോഗബാധിതരെ അവഗണിച്ചു. ഗാന്ധിജി ഈ വിവേചനത്തെ പൂർണമായി എതിർത്തു. മറ്റു രോഗങ്ങളെന്നപോലെ കുഷ്ഠരോഗവും ചികിത്സിച്ചു ഭേദമാക്കാവുന്നതാണെന്നു ജനങ്ങളെ ബോധ്യപ്പെടുത്താൻ പരിശ്രമിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചു.

## 18. വിദ്യാർഥികൾ

സാമൂഹികമാറ്റത്തിനായുള്ള 'ബാരോമീറ്ററാ'യാണ് ഗാന്ധിജി വിദ്യാർഥികളെ കരുതിയത്. വിദ്യാർഥിശക്തിയെ സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം ഉപയോഗിച്ചു. എന്നാൽ വിദ്യാർഥികൾ കക്ഷിരാഷ്ട്രീയത്തിൽ ഇടപെടുന്നതിനെ അദ്ദേഹം പ്രോത്സാഹിപ്പിച്ചില്ല.

ഈ പതിനെട്ടു പരിപാടികൾക്കു പുറമേ ഗാന്ധി മൂന്നു വിഷയങ്ങൾക്കൂടി നിർമാണാത്മ പരിപാടികളിൽ കൂട്ടിച്ചേർത്തു. കന്നുകാലിസംരക്ഷണം, പ്രകൃതിചികിത്സ, അഭയാർഥികളും അവരുടെ പ്രശ്നങ്ങളും എന്നിവയാണവ. പിന്നീട് അദ്ദേഹത്തിന്റെ പിൻഗാമിയായ വിനോബ ഭാവെ ഭൂദാൻ, ശാന്തിസേന എന്നിങ്ങനെ രണ്ട് ഇനങ്ങൾക്കൂടി കൂട്ടിച്ചേർത്തു.

## 19. പ്രകൃതിചികിത്സ

പ്രകൃതിചികിത്സ എന്നതുകൊണ്ട് ഗാന്ധിജി അർഥമാക്കുന്നത് മാതൃകാപരമായ ഒരു ജീവിതശൈലിയാണ്. ഇതിനുപുറമേ, "ചികിത്സാ സമ്പ്രദായങ്ങൾ ചെലവുകുറഞ്ഞതും കഴിയുന്നത്ര ലളിതവുമാകണം. ഈ ചികിത്സാരീതികൾ ഗ്രാമങ്ങളിൽത്തന്നെയാണ് നടത്തേണ്ടത്. ഗ്രാമവാസികളെ അതിനായി പ്രാപ്തരാക്കുകയും ആവശ്യമായ മാർഗങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും വേണം. ഗ്രാമങ്ങളിൽ ഇല്ലാത്തവ എത്തിക്കണം" എന്ന് അദ്ദേഹം പറയുന്നു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ പ്രകൃതിചികിത്സയെന്നത് ആരോഗ്യനിയമങ്ങൾക്കനുസരിച്ചുള്ള ജീവിതത്തിന്റെ ക്രമപ്പെടുത്തലാണ്. അദ്ദേഹം പറയുന്നു: "പ്രകൃതിചികിത്സയുടെ കാതൽ ശുചിത്വം, ആരോഗ്യസംരക്ഷണം എന്നിവയുടെ തത്ത്വങ്ങൾ പഠിക്കുന്നതിനൊപ്പം അവയെ ശരിയായ പോഷകാഹാരനിയമങ്ങൾക്കൊപ്പം കൂട്ടിച്ചേർക്കുക എന്നതാണ്".

## 20. കന്നുകാലിസംരക്ഷണം

മഹാത്മാഗാന്ധി കന്നുകാലിസംരക്ഷണത്തെ നിർമാണാത്മക പരിപാടികളിലെ പ്രധാന ജനങ്ങളിലൊന്നായാണ് ഉൾപ്പെടുത്തിയത്. എന്തുകൊണ്ടെന്നാൽ, ലോകത്തുള്ള മനുഷ്യേതരവർഗങ്ങളെയെല്ലാം കന്നുകാലികൾ പ്രതിനിധീകരിക്കുന്നുവെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. ഒരു ഗ്രാമീണകർഷകന് അവന്റെ പശുവിനെ തിരിച്ച് ശരിയായ രീതിയിൽ വീടുകളിൽ പരിപാലിക്കുക എന്നത് ബുദ്ധിമുട്ടാണെന്നു ഗാന്ധിജി പറയുന്നു. അതുകൊണ്ട് സഹകരണാടിസ്ഥാനത്തിലുള്ള കാലി വളർത്തൽ പ്രോത്സാഹിപ്പിക്കണമെന്നാണ് ഗാന്ധിജി നിർദേശിക്കുന്നത്.

**21. അഭയാർഥികളും അവരുടെ പ്രശ്നങ്ങളും**

മഹാത്മാഗാന്ധിക്ക് അഭയാർഥികളുടെ പ്രശ്നങ്ങളെക്കുറിച്ച് വലിയ ഉത്കണ്ഠ ഉണ്ടായിരുന്നു. അവരെ സ്വാതന്ത്ര്യനിപ്പിക്കുന്നതിനായി ഗാന്ധിജി അഭയാർഥി ക്യാമ്പുകളും ആശുപത്രികളും സന്ദർശിച്ചു. സമാധാനം നിലനിർത്താനും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനും സഹകരണത്തോടെ ജീവിക്കണമെന്ന് അദ്ദേഹം അവരോട് പറഞ്ഞു.

**22. ഭൂദാനം**

സമത്വാധിഷ്ഠിതമായ ഒരു സമൂഹം സ്ഥാപിക്കുന്നതിനായാണ് 1951–ൽ വിനോബ ഭാവെ ഭൂദാന പ്രസ്ഥാനത്തിനു തുടക്കമിട്ടത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഈ സമ്പത്തു മുഴുവൻ ദൈവത്തിനു സ്വന്തമാണ്. അതുകൊണ്ട് സ്വാർത്ഥതാൽപ്പര്യത്തോടെ അതു കൂട്ടിവയ്ക്കാൻ നമുക്ക് അധികാരമില്ല. ഈ പ്രസ്ഥാനത്തിലൂടെ പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അന്തരം കുറയ്ക്കാനാണ് അദ്ദേഹം ശ്രമിച്ചത്.

**23. ശാന്തിസേന**

അഹിംസയും സമാധാനവും അടിസ്ഥാനമാക്കിയുള്ള ഒരു സമൂഹം രൂപീകരിക്കുന്നതിനു ശാന്തിസേന അനിവാര്യമാണെന്നു ഗാന്ധിജി കരുതി. സർവോദയസമൂഹത്തിലേക്കുള്ള ഒരു ഉപാധിയായിട്ടാണ് ഇതിനെ അദ്ദേഹം കണ്ടത്. സംഘർഷങ്ങളും സാമുദായികലഹളകളും ഉണ്ടാകുന്ന അവസരത്തിൽ സമാധാനം പുനസ്ഥാപിക്കുന്നതിനുള്ള ഒരു മധ്യവർത്തിശക്തിയായി ശാന്തിസേന പ്രവർത്തിക്കണം. "1938 മാർച്ച് 18 നു 'ഹരിജനി'ലാണ് ശാന്തിസേനയെന്ന ആശയത്തെക്കുറിച്ച് ഗാന്ധിജി ആദ്യമായി പരാമർശിക്കുന്നത്. ഗാന്ധിജിയുടെ ശിഷ്യനായിരുന്ന വിനോബഭാവെ ഇതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞു. ദക്ഷിണേന്ത്യൻ പര്യടനത്തിനിടെ 1957 ആഗസ്ത് 27 ന് അദ്ദേഹം ശാന്തി സേനയുടെ ആദ്യ യൂണിറ്റ് രൂപീകരിച്ചു. ക്രമേണ ശാന്തിസേനയെന്ന ആശയവും അതു നൽകുന്ന സന്ദേശവും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു പ്രചരിക്കുകയും ചെയ്തു.

നിർമാണാത്മകപരിപാടികളിൽക്കൂടി ഗാന്ധിജി ആഗ്രഹിച്ചത് താഴേത്തട്ടിൽനിന്നുള്ള രാഷ്ട്രത്തിന്റെ പുനർനിർമാണമാണ്. രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ അഭിവൃദ്ധിക്കായുള്ള പരിപാടിയായാണ് ഗാന്ധിജി ഇത് അവതരിപ്പിച്ചത്. നിർമാണാത്മക പരിപാടികൾ നടപ്പാക്കുന്നതിനു നിരവധി സംഘടനകൾ രൂപീകരിക്കപ്പെട്ടു. ഓൾ ഇന്ത്യ സ്പിന്നേഴ്സ് അസോസിയേഷൻ, ഓൾ ഇന്ത്യ വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ, ഹിന്ദുസ്ഥാൻ നയീതലീം സംഘ്, കസ്തൂർബാഗാന്ധി നാഷണൽ മെമ്മോറിയൽ ട്രസ്റ്റ് എന്നിവ അവയിൽ ചിലതാണ്. നിർമാണാത്മകപരിപാടികൾ പ്രചരിപ്പിക്കുന്നതിനു ഗാന്ധിജിയുടെ അനുയായി ജെ.സി. കുമരപ്പ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. സത്യഗ്രഹയുടെ പ്രത്യക്ഷ തലങ്ങളിലൊന്നായാണ് ഗാന്ധിജി നിർമാണാത്മക പരിപാടികളെ കരുതിയത്.



**നമുക്കു പരിശോധിക്കാം**

*മഹാത്മാഗാന്ധിയുടെ നിർമാണപരിപാടികളെക്കുറിച്ച് ഒരു കൺസെപ്റ്റ് മാപ്പ് തയാറാക്കുക.*

### സത്യഗ്രഹ

മഹാത്മാഗാന്ധി സത്യഗ്രഹത്തെ സർവോദയ നടപ്പിലാക്കുന്നതിനുള്ള സമര തന്ത്രങ്ങളിലൊന്നായാണു നിർദേശിക്കുന്നത്. സത്യഗ്രഹം പൗരരുടെ പാരമ്പര്യസിദ്ധമായ ജന്മാവകാശവും പരിശുദ്ധമായ കർമവുമാണെന്നു ഗാന്ധിജി പറയുന്നു. എല്ലാ അനീതികൾക്കും അടിച്ചമർത്തലിനും ചൂഷണത്തിനുമെതിരായ വിശുദ്ധമായ ആത്മീയശക്തിയുടെ പ്രയോഗമെന്നതാണു സത്യഗ്രഹം അർഥമാക്കുന്നത്. തിന്മചെയ്യുന്നയാളിനെ നശിപ്പിക്കാതെ അയാളിലെ തിന്മയെ നശിപ്പിക്കുക എന്ന തന്ത്രമാണു സത്യഗ്രഹി സ്വയം സഹനത്തിലൂടെ നടപ്പാക്കുന്നത്. സത്യഗ്രഹിയുടെ സ്വയം സഹനം തെറ്റുകാരന്റെ ഹൃദയത്തെ പരിവർത്തനം ചെയ്യുകയും അത് അയാൾക്കു സർവോദയയിലേക്കു വഴി കാട്ടിക്കൊടുക്കുകയും ചെയ്യും.

### ഗാന്ധിയൻ കാഴ്ചപ്പാടിലുള്ള സോഷ്യലിസം

ഓക്സ്ഫോർഡ് നിഘണ്ടുവിന്റെ നിർവചനപ്രകാരം," ഉൽപ്പാദന - വിതരണ - കൈമാറ്റ ഉപാധികളുടെ മാർഗങ്ങൾ കൈയാളുന്നതും നിയന്ത്രിക്കുന്നതും സമൂഹം ഒന്നാകെയായിരിക്കുന്ന സാമൂഹികവ്യവസ്ഥയെപ്പറ്റിയുള്ള രാഷ്ട്രീയ - സാമൂഹിക സിദ്ധാന്തമാണ് സോഷ്യലിസം". അരാജകത്വം മുതൽ മാർക്സിസം വരെ നീളുന്ന വിവിധ തരത്തിലുള്ള അവസ്ഥകളുടെ മധ്യത്തിലായാണു സോഷ്യലിസത്തിന്റെ ഇടം.

മഹാത്മാഗാന്ധി പറയുന്നു: " യഥാർഥ സോഷ്യലിസം നമുക്ക് കൈമാറിയതു പിതാമഹന്മാരാണ്. ഈ ഭൂമി മുഴുവൻ 'ഗോപാലനു' സ്വന്തമാണെന്ന് അവർ നമ്മെ പഠിപ്പിച്ചു, എവിടെയാണതിന്റെ അതിർത്തി രേഖകൾ? മനുഷ്യനാണു അതിർവരമ്പുകൾ സൃഷ്ടിച്ചത് അതുകൊണ്ടുതന്നെ അവനുതന്നെ അതില്ലാതാക്കാനും കഴിയും. ഗോപാലൻ എന്നതിന്റെ വാച്യാർഥം കാലിമേയ്ക്കുന്നവൻ എന്നാണ്; ഈശ്വരൻ എന്നർഥം കൂടി അതിനുണ്ട്. ഗാന്ധിജി മുന്നോട്ടുവയ്ക്കുന്ന സോഷ്യലിസം സമത്വാധിഷ്ഠിത സമൂഹമാണു ലക്ഷ്യമിടുന്നത്. തുല്യതയിൽ എല്ലാവരെയും എത്തിക്കുക എന്നതാണ് ഗാന്ധിജിയുടെ സോഷ്യലിസത്തിന്റെ സാരാംശം. സാമൂഹികനീതിയുടെ സ്ഥാപനത്തിലേക്ക് ഇതു നയിക്കും. മാനുഷികമൂല്യങ്ങളായ സാഹോദര്യവും സഹവർത്തിത്വവും വളർത്തുകയും ചെയ്യും.

ഐക്യവും സമത്വവുമാണ് ഗാന്ധിയൻ സോഷ്യലിസത്തിന്റെ അടിസ്ഥാനപരമായ സവിശേഷതകൾ. മഹാത്മാഗാന്ധി പറയുന്നു: " എന്റെ സോഷ്യലിസം അവസാനത്തെ വ്യക്തിക്കു വരെ സമത്വം ലഭിക്കുക എന്നതാണ്". 'ഹരിജനിൽ' ഗാന്ധിജി എഴുതി:" താനിന്നുവരെ അറിഞ്ഞതിൽ ഏറ്റവും മനോഹരമായ വാക്കാണ് സോഷ്യലിസം. സമൂഹത്തിലെ എല്ലാ അംഗങ്ങളും സോഷ്യലിസത്തിൽ തുല്യരാണ്. ആരും താഴെയോ ആരും മുകളിലോ അല്ല. എന്തുകൊണ്ടെന്നാൽ ഒരു ശരീരത്തിൽ ശിരസ്സിനു അത് ശരീരത്തിന്റെ ഏറ്റവും മുകളിലാണെന്നതുകൊണ്ടു ഔന്നത്യം കൂടുന്നില്ല. അതുപോലെ ഭൂമിയെ സ്

പർശിക്കുന്ന പാദങ്ങളുടെ അടിയിലുള്ള ഉള്ളങ്കാലിനു ശരീരത്തിന്റെ ഏറ്റവും താഴെയായതുകൊണ്ട് നിന്ദ്യതയുമില്ല. ഒരു ശരീരത്തിലെ അവയവങ്ങൾ തുല്യമാകുന്നപോലെ സമൂഹത്തിലെ അംഗങ്ങളും തുല്യരാണ്. "ഗാന്ധിജിയുടെ സോഷ്യലിസത്തിൽ രാജാവും ഗ്രാമീണനും, ധനികനും ദരിദ്രനും, തൊഴിലാളിയും മുതലാളിയും എല്ലാവരും തുല്യരാണ്. ഗാന്ധിയുടെ സോഷ്യലിസത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് ലക്ഷ്യമിടുന്നത് സമത്വത്തിലും സാഹോദര്യത്തിലും, നീതിയിലും അധിഷ്ഠിതമായ ഒരു മാതൃകാസമൂഹമാണ്.

മഹാത്മാഗാന്ധിയുടെ സോഷ്യലിസം സത്യവും സംശുദ്ധവുമായ മാർഗത്തിലൂടെ മാത്രമേ നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ ജീവിതശൈലി മാറാതെ യഥാർഥ സോഷ്യലിസം നേടിയെടുക്കാൻ കഴിയില്ലെന്നു ഗാന്ധിജി വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് ഗാന്ധിജി ഇങ്ങനെ പറയുന്നത്: "എന്റെ സോഷ്യലിസത്തിന്റെ ആരംഭം പരിവർത്തനമാണ്. അത്തരത്തിൽ മാറ്റം സംഭവിച്ച ഒരാളുണ്ടെങ്കിൽ നിങ്ങൾക്കു പൂജ്യങ്ങളെ അവയോടൊപ്പം ചേർക്കാനാകും."

### മഹാത്മാഗാന്ധി നൽകുന്ന മാന്ത്രികസൂക്തം

"ഞാൻ നിങ്ങൾക്കൊരു രക്ഷാകവചം നൽകാം. എപ്പോഴെങ്കിലും നിങ്ങൾക്ക് സംശയം തോന്നിയാൽ, അല്ലെങ്കിൽ എപ്പോൾ അഹംബോധം നിങ്ങളിൽ ഏറുമ്പോൾ, ഈ പരീക്ഷണം ഉപയോഗപ്പെടുത്തുക. നിങ്ങൾ കണ്ടിട്ടുള്ളതിൽ ഏറ്റവും ദരിദ്രനും ദുർബലനുമായ പുരുഷന്റെ, സ്ത്രീയുടെ മുഖം ഓർത്തുനോക്കുക. എന്നിട്ട് നിങ്ങളോടായി ചോദിക്കുക, നിങ്ങൾ ചിന്തിക്കുന്ന കാര്യങ്ങൾക്കായുള്ള ഈ കാൽവയ്പ് അയാൾക്ക് അവൾക്ക് എന്തെങ്കിലും തരത്തിൽ ഉപയോഗപ്പെടുമോ, ഇതുകൊണ്ട് അയാൾക്ക് /അവൾക്ക് എന്തെങ്കിലും നേട്ടം ഉണ്ടാകുമോ? അയാളുടെ/അവളുടെ ജീവിതത്തെയോ വിധിയെയോ നിയന്ത്രിച്ച് പഴയപടിയാക്കാൻ ഇതിനു കഴിയുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ, വിശപ്പും ആത്മീയ ദാരിദ്ര്യവുമനുഭവിക്കുന്ന ലക്ഷക്കണക്കിനായ ആളുകളെ ഇതു സ്വരാജിലേക്ക് (സ്വാതന്ത്ര്യം) നയിക്കുമോ? എങ്കിൽ നിങ്ങൾക്ക് സംശയങ്ങൾക്കുള്ള ഉത്തരം കണ്ടെത്താനാവും. അതോടൊപ്പം അഹംബോധം അലിഞ്ഞില്ലാതാകുകയും ചെയ്യും."

മഹാത്മാഗാന്ധി തന്റെ അഗാധമായ സാമൂഹികപ്രതിബദ്ധത പ്രകടിപ്പിച്ചുകൊണ്ട് 1948-ൽ അവസാനമായി എഴുതിയ കുറിപ്പുകളിലൊന്നാണിത്. ഇന്ത്യയുടെ ഭാവി നയകർത്താക്കൾക്കുള്ള ഒരുപദേശം കൂടിയാണിത്. ദരിദ്രരിൽ ദരിദ്രരുടെ വിഷയങ്ങൾക്കു ഭരണനിർവഹണത്തിൽ മുൻഗണന നൽകണമെന്നതിന് അവർക്കുള്ള പ്രേരണയാവണമിത്.


### സർവോദയ മഹാത്മാഗാന്ധിക്കുശേഷം

മഹാത്മാഗാന്ധിയുടെ മരണശേഷം സർവോദയ നടപ്പിൽ വരുത്തുന്നതിനായി അദ്ദേഹത്തിന്റെ അനുയായികൾ വിവിധ പദ്ധതികൾ ആരംഭിക്കുകയുണ്ടായി. വിനോബ ഭാവെയുടെ നേതൃത്വത്തിൽ സർവോദയ സമാജ് രൂപം കൊണ്ടു. നിർമാണാത്മക

പരിപാടികൾ പ്രവർത്തകർ തുടരുകയും ചെയ്തു. വിനോബഭാവെ പത്തുമാസത്തോളം അഭയാർഥികളോടൊപ്പം ചെലവഴിച്ചു. ഒരു സത്യഗ്രഹിയെന്ന നിലയിൽ അവരുടെ മനസ്സിലെ വിദ്വേഷവും അവിശ്വാസവും ഇല്ലാതാക്കാനും അദ്ദേഹം ശ്രമിച്ചു. രാജ്യത്തിന്റെ വിവിധ ഇടങ്ങളിൽ സമാധാനം പുനസ്ഥാപിക്കുന്നതിനായി അദ്ദേഹം ശാന്തിസേന രൂപീകരിച്ചു. സർവോദയ സ്ഥാപിക്കുന്നതിനായി ഗാന്ധിജിക്കു ശേഷം രൂപീകരിക്കപ്പെട്ട ചില പ്രസ്ഥാനങ്ങൾകൂടി നമുക്കു വിശകലനം ചെയ്യാം.

നമുക്ക് അറിയാം

**വിനോബ ഭാവെ**



ഗാന്ധിയനും ഭൂദാന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുമായ വിനോബഭാവെ മഹാരാഷ്ട്രയിലെ റെയ്ഗഡ് ജില്ലയിലെ ഗഗോദാ ഗ്രാമത്തിൽ 1895 സെപ്തംബർ 11ന് ജനിച്ചു. മഹാത്മാഗാന്ധിയുടെ ആത്മീയ പിന്തുടർച്ചാവകാശിയായിരുന്ന അദ്ദേഹം സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തു. ഗാന്ധിജിയുടെ മരണശേഷം അഹിംസാ സിദ്ധാന്തം പ്രചരിപ്പിക്കുന്നതിന്റെ ചുമതല ഏറ്റെടുത്തു. ഭൂദാൻ പ്രസ്ഥാനത്തിന്റെ പ്രചാരണാർത്ഥം വിനോബ ഭാവെയും അനുയായികളും ഇന്ത്യയിലുടനീളം പദയാത്രകൾ നടത്തി. രാജ്യത്തിന്റെ പലഭാഗത്തുനിന്നും 5000 ഗ്രാമങ്ങൾ ഉൾപ്പടെ 40 ലക്ഷം ഏക്കർ ഭൂമി പ്രസ്ഥാനത്തിന്റെ ഭാഗമായി വിതരണം ചെയ്തു. 1982 നവംബർ പതിനഞ്ചിന് അന്തരിച്ചു.

### ഭൂദാന പ്രസ്ഥാനം

സർവോദയയിലേക്കുള്ള ചുവടുവയ്പ് എന്നനിലയിൽ 1951-ലാണ് വിനോബഭാവെ ഭൂദാന പ്രസ്ഥാനം അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "മുഴുവൻ ഭൂമിയും ഗോപാലന് (ഈശ്വരൻ) സ്വന്തമാണ്"-. അതുകൊണ്ട് ആർക്കും അവനവന് ആവശ്യമുള്ളതിൽ കവിഞ്ഞുള്ളവ കൈവശം വയ്ക്കാൻ അവകാശമില്ല. ഭൂദാന പ്രസ്ഥാനത്തിലൂടെ ഭൂവുടമകളുടെ കൈയിൽനിന്നു ലക്ഷക്കണക്കിന് ഏക്കർ ദാനമായി സ്വീകരിച്ച് ഭൂമി ഇല്ലാത്തവർക്കായി വിതരണം ചെയ്യാൻ കഴിഞ്ഞു.

### സമ്പൂർണ വിപ്ലവം

സമ്പൂർണവിപ്ലവമെന്ന ആശയം 1974-ൽ ജയപ്രകാശ് നാരായണനാണ് (ജെ.പി) വികസിപ്പിച്ചെടുത്തത്. സമൂഹത്തിന്റെ മാറ്റം വ്യക്തികൾ ഉത്തരവാദിത്വമായി കണ്ട് ഏറ്റെടുക്കേണ്ടതുണ്ടെന്നും വ്യക്തിയുടെ മാറ്റമെന്നത് ഏറ്റവും അനിവാര്യമാണെന്നും ഗാന്ധിയെ പിന്തുടർന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഇതിലാണ് സമ്പൂർണ വിപ്ലവത്തിന്റെ മുഴുവൻ തത്ത്വദർശനങ്ങളും അടങ്ങിയിരിക്കുന്നത്. വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും വിപ്ലവാത്മകമായ മുന്നേറ്റം കൊണ്ടുവരുക എന്നതായിരുന്നു സമ്പൂർണവിപ്ലവത്തിന്റെ ലക്ഷ്യം. "ഭരണമാറ്റം എന്നതു മാത്രമായിരുന്നില്ല ഈ മുന്നേറ്റത്തിന്റെ ഉദ്ദേശ്യം, അതോടൊപ്പം വ്യക്തികളുടെയും സമൂഹത്തിന്റെയും മാറ്റം കൂടി സാധ്യമാക്കുക." ഇതുകൊണ്ടാണ് ജെ.പി. ഇതിനെ സമ്പൂർണവിപ്ലവം എന്നു വിശേഷിപ്പിച്ചത്." ജീവിതത്തിന്റെ സ

മസ്ത മേഖലകളിലും നിലനിൽക്കുന്ന അഴിമതിയില്ലാതാക്കുക എന്ന ലക്ഷ്യവും ജെ.പിക്കുണ്ടായിരുന്നു.സ്വാതന്ത്ര പ്രാപ്തിക്കുശേഷം വിനോബ ഭാവെയുടെ ഭൂദാൻ പ്രസ്ഥാനത്തിൽ ആകൃഷ്ടനായ ജയപ്രകാശ് നാരായൺ പൂർണസമയ സർവോദയ പ്രവർത്തകനായി മാറുകയും ചെയ്തു.

നമുക്ക് അറിയാം

### ജയപ്രകാശ് നാരായൺ



ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ മുന്നണിപ്പോരാളിയും സോഷ്യലിസ്റ്റ് നേതാവും സർവോദയ പ്രവർത്തകനുമായിരുന്നു ലോക്നായക് ജയപ്രകാശ് നാരായണൻ.1902 ഒക്ടോബർ 11ന് ബിഹാറിൽ സിതബ്ദിയ ഗ്രാമത്തിൽ ജനിച്ചു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് നിരവധി തവണ ജയിൽ വാസം അനുഭവിച്ചു. സ്വാതന്ത്ര്യാനന്തരം സർവോദയ പ്രസ്ഥാനത്തിന്റെ ഭാഗമായി. സമ്പൂർണ വിപ്ലവത്തിനു തുടർച്ചയായി നിലവിൽവന്ന 1977 –ലെ ജനതാ സർക്കാരിന്റെ രൂപീകരണത്തിൽ നിർണായക പങ്കു വഹിച്ചു. ജെ.പി. എന്ന ചുരുക്കപ്പേരിൽ വിളിക്കപ്പെടുന്നു. 1979 ഒക്ടോബർ എട്ടിന് അന്തരിച്ചു.

### ആർക്ക് കമ്മ്യൂണിറ്റി

ഫ്രാൻസിൽ നടന്ന ഗാന്ധിയൻ ആശയങ്ങളുടെ മഹത്തായ പരീക്ഷണമാണ് ആർക്ക് കമ്മ്യൂണിറ്റി. പടിഞ്ഞാറ് നിന്നുള്ള ഗാന്ധിജിയുടെ ആദ്യ ശിഷ്യൻ ഫ്രഞ്ചുകാരനായ ലാൻസ ഡെൽവാസ്റ്റയാണ് ആർക്ക് കമ്മ്യൂണിറ്റിയുടെ സ്ഥാപകൻ. ആഹാരത്തിനായുള്ള പ്രയത്നമെന്ന ഗാന്ധിയൻ ആശയം പ്രാവർത്തികമാക്കിയ ആർക്ക് കമ്മ്യൂണിറ്റി സ്വയം പര്യാപ്തത ആർജിക്കാൻ പരിശ്രമിക്കുകയും അവർക്ക് ജീവിതത്തിനാവശ്യമായ വസ്തുക്കൾ മുഴുവൻ ഉൽപ്പാദിപ്പിക്കുകയും ചെയ്തു. സമൂഹജീവിതത്തിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്നാണിത്. അഹിംസ പ്രാവർത്തികമാക്കുന്നതിനായി സത്യം, സ്നേഹം, സഹിഷ്ണുത എന്നിവ ആർക്ക് കമ്മ്യൂണിറ്റി പിന്തുടർന്നു. സമ്പൂർണ സമർപ്പണത്തോടെ അംഗങ്ങളെല്ലാം ഒരുമിച്ചു ജീവിച്ചു. ലളിതജീവിതം ഈ സമൂഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായിരുന്നു. സ്പെയിൻ, ഇറ്റലി, ക്യുബക് എന്നിവിടങ്ങളിൽ ആർക്ക് കമ്മ്യൂണിറ്റി സ്ഥാപനങ്ങളുണ്ട്.

### ആമിഷ് കമ്മ്യൂണിറ്റി

യൂറോപ്പിലെ ജർമൻഭാഷ സംസാരിക്കുന്ന രാജ്യങ്ങളിൽനിന്ന് അമേരിക്കയിലേക്ക് ഒന്നര നൂറ്റാണ്ടുമുമ്പ് കുടിയേറിയ വിഭാഗമാണ് ആമിഷ് കമ്മ്യൂണിറ്റി. കാർഷികവൃത്തി സ്വീകരിച്ചിരിക്കുന്ന ഇവർ അമേരിക്കയുടെ ഗ്രാമപ്രദേശങ്ങളിലാണ് വസിക്കുന്നത്. സമാധാനവാദികളായ ആമിഷുകൾ പങ്കുവയ്ക്കലും സാഹോദര്യവും അടിസ്ഥാനമാക്കിയുള്ള പൗരാണിക ക്രിസ്തുമതത്തിന്റെ ഒരു രൂപമാണു പിന്തുടരുന്നത്. ആധുനിക ആശയവിനിമയ മാർഗങ്ങളും സാങ്കേതികവിദ്യകളും ഇവർ ഉപയോഗിക്കാറില്ല. ക്ഷമയെന്ന വികാരത്തിന്റെ ഉയർന്ന തലം സ്വന്തമാക്കിയിട്ടുള്ള ഈ സമൂഹം ആഹാരത്തിനായുള്ള പ്രയത്നം അവശ്യാധിഷ്ഠിത ഉൽപ്പാദനം എന്നിവയും പ്രായോഗികമാക്കി. ഉൽപ്പാദനാവശ്യങ്ങൾക്കായി ഉചിത സാങ്കേതികവിദ്യയാണ് ഇവർ സ്വീകരിച്ചിരിക്കുന്നത്. പ്രകൃതിയോട് വലിയ ആദരവ് പുലർത്തുന്ന അതീവ ലളിതമായ ജീവിതശൈലിയാണ് ഇവരുടേത്. എന്തെങ്കിലും സേവനങ്ങൾക്കായി രാജ്യത്തെയോ അനുബന്ധ സ്ഥാപനങ്ങളെയോ ഇവർ ആശ്രയിക്കാറില്ല.

## സംഗ്രഹം

- ഗാന്ധിജി മുന്നോട്ടുവയ്ക്കുന്ന ആദർശാത്മക സമൂഹക്രമമാണ് സർവോദയ.
- സർവോദയ എന്ന വാക്കിന്റെ അർഥം ഏവരുടേയും ക്ഷേമം എന്നാണ്.
- ഗാന്ധിജി ജോൺ റസ്കിന്റെ 'അൺ ടു ദി ലാസ്റ്റ്' എന്ന പുസ്തകം ഗുജറാത്തിഭാഷയിലേക്ക് സർവോദയ എന്ന പേരിൽ പരിഭാഷപ്പെടുത്തി.
- എല്ലാ ജീവജാലങ്ങളുടെയും ഏകത്വം എന്ന തത്ത്വമാണു സർവോദയയുടെ അടിസ്ഥാനം.
- തുല്യത, നീതി, സ്വാതന്ത്ര്യം, സഹകരണം, പരസ്പരബഹുമാനം എന്നിവ സർവോദയസമൂഹത്തിന്റെ സവിശേഷതകളാണ്.
- വ്യക്തിക്കാണ് സർവോദയസമൂഹത്തിൽ ഏറ്റവും പ്രാധാന്യം നൽകിയിരിക്കുന്നത്.
- സമൂഹം എന്നത് ഒരു വ്യക്തിയുടെ വളർച്ചയ്ക്ക് ഏറ്റവും അനിവാര്യമായ ഒന്നാണ്.
- അയിത്താചരണം സർവോദയസമൂഹത്തിൽ ഉണ്ടായിരിക്കില്ല.
- സർവോദയസമൂഹം ലിംഗനീതിക്കായി നിലകൊള്ളുന്ന ഒന്നായിരിക്കും.
- ഏഴു സാമൂഹികതിന്മകളിൽനിന്ന് സർവോദയസമൂഹം വിമുക്തമായിരിക്കും.
- നിർമാണാത്മകപരിപാടികളും സത്യഗ്രഹവുമാണ് സർവോദയസമൂഹത്തിലേക്ക് എത്തിച്ചേരാനുള്ള വഴികൾ

## എനിക്കു കഴിയും

- സമൂഹത്തെക്കുറിച്ചും സമുദായത്തെപ്പറ്റിയുമുള്ള അടിസ്ഥാനാശയങ്ങൾ തിരിച്ചറിയാൻ കഴിയുന്നു.
- സർവോദയയുടെ അർഥം, ആവിർഭാവം, താത്ത്വികമായ അടിസ്ഥാനം എന്നിവ തിരിച്ചറിയാൻ കഴിയുന്നു.
- സർവോദയ മുന്നോട്ടുവയ്ക്കുന്ന സാമൂഹികക്രമത്തെ വിലയിരുത്താൻ കഴിയുന്നു.
- ഏഴു സാമൂഹികതിന്മകളുടെ വെളിച്ചത്തിൽ ഇന്നത്തെ സാമൂഹികക്രമത്തെ വിലയിരുത്താനും നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പ്രായോഗികപരിഹാരങ്ങൾ കണ്ടെത്താനും കഴിയുന്നു.
- നിർമാണാത്മക പരിപാടികളും സത്യഗ്രഹവും സാമൂഹിക പരിവർത്തനങ്ങൾക്കുള്ള പരിഹാര മാർഗമാകുന്നതെങ്ങനെയെന്നു തിരിച്ചറിയാൻ കഴിയുന്നു.
- ഗാന്ധിയൻ സോഷ്യലിസം എന്ന ആശയത്തെ വിലയിരുത്താൻ കഴിയുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1 വ്യതിരിക്തത എന്നതു പ്രകൃതിനിയമമാണ്. എല്ലാ സമൂഹങ്ങളും അംഗങ്ങളെ തൊഴിലടിസ്ഥാനത്തിൽ വിഭജിക്കാറുമുണ്ട്. ഓരോ സമൂഹവും തൊഴിലിനെ വിലയിരുത്തുന്ന രീതികളും വ്യത്യസ്തങ്ങളാണ്– ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഗാന്ധിജിയുടെ സാമൂഹികവർഗീകരണത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് വിലയിരുത്തുക.

2 അയിത്തം ഇല്ലാതാക്കുന്നതിനു ഗാന്ധിജി മുന്നോട്ടുവച്ച പരിപാടികൾ എന്തെല്ലാമെന്നു വിശദമാക്കുക.

3 സർവോദയസമൂഹം സ്ഥാപിക്കുന്നതിനായി ഗാന്ധിജി രണ്ടു മാർഗങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. അവ ഏതൊക്കെയെന്നു കണ്ടെത്തി പ്രസക്തി വിലയിരുത്തുക.

4 സർവോദയസമൂഹം ഏഴു സാമൂഹികതിന്മകളിൽനിന്ന് മുക്തമാണ്. ഇവ ഏതെന്നു തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുക.

5 വ്യക്തിയെയും സമൂഹത്തെയും കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് വിലയിരുത്തുക.

6 മഹാത്മാഗാന്ധി മദ്യാസക്തിയെ പാപവും സാമൂഹികപ്രശ്നവുമായാണ് കണക്കാക്കിയിരുന്നത്. ഇതിനുള്ള കാരണമെന്ത്? ഈ പ്രശ്നത്തെ കൈകാര്യം ചെയ്യാൻ ഗാന്ധിജി മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങൾ എന്തെല്ലാമെന്നു കണ്ടെത്തുക.

7 നിർമാണാത്മകപരിപാടികളിൽ ലക്ഷക്കണക്കിന് ആളുകൾക്ക് മാന്യമായ ജീവിക്കുന്നതിനുള്ള വരുമാനം കണ്ടെത്താൻ സഹായിക്കുന്ന ഒരു പദ്ധതി നിർദേശിക്കുന്നു. ഇതേതെന്നു കണ്ടെത്തി പ്രാധാന്യം വിലയിരുത്തുക.

8 "എന്റെ സോഷ്യലിസത്തിന്റെ ആരംഭം രൂപാന്തരമാണ്."– സോഷ്യലിസത്തെപ്പറ്റിയുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാട് ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

## Bibliography


1. Mohandas Karamchand Gandhi, "The Story of My Experiments with Truth", Navajivan Trust, Ahmedabad, 1927.
2. A Commentary by Mahatma Gandhi, 'The Bhagavat Gita', Lotus Press, New Delhi, 2009.
3. J.M.Upadhyaya, "Mahatma Gandhi as a Student", Ministry of Publication, Government of India, New Delhi.
4. Narayan Desai, "My life is my message –Sadhana" Vol. 1.1, Current books, Thrissur, 2011.
5. Bhikhu Parekh, Gandhi's Political Philosophy: A Critical Examination, Notre Dame: University of Notre Dame Press,1989.
6. Bhikhu Parekh, Colonialism, Tradition and Reform, New Delhi: Sage, 1989.
7. Bhikhu Parekh, Gandhi: A Very Short Introduction, Oxford: Oxford University Press, 2001.
8. Anthony J Parel, Gandhi's Philosophy and the Quest for Harmony, New York: Cambridge University Press, 2006.
9. Anthony J. Parel (ed.), Gandhi: Hind Swaraj and Other Writings, Cambridge: Cambridge University Press, 1997.
10. Joan V Bondurant, The Conquest of Violence : The Gandhian Theory of Conflict, Princeton: Princeton University Press, 1958
11. T. Pantham and K.L. Deutsch (eds), *Political Thought in Modern India*, New Delhi: Sage, 1996.
12. Dennis Dalton, Gandhi's *Power: Nonviolence in Action*, New Delhi: Oxford University Press,1993.
13. David Hardiman, *Gandhi in His Time and Ours: The Global Legacy of His Ideas*, New York: Columbia University Press, 2003.
14. Raghavan N Iyer, *Moral and Political Thought of Mahatma Gandhi*, London: Concord Grove Press, 1983
15. B R Nanda, *Gandhi and his Critics*, Delhi: Oxford University Press, 1985.

16. S H Rudolph, & L I Rudolph, *Gandhi: The Traditional Roots of Charisma*, Chicago: University of Chicago Press, 1983.
17. S H Rudolph, & L I Rudolph, *Postmodern Gandhi and Other Essays: Gandhi in the World and at Home*, Chicago: University of Chicago Press, 2006.
18. Margaret Chatterjee, *Gandhi's Religious Thought*, Notre Dame: University of Notre Dame Press, 1983.
19. Bidyut Chakrabarty, *Social and Political Thought of Mahatma Gandhi*, London: Taylor and Francis, 2005
20. Amritananda Das, *Foundations of Gandhian Economics*, New York: St. Martin's Press, 1979.
21. Romesh Diwan and Mark Lutz (eds.) *Essays in Gandhian Economics*, New Delhi: Gandhi Peace Foundation, 1985
22. Judith M Brown, *Gandhi: Prisoner of Hope*, New Delhi: Oxford University Press, 1990.
23. M. K. Gandhi, What Jesus means to me, 14, in J. O. ODEY, Racial Oppression in America.
24. M. K. Gandhi, "Discussion with a missionary" in Collected Works of Mahatma Gandhi, vol. 65.
25. M.K. Gandhi, Satyagraha in South Africa, Navjeevan Publishers, Ahmedabad.
26. John Shand (ed.), Fundamentals of Philosophy, 2003, Routledge, London.
27. Ravindra Varma, Gandhi - A Biography for children and beginners, Navajivan publishing house, Ahmedabad.
28. G. Ramachandran & T.K. Mahadevan (Eds.), Gandhi: His relevance for our times, Gandhi Peace Foundation,New Delhi,1972.
29. Shriman Narayan (Ed.), The Selected Works of Mahatma Gandhi, Navajivan Trust, Ahmedabad.
30. Thomas Weber and Robert.J. Burrowes, Non-Violence: An introduction,Victorian Association for peace Studies, 1991.
31. M.K. Gandhi, Gandhi and communal problems, M.K. Gandhi, Centre for Study of society and Secularism, Mumbai, India.
32. Jitendra.T.Desai(Ed.), Ethical Religion, M.K.Gandhi, Navajivan Mudranalaya, Ahemadabad, India © Navajivan Trust, 1968.
33. M.S. Deshpande, Light of India or Message of Mahatmaji.

34. Kurangi Desai, The Eleven Vows of Mahatma Gandhi-their observance and relevance, Mani Bhavan Gandhi Sangrahalaya, Mumbai.
35. R.R. Diwakar, Saga of Satyagraha, Gandhi Peace Foundation, New Delhi, 1969.
36. Amal Ray and Mohit Bhattacharya, Political Theory -Ideas and Institutions, World Press Calcutta, 1998.
37. R.K. Prabhu and U.R. Rao, The Mind of Mahatma Gandhi, Navajivan, Ahemedabad, 1967.
38. M.K. Gandhi,Village Swaraj, compiled by H.M.Vyas, Navajivan, Ahemadabad, 1958.
39. M.K. Gandhi, Panchayat Raj, compiled by R.K. Prabhu, Navajivan, Ahemadabad, 1959.
40. M.P. Mathai, Mahatma Gandhi's World-View, Gandhi Peace Foundation, New Delhi, 2000.
41. J.B. Kripalani, Gandhi -His Life and Thought, Publications Division, government of India, 1991.
42. M.K. Gandhi, Hind Swaraj or Indian Home Rule, Navajivan, Ahemadabad, 1938.
43. Sujith Kaur jolly(Ed.), Reading Gandhi, Concept publishing company, New Delhi, 2006.
44. Jacob Pulickan(Ed), Gandhiji- Life and Philosophy, Centre for Gandhian Studies, University of Kerala, 1999.
45. NCERT, Political Science- An Introduction, Textbook for Class XI, NCERT Publication, New Delhi, 2002.
46. Shalu bhalla (Compiled), Quotes of Gandhi, UBS Publishers and Distributers, New Delhi, 1995.
47. David F.Ross and Mahendra S. Kanthi, Gandhian Economics - Sources, substance and legacy, Prasa publication, Bangalore, 1983.
48. E F Schumacher, Small is Beautiful, London: Abacus, 1973.
49. M K Gandhi, From Yeravada Mandir, Navjivan Publishing House, Ahmedabad, 1957
50. Pyarelal, Towards New Horizons, Navajeevan, Ahmedabad, 1959.
51. M'K. Gandhi,Gospel of Swadeshi, Bharatiya Vidya bhavan, Bombay.
52. K Arunachalam, Khadi economics - some aspects, Madurai: koodal publishers, 1974.

53. Vasant Sadashiv Nargolkar, The creed of saint Vinoba, Bharatiya Vidya bhavan, Bombay, 1963.
54. J C Kumarappa, Economy of Permanence, Sarva seva sangh Publication, Kashi, 1958.
55. V.K.R.V. Rao, The Gandhian Alternative to Western Socialism, Bharatiya Vidya Bhavan, Bombay,1970.
56. M.K. Gandhi, India of my Dreams, Navjivan Mudralaya, Ahmadabad
57. MK. Gandhi, Constructive Programme, Navjivan Publishing House, Ahmadabad.
58. K.S Bharathi, Gandhi and Vinobha - A comparative Study., Concept Publishing Company, New Delhi.
59. V.P. Varma, Political Philosophy of Mahatma Gandhi and Sarvodaya, Lakshmi narayan Agarwal, Agra, 1980.
60. M.K. Gandhi, My Socialism, Navajivan Trust, Ahmedabad, 1959
61. Collected Works Of mahatma Gandhi ( 100 volumes), Government of india, Publication Division, New Delhi.
62. D.G. Tendulkar, Mahatma 9Vol. I –VIII), Publication Division, New Delhi.
63. "Harijans"
64. "Young india"
65. "Indian Opinion'
66. *Gandhi Marg* ( Quarterly Journal of Gandhi Peace Foundation), New Delhi.
67. http://en.wikipedia.org/wiki/cultural_heritage
68. http://www.indratia.com
69. http://www.jaincentre.com/jainism.htm
70. http://www.henrysalt.co.uk/studies/essays/henry-salt-and-gandhi
71. https://archive.org/stream/The Political Philosophy of Mahatma Gandhi/TXT/ooooo143.txt.
72. http://www.mkgandhi.org
73. http://peacemagazine.org/archive/v03n3p24.htm jun-jul 1987
74. Essay on India's struggle for freedom1927-47 in www.preservearticles.com/essay-for-high-school-students